വെളിച്ചത്തിലേക്ക നടത്തുന്നവർ

ദീപ്തസംഭാഷണങ്ങൾ

മനോജ് കെ. പുതിയവിള

വെളിച്ചത്തിലേക്കു നടത്തുന്നവർ

ദീപ്തസംഭാഷണങ്ങൾ

മനോജ് കെ. പുതിയവിള

2021
സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം

Veḷiccathilēkku naṭathunnavar — dīptasambhāṣaṇangaḷ

(Malayalam: Interviews)

Manoj K. Puthiyavila

First published: in various print media as provided at the end of each chapter

Sayahna digital edition has been published in 2021.

Copyright © 2021, Manoj K. Puthiyavila. All the graphic material used in this book, except for chapter 4, had been provided by the author. The graphic materials used in chapter 4 were provided by C. V. Radhakrishnan.

These electronic versions are released under the provisions of Creative Commons Attribution By Non-commercial Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The HTML version was generated by LuaTeX from the same LaTeX sources. The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The cover was designed by the famed calligrapher, Narayana Bhattathiri.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ആമുഖം

കൗതുകക്കലവറയുടെ താക്കോൽ

പലതരത്തിൽ സവിശേഷതകളുള്ള ആറ് അഭിമുഖങ്ങളാണ് ഈ പുസ്തകം. ചിലതു ജീവിതംകൊണ്ട്, ചിലതു ജീവിതദർശനംകൊണ്ട്, ചിലതു കർമ്മമണ്ഡലത്തിന്റെ വ്യത്യസ്തതകൊണ്ട്. ദൃശ്യ-അച്ചടിമാദ്ധ്യമങ്ങൾക്കായി ചെയ്തിട്ടുള്ള ധാരാളം അഭിമുഖങ്ങളിൽ ഏറ്റവും കൗതുകവും പ്രചോദനവും പകരുന്നവയും കൂടുതൽപേർ വായിക്കണം എന്നു തോന്നുന്നവയും തെരഞ്ഞെടുക്കുകയാണു ചെയ്തത്. ഓരോ ചോദ്യോത്തരത്തിലും വായനക്കാർക്കു കൗതുകം തോന്നുന്ന എന്തെങ്കിലും ഉണ്ട് എന്നു തോന്നിയ അഭിമുഖങ്ങൾ മാത്രമാണ് എടുത്തത്. ആറുപേരും ആറു വ്യത്യസ്തമേഖലകളിൽ ഉള്ളവർ. ആദ്യം അവരെ ഒന്നു പരിചയപ്പെടുത്താം.

ഡച്ച് റാണി നൈറ്റ്ഹുഡ് പദവി നല്കി ആദരിച്ച, 30 വർഷത്തിനിടെ ഏറ്റവും സ്വാധീനിച്ച 15 പേരിൽ ഒരാളായി ചൈനാഭരണകൂടം പ്രഖ്യാപിച്ച, നൊബെയ്ൽ സമ്മാനത്തിനു നാമനിർദ്ദേശം ചെയ്യപ്പെട്ട, അന്ധയായ ജർമ്മൻ വനിത തിരുവനന്തപുരത്തെ വെള്ളായണിയിൽ വലിയൊരു സ്ഥാപനം പണിതു ലോകമാകെയുള്ള ദുരിതബാധിതസമൂഹങ്ങൾക്കായി സാമൂഹികസംരംഭങ്ങൾ പടുത്തുയർത്താൻ കഠിനാദ്ധ്വാനം ചെയ്യുന്നത് എത്രപേർക്കറിയാം! കണ്ണിൽ പതിയുന്ന തരത്തിൽ മാത്രം ലോകം കാണാൻ വിധിക്കപ്പെട്ട നിങ്ങളെക്കാൾ എത്രയോ ഉയരെയാണു മനക്കണ്ണിൽ അനന്തവൈവിദ്ധ്യങ്ങളോടെ ലോകം കാണാൻ കഴിയുന്ന ഞാൻ എന്നു ചോദിച്ചു നമ്മെ സ്തബ്ധയാക്കുന്ന അവർ അന്ധതയെ വെന്നു നീന്തലും കുതിരസവാരിയും വരെ അഭ്യസിച്ചതടക്കമുള്ള ആ ത്രസിപ്പിക്കുന്ന കഥ ആരെയാണു വിസ്മയിപ്പിക്കാത്തത്! സെബ്രിയെ ടെൻബേർക്കെൻ എന്ന ഈ മഹതി നടത്തുന്ന സ്ഥാപനത്തിനും അവിടെ ആണ്ടോടാണ്ടു പരിശീലനത്തിനെത്തുന്ന പരദേശികൾക്കും അവരെ തെരഞ്ഞെടുക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന രീതികൾക്കും പോലുമുണ്ട് കൗതുകപ്പൊലിമ.

സ്റ്റീഫൻ ഹോക്കിങ്ങിനു വന്ന മോട്ടോർ ന്യൂറോൺ രോഗം ബാധിച്ചു പാതിശരീരം തളർന്ന, 70-കളിലെന്നോ മരിച്ചുപോകുമെന്ന് ദില്ലി ഓൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് വിധിയെഴുതിയ, സി.വി.ആർ. എന്ന സി.വി. രാധാകൃഷ്ണനാണ് ലോകത്തെ നൂറിൽപ്പരം സമുന്നതമായ ശാസ്ത്ര, ഗണിത ജേർണലുകൾ തിരുവനന്തപുരത്തെ മലയിൻകീഴിലിരുന്നു രൂപകല്പന ചെയ്യുന്നത് എന്നതും

ആ ഗ്രാമത്തിൽപ്പോലും പലർക്കും അറിയാത്ത കാര്യമാണ്. നൂറിലേറെ ഡിസൈനർമാരെ ടെക് എന്ന സവിശേഷ ഡിസൈൻ സോഫ്റ്റ്‌വെയർ പഠിപ്പിച്ചു തൊഴിൽ നല്കി സി.വി.ആർ. നടത്തുന്ന 'റിവർ വാലി' എന്ന വലിയ സ്ഥാപനംപോലും കൗതുകങ്ങളുടെ കലവറയാണ്—അതിന്റെ നിർമ്മാണം മുതൽ പ്രവർത്തനശൈലിവരെ. ലോകത്തിനുതന്നെ പകർത്താവുന്ന പലതുമുണ്ടവിടെ.

ഇൻഡ്യയിൽ സ്വതന്ത്രസോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിനു തുടക്കമിട്ട, അതിന്റെ പ്രചാരണത്തിനും ടെക്കിന്റെ വികാസത്തിനും അമൂല്യസംഭാവനകൾ നല്കിയ, ഓൺലൈൻ മലയാളപ്രസാധനത്തിൽ പുതിയ വഴി തുറന്ന 'സായാഹ്ന ഫൗണ്ടേഷ'ന്റെ പ്രണേതാവായ ഈ നിശബ്ദവിപ്ലവകാരിയുടെ ജീവിതവും പ്രവർത്തനങ്ങളും സ്വാതന്ത്ര്യദർശനങ്ങളും വിശാലമായൊരു പാഠപുസ്തകംതന്നെയാണ്. ശാസ്ത്രീയമായ വിവരസഞ്ചയനത്തിനും മലയാളം ഭാഷാക്കമ്പ്യൂട്ടിങ്ങിനും പ്രസാധനത്തിനും മാർഗ്ഗദർശകമാകുന്ന ധാരാളം അറിവുകൾ സുദീർഘമായ അഭിമുഖത്തിലൂടെ അദ്ദേഹം പങ്കുവച്ചത് എനിക്കുതന്നെ വലിയ വെളിച്ചമാണു പകർന്നത്.

സമരം ചെയ്യാനും പഠിക്കേണ്ടതുണ്ടെന്നും കഴിഞ്ഞ മുക്കാൽ നൂറ്റാണ്ടിനിടെ ലോകത്തെ മാറ്റിമറിച്ച സമരങ്ങൾ മിക്കതും ഇങ്ങനെ ശാസ്ത്രീയപരിശീലനം നേടി സംഘടിപ്പിച്ചതാണെന്നുമുള്ള അറിവ് അക്ഷരാർത്ഥത്തിൽ എന്നെ വിസ്മയിപ്പിച്ചു. മാർട്ടിൻ ലൂഥർ കിങ് ജൂനിയറിന്റെ നേതൃത്വത്തിൽ അമേരിക്കയിൽ നടന്ന പൗരാവകാശപ്രക്ഷോഭം (Civil Rights Movement) അവർ സംഘടിപ്പിച്ചത് പലസംഘങ്ങളായി ഇൻഡ്യയിൽ വന്നു ഗാന്ധിജിയുടെ അഹിംസാത്മകസമരരീതികൾ പഠിച്ചുകൊണ്ടുപോയി പകർത്തിയാണെന്ന് അതിൽ പങ്കാളിയായ പ്രൊഫ: മേരി എലിസബെത്ത് കിങ് അഭിമുഖത്തിൽ വിവരിക്കുന്നു. ആ അറിവാണു ലാറ്റിനമേരിക്കയിലെ പോരാട്ടങ്ങൾക്കു പാഠമായത്. ജർമ്മനിയുടെ ഏകീകരണവും സോവ്യറ്റ് യൂണിയനിൽനിന്നുള്ള അംഗരാജ്യങ്ങളുടെ വിമോചനവും ഫലസ്തീനിലെ അനന്തമായിനീളുന്ന വിമോചനപ്പോരാട്ടവും മുതൽ അമേരിക്കയിലെ ഒക്കുപ്പൈ സമരവും മുല്ലപ്പൂവിപ്ലവവും ദശാബ്ദങ്ങളായി വേരുറച്ചിരുന്ന ഏകാധിപത്യങ്ങളെ തകർത്തെറിഞ്ഞ മറ്റു സമീപകാലപ്രക്ഷോഭങ്ങളുംവരെ സംഘടിപ്പിക്കപ്പെട്ടത് ഗാന്ധിയൻ സമരരീതികൾ പുസ്തകം വച്ചു പഠിച്ചും ക്ലാസും ശില്പശാലയും നടത്തിയും സമാനസമരങ്ങളിൽ പങ്കെടുത്തും പരിശീലിച്ചാണെന്നതും നമ്മിൽ ഒട്ടുമിക്കവർക്കും പുതിയ അറിവാകാനാണു സാദ്ധ്യത.

ഗാന്ധിയൻ സമാധാനസമരങ്ങൾക്ക് ആറുതരം പരിസമാപ്തികൾ ഉണ്ടാകാമെന്നാണ് സമരം ചെയ്യാൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ വിലയിരുത്തിയിട്ടുള്ളത്. അതിൽ മനഃപരിവർത്തനം (conversion) എന്ന അന്ത്യം ഗാന്ധിജിക്കുശേഷം നടന്ന സമരങ്ങളിൽ സംഭവിച്ചിട്ടില്ല. ഗാന്ധിജി പങ്കു വഹിച്ച സമരങ്ങളിൽത്തന്നെ അതു സംഭവിച്ചതായി രേഖകൾ പറയുന്നതു വൈക്കം സത്യഗ്രഹത്തിൽ മാത്രം. അവിടെ യഥാർത്ഥത്തിൽ ഇതു സംഭവിച്ചോ എന്നു പരിശോധിക്കാനായിമാത്രം 15 കൊല്ലം കേരളത്തിൽ ഗവേഷണം നടത്തി ഈ അമേരിക്കൻ പ്രൊഫസർ! അതിന്റെ കണ്ടെത്തലുകൾ ഗവേഷണഗ്രന്ഥമായി പ്രസിദ്ധീകരിച്ചു. അത്രമാത്രം പ്രാധാന്യമുണ്ട് നാമൊക്കെ പരണത്തുവച്ച ആ സമരത്തിന്! അത്രമാ

ത്രും അക്കാദമികമായി പഠനഗവേഷണങ്ങൾ നടക്കുകയാണ് ഗാന്ധിയൻ സമര ത്തിന്റെ മേഖലയിൽ.

വൈക്കം സത്യഗ്രഹത്തിന്റെ ആ പുനർസന്ദർശനത്തിനൊപ്പം ഗാന്ധിവഴി യിൽ അമേരിക്കയിൽ നടത്തിയ 'നിസ്സഹകരണപ്രസ്ഥാന'ത്തിന്റെയും 'നിവർ ത്തനപ്രക്ഷോഭ'ത്തിന്റെയും 'കുത്തിയിരിപ്പുസത്യഗ്രഹ'ത്തിന്റെയുമൊക്കെ കഥകൾ മേരി കിങ് പങ്കുവയ്ക്കുന്നതും കൗതുകകരമാണ്—വിശേഷിച്ചും അവയിൽ പങ്കെടുക്കു കയും നേതൃദൗത്യം നിർവ്വഹിക്കുകയും ചെയ്ത അനുഭവതീക്ഷ്ണതയോടെ. 1966-ൽ ഫെമിനിസത്തിന്റെ രണ്ടാം തരംഗത്തിനു തന്റെ ചിന്തകൾ തിരികൊളുത്തിയ കഥ യും മാർട്ടിൻ ലൂഥർ കിങ്ങ് ജൂനിയറിന്റെ ശിഷ്യയും സഹപ്രവർത്തകയും അമേ രിക്കൻ പ്രസിഡന്റായിരുന്ന ജിമ്മി കാർട്ടറുടെ സുഹൃത്തും സഹപ്രവർത്തകയും ഉപദേഷ്ടാവും ഒക്കെയായ ഈ പ്രമുഖരാഷ്ട്രീയശാസ്ത്രജ്ഞ പങ്കുവയ്ക്കുന്നുണ്ട്. ഐക്യ രാഷ്ട്രസഭയ്ക്കു കീഴിൽ കോസ്റ്റാ റിക്കയിലുള്ള യൂനിവേഴ്സിറ്റി ഫോർ പീസിലെ പീസ് ആൻഡ് കോൺഫ്ലിക്റ്റ്സ് വിഭാഗം പ്രൊഫെസ്സറായ ലോകപ്രശസ്തസമാധാനപ്ര വർത്തക സ്വയംതന്നെ ഒരു വിസ്മയമാണ്.

നാമെല്ലാം നന്നായി അറിയുന്ന, രണ്ടുവട്ടം കേരളത്തിന്റെ ധനമന്ത്രിയായ, തോമസ് ഐസക്കിന്റെ ജീവിതകഥ പക്ഷെ, നമ്മിൽ എത്രപേർക്കറിയാം? അതു കേൾക്കാൻ താത്പര്യമില്ലാത്ത ഏതെങ്കിലും കേരളീയർ ഉണ്ടാകുമോ? പുരോഹി തനും ട്രേഡ് യൂണിയൻ നേതാവുമൊക്കെ ആകാൻപോയയാൾ അക്കാദമീഷ്യനും വികസനവിദഗ്ധനും മന്ത്രിയുമൊക്കെയായ സംഭവബഹുലമായ ആ കഥ ആദ്യമാ യി വിശദമാക്കപ്പെട്ടത് എന്റെ അഭിമുഖത്തിലാണ്. സ്വന്തം അപ്പച്ചന്റെ തൊണ്ടുത ല്ലുമില്ലിലെ സമരം ഉദ്ഘാടനം ചെയ്തത്, തന്നെ കൊല്ലാൻ വന്ന ഗുണ്ടകളാണെന്ന റിയാതെ അവർ വന്ന കാറിൽ തലയിട്ടു നോക്കിയത്, ആളെ തിരിച്ചറിഞ്ഞേക്കും എന്നു തോന്നിയപ്പോൾ നടത്തിയ ഓട്ടമത്സരം, തന്നെ കിട്ടാതെ ആ സംഘം മറ്റൊരാളെ വധിച്ചത്, മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെ മതിൽ ചാടിക്കടന്നത്, സി.എൻ. ശ്രീകണ്ഠൻ നായർ കിടന്ന ഐ.സി.യു.വിലെ കക്കൂസിൽ ഒളിച്ചത്, അടി യന്തരാവസ്ഥക്കാലത്ത് അല്പം വേഷമൊക്കെ മാറി നാട്ടിൽ നടക്കുന്നതിനിടെ അബദ്ധത്തിൽ അറസ്റ്റിലായത്, കയ്യാമം വച്ചു പരസ്യമായി നടത്തിയത്, പൊലീ സ്മർദ്ദനം, ജയിൽവാസം, ജീവിതം വഴിമാറ്റിയ ബസ്സപകടവും ഉറ്റമിത്രത്തിന്റെ മരണവും...

ഈ കൗതുകങ്ങൾക്കപ്പുറം ജനകീയാസൂത്രണകാലത്തും പിന്നെ മന്ത്രിയായ പ്പോൾ ലോട്ടറിയുമായി ബന്ധപ്പെട്ടും ഒക്കെയുണ്ടായ വിവാദങ്ങൾ, സി.പി.ഐ.- (എം.)-ൽ ഉണ്ടായ വിഭാഗീയതയും തെറ്റായ പ്രവണതകളും തെറ്റുതിരുത്തലും, ഇ.എം.എസ്. അടക്കം പാർട്ടിയിലെയും മറ്റുരംഗങ്ങളിലെയും പ്രമുഖരുമായുള്ള ബന്ധം, സംസ്ഥാനത്തെ ധനകാര്യം എന്നിങ്ങനെ പൊതുതാത്പര്യമുള്ള ഒട്ടനവ ധി കാര്യങ്ങളും അഭിമുഖത്തിൽ സവിസ്തരം ചർച്ച ചെയ്യുന്നുണ്ട്. ആരോഗ്യംപോലും നോക്കാതെ ഊണും ഉറക്കവും ഉപേക്ഷിച്ചു നാടിനുവേണ്ടി കഷ്ടപ്പെട്ട നാളുകളിൽ അമേരിക്കൻ ചാരനെന്നുവരെ വിളിക്കപ്പെട്ടപ്പോഴുണ്ടായ വേദനയും ശിഥിലമായ കുടുംബബന്ധവും പണമില്ലാത്തതിനാൽ മക്കളുടെ പഠനത്തിൽ സഹായിക്കാനാ കാതെപോയ നിസ്സഹായതയുമൊക്കെ സഭാഷണത്തിൽ കടന്നുവരുന്നുണ്ട്.

മറ്റൊരു അഭിമുഖം കേരളസമൂഹത്തെപ്പറ്റിയുള്ള വ്യത്യസ്തമായ നിരീക്ഷണങ്ങ ളും നിലപാടുകളും അടങ്ങുന്നതാണ്. സാമൂഹികശാസ്ത്രജ്ഞനും വിദ്യാഭ്യാസചിന്ത കനും ശസ്ത്രസാഹിത്യകാരനും എൻജിനീയറിങ് അദ്ധ്യാപകനും കേരള ശാസ്ത്രസാ ഹിത്യപരിഷത്തിന്റെ മുൻപ്രസിഡന്റും ഒക്കെയായ ഡോ: ആർ.വി.ജി. മേനോനാ ണ കേരളം എന്തുകൊണ്ട് ഇങ്ങനെയൊക്കെ ആയിപ്പോകുന്നു എന്നു പരിശോധി ക്കുന്നത്. വിശ്വാസം, ദൈവം, ജാതീയത, മതാത്മകത, യുക്തിചിന്ത, ശാസ്ത്രബോ ധം, പരിസ്ഥിതിബോധം, ശാസ്ത്രവിദ്യാഭ്യാസം, ഗവേഷണമടക്കമുള്ള ഉന്നതവിദ്യാ ഭ്യാസം, സ്വാശ്രയക്കച്ചവടം, ഒക്കെ പരിശോധനാവിഷയമാകുന്നു.

കേരളത്തിലെ സാംസ്കാരിക-നവോത്ഥാനപ്രസ്ഥാനങ്ങൾക്കു സംഭവിച്ച വി പര്യയം, രാഷ്ട്രീയപ്രസ്ഥാനങ്ങൾ തെരഞ്ഞെടുപ്പുരാഷ്ട്രീയത്തിന്റെ സമ്മർദ്ദങ്ങൾക്കു വശംവദരാകുന്നതിന്റെ അപകടങ്ങൾ, കേരളീയരുടെ സോഷ്യലിസ്റ്റ് സങ്കല്പത്തി ലെ ഗുണദോഷങ്ങൾ, സമഗ്രസമീപനമില്ലാത്ത ഏകവിഷയപ്രസ്ഥാനങ്ങൾ, കേര ളീയർ നിലപാടുകളും സമീപനങ്ങളും രൂപപ്പെടുത്തുന്നതിലെ ശാസ്ത്രേതരരീതി, ശാ സ്ത്രസാഹിത്യപരിഷത്തും യുക്തിവാദവും, സയൻസും ദൈവവും, ആർ.വി.ജി.യുടെ വിശ്വാസം, പുതുക്കാലപ്രസ്ഥാനങ്ങൾ എന്നിങ്ങനെയുള്ള കാര്യങ്ങളിൽ രസകരവും ഗൗരവതരവുമായ നിരീക്ഷണങ്ങളാണ് ആർ.വി.ജി.യുടേത്.

പ്രമുഖ നാടകപ്രവർത്തകനായ പ്രശാന്ത് നാരായണന്റെ ജീവിതനാടകവും നാടകജീവിതവും ഒരുപോലെ കൗതുകകരമാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഭ്രഷ്ട കല്പിക്കപ്പെട്ടു നിലമ്പൂരിൽനിന്നു വർക്കലയിലെത്തിയ കഥകളിവേഷക്കാരൻ രാഘവപ്പിഷാരടിയുടെ മൂന്നാം തലമുറക്കാരനായ, തിരു വിതാംകൂർ സർവ്വകലാശാലയിൽ സാംസ്കാരികവിഭാഗം ഡീനും *കഥകളി* എന്ന ബൃഹദ്ഗ്രന്ഥത്തിന്റെയും *സ്യമന്തകം* ആട്ടക്കഥയുടെയും 32 നോവലുകളുടെയും കർ ത്താവുമായ ജി. രാമകൃഷ്ണപിള്ളയുടെ ചെറുമകനും 14 ആട്ടക്കഥ എഴുതിയ, കഥക ളിസാഹിത്യകാരനും നിരൂപകനും ആയിരുന്ന വെള്ളായണി നാരായണൻ നാ യരുടെ മകനുമായ പ്രശാന്തിന്റെ രൂപപ്പെടൽതന്നെ സവിശേഷതകളുള്ളതാണ്. തെക്കൻ, വടക്കൻ ചിട്ടകളിൽ രണ്ടിലും കളിക്കുന്ന 'ഭാരതാന്തം' എന്ന ആട്ടക്കഥ പതിനേഴാം വയസിൽ എഴുതിയ ഇദ്ദേഹത്തിന്റെ 29 നാടകങ്ങളിൽ ഒന്നായ *ഛാ യാമുഖി*യിലാണ് മോഹൻലാലും മുകേഷും അഭിനയിച്ചത്. മോഹൻലാലിന്റെ സ്നേ ഹാദരങ്ങൾ കാവലായിട്ടും ചില സിനിമക്കാരിൽനിന്നുണ്ടായ തിക്തമായ അനുഭ വങ്ങൾ പ്രശാന്ത് ഇതിൽ തുറന്നുപറയുന്നു.

അമിതമദ്യപാനവും അരാജകത്വവും തകർത്ത ജീവിതവും ആസന്നമരണ നായി മോഹൻലാലിന്റെ കാറിൽ ആശുപത്രിയിൽ എത്തിയതും ഓർമ്മയില്ലാ തെ ദിവസങ്ങൾ അവിടെ കിടന്നതും അതിൽനിന്നുണ്ടായ രണ്ടാം ജന്മവും കർമ്മ കാണ്ഡത്തിന്റെ വീണ്ടെടുപ്പുമൊക്കെ ഇഴചേരുന്ന ആ സംഘർഷാത്മകനാടകം ആദ്യമായി തുറന്നെഴുതപ്പെട്ടത് ഈ അഭിമുഖത്തിലാണ്. ഗുരുകുലരീതിയിലുള്ള കഥകളിപഠനത്തിന്റെ തീവ്രാനുഭവങ്ങളും സഹപാഠികളുടെയും ചില ഗുരുനാഥ രുടെയും ഈഗോയ്ക്കിരയായി പൂർത്തിയാക്കാൻ കഴിയാതെപോയ സ്കൂൾ ഓഫ് ഡ്രാമാ അനുഭവവും ചിതറിത്തെറിച്ച് ഒരുതുണ്ട് സ്കൂൾ ഓഫ് ഡ്രാമയിലും വീഴട്ടെ എന്നു കല്പിച്ച റെയിൽപ്പാളത്തിലൂടെ നടന്നതും നാടകരംഗത്തു പിന്നിൽനിന്നേറ്റ

കുത്തുകളുമൊക്കെ വെളിവാക്കുന്നത് കലാരംഗത്തെയും നാടകപഠനമേഖലയിലെയും ദുഷ്പ്രവണതകൾക്കൂടിയാണ്. സ്കൂൾ ഓഫ് ഡ്രാമ, സംഗീത നാടക അക്കാദമി തുടങ്ങിയവയൊക്കെ അവശ്യം ഉടച്ചുവാർക്കേണ്ടതിന്റെ ആവശ്യകതയും വിസ്തരിച്ചുതന്നെ ചർച്ചയാകുന്നുണ്ട് അഭിമുഖത്തിൽ. മലയാളനാടകം ഊർജ്ജം കണ്ടേത്തേണ്ടതു നാട്യശാസ്ത്രത്തിലും കഥകളിയിലുമാണെന്ന് ആധികാരികതയൊടെ വ്യക്തമാക്കുന്ന അഭിമുഖം *ഛായാമുഖി, മകരദ്ധ്വജൻ, കറ, മഹാസാഗരം* തുടങ്ങിയ പ്രശാന്തിന്റെ പ്രധാനനാടകങ്ങളെയും നിരൂപണം ചെയ്യുന്നു.

ആമുഖമെന്നനിലയിൽ ഒരുകാര്യം പ്രത്യേകം പറയേണ്ടതുണ്ട്. സ്വന്തമായി നിലപാടുകൾ ഉള്ള ആളെന്ന നിലയിൽ അത് അനിവാര്യവുമാണ്. അഭിമുഖങ്ങളിൽ ഉള്ള നിലപാടുകൾ സ്വാഭാവികമായും അഭിമുഖം ചെയ്യപ്പെട്ടവരുടേതാണ്, ചെയ്തയാളിന്റേതല്ല. ഉത്തരപക്ഷത്തിന്റെ നിലപാടുകളോടു യോജിപ്പുണ്ടോ ഇല്ലയോ എന്നതു പരിഗണിക്കാതെ അങ്ങനെതന്നെ പകർത്തുന്ന പ്രൊഫഷണൽസത്യസന്ധത പാലിക്കാൻ നിഷ്ഠ പുലർത്തിയിട്ടുണ്ട്. മേരി ഇ. കിങ്ങിന്റെ അഭിമുഖത്തിലൊക്കെയുള്ള പലഭാഗങ്ങളും ഇപ്രകാരമുള്ളവയാണ്. ഒരു പ്രൊഫഷണൽ പത്രപ്രവർത്തകൻ എന്നനിലയിൽ പാലിക്കേണ്ട നിർമ്മമത്വത്തോടും സത്യസന്ധതയോടും വസ്തുനിഷ്ഠതയോടും ആ ചുമതല നിർവ്വഹിക്കുകമാത്രമാണു ചെയ്തിട്ടുള്ളത്.

ചില അഭിമുഖങ്ങൾ നേരത്തേ ചെയ്തവയാണെങ്കിലും അഭിമുഖം നല്കിയവരുമായി ഇപ്പോൾ വീണ്ടും സംസാരിച്ചു കാലികമാക്കേണ്ടവ കാലികമാക്കിയും സംഗതമായ പുതിയകാര്യങ്ങൾ കൂട്ടിച്ചേർത്തും 2021-ലെ അഭിമുഖങ്ങൾ എന്ന നിലയിൽ ആക്കിയാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. അതിനാൽ പുതിയവയായിത്തന്നെ വായിക്കാം.

ഇവരെക്കുറിച്ച് എഴുതണം എന്ന കടുത്തപ്രേരണയാൽ എഴുതിയവയാണ് ഈ പുസ്തകത്തിലെ ആറ് അഭിമുഖങ്ങളിൽ നാലും. കാരണം, അത്രമാത്രം ആളുകൾ അറിയേണ്ടവരാണവർ. അത്രമാത്രം വായനപ്പൊലിമ ഉള്ളവയാണ് ആ ജീവിതങ്ങൾ. ചിലതിനാകട്ടെ അതിലേറെ രാഷ്ട്രീയ, സാമൂഹിക, വൈജ്ഞാനിക മാനങ്ങളും. സാമൂഹികസംരംഭകത്വം എന്ന ആശയം ശക്തമായി സമൂഹത്തിൽ ഉയർത്തേണ്ടതാണ്. സ്വതന്ത്രസോഫ്റ്റ്‌വെയറിന്റെ പ്രയോഗവ്യാപനവും ശാസ്ത്രീയമായ വിജ്ഞാനസഞ്ചയനപരിപാലനങ്ങളും മലയാളത്തിൽ പ്രതിസന്ധി നേരിടുന്ന ഭാഷാസാങ്കേതികവിദ്യയും വിപുലമായ ചർച്ചയ്ക്കു പാത്രീഭൂതമാകേണ്ടതുണ്ട്. വിപ്ലവസ്വപ്നങ്ങൾ ട്രോളുകൾ ആക്കപ്പെടുന്ന ഇൻഡ്യൻ സാഹചര്യത്തിൽപ്പോലും വിപ്ലവപ്രതീക്ഷയുണർത്തുന്ന ഗാന്ധിയൻ സമരരീതികളുടെ ആഗോളപരീക്ഷണവിജയങ്ങൾ രാജ്യത്തിന്റെ ഭാവിയെപ്പറ്റി സ്വപ്നങ്ങൾ ഉള്ളവരിലേക്കെല്ലാം എത്തിക്കേണ്ടതുണ്ടെന്ന തീവ്രപ്രചോദനവും അഭിമുഖത്തിന് ഉണ്ടായിട്ടുണ്ട്.

കേരളീയർക്കു സുപരിചിതരായ തോമസ് ഐസക്കിന്റെയും ആർ.വി.ജി. മേനോന്റെയും അഭിമുഖങ്ങൾ ധാരാളമായി വരാറുള്ളതിനാൽ അത്തരത്തിലൊരു ചിന്ത അവരുടെ കാര്യത്തിൽ ഉണ്ടായില്ല. എന്നാൽ *മാതൃഭൂമി ആഴ്ചപ്പതിപ്പി*ന്റെ പത്രാധിപരായിരുന്ന മുൻസഹപ്രവർത്തകൻ കമൽ റാം സജീവ് ആവശ്യപ്പെടുകയും രണ്ടിനും കൗതുകകരമായ ആംഗിളുകൾ നിർദ്ദേശിക്കുകയും ചെയ്തപ്പോൾ അവയിലും സമാനമായ ആഭിമുഖ്യം ഉണ്ടാകുകയായിരുന്നു. 80-കളുടെ പകുതിമു

തൽ ഐസക്കിനെയും ആർ.വി.ജി.യെയും നേരിട്ടറിയുകയും പിന്നീട് ഏറെ അടുക്കുകയും ചെയ്ത ആളെന്നനിലയിൽ എന്നെ ഈ ദൗത്യങ്ങൾക്കു തെരഞ്ഞെടുത്ത സജീവിന്റെ ഉചിതജ്ഞതയും ആ അഭിമുഖങ്ങൾക്ക് ആഴം പകരാൻ പ്രേരണയായി. എഴുതിവന്നപ്പോൾ രണ്ടും എഴുതേണ്ടവതന്നെ ആയിരുന്നു എന്ന തോന്നൽ ഉണ്ടാകുകയും ചെയ്തു. ഇതിനു നിമിത്തമായ കമൽ റാം സജീവിനും *മാതൃഭൂമി ആഴ്ചപ്പതിപ്പി*ൽ പത്രാധിപസമിതിയംഗമായിരുന്ന മുൻസഹപ്രവർത്തക മനില സി. മോഹനും പ്രത്യേകനന്ദി രേഖപ്പെടുത്തുന്നു.

അഭിമുഖങ്ങൾക്കു സഹകരിച്ച ആറു മഹാവ്യക്തികൾക്കും അഭിമുഖങ്ങൾ പ്രസിദ്ധീകരിച്ച മറ്റ് ആനുകാലികങ്ങളുടെ പത്രാധിപർമാരായ എന്റെ മുൻപത്രാധിപർകൂടിയായ എസ്. ജയച്ചന്ദ്രൻ നായർ, ഷാജി രാമചന്ദ്രൻ, ആർ.എസ്. ബാബു, കെ.കെ. ശൈലജടീച്ചർ എന്നിവർക്കും സ്നേഹാദരങ്ങളോടെ നന്ദി കുറിക്കട്ടെ.

ഈ പുസ്തകത്തിനു തിളക്കവും സുഗന്ധവും ചാർത്തി തിലകക്കുറിപോലെ പ്രശോഭിക്കുന്ന ചില നിരീക്ഷണങ്ങൾ നടത്തിയ അക്ഷരലോകത്തെ പ്രാമാണികരോടാണ് വലിയ കടപ്പാടുള്ളത്. പ്രസിദ്ധപ്പെടുത്തുംമുമ്പ് ഈ പുസ്തകം വായിച്ചുനോക്കി അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ പ്രൊഫ: കെ. സച്ചിദാനന്ദൻ, ശ്രീ. സക്കറിയ, പ്രൊഫ: എസ്. ശാരദക്കുട്ടി, ഡോ: സുനിൽ പി. ഇളയിടം, ശ്രീമതി ഇന്ദു മേനോൻ എന്നീ സ്നേഹധനരായ പണ്ഡിതമിത്രങ്ങൾക്കും ഹൃദയപൂർവ്വം സ്നേഹവും കടപ്പാടും കുറിക്കുന്നു.

പ്രത്യേകനന്ദി പറയേണ്ട മറ്റൊരാൾ സി.വി.ആറാണ്. അദ്ദേഹത്തിന്റെ *സായാഹ്ന*യാണ് ഇതിന്റെ ഇ-പതിപ്പു പ്രസിദ്ധീകരിക്കുന്നത്. *സായാഹ്ന*യുടെ ഓൺലൈൻ പ്ലാറ്റ്ഫോമിൽ (http://www.sayahna.org/) സ്വതന്ത്രപകർപ്പവകാശനിയമമായ ക്രിയേറ്റീവ് കോമൺസ് ലൈസൻസിലാണിതു പ്രസിദ്ധീകരിക്കുന്നത്. അതിനുപുറമെ, ഈ പുസ്തകത്തിന്റെ ഉൾത്താളുകൾ രൂപകല്പന ചെയ്തതും സി.വി.ആർ. ആണ്. ലോകോത്തരജേർണലുകൾ അണിയിച്ചൊരുക്കുന്ന അദ്ദേഹം അതേ പ്രൗഢഭംഗിയോടെ ഇതും വാർത്തെടുത്തിരിക്കുന്നു. രൂപകല്പനയുടെ അച്ചടക്കവും ഭംഗിയും പരമാവധി ആവഹിക്കാൻ കഴിയുന്ന ടെക് സോഫ്റ്റ്‌വെയറിലാണു സി.വി.ആർ. ഇതു ചെയ്തത്. മുമ്പു ഞാൻ സംസ്ഥാനസർക്കാരിനായി ചെയ്ത രണ്ടുപുസ്തകങ്ങൾക്കു സൗജന്യമായി ടെക് ലേഔട്ട് ചെയ്തതന്നതുകൂടി അനുസ്മരിച്ചുകൊണ്ട് സി.വി.ആറിനോടുള്ള പ്രത്യേക നന്ദിയും സ്നേഹവും രേഖപ്പെടുത്തുന്നു. സി.വി.ആറിന്റെ നിർദ്ദേശാനുസരണം ഉള്ളടക്കത്തിന്റെ കമ്പയിലേഷനും പ്രാഥമിക ലേ-ഔട്ടും നിർവ്വഹിച്ച അനൂപ ആൻ ജോസഫിനും ജെ. എൻ. യമുനയ്ക്കും സ്നേഹപൂർണ്ണമായ നന്ദി.

ഈ പുസ്തകത്തിന് ഉള്ളടക്കത്തിന്റെ അന്തഃസത്ത പ്രതിഫലിപ്പിക്കുന്ന മനോഹരവും പ്രൗഢവുമായ മുഖപ്രസാദം ഒരുക്കിയത് മലയാളം കലിഗ്രാഫിയെ ലോകത്തോളം ഉയർത്തിയ ഭട്ടതിരിയാണ്. എനിക്കു കുടുംബസുഹൃത്തും മുൻസഹപ്രവർത്തകനും ഒട്ടേറെ സംരംഭങ്ങളിലെ രൂപകല്പനാപങ്കാളിയുമാണ് ഭട്ടതിരി. സഹോദരതുല്യനായ ഭട്ടതിരിയോടും ഹൃദയത്തിന്റെ ഭാഷയിൽ കടപ്പാടറിയിക്കുന്നു.

കഴിഞ്ഞ കുറേക്കാലമായി ഞാൻ എന്ത് എഴുതുമ്പോഴും അതു കാണിച്ച് അഭിപ്രായം തേടാറുള്ള, എന്റെ എഴുത്തിന്റെ ഒന്നാന്തരം നിരൂപകയായ, ജീവിതപങ്കാ

ളി ഡോ: പി.ആർ. സബിത, എഴുത്തിനുവേണ്ട പിന്തുണയും അന്തരീക്ഷവും ഒത്താശകളും ചെയ്തുതരുന്ന മകൻ അമൻ എം.എസ്. എന്നിവർക്കും എഴുത്തിന്റെ രംഗത്തേക്ക് എനിക്കു വഴിയൊരുക്കിയ അച്ഛനമ്മമാർ, സഹോദരങ്ങൾ, എഴുത്തിൽ വഴികാട്ടിയ ഗുരുനാഥർ തുടങ്ങിവർക്കും എന്റെ സ്നേഹാർച്ചനകൾ.

വായിപ്പിക്കുക—അതാണ് എഴുതുന്നയാളുടെ അടിസ്ഥാനലക്ഷ്യം. വായിക്കാൻ താത്പര്യപ്പെടുന്ന വിഷയങ്ങൾ കണ്ടെത്തുക, വായിക്കാൻ പ്രേരിപ്പിക്കുമാറു ലഭ്യമാക്കുക, വായിച്ചുതുടങ്ങാനും തുടർന്നു വായിക്കാനും തോന്നുന്നപോലെ എഴുതുക, വായിച്ചുകഴിഞ്ഞാൽ ഒരു കോപ്പി വാങ്ങണം എന്ന തോന്നൽ ജനിപ്പിക്കുക—ഇതാണു വായനാസാമഗ്രികളുടെ മഹാപ്രളയകാലത്ത് ഒരു പ്രൊഫഷണലിനു ചെയ്യാനാവുക. അതു മനസിൽ വച്ചുകൊണ്ട് അക്കാര്യത്തിൽ എത്രമാത്രം വിജയമോ പരാജയമോ ആണെന്ന സ്വയംപരിശോധനകൂടിയാണിത്. വിധികർത്താക്കൾ നിങ്ങളാണ്. വായിച്ച് ഇഷ്ടപ്പെടുന്നവർക്കും ഓൺലൈൻ, ഡിജിറ്റൽ വായനകളിൽ താത്പര്യം ഇല്ലാത്തവർക്കും ആവശ്യപ്പെട്ടാൽ അച്ചടിച്ച പുസ്തകം വീട്ടിലെത്തിക്കാം. അതാണു വായനക്കാരിൽനിന്നു പ്രതീക്ഷിക്കുന്ന പ്രോത്സാഹനം. നിങ്ങളിൽനിന്നു പ്രതീക്ഷിക്കുന്ന സഹായസഹകരണങ്ങൾക്കും പിന്തുണയ്ക്കുമുള്ള കൃതജ്ഞത മുൻകൂട്ടിത്തന്നെ കുറിക്കട്ടെ!

സ്നേഹാഭിവാദനത്തോടെ,

തിരുവനന്തപുരം — (ഒപ്പ്)

2021 ജൂലൈ 4 — മനോജ് കെ. പുതിയവിള

അവതാരികാബിന്ദുക്കൾ

നിരൂപണാത്മകമായ ദീർഘാവതാരിക ആവശ്യമുള്ള സർഗ്ഗരചന അല്ലാത്തതിനാൽ ആ പതിവ് ഒഴിവാക്കുകയാണ്. പകരം, എഴുത്തിന്റെ ആത്മാവു കണ്ടെത്തിയ ചില പ്രാമാണികർ പ്രസാധനത്തിനുമുമ്പു പുസ്തകം വായിച്ചു നടത്തിയ ലഘുനിരീക്ഷണങ്ങൾ ചേർക്കുന്നു:

ഉൾക്കാഴ്ചകളുടെ പുസ്തകം

നല്ല അഭിമുഖങ്ങൾ ജീവിതങ്ങളുടെ ആഴങ്ങളിലേയ്ക്കു തുറന്നിട്ട വാതായനങ്ങളാണ്. വിഭിന്നമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന സമർപ്പിതചേതസ്സുകളായ ആറു മനീഷികളുടെ ബാഹ്യലോകത്തേയ്ക്കും അന്തർലോകത്തേയ്ക്കുമുള്ള വാതിലുകളാണ് മനോജ് കെ. പുതിയവിള ഇവിടെ തുറക്കുന്നത്. ക്ലേശരഹിതമായ വായനയിലൂടെ വലിയ ഉൾക്കാഴ്ചകൾ സാദ്ധ്യമാക്കുന്ന പുസ്തകം.

—സച്ചിദാനന്ദൻ

അറിവുകളും തിരിച്ചറിവുകളും



ജീവിതം തന്നെയാണ് ഏറ്റവും പിടിച്ചിരുത്തുന്ന കഥ എന്നു മനോജ് പുതിയവിള നടത്തിയ ഈ അഭിമുഖസംഭാഷണങ്ങൾ തെളിയിക്കുന്നു. മലയാളികളും അല്ലാത്തവരുമായ ആറു പ്രശസ്തവ്യക്തികളാണ് അവരുടെ ജീവിതപ്പാതകളുടെ കഥ ഈ സംഭാഷണങ്ങളിൽ വിവരിക്കുന്നത്. അവർ അനുഗമിച്ച ആദർശങ്ങളുടെയും നേരിട്ട വെല്ലുവിളികളുടെയും അതിജീവിച്ച പ്രതിസന്ധികളുടെയും അനുഭവോഷ്മളമായ ചരിത്രം വായനക്കാർക്കു സമ്മാനിക്കുന്നത് വിലയേറിയ അറിവുകളും തിരിച്ചറിവുകളുമാണ്. മലയാളത്തിലെ ജീവിതാനുഭവസാഹിത്യത്തിന്റെ ഒന്നാം നിരയിലാണ് ഈ ഗ്രന്ഥത്തിന്റെ സ്ഥാനം.

—സക്കറിയ

ഏറ്റവും നല്ല സുഹൃത്ത്

ഈ പുസ്തകത്തിൽ സമാഹരിച്ചിട്ടുള്ള, മനോജ് കെ. പുതിയവിള നടത്തിയ, അഭിമുഖങ്ങളിൽ വിഭിന്നമായതും വിശാലവീക്ഷണമുള്ളതുമായ ഒരുസംഘം വിശിഷ്ടവ്യക്തിത്വങ്ങളാണ്. എന്നാൽ എല്ലാവരും തമ്മിലുള്ള വൈജാത്യങ്ങളും പ്രകടമാണ്. അവരുടെ പ്രവർത്തനങ്ങളാണ്, എന്തുതന്നെ സംഭവിച്ചാലും കർമ്മനിരതരായിരിക്കുന്നവർ എന്നതാണ്, അവരെ ഒന്നിച്ചു നിർത്തുന്ന ഘടകം. 'അവരെങ്ങനെ പ്രവർത്തിക്കുന്നു എന്നതു നിരീക്ഷിക്കേണ്ട ഒന്നല്ല' എന്ന് അവരെല്ലാംതന്നെ പറയുമായിരിക്കും. പക്ഷെ വരാനിരിക്കുന്ന തലമുറയ്ക്കും ഇപ്പോൾ കർമ്മപഥങ്ങളിൽ സജീവമായിക്കൊണ്ടിരിക്കുന്നവർക്കും തങ്ങളുടെ ജീവിതത്തിന്റെ ദൃഢമായ

ഏകാന്തതയിൽ ഈ അഭിമുഖങ്ങൾ ഒരു വെളിച്ചമായിരിക്കും. ഇതിലുംനല്ലൊരു സുഹൃത്തില്ല എന്ന് ഈ പുസ്തകം തോന്നിപ്പിക്കും. ബുദ്ധിയുടെയും പ്രതിഭയുടെയും പ്രവർത്തനങ്ങളുടെയും വൈഭവവും വിലാസവും ഇവരിലുണ്ട്. അത് പുറത്തുകൊണ്ടു വരാൻ അഭിമുഖകാരനു കഴിഞ്ഞിരിക്കുന്നു.

—എസ്. ശാരദക്കുട്ടി

ഈ യാത്ര വൈജ്ഞാനികം, വൈകാരികം

ജീവിതം തന്നെയാണ് ഏറ്റവും പിടിച്ചിരുത്തുന്ന ജീവിതത്തിന്റെ അനന്തമായ വൈവിദ്ധ്യങ്ങളിലേക്കും വൈരുദ്ധ്യങ്ങളിലേക്കുമുള്ള നടപ്പാതകൾ കൂടിയാണ് ഈ അഭിമുഖങ്ങൾ. ധനതത്ത്വവിചാരവും ശാസ്ത്രഗവേഷണവും മുതൽ രംഗവേദിയുടെ സൗന്ദര്യശാസ്ത്രം വരെയുള്ള വിഭിന്നലോകങ്ങളുടെ സൂക്ഷ്മസ്വരൂപം ഈ അഭിമുഖങ്ങളിൽ വായനക്കാർക്കുമുന്നിൽ അനാവൃതമാകുന്നു. ഒരേസമയം വൈജ്ഞാനികവും വൈകാരികവുമായ ഒരു യാത്രയിലേക്കാണ് ഈ അഭിമുഖങ്ങൾ നമ്മെ കൈപിടിച്ചു നയിക്കുന്നത്.

—സുനിൽ പി. ഇളയിടം

ജീവത്പ്രകാശങ്ങൾ

കറുത്തകാലത്തു ജീവിക്കുന്ന നമുക്കു പ്രത്യാശയ്ക്കും പ്രതീക്ഷയ്ക്കും വെളിച്ചമല്ലാതെ ഒരു വഴിയുമില്ല. വെളിച്ചമെന്നാൽ സൂര്യവെളിച്ചമോ ചാന്ദ്രവെളിച്ചമോ അല്ല, മനുഷ്യരുടെ ആത്മാവു സ്നേഹംകൊണ്ടു തിളങ്ങുന്ന ആ പൊൻവെളിച്ചമാണ്. ആയിരം മനുഷ്യർ സൂക്ഷിച്ചുവെച്ച വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും പകയുടെയും ഇരുട്ടിനെ ഒരു നിമിഷംകൊണ്ട് ഇല്ലാതാക്കുന്ന മഹാവെളിച്ചം.

അത്തരം വെളിച്ചം പ്രവൃത്തിയിലൂടെ സാദ്ധ്യമാക്കിയവർ—അവർ ആറുപേർ, ജീവിതംകൊണ്ടു തെളിയിച്ചുകാട്ടിയവർ, ജീവിച്ചുകാട്ടി പ്രതിസന്ധികളെ മറികടന്നവർ-അങ്ങനത്തെ ആറുപേരിലേക്കുള്ള യാത്രയാണ 'വെളിച്ചത്തിലേക്കു നടത്തുന്നവർ'. അതെ, ആറു വ്യത്യസ്തമനുഷ്യർ... വ്യത്യസ്തദിശകൾ... വ്യത്യസ്തമേഖലകൾ... വ്യത്യസ്തഭൂമികകൾ...

മനോജ് കെ. പുതിയവിള ആറുതരം ജീവത്പ്രകാശങ്ങളെ മനുഷ്യസ്നേഹം എന്ന ഒറ്റ നൂലിൽ കോർത്ത് ഒറ്റപ്പുസ്തകത്തിൽ ആവഹിക്കുന്നു. ദീർഘാഭിമുഖങ്ങളെന്നു പേരിട്ടുപറയുന്നുവെങ്കിലും ഇവ ജീവചരിത്രത്തിന്റെയും ആത്മഭാഷണത്തിന്റെയും സ്വഭാവം പ്രകടിപ്പിക്കുന്നു. ജീവിതത്തിലേക്കൊരു വെളിച്ചമാകുന്ന ഗ്രന്ഥം.

—ഇന്ദു മേനോൻ

ഉള്ളടക്കം

ആമുഖം v

അവതാരികാബിന്ദുക്കൾ xii

1 ഇരുട്ടിനെന്തൊരു വെളിച്ചം! 2

2 ജനകീയത ആസൂത്രണം ചെയ്ത ജീവിതം 19

3 ഗാന്ധിസമരത്തിന്റെ ലോകായനം 66

4 ലോകോത്തരജേർണലുകളുടെ രൂപശില്പി 107

5 പതിനെട്ടാമത്തെ ആനയുടെ യുക്തി 161

6 നേരിൻചില്ലിലെ ഛായാമുഖം 205

ഇരുട്ടിനെന്തൊരു
വെളിച്ചം!

1

ഇരുട്ടിനെന്തൊരു വെളിച്ചം!

പ്രവേശിക

ലോകത്തിനു കണ്ണായ്

അന്ധയായ സെബ്രിയെ ടെൻബേർക്കെൻ ജർമ്മനിയിൽനിന്നു തിരുവനന്തപുരത്തു വന്നു താമസിക്കുന്നത് ലോകമാകെയുള്ള ഒരുപാടു ജീവിതങ്ങൾക്കു വെളിച്ചം പകരാനാണ്. അന്ധതയാണു തന്റെ മികവെന്നു വിശ്വസിക്കുന്ന ഈ ചൈതന്യസ്രോതസ്സ്, സമൂഹം കുറവുകൾ ഉയർത്തിക്കാട്ടി തന്നെപ്പോലെ പര്യമ്പുറങ്ങളിലേക്കു തള്ളുന്നവരെ കണ്ടെത്തി സംരംഭകരാക്കി വളർത്തുന്നു; അവരിലൂടെ അങ്ങനെയുള്ള വേറെയും നൂറുകണക്കിനുപേർക്കു ജീവിതം സമ്മാനിക്കുന്നു. ജന്മസാഫല്യത്തിനുള്ള ഈ ദൗത്യത്തിന് ആരൂഢമായി അവർ കേരളത്തെ തെരഞ്ഞെടുത്തതുപോലെതന്നെ ഇവിടെ സ്ഥാപിച്ച കേന്ദ്രവും അവിടെ നടക്കുന്ന പ്രവർത്തനങ്ങളും അവിടേക്കു പഠിതാക്കളെ തെരഞ്ഞെടുക്കുന്ന രീതിയും മാനദണ്ഡങ്ങളും അവരുടെ ജീവിതംതന്നെയും കൗതുകകരമാണ്. ആ രാജ്യാന്തരസ്ഥാപനത്തിന് അവർ കൊടുത്ത പേരുതന്നെ നോക്കൂ: 'കാന്താരി'! നൊബേൽ സമ്മാനത്തിനു ശുപാർശ ചെയ്യപ്പെട്ട, നൈറ്റ് പദവി നല്കി ഡച്ച് റാണി ആദരിച്ച, ചൈനാഭരണകൂടം 30 വർഷത്തിനിടെ ഏറ്റവും സ്വാധീനിച്ച 15 പേരിൽ ഒരാളായി പ്രഖ്യാപിച്ച സെബ്രിയെയെയും അവരുടെ കാഴ്ചപ്പാടുകളെയും മഹാദൗത്യത്തെയും പറ്റിയുള്ള അറിവ് ഏറെ പ്രചോദകമാണ്. അവർക്കൊപ്പം, സവിശേഷകാഴ്ചപ്പാടും പ്രവർത്തനങ്ങളുമുള്ള ഡച്ചുകാരനായ കൂട്ടുകാരൻ പോൾ ക്രോനൻബെർഗുമുണ്ട്. സെബ്രിയെയും പോളുമായി നടത്തിയ സംഭാഷണം ആധാരമാക്കി എഴുതിയ രണ്ട് അഭിമുഖങ്ങൾ സമന്വയിപ്പിച്ച് പുതിയ വിവരങ്ങൾകൂടി ചേർത്ത് ആനുകാലികമാക്കി അവതരിപ്പിക്കുകയാണിവിടെ. 'കാന്താരി'യിലെ കാഴ്ചകളും മറ്റും ചേർക്കേണ്ടതിനാൽ ഫീച്ചർ സ്വഭാവംകൂടി വരുത്തിയാണ് ഇത് എഴുതിയിട്ടുള്ളത്.

ഇരുട്ടിനെന്തൊരു വെളിച്ചം
— സെബ്രിയെ ടെൻബേർക്കെൻ

“നിറമുള്ള സ്വപ്നങ്ങൾ കാണൂ, വലിയ സ്വപ്നങ്ങൾ കാണൂ.” സെബ്രിയെ ടെൻബേർക്കെൻ പറയുന്നു, അന്ധത ഇരുട്ടാണെന്നു കരുതുന്ന സമൂഹത്തിന്റെ മനസിലെ ഇരുട്ടിനെ ഇച്ഛാശക്തിയുടെ കണ്ണാൽ നോക്കി പുഞ്ചിരിച്ചുകൊണ്ട്. ഇതാണ് ഇവരുടെ സന്ദേശം. തിരുവനന്തപുരം നഗരപ്രാന്തത്തിലുള്ള വെള്ളായണിക്കായലിന്റെ കരയിൽ പ്രകൃതിയുടെ തണുപ്പും മിനുപ്പും തനിമയുമുള്ള സാമഗ്രികൾകൊണ്ടു പടുത്തുയർത്തിയ, മനസും ശരീരവും കുളുർപ്പിക്കുന്ന, ഹൃദ്യസൗധത്തിലിരുന്നു വലിയ സ്വപ്നങ്ങൾക്ക് അവർ നിറവും മിഴിവും മൂർത്തതയും പകരുന്നു. അതു നിരവധി രാജ്യങ്ങളിലെ അരക്ഷിതർക്ക് അത്താണിയാകുന്നു.

ഇത് സാമൂഹികസംരംഭകത്വത്തിനായുള്ള രാജ്യാന്തരസ്ഥാപനം. ഇപ്പോൾ പേര് ‘കാന്താരി’ (https://www.kanthari.org/). ആദ്യത്തെ പേര് ‘ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ഓന്റ്രപ്രെണർഷിപ്’ (IISE).

ഇവിടെ സംരംഭകത്വത്തിന് ഒട്ടേറെ പുതിയ മാനങ്ങൾ; രൂപങ്ങൾ; ഭാവങ്ങൾ. ലാഭമുണ്ടാക്കാനുള്ള ഏർപ്പാടല്ല ഇവിടെ സംരംഭകത്വം. വലിയ സാമൂഹികധർമ്മങ്ങളാണ് ഇവർ ഈ വാക്കിൽ സന്നിവേശിപ്പിക്കുന്നത്. മാറ്റത്തിന്റെ മന്ത്രമാണത്.

ഇരകളും മെരുങ്ങാക്കുട്ടരും

നാട്ടുകാർ ബ്ലൈൻഡ് സ്കൂൾ എന്നു വിളിക്കുന്ന കാന്താരിയിൽ അന്ധർ മാത്രമല്ല പരിശീലിക്കുന്നത്. പലതരം ഭിന്നശേഷിക്കാർ, പല കാരണങ്ങളാൽ സമൂഹം മാറ്റിനിർത്തുന്നവർ, യുദ്ധങ്ങളുടെ ഇരകൾ, എച്ച്.ഐ.വി. ഇരകൾ, ജാതിയുടെയും വർണ്ണവിവേചനത്തിന്റെയും ഇരകൾ, പഠിത്തം ഉപേക്ഷിച്ചവർ, തടവുകാരുടെ മക്കൾ ഒക്കെയുണ്ട്.

ഇവിടെ ചേരാൻ വിദ്യാഭ്യാസം വേണമെന്നേ ഇല്ല. വേണ്ടത് സമൂഹത്തിനുവേണ്ടി നല്ലതു ചെയ്യാനുള്ള ആഗ്രഹം; പുതിയ ആശയങ്ങൾ രൂപപ്പെടുത്താനുള്ള സ്വപ്നത്വം; പിന്നെ, ഇംഗ്ലീഷ് എഴുതാനും പറയാനുമുള്ള കഴിവും അത്യാവശ്യം ആശയവിനിമയത്തിനുവേണ്ട കമ്പ്യൂട്ടർച്ചങ്ങാത്തവും.

കഴിവുകളെപ്പറ്റിയുള്ള ഇവരുടെ കാഴ്ചപ്പാടുകൾതന്നെ സവിശേഷമാണ്. “പഠിത്തത്തിൽ കൊഴിഞ്ഞുപോകുന്നവർ വാസ്തവത്തിൽ കഴിവു കുറഞ്ഞവരോ മണ്ടരോ

അല്ല", സെബ്രിയെ പറയുന്നു. "അവർ സാമ്പ്രദായികക്ലാസുമുറികളുടെ ചട്ടക്കൂടിൽ ഒതുങ്ങാൻ കഴിയാത്ത വിശേഷവ്യക്തിത്വം ഉള്ളവരാകും. അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും സമൂഹത്തിന്റെതന്നെയും സമ്മർദ്ദങ്ങളെ അതിജീവിക്കാൻ പ്രാപ്തിയുള്ളവർ. അവർക്കാണു പാരമ്പര്യവഴി വിട്ട്, നൂതനമായ, ആശയങ്ങൾ വികസിപ്പിക്കാനാവുക; കാര്യങ്ങൾ ചെയ്യാനാവുക, സമൂഹത്തെ മാറ്റാനാവുക. അതുകൊണ്ട്, പിഎച്ച്.ഡി.ക്കാരെക്കാൾ പിഎച്ച്.ഡി. പാതിവഴിയിൽ ഇട്ടുപോന്നവരെയാണു ഞങ്ങൾ പരിഗണിക്കുക."

അങ്ങനെയുള്ളവരെ കണ്ടെത്തി മികച്ച സാമൂഹികസംരംഭകർ ആക്കുകയാണു സെബ്രിയെയും കൂട്ടുകാരനായ ഡച്ചുകാരൻ പോൾ ക്രോനൻബെർഗും. അരാജകത്വത്തിൽ അടങ്ങിയിരിക്കുന്ന സൃഷ്ട്യുന്മുഖതയുടെ സംരംഭാത്മകമായ പുതിയ ആവിഷ്കാരം.

ഇവരുടെ കഥ അറിഞ്ഞാലേ ഇത്തരമൊരു വിശേഷാൽ കാഴ്ച്ചപ്പാടിന്റെ പൊരുൾ മനസിലാകൂ.

അതിരുകളില്ലാത്ത ബ്രെയിൽ

പന്ത്രണ്ടാം വയസിലാണു സെബ്രിയെയ്ക്കു കാഴ്ച നഷ്ടപ്പെടുന്നത്. ഇതു സത്യത്തിൽ തന്റെ ലോകം കൂടുതൽ വർണ്ണാഭമാക്കുകയാണു ചെയ്തതെന്ന് ഇവർ പറയുന്നു. "നോവൽ വായിച്ചിട്ട് അതിന്റെ സിനിമ കാണുന്നതുപോലെയാണത്. വായിക്കുമ്പോൾ നമുക്കു യഥേഷ്ടം അതെല്ലാം ഭാവനയിൽ കാണാം. അതു സിനിമയാക്കി കാണുമ്പോൾ സംവിധായകന്റെയും സാങ്കേതികവിദ്യയുടെയും ഒക്കെ പരിമിതി

വെള്ളായണി കായലിന്റെ തീരത്തുള്ള 'കാന്താരി'യുടെ ഓഫീസ് കാമ്പസ്.

അതിനു വരും. യഥാർത്ഥലോകത്തിന്റെപോലും പരിമിതികൾ എന്റെ ലോകത്തിനില്ല." ആ ആശയം എന്റെ കണ്ണിൽ തിളങ്ങുന്നതു ഭാവനയിൽ കണ്ട് അവർ മധുരമായി ചിരിക്കുന്നു.

അന്ധയായതോടെ കൂട്ടുകാർ ഉപേക്ഷിച്ചു; അദ്ധ്യാപകർ അവഗണിച്ചു. അങ്ങനെ പ്രത്യേകസ്കൂളിലെത്തി. അവിടെ കയാക്കിങ് (തുഴയൽ), സ്കീയിങ്, കുതിരസവാരി ഒക്കെ പഠിച്ചു! കാഴ്ചയുള്ളവരെക്കാൾ മിടുക്കിയായി. ആത്മവിശ്വാസമായി. ലോകം ചുറ്റാനും ഭാഷകൾ പഠിക്കാനും ഒക്കെ മോഹമായി. അല്പം സാഹസികമായിത്തന്നെ ആകട്ടെ എന്നു കരുതി ആദ്യയാത്ര തിബറ്റിലേക്കാക്കി. അതിനു മുന്നോടിയായി അവിടുത്തെ ഭാഷ പഠിച്ചു. അപ്പോഴാണ് അറിയുന്നത് അന്ധർക്കുള്ള ലിപിയായ ബ്രെയിൽ ആ ഭാഷയ്ക്ക് ഇല്ലെന്ന്. ആദ്യംതന്നെ അതു വികസിപ്പിച്ചു. അങ്ങനെയായിരുന്നുതുടക്കം.

സെബ്രിയെ 1997-ൽ തിബറ്റിലെത്തി. തിബറ്റ് ഓർമ്മയിൽ ഉണർന്നപ്പോൾ അവരുടെ മുഖത്തു സമ്മിശ്രഭാവങ്ങൾ പടർന്നു: "അന്ധത കൂടുതലുള്ള തിബറ്റിൽ അന്ധതയെ പാപത്തിന്റെ ശിക്ഷയായാണു കണ്ടിരുന്നത്. കണ്ണുള്ളവരുടെ മനസിന്റെ ആന്ധ്യം! അവിടെ അന്ധരെ പിറവി മുതൽ ആജീവനാന്തം വീട്ടിനുള്ളിൽ ഒളിപ്പിച്ചുവയ്ക്കുകയും കട്ടിലിൽ കെട്ടിയിടുകയും ഒക്കെയായിരുന്നു പതിവ്. കൊല്ലുന്നതിലും വലിയ ക്രൂരത!"

ഈ ദുരവസ്ഥ കണ്ടു മനം നൊന്തു ജർമ്മനിയിലേക്കു മടങ്ങിയ സെബ്രിയെ സുമനസുകളിൽനിന്നു കുറെ പണം സ്വരൂപിച്ചു. പങ്കാളിയായി പോൾ ക്രോനൻബെർഗിനെയും കിട്ടി. ഇരുവരും ചേർന്ന 'ബ്രെയിൽ വിത്തൗട്ട് ബോർഡേഴ്സ്' എന്ന സന്നദ്ധസംഘടനയ്ക്കു രൂപം നല്കി.

അതിലൂടെ തിബറ്റിൽ വലിയ മാറ്റം സെബ്രിയെ ഉണ്ടാക്കി. "നാട്ടുകാരെ ബോധവത്ക്കരിച്ചു; കുട്ടികളെ ബ്രെയിൽ പഠിപ്പിച്ചു; അതിനായി സ്കൂൾ തുടങ്ങി; അവരെ സ്വയംപര്യാപ്തരാക്കി; കണ്ണുള്ളവരെക്കൂടി പോറ്റാൻ അവരെ പ്രാപ്തരാക്കി; അന്ധത കുറവല്ല, കരുത്താണെന്നു മനസിലാക്കിക്കൊടുത്തു. അവരെയൊക്കെ നാടിന്റെ ആവശ്യങ്ങൾ നിറവേറ്റുന്ന സംരംഭകരാക്കി. ഒരു അന്ധയുവാവിനോട് ഒരിക്കൽ ചോദിച്ചു എന്താണ് ആഗ്രഹമെന്ന്. ടാക്സി ഡ്രൈവർ ആകണമെന്നായിരുന്നു മറുപടി. ഒരു ടാക്സിയുടെ ഡ്രൈവർ ആകുന്നതിനുപകരം കുറേ ടാക്സികളുടെ ഉടമയാക്കാം എന്നു ഞാൻ പറഞ്ഞു. അയാൾക്കു സമ്മതമായി. അയാളെ ടാക്സിക്കമ്പനിയുടമയാക്കി. അങ്ങനെ എത്രയെത്ര അനുഭവങ്ങൾ!"

"അന്ധർക്ക് ഇരുട്ടിൽപ്പോലും എഴുതാം, വായിക്കാം. കണ്ണുള്ളവർക്കോ?" സെബ്രിയെ ചോദിക്കുന്നു.

അന്ധരെ അതിജീവനസജ്ജരാക്കാൻ സ്കൂൾ തുടങ്ങുകയും എഴുപതോളംപേർക്കു തൊഴിൽ ഉണ്ടാക്കുകയും ചെയ്ത അന്ധയായ സെബ്രിയെ തിബറ്റുകാരുടെ പ്രിയങ്കരിയായി. ചൈനാഭരണകൂടം 30 വർഷത്തിനിടെ ഏറ്റവും സ്വാധീനിച്ച 15 പേരിൽ ഒരാളായി ഇവരെ പ്രഖ്യാപിച്ചു. അന്നിവർക്കു നാല്പതു വയസുപോലും ആയിട്ടില്ല. സെബ്രിയെ-പോൾ ദമ്പതിമാരെ ഡച്ച് റാണി 2003-ൽ നൈറ്റ് പദവി (പ്രഭുത്വം) നല്കി ആദരിച്ചു. 2005-ൽ സെബ്രിയെ നൊബെയ്ൽ സമ്മാനത്തിനു നാമനിർദ്ദേശം ചെയ്യപ്പെടുകയും ഉണ്ടായി.

ഇടത്തുനിന്ന്: വൈദ്യുതിക്കായുള്ള ഒട്ടനവധി സോളാർ പാനലുകളിലൊന്ന്; ശ്യാമിന്റെ സുരക്ഷിതമായ സൗരോർജ്ജ വിനോദബോട്ട്.

അതിരുകളില്ലാത്ത സ്വപ്നം

“ഞാൻ ഈ സംരംഭവുമായി നിന്നാൽ ഈ ഒരു ജനതയ്ക്കു സഹായം ചെയ്യാനാകും. പക്ഷെ, ഇങ്ങനെ പരിത്യക്തരായ എത്രയോ സമൂഹങ്ങളുണ്ട ലോകത്ത്! ഒരു നൂറു സംരംഭങ്ങൾ തുടങ്ങാൻ കഴിഞ്ഞിരുന്നെങ്കിൽ...” അതായി പിന്നെ സെബ്രിയെയുടെ ചിന്ത.

“ഇതേ ലക്ഷ്യവുമായി പ്രവർത്തിക്കാൻ കഴിയുന്ന നൂറ് അംബാസഡർമാരെ നിയോഗിക്കാനായാൽ... നൂറു സമൂഹങ്ങളിൽ മാറ്റം സൃഷ്ടിക്കാം. വർഷം ഇരുപതോ മുപ്പതോ അംബാസഡർമാരെവീതം വാർത്തെടുത്താൽ പത്തിരുപതുവർഷം കഴിയുമ്പോഴേക്ക് അഞ്ഞൂറോ അറുനൂറോ സാമൂഹികസംരംഭങ്ങൾ! അതാണു പരിഹാരം.”

അങ്ങനെ ഒരു പദ്ധതിക്കു സെബ്രിയെയും പോളും രൂപം കൊടുത്തു. ലോകമെങ്ങും നല്ല സാമൂഹികസംരംഭങ്ങൾ തുടങ്ങാൻ കഴിയുന്ന ആളുകളെ കണ്ടെത്തി പരിശീലിപ്പിച്ച് പ്രോത്സാഹനവും സഹായങ്ങളും നല്കി ദൗത്യവാഹകരായി അയയ്ക്കുക. അതിനായി ഒരു സ്ഥാപനം തുടങ്ങണം. സെബ്രിയെയുടെ ഭാഷയിൽ ‘സ്വപ്നങ്ങൾ ഉത്പ്പാദിപ്പിക്കുന്ന ഡ്രീം ഫാക്ടറി’.

“അതിനു പറ്റിയ സ്ഥലം കണ്ടെത്താനായി പിന്നെ ശ്രമം. ഓസ്ട്രേലിയയിൽവച്ച് ഇതേപ്പറ്റി നടന്ന ഒരു സംഭാഷണത്തിൽ ഒരു സുഹൃത്താണു കേരളം നിർദ്ദേശിച്ചത്. അങ്ങനെയാണു ഞങ്ങൾ ദൈവത്തിന്റെ സ്വന്തം നാട്ടിൽ എത്തിയത്.” അങ്ങനെ 2009-ൽ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ഓന്റ്രപ്രെണർഷിപ് വെള്ളായണിയിൽ ഉയർന്നു.

“നല്ല പ്രകൃതി, കാലാവസ്ഥ, മനുഷ്യർ, സർവ്വോപരി ശാന്തത, അടുത്തു വിമാനത്താവളം, റയിൽ-റോഡ് സൗകര്യം, വാർത്താവിനിമയബന്ധം,... എല്ലാംകൊണ്ടും യോഗ്യം.” പോൾ പറയുന്നു, നിറഞ്ഞ ആവേശത്തോടെ.

കായലോരത്തെ കാഴ്ചപ്പൊലിമ

അവിടുത്തേതന്നെ മണ്ണും ചെളിയും എല്ലാം ഉപയോഗിച്ചു പ്രകൃതിയുമായി സമരസപ്പെടുന്ന മൂന്നു കെട്ടിടങ്ങൾ ബേക്കർ സായ്പിന്റെ ശൈലിയിൽ നിർമ്മിച്ചു. സെബ്രിയെയുടെ അകക്കണ്ണും പോളിന്റെ എഞ്ചിനീയറിങ് വൈദഗ്ദ്ധ്യവും കോസ്റ്റ്ഫോർഡിലെ സാജന്റെ വാസ്തുശില്പമികവും സമന്വയിച്ച ഈ കെട്ടിടങ്ങളിൽ ഫാനേ വേണ്ട. പകൽ ലൈറ്റും വേണ്ട.

ഏതാണ്ട പൂർണ്ണമായും സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഇവിടുത്തെ പ്രധാന കെട്ടിടത്തിൽ വൈദ്യുതിബോർഡിന്റെ ലൈനിലെ വൈദ്യുതി വേണ്ടിവരുന്നതു വെയിൽ കുറഞ്ഞ അപൂർവ്വദിവസങ്ങളിൽ മാത്രം. ലൈറ്റെല്ലാം 2009-ൽത്തന്നെ എൽ.ഇ.ഡി. ആണ്. ആളിറങ്ങിയാൽ തനിയെ കെടും. ഹരിതോർജ്ജത്തിനു വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ശ്യാംകുമാർ എന്ന യുവമലയാളീശാസ്ത്രജ്ഞനെ ഇവിടെ കെട്ടഴിച്ചു വിട്ടിരിക്കുകയായിരുന്നു. അദ്ദേഹം കണ്ടുപിടിത്തങ്ങളുടെ പെരുമഴ പെയ്യിച്ച് ഇവിടം പരിസ്ഥിതിമിത്രസാങ്കേതികവിദ്യകളുടെ വസന്തോദ്യാനമാക്കി! എവിടെയും മലിനീകരണമില്ല, യന്ത്രങ്ങളുടെ ഒച്ചയും അനക്കവുമില്ല.

എ.സി.ക്കുപകരം കായലിന്റെ അടിത്തട്ടിലെ തണുപ്പ് കുഴൽവഴി ആവഹിച്ചു മുറികൾ തണുപ്പിക്കുക, കാറ്റാടി വച്ചു വൈദ്യുതി ഉണ്ടാക്കുക, പമ്പു പ്രവർത്തിപ്പിക്കുക, ക്യാപ്പില്ലറി റൈസ് വഴി തെങ്ങിൻമുകളിൽ വെള്ളം കയറ്റി ഗുരുത്വാകർഷണം വഴി കരയിലെ ടാങ്കിൽ എത്തിക്കുക, വ്യായാമം ചെയ്യാനുള്ള സൈക്കിൾ വഴി ആ വെള്ളം കെട്ടിടത്തിനുമുകളിലെ ടാങ്കിൽ കയറ്റുകയും അന്നന്നത്തേക്കുവേണ്ട അരി അരയ്ക്കുകയുമൊക്കെ ചെയ്യുക, പ്ലാസ്റ്റിക് കാലിക്കുപ്പികൾകൊണ്ടുള്ള ബോട്ട് ജെട്ടി, ചങ്ങാടം, സൗരോർജ്ജം കൊണ്ടുള്ള ബോട്ട്, വിനോദത്തിനായുള്ള രാജ്യത്തെ ആദ്യത്തെ ബൊംബാർഡിങ് ബോട്ടുകൾ, ഒറ്റ യൂണിറ്റ് ആയുള്ള സൗരതെരുവുവിളക്ക്,... ഈ അഭിനവഎഡിസന്റെ ശാസ്ത്രകുതുഹലങ്ങൾക്കും സെബ്രിയെയുടെ അകക്കാഴ്ചതന്നെ ആയിരുന്നു കരുത്ത്.

ജർമ്മനിയിൽനിന്നു കൊണ്ടുവന്ന ഇക്കോസാൻ കക്കൂസുകൾ ഖര-ദ്രവമാലിന്യങ്ങൾ വേർതിരിക്കുന്നു. ഖരമാലിന്യം പൂർണ്ണമായും പാചകവാതകമാക്കി മാറ്റും. ശരാശരി 50 പേർ വീതം മൂന്നുനേരവും ആഹാരം കഴിക്കുന്ന ഇവിടെ ഇതിനുപുറമെ വേണ്ടിവരുന്നത് ആഴ്ചയിൽ ഒറ്റക്കുറ്റി ഗ്യാസുമാത്രം!

വേർതിരിക്കപ്പെടുന്ന വെള്ളമാകട്ടെ, പലതരം അരിപ്പകളുള്ള സംസ്കരണസംവിധാനത്തിലൂടെ ചെടി നനയ്ക്കാൻ പോകുന്നു. ഇതുപയോഗിച്ച് പച്ചക്കറിത്തോട്ടവും വളർത്തുന്നു.

കൂടാതെ, മഴക്കൊയ്ത്തിനുമുണ്ട് വലിയ സന്നാഹം. വർഷം മുഴുവൻ ഉപയോഗിക്കാനുള്ള വെള്ളം സംഭരിക്കാൻ ദശലക്ഷക്കണക്കിനു ലീറ്റർ ശേഷിയുള്ള ഭൂഗർഭടാങ്കുണ്ട്. ഈ ടാങ്ക് പണിതതുമായി ബന്ധപ്പെട്ട ഒരു 'കേരളീയ മോറൽ പൊലീസ് തമാശ' കൂടി കേട്ടു.

മണ്ണിനടിയിൽ ടാങ്കു പണിയുന്നതിന് ഒറ്റ ആവശ്യമല്ലേ നമ്മൾക്കറിയൂ—വ്യാജമദ്യം സംഭരിക്കൽ. ഇവിടെയും ടാങ്കുപണി തുടങ്ങിയതോടെ ചിലർക്കു സംശയമായി, ഇതു 'മറ്റേതി'നാണോ? ആളുകൾ സംഘടിച്ചു, പണി തടഞ്ഞു. "ഒടുവിൽ പൊലീസ് വന്നു പരിശോധിച്ച് അനുമതി നല്കിയശേഷമാണു മഴവെള്ളസംഭരണി പണിയാനായത്!" ശ്യാം ഓർക്കുന്നു.

വലിയ സാമൂഹികപ്രസക്തിയുള്ള അൻപതോ അറുപതോ ചെറുകണ്ടുപിടിത്തങ്ങൾ മനസിലുണ്ടെന്നു പറഞ്ഞ ശ്യാമിന്റെ വാക്കുകളിലെ ആവേശം ആ അന്തരീക്ഷത്തിലാകെയുള്ള ആവേശത്തിന്റെ അനുരണനമായിരുന്നു. ഇവയിൽ ചിലതെല്ലാം കാന്താരിയിൽത്തന്നെ സാക്ഷാത്ക്കരിച്ചശേഷം അവിടെനിന്നു പിരിഞ്ഞ ശ്യാം ഇപ്പോൾ തന്റെ പുതുപുതുസ്വപ്നങ്ങൾക്കു ചിറകേകാനും കേരളത്തിലെ

സ്വപ്നം കാണാൻ ശേഷിയുള്ളവരെ പ്രചോദിപ്പിച്ച നവീനാശയങ്ങളുടെ പൂക്കാലം തീർക്കാനുമുള്ള പദ്ധതി തയ്യാറാക്കുകയാണ്. കാന്താരിയുടെ പ്രചോദനമാകാം ഇതിന്റെയും ഊർജ്ജം.

കാണാപ്പൊന്നു കാണുന്നവർ

ഇങ്ങനെയെല്ലാം ഒരുങ്ങിയ ഐ.ഐ.എസ്.ഇ. 2009-ൽ 20 പേരുള്ള ആദ്യബാച്ചിനെ വരവേറ്റു. വിവിധ രാജ്യങ്ങളിൽനിന്നുള്ളവർ. എല്ലാവരും പതിനൊന്നു മാസത്തെ പരിശീലനം പൂർത്തിയാക്കി അതതു നാടുകളിലേക്കു മടങ്ങി സാമൂഹികസംരംഭങ്ങൾ വിജയകരമായി തുടങ്ങി. തുടർന്നുള്ള ഓരോ വർഷവും പുതിയ ബാച്ചുകൾ വന്നുപോകുന്നു.

കൂടുതൽപേരെ പരിശീലിപ്പിക്കാനും അടുത്തടുത്ത ബാച്ചുകളിലുള്ളവർക്ക് ഇടപഴകാൻ അവസരം നല്കാനും ഉദ്ദേശിച്ച 2012 മുതൽ ഭാഗികമായി സമാന്തരമായ രണ്ടു ബാച്ചുകൾ വർഷത്തിന്റെ രണ്ടു ഘട്ടങ്ങളിലായി തുടങ്ങി; ജനുവരിയിലും ജൂലൈയിലും.

അന്ധരും ശാരീരികവൈകല്യങ്ങൾ ഉള്ളവരും വിവിധ സാമൂഹികതിന്മകളുടെയും ദുരന്തങ്ങളുടെയും ഇരകളും ഒക്കെയായ ഇവരുടെ പ്രവർത്തനങ്ങൾ അതീവകൗതുകകരമായ കാഴ്ചയാണ്. കായലിറമ്പിലെ രണ്ടു തെങ്ങുകളിൽ രണ്ടാൾപ്പൊക്കത്തിൽ വലിച്ചുകെട്ടിയ കമ്പിയിലൂടെ, അതിൽ പിടിപ്പിച്ച കപ്പിയിൽ തൂങ്ങി, റോപ്പ് വേ സഞ്ചാരം ആയിരുന്നു എന്റെ സന്ദർശനദിവസത്തെ അവരുടെ അപരാഹ്നപരിപാടി. എല്ലാ പരിമിതികളും മറന്ന്, ലവലേശം പേടിയില്ലാതെ ഓരോരുത്തരും

സെബ്രിയെയും കൂട്ടുകാരനായ പോൾ ക്രോനൻബെർഗും വിദ്യാർത്ഥികളോടൊപ്പം.

ഫാന്റത്തെപ്പോലെ സാഹസികമായി പറന്നിറങ്ങുന്നു. ചിലർ പാതിവഴിക്ക കൈ വിട്ടു ചാടുന്നു. ചിലർ വീഴുന്നു. എല്ലാവരുംചേർന്നു പിടിച്ചെഴുന്നേല്പിക്കുന്നു. കയ്യടിച്ചു പ്രോത്സാഹിപ്പിക്കുന്നു. പരിസരം മറന്നു കൂക്കിവിളിക്കുന്നു. സർവ്വത്ര പൊടിപൂരം!

ഒളിപ്പിച്ചുവച്ച കാണാപ്പൊന്ന് പലയിടങ്ങളിലായി ഒളിപ്പിച്ചുവച്ച പലപല സൂചനകളിലൂടെ തേടിപ്പിടിക്കുന്ന കളി ആയിരുന്നത്രേ തലേന്ന്. അകക്കണ്ണിന്റെ തെളിച്ചത്തിൽ അവർ ആ നിധിവേട്ട വിജയപൂർവ്വം പൂർത്തീകരിച്ചത് സെബ്രിയെ വിവരിച്ചത് വിസ്മയത്തോടെ കേട്ടു.

... എല്ലാവരും എല്ലാം കാണുന്നു! കേൾക്കുന്നു! കൂട്ടായി എല്ലാം ചെയ്യുന്നു! കുറവുകൾ ഇല്ലാത്തവർ എന്നു കരുതുന്നവരുടെ ലോകത്തെക്കാൾ എല്ലാം സമ്പൂർണ്ണം!

കണ്ണിലൊതുങ്ങാത്ത ദർശനം

"എല്ലാം പക്കാ ആയിരുന്നാൽ നമുക്ക പ്രശ്നങ്ങളില്ല. പരിഹാരങ്ങൾ വേണ്ടാ. തലച്ചോർ ഓഫ് ചെയ്തു വയ്ക്കാം. എന്നാൽ പക്കാ അല്ലെങ്കിലോ?" അന്ധയെന്നുതന്നെ തന്നെ വിശേഷിപ്പിക്കണം എന്നു നിഷ്കർഷിക്കുന്ന സെബ്രിയെ ടെൻബേർക്കെൻ തന്റെ വേറിട്ട തത്വശാസ്ത്രം അവതരിപ്പിക്കുകയാണ്.

"നിങ്ങൾ ഇംപെർഫെക്റ്റ് ആണെങ്കിൽ പരിഹാരങ്ങൾ അനിവാര്യമാകും. അതു പുതിയ ശേഷികൾ വികസിപ്പിക്കും. കയ്യില്ലാത്തയാളുടെ ശരീരത്തിന് ആ പരിമിതി മറികടക്കാനുള്ള ശേഷികൾ വളർത്തേണ്ടിവരുമല്ലോ, അതുപോലെ."

"ഞാൻ അന്ധയാണ്; പക്ഷെ, കാഴ്ചാവൈകല്യം ഉള്ളവൾ (visually impaired) അല്ല."—അങ്ങനെ തന്നെപ്പറ്റി പറയുന്നവരോടായി സെബ്രിയെ പറയും. ഉള്ളിലുള്ള വെളിച്ചം മറ്റുള്ളവർക്കുകൂടി കാണിച്ചുകൊടുക്കുന്ന ഈ മഹതിയ്ക്കോ കാഴ്ചാവൈകല്യം!

"കാണുന്നില്ല എന്നതൊഴിച്ചാൽ എനിക്ക് എന്താണു തകരാറ്?"

"അന്ധത വൈകല്യമാണ്, കുറവാണ്, ഇരുട്ടാണ്, ദുരിതമാണ്, അതുള്ളവർ മറ്റുള്ളവരെക്കൾ താണവരാണ്, സഹതാപം വേണ്ടവരാണ്,... അവർ എന്തെങ്കിലും കഴിവു പ്രകടിപ്പിച്ചാൽ അത് അത്ഭുതമാണ്. അന്ധ പാടുന്നു! അന്ധ ബുദ്ധിമതിയാണ്! അവൾ അതു ചെയ്യുന്നു! ഇതു ചെയ്യുന്നു! ... എന്തേ? അന്ധർക്ക് ഇതൊന്നും ആയിക്കൂടെ?

"അന്ധത തുറക്കുന്ന മഹത്തായ സാദ്ധ്യതകൾ അറിയാത്തതുകൊണ്ടാണത്. ഹോളീവുഡിനും കോളീവുഡിനുമൊന്നും ഞങ്ങളെ തളച്ചിടാനും നശിപ്പിക്കാനും ആകില്ല എന്നതുതന്നെ വലിയ സാദ്ധ്യതയല്ലേ? കണ്ണുണ്ടായിപ്പോയവരുടെ ഒരു ആനുകാലികദുരന്തം!" സെബ്രിയെയുടെ ചിരിക്കും ഒരു ദാർശനികഭാവം.

"കാഴ്ചയുള്ളവരുടെ, പോരടിക്കുന്നവരുടെ, ഈ ലോകത്ത് നിമിഷംപ്രതി കുറവുകളെ അതിജീവിക്കുന്ന ഞങ്ങൾക്കു പ്രശ്നപരിഹാരത്തിനുള്ള മഹത്തായ സിദ്ധികളില്ലേ, ശേഷികളില്ലേ? ആശയവിനിമയത്തിനുള്ള വ്യത്യസ്തമികവുകളില്ലേ? ഈ ലോകത്തെയാകെ സങ്കല്പത്തിൽ കാണാനുള്ള അപാരസാദ്ധ്യത ഞങ്ങൾക്കില്ലേ? സങ്കല്പവും ദർശനവും യാഥാസ്ഥിതികത്വത്തിനെതിരെ നീങ്ങാൻ പ്രാപ്തി നല്കുന്നു. എന്തെന്തു സാദ്ധ്യതകളാണ് ഇവയെല്ലാം അന്ധർക്കു പകരുന്നത്!"

ഇടത്തുനിന്ന്: പാഴായ പ്ലാസ്റ്റിക് കുപ്പികൾകൊണ്ട് ഉണ്ടാക്കിയ, ചങ്ങാടമായും ഉപയോഗിക്കാവുന്ന ബോട്ട് ജെട്ടി; വൈദ്യുതി ഉത്പാദിപ്പിക്കാൻ ശ്യാം നിർമ്മിച്ച കാറ്റാടിയന്ത്രം.

തിളയ്ക്കുന്ന ആവേശം അവരെ വാചാലയാക്കുന്നു. "ഇത്തരം ശേഷിക്കുറവുകൾ മറികടക്കാനുള്ള പുതിയ വഴികൾ—പൊരുത്തപ്പെടാനുള്ള മികവ്—വികസിപ്പിക്കാനുള്ള കഴിവു ശരീരത്തിനുണ്ട്. ഇല്ലായ്മകൾക്കിടയിൽനിന്നു പ്രവർത്തിച്ചു നേട്ടമുണ്ടാക്കാനുള്ള കഴിവാണു മികച്ച സംഘാടകർക്കു വേണ്ടത്. അതാണു നേതൃഗുണം." ഇങ്ങനെയെല്ലാം ഉള്ളവർക്കാണു പ്രസാദാത്മകമായി ചിന്തിക്കാനും സ്വപ്നം കാണാനും കഴിയുക എന്ന് ഇവർ പറയുന്നു.

"അങ്ങനെയുള്ളവരെയാണു ഞങ്ങൾക്കു വേണ്ടത്." സെബ്രിയെ കൂട്ടിച്ചേർക്കുന്നു. "വലിയ സ്വപ്നങ്ങൾ, നിറപ്പൊലിമയാർന്ന സ്വപ്നങ്ങൾ, കാണാൻ കഴിയുന്ന ആർക്കും സ്വാഗതം!"

വിമാനക്കൂലിയും പരീക്ഷ

അങ്ങനെയുള്ളവരെയാണു 'കാന്താരി' തെരഞ്ഞെടുക്കുന്നത്. അതിനു കൃത്യമായ മാർഗ്ഗങ്ങളും മാനദണ്ഡങ്ങളുമുണ്ട്.

"അവർ എന്തിന്റെ ഇരയാണ്? എത്ര വലിയതാണ് അവരുടെ ദുരന്തം? അതിനെ എങ്ങനെ അതിജീവിച്ചു? അവരുടെ ശേഷികൾ എന്തൊക്കെ? കൂട്ടത്തിലുള്ളവരുമായി അവർ എങ്ങനെ സംവദിക്കുന്നു? ഇടപാടുകൾ നടത്താനും പ്രശ്നങ്ങൾ പരിഹരിക്കാനും കഴിവ് എങ്ങനെ? നൂതനാശയങ്ങൾക്കു രൂപം കൊടുക്കാനുള്ള മിടുക്ക്? മാറ്റത്തിനുള്ള അഭിവാഞ്ഛ?... ഇങ്ങനെയുള്ള ഒരുപിടി കാര്യങ്ങൾ വിലയിരുത്തിയാണു തെരെഞ്ഞെടുക്കൽ.

"ഔപചാരികവിദ്യാഭ്യാസയോഗ്യത മാനദണ്ഡമേ അല്ല. വായിക്കാനും എഴുതാനും അറിയണം. അടിസ്ഥാനഗണിതവും അറിയണം. ഇംഗ്ലീഷിലുള്ള അപേക്ഷാഫോം പൂരിപ്പിച്ച് ഇ-മെയിൽ അയയ്ക്കാനുള്ള ആശയവിനിമയശേഷി ഉണ്ടായിരിക്കണം. അത്രമാത്രം." സെബ്രിയെ വിശദീകരിക്കുന്നു.

"പരിശീലനം കഴിഞ്ഞാൽ എന്താണു നിങ്ങൾ നേടാൻ ഉദ്ദേശിക്കുന്ന ഏറ്റവും വലിയ ലക്ഷ്യം?—അതാണു ചോദ്യം. അതാണ് അടിസ്ഥാനമാനദണ്ഡം. കാരണം, പ്രചോദിതയായ ഒരാളെ പഠിപ്പിച്ചെടുക്കാൻ എളുപ്പമാണ്. മറിച്ച്, വിദ്യാഭ്യാസം നേടിയ ഒരാളെ പ്രചോദിപ്പിക്കുക എളുപ്പമല്ല." സെബ്രിയെ അതിന്റെ യുക്തി വ്യക്തമാക്കി.

എന്നുവച്ചാൽ, തനി കാന്താരികളെയാണു വേണ്ടത്. ഒന്നാന്തരം എരിവൻ കാന്താരികളെ. കാന്താരിക്ക് ആ പേരുവന്നത് അതു മുളകിന്റെ വന്യസ്വഭാവം പുലർ

ത്തുന്നതുകൊണ്ടാകാം. കാന്താരം എന്നാൽ വനം ആണല്ലോ. കാന്താരി വനത്തിലുള്ളവളും. മുളകിന്റെ കാടൻവർഗ്ഗം. നാഗരികസംസ്കാരത്തിന്റെ അയവുകളും വിട്ടുവീഴ്ചകളും മയപ്പെടലുകളും നാട്യങ്ങളും ജാടകളും കാപട്യങ്ങളും പ്രകടനപരതയും ഒന്നുമില്ലാത്ത തനി കാടൻതനിമ. അവർക്കാണു മാറ്റങ്ങൾക്കുള്ള വീറുണ്ടാവുക.

ഇത്തരക്കാരെ കിട്ടാനുള്ള തെരഞ്ഞെടുക്കലിന്റെ രീതിയും സെബ്രിയെ പറഞ്ഞുതന്നു: “ഞങ്ങൾ അവർക്കുമുന്നിൽ ചില ചോദ്യങ്ങൾ വയ്ക്കും. ഇപ്പോൾ നിങ്ങൾ എന്തുകൊണ്ടു വരുന്നു? എന്താണു നിങ്ങളുടെ പദ്ധതി? ആ പദ്ധതിക്കു സുസ്ഥിരവളർച്ച എങ്ങനെ സാദ്ധ്യമാക്കും? പണം എങ്ങനെ കണ്ടെത്തും?

“ഇതിനൊപ്പം ഒരു കേസ് സ്റ്റഡി കൂടിയുണ്ട്, ഒരു പ്രശ്നം എങ്ങനെ നേരിടും എന്നതിന്. വിമാനടിക്കറ്റിനുള്ള പണം സ്വയം കണ്ടെത്തുക എന്നതാണത്. കണ്ടെത്തൽശേഷി ഇതിലൂടെ അറിയാം. ഒപ്പം, എത്ര അഭിനിവേശം ഉണ്ട് എന്നതും. അവർ എത്തിയാലുടൻ ഈ പണം മടക്കിനല്കും എന്നതു വേറെ കാര്യം.

“ഇവിടുത്തെ പരിശീലനവും പലതരത്തിൽ വ്യത്യസ്തമാണ്. എല്ലാം എല്ലാവരും സ്വയം പഠിക്കുന്നു. ഒക്കെ പരീക്ഷിച്ചുനോക്കി പിശകുകൾ തിരുത്താനും ആത്മവിശ്വാസം നേടാനുമെല്ലാം അവസരം നല്കുന്നതാണ് ഈ പരിശീലനം. പഠിപ്പിക്കാൻ പക്ഷെ, ഇവിടെ അദ്ധ്യാപകരില്ല; വിദ്യാർത്ഥികളും. പങ്കാളികളും ഉൽപ്രേരകരും (catalysts) മാത്രം. സിലബസെന്നും മറ്റുമുള്ള സാങ്കേതികപദാവലികൾപോലും പടിക്കു പുറത്ത്.” ഇവിടുത്തെ സമ്പ്രദായങ്ങൾ ഇങ്ങനെയൊക്കെ ആയതിനു കാരണം ഇതു നടത്തുന്നയാളിന്റെ പ്രത്യേകതതന്നെ.

സംരംഭകത്വത്തിന്റെ സാമൂഹികമുഖം

സംരംഭകത്വം എന്നാൽ പണമുണ്ടാക്കാനുള്ള ഏർപ്പാട് എന്നാണു പലരുടെയും ധാരണ. സമൂഹത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവ നിറവേറ്റാനുള്ള സാധനങ്ങളോ സേവനങ്ങളോ ആവിഷ്കരിച്ച് ആവശ്യക്കാർക്കു സ്വീകാര്യമായ വിലയ്ക്കു ലഭ്യമാക്കുക എന്നതാണു സാധാരണസംരംഭകത്വം. എന്തെങ്കിലുമൊക്കെ കണ്ടുപിടിച്ച് അതിന് ആവശ്യം കൃത്രിമമായി സൃഷ്ടിച്ച് മനുഷ്യരെ അതിൽ വീഴ്ത്തി കച്ചവടമടിക്കുന്നത് കോർപ്പറേറ്റ് സംരംഭകത്വവും. എന്നാൽ ഇവിടെ അതും മാറുന്നു. ഇവരുടെ കാഴ്ചപ്പാടിൽ അതിനപ്പുറം വലിയൊരു സാമൂഹികധർമ്മം അതിനുണ്ട്. അത്തരമൊരു സവിശേഷധർമ്മം നിർവ്വഹിക്കുന്ന സാമൂഹികസംരംഭകത്വം (Social Entrepreneurship) എന്ന ആശയം നമ്മെ പഠിപ്പിക്കുകയാണ് സെബ്രിയെ ടെൻബേർക്കെനും പോൾ ക്രോനൻബെർഗും കാന്താരിയും.

“അന്ധർ ഊന്നിനടക്കുന്ന പ്രത്യേകതരം വടിക്ക് 120 യൂറോയാണ് (അഭിമുഖം നടത്തിയ 2011-ൽ) യൂറോപ്പിൽ വില. അത് ഇറക്കുമതിചെയ്ത് ഉപയോഗിക്കാൻ എത്ര അന്ധർക്ക് ആകും? ഒരുലക്ഷം രൂപ കൊടുത്ത് അന്ധർക്കുള്ള വീൽചെയർ വാങ്ങാൻ എത്രപേർക്കു കഴിയും? ഇവയൊക്കെ കുറഞ്ഞ ചെലവിൽ നിർമ്മിക്കാൻ കഴിഞ്ഞാലോ? നിരവധിപ്പേർക്ക് അനുഗ്രഹമാകും. വൻതോതിൽ വില്പനസാദ്ധ്യതയും ഉണ്ട്. ഇവിടെ സംരംഭകത്വം സാമൂഹികമാനം കൈവരിക്കുന്നു.”

സംരംഭകരംഗത്തെ വേറിട്ട വഴിയാണു പോൾ തുറന്നുകാട്ടുന്നത്. മേല്പറഞ്ഞ ഉപകരണങ്ങൾ തുച്ഛമായവിലയ്ക്കു ലഭ്യമാക്കാവുന്ന നിർമ്മാണവിദ്യയും രൂപകല്പന

യും നിർവ്വഹിച്ചിട്ടുണ്ട് പോൾ. വൈകല്യങ്ങൾ ഉള്ളവർക്കുവേണ്ടി മാത്രമല്ല, ഒറ്റപ്പെട്ടവർ, ദുരിതം അനുഭവിക്കുന്നവർ, ദുരന്തങ്ങളുടെയും മഹാരോഗങ്ങളുടെയും ഇരകൾ എന്നിവർക്കൊക്കെ വേണ്ടിയും മറ്റു വിവിധ സാമൂഹികപ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങളായും സാമൂഹികസംരംഭങ്ങൾ വികസിപ്പിക്കാനാകും. ആ മഹാലക്ഷ്യമാണു കാന്താരിയുടെ ജീവധാര.

നെബുലായിലെ വിശേഷങ്ങൾ

"ഈ കൊടി കണ്ടിട്ടുണ്ടോ? ഏതു രാജ്യത്തിന്റെ ആണെന്ന് അറിയാമോ?" ചുവരിൽ ഒട്ടിച്ച ഒരു പതാക കാട്ടി പോൾ ചോദിച്ചു.

ഉത്തരം പറയാനാകാതെ ഞാൻ കുഴങ്ങുമ്പോൾ പോൾതന്നെ പറഞ്ഞുതന്നു: "നെബുലായ്."

അങ്ങനെ ഒരു രാജ്യം കേട്ടിട്ടില്ലാത്തതിനാൽ അല്പമൊരു ജാള്യത്തോടെ തലകുലുക്കി. വിഷമം മനസിലാക്കി പോൾ ചിരിച്ചു. എന്നിട്ടു പറഞ്ഞു: "വിഷമിക്കേണ്ടാ. അങ്ങനെയൊരു രാജ്യം ഭൂമിയിലില്ല. ഇത് ഒരു സാങ്കല്പികരാജ്യമാണ്. ഈ രാജ്യത്തെ സാങ്കല്പികപ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടാണു ഞങ്ങൾ സാമൂഹികസംരംഭകത്വത്തിനു തുടക്കം കുറിക്കുന്നത്.

അതിന്റെ കഥ സെബ്രിയെ വിവരിച്ചു: "ഈ പേരും കൊടിയുമൊക്കെ പുതിയ ബാച്ചുകാർ നിശ്ചയിച്ചതാണ്. റ്റാൻസലേഷ്യ എന്നായിരുന്നു 2009-ലെ ബാച്ചുകാരുടെ സങ്കല്പരാജ്യത്തിന്റെ പേര്. ആ പ്രവർത്തനം കഴിഞ്ഞ് ആ ബാച്ചുകാരെ 2010-ൽ മലൈക്കാദ്വീപിൽ കൊണ്ടുപോയി. സാങ്കല്പികദ്വീപിന്റെ തനിപ്പകർപ്പ്! അവർ പരിഹരിച്ച അതേതരം പ്രശ്നങ്ങൾ!

"ഓരോ ബാച്ചും ഇങ്ങനെ ഓരോ രാജ്യം ഉണ്ടാക്കും. അതിന്റെ സ്ഥാനം, ഭൂപ്രകൃതി, പരിസ്ഥിതി, ജനവിഭാഗങ്ങൾ, വിഭവങ്ങൾ, പരിമിതികൾ, പ്രശ്നങ്ങൾ, അനുകൂലഘടകങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ ഒക്കെ അവർ നിശ്ചയിക്കും. അതിന്റെ അടിസ്ഥാനത്തിൽ ഓരോ ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ വിഭാഗങ്ങളുടെ പ്രശ്നങ്ങൾ വിശദമായി പഠിച്ചു പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നു.

"ഓരോ ടീമും 10 ആഴ്ചത്തെ കേസ് സ്റ്റഡി നടത്തിയാണു പ്രൊജക്റ്റ് ഉണ്ടാക്കുന്നത്. പ്രൊജക്റ്റ് എന്നാൽ സമ്പൂർണ്ണപ്രൊജക്റ്റ്. പദ്ധതിയുടെ സാമ്പത്തികവശം, അതിനുള്ള സ്രോതസുകൾ, മറ്റു സഹായങ്ങൾ ലഭിക്കാവുന്ന സ്ഥാപനങ്ങളും സംഘടനകളും, നടത്തിപ്പുസംവിധാനം, പ്രവർത്തനരീതി, ലക്ഷ്യവും സാക്ഷാത്ക്കാരവും എല്ലാമുള്ള എഴുതിത്തയാറാക്കിയ സമഗ്രമായ പ്രോജക്റ്റ്. ഇതാണ് ഇവിടുത്തെ പരിശീലനനാടകത്തിന്റെ ഒന്നാമങ്കം."

സെബ്രിയെ വീണ്ടും ആ വർഷത്തെ ബാച്ചിന്റെ കാര്യത്തിലേക്കു വന്നു: "നെബുലായിൽ നാലു ജില്ലകൾ. നിശബ്ദസുന്ദരമായ പ്രകൃതി. ധാരാളം വിനോദസഞ്ചാരികൾ വരും. പക്ഷെ അതുകൊണ്ടുതന്നെ രണ്ടു ഗുരുതരപ്രശ്നങ്ങൾ നെബുലായെ ബാധിച്ചിരിക്കുന്നു. എച്ച്.ഐ.വി.യും ബാലലൈംഗികപീഡനവും. പെറുവിൽനിന്നു വന്ന ബിയാട്രീസ് ഏറ്റെടുത്തത് കുട്ടികളുടെ കാര്യമാണ്. 'ബാലപീഡനം വേണ്ടാ' (SAY NO TO CHILD ABUSE) എന്ന പേരിൽ ഒരു പ്രൊജക്റ്റ് അവളുടെ സംഘം തയാറാക്കി. 'അവരെ ബാല്യം ആസ്വദിക്കാൻ വിടൂ' എന്നതാണു സന്ദേശം.

“സിംബാവേകാരൻ റ്റാവൻഡ്രാ തെരുവുകുട്ടികൾക്കായി മറ്റൊരു പ്രൊജക്റ്റ് ഉണ്ടാക്കി. എയിഡ്സ് ബാധിച്ചവരുടെ അനാഥരും എച്ച്.ഐ.വി. ബാധിതരുമായ കുട്ടികൾക്കായി മറ്റൊന്ന്. ഇനിയൊന്ന് ലൈംഗികത്തൊഴിലിലേക്ക് ആളുകൾ പോകുന്നതു തടയാനും ഉപജീവനവും സ്വയംപര്യാപ്തിയും പ്രദാനം ചെയ്യാനുമുള്ള ജൈവകൃഷിപ്പരിപാടി. ഇതിനൊക്കെ പുറമെ, നെബുലായിലെ ‘ലോർഡ് ബബ്യൂ’ തടാകക്കരയിൽ ആ രാജ്യത്തിന്റെ ആണ്ടുതോറുമുള്ള സാംസ്കാരികോത്സവവും ഇവർ സംഘടിപ്പിച്ചു! വെള്ളായണിക്കായൽ ഇവർക്കു ബബ്യൂ തടാകമായി! അതിരുകളില്ലാത്ത സങ്കല്പം!!

“ഇതൊക്കെ വളരെ ഗൗരവത്തോടെയാണു നടത്തുന്നത്. പ്രശ്നങ്ങൾ സംബന്ധിച്ച പഠനം നടത്തുന്നതൊക്കെ കേരളത്തിലും തമിഴ്നാട്ടിലുമാണ്. എല്ലാത്തിനും നിരന്തരപരിശോധനയും തിരുത്തലും ഒക്കെയുണ്ട്. സർക്കാരിലെ പ്രമുഖരും സാമൂഹികസംരംഭകരും പ്രാദേശികകമ്പനികളുടെ സി.ഇ.ഒ.മാരും വ്യവസായികളും ഒക്കെയുള്ള ജൂറിയാണു പ്രൊജക്റ്റ് വിലയിരുത്തുന്നത്.

“എല്ലാം കഴിയുമ്പോഴേക്കും ഓരോരുത്തരും ഒന്നാന്തരം പ്രൊജക്റ്റെഴുത്തുകാർ ആയിട്ടുണ്ടാകും. പിന്നെ അടുത്ത അങ്കമാണ്; യാഥാർത്ഥ്യത്തിന്റെ സാക്ഷാൽ അങ്കത്തട്ടിൽ.”

സംരംഭം ഇവിടെ സംസ്കാരം

“നമ്മുടെ വിപണിയിൽ നിറച്ചും വെളുക്കാനുള്ള ക്രീമുകളാണ്.” സെബ്രിയെ പറയാൻ പോകുന്നത് എന്താണെന്നു മനസിലാകുംമുമ്പ് എന്റെ മനസിലൂടെ ഇങ്ങനെയൊരു ചിന്ത കടന്നുപോയി. വേണ്ടത്ര സൂര്യവെളിച്ചം ഏൽക്കാത്തവരാണു വെളുത്തിരിക്കുന്നത്. ഭൂമദ്ധ്യരേഖാപ്രദേശത്തുള്ളവർ കറുത്തിരിക്കും. ഇതു പ്രകൃതിയുടെ സവിശേഷതയാണ്. വെയിലിന്റെ കുറവു നികത്താൻ സൺ ബാത്ത് എന്ന പേരിൽ വെയിൽ കൊള്ളുന്നവരാണു വെളുത്തവർഗ്ഗക്കാർ. അപ്പോഴാണു മിതോഷ്ണമേഖലയ്ക്കിണങ്ങുന്ന നിറമുള്ള ഇന്ത്യക്കാർ വെളുക്കാൻ തേക്കുന്നത്!

സെബ്രിയെ പറയാൻ ഉദ്ദേശിച്ചതും ഇതുതന്നെ. “ഓരോ സമൂഹത്തിനും ഓരോ സൗന്ദര്യസങ്കല്പമുണ്ട്, അതതുസംസ്കാരവുമായി ബന്ധപ്പെട്ടത്. അതിന്റെ നിഷേധമാണു നിറംകൂട്ടൽഭ്രമം. സ്വന്തം വംശത്തെപ്പറ്റിയുള്ള ഒരുതരം അധമബോധം.” കറുപ്പിനേഴഴകാണെന്ന പഴമൊഴി ഓർത്തു.

ഇതായിരുന്നത്രേ കാന്താരിയിലെ ഒരു ബാച്ചിലെ ഒരു ടീമിനെ ചിന്തിപ്പിച്ച വിഷയം. “അവർ ഒരു ക്രീം വികസിപ്പിച്ചു. പേര് ‘ഫെയർ ഇനഫ്’. ഈ ഉത്പന്നം കേവലം ഒരു വില്പനവസ്തുവല്ല; ഒരു സംസ്കാരം, ഒരു ആശയം, പ്രചരിപ്പിക്കാനുള്ള ഉപാധിയാണ്. സൗന്ദര്യത്തിന്റെ പേരിൽ നടക്കുന്ന ഒരു വലിയ ചൂഷണത്തിന് എതിരായ പ്രവർത്തനമാണ്. ‘ഫെയർ ഇനഫ്’ വിപണിയിൽ ഇറക്കി. വേണ്ടത്ര ആവശ്യക്കാരും ഉണ്ടായി.” പരിശീലനത്തിന്റെ ഉത്പന്നങ്ങളിൽ ഒന്നിന്റെ കഥയാണിത്.

പരിശീലനത്തിലൂടെ ആർജ്ജിച്ച വൈഭവങ്ങളും സമ്പ്രദായങ്ങളും പ്രയോഗിച്ചു തിരുവനന്തപുരം ജില്ലയിൽ ഓരോ പ്രൊജക്റ്റ് ഇവർ ആവിഷ്കരിച്ചു നടപ്പിലാക്കും.

അവയുടെ സ്വഭാവവും സെബ്രിയെ പറഞ്ഞുതന്നു: “അന്ധർക്കായുള്ള ഒരു സ്കൂൾ, ഭിന്നശേഷികളുള്ളവരുടെ സഹായത്തിനുള്ള ഉപകരണങ്ങളും സോഫ്റ്റ്വെയറുകളും കുറഞ്ഞ ചെലവിലും ഉയർന്ന ഗുണനിലവാരത്തിലും വികസിപ്പിക്കാനും നിർമ്മിക്കാനുമുള്ള സെന്റർ ഓഫ് സോഷ്യൽ ഇന്നവേഷൻ എന്ന സ്ഥാപനം, വെള്ളായണിയിലും ചുറ്റുപാടും ഉള്ളവരുടെ ആവശ്യങ്ങളായ, സംസാരത്തിനുള്ള ഇംഗ്ലിഷും കായികവിനോദങ്ങളും കുട്ടികളെ പരിശീലിപ്പിക്കൽ, പാഴ്വസ്തുപരിപാലനത്തിലും പാരിസ്ഥിതികപരിരക്ഷയിലും ശേഷി വളർത്തൽ എന്നിവ ഇത്തരത്തിൽ നടപ്പാക്കിയ പദ്ധതികളാണ്.

“ഈ കർമ്മപരിപാടികളും പുറത്തുനിന്നുള്ള ഒരു ജൂറി വിലയിരുത്തും. പുറത്തുള്ള ഒരു കേന്ദ്രത്തിൽ ഇവർ ഇതു സംബന്ധിച്ച അവതരണവും നടത്തണം. മറ്റുള്ളവർക്കുമുന്നിൽ കാര്യങ്ങൾ അവതരിപ്പിക്കാനും ഫലപ്രദമായി ആശയവിനിമയം നടത്താനും ഉള്ള ശേഷിയും ഇതിലൂടെ ഇവർ കൈവരിക്കുന്നു.”

“ഇന്ത്യയിലെയോ നേപ്പാളിലെയോ പ്രമുഖ സർക്കാരിതരസംഘടനകളിലോ കോർപ്പറേറ്റ് സ്ഥാപനത്തിലോ ആണു നാലാമങ്കം. ഇയാൾക്കു രണ്ടുമാസംകൊണ്ട് നടപ്പാക്കാൻ കഴിയുന്ന ഒരു പ്രൊജക്റ്റ് ആ സ്ഥാപനം നിർദ്ദേശിക്കണം. അത് ബോധവത്ക്കരണപരിപാടിയോ ഒരു പരിപാടിയും കരിക്കുലവും വികസിപ്പിക്കലോ ആവശ്യങ്ങൾ കണ്ടെത്താനുള്ള പഠനമോ ധനം കണ്ടെത്തലോ അടക്കം സംരംഭനടത്തിപ്പുമായി ബന്ധപ്പെട്ട എന്തുമാകാം.”

“അപരിചിതമായ ചുറ്റുപാടിൽ സ്വന്തം സ്ഥാനം കണ്ടെത്തുക, സ്വന്തം കരുത്തും പരിമിതികളും മെച്ചപ്പെടേണ്ട മേഖലകളും തിരിച്ചറിയുക, ഒരു പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം പരിചയിക്കുക എന്നിവയാണ് ഈ അങ്കത്തിന്റെ ഉദ്ദേശ്യങ്ങൾ.”

സാക്ഷാൽ അങ്കം

വെള്ളത്തിൽ കിടന്നുതന്നെ നീന്തൽ പഠിച്ച ഇവരെ ഇനി ഏതു കടലിലും കൊണ്ടിടാം. നീന്തി കരപിടിച്ചോളും. സ്വന്തം സ്വപ്നപദ്ധതിക്ക് ഇനി അന്തിമരൂപം കൊടുക്കാം. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പുതിയ പദ്ധതി ആവിഷ്ക്കരിക്കാം. അതിനുള്ള ഘട്ടമാണ് അടുത്തത്. കഴിയുമെങ്കിൽ സ്ഥാപനം രജിസ്റ്റർ ചെയ്യുകയുമാകാം.

ഇടത്തുനിന്ന്: കാന്താരിയിലെ വിദ്യാർത്ഥികളും ജീവനക്കാരും മറ്റും; 2009-10 കാലത്തെ കാന്താരിയിലെ ഒരു ബാച്ച് വിദ്യാർത്ഥികൾ.

സാമ്പത്തികമായോ നിയമപരമായോ തങ്ങളെ സഹായിക്കാൻ കഴിയുന്നവരെയും ഈ ഘട്ടത്തിൽ കണ്ടെത്തണം. ഒപ്പം ഒരു നല്ല ടീമിനെയും.

സെബ്രിയെ തുടരുന്നു: "ഈ ഘട്ടത്തിൽ ഒരു രാജ്യാന്തരജ്ഞൂറിതന്നെ എത്തും ഇവരുടെ പദ്ധതികൾ വിലയിരുത്താൻ. ഓരോരുത്തരും 15 മിനുട്ടുവീതം എടുത്ത് ഇവർക്കുമുമ്പിൽ ഏറ്റവും ഫലപ്രദമായി പദ്ധതി അവതരിപ്പിക്കണം. ഏറ്റവും മികച്ച പ്രൊജക്റ്റുകൾക്ക രണ്ടു ഗ്രാന്റുകൾ ലഭിക്കും. ഇവരുടെ വിലയിരുത്തൽ മറ്റു ധനസഹായങ്ങൾക്കും ആധാരമാകം."

"ഇവർക്കെല്ലാം കേന്ദ്രീകൃതമായി ധനസഹായം ലഭ്യമാക്കാനുള്ള സംവിധാനവും ഞങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. കെ.പി.എം.ജി.യും ലോയ്ഡ്സും പോലുള്ള അന്താരാഷ്ട്രയേജൻസികൾ ഇവരുടെ പ്രൊജക്റ്റുകൾ പരിശോധിച്ച് അംഗീകാരം നല്കുകയും അതനുസരിച്ച വിവിധ ധനകാര്യയേജൻസികളും സാമൂഹികോത്തരവാദിത്വപരിപാടികൾ (CSR) നടപ്പാക്കുന്ന കോർപ്പറേറ്റുകളും ഇവരുടെ പദ്ധതികൾക്ക ധനസഹായം നല്കുകയും ചെയ്യും."

"നിങ്ങൾ നൈജീരിയയിലാണെങ്കിൽ ഞങ്ങളുടെയോ ഈ സ്ഥാപനങ്ങളുടെയോ പ്രതിനിധി നിങ്ങളെ വന്നുകാണും." സെബ്രിയെ വിശദീകരിച്ചു. "തുടക്കത്തിൽ മുടക്കാനുള്ള പണത്തിനാണല്ലോ എല്ലാവരും ബുദ്ധിമുട്ടുന്നത്. ആ പ്രശ്നം ഞങ്ങൾ പരിഹരിക്കുന്നു. ഓരോരുത്തരെയും ഓരോ സ്ഥാപനവുമായി ബന്ധിപ്പിച്ചുകൊടുക്കും. അല്ലെങ്കിൽ സംബാവെ പോലെ ആളുകൾ പട്ടിണികൊണ്ടു മരിക്കുന്ന രാജ്യങ്ങളിലൊന്നും സംരംഭം തുടങ്ങാനാവില്ല. അവിടെ സംരംഭകരുടെ താത്പര്യവും വിശ്വാസ്യതയും മാത്രമേ നോക്കാറുള്ളൂ.

"ഇവയുടെ ഓഡിറ്റിനും സംവിധാനമുണ്ട്. എല്ലാം തികഞ്ഞ യാഥാർത്ഥ്യബോധത്തോടെ മാത്രം. മൂന്നു മാസം കഴിയുമ്പോൾ സമ്പൂർണ്ണ ഓഡിറ്റിങ് നടത്തും, തികച്ചും പ്രൊഫഷണലായി. കുറവുകൾ പരിഹരിച്ചു മെച്ചപ്പെടുത്താനാണിത്. അല്ലാതെ കുറ്റം കണ്ടുപിടിച്ചു ശിക്ഷിക്കാനല്ല." എല്ലാം നമുക്ക മാതൃകയാക്കാവുന്ന പാഠങ്ങൾ.

അങ്ങനെ സുവ്യക്തമായ കാഴ്ചപ്പാടും ശാസ്ത്രീയമായ പരിശീലനവും ഫലപ്രദമായ തുടർപ്രവർത്തനവും എല്ലാമായി കാന്താരി വാർത്തെടുക്കുന്ന വ്യത്യസ്തരായ സാമൂഹികസംരംഭകർ ലോകമാകെ പുതിയൊരു സംരംഭമാതൃകയുടെ ശൃംഖല തീർത്തുകൊണ്ടിരിക്കുന്നു. മാറ്റത്തിന്റെ ശൃംഖലാപ്രതിപ്രവർത്തനത്തിന്റെ തുടക്കമായി ഇങ്ങു കേരളത്തിൽ ഒരു മാതൃകാസ്ഥാപനം നാളെ ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമാകാൻ വെമ്പൽകൊള്ളുന്നു. മലയാളിയുടെ സംരംഭകത്വത്തിനും ഇവിടെനിന്ന് ഒരുപാട് ഊർജ്ജം നേടാനുണ്ട്.

സ്വപ്നങ്ങളുടെ വിതഭൂമി

ഇതിനെല്ലാം തയ്യാറായി സ്വയംപ്രചോദിതരായി വന്ന അന്നത്തെ കൂട്ടരെയും (2011 ബാച്ച്) പരിചയപ്പെട്ടു. എല്ലുകൾക്ക സാരമായ രോഗം ബാധിച്ച ചൈനക്കാരി ഡ്രോൾമ ലാസോൺ, സെബ്രിയെയുടെ രാജ്യക്കാരിയും അന്ധയുമായ ആൻജപവാൻ സെല്ലർ, ഭാഗികാന്ധത ബാധിച്ച സാംബിയ സ്വദേശി അലായ് ജയിത്ത്,

കണ്ണിനു വൈകല്യമുള്ള ലിത്വാനിയക്കാരൻ റുക്സ്റ്റാർ, തളർവാതം ബാധിച്ച തമിഴ് യുവാവ് രാജ,... 13 രാജ്യക്കാരായ 17 പേർ.

അന്ധരെ ഫാഷൻ ഡിസൈനിങ് പരിശീലിപ്പിക്കാനാണ് ഫലസ്തീൻകാരിയായ അന്ധയുവതി തഹീർ അൽ ബത്രാൻ ഒരുങ്ങുന്നത്! ഇതിനുള്ള പരിശീലന കേന്ദ്രം ജന്മനാട്ടിൽ തുടങ്ങണം. ലിബിയയിൽ മടങ്ങിയെത്തിയാൽ സാമൂഹിക ലക്ഷ്യത്തോടെ ഒരു റേഡിയോ നിലയം തുടങ്ങുകയാണ നെൽസൺ കാർഡോവിന്റെ ലക്ഷ്യം. പെറു സ്വദേശി ബിയാട്രിക് ക്വിസ്പ് കരാൻസയുടെ സ്വപ്നമാകട്ടെ, സഞ്ചരിക്കുന്ന അന്ധവിദ്യാലയമാണ്. ഘാനയിലെ തടവുകാരെ വിവിധ വൈദഗ്ദ്ധ്യങ്ങളുള്ളവരാക്കി മികവിന്റെ അംബാസഡർമാർ ആക്കുന്നതടക്കം അങ്ങനെയങ്ങനെ വൈവിദ്ധ്യമാർന്ന സംരംഭാശയങ്ങൾ.

സെബ്രിയെ അഭിമാനപൂർവ്വം പറയുന്നു: "പരിശീലനം കഴിഞ്ഞു പോകുന്നവരൊക്കെ ഇങ്ങനെയുള്ള സംരംഭങ്ങൾ ലോകത്തിന്റെ ഓരോ കോണിലും സംഘടിപ്പിക്കുകയാണ്. വൈകല്യങ്ങളുള്ള കുട്ടികൾക്കും വൃദ്ധർക്കുംവേണ്ടി മേഘാലയത്തിൽ ഒരു സ്ഥാപനം ഒരുക്കുകയാണ പിൻഹോ. തൊലിപ്പുറം വെളുക്കുന്ന അൽബിനോ എന്ന രോഗം ബാധിച്ചവർ മാന്ത്രികശക്തിയുള്ളവരാണെന്നും ഇങ്ങനെ ജനിക്കുന്നവർ ദുരന്തം കൊണ്ടുവരുന്നവരാണെന്നും വിശ്വസിച്ച് അത്തരക്കാരെ കൊന്നൊടുക്കുന്ന കെനിയയിലും ടാൻസാനിയയിലും കിഴക്കനാഫ്രിക്കയിലും അതിനെതിരായ പദ്ധതി നടപ്പാക്കുകയാണ കെനിയക്കാരൻ ജാനെ. സിയറാലിയോണിൽ വിമതപോരാളികൾ പിടിച്ച പടയാളികളാക്കുന്ന കുട്ടികളെ മോചിപ്പിച്ചു ബന്ധുക്കളെ ഏല്പിക്കുന്ന ദൗത്യത്തിലാണ സഹ്ർ. ധാരാളം പേരെ ഈ പ്രസ്ഥാനം ഇതിനകം കുടുംബങ്ങളിൽ എത്തിച്ചുകഴിഞ്ഞു."

... ഇങ്ങനെ എത്രയെത്ര കഥ പറയാനുണ്ട് സെബ്രിയെയ്ക്കും പോളിനും!

കാന്താരിയിൽനിന്ന് 2020 മേയ് വരെ 11 ബാച്ച് വിരിഞ്ഞിറങ്ങി 48 രാജ്യങ്ങളിലേക്കു പറന്നുകഴിഞ്ഞു. ആകെ 226 പേർ. ഇവരുടെ 135-ൽപ്പരം സാമൂഹികസംരംഭങ്ങൾ ആ രാജ്യങ്ങളിൽ ജനതയ്ക്കു താങ്ങും തണലുമായി വളരുന്നു. 50,000-ലേറെപ്പേർ ഇതിനകം ഇവയുടെ ഗുണഭോക്താക്കൾ ആയിട്ടുണ്ട്. സെബ്രിയെയ്ക്കും പോളിനും അഭിമാനം പകരുന്ന ആ കൗതുകക്കഥകളിൽ ചിലത്

ഇടത്തുനിന്ന്: എൻജിനീയർ ശ്യാം വൈദ്യുതി അരിയാട്ടുയന്ത്രത്തിൽ വ്യായാമം ചെയ്യുന്നു; വൈദ്യുതി വേണ്ടാത്ത ജലധാര – ശ്യാമിന്റെ മറ്റൊരു ഉപജ്ഞാനം.

ഈ കോവിഡ് അടച്ചിടൽക്കാലത്ത് അവർ തുടങ്ങിയ 'കൊറോണ ബ്ലോഗി'ൽ (https://www.kanthari.org/coronablog/) കുറിച്ചിട്ടുണ്ട്. അങ്ങനെ അടച്ചിടൽക്കാലവും ലോകത്തേക്കുള്ള തുറപ്പാക്കിമാറ്റി അവർ. ലോകമാകെയുള്ള മാനസസന്തതികളുടെ കോവിഡ്ക്കാലത്തെ അവസ്ഥ ഓരോരുത്തരെയും വിളിച്ച് അന്വേഷിച്ചാണ് ഹൃദ്യമായ കുറിപ്പുകൾ എഴുതിയിരിക്കുന്നത്. ഓരോന്നിലുമുണ്ട് പ്രത്യാശയുടെ കഥകൾ.

നാൾ കഴിയുന്തോറും കഥകൾ സരിത്തും സാഗരവുമായി വളരും. ലോകമൊട്ടുക്കും സാമൂഹികസംരംഭങ്ങളുടെ ശ്രേണി. മാറ്റത്തിന്റെ മുറിയാച്ചങ്ങല. ഒരു പുതിയ സംരംഭസംസ്കാരം. ഗുണഭോക്താക്കളായി അവശതയും ദുരിതവും പീഡനവും അനുഭവിക്കുന്ന ആയിരങ്ങൾ... എല്ലാറ്റിന്റെയും ഇങ്ങേത്തലയ്ക്കൽ മനക്കണ്ണിൽ എല്ലാം കണ്ടു കൃതാർത്ഥയായി ദിവ്യമായ കാഴ്ചയും കഴ്ചപ്പാടുമായി സെബ്രിയെ ടെൻബേർക്കെൻ. സഹായിയായി പോൾ ക്രോനൻബർഗ്ഗം. എല്ലാത്തിനും ഈറ്റില്ലമാകാൻ കഴിഞ്ഞ കേരളവും മനോഹരമായ വെള്ളായണിക്കായലോരവും.

കാന്താരിയുടെ വിലാസം: കാന്താരി, വിവേകാനന്ദ നഗർ, മുകളൂർമൂല, വെള്ളായണി, നേമം പി.ഒ., തിരുവനന്തപുരം 695020
ഫോൺ: +91-471-2395677, +91-471-2391977
വെബ്സൈറ്റ്: https://www.kanthari.org/
ഇ മെയിൽ (ഓഫീസ്): office(at)kanthari.org

മൂലരൂപം പ്രസിദ്ധീകരിച്ചത്:

1. 'ഇരുട്ടിനെന്തൊരു വെളിച്ചം', സമകാലികമലയാളം വാരിക, 2011 ഡിസംബർ 30.
2. 'സംരംഭകത്വത്തിന്റെ സാമൂഹികമുഖം', വ്യവസായകേരളം മാസിക, 2011 നവംബർ 2. □

ജനകീയത ആസൂത്രണം
ചെയ്ത ജീവിതം

2

ജനകീയത ആസൂത്രണം ചെയ്ത ജീവിതം

പ്രവേശിക

ഐസക്ക് ആസ്വദിച്ച അഭിമുഖം

ധനമന്ത്രിയും സി.പി.ഐ. (എം) കേന്ദ്രക്കമ്മിറ്റിയംഗവുമായ ഡോ: റ്റി.എം. തോമസ് ഐസക്ക് എത്രയോകാലമായി നമുക്കെല്ലാം പരിചിതനാണ്. പലരും അദ്ദേഹവുമായി അഭിമുഖം നടത്തിയിട്ടുമുണ്ട്. എങ്കിലും അദ്ദേഹത്തിന്റെ വ്യക്തിജീവിതവും കുടുംബജീവിതവും സൗഹൃദങ്ങളും സ്വകാര്യദുഃഖങ്ങളുമൊന്നും നാം അറിഞ്ഞിരുന്നില്ല. ഇവിടെ അതിലേക്കെല്ലാം മനസു തുറക്കുകയാണ് അദ്ദേഹം. സമരവും മർദ്ദനവും ജയിൽവാസവും വധശ്രമവും ഒക്കെ ഉൾപ്പെട്ട സംഭവബഹുലമായ വിദ്യാർത്ഥിജീവിതത്തിൽ തുടങ്ങി പുരോഹിതനാകാനും പിന്നെ ട്രേഡ് യൂണിയനിസ്റ്റാകാനും പുറപ്പെട്ട് അക്കാദമിഷ്യനും ആസൂത്രണവിദഗ്ധനും അവിടെനിന്നു മന്ത്രിയും ഒക്കെയായ ജീവിതത്തിലെ നാടകീയമായ വഴിത്തിരിവുകളും അതിനു നിദാനമായ ഉറ്റസ്നേഹിതന്റെ അപകടമരണവും കുടുംബകാര്യങ്ങളും സമ്പാദ്യത്തിന്റെ കണക്കുമൊക്കെ അദ്ദേഹം വെളിപ്പെടുത്തുന്നു. ചാരനെന്നുവരെ വിളിക്കപ്പെട്ട അപവാദവിവാദങ്ങളും കേരളവികസനചരിത്രത്തിലെ നാഴികക്കല്ലായ ജനകീയാസൂത്രണവും ഇ.എം.എസ്. അടക്കമുള്ള പ്രമുഖരുമായുള്ള ബന്ധവും പാർട്ടിയിൽ ഇടക്കാലത്തു നിലനിന്ന വിഭാഗീയതയും സ്വന്തം വിപ്ലവസങ്കല്പവുമൊക്കെ സംഭാഷണത്തിൽ കടന്നുവരുന്നു; ഒപ്പം കേരളസമൂഹത്തിന്റെ വിവിധ പ്രശ്നങ്ങളെപ്പറ്റിയുള്ള നിലപാടുകളും. ഡോ: ഐസക്കുതന്നെ സ്വയം ആസ്വദിച്ചു പങ്കുചേർന്നതാണ് പലദിവസങ്ങളിലായി നടത്തിയ ഈ അഭിമുഖം. വാർത്തയ്ക്കുവേണ്ടി കൈരളിക്കാലത്തൊക്കെ ഐസക്കിനെ പലകുറി ഇന്റർവ്യൂ ചെയ്തിട്ടുണ്ടെങ്കിലും അവിസ്മരണീയമായത് *മാതൃഭൂമി ആഴ്ചപ്പതിപ്പി*നുവേണ്ടി നടത്തിയ രണ്ട് അഭിമുഖങ്ങളാണ്. അവ സമന്വയിപ്പിച്ചതാണിത്. അഭിമുഖങ്ങൾക്കുശേഷം മാറ്റംവന്ന കാര്യങ്ങൾ അദ്ദേഹത്തോടു സംസാരിച്ചുതന്നെ മാറ്റി ആനുകാലികമാക്കിയാണ് ഇവിടെ പ്രസിദ്ധീകരിക്കുന്നത്. അതിനാൽ 2021-ലെ അഭിമുഖമായിത്തന്നെ ഇതു വായിക്കാം.

ജനകീയത ആസൂത്രണം ചെയ്ത ജീവിതം

— ഡോ: റ്റി.എം. തോമസ് ഐസക്ക്

'ആലപ്പുഴയിലെ വർഗ്ഗസമരങ്ങൾ' എന്ന മൂന്നു വാല്യമുള്ള ബൃഹദ്ഗ്രന്ഥത്തിന്റെ രചനയിലായിരുന്നു ആദ്യാഭിമുഖത്തിന്റെ വേളയിൽ ഡോ: റ്റി.എം. തോമസ് ഐസക്ക്. അതിനായി ശേഖരിച്ചുവച്ച പുസ്തകങ്ങളുടെയും രേഖകളുടെയും കൂമ്പാരങ്ങൾക്കും വലിച്ചുവാരിയിട്ട നൂറായിരം മറ്റു കടലാസുകൾക്കും സി.പി.ഐ. (എം.) കേന്ദ്രക്കമ്മിറ്റിയംഗത്തിന്റെ വൈവിദ്ധ്യമാർന്ന ജോലിത്തിരക്കുകൾക്കും നടുവിലിരുന്ന് അദ്ദേഹം ദീർഘമായി സംസാരിച്ചു, മനസു തുറന്നുതന്നെ.

മനോജ് കെ. പുതിയവിള: അറിയപ്പെടുന്ന രാഷ്ട്രീയനേതാവ്, അക്കാദമികപണ്ഡിതൻ, സാമ്പത്തികശാസ്ത്രജ്ഞൻ, ആസൂത്രണവിദഗ്ധൻ, കമ്മ്യൂണിസ്റ്റ് ചിന്തകൻ, ഗ്രന്ഥകർത്താവ്, അദ്ധ്യാപകൻ, ജനപ്രതിനിധി, ആക്ടിവിസ്റ്റ്, പരിസ്ഥിതിവാദി, ഗ്രാമതല ആസൂത്രകൻ, വിവാദപുരുഷൻ,... ഡോ. റ്റി.എം. തോമസ് ഐസക്ക് എന്ന താങ്കൾ പലർക്കും പലതാണ്. അടിസ്ഥാനപരമായി താങ്കൾ ആരാണ്?

ഡോ: റ്റി.എം. തോമസ് ഐസക്ക്: ഇതെല്ലാം ചേർന്നതാണു ഞാൻ.

മനോജ്: എങ്കിലും ഇതിൽ ഏറ്റവും ഇഷ്ടപ്പെടുന്ന അംശം? പ്രതിച്ഛായ?

ഐസക്ക്: ഇക്കരെ നിൽക്കുമ്പോൾ അക്കരെപ്പച്ച എന്നതുപോലെയാണത്. പ്രായോഗികപ്രവർത്തനങ്ങളിൽ പൂർണ്ണമായി മുഴുകുമ്പോൾ വായിക്കാനും പഠിക്കാനും നേരം കിട്ടാത്തതിൽ സങ്കടം തോന്നും. പഠിക്കുന്ന കാലത്തു മുഴുവൻ സമയരാഷ്ട്രീയത്തിൽ മുഴുകാൻ കഴിയാത്തതിൽ ആയിരുന്നു സങ്കടം. ഈ സംഘർഷവും അസ്വസ്ഥതയും പൊതുവേ ഉണ്ട്. എല്ലാത്തിലും കൈ വച്ച് ഒന്നിലും ആഴത്തിൽ കടക്കാൻ കഴിയാതെ പോകുന്നുണ്ടോ എന്ന ആശങ്കയും ഉണ്ട്. അതുകൊണ്ട്, സമയമില്ലെങ്കിലും നിർബ്ബന്ധപൂർവ്വം വർഷത്തിൽ ഒരു അക്കാദമിക് പ്രബന്ധമെങ്കിലും എഴുതാൻ ഇപ്പോഴും ശ്രമിക്കാറുണ്ട്. 'ആലപ്പുഴയിലെ വർഗ്ഗസമരങ്ങൾ' എന്ന പുതിയ ഗ്രന്ഥത്തിന് ഇംഗ്ലീഷ് അക്കാദമിക് പതിപ്പു തയാറാക്കണം.

മനോജ്: താങ്കൾക്ക ധാരാളം സുഹൃത്തുക്കൾ ഉണ്ടെങ്കിലും വിട്ടുപിരിയാത്ത സുഹൃത്ത് വിവാദം ആണെന്ന തോന്നുന്നു. ഇതാകട്ടെ, അക്കാദമികപ്രവർത്തനങ്ങളും പഠനവും ഒക്കെയായി നടക്കുന്ന താങ്കളുടെ പ്രകൃതത്തിനു തീരെ ഇണങ്ങുന്നുമില്ല. എന്നിട്ടും ഇത് എങ്ങനെ സംഭവിക്കുന്നു?

ഐസക്ക്: വിവാദങ്ങളൊന്നും ഞാൻ ക്ഷണിച്ചുവരുത്തിയതല്ല. ചിലർ ബോധപൂർവ്വം ഉണ്ടാക്കിയതാണ്. പരിചിതമായതിൽനിന്നു വ്യത്യസ്തമായ ശൈലി, രീതി ഒക്കെ കാണുമ്പോൾ ഈ നേതാവെന്താ ഇങ്ങനെ എന്നു ജനങ്ങൾ ചിലപ്പോൾ ചിന്തിക്കുന്നുണ്ടാകും. ഇതു വിവാദങ്ങൾ എളുപ്പമാക്കും. ചാഞ്ഞുകിടക്കുന്ന മരത്തിൽ ഓടിക്കയറാൻ എളുപ്പമാണല്ലോ. ഇത്തരം വിവാദങ്ങൾ പ്രത്യാഘാതമൊന്നും ഉണ്ടാക്കാറില്ലെങ്കിലും അലോസരപ്പെടുത്തും. താത്ക്കാലികവിഷമങ്ങൾ ഉണ്ടാകും. എങ്കിലും ഞാൻ ഇങ്ങനെ സമാധാനിക്കും: ഞാൻ പറയുന്നതും പ്രവർത്തിക്കുന്നതും മാമൂൽ വിട്ടുള്ള കാര്യങ്ങൾ ആയതുകൊണ്ടാണല്ലോ വിവാദം. പക്ഷെ, അതാണല്ലോ മാറ്റത്തിനു വേണ്ടത്.

അറിയപ്പെടാത്ത ഐസക്ക്

മനോജ്: താങ്കൾ ഗവേഷണപഠനവുമായി സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിൽ (സി.ഡി.എസ്.) ചേർന്നതുമുതൽ അവിടത്തെ അദ്ധ്യാപനകാലം അടക്കമുള്ള അക്കാദമിക് കാലം പാർട്ടിക്കു പുറത്തുള്ള പൊതുസമൂഹത്തിന് ഏതാണ്ട് അജ്ഞാതമാണ്. ഇതാകുമോ താങ്കളെപ്പറ്റിയുള്ള ആക്ഷേപങ്ങൾ ചിലരിലെങ്കിലും ആശയക്കുഴപ്പം ഉണ്ടാക്കുന്നത്?

ഐസക്ക്: അത് അജ്ഞാതവാസകാലമൊന്നും ആയിരുന്നില്ല. സി.ഡി.എസിൽ പിഎച്ച്.ഡി. ചെയ്യുമ്പോഴാണു ഞാൻ എസ്.എഫ്.ഐ. സംസ്ഥാനപ്രസിഡന്റ് ആകുന്നത്, 82 – 83 കാലത്ത്.

സി.ഡി.എസിലെ പഠന, അദ്ധ്യാപന കാലഘട്ടത്തിൽ അക്കാദമികപ്രവർത്തനങ്ങളിലാണു കൂടുതൽ കേന്ദ്രീകരിച്ചിരുന്നത് എന്നതു ശരിയാണ്. ആ ഗവേഷണപഠനങ്ങൾക്കു രാഷ്ട്രീയമാനമുണ്ടായിരുന്നു. കേരള സമ്പദ്ഘടന

ഇടത്തുനിന്ന്: ജനകീയാസൂത്രണത്തിന്റെ അവസാനഘട്ടത്തിൽ വികേന്ദ്രീകൃതാസൂത്രണത്തെപ്പറ്റി നടത്തിയ രാജ്യാന്തരസെമിനാറിൽ സംസാരിക്കുന്ന തോമസ് ഐസക്ക്; ജി. എസ്. റ്റി. സംബന്ധിച്ച ദേശീയ എംപവേഡ് കമ്മിറ്റിയോഗത്തിൽ പങ്കെടുക്കുന്ന തോമസ് ഐസക്ക്.

യെക്കുറിച്ചുള്ള പഠനങ്ങൾക്കാണ് ഊന്നൽ നല്കിയത്. ഇതിന്റെ പശ്ചാത്തലത്തിലായിരുന്നു ബദലുകൾക്കായുള്ള അന്വേഷണം. ദിനേശ് ബീഡി പോലുള്ള സഹകരണസംഘങ്ങൾ, കയർപോലുള്ള പരമ്പരാഗതവ്യവസായങ്ങളുടെ പുനഃസംഘാടനം, ഗ്രാമതലവികസനാസൂത്രണം, ആലപ്പുഴയിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ചരിത്രം തുടങ്ങിയവയെല്ലാം രാഷ്ട്രീയമായ സാംഗത്യമുണ്ടായിരുന്നു.

എസ്.എഫ്.ഐ. പ്രസിഡന്റുപദം ഒഴിഞ്ഞശേഷം എ.കെ.ജി. പഠനഗവേഷണകേന്ദ്രത്തിലെ പ്രവർത്തനങ്ങളും പാർട്ടിവിദ്യാഭ്യാസവും മാത്രമായി രാഷ്ട്രീയപ്രവർത്തനം ഒതുങ്ങി. വായനയ്ക്കും പഠനത്തിനും ആയി പ്രാധാന്യം. ഞാൻ പാർട്ടി സംസ്ഥാനക്കമ്മിറ്റിയംഗം ആയപ്പോൾപ്പോലും അക്കാദമിക പ്രവർത്തനങ്ങളിൽ കേന്ദ്രീകരിക്കാനാണു പാർട്ടി നിർദ്ദേശിച്ചത്.

എന്നെ സംസ്ഥാനക്കമ്മിറ്റിയിലേക്കു തെരഞ്ഞെടുക്കുന്നത് 91-ലെ കോഴിക്കോട് പാർട്ടിസമ്മേളനമാണ്. തിരുവനന്തപുരത്തു തിരിച്ചെത്തിയ ഞാൻ ഇ.എം.എസിനെ കാണാൻ പോയി. സി.ഡി.എസിലെ ജോലി ഉപേക്ഷിച്ച് മുഴുവൻസമയപാർട്ടിപ്രവർത്തകൻ ആകണമോ എന്ന് അദ്ദേഹത്തോടു ചോദിച്ചു. ഒരു നിമിഷം ആലോചിച്ചിട്ട് അദ്ദേഹം പറഞ്ഞു, നിങ്ങൾ അവിടെ തുടരുന്നതാകും പാർട്ടിക്കു ഗുണം എന്ന്. അങ്ങനെ ഞാൻ പൂർണ്ണസമയപ്രവർത്തകരല്ലാത്ത അപൂർവ്വം സംസ്ഥാനക്കമ്മിറ്റിയംഗങ്ങളിൽ ഒരാൾ ആയിത്തീർന്നു.

മനോജ്: എങ്കിലും ആസൂത്രണബോർഡ് അംഗമായി സംസ്ഥാനം മുഴുവൻ ഓടിപ്പാഞ്ഞു നടക്കാൻ തുടങ്ങിയതു മുതലാണല്ലോ താങ്കൾ പൊതുസമൂഹത്തിൽ കൂടുതൽ ശ്രദ്ധിക്കപ്പെടുന്നത്. അതിനുമുമ്പുള്ള വ്യക്തിജീവിതത്തിലൂടെ ഒരു ഓട്ടപ്രദക്ഷിണം ഉചിതമായിരിക്കും. എപ്പോഴാണ്, എങ്ങനെയാണ് താങ്കൾ കമ്യൂണിസ്റ്റ് ആശയത്തിലേക്കു വരുന്നത്?

ഐസക്ക്: മഹാരാജാസ് കോളെജിൽ ബിഎയ്ക്കു പഠിക്കുമ്പോൾ. കമ്മ്യൂണിസ്റ്റ് കുടുംബം ആയിരുന്നില്ല എന്റേത്. അപ്പച്ചൻ ഖദറിടുന്ന കോൺഗ്രസുകാരൻ ആയിരുന്നു.

പള്ളിവഴി കമ്മ്യൂണിസത്തിലേക്ക്

ഐസക്ക്: ഞാൻ കമ്മ്യൂണിസത്തിലേക്കു വന്നതു പള്ളിവഴി ആണെന്നു പറഞ്ഞാൽ പലരും അത്ഭുതപ്പെട്ടേക്കാം. സത്യം അതാണ്. 1971 അവസാനമാണു ഞാൻ എൻ.കെ. വാസുദേവനിൽനിന്ന് എസ്.എഫ്.ഐ. അംഗത്വം എടുക്കുന്നത്. അപ്പോൾപ്പോലും ഞാൻ ഫാദർ കാപ്പൻ, വട്ടമറ്റം, തോമസ് തുടങ്ങി ഒരുകൂട്ടം ജസ്യൂട്ട് അച്ചന്മാർ അടങ്ങുന്ന വിമോചനദൈവശാസ്ത്രക്കൂട്ടായ്മയിൽ സജീവപ്രവർത്തകൻ ആയിരുന്നു. കളമശ്ശേരിയിൽ എച്ച്.എം.റ്റി. ജങ്ഷനു സമീപമുള്ള നീണ്ട ഒരു ഷെഡ്ഡായിരുന്നു താവളം. ഫാദർ കാപ്പന്റെ 'വിശ്വാസത്തിൽനിന്നു വിപ്ലവത്തിലേക്ക്' എന്ന ഗ്രന്ഥം അക്കാലത്ത് ഉത്പതിഷ്ണുക്കളായ എയ്ക്കഫ് (ഓൾ ഇൻഡ്യ കാത്തലിക് യൂനിവേഴ്സിറ്റി ഫെഡറേഷൻ) പ്രവർത്തകർക്ക് ഒരു പാഠപുസ്തകംപോലെ ആയിരുന്നു. ഫാദർ കാപ്പനാണു 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ' ആദ്യമായി വായിക്കാൻ തരുന്നത്. ഗ്ലാസ്

ഇടത്തുനിന്ന്: ഐസക്കിന്റെ വിദ്യാർത്ഥികാലത്തെ ചിത്രം; മക്കളായ സേറയും ഡോറയും; ഐസക്കിന്റെ വിദ്യാർത്ഥികാലത്തെ മറ്റൊരു ചിത്രം.

ഫാക്ടറി കോളനിയും മറ്റുമായി ബന്ധപ്പെട്ടു നടന്നുവന്ന പരോപകാരപ്രവർത്തനങ്ങൾ പോരാ, സാമൂഹികമാറ്റത്തിനു രാഷ്ട്രീയപ്രവർത്തനംതന്നെ വേണം എന്ന ബോദ്ധ്യത്തിലേക്കു ക്രമേണ ഞാൻ എത്തി. അങ്ങനെയാണ് എസ്.എഫ്.ഐ.യിൽ അംഗത്വം എടുക്കുന്നത്.

പിറ്റേവർഷം എസ്.എഫ്.ഐ.യുടെ യൂണിറ്റ് സെക്രട്ടറിയും ജില്ലാ വൈസ് പ്രസിഡന്റും ആയി. ഒരു വർഷംകൊണ്ടു മഹാരാജാസ് കോളെജ് ക്യാമ്പസ് ഞങ്ങൾ ഇളക്കിമറിച്ചു. 1973-ൽ വമ്പിച്ച ഭൂരിപക്ഷത്തിൽ എസ്.എഫ്.ഐ. കോളെജ് യൂണിയൻ പിടിച്ചു. വളരെ തീവ്രമായ രാഷ്ട്രീയപഠനത്തിന്റെയും സമരത്തിന്റെയും കാലമായിരുന്നു അത്. മാർക്സ്, ഏംഗത്സ്, ലെനിൻ, മാവോ എന്നിവരുടെയൊക്കെ തെരഞ്ഞെടുത്ത കൃതികളെല്ലാം പഠിച്ചു എന്നുതന്നെ പറയാം. അതോടൊപ്പം നഗരത്തിലെ ഏതാണ്ടെല്ലാ സമരങ്ങളിലും ഞങ്ങൾ ഉണ്ടായിരുന്നു. ഈ രാഷ്ട്രീയപ്രവർത്തനത്തിന്റെ ഭാഗമായാണ കലാസാംസ്കാരികപ്രവർത്തനങ്ങളിലെല്ലാം ഏർപ്പെട്ടിരുന്നത്.

മനോജ്: അന്നു മഹാരാജാസിൽ അദ്ധ്യാപകനായിരുന്ന പ്രൊഫ. എം.കെ. സാനു അടുത്തിടെ താങ്കളുടെ ഒരു പുസ്തകപ്രകാശനവേളയിൽ ആ കാലഘട്ടം വികാരവായ്പോടെ വിവരിക്കുന്നതു കേട്ടു. താങ്കളെത്തേടി ഓരോതവണ പൊലീസ്‌വാഹനം വരുമ്പോഴും അദ്ധ്യാപകർ ആശങ്കാകുലരാകുന്നതും താങ്കളെ പിടികിട്ടരുതേ എന്നു മറുപക്ഷരാഷ്ട്രീയമുള്ള അദ്ധ്യാപകർപോലും പ്രാർത്ഥിക്കുന്നതും വാടകഗുണ്ടകൾ താങ്കളെ കൊല്ലാൻ വന്നതും അവർക്ക് ആളുതെറ്റി മറ്റൊരു യുവാവു കൊല്ലപ്പെട്ടതുമൊക്കെ. ആ കാലഘട്ടം ഇപ്പോൾ എങ്ങനെയാണ് ഓർക്കുന്നത്?

ഐസക്ക്: സാനുമാഷ് പറഞ്ഞത് അടിയന്തരാവസ്ഥക്കാലത്തെ കുറിച്ചാണ്. അറസ്റ്റ് വാറണ്ട് ഉണ്ടായിരുന്നെങ്കിലും ഞാൻ പതിവായി കോളെജിൽ പോകുമായിരുന്നു, മീശയും വടിച്ച്, കണ്ണടയും ഊരിയിട്ട്. അടിയന്തരാവസ്ഥയുടെ സ്വഭാവത്തെക്കുറിച്ചു തെറ്റായ രാഷ്ട്രീയനിലപാടാണ മഹാരാജാസിലെ എസ്.എഫ്.ഐ. യൂണിറ്റ് എടുത്തത്. ജനാധിപത്യം ഇനി തിരിച്ചുവരില്ല, ഒളി

പ്രവർത്തനവും ഏറ്റുമുട്ടലുമാണ മാർഗ്ഗം എന്ന നിഗമനത്തിലാണ ഞങ്ങൾ എത്തിയത്. ഒട്ടനവധി സഖാക്കൾ മൃഗീയമർദ്ദനത്തിന് ഇരയായി. ഇവർക്കു വേണ്ടി എം.എം. തോമസുംമറ്റും ചേർന്ന് ഒരു ചികിത്സാക്യാമ്പുതന്നെ പ്രത്യേകം നടത്തേണ്ടിവന്നു. സഖാവ് പാട്യം ഗോപാലനാണ ഞങ്ങളുടെ രാഷ്ട്രീയാബദ്ധം ബോദ്ധ്യപ്പെടുത്തിയത്. പാട്യവുമായി ഉണ്ടായ സംവാദത്തിൽനിന്ന്, ഞങ്ങൾക്കു മനസിലാകാത്ത എന്തോ ചില അന്തർനാടകങ്ങൾ നടക്കുന്നതായി തോന്നിയിരുന്നു. സഖാവ് സുന്ദരയ്യ അക്കാലത്തു സ്വീകരിച്ചിരുന്ന രാഷ്ട്രീയസമീപനത്തിന്റെ സ്വാധീനം ഞങ്ങളിൽ ഉണ്ടായിരുന്നോ എന്നാകും, ഒരുപക്ഷെ, സഖാവു മനസിലാക്കാൻ ശ്രമിച്ചത്.

വധശ്രമവും ഐ.സി.യു. ക്ലാസിലെ ഒളിവും

മനോജ്: സാന്തമാഷ് പറഞ്ഞ കൊലപാതകശ്രമം?

ഐസക്ക്: സമരങ്ങളിലുള്ള ഉശിരൻ പങ്കാളിത്തം ഞങ്ങളെ പലപ്പോഴും സംഘട്ടനങ്ങളിലും എത്തിച്ചു. രഹസ്യമായി കായികപരിശീലനത്തിലും ഏർപ്പെട്ടിരുന്നു. ഇതു വലിയൊരു തന്റേടം നല്കി. ഈ സംഘർഷങ്ങൾ കൊച്ചി തുറമുഖമേഖലയിലെ ഗുണ്ടാസംഘവുമായുള്ള ഏതാണ്ടു കുടിപ്പകയായി മാറി. സഖാക്കളെ മർദ്ദിച്ച ഒരു കുപ്രസിദ്ധഗുണ്ടയെ പോളിയോ ബാധിച്ച വികലാംഗനായ ഒരു സഖാവ് കൊച്ചിയിൽ ഒരു വോളീബാൾ ടൂർണമെന്റ് സ്ഥലത്തു ചെന്നു കടന്നാക്രമിച്ചു. ഗുണ്ട പേടിച്ചരണ്ടോടി! പോളിയോ മൂലം സഖാവിന് ഓടാനും വയ്യ. കത്തിയുമായി അങ്ങനെ ടൂർണമെന്റിന്റെ നിറഞ്ഞ ഗ്യാലറിക്കു നടുവിൽ നില്ക്കുകയാണ്! ആരും അടുക്കാൻ ധൈര്യപ്പെട്ടില്ല. പോലീസ് അറസ്റ്റു ചെയ്തു നീക്കുകയായിരുന്നു. ഗുണ്ടയെ വിരട്ടിയതിൽ പൊലീസിനും സന്തോഷം! പിറ്റേന്ന് സഖാവിനെ ഹാജരാക്കിയ കോടതിപരിസരം ഗുണ്ടകൾ വളഞ്ഞു. പൊലീസിനും ആശങ്കയായി. മഹാരാജാസിൽനിന്നു ഞങ്ങൾ ഒരു സംഘം ബോട്ടിൽ പോയി മട്ടാഞ്ചേരിയിലെ സഖാക്കളുടെ സഹായത്തോടെ ഗുണ്ടകൾക്കു നടുവിലൂടെ ആ സഖാവിനെ സുരക്ഷിതനായി കോടതിയിൽനിന്ന് ഇറക്കി കായലോരംവരെ നടത്തി ബോട്ടിൽ ഹോസ്റ്റലിൽ എത്തിച്ചു!

തുടർന്നാണ് എന്നെ വധിക്കാൻ ശ്രമം നടന്നത്. അന്നൊരു ദിവസം ഹോസ്റ്റൽ ടെറസിൽ ഗാർഡ് ചുമതല എന്റെ ഗ്രൂപ്പിനായിരുന്നു. രാത്രി കണ്ണട ഒടിഞ്ഞുപോയി. കാലത്തുതന്നെ അതു നന്നാക്കാൻ കട അന്വേഷിച്ചു പോകുകയായിരുന്നു. ജനറൽ ഹോസ്പിറ്റലിന് അടുത്തുവച്ച് ഒരു കാർ എന്റെയടുത്തു ബ്രേക്കിട്ടുനിർത്തി. കണ്ണട ഇല്ലാത്തതിനാൽ ആരാണെന്നു വ്യക്തമല്ല. അതുകൊണ്ടു കാറിനുള്ളിലേക്കു തലയിട്ടു നോക്കി. ഊരിയ വടിവാളുകളും മറ്റ് ആയുധങ്ങളുമായി തിങ്ങിയിരിക്കുന്ന ഗുണ്ടാസംഘം! കണ്ണട ഇല്ലാത്തതിനാൽ ഞാൻ തന്നെയോ എന്ന് അവർക്കു സംശയം. ഓടുന്നതിനു പകരം അകത്തേക്കു തലയിട്ടു നോക്കുന്നതു കണ്ടപ്പോൾ ഞാനല്ല എന്ന നിഗമനത്തിൽ അവർ എത്തിയിട്ടുമുണ്ടാകാം. ഭാവഭേദം കൂടാതെ ഞാൻ സാവധാനം നടന്നകന്നു. പിന്നെ ഒരു ഓട്ടമത്സരം ആയിരുന്നു. ജനറൽ ആശുപത്രിയുടെ

മതിൽ എങ്ങനെ ചാടിക്കടന്നു എന്ന് ഇന്നും എനിക്ക് അറിയില്ല! ഇര കൈവിട്ടുപോയ ദേഷ്യത്തിൽ ഹോസ്റ്റലിലേക്കു നീങ്ങിയ ഗുണ്ടാസംഘം ആദ്യം കണ്ടവരെ കുത്തിവീഴ്ത്തി. എസ്.എഫ്.ഐ.ക്കാർ അല്ലാത്തവരെല്ലാം ഹോസ്റ്റലിൽനിന്നു വിട്ടുപോയിരുന്നു. ഇതറിയാതെ ബന്ധുവിനെ അന്വേഷിച്ചു വന്ന ലക്ഷദ്വീപുകാരൻ മുത്തുക്കോയയാണ് കൊലക്കത്തിക്ക് ഇരയായത്.

മനോജ്: നാടകകൃത്തായിരുന്ന സി.എൻ. ശ്രീകണ്ഠൻ നായർ കിടന്ന മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ ഐ.സി.യു.വിൽ അഭയം തേടിയ ഒരു കഥ മുമ്പൊരിക്കൽ പറഞ്ഞിട്ടുണ്ടല്ലോ.

ഐസക്ക്: അതൊരു ബന്ദുദിവസം ആയിരുന്നു. നഗരത്തിൽ ചില്ലറ അനിഷ്ടങ്ങളൊക്കെ അന്നു പതിവായിരുന്നു. ഞങ്ങളെ സി.ആർ.പി.ക്കാർ ഓടിച്ചു. ഓടുമ്പോൾ എതിരെ മറ്റൊരു സി.ആർ.പി. സംഘം. നേരെ ഓടി ആശുപത്രിയിൽ കയറി. സി.എൻ. അവിടെ കിടക്കുന്ന കാര്യം അറിയാം. അദ്ദേഹത്തിന്റെ കൊച്ചിയിലെ പ്രസിലെ സ്ഥിരം സന്ദർശകരായിരുന്നു ഞങ്ങൾ. നേരെ അദ്ദേഹത്തിന്റെ ഐ.സി.യു.വിൽ കടന്ന് കട്ടിലിനടിയിൽ കയറി ഇരിപ്പായി. രംഗം ശാന്തമായശേഷമാണു പുറത്തിറങ്ങിയത്. സി.എന്ന് കാര്യങ്ങളെല്ലാം മനസിലായി. കുറച്ചുനേരംകൂടി ഇരുന്നോളൂ എന്നും പറഞ്ഞു.

അടിയന്തരാവസ്ഥയിലെ ജയിൽവാസം

മനോജ്: താങ്കളുടെ രാഷ്ട്രീയവ്യക്തിജീവിതത്തിലെ സുപ്രധാനമായ ഒരു സംഭവമുണ്ടല്ലോ-70കളിലെ എസ്.എഫ്.ഐ.ക്കാർക്ക് അല്ലാതെ അധികമാർക്കും അറിയാത്ത രണ്ടുമാസത്തെ ജയിൽവാസം? (ഈ ചോദ്യവും ഉത്തരവും 'മാതൃഭൂമി ആഴ്ചപ്പതിപ്പി'ൽ വന്ന അഭിമുഖത്തിൽ ചേർക്കാൻ വിട്ടുപോയിരുന്നു.)

ഐസക്ക്: അടിയന്തരാവസ്ഥക്കാലത്താണത്. അന്നു മഹാരാജാസ് കോളെജിൽ എസ്.എഫ്.ഐ. യൂണിറ്റ് സെക്രട്ടറി ആയിരുന്ന എന്നെ കൊടുങ്ങല്ലൂരിൽ ജന്മനാടായ കോട്ടപ്പുറത്തെ ചന്തയിലെ ഒരു പെട്ടിക്കടയ്ക്കു മുന്നിൽനിന്നാണു പൊലീസ് അറസ്റ്റ് ചെയ്യുന്നത്. താടിയും കണ്ണടയും ഒഴിവാക്കി വേഷം മാറി ഒളിച്ചുനടക്കുകയായിരുന്നു അന്ന്. കടയിലേക്കു തിരിഞ്ഞു നില്ക്കുകയായിരുന്ന എന്റെ പിന്നിൽ വന്നുനിന്ന് ഒരാൾ പരിചയഭാവത്തിൽ 'ഐസക്കല്ലേ' എന്നു ചോദിച്ചു. അത് പൊലീസുകാരനാണെന്നു മനസിലാക്കാതെ 'അതെ' എന്നു പറഞ്ഞുപോയി. തോളിൽ പിടിവീണപ്പോഴേ അബദ്ധം മനസിലായുള്ളൂ. അന്നു രാത്രി കൊടുങ്ങല്ലൂർ സബ് ജയിലിലിട്ട് അവരെന്നെ നന്നായി തല്ലി. അതിലുംവലിയ ക്രൂരത പിറ്റേന്നാണു കാട്ടിയത്. എറണാകുളത്തേക്കു കൊണ്ടുപോയ എന്നെ നാട്ടുകാരുടെയും അപ്പച്ചന്റെയും മുന്നിലൂടെ ചേരമാൻ പറമ്പു മുതൽ മൂത്തകുന്നം ഫെറിവരെ കയ്യാമം വച്ചു നടത്തി! അതായിരുന്നു ആദ്യത്തെ അറസ്റ്റും ജയിൽവാസവും.

മനോജ്: ഇതിനെല്ലാം ഇടയിലും പഠനത്തിൽ വിട്ടുവീഴ്ച ചെയ്തില്ല. റാങ്കു വാങ്ങിത്തന്നെ പരീക്ഷകൾ വിജയിച്ചു. അപ്പോഴെല്ലാം മറ്റു കുട്ടികൾക്കൊപ്പം എല്ലാ തമാശകൾക്കും കൂടാറുള്ള സാധാരണ വിദ്യാർത്ഥിയായിരുന്നു താങ്കൾ. റ്റി.ഡി.-എം. ഹോളിൽ ആരാന്റെ കല്യാണത്തിനു വിളിക്കാതെ ഉണ്ണാൻ പോകുന്ന

തരം കൗതുകങ്ങൾവരെ. മഹാരാജാസിനുശേഷം നേരെ സി.ഡി.എസിലേയ്ക്ക് ആയിരുന്നോ?

ഐസക്ക്: യഥാർത്ഥത്തിൽ എം.എ.യ്ക്കു പഠിക്കുമ്പോൾ സി.ഡി.എസോ ഉന്നതപഠനമോ അജൻഡയിൽ ഉണ്ടായിരുന്നില്ല. ആലുവ മേഖലയിൽ ട്രേഡ് യൂണിയൻ പ്രവർത്തനത്തിന് ഇറങ്ങാനാണ ചിന്തിച്ചിരുന്നത്.

മനോജ്: ട്രേഡ് യൂണിയൻ പ്രവർത്തനത്തിന്റെ ഒരു കഥ കേട്ടിട്ടുണ്ട്. സ്വന്തം അപ്പന്റെ ഫാക്ടറിയിലെ തൊഴിലാളിസമരം ഉദ്ഘാടനം ചെയ്ത കഥ. അതൊരു തൊണ്ടുതല്ലൽ മില്ലായിരുന്നു, അല്ലേ?

ഐസക്ക്: (ചിരി)

മനോജ്: ആലപ്പുഴയിലെ കയർത്തൊഴിലാളികളുടെ 2001-ലെ സമരത്തിലും പൊതുമേഖലാസ്ഥാപനങ്ങളെ രക്ഷിക്കാൻ ട്രേഡ് യൂണിയനുകളുമായി ചേർന്നു പദ്ധതികൾ ആവിഷ്കരിച്ചതിലും കുടുംബശ്രീക്കാരുടെ ആഴ്ചകൾ നീണ്ട സമരത്തിലുമൊക്കെ താങ്കളിലെ ഒരു നല്ല ട്രേഡ് യൂണിയനിസ്റ്റിനെ കാണാൻ കഴിഞ്ഞിട്ടുണ്ട്. എന്നിട്ടും ട്രേഡ് യൂണിയൻ പരീക്ഷണം ഉപേക്ഷിച്ചത്?

ജീവിതം വഴിമാറ്റിയ ബസപകടം

ഐസക്ക്: ആ തീരുമാനം തിരുത്തിച്ചത് നീലുവാണ്. എ.ഡി. നീലകണ്ഠൻ. ശാസ്ത്രജ്ഞനായ എ.ഡി. ദാമോദരന്റെ ഏറ്റവും ഇളയ അനുജൻ. ദില്ലി ജെ.എൻ.യു.-വിലെ ആദ്യ എസ്.എഫ്.ഐ. സെക്രട്ടറി. നീലു സി.ഡി.എസിലാണ പിഎച്ച്.ഡി.ക്കു ചേർന്നത്. അദ്ദേഹം എന്നെയും കെ.എൻ. ഗണേശിനേയും അവിടെ ചേരാൻ നിർബ്ബന്ധിച്ചു. ഏതാനും വർഷം ചിട്ടയായ അക്കാദമികപഠനം വലിയ ഗുണം ചെയ്യും എന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. അദ്ദേഹംതന്നെ ഞങ്ങളെ എറണാകുളത്തുനിന്നു കൂട്ടിക്കൊണ്ടുവരികയായിരുന്നു. ഹരിപ്പാടിനടുത്തുവച്ച് ബസ് അപകടത്തിൽപ്പെട്ട് നീലു മരിച്ചു. അപകടത്തിനു തൊട്ടുമുമ്പ് മഴവെള്ളം വീഴുകയായിരുന്ന സൈഡ് സീറ്റിൽനിന്ന് എന്നെ മാറ്റി ആ സീറ്റിലേക്കു നീലകണ്ഠൻ ഇരിക്കുകയായിരുന്നു. ആ സംഭവം എന്നെ വല്ലാതെ ഉലച്ചു. അദ്ദേഹം ആഗ്രഹിച്ചതുപോലെ സി.ഡി.എസിൽ ഉന്നതപഠ

ഇടത്തുനിന്ന്: സംസ്ഥാന ആസൂത്രണബോർഡ് വൈസ് ചെയർമാൻ, മറ്റ് അംഗങ്ങൾ എന്നിവർക്കൊപ്പം; രണ്ടാംവട്ടം ധനമന്ത്രിയായിരിക്കെ ബജറ്റ് തയ്യാറാക്കാൻ വിഴിഞ്ഞം ഇൻസ്പെക്ഷൻ ബംഗ്ലാവിൽ.



നത്തിനു പോകേണ്ടത് ഒരു ധാർമ്മികകടമയായി എനിക്കു തോന്നി. അങ്ങ നെയാണ് 1977-ൽ സി.ഡി.എസിൽ എത്തുന്നത്.

മനോജ്: പബ്ലിക് ഫിനാൻസിൽ ആണോ സ്പെഷ്യലൈസേഷൻ?

ഐസക്ക്: അല്ല.

മനോജ്: പിന്നെങ്ങനെയാണ് ധനകാര്യം ഇത്ര ശാസ്ത്രീയതയോടെ കൈകാര്യം ചെയ്യുന്നത്?

ഐസക്ക്: സിഡിഎസിൽ ഞാൻ പബ്ലിക് ഫിനാൻസ് പഠിപ്പിച്ചിരുന്നു. അങ്ങനെ പഠിച്ചു. ഗുലാത്തിയായിരുന്നു പ്രധാനഗുരു.

മനോജ്: പ്രൊഫ: ഐ.എസ്. ഗുലാത്തി, ഡോ. കെ.എൻ. രാജ് തുടങ്ങിയവരുമാ യൊക്കെ ഉണ്ടായിരുന്ന ബന്ധം എങ്ങനെയാണ്? അവരുടെയൊക്കെ സ്വാ ധീനം ഏതുതരത്തിലാണു താങ്കളിൽ സംഭവിച്ചിട്ടുള്ളത്?

ഐസക്ക്: ഗുലാത്തിയെ ആദ്യമായി കാണുന്നത് ആലപ്പുഴ വലിയചുടുകാട്ടിൽ വച്ചാണ്. നീലകണ്ഠന്റെ സംസ്കാരത്തിനു സി.ഡി.എസിൽനിന്നു ഡോ: രാ ജും ഗുലാത്തിയും അടക്കമുള്ള പ്രൊഫസർമാർ ആലപ്പുഴയിൽ എത്തിയി രുന്നു. അവിടെവച്ച് ഡോ: രാജും ഗുലാത്തിയും നിർബ്ബന്ധപൂർവ്വം എന്നെ സി.ഡി.എസിലേക്കു ക്ഷണിച്ചു. ഞാനതു സ്വീകരിച്ചു. അത് എന്റെ ജീവിത ത്തിലെ വലിയ വഴിത്തിരിവായിരുന്നു.

ഡോ: രാജിന്റെ ക്ലാസുകൾ വലിയ അനുഭവമായിരുന്നു. സാമ്പത്തിക ശാസ്ത്രത്തിന്റെ ഹരത്തിലേക്കും ഇൻഡ്യയുടെ സാമ്പത്തികയാഥാർത്ഥ്യങ്ങളു ടെ ഉള്ളറകളിലേക്കും ആ പ്രഭാഷണങ്ങൾ ഞങ്ങളെ കൊണ്ടുപോയി. അതി ഗഹനമായ കാര്യങ്ങൾ ലളിതമായി വിശദീകരിക്കാൻ പ്രത്യേകകഴിവ് അദ്ദേ ഹത്തിനുണ്ടായിരുന്നു. ഡോ: രാജിന്റെ എം.ഫിൽ. ക്ലസുകൾ കേൾക്കാൻ നല്ല പങ്ക് ആളുകളും മറ്റ് ഫാക്കൽറ്റികളും വരിക പതിവായിരുന്നു എന്ന് ഓർക്കുന്നു.

ഐ.എസ്. ഗുലാത്തി മിതഭാഷിയാണ്. സ്വരം ഉയരാറില്ല. പക്ഷേ, പറ യാനുള്ളതു തുറന്നുപറയും. നാഷണൽ ഇൻകം അക്കൗണ്ടിങ്ങിനെപ്പറ്റിയുള്ള എന്റെ ആദ്യത്തെ ടേം പേപ്പറിനു മുകളിൽ ഗുലാത്തി വലിയ അക്ഷരത്തിൽ എഴുതി: "മുദ്രാവാക്യം വിളി അവസാനിപ്പിക്കു; കാര്യങ്ങൾ വിശകലനം ചെ യ്യാൻ പഠിക്കു!" എന്റെ പേപ്പറിന്റെ ഓരോ പേജിലെ മാർജിനിലും പോരായ്മ കൾ എണ്ണിയെണ്ണി എഴുതിയിരുന്നു. എന്റെ ഗ്രേഡ് ബി പ്ലസ്! വലിയ സങ്കടം തോന്നി. പക്ഷേ, ഞാൻ പാഠംപഠിച്ചു. പിന്നീടുള്ള എല്ലാ പേപ്പറിലും എ പ്ലസ് ആണ്. എന്റെ ഓവറോൾ എ പ്ലസ് ആയിരുന്നു അടുത്തകാലം വരെ സിഡി എസിലെ എംഫിൽ റെക്കോഡ്!

പുസ്തകമെഴുത്തിലെ മന്ത്രിതന്ത്രം

മനോജ്: സിഡിഎസിലെ ചിട്ടയായ പഠനപരിശീലനമാകും പുസ്തകരചനയിലെ താങ്കളുടെ കരുത്ത്. ധനമന്ത്രിയുടെ ആദ്യ ഊഴത്തിൽ മന്ത്രിപ്പണിയുടെ തി രക്കിനിടയിലും പത്തു പുസ്തകം എഴുതി; അതും നല്ല പഠനം ആവശ്യമായവ! ഇതിനുവേണ്ടി പഠനവും എഴുത്തും നടത്താൻ എടുത്ത സമയം കൂട്ടിനോക്കി

യാൽ ആറുമാസമെങ്കിലും വരില്ലേ? ഭരണകാലത്തിന്റെ പത്തിലൊന്നും ഇത്രയേറെ മുൻഗണനയും ഇതിനു നല്കേണ്ടിയിരുന്നോ?

ഐസക്ക്: പുസ്തകം എഴിതിയതുകൊണ്ടു മന്ത്രിപ്പണിക്കു മോശമൊന്നും സംഭവിച്ചിട്ടില്ല. മറിച്ച്, മെച്ചമേ ഉണ്ടായിട്ടുള്ളൂ. മന്ത്രി എന്നനിലയിൽ ചെയ്യേണ്ടതെല്ലാം ചെയ്തിട്ടുണ്ട്. വേണ്ടെന്നു വയ്ക്കേണ്ടിവന്നത് ഉല്ലാസ, സൗഹൃദ വേളകളാണ്. മുൻഗണനയിൽനിന്നെന്നല്ല, കാര്യവിവരപ്പട്ടികയിൽനിന്നുതന്നെ അവയൊക്കെ നീക്കേണ്ടിവന്നു. സഞ്ചാരസമയവും രാത്രികളുടെ നല്ലപങ്കും വായനയ്ക്കും എഴുത്തിനും നീക്കിവയ്ക്കാൻ കഴിഞ്ഞു.

ഈ പുസ്തകങ്ങളിൽ മിക്കതും കൃത്യമായ ലക്ഷ്യങ്ങൾ ഉള്ളവ ആയിരുന്നു; ഭരണപരവും രാഷ്ട്രീയവുമായ പ്രവർത്തനത്തിന്റെ ഭാഗമായിരുന്നു. രണ്ടു പുസ്തകങ്ങൾ മാത്രം എടുക്കാം. 'സാമ്പത്തികബന്ധങ്ങൾ: കേന്ദ്രവും കേരളവും', 'ആഗോളമാന്ദ്യവും ആഗോളവത്ക്കരണവും'. ബജറ്റിന്റെ തിരക്കുകൾക്കിടയിലാണ് ഇവ പൂർത്തീകരിച്ചത്. എല്ലാ ബജറ്റ് പ്രസംഗത്തിലും ഞാൻ കേന്ദ്ര-സംസ്ഥാനധനകാര്യബന്ധങ്ങൾ വിമർശനവിധേയം ആക്കിയിരുന്നു. അതു കുറച്ചുകൂടി ആഴത്തിൽ വിശദീകരിക്കാനാണ് ആദ്യഗ്രന്ഥം രചിച്ചത്.

ആഗോളമാന്ദ്യം പൊട്ടിപ്പുറപ്പെട്ട് ഏതാനും മാസത്തിനുള്ളിൽ രണ്ടാമത്തെ ഗ്രന്ഥവും ഇറങ്ങി. മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിന്റെ ധനകാര്യനയത്തിൽ അടിസ്ഥാനപരമായ മാറ്റം വരുത്താൻ ഉറച്ചിരുന്നു. മൂലധനച്ചെലവിനു വേണ്ടത്ര വിഭവം ഉണ്ട് എന്നു കേന്ദ്ര ആസൂത്രണക്കമ്മിഷനെ ബോദ്ധ്യപ്പെടുത്താതെ പദ്ധതിയിൽ വർദ്ധന അസാദ്ധ്യമാണ്. പിന്നെയുള്ള മാർഗ്ഗം പദ്ധതിക്കുപുറത്തു പ്രത്യേക ഉത്തേജകപായ്ക്കേജ് പ്രഖ്യാപിക്കുകയാണ്. ബജറ്റ് പ്രസംഗത്തിൽ ഇരുനൂറോ മുന്നൂറോ കോടിയുടെ അധികപ്രഖ്യാപനങ്ങൾ നടത്താൻ സ്വാതന്ത്ര്യം എടുക്കാമെന്നല്ലാതെ 5,000 കോടി രൂപയുടെ പ്രഖ്യാപനം സാധരണനിലയിൽ ചിന്തിക്കാൻപോലും ആകില്ല. അത് ഒരു ധനസെക്രട്ടറിയും അംഗീകരിക്കാറില്ല. ഈ പായ്ക്കേജിനു പശ്ചാത്തലം ഒരുക്കലായിരുന്നു ആഗോളമാന്ദ്യത്തെക്കുറിച്ചു നടത്തിയ പ്രഭാഷണങ്ങളും എഴുത്തുകളും പ്രചാരണങ്ങളും ഒക്കെ.

കൈരളി റ്റി.വി.യിൽ അന്നന്നത്തെ സംഭവവികാസങ്ങൾ വിശദീകരിക്കാനും സമയം കണ്ടെത്തി. ഇതിന്റെയൊക്കെ തുടർച്ചയായിരുന്നു ആ പുസ്തകം. ലക്ഷ്യം നേടി. ഒരു പ്രതിബന്ധവും കൂടാതെ ഉത്തേജകപായ്ക്കേജ് ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തി പാസാക്കി! ഇതുപോലെതന്നെ ലോട്ടറി, ഭൂപരിഷ്കരണം, വിമോചനസമരം, മാദ്ധ്യമവിമർശം തുടങ്ങിയവയെപ്പറ്റി എഴുതിയ മറ്റു പുസ്തകങ്ങളും സമകാലികപ്രശ്നങ്ങളോടു പ്രതികരിച്ചുകൊണ്ടുള്ള നയവാദസമർത്ഥന (പോളിമിക്) രചനകളാണ്.

മനോജ്: താങ്കൾ വീണ്ടും വിസ്മയിപ്പിച്ചു. ശ്വാസം വിടാൻ സമയം കിട്ടാത്ത തെരഞ്ഞെടുപ്പുപ്രചാരണത്തിനിടയിലും 2011-ൽ ഒന്നല്ല, രണ്ടു പുസ്തകങ്ങളാണു താങ്കൾ പ്രസിദ്ധീകരിച്ചത്! ഇത് എങ്ങനെ സാധിക്കുന്നു?

ഐസക്ക്: ഈ ചോദ്യം കുറച്ചുകൊല്ലം മുമ്പ് എന്നോടു കുട്ടികൾ ചോദിച്ചിരുന്നു, ഒരു വായനാവാരത്തിന്റെ വേളയിൽ. പെട്ടെന്നൊരു ഉത്തരം പറയാൻ കഴിയി

ല്ല. കുട്ടികളോടു ഞാൻ പറഞ്ഞത് ഇതാണ്: “നിങ്ങളുടെ പ്രായത്തിൽ ഞാൻ നന്നായി വായിക്കുമായിരുന്നു. കോളെജിൽ പഠിക്കുമ്പോഴും അതിനുശേഷവും ഒക്കെ. അത് ഫിക്സഡ് ഡെപ്പോസിറ്റായി കിടക്കുന്നു. അതിന്റെ പലിശയാണ് ഈ പുസ്തകങ്ങൾ.”

എങ്കിലും, സി.ഡി.എസ്.കാലത്തെ പരിശീലനവും പരിചയവുമാണ് ഈ എഴുത്തിനു നിർണ്ണായക പിൻബലമായത്. ഇന്ത്യയിലേതന്നെ ഏറ്റവും നല്ല സാമൂഹികശാസ്ത്രലൈബ്രറിയാണ് അവിടുത്തേത്. വിവിധതരക്കാരായ ഒട്ടേറെ പണ്ഡിതരുമായി ഇടപഴകാനുള്ള മികച്ച അവസരവും. ദേശീയ, കേരള സമ്പദ്ഘടനയെപ്പറ്റി എന്തു വിവരം എവിടെ അന്വേഷിക്കണമെന്നത് അവിടെ പഠനം പൂർത്തിയാക്കുന്ന ഏതു കുട്ടിക്കും അറിയാം. ഇത് അന്വേഷണം എളുപ്പമാക്കും. പിന്നെ എനിക്കു തോന്നുന്നു, ഏതു പ്രായോഗികപ്രവത്തനത്തിൽ ഏർപ്പെടുമ്പോഴും ഒരു അക്കാദമിക് കണ്ണ് ഉണ്ടാകും. ധാരാളം നല്ല സുഹൃത്തുക്കളുടെ സഹായവും ഇക്കാര്യത്തിൽ എനിക്കു കിട്ടാറുണ്ട്.

ജനകീയാസൂത്രണം നടപ്പാക്കുമ്പോൾ അതുസംബന്ധിച്ച വിശകലനാത്മകഗ്രന്ഥം എഴുതണമെന്നു തീരുമാനിച്ചിരുന്നു. ഇതുപോലെ ഒട്ടെല്ലാ പ്രായോഗികപ്രവർത്തനത്തെയും കുറച്ചൊക്കെ സൈദ്ധാന്തികമായും സാമാന്യവത്ക്കരിച്ചും വിലയിരുത്താൻ ശ്രമിക്കാറുണ്ട്. എഴുതാൻ തീരുമാനിച്ചാൽ പ്രവർത്തനങ്ങൾ ക്രമീകരിച്ചും ഉറക്കമിളച്ചുമൊക്കെ അത് എങ്ങനെയും തീർക്കും.

മനോജ്: രണ്ടാംതവണ മന്ത്രിയായപ്പോഴും പുസ്തകമെഴുത്തു തുടർന്നല്ലോ?

ഐസക്ക്: ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയെപ്പറ്റി ദക്ഷിണാഫ്രിക്കയിലെ മീഷേൽ വില്യംസുമായി ചേർന്നെഴുതിയ ഗ്രന്ഥം ഈ ടേമിന്റെ തുടക്കത്തിൽത്തന്നെ പ്രസിദ്ധീകരണയോഗ്യമാക്കി പ്രസിദ്ധീകരിച്ചു. അതിന്റെ മലയാളപരിഭാഷയും പ്രസിദ്ധീകരിച്ചു. ജനകീയാസൂത്രണത്തെപ്പറ്റി നേരത്തേ രചിച്ച ‘ലോക്കൽ ഡെമോക്രസി ആൻഡ് ഡെവലപ്മെന്റ്’’ എന്ന പുസ്തകം പരിഷ്ക്കരിച്ച് ‘പീപ്പിൾസ് പ്ലാനിങ്: കേരള, ലോക്കൽ ഡെമോക്രസി ആൻഡ് ഡെവലപ്മെന്റ്’’ എന്ന പേരിൽ പ്രസിദ്ധീകരിച്ചത് രണ്ടാം ടേമിന്റെ അവസാനനാളുകളിലാണ്.

മനോജ്: ‘ചാലഞ്ചസ് ഓഫ് ഇൻഡ്യൻ ഫിസ്കൽ ഫെഡറലിസം’ രണ്ടാം പതിപ്പ്, 2020 മേയിൽ, ഇറങ്ങിയല്ലോ?

ഐസക്ക്: അതെ. പതിനഞ്ചാം ധനകാര്യകമ്മിഷൻ കേരളത്തിന് 15,000 കോടി രൂപ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി അനുവദിച്ചതിന്റെ പിന്നിൽ നടന്ന സുദീർഘമായ പോരാട്ടത്തിലെ സുപ്രധാന പ്രചാരണായുധമായിരുന്നു ആർ. മോഹനും ലേഖ ചക്രബർത്തിയും ഞാനും ചേർന്ന് എഴുതിയ ഈ ഗ്രന്ഥം.

തുടക്കം തിരുവനന്തപുരത്തു നടന്ന ദക്ഷിണേൻഡ്യൻധനമന്ത്രിമാരുടെ സമ്മേളനമായിരുന്നു. ഇതിന്റെ മറ്റൊരു വിപുലീകൃതയോഗം വിജയവാഡയിൽ നടന്നു. ഇതിനുശേഷമാണ് ഡൽഹിയിൽ ഏഴു ധനമന്ത്രിമാർ സംയുക്തമായി പ്രസിഡന്റിനു മെമ്മോറാണ്ടം നല്കിയത്. ഈ ചർച്ചകളിൽനിന്നാണ് ഈ ഗ്രന്ഥം രൂപംകൊണ്ടത്.

ഡൽഹിയിൽ ഈ ഗ്രന്ഥത്തെ ആസ്പദമാക്കി സെമിനാർ നടന്നു. അവിടെവച്ച മുൻപ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങാണു പ്രകാശനം ചെയ്തത്. തുടർന്നു പുതുശ്ശേരിയിൽ കേന്ദ്ര-സംസ്ഥാനധനകാര്യബന്ധങ്ങളെക്കുറിച്ച സെമിനാർ നടത്തി. പഞ്ചാബിൽ അടുത്ത സെമിനാർ പ്ലാൻ ചെയ്തുകൊണ്ടിരിക്കുമ്പോഴാണു ലോക്ഡൗൺ വന്നത്. അതുകൊണ്ടു സെമിനാർ രണ്ടുദിവസത്തെ വെബിനാറാക്കി മാറ്റി.

ഞങ്ങൾ കൂട്ടായി ഉന്നയിച്ച പലകാര്യങ്ങളും ധനകാര്യക്കമ്മിഷൻ പരിഗണിച്ചു. ജനസംഖ്യാടിസ്ഥാനവർഷം 1971-ൽനിന്നു 2011-ലേക്കു മാറ്റുന്നതു തിരുത്താൻ കഴിഞ്ഞില്ലെങ്കിലും ജനസംഖ്യാനിയന്ത്രണം ഫലപ്രദമാക്കിയ സംസ്ഥാനങ്ങൾക്കു പ്രത്യേക പരിഗണന ഫോർമുലയായി കൊണ്ടുവരാൻ കമ്മിഷൻ തയ്യാറായി. റവന്യൂക്കമ്മി ഗ്രാന്റ് തുടരേണ്ടതില്ലെന്നാണു ധനക്കമ്മിഷനുള്ള പരിഗണനാവിഷയങ്ങളിൽ കേന്ദ്രസർക്കാർ സൂചിപ്പിച്ചത്. ഇതിനെ ശക്തമായി ഞങ്ങൾ എതിർത്തു. ഇപ്പോൾ ഈ ഇനത്തിലാണ് കേരളത്തിന് ഏറ്റവും വലിയ നേട്ടമുണ്ടായിട്ടുള്ളത്.

മനോജ്: അടുത്ത പുസ്തകത്തെപ്പറ്റി ആലോചന തുടങ്ങിയിട്ടുണ്ടോ? ആലോചിച്ചിട്ട് എഴുതാൻ കഴിയാതെ മനസിൽ കിടക്കുന്ന ആശയങ്ങൾ? അങ്ങനെ വല്ലതും?

ഐസക്ക്: ആലപ്പുഴയിലെ ആദ്യ മിഷനറിയായ തോമസ് നോർട്ടനെപ്പറ്റി മൈക്കിൾ തരകനുമായി ചേർന്ന് എഴുതുന്ന ഗ്രന്ഥം പാതിവഴിയിൽ കിടപ്പുണ്ട്. ആലപ്പുഴയുടെ ചരിത്രത്തെപ്പറ്റി ഒരു ബൃഹദ്ഗ്രന്ഥം കുറച്ചുനാളായി സ്വപ്നമാണ്. ആർക്കൈവ്സെല്ലാം അരിച്ചുപെറുക്കിയിട്ടുണ്ട്. ഓലയിലുള്ള രേഖകൾകൂടി പരിശോധിച്ചുതീർക്കണം. മൂന്നു വാല്യം വരുന്ന ഈ ഗ്രന്ഥം തയ്യാറാക്കാൻ മന്ത്രിപ്പണിക്കിടയിൽ പ്രയാസമായിരുന്നു. വിമോചനസമരത്തെപ്പറ്റിയുള്ള പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പ് ഇറക്കുന്നതിനു തടസം കൻസാസ് സിറ്റിയിലെ ഐസനോവർ ആർക്കൈവ്സിൽ പോകാൻ കഴിയാത്തതാണ്. ഇതൊക്കെയാണ് എന്നെ ചുറ്റിക്കറങ്ങുന്ന രചനകൾ.

ആദ്യവട്ടം മന്ത്രിയായപ്പോൾ (2006-11) ലക്ഷ്യമിട്ടതൊക്കെ എഴുതിത്തീർത്തു. ഇക്കുറിയും കുറെയേറെ എഴുതിയെങ്കിലും ഇനിയും പലതും ബാക്കിയുണ്ട്, മനസിലുണ്ട്. മന്ത്രിപ്പണി കഴിഞ്ഞപ്പോൾ അതിനുള്ള ശ്രമത്തിലാണ്.

ഇ.എം.എസുമായുള്ള ബന്ധം

മനോജ്: ഏതെങ്കിലും വിഷയത്തിൽ വിവാദമോ ആശയക്കുഴപ്പമോ ഉണ്ടായാലുടൻ അതേപ്പറ്റി പുസ്തകം എഴുതുന്ന രീതി ഇ.എം.എസിൽനിന്നു കിട്ടിയതാണോ? ഇ.എം.എസുമായുള്ള ബന്ധം എങ്ങിനെ ആയിരുന്നു? താങ്കളോട് ഒരു പ്രത്യേക ഇഷ്ടം ഉള്ളതായി പലപ്പോഴും തോന്നിയിട്ടുണ്ട്.

ഐസക്ക്: ഇ.എമ്മുമായി കൂടുതൽ അടുത്ത് ഇടപഴകി പ്രവർത്തിക്കാൻ തുടങ്ങിയത് അദ്ദേഹം പാർട്ടി ജനറൽ സെക്രട്ടറിസ്ഥാനത്തുനിന്നു വിരമിച്ച തിരുവനന്തപുരത്തു സ്ഥിരതാമസം ആക്കിയതുമുതലാണ്. പലപ്പോഴും രാഷ്ട്രീയകാര്യങ്ങൾ അദ്ദേഹത്തോടു ചർച്ച ചെയ്യാറുണ്ടായിരുന്നു. ചിലപ്പോഴെങ്കിലും സാമ്പ

ഇ. എം. എസിനോടൊപ്പം — രണ്ടു കാലഘട്ടങ്ങൾ.

ത്തികകാര്യങ്ങളിൽ എന്നിൽനിന്ന് അദ്ദേഹം വിശദീകരണങ്ങൾ തേടിയിട്ടുമുണ്ട്. ഇ.എമ്മിന്റെ മത്തായി മാഞ്ഞൂരാൻ സ്മാരകപ്രഭാഷണം തയ്യാറാക്കുന്നതിൽ ചെറുതല്ലാത്തൊരു പങ്ക് ഞാൻ വഹിക്കുകയുണ്ടായി. അക്കാലത്താണ് പ്രൊഫ: റ്റി.എൻ. കൃഷ്ണൻ പരസ്പരബന്ധിതതൊഴിൽക്കമ്പോളത്തെയും വേതനഘടനയെയും സംബന്ധിച്ച പ്രബന്ധം പ്രസിദ്ധീകരിച്ചത്. നീണ്ടൊരു സംവാദത്തിനുശേഷം ഈ പ്രബന്ധത്തിലെ ചില ഉൾക്കാഴ്ചകൾ ഇ.എം.എസ്. പ്രഭാഷണത്തിൽ ഉൾപ്പെടുത്തി.

സംസ്ഥാന പാർട്ടിസ്കൂളിനു രൂപം നല്കുന്നതിൽ ഇ.എം.എസിന്റെ സഹായികളായിരുന്നു ഞാനും ഇ.എം. ശ്രീധരനും. രണ്ടാഴ്ചയോളം നീളുന്ന സ്കൂളുകളായിരുന്നു അത്. ക്ലാസിലെ വിഷയങ്ങളിൽ മാത്രമല്ല, അദ്ധ്യയനരീതിയിലും സമൂലമാറ്റം വരുത്താൻ ഇ.എം.എസ് കൂടെനിന്നു. രസകരമായ ഒരു ഉദാഹരണം പറയാം. ജൻഡറിനെക്കുറിച്ചുള്ള ക്ലാസ് ആരംഭിക്കുന്നതുതന്നെ ഓരോ പഠിതാവും പൂരിപ്പിച്ചു നല്കേണ്ട ആത്മവിമർശനപരമായ ഒരു ചോദ്യാവലിയിൽനിന്നാണ്. ചിലർക്കെങ്കിലും ഇത് അരോചകമായി. ഇ.എം.എസിന്റെ സാന്നിദ്ധ്യം ഒന്നു മാത്രമാണ് ഇത്തരം പുതിയ അദ്ധ്യയനരീതികൾ അവലംബിക്കാൻ കരുത്തു തന്നത്. അദ്ദേഹത്തിന്റെ മരണശേഷം നടന്ന ജനകീയാസൂത്രണവിവാദത്തിൽ ഈ ചോദ്യാവലിയും ഒരു വിഷയമായിരുന്നു. ഡച്ചുകാർക്കുവേണ്ടി പാർട്ടിനേതാക്കളെപ്പറ്റിയുള്ള വിവരം ശേഖരിക്കാനുള്ള ചാരപ്പണിയാണെന്നാണു ചിലർ ആരോപിച്ചത്! ഇ.എം.എസ്. ഉണ്ടായിരുന്നെങ്കിൽ എന്ന് അന്നൊക്കെ ആശിച്ചുപോയിട്ടുണ്ട്.

ഇ.എം.എസുമായി സഹകരിച്ചു പ്രവർത്തിക്കാൻ കഴിഞ്ഞ ഏറ്റവും ബൃഹത്തായ പ്രവർത്തനം കേരളവികസനപഠനകോൺഗ്രസ് ആയിരുന്നു. ഇ.എമ്മിനു മാത്രമേ ഇത്തരമൊരു ഇടപെടലിന്റെ പ്രാധാന്യം ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നുള്ളൂ. ഒരു വികസനസെമിനാർ എന്നതിൽനിന്ന് ഒരു വർഷംകൊണ്ട് അനുക്രമമായി രണ്ടായിരത്തിലധികം ആളുകൾ പങ്കെടുക്കുന്ന, എഴുപതിൽപ്പരം സമ്മേളനങ്ങൾ നടക്കുന്ന, കോൺഗ്രസായി അതു രൂപപ്പെടുകയായിരുന്നു. ആയിരത്തിൽപ്പരം കത്തുകളാണ് ഇ.എം.എസ്.തന്നെ ഒപ്പിട്ട് അയച്ചത്. ഈ മഹാസമ്മേളനത്തിന്റെ ഓരോ ഘട്ടത്തിലും അദ്ദേഹം സജീവപങ്കാളി ആയിരുന്നു. തന്റെ തലമുറയുടെ കാലത്തെ വികസനപ്രശ്നങ്ങ

ളല്ല കേരളം അഭിമുഖീകരിക്കുന്നത്, പുതിയൊരു വികസനയജൻഡയ്ക്കു രൂപം കൊടുക്കേണ്ടതുണ്ട് എന്നതായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്.

പഠനകോൺഗ്രസിനുശേഷം ഇ.എം.എസ്. മുഖ്യപത്രാധിപരും ഇ.എം. ശ്രീധരനും ഞാനും എഡിറ്റോറിയൽ അംഗങ്ങളുമായി 'മാർക്സിസ്റ്റ് സംവാദം' പ്രസിദ്ധീകരണം ആരംഭിച്ചു. ശ്രീധരനും ഞാനുംകൂടി കേരളവികസനം സംബന്ധിച്ച തയാറാക്കിയ പ്രബന്ധത്തിൽ കേരളവികസനമാതൃകയെ പ്രകീർത്തിച്ചു. ഇ.എം.എസിനാകട്ടെ വികസനമാതൃക എന്ന ആ സങ്കല്പത്തോടുതന്നെ നിശിതമായ വിമർശനം ഉണ്ടായിരുന്നു. ഒട്ടേറെ തർക്കം നടന്നു. അവസാനം 'മാർക്സിസ്റ്റ് സംവാദ'ത്തിന്റെ ഒരു ലക്കത്തിൽ ഞങ്ങളുടെ പ്രബന്ധം പ്രസിദ്ധീകരിച്ചു. ഒപ്പം അദ്ദേഹത്തിന്റെ വിമർശനങ്ങൾ എഡിറ്റോറിയൽ കുറിപ്പായും ഉൾക്കൊള്ളിച്ചു. ഞങ്ങളുടെ പ്രബന്ധത്തെപ്പറ്റിയുള്ള വിദഗ്ധരുടെ ഒരു വട്ടമേശചർച്ചയും 'സംവാദ'ത്തിൽ വന്നിരുന്നു. ഞങ്ങളോടു വിയോജിച്ചുകൊണ്ടു കെ. വിജയചന്ദ്രൻ തന്ന ലേഖനത്തോട് ഇ.എം.എസ്. പൂർണ്ണമായി യോജിച്ചിരുന്നില്ലെങ്കിലും അതും 'സംവാദ'ത്തിൽ പ്രസിദ്ധീകരിച്ചു. സൈദ്ധാന്തികവും അക്കാദമികവുമായ ചർച്ചകളിൽ തന്റെ നിലപാടുകളിൽ ഉറച്ചുനില്ക്കുമ്പോഴും തുറന്ന ജനാധിപത്യമനസ് അദ്ദേഹത്തിന് ഉണ്ടായിരുന്നു.

മനോജ്: ജനകീയാസൂത്രണം അടക്കമുള്ള പരിപാടികൾ സുഗമമായി മുന്നോട്ടു കൊണ്ടുപോകാനും പ്രതിസന്ധികളിൽ താങ്കൾക്കു കരുത്തു പകരാനും പലപ്പോഴും ഇ.എം.എസിന്റെ ഇടപെടലുകൾ സഹായകമായിട്ടുണ്ടല്ലോ.

ഐസക്: ഇ.എം.എസുമായുള്ള സഹകരണബന്ധത്തിന്റെ ഏറ്റവും ഉയർന്ന പടവായിരുന്നു ജനകീയാസൂത്രണം. ജനകീയാസൂത്രണത്തെപ്പറ്റി ഇ.എം. ആദ്യമായി ചർച്ച ചെയ്യുന്നത് എന്നോടും ഇ.എം. ശ്രീധരനോടും ആണ്. 96-ൽ വന്ന എൽ.ഡി.എഫ്. സർക്കാരിന്റെ ഏറ്റവും പ്രധാന അജൻഡ അധികാരവികേന്ദ്രീകരണം ആയിരിക്കണം എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഇതിനു സഹായകമായി പ്രൊഫ: ഐ.എസ്. ഗുലാത്തിയെ ആസൂത്രണബോർഡ് ഉപാദ്ധ്യക്ഷനായി നിയമിച്ചുകഴിഞ്ഞിരുന്നു. ഇത്തരം ബൃഹത്തായൊരു അധികാരവികേന്ദ്രീകരണപ്രവർത്തനത്തിനു പ്രായോഗികമായി നേതൃത്വം നല്കാൻ കഴിയുന്ന ഒരു ബോർഡായിരുന്നു ലക്ഷ്യം.

ഗുലാത്തിയുടെ നിർദ്ദേശമായിരുന്നു സെൻ കമ്മിറ്റി. അതിന്റെ നിർദ്ദേശങ്ങൾ വരുമ്പോഴേക്കും അധികാരവികേന്ദ്രീകരണത്തിനായി ബഹുജനങ്ങളെ കക്ഷിരാഷ്ട്രീയത്തിന് അതീതമായി അണിനിരത്തുക എന്നത് ഇ.എം.എസിന്റെ അഭിപ്രായം ആയിരുന്നു. ഇതിന് ആസൂത്രണപ്രക്രിയയെ എങ്ങനെ ഉപയോഗപ്പെടുത്താം എന്നതിനു രൂപരേഖ തയ്യാറാക്കിയതു ഞാനും ഇ.എം. ശ്രീധരനും ചേർന്നാണ്. ആ കുറിപ്പ് ഇ.എം.എസ് വിശദമായി പഠിച്ചു ചില ഭേദഗതികൾ വരുത്തി അദ്ദേഹംതന്നെ മുൻകൈ എടുത്തു രാഷ്ട്രീയതീരുമാനമാക്കി മാറ്റി. പുതിയ പ്രസ്ഥാനത്തെപ്പറ്റി പാർട്ടിയിൽ റിപ്പോർട്ടു ചെയ്യാൻ വിളിച്ച മൂന്നു മേഖലായോഗത്തിലും ഞാനും ശ്രീധരനും ഇ.എമ്മിനോടൊപ്പം ഉണ്ടായിരുന്നു. ചെറിയൊരു ആമുഖത്തിനു ശേഷം ഞങ്ങളെക്കൊണ്ടാണ് അദ്ദേഹം റിപ്പോർട്ട് ചെയ്യിച്ചിരുന്നത്. ജനകീയാസൂത്രണത്തിന്റെ മുന്നോട്ടുള്ള ഓരോ

ച്ചുവടിലും അദ്ദേഹത്തിന്റെ കയ്യൊപ്പുണ്ട്. ‘ഇ.എം.എസും ജനകീയാസൂത്രണ വും’ എന്ന പേരിൽ ശ്രീധരനും ഞാനും ചേർന്ന നീണ്ട ഒരു പ്രബന്ധംതന്നെ പിന്നീട് എഴുതുകയുണ്ടായി.

ഈ ജനകീയാസൂത്രണപദ്ധതിക്ക് എതിരായിട്ടാണ സാമ്രാജ്യത്വഗൂഢാ ലോചനാവാദമെല്ലാമായി ഇ.എം.എസിന്റെ മരണശേഷം ചിലർ രംഗത്തിറ ങ്ങയത്! ഒരുപക്ഷെ, പുതിയ വികസനനയവും അതിനെ അടിസ്ഥാനമാക്കി യുള്ള ജനകീയാസൂത്രണവും ഇ.എം.എസ്. ഉണ്ടായിരുന്നപ്പോൾ എല്ലാവരും അംഗീകരിച്ചിരുന്നെങ്കിലും വേണ്ടത്ര ദഹിച്ചിരുന്നില്ല എന്നുവേണം കരുതാൻ. ഇതു മനസിലാക്കിയിരുന്ന ചിലർ പാർട്ടിയിലെ വിഭാഗീയപ്രവർത്തനത്തിന് ഒരു പ്രത്യയശാസ്ത്രമറയായി ജനകീയാസൂത്രണത്തെ ഉപയോഗിക്കുക ആയി രുന്നു.

നാലാംലോകവാദവും ജനകീയാസൂത്രണവും

മനോജ്: നാലാംലോകവാദമാണ ജനകീയാസൂത്രണത്തിന്റെ അടിസ്ഥാനം എന്ന് ആയിരുന്നല്ലോ വിമർശം. നാലാംലോകവാദത്തെക്കുറിച്ചുള്ള വിമർശ ങ്ങൾ ശരിയായിരുന്നില്ലേ? നാലാംലോകവാദത്തിന്റെ പരീക്ഷണം ആയിരു ന്നു അതെന്നു താങ്കളുടെ സുഹൃത്തും ശാസ്ത്രസാഹിത്യപരിഷത്തിൽ ഏതാണ്ട് ആചാര്യസ്ഥാനീയനുമായ എം.പി. പരമേശ്വരൻതന്നെ അവകാശപ്പെട്ടിട്ടുണ്ട ല്ലോ?

ഐസക്ക്: ഉണ്ട്. പക്ഷെ, ആ വാദങ്ങളോടു പാർട്ടിക്കു യോജിപ്പില്ല. അതുകൊ ണ്ടാണ് അദ്ദേഹത്തിനെതിരെ അച്ചടക്കനടപടി എടുത്തത്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ജനകീയാസൂത്രണം അങ്ങനെ ആയിരുന്നിരിക്കാം. ജനകീയാസൂത്രണത്തിൽ പങ്കെടുത്ത പലർക്കും വ്യത്യസ്തധാരണകൾ ഉണ്ടാ യിരുന്നിരിക്കാം. കോൺഗ്രസുകാരും ലീഗുകാരും ഒക്കെയായ പഞ്ചായത്തം ഗങ്ങൾ സി.പി.ഐ.എമ്മിന്റെ രാഷ്ട്രീയവീക്ഷണത്തോടെയാണ ജനകീയാ സൂത്രണത്തിൽ പങ്കെടുത്തതെന്ന് ആരും പറയില്ലല്ലോ. പലരും അതിലേ ക്ക് എത്തിച്ചേർന്നതു വ്യത്യസ്തകൈവഴികളിലൂടെയാണ്. ഇ.എം.എസിനും സി.പി.ഐ.എമ്മിനും സ്വന്തമായ പാതയും യുക്തിയും ഉണ്ട്. അതാകട്ടെ, 1957-ൽ വെട്ടിത്തെളിക്കാൻ തുടങ്ങിയ ഒന്നായിരുന്നു. അതിന്റെ കാഴ്ചപ്പാടാ കട്ടെ, മാർക്സിസത്തിന്റേതും ആയിരുന്നു.

പരിഷത്തിൽ ജനകീയാസൂത്രണം സംബന്ധിച്ച് എം.പി.യുടെ ചിന്താ ഗതി ഒരു പ്രത്യേക ധാര ആയിരുന്നു. അതിനോട് എന്നെപ്പോലെയുള്ളവർ ഒരിക്കലും യോജിച്ചിട്ടില്ല. എന്റെ നാലാംലോകവാദബന്ധത്തിനു തെളിവായി പലരും ചിത്രീകരിച്ചത് ജനകീയാസൂത്രണത്തെപ്പറ്റി ഞാൻ എഴുതിയ ഒരു ഗ്രന്ഥമാണല്ലോ. അത് യഥാർത്ഥത്തിൽ ജനകീയാസൂത്രണചരിത്രം സംബ ന്ധിച്ച ഡോ: എം.പി. പരമേശ്വരന്റെ ഗ്രന്ഥത്തിനുള്ള മറുപടി ആയിരുന്നു. ഈ വിമർശമൊക്കെ പറയുമ്പോഴും, കേരളത്തിലെയും ഇന്ത്യയിലെയും ജനകീയ ശാസ്ത്രപ്രസ്ഥാനത്തിനും പാർട്ടിസാഹിത്യത്തിന്റെ പുരോഗതിക്കും എം.പി. നല്കിയ സംഭാവനകളെ വിലമതിക്കുന്ന ഒരാളാണ ഞാൻ. ആശയപരമായ





ഇടത്തുനിന്ന്: റിച്ചാർഡ് ഫ്രാങ്കിയുമൊത്ത് ജനകീയാസൂത്രണത്തെപ്പറ്റി രചിച്ച പുസ്തകം; ഒരു ചൈനീസ് പ്രതിനിധിയുമൊന്നിച്ച് പാർട്ടിസമ്മേളനത്തിൽ.

വിയോജിപ്പുള്ളപ്പോഴും, അദ്ദേഹവുമായി ഇപ്പോഴും നല്ല സൗഹൃദം തുടരുന്നുമുണ്ട്.

റിച്ചാർഡ് ഫ്രാങ്കി എന്ന 'സി.ഐ.എ. ചാരൻ'

മനോജ്: ജനകീയാസൂത്രണവിവാദത്തിൽ താങ്കൾക്ക ഗണ്യമായി പരിക്കേല്പിച്ച ഒരു പേരാണ റിച്ചാർഡ് ഫ്രാങ്കി. വാസ്തവത്തിൽ ആരാണ് അദ്ദേഹം? അദ്ദേഹത്തെ എങ്ങനെയാണ പരിചയപ്പെടുന്നത്? ആ അടുപ്പത്തിന് എത്ര ആഴം ഉണ്ട്? ആ ബന്ധം എത്രമാത്രം ഗുണം ചെയ്തു? എത്ര ദോഷം ചെയ്തു?

ഐസക്ക്: കിഴക്കൻ ടിമോറിൽ അമേരിക്ക രഹസ്യയുദ്ധം നടത്തുന്നുവെന്ന വെളിപ്പെടുത്തുന്ന 'ഈസ്റ്റ് ടിമോർ: ദ് ഹിഡൻ വാർ' എന്ന ഗ്രന്ഥം രചിച്ചയാളാണ ഫ്രാങ്കി. ആഫ്രിക്കയിലെ ക്ഷാമത്തെപ്പറ്റി അദ്ദേഹം എഴുതിയ 'സീഡ്സ് ഓഫ് ഫാമിൻ' എന്ന പുസ്തകത്തിൽ സാമ്രാജ്യത്വ, വാണിജ്യവത്ക്കരണ നയങ്ങളാണ പാരിസ്ഥിതിക, കാർഷികത്തകർച്ചയ്ക്കും ക്ഷാമത്തിനും കാരണമെന്ന സ്ഥാപിച്ചിരിക്കുന്നു. സാഹേലിലെ ക്ഷാമം പ്രകൃതിദുരന്തമല്ല, സാമ്രാജ്യത്വസൃഷ്ടിയാണ് എന്ന വാദിക്കുന്നയാളാണ്. കേരളത്തിലെ വികസനാനുഭവത്തെ സാർവ്വദേശീയമായി പരിചയപ്പെടുത്താൻ ഏറെ സഹായിച്ച 'കേരള: റാഡിക്കൽ റീഫോംസ് ആസ് ഡവലപ്മെന്റ് ഇൻ ആൻ ഇൻഡ്യൻ സ്റ്റേറ്റ്' എന്ന ഗ്രന്ഥത്തിൽ ഇവിടുത്തെ ജീവിതനിലവാരം ഉയർത്തിയ സാമൂഹികയി

ടപെടലുകളുടെ കേന്ദ്രബിന്ദുവായി സ്ഥാപിച്ചിരിക്കുന്നതു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെയാണ്. കേരളത്തിന്റെ പുരോഗമനനേട്ടത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് അതിരുകവിഞ്ഞ പ്രാധാന്യം നല്കുന്നുവെന്നതിന്റെ പേരിൽ അക്കാദമിക് മേഖലയിൽ വിമർശവും അദ്ദേഹത്തിനു നേരിടേണ്ടി വന്നിട്ടുണ്ട്.

ഫ്രാങ്കിയെക്കുറിച്ചും അദ്ദേഹവുമായുള്ള എന്റെ ബന്ധത്തെക്കുറിച്ചും ഇന്നു വായിച്ചാൽ ചിരി വരുന്ന 'വെളിപ്പെടുത്തലുക'ളുടെയും 'കണ്ടെത്തലുക'ളുടെയും പരമ്പരതന്നെ മാദ്ധ്യമങ്ങളിൽ ഉണ്ടായി. പലരിലും ഇത് ആശയക്കുഴപ്പമുണ്ടാക്കി എന്നെനിക്കറിയാം. പക്ഷേ, ഒരിക്കൽപ്പോലും സംശയത്തിന്റെ ലാഞ്ഛന കാണിക്കാത്ത ഒരാളുണ്ടായിരുന്നു: പാർട്ടിസെക്രട്ടറി പിണറായി വിജയൻ. വിവാദം തുടങ്ങി ഏതാനും ദിവസങ്ങൾക്കുള്ളിൽ ഇവയെയൊക്കെ തള്ളിപ്പറഞ്ഞുകൊണ്ട് സ്വന്തം പേരിൽ പാർട്ടിപ്പത്രത്തിൽ അദ്ദേഹം ലേഖനമെഴുതി. അവസാനം പൊളിറ്റ് ബ്യൂറോതന്നെയും ഇടപെട്ടു.

പൊളിറ്റ് ബ്യൂറോ നടത്തിയ അന്വേഷണത്തിലെ നിഗമനം ഫ്രാങ്കിയും ഭാര്യ ബാർബറ ചേസിനും അമേരിക്കയിൽ പുരോഗമനവാദികളായും ഇടതുപക്ഷസഹയാത്രികരായും അറിയപ്പെടുന്നവരാണ് എന്നാണ്. വാസ്തവത്തിൽ, ഈ കമ്മ്യൂണിസ്റ്റ് ബന്ധത്തിന്റെ പേരിൽ അമേരിക്കൻ രഹസ്യാന്വേഷണയേജൻസിയായ എഫ്.ബി.ഐ.യുടെ രഹസ്യനിരീക്ഷത്തിലുള്ള ആളാണ് ഫ്രാങ്കി.

മനോജ്: അതെ. അക്കാര്യം രേഖകൾ സഹിതം ഞാൻ കൈരളി റ്റിവിയിൽ റിപ്പോർട്ട് ചെയ്തിരുന്നു.

ഐസക്ക്: അതെ. ഇതൊന്നും അറിയുകയും വായിക്കുകയും ചെയ്യാത്ത ചിലരാണ് ആ പണ്ഡിതനെ സി.ഐ.എ. ചാരനാക്കിയത്. അക്ഷരാർത്ഥത്തിൽ ആടിനെ പട്ടിയാക്കി, പേപ്പട്ടിയാക്കി, അതിന്റെ കൂടെ നടന്നവൻ എന്നു പറഞ്ഞ് എന്നെ ഹിംസിക്കാനുള്ള നീക്കം.

മറ്റൊരാരോപണം, അദ്ദേഹം പഠിപ്പിക്കുന്ന മോണ്ട് ക്ലെയർ സർവ്വകലാശാല സി.ഐ.എ.യുടെ സ്ഥാപനമാണ് എന്നതായിരുന്നു. ഇതും നുണയാണെന്നും തൊഴിലാളിക്കുട്ടികൾക്കുള്ള കമ്മ്യൂണിറ്റി കോളെജായി തുടങ്ങിയ ഈ സർവ്വകലാശാല സി.ഐ.എ.യ്ക്കു താത്പര്യം ഉണ്ടാകാവുന്നതരം സ്ഥാപനമല്ലെന്നും പി.ബി. അനേഷണറിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഫ്രാങ്കി ഇന്തോനേഷ്യയിൽ ചെന്ന ശേഷമാണ് അവിടെ കമ്മ്യൂണിസ്റ്റ് കൂട്ടക്കുരുതി നടന്നതെന്നായിരുന്നു വിമർശകരുടെ മറ്റൊരു കണ്ടുപിടിത്തം. 1960-കളുടെ നടുവിൽ കൂട്ടക്കുരുതി നടക്കുമ്പോൾ അമേരിക്കയിലെ ഹാർവാർഡിൽ ബിരുദവിദ്യാർത്ഥി മാത്രമായിരുന്നു അദ്ദേഹം. കൂട്ടക്കുരുതിക്കുശേഷം '69-ലാണ് അദ്ദേഹം ആദ്യമായി അവിടെ എത്തുന്നത്.

സത്യത്തിൽ ഇന്തോനേഷ്യയിലെ രാഷ്ട്രീയത്തടവുകാരെ സ്വതന്ത്രരാക്കാൻ അമേരിക്കയിൽ ഉണ്ടായ പ്രസ്ഥാനത്തിന്റെ സജീവപ്രവർത്തകൻ ആയിരുന്നു ഫ്രാങ്കി. അതിന്റെ പേരിൽ സുഹാർത്തോ ഭരണകൂടം അദ്ദേഹത്തിനു പിന്നീട് ഇൻഡോനേഷ്യയിലേക്കു വീസാപോലും നല്കിയിട്ടില്ല. ഫ്രാങ്കി

നരവംശശാസ്ത്രജ്ഞനാണ് എന്നതാണ് സി.ഐ.എ.ബന്ധത്തിനു വിമർശകർ ചൂണ്ടിക്കാട്ടിയ മറ്റൊരു തെളിവ്! ഇതിനൊക്കെ എന്തു മറുപടി പറയാൻ!

മനോജ്: ഫ്രാങ്കിയുമായുള്ള അടുപ്പത്തെപ്പറ്റി പറഞ്ഞില്ല?

ഐസക്ക്: 1980-കളിലാണു ഗവേഷണാർത്ഥം ഫ്രാങ്കി സി.ഡി.എസിൽ എത്തുന്നത്. അന്നുമുതൽ പരിചയമുണ്ട്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടും ഇടതുപക്ഷാഭിമുഖ്യവുമൊക്കെ എന്നെ അദ്ദേഹവുമായി അടുപ്പിച്ചു. കേരളത്തെക്കുറിച്ചുള്ള പല റഫറൻസുകൾക്കും എന്നെ സമീപിക്കാറുണ്ടായിരുന്ന ഫ്രാങ്കി എനിക്കു നല്ല കുടുംബസുഹൃത്തായിരുന്നു. 91-ലെ തെരഞ്ഞെടുപ്പുപരാജയത്തെപ്പറ്റി 'ഇക്കണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്ക്‌ലി' യിൽ ഞാൻ എഴുതിയ വിശകലനത്തിൽ സമ്പൂർണ്ണസാക്ഷരത, വിഭവഭൂപടനിർമ്മാണം, ഗ്രൂപ്പ് ഫാമിങ്, ദക്ഷത കൂടിയ അടുപ്പിന്റെ വ്യാപനം തുടങ്ങിയവയെയും മറ്റു ചില മുൻകാലവികസനാനുഭവങ്ങളെയുംപറ്റി പറഞ്ഞത് ഫ്രാങ്കിയെ ആകർഷിച്ചു. ഇവയെപ്പറ്റി കൂടുതൽ പഠനത്തിനു ഫ്രാങ്കി സഹകരണം ആവശ്യപ്പെട്ടു. 93-ൽ തുടങ്ങിയ ആ ഗ്രന്ഥത്തിലെ ഒരു അദ്ധ്യായമായി പരിഗണിച്ചിരുന്ന ദിനേശ് ബീഡി സംഘത്തിന്റെ പ്രവർത്തനാനുഭവം ഒരു പുസ്തകമായി വളർന്നു 98-ൽ കോർണൽ സർവ്വകലാശാലവഴി പുറത്തുവന്നു.

ഇത് അടിസ്ഥാനപുസ്തകത്തിന്റെ പണി പൂർത്തീകരിക്കുന്നതിനു കാലതാമസം വരുത്തി. അപ്പോഴേക്കും ജനകീയാസൂത്രണത്തിന്റെ തിരക്കിൽ ഞാൻ പൂർണ്ണമായും വീണിരുന്നു. ആ സാഹചര്യത്തിൽ ആദ്യപുസ്തകം അസാദ്ധ്യമായി. പകരം കേരളത്തിന്റെ സമ്പന്ന ജനാധിപത്യ വികസന പരീക്ഷണങ്ങളും വികസനരാഷ്ട്രീയവും പശ്ചാത്തലമാക്കി ജനകീയാസൂത്രണത്തെപ്പറ്റിയുള്ള അനുഭവപഠനമായി അതു മാറി. പാർട്ടിയുമായി ബന്ധപ്പെട്ട ലെഫ്റ്റ് വേഡ് എന്ന പ്രസാധകരാണു 'ലോക്കൽ ഡെമോക്രസി ആൻഡ് ഡെവലപ്മെന്റ്' എന്ന ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. എന്റെ ഏറ്റവും അറിയപ്പെടുന്ന ഗ്രന്ഥം ഇതാണ്. ഇതിനു ലാറ്റിൻ അമേരിക്കയിൽ സ്പാനിഷ്, പോർച്ചുഗീസ് എഡിഷനുകളും പ്രത്യേക അമേരിക്കൻ എഡിഷനും ഇറങ്ങിയിട്ടുണ്ട്.

ഞങ്ങൾ ഇപ്പോഴും നല്ല സുഹൃത്തുക്കളും അക്കാദമികസഹകാരികളുമായി തുടരുന്നു. ഞാൻ ഇങ്ങനെയൊക്കെ വിമർശം ഏല്ക്കേണ്ടിവന്നതിൽ അവരിരുവരും വലിയ ദുഃഖം പ്രകടിപ്പിച്ചിട്ടുണ്ട്. മോണ്ട്ക്ലയറിലെ അവരുടെ വീട് ഏതൊരു മലയാളിക്കും കടന്നുചെല്ലാവുന്ന ഇടമായിരുന്നു. വിരമിച്ചശേഷം മോണ്ട്ക്ലയറിൽനിന്നു മാറി ഒരു പരിസ്ഥിതിഗ്രൂപ്പിന്റെ ഹരിതഗ്രാമത്തിലാണു താമസം.

'വലതുപക്ഷപരിഷ്ക്കരണവാദി' പ്പട്ടം

മനോജ്: ധനമന്ത്രി എന്ന നിലയിൽ നേടിയ അംഗീകാരവും ക്ഷേമബജറ്റുകളും സി.പി.ഐ. (എം) കേന്ദ്രക്കമ്മിറ്റിയംഗത്വവും ഒക്കെക്കൂടി താങ്കളുടെ പ്രതിച്ഛായയിൽ കാര്യമായ മാറ്റം വരുത്തി. പഴയ ആരോപണങ്ങളും ഒടുങ്ങി. എങ്കിലും, താങ്കൾ നടപ്പാക്കുന്ന പദ്ധതികളിലും നിലപാടുകളിലുമൊക്കെ ഇങ്ങനെ

സാമ്രാജ്യത്വ, വലതുപക്ഷ, നവലിബറൽ പക്ഷപാതങ്ങൾ ആരോപിക്കപ്പെടുന്നത് എന്തുകൊണ്ടാണ്? പാർട്ടിയിലെ ആശയസമരത്തിൽ ഇരയാക്കപ്പെടുന്നതു മാത്രമാണോ? യഥാർത്ഥത്തിൽ താങ്കളുടെ നിലപാടുകൾക്ക് എന്തെങ്കിലും സവിശേഷതയുണ്ടോ? വിവാദങ്ങളെല്ലാം അടിസ്ഥാനരഹിതവും ഗൂഢാലോചനകളും ആയിരുന്നു എന്നാണോ?

ഐസക്: വിവാദങ്ങളെല്ലാം ഗൂഢാലോചനയായി ഞാൻ കാണുന്നില്ല. ചില തർക്കപ്രശ്നങ്ങളുമുണ്ട്. ഞാൻ എടുത്തുപോരുന്ന നിലപാടുകളിൽ വലതുപക്ഷപരിഷ്കരണവാദം ചിലർ കണ്ടെത്തിയെങ്കിൽ ഞാൻ അവരെ വിമർശിക്കില്ല. കാരണം, മുമ്പ് സ്വീകരിച്ചിരുന്ന നിലപാടുകളിൽനിന്നു വഴിമാറിനടക്കലുകൾ ഉണ്ട്. ഉദാഹരണത്തിന്, ജനകീയാസൂത്രണം സംബന്ധിച്ച് ഞാൻ എഴുതിയ വിവാദഗ്രന്ഥംതന്നെ എടുക്കുക. അതിൽ ആമുഖാദ്ധ്യായത്തിൽ ജനകീയാസൂത്രണം പോലുള്ള പരിപാടികൾ ഏറ്റെടുക്കുന്നതിനു പിന്നിലുള്ള രാഷ്ട്രീയം ചർച്ചചെയ്യുന്നുണ്ട്. അത് എഴുതുന്ന കാലത്ത് സംസ്ഥാനസർക്കാരുകളുടെ പ്രവർത്തനത്തിനു മാർഗ്ഗദർശനം ആയിരുന്നത് 1967-ൽ പാർട്ടികേന്ദ്രക്കമ്മിറ്റി അംഗീകരിച്ച 'പുതിയ പരിതസ്ഥിതിയും പുതിയ കടമകളും' എന്ന രേഖയാണ്. എന്നാൽ, മാറിയ സാഹചര്യത്തിൽ ഈ നിലപാട് അപ്രസക്തമാണെന്നും പുതിയൊരു സമീപനം വേണമെന്നും എന്റെ ഗ്രന്ഥത്തിന്റെ ആമുഖത്തിൽ വാദിച്ചിരുന്നു. ഇതിന് ഒരു ദശാബ്ദത്തിനുശേഷമാണ് 67-ലെ രേഖയ്ക്കു പകരം മറ്റൊരു സമീപനം ഔപചാരികമായി പാർട്ടിക്കോൺഗ്രസ് കൈക്കൊള്ളുന്നത്. വിപ്ലവമുന്നേറ്റത്തിന്റെ കാലമായിരുന്ന 67-ൽ താത്ക്കാലികപ്രതിഭാസമായേ സർക്കാരിലെ ഭരണപങ്കാളിത്തത്തെ പാർട്ടി കണ്ടിരുന്നുള്ളു. അതുകൊണ്ടു സർക്കാരിനെ സമാശ്വാസത്തിനും സമരത്തിനും വേണ്ടിയുള്ള ഉപകരണമായാണ് അന്നു കണ്ടത്. അതിനപ്പുറം ദീർഘകാലവികസനകാഴ്ചപ്പാടിന് ഒട്ടും പ്രാധാന്യം നല്കിയിരുന്നില്ല. എന്നാൽ, മാറിയ ആഗോള, ദേശീയ സാഹചാര്യങ്ങളിൽ വ്യത്യസ്തസമീപനം വേണമെന്നാണു ഞാൻ വാദിച്ചത്. പഴയ നിലപാടിൽത്തന്നെ നിന്നവർക്ക് ഇതൊരു വലതുപക്ഷവ്യതിയാനമായി ന്യായമായും തോന്നും. രൂക്ഷമായ ഉൾപ്പാർട്ടിച്ചർച്ച അനിവാര്യമാകും. അതിൽ എനിക്കു പരിഭവവും ഇല്ല. ഏതായാലും ഇപ്പോൾ പാർട്ടിക്കോൺഗ്രസ് ഇക്കാര്യത്തിൽ തീർപ്പു കല്പിച്ചിട്ടുണ്ടല്ലോ.

മനോജ്: ഇതൊക്കെ എന്തുകൊണ്ടാണു വിവാദങ്ങളാകുന്നത്?

ഐസക്: ആശയസംവാദത്തിനു പകരം പ്രത്യയശാസ്ത്രചർച്ചകളെ സ്ഥാനമാനങ്ങൾ നേടാനുള്ള വിഭാഗീയതയ്ക്ക് ഉപാധികളാക്കിയതാണു കാരണം. പാർട്ടിക്ക് അംഗീകരിക്കാവുന്ന രീതി ആയിരുന്നില്ല ഇത്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ രൂക്ഷമായ ഉൾപ്പാർട്ടിസമരങ്ങൾ എക്കാലത്തും ഉണ്ടായിട്ടുണ്ട്. ഒരിക്കൽ പി. കൃഷ്ണപിള്ള പാർട്ടിസംസ്ഥാനക്കമ്മിറ്റിതന്നെ പിരിച്ചുവിടുന്ന സന്ദർഭം ഉണ്ടായിട്ടുണ്ട്. ഇ.എം.എസ്. പലതവണ ഇതു പരാമർശിക്കുന്നുണ്ട്. പക്ഷേ, എന്താണു പാർട്ടിക്കുള്ളിൽ നടന്നതെന്ന് ഇന്നും പുറത്താർക്കും അറിയില്ല. ഭിന്നിപ്പിനുശേഷം ഇരു കമ്മ്യൂണിസ്റ്റ് പാർട്ടികളും ഇതേ അച്ചടക്കശൈലിതന്നെയാണു തുടർന്നുവന്നത്. നിയമസഭാസാമാജികരായിരുന്ന ചില

മുതിർന്ന നേതാക്കൾ അടുത്ത തെരഞ്ഞെടുപ്പിൽ മത്സരിക്കേണ്ടതില്ലെന്നു സംസ്ഥാനക്കമ്മിറ്റി തീരുമാനിക്കുകയും എന്നാൽ, അവരില്ലാതെ ഒരു തെരഞ്ഞെടുപ്പിലേക്കു പോകുന്നതു വിജയസാദ്ധ്യതയ്ക്ക് മങ്ങലേല്പിക്കും എന്നുള്ള നിശിതമായ വിമർശം പല ജില്ലാക്കമ്മിറ്റികളും ഉയർത്തിയതിനെ തുടർന്ന് ആ തീരുമാനം തിരുത്തി അവരെ മത്സരിപ്പിക്കുകയും ചെയ്ത സംഭവം മുമ്പും ഉണ്ടായിട്ടുണ്ട്. അത് എന്നാണെന്നോ ഏതു നേതാക്കളുടെ കാര്യത്തിലായിരുന്നെന്നോ ഇന്നും പാർട്ടിക്കുപുറത്ത് ആർക്കെങ്കിലും അറിയാമോ?

അന്നും വിഭാഗീയതക്കാലവും തമ്മിലുള്ള വ്യത്യാസം ഇതാണ്. ഉൾപ്പാർട്ടിച്ചർച്ചകളെല്ലാം മാദ്ധ്യമചർച്ചകളും വിവാദങ്ങളുമായി മാറി. ഇതു യാദൃച്ഛികമായി സംഭവിച്ചതല്ല. ഈയൊരു പരിണാമം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശൈലിയിൽ വരുത്തിയതു മലപ്പുറം സമ്മേളനമാണ്. വാർത്താച്ചാനലുകളുടെ മത്സരത്തിനു പാർട്ടി ഇരയാക്കപ്പെട്ടു. വിഭാഗീയതയുടെ അന്തരീക്ഷം ഒരുക്കിക്കൊടുത്ത സൗകര്യം അവർ നന്നായി പ്രയോജനപ്പെടുത്തി. അതിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഇന്നും തുടരുന്നു. ഉൾപ്പാർട്ടിക്കാര്യങ്ങൾ മാദ്ധ്യമങ്ങളോടു പങ്കുവെക്കുന്നതിൽ തെറ്റു കാണാത്തവരാണ് ഇന്നു പല സഖാക്കളും. തിരുത്തേണ്ട തെറ്റുകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് ഇതായിട്ടാണു ഞാൻ കരുതുന്നത്.

വിദേശനിക്ഷേപവും പാർട്ടിനിലപാടും

മനോജ്: വിവാദങ്ങൾ ഈ ശൈലിയുടെ പ്രശ്നം മാത്രമാണോ?

ഐസക്ക്: ജീവനുള്ള പാർട്ടിയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടാകും. കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളിൽ ലോകം എത്രമാത്രം മാറിയിരിക്കുന്നു. അതനുസരിച്ച് പ്രത്യയശാസ്ത്രനിലപാടുകളിലും രാഷ്ട്രീയകാഴ്ചപ്പാടുകളിലും അടവുകളിലും എന്തെല്ലാം മാറ്റങ്ങൾ വരുത്തണം എന്നതു സംബന്ധിച്ച് അഭിപ്രായവ്യത്യാസങ്ങൾ സ്വാഭാവികമാണ്. അവയെല്ലാം ഉൾപ്പാർട്ടിച്ചർച്ചകളിലൂടെയും വേണ്ടിവന്നാൽ പാർട്ടിത്തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൊതുചർച്ച വഴിയും പരിഹരിക്കപ്പെടേണ്ടതാണ്. ദൗർഭാഗ്യവശാൽ ഉണ്ടായത് ആരോഗ്യകര

ഇടത്തുനിന്ന്: ജനകീയാസൂത്രണകാലത്ത് മുഖ്യമന്ത്രി ഇ. കെ. നായനാർക്കൊപ്പം. പ്രൊഫ: ഐ. എസ്. ഗുലാത്തി സമീപം; അന്ന് സഹകരണ, വൈദ്യുതി മന്ത്രി ആയിരുന്ന പിണറായി വിജയനൊപ്പം സെക്രട്ടേറിയറ്റിൽ യോഗത്തിൽ.



മായ ചർച്ചയ്ക്കുപകരം വ്യക്തിഹത്യകളാണ്. പലർക്കും വളരെ ഡോഗ്മാറ്റിക്കും വാർപ്പുമാതൃകയിൽ ഉള്ളതുമായ ചിന്താഗതികളാണ് ഉള്ളത്. ഉള്ളടക്കത്തെക്കുറിച്ചല്ല, രൂപത്തെക്കുറിച്ചാണ വേവലാതി. നിങ്ങൾക്ക് ഒരു വികസനപ്രവർത്തനത്തെ തികച്ചും പരിഷ്കരണപരമായ ഒരു നടപടിയായി ചുരുക്കാം. എന്നാൽ, രാഷ്ട്രീയേച്ഛ ഉണ്ടെങ്കിൽ അതേ പ്രവർത്തനംതന്നെ രാഷ്ട്രീയേടപെടലിനുള്ള ശക്തമായ ഉപാധിയാക്കിയും മാറ്റാം. അധികാരവികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ ഇതു വളരെയേറെ പ്രസക്തമാണ്.

നവലിബറൽ എന്നൊക്കെ ചിലർ ആക്ഷേപിക്കുമ്പോൾ എനിക്ക തമാശ തോന്നാറുണ്ട്. നവലിബറൽ ചിന്താഗതിക്കെതിരെ കേരളത്തിൽ ഏറ്റവും കൂടുതൽ എഴുതിയിട്ടുള്ളവരിൽ ഒരാൾ ഞാനാണ്. 'കീഴടങ്ങലിന്റെ അർത്ഥശാസ്ത്രം', 'ലോകബാങ്കും നാണയനിധിയും', 'ആഗോളമാന്ദ്യവും ആഗോളവത്ക്കരണവും', 'അർത്ഥശാസ്ത്രപ്രവേശിക', 'സാമ്പത്തികബന്ധങ്ങൾ: കേന്ദ്രവും കേരളവും' എന്നിങ്ങനെ പുസ്തകങ്ങൾതന്നെയുണ്ട്; നിരവധി ലേഖനങ്ങളും.

മനോജ്: ഇങ്ങനെയൊക്കെയുള്ള താങ്കൾ അമേരിക്കൻ എംബസിയുടെ പ്രതിനിധികളുമായി ചർച്ച നടത്താൻ പോയത്?

ഐസക്ക്: അമേരിക്കൻ എംബസിയുടെ പ്രതിനിധികൾ മാത്രമല്ല, ഏതാണ്ട് ഒരു ഡസൻ വിദേശരാജ്യപ്രതിനിധികൾ മന്ത്രിയെന്ന നിലയിൽ എന്നെ കണ്ടിട്ടുണ്ട്. അവരെ കാണേണ്ടത് എന്റെ ചുമതലയുമാണ്. പാർട്ടിയുടെ രാഷ്ട്രീയ കാഴ്ചപ്പാട് എന്തെന്ന് അറിയാത്തവരാണ് 'വിക്കി ലീക്സ്' പുറത്തുവിട്ട, ഞങ്ങൾ പറഞ്ഞ കാര്യങ്ങൾ എന്തോ വലിയ ഞെട്ടിപ്പിക്കുന്ന സംഭവമാണെന്നു കരുതുന്നത്. അവരുടെ മനസിലിരിക്കുന്ന അഭിപ്രായങ്ങൾ പറയാനല്ല, ഞങ്ങളുടെ പാർട്ടിയുടെ അഭിപ്രായം പറയാനാണ രാഷ്ട്രീയപ്രവർത്തനം നടത്തുന്നത്.

വിദേശമൂലധനത്തോടുള്ള നിലപാട് പാർട്ടിപ്പരിപാടിയിൽ കൃത്യമായി വിശദീകരിച്ചിട്ടുണ്ട്. സാമ്രാജ്യത്വത്തിനുംകൂടി എതിരായുള്ള ഒരു വിപ്ലവമാണ് ഇന്ത്യയിൽ നടക്കേണ്ടത്. തന്ത്രപരമായ മേഖലകളിൽ, ധനകാര്യമേഖലയിൽ, ചില്ലറവ്യാപാരമേഖലയിൽ എന്നിങ്ങനെയുള്ള ഇടങ്ങളിലെല്ലാം വിദേശമൂലധനം കടന്നുവരുന്നതിനെ ഞങ്ങൾ വിട്ടുവീഴ്ചയില്ലാതെ എതിർക്കും. എന്നാൽ അതേസമയം വിദേശമൂലധനമേ പാടില്ല എന്ന നിലപാടു പാർട്ടിക്കില്ല. ജനകീയജനാധിപത്യവിപ്ലവം കഴിഞ്ഞാൽപ്പോലും ഇതായിരിക്കും സമീപനം. ഇതേപ്പറ്റി പാർട്ടിപ്പരിപാടിയിൽ പറയുന്നത് ഇതാണ്: 'ഉത്പാദനശേഷി വർദ്ധിപ്പിക്കാനും ആധുനികസാങ്കേതികവിദ്യ നേടാനും തെരഞ്ഞെടുത്ത മേഖലകളിൽ നേരിട്ടുള്ള വിദേശനിക്ഷേപം അനുവദിക്കും. മൊത്തം സമ്പദ്വ്യവസ്ഥയുടെ താത്പര്യം അനുസരിച്ച് അന്താരാഷ്ട്രമൂലധനത്തിന്റെ ഒഴുക്ക നിയന്ത്രിക്കും'. അന്നു മുഖ്യമന്ത്രി ആയിരുന്ന സഖാവ് വി.എസും പിണറായി വിജയനും തോമസ് ഐസക്കും എം.എ. ബേബിയുമെല്ലാം ഈ പാർട്ടിനിലപാടാണ് ആവർത്തിച്ചത്. പാർട്ടിപ്പരിപാടി അറിയാത്ത ചില ചാനൽച്ചർച്ചാജീവികളുടെയും യുട്ടോപ്യൻ തീവ്രപക്ഷക്കാരുടെയും അഭിപ്രായങ്ങൾ ഏറ്റുപറയാൻ ഞങ്ങളെ കിട്ടില്ല.

മനോജ്: പാർട്ടിസമ്മേളനങ്ങളിൽ വിക്കി ലീക്സ് അജൻഡ ആകുമെന്നൊക്കെ പലരും പ്രചരിപ്പിച്ചിരുന്നെങ്കിലും അതു വിവാദമാകാതിരുന്നത് അതുകൊണ്ടാണോ?

ഐസക്ക്: എന്തു വിവാദം? സഖാവ് നായനാരും സഖാവ് സുശീലാ ഗോപാലനും അമേരിക്കയിൽ പോയി വിദേശനിക്ഷേപം ആകർഷിക്കാൻ ശ്രമിച്ചിട്ടും പാർട്ടിയിൽ വിവാദമായിട്ടില്ല. പിന്നെയാണ്, അമേരിക്കക്കാർ ഇവിടെ വന്നു സംസാരിച്ചാൽ വിവാദമാകുന്നത്. പാർട്ടിസമ്മേളനം അടുത്ത വേളയിൽ ചില വിവാദങ്ങൾ സൃഷ്ടിക്കാൻ പഴയ അനുഭവം വെച്ച് ശ്രമിച്ചുനോക്കിയതാണ്. അതൊന്നും വിലപ്പോയില്ല.

പ്രഭാത് പട്നായിക്കുമായുള്ള ബന്ധം

മനോജ്: രാഷ്ട്രീയസമീപനങ്ങളിൽ പാർട്ടിബുദ്ധിജീവിയും ആസൂത്രണബോർഡ് മുൻ അംഗവുമായ പ്രൊഫ: പ്രഭാത് പട്നായിക്കുമായി അഭിപ്രായവ്യത്യാസങ്ങൾ ഉള്ളതായി മാദ്ധ്യമങ്ങൾ എഴുതിയിട്ടുണ്ടല്ലോ. പാർട്ടിയിലെ വിഭാഗീയതയുമായി ചേർത്തുള്ള ഇത്തരം വിവാദങ്ങൾക്ക് എന്താണു വിശദീകരണം? എങ്ങനെയാണ് അദ്ദേഹവുമായുള്ള ബന്ധം?

ഐസക്ക്: പ്രഭാത് പട്നായിക്ക് ഇന്ത്യയിലെ ഏറ്റവുംപ്രമുഖ മാർക്സിസ്റ്റ് അർത്ഥശാസ്ത്ര പണ്ഡിതനാണ്. അർത്ഥശാസ്ത്രത്തിൽ മൗലികമായ സംഭാവനകൾ നല്കിയിട്ടുള്ള ആൾ. മൂന്നുദശാബ്ദം നീണ്ട അടുത്ത സൗഹൃദവും അദ്ദേഹവുമായുണ്ട്. സൈദ്ധാന്തികവും ആനുകാലികവും ഒക്കെയായ കാര്യങ്ങളിൽ ഞങ്ങൾ രണ്ടു പേരും ധാരാളം എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്നവരാണ്. അപ്പോൾ എന്തെങ്കിലും ചില കാര്യങ്ങളിൽ വ്യത്യസ്താഭിപ്രായങ്ങൾ പ്രകടിപ്പിച്ചു എന്നു വരുന്നതു തികച്ചും സ്വാഭാവികമാണ്. ചില കാര്യങ്ങളിൽ വ്യക്തമായിത്തന്നെ വ്യത്യസ്തനിലപാടുകൾ ഉണ്ടുതാനും. അവ ഞങ്ങൾ പരസ്പരം ചർച്ചചെയ്യാറുമുണ്ട്. അക്കാദമികചർച്ചകൾ തികച്ചും അപരിചിതമായ കേരളത്തിൽ എന്തും വിവാദമാകാം എന്നുള്ളതുകൊണ്ട് ഇവ തുറന്ന ചർച്ചചെയ്യാറില്ല എന്നുമാത്രം. ഇതിനൊക്കെ വിഭാഗീയതയുമായി എന്തു ബന്ധം? കൈകാര്യംചെയ്യുന്ന വിഷയത്തിൽ, ഞങ്ങളുടെ പാർട്ടിയുടെ രീതികളിൽ, മാദ്ധ്യമപ്രവർത്തകർക്കു വേണ്ടത്ര അറിവില്ലാതെവരുന്നതിന്റെ പ്രശ്നം മാത്രമാണിത്.

ആസൂത്രണബോർഡ് അംഗം എന്നനിലയിലും മന്ത്രിയെന്ന നിലയിലുമൊക്കെ പൊതുരംഗത്തെ അഴിമതി തടയുന്നതിൽ ക്രിയാത്മകമായി ഇടപെടാൻകഴിഞ്ഞ ആളാണു താങ്കൾ; പലതും പിന്നീട് അട്ടിമറിക്കപ്പെട്ടെങ്കിലും. ഗ്രാമസഭയിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്, നിർമ്മാണപ്രവൃത്തികൾ ഗുണഭോക്തൃസമിതികളെ ഏല്പിച്ചത്, സർക്കാർവകുപ്പുകളും തദ്ദേശഭരണസ്ഥാപനങ്ങളും പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നത്, അവയുടെ സാമൂഹിക ഓഡിറ്റ്, ഭരണനടപടിക്രമം ലഘൂകരിക്കൽ, അഴിമതിരഹിതചെക്പോസ്റ്റുകൾ,... പലതും താങ്കളുടെ മുൻകയ്യിലോ സ്വന്തം വകുപ്പിലോ തുടങ്ങിവച്ച പരിഷ്ക്കാരങ്ങളാണ്. അഴിമതിയുടെ കോട്ടയായ മരാമത്തുവകുപ്പിന്റെ ചുമതല വി.എസ്. മന്ത്രിസഭയുടെ ഒരുഘട്ടത്തിൽ താങ്കൾക്കു ലഭിച്ചിരുന്നല്ലോ.

അന്ന് പി.ഡബ്ല്യു.ഡി. മാനുവൽ പരിഷ്കരിക്കുന്നതടക്കമുള്ള നടപടികളിലൂടെ അഴിമതിപ്പഴുതുകളിൽ കൈവയ്ക്കാൻ തുടങ്ങുമ്പോഴാണ വ്യക്തിപരമായി ഉന്നം വച്ച ലോട്ടറിവിവാദം പൊട്ടിപ്പുറപ്പെടുന്നത്. സാന്റിയാഗോ മാർട്ടിനിൽനിന്ന 'ദേശാഭിമാനി' ബോൺഡു വാങ്ങിയതുകൊണ്ട ലോട്ടറിക്കാര്യത്തിൽ കടുത്ത നിലപാടെടുക്കാതിരിക്കാൻ എന്തെങ്കിലും സമ്മർദ്ദം ഉണ്ടായിരുന്നോ?

ലോട്ടറിവിവാദം

ഐസക്ക്: എന്തിന്റെ പേരിലായാലും ആ പണം വാങ്ങിയത് തെറ്റായിപ്പോയി. അതു വളരെ അപമാനകരമായ സ്ഥിതിവിശേഷം സൃഷ്ടിച്ചു. പാർട്ടിതന്നെ സ്വയംവിമർശനപരമായി ഇത് അംഗീകരിച്ചിട്ടുള്ളതാണ്. പക്ഷെ, ലോട്ടറി സംബന്ധിച്ച നയത്തെ ഇതോ ലോട്ടറിക്കാർ നല്കുന്ന പരസ്യങ്ങളോ തെല്ലപോലും സ്വാധീനിച്ചിട്ടില്ല. അഞ്ചുവർഷം മന്ത്രിയായിരിക്കെ ലോട്ടറിരാജാക്കന്മാർ പോകട്ടെ, അവരുടെ ഒരു ഏജന്റിനുപോലും എന്നെ കാണാൻ അനുവാദം നല്കിയിട്ടില്ല. ലോട്ടറിപ്രശ്നത്തിൽ ഞാൻ എടുത്ത നിലപാടുകളെ ഏതെങ്കിലും തരത്തിൽ സ്വാധീനിക്കാൻ പാർട്ടിയിൽനിന്ന് ഒരാളും പ്രത്യക്ഷമായോ പരോക്ഷമായോ ശ്രമിച്ചിട്ടുമില്ല. പക്ഷെ, ദേശാഭിമാനി എടുത്ത കടം ലോട്ടറിവിവാദത്തിൽ വലിയ ആരോപണമായി ഉയർന്നു. എന്നെ ഏറ്റവും പ്രതിരോധത്തിൽ ആഴ്ത്തിയത് ഈ തുകയെ ലോട്ടറിനയവുമായി ബന്ധിപ്പിക്കാൻ പ്രതിപക്ഷം നടത്തിയ ശ്രമമാണ്. പക്ഷേ, ഒരു കാര്യംകൂടി പറഞ്ഞോട്ടെ. ദേശാഭിമാനി സാന്റിയാഗോ മാർട്ടിന്റെ കൈയിൽനിന്ന മുൻകൂറായി പരസ്യത്തിന്റെ രണ്ടുകോടിരൂപ വാങ്ങിയതിനെക്കുറിച്ച് ഇത്രയേറെ വാചാലരാകുന്ന കേരളത്തിലെ മറ്റു മാദ്ധ്യമങ്ങൾ അവർക്കു ലോട്ടറിപ്പരസ്യംവഴി കിട്ടിയ തുക എത്രയെന്നു തുറന്നു പറയാൻ തയ്യാറാകുമോ? പരസ്യപ്പണം അവരുടെ എഡിറ്റോറിയൽ നയത്തെ സ്വാധീനിച്ചോ എന്നും വ്യക്തമാക്കട്ടെ.

മനോജ്: താങ്കൾ അന്നു നാലരക്കൊല്ലം ലോട്ടറിവകുപ്പു കൈകാര്യം ചെയ്തിട്ടും തടയാൻ കഴിയാതിരുന്ന അന്യസംസ്ഥാനലോട്ടറിവില്പന, ലോട്ടറിപ്രശ്നം വി.എസ്. ഏറ്റെടുത്തയുടൻ തടയാൻ കഴിഞ്ഞത് എങ്ങനെ എന്ന ചോദ്യം പ്രസക്തമല്ലേ?

ഐസക്ക്: എന്നോടു പലരും ചോദിച്ചിട്ടുള്ള ചോദ്യമാണിത്. അന്യസംസ്ഥാന ലോട്ടറിക്കാരുടെ അനധികൃതടിക്കറ്റ് വാളയാറിൽ എന്റെ വകുപ്പു പിടികൂടിയത് പ്രതിപക്ഷമോ മാദ്ധ്യമങ്ങളോ ചൂണ്ടിക്കാണിച്ചിട്ടല്ല. ആ സംഭവത്തെ തുടർന്നുണ്ടായ നിയമനടപടികളാണു വില്പന തടസപ്പെടാൻ ഇടയാക്കിയത്. ലോട്ടറിവിവാദം തുടങ്ങിയശേഷം സർക്കാർ എടുത്ത നടപടികളെല്ലാം അതിനുമുമ്പും സ്വീകരിച്ചിരുന്നവയാണ്: വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ റദ്ദാക്കാൻ ഉത്തരവു നല്കി, നികുതി മേടിക്കാതിരുന്നു, അനധികൃതമായി കടത്തിയ ലോട്ടറി പിടിച്ചുവച്ചു. പക്ഷെ, അന്നും പിന്നീടും തമ്മിൽ ഒരു വ്യത്യാസം ഉണ്ടായി. ഇത്തരം ഓരോ കേസിലും ഹൈക്കോടതി സിംഗിൾ ബെഞ്ചും ഡിവിഷൻ ബെഞ്ചും സുപ്രീം കോടതിവരെയും ലോട്ടറിക്കാർക്ക് അനുകൂലമായാണു വിധിച്ചത്. ഒരു ഘട്ടത്തിൽ, കോടതിയിൽ

കെട്ടിവച്ച പണം നികുതിയായി കരുതി ലോട്ടറി നടത്താൻ അനുവാദംപോലും ഹൈക്കോടതി നല്കി. സംസ്ഥനസർക്കാരിനു നികുതി പിരിക്കാനല്ലാതെ ലോട്ടറിയെ നിയന്ത്രിക്കാൻ അധികാരമില്ല എന്നായിരുന്നു കോടതികളുടെ നിലപാട്. നിയമലംഘനം നടത്തിയാലും ക്രിമിനൽനടപടി എടുക്കില്ല എന്നു മുൻ യു.ഡി.എഫ്. സർക്കാർ സത്യവാങ്മൂലം നല്കിയിരുന്നതിനാൽ അത്തരം നടപടികളും സാദ്ധ്യമായിരുന്നില്ല. ഈ സത്യവാങ്മൂലം പിൻവലിക്കാൻ അനുവദിക്കണമെന്നു സുപ്രീം കോടതിയോടു നിരന്തരം ഞങ്ങൾ ആവശ്യപ്പെട്ടതിന്റെ ഫലമായാണ്, ഉപാധികളോടെ ചില നടപടികൾ സ്വീകരിക്കാനുള്ള അനുവാദം ലഭിച്ചത്. ഇതൊക്കെ നടക്കുമ്പോഴും അതിനു ശേഷവും ഞാൻതന്നെ ആയിരുന്നു ലോട്ടറിവകുപ്പിന്റെ മന്ത്രി.

ഭരണത്തിന്റെ അവസാനവർഷം ഉയർന്നുവന്ന രൂക്ഷമായ വിവാദവും ലോട്ടറിമാഫിയയുടെ വെട്ടിപ്പ് സംബന്ധിച്ച് ജനങ്ങളിൽ തിളച്ചുപൊന്തിയ വികാരവും കോടതിയെയും സ്വാധീനിച്ചു എന്നുവേണം കരുതാൻ. ഇതാണ് ഉണ്ടായ മാറ്റം. മുൻകാലങ്ങളിൽനിന്നു വ്യത്യസ്തമായി, കേസുകൾ അതിവേഗം തീർപ്പാക്കുന്നതിനുപകരം വിശദമായ അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കാൻ സർക്കാരിനു സമയം അനുവദിച്ചു. ഏറെത്തവണ കേസ് തുടർവാദത്തിനുവേണ്ടി നീട്ടിവെച്ചു. ഇതിന്റെയൊക്കെ ഫലമായി അന്യസംസ്ഥാനലോട്ടറിവില്പന പ്രായോഗികമായി തടസപ്പെട്ടു. അപ്പോഴും ഓർക്കേണ്ട കാര്യം, വിവാദം തുടങ്ങിയശേഷമുള്ള കേസുകളിലും സംസ്ഥാനസർക്കാരിനു നിയന്ത്രണാധികാരമുണ്ട് എന്ന് ഒരു കോടതിയും വിധിച്ചിട്ടില്ല എന്നതാണ്. അങ്ങനെതന്നെയാണ് ഇതുവരെ വന്നിരിക്കുന്ന വിധികളെല്ലാം.

മനോജ്: മാർട്ടിന്റെ സാമ്രാജ്യം 2011-ഓടെ അസ്തമിച്ചുതുടങ്ങിയിരുന്നല്ലോ. അതു പൂർത്തിയായി. ലോട്ടറിവിവാദത്തിന് അന്ത്യമായി എന്നു കരുതാമോ?

ഐസക്: മാർട്ടിനെ അറസ്റ്റു ചെയ്തതു തമിഴ്നാടു പൊലീസാണ്, ഭൂമിതട്ടിപ്പിന്. സാന്റിയാഗോ മാർട്ടിനടക്കം കേരളത്തിൽ വന്നു തെളിവു നല്കിയല്ലോ. യു.ഡി.എഫ്. സർക്കാരിന് അറസ്റ്റു ചെയ്യാൻ പറ്റിയോ? ഞാൻ ആ സർക്കാരിനെ കുറ്റം പറയില്ല. നിലവിലുള്ള കോടതിവിധിയുടെ അടിസ്ഥാനത്തിൽ സർക്കാരിന് അത് ആവില്ലായിരുന്നു. ഭാഗ്യവശാൽ ഭൂട്ടാൻ ലോട്ടറിനടത്തിപ്പു നിർത്തിവച്ചു. കേരളത്തിലെ വിവാദങ്ങളുടെ പശ്ചാത്തലത്തിൽ ഭൂട്ടാൻപത്രങ്ങൾ നടത്തിയ പ്രചാരണത്തിന്റെ ഫലം. തത്ക്കാലം പ്രശ്നം തീർന്നു.

പക്ഷെ, ഇതിനിടയിൽ ചില അപകടങ്ങൾ പതിയിരിക്കുന്നുണ്ട്. വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ ഇപ്പോഴും ലോട്ടറി നടത്തുന്നുണ്ട്. മാർട്ടിൻ ഇല്ലെങ്കിൽ മറ്റേതെങ്കിലും ഏജന്റു വരും. 2001 – 2006-ലെ യു.ഡി.എഫ്. സർക്കാർ കോടതിയിൽ കൊടുത്ത സത്യവാങ്മൂലം അതിനിടയിൽ പിൻവലിച്ച് അനുകൂലവിധി നേടിയില്ലെങ്കിൽ ലോട്ടറിമാഫിയ വീണ്ടും കേരളത്തിലേക്കു വരാം. കാര്യങ്ങൾ വീണ്ടും പഴയപടി ആകാം. മറ്റൊരപകടം, ഓൺലൈൻ ലോട്ടറിയെ ലോട്ടറിയായി അംഗീകരിച്ചുകൊണ്ടുള്ള യു.പി.എ.സർക്കാർ കൊണ്ടുവന്ന കേന്ദ്രചട്ടമാണ്. അതിന്റെ മറവിൽ ഓൺലൈൻ ലോട്ടറിക്കാരും വന്നുകൂടാ

ഇടത്തുനിന്ന്: മന്ത്രി പാലോളി മുഹമ്മദുകുട്ടി, പി. ഗോവിന്ദപ്പിള്ള, ജ: വി. ആർ. കൃഷ്ണയ്യർ, എൽ. ഡി. എഫ്. കൺവീനറും ജനകീയാസൂത്രണ ഉന്നതതലമാർഗ്ഗനിർദ്ദേശകസമിതി അദ്ധ്യക്ഷനുമായിരുന്ന വി. എസ്. അച്യുതാനന്ദൻ എന്നിവരുമായി സംഭാഷണത്തിൽ; ജനകീയാസൂത്രണപ്രവർത്തനങ്ങൾ കാണാൻ ഉൾനാടൻ ഗ്രാമങ്ങളും ആദിവാസിമേഖലകളും വി. എസ്. അച്യുതാനന്ദൻ സന്ദർശിച്ചപ്പോൾ.

യ്ക്കയില്ല. ഇതിനെല്ലാം എതിരെ കക്ഷിഭേദമെന്യേ എല്ലാവരും ജാഗ്രത പുലർത്തേണ്ടതുണ്ട്.

മനോജ്: ലോട്ടറിവിവാദം വ്യക്തിപരമായി എങ്ങനെ ബാധിച്ചു?

ഐസക്ക്: ഒരുപാടു സമയം വൃഥാ ചെലവായി. ട്രഷറിയിലും മറ്റും ലക്ഷ്യമിട്ട ചില കാര്യങ്ങൾ തന്മൂലം ചെയ്തുതീർക്കാൻ സമയം കിട്ടാതെപോയി. വ്യക്തിപരമായി എന്തെങ്കിലും അഴിമതി ചെയ്തിട്ടുണ്ടെന്നു രാഷ്ട്രീയേതിരാളികൾപോലും പറഞ്ഞിട്ടില്ല. പക്ഷെ, ആറേഴുമാസക്കാലം നീണ്ടുനിന്ന വിവാദങ്ങൾ, അതിൽത്തന്നെ പലതും കേസും സങ്കീർണ്ണതകളും നിറഞ്ഞവ, സംശയത്തിന്റെ പൊടിപടലം സൃഷ്ടിച്ചു. അഴിമതിയൊന്നും ഇല്ലെങ്കിലും കേസുനടത്തിപ്പിലും മറ്റും വീഴ്ച വന്നിട്ടുണ്ടോ എന്നു ചിലർ ന്യായമായും സംശയിച്ചിട്ടുണ്ടാകും. കേസു നടത്തുന്നതോ പൊലീസ്നടപടി സ്വീകരിക്കേണ്ടതോ ധനമന്ത്രിയല്ല എന്നതുപോലും പലരും മറന്നുപോയി.

ഇതിലൊന്നും ദുഃഖം ഇല്ലാതില്ല. ഏതായാലും നല്ലൊരു കാര്യം, ഇനി ഒരു വിധപ്പെട്ട ഏതു വിവാദം വന്നാലും എന്നെ ഏശാനിടയില്ല എന്നതാണ്. അത്ര യ്ക്ക കരുത്തു കിട്ടി. ജനകീയാസൂത്രണ, ലോട്ടറി വിവാദങ്ങളെക്കാൾ വലിയവ ഇനി ഉണ്ടാകാൻ ഇടയില്ലല്ലോ!

വടക്കേയറ്റത്തൊരു സഹപാഠിമന്ത്രി!

മനോജ്: സംസ്ഥാനം സ്വന്തമായി ബാങ്ക് തുടങ്ങുക എന്ന ആശയം ആദ്യം മന്ത്രിയായിരുന്നപ്പോൾ മുന്നോട്ടുവയ്ക്കുകയുണ്ടായല്ലോ? ഇന്നതു യാഥാർത്ഥ്യമായി. എങ്ങനെയാണാ ആലോചന സംഭവിച്ചത്?

ഐസക്ക്: വി.എസ്. മന്ത്രിസഭയുടെ കാലത്തുതന്നെ ഞങ്ങൾ ആലോചിച്ചതാണ് സ്വന്തമായി ഒരു ബാങ്ക്. അതു നടന്നില്ല. 2016-ലെ തെരഞ്ഞെടുപ്പിന് ഒരുങ്ങുമ്പോഴും ആ ആലോചന സജീവമായി. പുതിയൊരു ബാങ്കിനെക്കാൾ എളുപ്പം ത്രിതലസഹകരണസംവിധാനത്തെ ദ്വിതലസംവിധാനമായി രൂപപ്പെടുത്തൽ ആണെന്ന നിർദ്ദേശം കേരള പഠനകോൺഗ്രസ്സിൽ സഖാവ് പിണ

റായി മുന്നോട്ടുവച്ചു. സംസ്ഥാന-ജില്ലാ സഹകരണബാങ്കുകളുടെ സംയോജനത്തിലൂടെ രൂപംകൊള്ളുന്ന അപ്പെക്സ് ബാങ്ക് കേരളത്തിലെ ഏറ്റവും വലിയ ബാങ്ക് ആയിരിക്കും എന്നു കണ്ടു. നവകേരളസൃഷ്ടിയിൽ നിർണ്ണായകസ്ഥാനം ഇതിനു വഹിക്കാനുമാകും.

മനോജ്: മറ്റേതെങ്കിലും സംസ്ഥാനത്ത് സ്വന്തം ബാങ്ക് ഉണ്ടോ? റിസർവ്വ് ബാങ്ക് അനുമതി സംബന്ധിച്ചൊക്കെ ആശങ്കകൾ ഉണ്ടായിരുന്നല്ലോ?

ഐസക്ക്: ജമ്മു-കശ്മീർ സംസ്ഥാനത്തിന്റെ സ്വന്തം ബാങ്കായിരുന്നു ജെ. ആൻഡ് കെ. ബാങ്ക്. സംസ്ഥാനസർക്കാരിന്റെ ഉടമസ്ഥതയിലായിരുന്ന ബാങ്കിന്റെ സ്ഥിതി ആ സംസ്ഥാനംതന്നെ ഇല്ലാതായതിനെത്തുടർന്ന് എന്താകും എന്ന് അറിയില്ല. ഇപ്പോൾ ഏതായാലും പ്രവർത്തനം തുടരുന്നുണ്ട്. ജെ. ആൻഡ് കെ. ബാങ്ക് സംസ്ഥാനോടമസ്ഥതയിൽ ആയിരുന്നെങ്കിലും അത്തരം പുതിയ ബാങ്കുകൾ റിസർവ് ബാങ്കിനു സമ്മതമല്ലായിരുന്നു. പിന്നെ നയം മാറ്റി. അങ്ങനെയാണ് കേരളത്തിനും പുതിയ ബാങ്ക് എന്ന ആശയം ഉയർന്നുവന്നത്.

കഴിഞ്ഞതവണ ഞാൻ മന്ത്രി ആയിരിക്കുമ്പോൾ ബാങ്കിന്റെ നടത്തിപ്പു പഠിക്കാൻ കശ്മീരിൽ പോയിരുന്നു. അന്ന് ആ ബാങ്കിന്റെ പുതിയ ലോഗോയുടെ പ്രകാശനത്തിൽ മുഖ്യാതിഥി ഞാനായിരുന്നു.

അതിൽ ഒരു പഴയ സൗഹൃദത്തിന്റെ കഥകൂടിയുണ്ട്. അന്ന് ആ ബാങ്കിന്റെ ചെയർമാൻ ആയിരുന്നത് എന്റെ പഴയ സുഹൃത്ത് ഹസീബ് ഡ്രാബു ആണ്. സി.ഡി.എസിൽ 1980 – 92-കാലത്ത് ഞാൻ പിഎച്ച്.ഡി. ചെയ്യുമ്പോൾ ഹസീബ് ഡ്രാബു അവിടെ ഉണ്ടായിരുന്നു, എം.ഫിൽ. വിദ്യാർത്ഥിയായി. ആ എം.ഫിൽ. ബാച്ചിലെ ഏറ്റവും സമർത്ഥനായ വിദ്യാർഥി ആയിരുന്നു ഹസീബ്. സി.ഡി.എസിൽനിന്നു നേരെ ബിസിനസ് സ്റ്റാൻഡേഡ് പത്രത്തിൽ ചേർന്നു. പിന്നെ പത്താം ധനക്കമ്മിഷനിൽ ഇക്കണോമിസ്റ്റായി. ആസൂത്രണക്കമ്മിഷൻ ഉപദേശകനായി. പല പ്രശസ്തകമ്പനികളുടെയും ഡയറക്ടറായി. ഒടുവിൽ ജമ്മു-കശ്മീർ ധനമന്ത്രിയുമായി.

മനോജ്: തെക്കേയറ്റത്തെയും വടക്കേയറ്റത്തെയും സംസ്ഥാനങ്ങളുടെ ധനമന്ത്രിമാർ പഴയ വിദ്യാർത്ഥിസുഹൃത്തുക്കളായിരിക്കുക! പത്രങ്ങൾക്ക് ഒരു ബോക്സ് വാർത്തയാകുമായിരുന്നു.

ഐസക്ക്: അതെ. കിഴക്കേയറ്റത്തെ സംസ്ഥാനത്തുനിന്നുള്ള ധനമന്ത്രിക്കുമുണ്ട് അല്പം കേരളബന്ധം. പശ്ചിമബംഗാൾ ധനമന്ത്രി അമിത് മിത്രയുടെ ഭാര്യ കോഴിക്കോട്ടുകാരിയാണ്-ഡോ: കെ.എൻ. രാജിന്റെ അനന്തരവൾ. അഞ്ചുവർഷത്തെ ഇടവേളയ്ക്കുശേഷം ധനമന്ത്രിമാരുടെ എംപവേർഡ് കമ്മിറ്റിയുടെ യോഗത്തിനു കോൽക്കത്തയിൽ എത്തിയപ്പോൾ ഇവരെയെല്ലാം കാണാൻ അവസരം ഉണ്ടായി. അമിത് മിത്രയാണ് ഇപ്പോൾ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ. ആൾ തൃണമൂൽ മന്ത്രിയാണ്. കഴിഞ്ഞവട്ടം ഞാൻ മന്ത്രിയായിരുന്നപ്പോഴും പശ്ചിമബംഗാൾ ധനമന്ത്രിതന്നെ ആയിരുന്നു ചെയർമാൻ-സി.പി.ഐ.(എം)ലെ അസിം ദാസ് ഗുപ്ത. അമിത് മിത്ര രൂപത്തിലും ഭാവത്തിലും ഒരു പ്രൊഫസർ തന്നെ. ദില്ലി സ്കൂളിൽ ഡോ. കെ.എൻ. രാജിന്റെ

വിദ്യാർത്ഥി ആയിരുന്നു. അതുകൊണ്ട് സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിനെ അറിയാം. അങ്ങിനെ എന്നെയും.

ഇന്നത്തെ ജി.എസ്.റ്റി. നിയമത്തിൽ സംസ്ഥാനങ്ങൾക്കു കൂടുതൽ പരിഗണന വേണമെന്ന് ജി.എസ്.റ്റി. കൗൺസിൽ യോഗത്തിൽ ഹസീബ് ഡ്രാബു വാദിക്കുകയുണ്ടായി. പുതിയ ജി.എസ്.റ്റി. ഭരണഘടനാഭേദഗതിയിൽ കശ്മീരിന്റെ പ്രത്യേകപദവിക്കു സ്ഥാനം നല്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഭരണഘടന നല്കുന്ന പ്രത്യേകാവകാശം സംരക്ഷിച്ചുകൊണ്ടുള്ള ജി.എസ്.റ്റി. നിയമമേ തങ്ങൾ പാസ്സാക്കൂ എന്ന് ഹസീബ് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. ബിജെപിയുമായി സഖ്യത്തിൽ ജമ്മു-കശ്മീർ ഭരിക്കുകയായിരുന്ന ഈ ധനമന്ത്രിയുടെ നിലപാട് എനിക്കു കൗതുകകരമായി തോന്നി. ധനമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനാവകാശങ്ങൾക്കുവേണ്ടി വാദിക്കാൻ ഒരു കൂട്ടായിരുന്നു. എന്തുചെയ്യാം! മന്ത്രിസഭയെല്ലാം പിരിച്ചുവിട്ട് ജമ്മു-കശ്മീരിനെത്തന്നെ വിഭജിച്ചില്ലേ!

തലകീഴ് മറിച്ച ധനനയം

മനോജ്: സാധാരണ ധനമന്ത്രിമാർ എല്ലാ വകുപ്പിന്റെയും ധനാവശ്യങ്ങൾ നിഷേധിച്ച് ജനകീയരല്ലാതായി മാറുന്നതാണു സാധാരണ കാണാറ്. ആ നിഷേധാത്മകകാഴ്ചപ്പാടുതന്നെ താങ്കൾ തിരുത്തുകയുണ്ടായല്ലോ. ആദ്യമന്ത്രിപദത്തിന്റെ അഞ്ചുവർഷവും പണമില്ലെന്ന് ഒരിക്കലും പറഞ്ഞില്ല. താങ്കൾ ആ പദവിയെ ഗ്ലാമറസ് ആക്കിമാറ്റി! ഓരോ ബജറ്റും ഓരോ ആഘോഷം ആയിരുന്നു. ജനകീയനായ ധനമന്ത്രി എന്ന അംഗീകാരം നേടി. എന്തായിരുന്നു അതിന്റെ ജാലവിദ്യ?

ഐസക്ക്: ഇല്ല എന്നു പറയുന്ന പതിവ് ആദ്യ ഊഴത്തിലെ മൂന്നാം വർഷത്തോടെ പൂർണ്ണമായി അവസാനിപ്പിച്ചു. ഉള്ള വിഭവംവച്ചു കാര്യം നടത്തലല്ല, ആവശ്യത്തിനനുസരിച്ച് വിഭവം കണ്ടെത്തി നല്കുകയാണു ധനവകുപ്പിന്റെ ദൗത്യമെന്നു പുനർനിർവ്വചിച്ചു. ജീവനക്കാരെ അത്തരത്തിൽ പാകപ്പെടുത്തി. പണം ചെലവാക്കൽ സംബന്ധിച്ച യാഥാസ്ഥിതികധാരണകൾ തള്ളിക്കളഞ്ഞു. എല്ലാ ഫയലും ധനവകുപ്പിൽ വരണമെന്ന മാമൂലുതന്നെ നിർത്തി. മന്ത്രിമാർ ഇങ്ങോട്ടു വരാൻ കാത്തുനില്ക്കാതെ അങ്ങോട്ടു ചെന്നു നമുക്കു ചെയ്യേണ്ട കാര്യങ്ങൾ നിർദ്ദേശിക്കുന്നതിലേക്കു കാര്യങ്ങൾ നീങ്ങി. 2006 – 11 കാലത്ത് ധനസ്ഥിതി മെച്ചപ്പെട്ട മൂന്നാം വർഷം മുതലുള്ള ബജറ്റുകൾ സംസ്ഥാനത്തിനു പുതിയ ദിശാബോധം നല്കാൻ ലക്ഷ്യംവച്ചവ ആയിരുന്നു. താങ്കൾ പറഞ്ഞതു ശരിയാണ്, ഒരോ ബജറ്റും ഓരോ ആഘോഷംതന്നെ ആയിരുന്നു. അങ്ങിനെ ആക്കിയതാണ്. സമ്പദ്ഘടന, ധനകാര്യം, വികസനം ഇവയെക്കുറിച്ചുള്ള വലിയ അനൗപചാരികവിദ്യാഭ്യാസപരിപാടികൾ ആയിരുന്നു അവ. സാധാരണക്കാർപോലും ഇതൊക്കെ അറിയണം. ഇടപെടാനും ചോദ്യം ചെയ്യാനും അവർക്കു കഴിയണം.

സാധരണ ബജറ്റ്പ്രസംഗങ്ങൾ സെക്രട്ടറിമാർ ഇംഗ്ലീഷിൽ എഴുതിയുണ്ടാക്കി മലയാളത്തിൽ ആക്കാറാണ്. എന്നാൽ എന്റെ പ്രസംഗങ്ങളെല്ലാം

ഞാൻതന്നെ മലയാളത്തിൽ എഴുതുകയായിരുന്നു. എഴുതിത്തീരുമ്പോഴേക്കും ബജറ്റിന്റെ ഘടനതന്നെ മാറും. കണക്കിൽ ചേർക്കാൻ കഴിയാതെപോയ പലതും പ്രസംഗത്തിൽ ഉൾപ്പെടുത്താനുള്ള അധികാരം ഞാൻ ഫലപ്രദമായി ഉപയോഗിച്ചു. ഇവ പിന്നീട് സപ്ലിമെന്ററിയിലൂടെ ബജറ്റിൽ കൊണ്ടുവരുന്ന രീതി സ്വീകരിച്ചു. മാമൂൽധാരണക്കാരുടെ പതിവുനിയന്ത്രണങ്ങളും പരിമിതികളും മറികടക്കാനാണ് ഈ രീതി അവലംബിച്ചത്. ഇത് അറിയാതെയാണ പ്രതിപക്ഷം പലപ്പോഴും കണക്കിലില്ല, പ്രസംഗത്തിലേയുള്ളൂ എന്നു വിമർശിച്ചത്.

മനോജ്: കണക്കെഴുത്തിനപ്പുറം ബജറ്റിനെ സർഗ്ഗാത്മകവികസനദർശനം ആക്കുന്നതിൽ അക്കാദമികസുഹൃത്തുക്കളുടെ സഹായം കാര്യമായി കിട്ടിയിരുന്നു, അല്ലേ?

ഐസക്ക്: നിശ്ചയമായും. ഓരോ വിഷയത്തിലും പ്രാവീണ്യം ഉള്ളവരെ നേരിട്ടു ബന്ധപ്പെട്ടു വിളിക്കാൻ എനിക്കു കഴിയുമായിരുന്നു. പേരെടുത്തു പറയേണ്ട എന്റെ രണ്ടു വിദ്യാർത്ഥികളാണു ദില്ലി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസീസിൽ പ്രൊഫസറായ പിനാകി ചക്രവർത്തിയും റ്റാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിൽ അദ്ധ്യാപകനായ ഡോ: രാം കുമാറും. ഇവർ പലപ്പോഴും ഇവിടെ വന്നിട്ടുണ്ട്. ദില്ലിയിലും മുംബൈയിലും പോകുമ്പോഴും ഇവരെ കാണുമായിരുന്നു. ജെ.എൻ.യു.വിലെ സി.പി. ചന്ദ്രശേഖർ, ജയതി ഘോഷ്, കോൽക്കത്തയിലെ സുശീൽ ഖന്ന, ചെന്നൈയിലെ വെങ്കിടേഷ് ആത്രേയ, സി.ഡി.എസിലെ മുൻ സഹപ്രവർത്തകർ, തുടങ്ങി പലരും ഏറെ സഹായം നല്കിയിട്ടുണ്ട്. ഈ സഹകരണം പല പ്രവർത്തനങ്ങൾക്കും അക്കാദമികമാനം നല്കാൻ സഹായിച്ചിട്ടുണ്ട്. സംസ്ഥാനധനകാര്യത്തെപ്പറ്റി ശ്രദ്ധേയമായ പ്രബന്ധങ്ങളും പിനാകിയും രാംകുമാറും ഒക്കെയായി ചേർന്ന് ഇക്കാലയളവിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കടക്കെണിപ്പേടിയും 'നല്ലനാളെ'യും

മനോജ്: വായ്പക്കാര്യത്തിലും മറ്റുമുള്ള താങ്കളുടെ നിലപാടുകൾ കേവലം ധനതത്വശാസ്ത്രപരം മാത്രമല്ലേ? കടമെടുക്കാൻ സംസ്ഥാനത്തിനു താത്വികമായി ശേഷിയുണ്ടെന്നുകരുതി വൻതോതിൽ കടബാദ്ധ്യത ഉണ്ടാക്കിവയ്ക്കുന്നതു സാമാന്യജനങ്ങളുടെ യുക്തിക്കു ബോദ്ധ്യപ്പെടുമോ? ആളോഹരി കടബാദ്ധ്യതയുടെ കണക്കും കടക്കെണി എന്ന ആശങ്കയുമൊക്കെ കേട്ടു ജനം ഭയക്കില്ലേ?

ഐസക്ക്: നമ്മുടെ നാട്ടിൽ വായ്പ എടുത്തു കാര്യങ്ങൾ നടത്താത്തവർ എത്രപേരുണ്ട്? ഓരോരുത്തരും അവരവർക്കു താങ്ങാവുന്ന കടമാണ് എടുക്കുന്നത്. കൂടുതൽ ശേഷിയുള്ളവർ കൂടുതൽ എടുക്കും. ഇവിടെയും ശേഷിയാണ് ഒരു ഘടകം. ഏതാനും കിലോ ഭാരം മാത്രം എടുക്കാൻ കഴിയുന്ന കൊച്ചു കുട്ടി വളർന്നു കരുത്തനായ യുവാവായി മാറുമ്പോൾ ഒരു ക്വിന്റൽച്ചാക്കുതന്നെ എടുക്കാനാകും. അതുപോലെ, സമ്പദ്ഘടന കരുത്തു നേടുമ്പോൾ കൂടുതൽ കടം എടുക്കാം. കേരളസമ്പദ്ഘടനയുടെ ആരോഗ്യം നാൾക്കുനാൾ മെച്ചപ്പെടുകയായിരുന്നു. അതു 12 – 14 ശതമാനം വേഗത്തിൽ വളരുകയായിരു

ന്നു; യു.ഡി.എഫ്. ഭരിക്കുന്ന വർഷങ്ങളിലും. അതുകൊണ്ട്, കടത്തിന്റെ തുക കൂടിയാലും ആഭ്യന്തരവരുമാനത്തിന്റെ അടിസ്ഥാനത്തിൽ കടഭാരം കൂടില്ല, കുറയുകയാണു ചെയ്യുക. കേവലമായ തുക കണ്ട് ആരും പരിഭ്രമിക്കേണ്ടതില്ല. ക്വിന്റൽ ചാക്ക് എടുക്കാമെങ്കിലും അത്രയൊന്നും നാം എടുക്കുന്നുമില്ല.

മറ്റൊരു ഘടകം, പരിധിയാണ്. ഒരാൾ വായ്പയ്ക്കു നമ്മുടെ ഈടിന്റെ അടിസ്ഥാനത്തിൽ നിശ്ചിത തുകയ്ക്ക് അപ്പുറം തരില്ലെന്നു ബാങ്കുകാർ പറയില്ലേ? ഇവിടെയും പരിധിയുണ്ട്. നിങ്ങൾ എത്ര ശ്രമിച്ചാലും സംസ്ഥാനവരുമാനത്തിന്റെ മൂന്നു ശതമാനത്തിനപ്പുറം വായ്പ എടുക്കാൻ നിയമം അനുവദിക്കില്ല. അതുകൊണ്ട്, ഇഷ്ടംപോലെ, അപകടകരമായ തോതിൽ, വായ്പയെടുക്കാൻ കഴിയുമെന്ന് ആരും തെറ്റിദ്ധരിക്കണ്ടാ.

പിന്നെ, താങ്ങാവുന്നത്രയും വായ്പ എടുത്താൽ അത്രയും റോഡും പാലവുമെല്ലാം പണിയാം. വേണ്ടെന്നു വച്ചാൽ ഇവയൊക്കെ 'നല്ല നാളെ' ഉണ്ടാകുന്ന കാലത്തേക്കു മാറ്റിവയ്ക്കണം.

മനോജ്: ഉയർത്തപ്പെടുന്ന വേവലാതി അടിസ്ഥാനരഹിതം ആണെന്നാണോ?

ഐസക്ക്: ആണെന്നാണ് എന്റെ പക്ഷം. പക്ഷെ, തിരുത്തേണ്ട ഒരു ദൗർബല്യമുണ്ടെന്നു ഞാനും അംഗീകരിക്കുന്നു. നാം എടുക്കുന്ന വായ്പയുടെ നല്ലപങ്കും നിത്യനിദാന (റവന്യൂ) ച്ചെലവിനാണ് ഉപയോഗിച്ചുവന്നത്. അപ്പോൾ റേഷൻ വാങ്ങാൻ എല്ലാ ആഴ്ചയും കടം വാങ്ങിയാൽ സംഭവിക്കുന്നതു സർക്കാരിനും സംഭവിക്കും. എന്നാൽ ഇന്നു കടമെടുത്തു നിത്യനിദാനം നടത്താൻ നിയമം അനുവദിക്കില്ല. അതുകൊണ്ട് ആ പഴയ വേവലാതിക്ക് ഇന്നു ന്യായമില്ല. പ്രത്യുത്പാദനകരമായി ചെലവഴിക്കുമ്പോൾ തിരിച്ചടയ്ക്കാനുള്ള വരുമാനം അതിൽനിന്നുതന്നെ ഉണ്ടാകും. നിങ്ങൾ വായ്പയെടുത്തു വ്യവസായം നടത്തുന്നതുപോലെയേ ഉള്ളൂ ഇത്.

മാണി Vs. ഐസക്ക്

മനോജ്: കേരളത്തിന്റെ ധനസ്ഥിതിയുമായി ബന്ധപ്പെട്ട് എന്തിനായിരുന്നു ഉമ്മൻ ചാണ്ടിമന്ത്രിസഭയുടെ ആദ്യഘട്ടത്തിൽ കെ.എം. മാണിയുമായി നടന്ന രൂക്ഷമായ ഏറ്റുമുട്ടൽ?

ഐസക്ക്: അതു ഞാനല്ലല്ലോ തുടങ്ങിവച്ചത്. മറ്റു മന്ത്രിമാരിൽനിന്നു വ്യത്യസ്തനായി അദ്ദേഹമല്ലേ തനിക്കു മുമ്പുള്ള അഞ്ചുവർഷം മുഴുവൻ ധനകാര്യകെടുകാര്യസ്ഥത ആയിരുന്നു എന്നു സത്യപ്രതിജ്ഞയുടെ അന്നു മുതൽ ആരോപിച്ചുനടന്നത്. അതു കേട്ടില്ലെന്നു നടിച്ചു പോകാനാകുമായിരുന്നോ?

മനോജ്: എങ്കിലും 'കള്ളം, പച്ചക്കള്ളം, പിന്നെ കെ.എം. മാണിയുടെ കണക്കുകളും' എന്നു ബദൽ ധവളപത്രത്തിനു പേരിടണമായിരുന്നോ? ഒരാളെ കള്ളനെന്നു വിളിച്ച് ആക്ഷേപിച്ചാൽ അദ്ദേഹവുമായി സംവാദം എങ്ങനെ നടക്കും? പ്രകാശനവേളയിൽത്തന്നെ ജി. വിജയരാഘവൻ ഇതിനെ വിമർശിച്ചില്ലേ?

ഐസക്ക്: പിന്നെ കെ.എം. മാണി പറഞ്ഞതു മുഴുവൻ നേരായിരുന്നോ? ധനകാര്യരംഗത്തു കെടുകാര്യസ്ഥത ആയിരുന്നോ ഇവിടെ? മാത്രമല്ല, അദ്ദേഹത്തെ

കള്ളനെന്നു വിളിക്കുക ആയിരുന്നില്ലല്ലോ. സ്റ്റാറ്റിസ്റ്റിക്സ് പഠിപ്പിക്കുമ്പോൾ സാധാരണ ഉദ്ധരിക്കുന്ന ഒരു ചൊല്ലാണ്, 'ലൈസ്, ഡാം ലൈസ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്' (കള്ളം, പച്ചക്കള്ളം, പിന്നെ സ്ഥിതിവിവരക്കണക്കും) എന്നത്. ഇതിന്റെ ഒരു ഹാസ്യാനുകരണം മാത്രമാണാ പുസ്തകപ്പേര്. ധവളപത്രം തയ്യാറാക്കിയ വ്യക്തിയെയല്ല, അദ്ദേഹം ഇറക്കിയ രേഖയെയാണ് ആ പേരിലൂടെ തുറന്നുകാട്ടിയത്. എന്റെ സുഹൃത്തു വിജയരാഘവനുപോലും ഇതു മനസിലായില്ല എന്നു തോന്നുന്നു.

പിന്നെ, കെ.എം. മാണിയുടെ ധവളപത്രം കള്ളക്കണക്കുകൾ, തമസ്കരിക്കപ്പെട്ട കണക്കുകൾ, കണക്കുകൊണ്ടുള്ള കസർത്തുകൾ എന്നിവയുടെ ഒരു രേഖയാണ്. ഓരോന്നും എണ്ണിയെണ്ണി അതിൽ ഞാൻ പൊളിച്ചിട്ടുമുണ്ട്. ഒന്നിനു പോലും അദ്ദേഹത്തിനു മറുപടി ഉണ്ടായില്ലല്ലോ.

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരും ധവളപത്രം ഇറക്കിയിരുന്നല്ലോ. അതിനെ ആരും കള്ളക്കണക്കെന്നു വിശേഷിപ്പിച്ചില്ലല്ലോ. എന്നാൽ കെ.എം. മാണിയുടെ ധവളപത്രം അതല്ല. ധവളപത്രം എന്ന സങ്കല്പത്തിന് ഒരു ആധികാരികതയുണ്ട്. എന്തെല്ലാം വ്യാഖ്യാനഭേദം ഉണ്ടാകാമെങ്കിലും സമഗ്രവും വസ്തുനിഷ്ഠവുമായ കണക്കുകൾ അതിലുണ്ടാകും. എന്നാൽ കെ.എം. മാണി വിവരങ്ങളെ ബെടക്കാക്കി വിതണ്ഡവാദം തീർക്കുക (ഫഡ്ജിങ്) ആയിരുന്നു എന്നു ഞാൻ പറയും. വേറൊന്നുമില്ലെങ്കിലും സർക്കാരിന്റെ പേരിൽ നിയമസഭയിൽ അവതരിപ്പിച്ച രേഖയല്ലേ?

മനോജ്: ഏറ്റവുമധികം കാലം ധനമന്ത്രി ആയിരുന്ന ആളല്ലേ മാണി. ആ പരിചയസമ്പത്തിനെ അംഗീകരിക്കേണ്ടേ?

ഐസക്ക്: അനുഭവസമ്പത്തിനെപ്പറ്റി എനിക്കു തർക്കമില്ല. ആ സ്ഥിരോത്സാഹവും എന്നെ അസൂയപ്പെടുത്തിയിട്ടുണ്ട്. പക്ഷെ, ആ പരിചയസമ്പത്തു തികച്ചും വ്യത്യസ്തമായ ഒരു ധനകാര്യകാലഘട്ടത്തിലേതായിരുന്നു. പുതിയ സാഹചര്യത്തെ ഉൾക്കൊള്ളാൻ അദ്ദേഹത്തിന് ആയിരുന്നില്ല.

മനോജ്: കേരളത്തിലെ മുൻധനമന്ത്രിമാരിൽ ആരോടാണ് ഏറ്റവും ബഹുമാനം?

ഐസക്ക്: ഏറ്റവും ബഹുമാനം സി. അച്യുതമേനോനോട്. ഒന്നാം കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിലെ ധനമന്ത്രി അദ്ദേഹമായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ ബജറ്റ് പ്രസംഗങ്ങൾ വിശദമായി പഠിക്കുകയുണ്ടായി. വലിയ ബഹുമാനം തോന്നി. ഞാൻ അതിനെ ആസ്പദമാക്കി ചിന്തയിൽ സുദീർഘമായ ലേഖനം എഴുതുകയും ചെയ്തു.

ആദ്യബജറ്റ് തയ്യാറാക്കാൻ രണ്ടു പ്രഗത്ഭരുടെ പിന്തുണ അദ്ദേഹത്തിനുണ്ടായിരുന്നു. അശോക് മിത്രയും ഐ.എസ്. ഗുലാത്തിയും. ഇരുവരും ആദ്യമായി കേരളത്തിൽ വന്നത് ബജറ്റ് തയ്യാറാക്കാനായിരുന്നു. ഈ വരവിനെപ്പറ്റി ഐ.എസ്. ഗുലാത്തി രസകരമായ ഒരു കഥ പറയുകയുണ്ടായി.

രാജിനോട് ഇ.എം.എസ്. സഹായം ആവശ്യപ്പെട്ടു, മിടുക്കരായ രണ്ടു പേരെ വേണമെന്ന്. അങ്ങനെ ഡോ: രാജിന്റെ നിർദ്ദേശപ്രകാരമാണ് ഇവരെ കേരളത്തിലേക്കു പോകാൻ പാർട്ടി നിർദ്ദേശിച്ചത്. രണ്ടു ചെറുപ്പ

ക്കാർ. ഒരാൾ ദില്ലിയിൽനിന്നും മറ്റെയാൾ കോൽക്കത്തയിൽനിന്നും പുറപ്പെട്ടു. വലിയ പരസ്യമൊന്നും കൊടുക്കാതെ വേണം സന്ദർശനം എന്നു നിർദ്ദേശിച്ചിരുന്നു. അന്ന് ഇൻഡ്യൻ എയർലൈൻസ് വിമാനമെല്ലാം നാഗ്പൂരിൽ ഇറങ്ങിയിട്ടാണു മറ്റിടങ്ങളിലേക്കു പോയിരുന്നത്. അതായിരുന്നു ഹബ്ബ്. നാഗ്പൂരിൽ ഗുലാത്തിയും മിത്രയും കണ്ടു. പല കാര്യങ്ങളെപ്പറ്റിയും ചർച്ചയൊക്കെ നടത്തി. പക്ഷേ, കേരളത്തിലേക്കാണു യാത്രയെന്നതു പരസ്പരം മറച്ചുവച്ചു. ഒടുവിൽ തിരുവനന്തപുരം വിമാനത്തിൽ കയറിയപ്പോൾ രണ്ടുപേർക്കും കിട്ടിയത് അടുത്തടുത്ത സീറ്റ്! പിന്നത്തെ തമാശ പറയേണ്ടല്ലോ.

അക്കാലത്തുതന്നെ ഗുലാത്തി കേരള ബജറ്റ് അനുഭവത്തെപ്പറ്റി ഇക്കണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്ക്‌ലിയിൽ 'ബാംബൂ കർട്ടനു പിന്നിൽ' എന്ന തലക്കെട്ടിൽ രണ്ടു ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി.

ജനകീയാസൂത്രണത്തിലെ 'സഞ്ചാരീ' ഭാവം

മനോജ്: ഗുലാത്തിയുടെ പേരു വീണ്ടും ജനകീയസൂത്രണത്തിലേക്കു ശ്രദ്ധ തിരിക്കുന്നു. ജനകീയാസൂത്രണകാലത്തെ യാത്രകൾ എനിക്കറിയാം. ഇന്നു കണ്ണൂർ, നാളെ ഇടുക്കി, മറ്റെന്നാൾ വയനാട്, പിറ്റേന്നു കൊല്ലം, അടുത്ത ദിവസം കാസർഗോട്, ഇങ്ങനെ. രാത്രി ഉറങ്ങാതെ എഴുത്തും ആസൂത്രണവും. മന്ത്രിയായിരിക്കുമ്പോഴും പുലർച്ചെ മൂന്നുമണിവരെ ഇരുന്ന് എഴുതിയിട്ടു നാലിനോ അഞ്ചിനോ യാത്ര, ദില്ലിക്കോ വാളയാറിനോ ആലപ്പുഴയ്ക്കോ. ഇതെങ്ങനെ സാധിക്കുന്നു? ഒരു തവണ ഹൃദ്രോഗബാധ ഉണ്ടായിട്ടും വകവയ്ക്കാതെ...

ഐസക്ക്: ജീവിതത്തിലെ ഉത്സാഹഭരിതവും സർഗ്ഗാത്മകവും ആയ കാലം ഏതെന്നു ചോദിച്ചാൽ നിസ്സംശയം പറയും ജനകീയാസൂത്രണത്തിന്റെ അഞ്ചു വർഷങ്ങൾ ആയിരുന്നെന്ന്. മുൻപരിചയം ഇല്ലാത്ത ഒരു പുതിയ സംവിധാനത്തെ ഒട്ടനവധി ആളുകൾ കൂട്ടമായി കരുപ്പിടിപ്പിക്കുക! അതും എന്തെല്ലാം തരം ആളുകൾ! ആ വർഷങ്ങളിൽ ദിവസം ശരാശരി നാലഞ്ചു മണിക്കൂറിൽ കൂടുതൽ ഉറങ്ങിയിട്ടില്ല. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ആസൂത്രണ ബോർഡു മാത്രം പ്രസിദ്ധീകരിച്ച കൈപ്പുസ്തകങ്ങൾ, ഗൈഡുകൾ എല്ലാംകൂടി അയ്യായിരത്തിലധികം പേജ് വരും! പേരു വയ്ക്കാത്തവ മിക്കതും ഞാൻതന്നെ എഴുതിയതാണ്. പലതും കാറിലിരുന്നു ഡിക്റ്റേഷൻ നല്കിയത്. മറ്റുള്ളവർ എഴുതുന്നതു പരിശോധിക്കുന്നതും യാത്രകളിൽത്തന്നെ ആയിരുന്നു. ഞാൻ പറയുന്നതു പകർത്തിയെഴുതാൻ വിദഗ്ധരായ മൂന്നുനാലുപേർ ജനകീയാസൂത്രണ സെല്ലിൽ ഉണ്ടായിരുന്നു. എത്ര കഷ്ടപ്പെടാനും മടിയില്ലാത്ത, സമൂഹബദ്ധതയുള്ള, ഹരം പിടിപ്പിക്കുന്ന ഒന്നാന്തരം ടീം! ആ ബന്ധങ്ങൾ മിക്കവാറും ഇന്നും തുടരുന്നു.

(ആ ടീമിൽ മീഡിയ കോർഡിനേറ്റർ എന്നനിലയിൽ ഉണ്ടാകാൻ കഴിഞ്ഞതിന്റെ സന്തോഷം ഞാനും പങ്കുവയ്ക്കട്ടെ!)

മനോജ്: എങ്കിലും, അന്ന് ഉദ്ദേശിച്ചതുപോലെ കാര്യങ്ങൾ പിന്നീടു നടന്നോ?

ഐസക്ക്: ഇല്ല. ജനകീയാസൂത്രണവിവാദം അപരിഹാര്യമായ പരിക്കേല്പിച്ചു. 2001-ലെ ഭരണമാറ്റം ജനകീയാസൂത്രണത്തെ അട്ടിമറിച്ചില്ലെങ്കിലും മുന്നോട്ടുപോക്കിനു വലിയ വിഘാതം സൃഷ്ടിച്ചു. ലോകം മുഴുവൻ പ്രശംസിച്ച ആ പരീക്ഷണം നിലനിർത്തിയതിൽ എ.കെ. ആന്റണിയുടെ വിശാലകാഴ്ചപ്പാട് ഒരു പങ്കു വഹിച്ചിട്ടുണ്ട്. എന്നാൽ 2011 – 16 കാലത്തെ ഭരണക്കാർ നേരേ തിരിച്ചായിരുന്നു. ആ ഭരണം സൃഷ്ടിച്ച ആഘാതത്തിൽനിന്നു ജനകീയാസൂത്രണത്തെയും കുടുംബശ്രീയെയും ഒക്കെ രക്ഷിക്കാനാകുമോ എന്നു ഞാൻ ഉത്ക്കണ്ഠപ്പെട്ടിരുന്നു. അങ്ങിനെ വരാതിരിക്കട്ടെ എന്ന് ആശിക്കുകയും ചെയ്തു. അക്കൂട്ടത്തിൽ എം.കെ. മുനീറിനു മാത്രമേ അതുവരെ ചെയ്തുവന്നതിന്റെ സ്പിരിറ്റ് കുറെയെങ്കിലും ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നുള്ളു.

പ്രതീക്ഷിച്ചതുപോലെ കാര്യങ്ങൾ നടന്നില്ലെങ്കിലും ബാക്കി ഇന്ത്യയിലെ സ്ഥിതി പരിശോധിക്കുമ്പോൾ ഇവിടെ നടന്നതു വലിയ കാര്യങ്ങൾതന്നെ ആണ്. ദൂരദർശന്റെ 'ഗ്രീൻ കേരളാ എക്സ്പ്രസ്' എന്ന പരിപാടിയിൽ പങ്കെടുത്ത പഞ്ചായത്തുകൾ ഭാവിയെക്കുറിച്ചു വലിയ ആത്മവിശ്വാസമാണു നല്കിയത്.

മനോജ്: ജനകീയാസൂത്രണം വിജയിച്ചിട്ടും തുടർന്നു നടന്ന 2001-ലെ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. എന്തുകൊണ്ടു തോറ്റു?

ഐസക്ക്: കേരളത്തിൽ അധികാരവികേന്ദ്രീകരണം മാത്രമല്ലല്ലോ നടന്നുകൊണ്ടിരുന്നത്. അതിന്റെ നേട്ടങ്ങളെല്ലാം തകർക്കുന്ന തരത്തിൽ ആയിരുന്നില്ലേ അക്കാലത്ത് ആഗോളീകരണവുമായി ബന്ധപ്പെട്ട് ഉണ്ടായ കാർഷികത്തകർച്ച? സംസ്ഥാനസർക്കാരിന്റെ ധനപ്രതിസന്ധിയും ഗൗരവമായ പ്രശ്നങ്ങൾ സൃഷ്ടിച്ചു. തദ്ദേശസ്ഥാപനങ്ങളിൽ ഗുണഭോക്തൃതെരഞ്ഞെടുപ്പിൽ സുതാര്യതയും മാനദണ്ഡവും പാലിക്കാത്തിടത്തെല്ലാം പ്രതിഷേധങ്ങൾ ഉണ്ടായതും ഒരു കാരണമാണ്. സ്വന്തം പാർട്ടിക്കാർക്കും വേണ്ടപ്പെട്ടവർക്കും ആനുകൂല്യങ്ങൾ കൊടുത്തുവന്ന ശീലം മറ്റാൻ പലർക്കും വിഷമമായിരുന്നു; എല്ലാ പാർട്ടിയിലും. ഇങ്ങനെ പല ഘടകങ്ങളുമുണ്ട്. 2006 – 11-ലെ എൽ.ഡി.എഫ്.ഭരണം ഇത്തരം പിഴവുകളൊക്കെ തിരുത്തിയില്ലേ?

മനോജ്: 'പാലു പിരിഞ്ഞുപോയി, ഇനി അതു തിരികെ പാൽ ആകാൻ അത്ഭുതം സംഭവിക്കണം' എന്ന മട്ടിൽ ജനകീയാസൂത്രണത്തെപ്പറ്റി താങ്കൾ ഒരു പ്രസ്താവന നടത്തുകയുണ്ടായല്ലോ. എന്താണ് അതിനു പ്രേരിപ്പിച്ചത്?

ഐസക്ക്: ആ പ്രസ്താവം എന്റെ ഒട്ടേറെ ജനകീയാസൂത്രണസഹപ്രവർത്തകർക്കു വിഷമമുണ്ടാക്കി. എങ്കിലും, പറയാൻ കാരണമുണ്ട്. ഒന്ന്, പഴയപോലെ സന്നദ്ധപ്രവർത്തകരെ ആവേശംകൊള്ളിക്കാൻ കഴിഞ്ഞില്ല. പൊതുവിൽ ഒരു അശുഭചിന്ത (സിനിസിസം) വളർന്നുകഴിഞ്ഞിരുന്നു. പഴയ ജനകീയാസൂത്രണസ്പിരിറ്റു വീണ്ടെടുക്കാൻ പൊതുവിൽ കഴിഞ്ഞില്ല എന്നു സമ്മതിക്കുകതന്നെ വേണം. അതുകൊണ്ടു കുടുംബശ്രീയിലാണു കൂടുതൽ ഊന്നിയത്. പഞ്ചായത്തിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ കുടുംബശ്രീയെ ഉപാധിയാക്കാൻ ശ്രമിച്ചു. കുറച്ചൊക്കെ വിജയിക്കുകയും ചെയ്തു.

കുടുംബശ്രീയെ ഇനിയും ഗ്രാമസഭകളുടെ ഉപഘടകങ്ങളാക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ മാത്രമേ കേരളത്തിന്റെ വാർഡുകളുടെ വലിപ്പത്തിന്റെയും മാറിമാറിവരുന്ന അതിർത്തികളുടെയും മറ്റും പശ്ചാത്തലത്തിൽ ഗ്രാമസഭാസംവാദങ്ങളെ അർത്ഥവത്താക്കാൻ കഴിയൂ. അഴിമതിക്കെതിരെ കൂടുതൽ ശക്തമായ നടപടികൾ വേണ്ടതുണ്ട്. ഓംബുഡ്സ്മാൻ മാത്രംകൊണ്ടു പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല എന്ന് ജൻലോക്പാൽ ഒറ്റമൂലിക്കാരും ഓർക്കുന്നതു നന്ന്. പൗരാവകാശരേഖയും സോഷ്യൽ ഓഡിറ്റും ഫലപ്രദമാക്കുകയും അക്കൗണ്ടിങ് രീതികളിലും മറ്റും പരിഷ്കാരം കൊണ്ടുവരികയുമാണു വേണ്ടത്.

2006 – 11 കാലത്തെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം ജനകീയാസൂത്രണം വ്യവസ്ഥാപിതമാക്കാൻ എടുത്ത നടപടികളാണ്. ഇതിൽ ഏറ്റവും വിജയപ്രദമായത് ഗ്രാമവികസനവകുപ്പിനെ തദ്ദേശഭരണവകുപ്പിൽ ലയിപ്പിച്ചതാണ്. 'ഒരു മന്ത്രി, ഒരു പ്രിൻസിപ്പൽ സെക്രട്ടറി, ഒരു കേഡർ' എന്നാക്കി. 2011-ലെ യു.ഡി.എഫ്.ഭരണം ഇതൊക്കെ അട്ടിമറിച്ചു. ഇന്ത്യയിലാകെ വലിയ താത്പര്യമുണർത്തിയ അഞ്ചുവർഷക്കാലത്തെ പ്രയത്നത്തിന്റെ നേട്ടം ഇല്ലാതാക്കാൻ യു.ഡി.എഫിന് ഏതാനും ദിവസമേ വേണ്ടിവന്നുള്ളൂ. അധികാരവികേന്ദ്രീകരണത്തിനേറ്റ ഏറ്റവും വലിയ തിരിച്ചടിയാണിത്. മറ്റൊന്നുമല്ല, പങ്കുവെപ്പുരാഷ്ട്രീയത്തിന്റെയും കേന്ദ്രാവിഷ്കൃതപദ്ധതികൾ കൈയിൽ വെക്കാനുള്ള ആർത്തിയുടെയും ദുരന്തഫലമാണത്.

ആസൂത്രണം പിഴച്ച കുടുംബജീവിതം

മനോജ്: ഈ തിരക്കുകൾക്കെല്ലാം ഇടയിൽപ്പെട്ടു നഷ്ടമായ ഒന്നുണ്ടല്ലോ. കുടുംബം. അതിനെപ്പറ്റി? നട ദ്വവൂരിയുമായി ഉണ്ടായ അടുപ്പം, വിവാഹം?

ഐസക്ക്: പ്രൊഫ: കൃഷ്ണാജി ആയിരുന്നു എന്റെ പിഎച്ച്.ഡി. സൂപ്പർവൈസർ. കൃഷ്ണാജിയുടെ വിദ്യാർത്ഥികൾ ആയിരുന്നു 2009 – 14-കാലത്ത് ആസൂത്രണക്കമ്മിഷൻ അംഗമായിരുന്ന മിഹിർ ഷായും എക്കണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്ക്‌ലി എഡിറ്ററായ റാം മനോഹർ റെഡ്ഡിയും ടെക്സാസിലെ റൈസ് സർവ്വകലാശാലയിൽനിന്നു ബിരുദമെടുത്തിട്ടു പിഎച്ച്.ഡി.യ്ക്കു സി.ഡി.എസിൽ വന്ന നട ദ്വവൂരിയും പിന്നെ ഞാനും. കൃഷ്ണാജിയുടെ വീടു ഞങ്ങൾക്കെല്ലാം സ്വന്തം വീടുപോലെ ആയിരുന്നു. അങ്ങിനെയാണ് നടയുടെയും എന്റെയും വിവാഹം നടന്നത്. ഞങ്ങൾക്കു രണ്ടു മക്കളുണ്ട് സേറ ഡുവിസാക്കും ഡോറ ഡുവിസാക്കും.

മനോജ്: ഡുവിസാക്ക്?

ഐസക്ക്: ദ്വവൂരിയുടെ ആദ്യഭാഗവും എന്റെ പേരിന്റെ അവസാനഭാഗവും. പിന്നീടു ഞങ്ങൾ പിരിഞ്ഞു. പതിനഞ്ചു വർഷം കഴിഞ്ഞു ഔപചാരികമായി ബന്ധം വേർപെടുത്തിയിട്ട്. നട കുട്ടികളുമായി അമേരിക്കയിലേക്കു പോയിട്ട് 25 വർഷവും. നട ഇപ്പോൾ അയർലൻഡിൽ സർവ്വകലാശാലയിൽ പ്രൊഫസറാണ്.

കുട്ടികൾ രണ്ടു വർഷത്തിൽ ഒരിക്കലെങ്കിലും വരും. ചിലപ്പോൾ ഞാൻ വിദേശത്തു പോകുമ്പോൾ അവരെയും കാണും. സേറയ്ക്ക് ഇക്കണോമിക്സും

സോഷ്യോളജിയുമാണ് ഇഷ്ടവിഷയങ്ങൾ. ഡോറയ്ക്കു തത്വശാസ്ത്രവും മോഡേൺ ബാലെയും.

മനോജ്: ഒന്നരരണ്ടുവർഷം കൂടുമ്പോഴെങ്കിലും മക്കൾ കാണാൻ വരാറുണ്ടല്ലോ. ആ സമയം അവർ വളരെ ആസ്വദിക്കുന്നതായി തോന്നിയിട്ടുണ്ട്. എങ്കിലും അവർക്കു വേണ്ട പരിഗണനയും സമയവും ഒക്കെ നല്കാൻ താങ്കൾക്കു കഴിയാറുണ്ടോ?

ഐസക്ക്: ഇല്ല. അവർ അർഹിക്കുന്ന ഒരു പരിഗണനയും ഞാൻ നല്കിയിട്ടില്ല. അതിൽ കുറ്റബോധവും ഉണ്ട്. എങ്കിലും, എല്ലാത്തവണയും അവർ നാട്ടിൽ വരുമ്പോൾ ഞങ്ങൾ ഒരുമിച്ച് എവിടെയെങ്കിലും പോകാറുണ്ട്. ഒരിക്കൽ പോയതു ഹിമാലയത്തിലേക്കാണ്. ഗംഗയുടെ തീരത്തുകൂടിയുള്ള മലകയറ്റം അവിസ്മരണീയമായ അനുഭവമായിരുന്നു. ഹേമകുണ്ഡ് വരെ പോയി. ഒരു രാത്രി പൂക്കളുടെ താഴ്വരയിൽ തങ്ങി. ഇന്ത്യയിലെ ഏറ്റവും സുന്ദരമായ സ്ഥലം ഇതാണെന്ന് എനിക്കു തോന്നുന്നു. പ്രകൃതി വിതച്ച പലയിനം പൂക്കളുടെ മേട്ടുകൾ. സീസൺ മാറുന്നത് അനുസരിച്ചു പുതിയയിനം പൂക്കൾ വിരിയും. താഴ്വരയുടെ നിറവും മാറും! ഇനിയും ഹിമാലയത്തിലേക്കുതന്നെ പോകാനാണ് ആഗ്രഹം. അതിനുമുമ്പു പോയ രാജസ്ഥാൻ മരുഭൂമിയിൽനിന്ന് എത്ര വ്യത്യസ്തം! ഇന്ത്യയുടെ വൈവിദ്ധ്യങ്ങൾ എന്നെങ്കിലും കണ്ടനുഭവിച്ചുതീർക്കാനാകുമോ! എത്ര ആനന്ദകരമാണത്! മക്കളുമൊത്ത് ആകുമ്പോൾ ആ ആനന്ദം അളവില്ലാതെ വളരുന്നു.

ഇതൊക്കെയാണെങ്കിലും, വിദേശത്തു ജീവിക്കുന്ന, ആണ്ടിലൊരിക്കൽ മാത്രം നേരിട്ടു കാണുന്ന, കുട്ടികളോട് ഇടപഴകുന്നതിനു പരിമിതികളുണ്ട്. ഇരുവരും പഠിക്കാൻ മിടുക്കരായിരുന്നു. സേര ബോസ്റ്റണിന് അടുത്തുള്ള ലോകപ്രശസ്തമായ ഫിലിപ്സ് അക്കാദമിയിലാണു സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. ന്യൂയോർക്കിൽനിന്നു ബിരുദപഠനം തീർത്തു. ഇക്കണോമിക്സ് - മാത്സ് ആൻഡ് ഹ്യൂമൻ റൈറ്റ്സിലാണു ബി.എ.. സോഷ്യോളജിയിലാണു ഡോക്ടറേറ്റ്. വിഷയം ഇൻഡ്യയിലെ തൊഴിൽ അരക്ഷിതത്ത്വവും തൊഴിലാളിസംഘാടനവും തൊഴിലവകാശങ്ങളും. ഇതിനായി പല സ്ഥലങ്ങളിലുമുള്ള നഴ്സുമാരെയും സോഫ്റ്റ്‌വെയർ എൻജിനീയർമാരെയും ഓട്ടോമൊബൈൽ തൊഴിലാളികളെയുമൊക്കെ വിശദമായി അഭിമുഖം ചെയ്തിരുന്നു. ദാരിദ്ര്യത്തിന്റെ അനീതി ആഗോളമായി അവസാനിപ്പിക്കാൻ പ്രവർത്തിക്കുന്ന 20 ജീവകാരുണ്യ സംഘടനകളുടെ കോൺഫെഡറേഷനായ ഓക്സ്ഫാം ഇന്റർനാഷണലിന്റെ അമേരിക്കൻ ഘടകത്തിൽ ജോബ് റിസർച്ചർ ആൻഡ് പോളിസി അഡ്വൈസർ ആയും അമേരിക്കൻ കൗൺസിൽ ഓഫ് ലേണഡ് സൊസൈറ്റീസിൽ പബ്ലിക് ഫെലോ ആയും പ്രവർത്തിക്കുന്നു. ഡോറയാണ് എന്നെ അത്ഭുതപ്പെടുത്തിയത്. തത്വശാസ്ത്രവും ഡാൻസുമാണ് അവളുടെ പഠനവിഷയം! ഈ വിഷയങ്ങളിൽ ജെയിംസ് മാഡിസൺ യൂണിവേഴ്സിറ്റിയിൽനിന്നു ബി.എ. എടുത്തു. എം.എ. കണ്ടെമ്പററി ആർട്ട് തിയറിയിൽ, ഗോൾഡ്സ്മിത്ത് യൂണിവേഴ്സിറ്റിയിൽനിന്ന്. ഇപ്പോൾ വാഷിങ്ടൺ ഡിസിയിൽ സ്കൂളിൽ എലിമെന്ററി വിഭാഗത്തിൽ ടീച്ചിങ് അസിസ്റ്റന്റായി ജോലിചെയ്യുന്നു.

എന്റെ മൂത്തജ്യേഷ്ഠനും മക്കളും ലൻഡനിലാണ്. ഇരുവരും അവരുമായി നല്ല കൂട്ടാണ്. ദുബായിലുംമറ്റും പോകുമ്പോൾ അവിടെയുള്ള ചെറിയച്ഛന്മാരോടൊപ്പമാണ താമസിക്കുക. അങ്ങനെ കുടംബവുമായുള്ള ബന്ധം സജീവമായി നിലനിർത്തുന്നു.

മനോജ്: വിദേശത്തെ പഠനം ആകുമ്പോൾ ചെലവുകളെപ്പറ്റിയും മറ്റും പ്രതിയോഗികൾ ആരോപണം ഉയർത്തുന്നതാണല്ലോ നാട്ടുനടപ്പ്. അതൊക്കെ ജനങ്ങൾ അറിയുന്നതല്ലേ നല്ലത്. താങ്കൾക്ക് അക്കാര്യത്തിൽ പണമോ സ്വാധീനമോ ഉപയോഗിക്കേണ്ടി വന്നിട്ടുണ്ടോ?

ഐസക്ക്: വിദേശത്തെ വിദ്യാഭ്യാസം വളരെ ചെലവേറിയതായിരുന്നു. പക്ഷെ, അതിലേക്ക് ഒരു സംഭാവനയും ഞാൻ നല്കിയിട്ടില്ല. വേണ്ടിവന്നില്ല എന്നല്ല, കഴിവില്ല എന്നതാണ സത്യം. സേരയ്ക്കു ഫിലിപ്പ് അക്കാദമിയിൽ പൂർണ്ണസ്കോളർഷിപ്പ് ഉണ്ടായിരുന്നു. ഇരുവരും വായ്പ എടുത്താണ പഠിച്ചത്. സേര ഡിഗ്രി എടുത്തിട്ടു രണ്ടു വർഷം പഠിക്കാതെ നില്ക്കേണ്ടിവന്നു. വായ്പയുടെ ഒരു ഭാഗമെങ്കിലും തിരിച്ചടച്ചിട്ടുവേണമായിരുന്ന പിഎച്ച്.ഡി.ക്ക പോകാൻ. അതിനായി ന്യൂയോർക്കിൽ ജോലിയെടുത്തു അവൾ. പണമില്ലാത്തതുകൊണ്ടു പഠിത്തം വൈകുന്നതിൽ എനിക്ക സങ്കടമുണ്ടായിരുന്നു. ഒന്നും ചെയ്യാൻ കഴിയാത്തതിൽ കുറ്റബോധവും. ഏതായാലും അടുത്തവർഷം പി.എച്ച്.ഡി.ക്ക ചേർന്നു. പഠനമൊക്കെ പൂർത്തിയാക്കി ഇപ്പോൾ ഇരുവരും കർമ്മമേഖലയിലേക്ക കടന്നിരിക്കുന്നു.

ധനമന്ത്രിയുടെ ധനസ്ഥിതി

മനോജ്: ധനമന്ത്രിയൊക്കെയായ ആളുടെ കയ്യിൽ അതിനുപോലും ധനമില്ലേ? താങ്കൾക്കെതിരെ സാമ്പത്തികാരോപണം ആരും ഉന്നയിച്ചിട്ടില്ലെങ്കിലും ചോദിക്കട്ടെ, ധനവിദഗ്ധനായ താങ്കൾക്ക സ്വന്തമായി എത്ര ധനമുണ്ട്?

ഐസക്ക്: എനിക്ക സ്വന്തമായി ഒരു ഭൂസ്വത്തും ഇല്ല. കൈരളിയിലേത് ഒഴികെ ഒരു കമ്പനിയിലും ഷെയറില്ല. ഇൻഷൂറൻസ് പോളിസി പോലും ഇല്ല. മന്ത്രിയായിരിക്കെ എന്റെ വകുപ്പിലെ സ്ഥാപനമായ കെ.എസ്.എഫ്.ഇ.യിൽ ഒരു ചിട്ടിക്ക ചേർന്നിരുന്നു. അതും അവരെ ഒന്ന പ്രചോദിപ്പിക്കാൻ. അതിന്റെ നറുക്ക വീണ തുക ഫിക്സഡ് ഡെപ്പോസിറ്റായി കിടപ്പുണ്ട്. ഭരണാവസാനം മൊത്തമായി കിട്ടിയ ടി.എ. കുടിശിക സേവിങ്സ് അക്കൗണ്ടിലുണ്ടായിരുന്നു. മന്ത്രിപ്പണി കഴിഞ്ഞ് പ്രതിപക്ഷ എം.എൽ.എ. ആയപ്പോൾ യാത്ര ചെയ്യാൻ എസ്.ബി.റ്റി.യിൽനിന്നു വായ്പയെടുത്ത് ഒരു കാറു വാങ്ങി; മാരുതിയുടെ സ്വിഫ്റ്റ് ഡിസയർ. കാലിന്റെ പ്രശ്നവുംമറ്റും കാരണം അതിലെ യാത്ര ദുഷ്കരമായപ്പോൾ അതു വിറ്റ് അനുജൻകൂടി സഹായിച്ച് ഒരു ഇന്നോവ വാങ്ങി. വീണ്ടും മന്ത്രിയായപ്പോൾ താമസവും വാഹനവുമൊക്കെ സർക്കാർ തന്നു. മന്ത്രിപദം ഒഴിഞ്ഞതോടെ എല്ലാം പഴയപടിയിലേക്ക്. അത്രതന്നെ.

സി.ഡി.എസിൽനിന്നു ലഭിച്ച പ്രൊവിഡന്റ് ഫണ്ടും ഗ്രാറ്റുവിറ്റിയും എല്ലാമായി 15 ലക്ഷം രൂപ മാരാരിക്കുളം വികസനപരിപാടിയിൽ പൊടിച്ചു! ഞങ്ങൾ



ഇടത്തുനിന്ന്: ഓരോ ദൗത്യത്തിനും ഐസക്കിന് ഒരു ടീം ഉണ്ടാകും. ജനകീയാസൂത്രണകാലത്തെ പ്രവർത്തകരിൽ ചിലർക്കൊപ്പം; തോമസ് ഐസക്കും ജീവിതപങ്കാളി ആയിരുന്ന നട ദുവ്വൂരിയും.

എട്ടുപത്തുപേർ ഏതാണ്ട് മുഴുവൻസമയപ്രവർത്തകർ ആയിരുന്നല്ലോ. ഒരു പക്ഷെ, ഇത്തരത്തിൽ സ്വന്തം പണമെടുത്തു ചെലവാക്കും എന്നു കരുതാൻ കഴിയാത്തതിനാലാകും ചിലർ എന്റെ വിദേശഫണ്ടിങ്ങും മറ്റും അന്വേഷിച്ചു പോയത് (ചിരി). ആരോപണം മാത്രമല്ല, ഒരു വിദ്വാൻ എന്റെ 'കള്ളപ്പണ'ത്തെപ്പറ്റി ഹൈക്കോടതിയിൽ കേസും കൊടുത്തിരുന്നു—അറിയാമല്ലോ, ക്രൈം നന്ദകുമാർ. അന്നു ഞാൻ പ്രഖ്യാപിച്ചതാണ്, എന്റെ പുസ്തകങ്ങളും അല്ലറചില്ലറ വീട്ടുസാമഗ്രികളും അല്ലാതെ എന്തെങ്കിലും ജംഗമസ്വത്തുകൾ എനിക്കുണ്ടെന്നു കണ്ടെത്തിയാൽ അത് അവർക്കു വിട്ടുനല്കാം എന്ന്. ആരും ഇതുവരെ മുന്നോട്ടു വന്നിട്ടില്ല.

മനോജ്: അമ്മച്ചി, സഹോദരങ്ങൾ?

ഐസക്ക്: ഇപ്പോൾ കൊടുങ്ങല്ലൂരുള്ള സഹോദരനും ആലപ്പുഴയിലും ഇടുക്കിയിൽ ുക്കപാലത്തുമുള്ള സഹോദരിമാർക്കും പുറമെ ഏഴുപേരും വിദേശത്താണ്. ചേട്ടൻ ലൻഡനിൽ. ഒരനിയൻ കാനഡയിൽ. മറ്റുള്ളവർ ദുബായിൽ. എല്ലാവരും വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുകയാണ്. അവരിൽനിന്നു വല്ലതും ഇങ്ങോട്ടു വരുന്നതല്ലാതെ, അങ്ങോട്ട് ഒന്നും കൊടുത്തിട്ടില്ല. ആദ്യം മന്ത്രിയായിരുന്നപ്പോൾ അമ്മച്ചി എന്നോടൊപ്പം ഉണ്ടായിരുന്നു. പിന്നെ ആലപ്പുഴയിൽ സഹോദരിയുടെ വീട്ടിലേക്കുപോയി. രണ്ടാമതു മന്ത്രിയായപ്പോൾ വീണ്ടും വന്നു. അതു കഴിഞ്ഞപ്പോൾ പിന്നെയും മടങ്ങിപ്പോയി. മന്ത്രിയല്ലാത്തപ്പോൾ തനിച്ചുള്ള താമസത്തിനും യാത്രകൾക്കുമിടയിൽ അമ്മച്ചിയെ നോക്കാൻ കഴിയില്ലല്ലോ.

സൗഹൃദങ്ങളുടെ ഖജനാവ്

മനോജ്: ഒറ്റയ്ക്കുള്ള ജീവിതം താങ്കളെ വ്യക്തിപരമായി എങ്ങനെ ബാധിച്ചു? താങ്കളിലെ പൊതുപ്രവർത്തകനെ എങ്ങനെ ബാധിച്ചു?

ഐസക്ക്: ഒറ്റയ്ക്കോ! എന്ന്? ഞാൻ എപ്പോഴും എന്റെ കൂട്ടുകാരോടൊപ്പമാണ്. ജനകീയാസൂത്രണകാലത്ത് ഒരു വലിയ സംഘംതന്നെ ഉണ്ടായിരുന്നു. അവരിൽ പലരും എന്റെ വീട്ടിൽത്തന്നെ ആയിരുന്നു താമസം. മാരാരിക്കുളത്ത് എം.എൽ.എ. ആയപ്പോൾ അവരിൽ പ്രധാനപ്പെട്ടവരെല്ലാം, ചിലർ സ്ഥി

രമായും മറ്റുള്ളവർ ഭാഗികമായും, മാരാരിക്കുളത്തേക്കു വന്നു. മന്ത്രിയായപ്പോൾ അവരിൽ ഒരു വിഭാഗം പേഴ്സണൽ സ്റ്റാഫിലും വന്നു. അതുകഴിഞ്ഞ് എം.എൽ.എ. ആയി. തിരക്കൊഴിഞ്ഞില്ല. അതിനിടെ കുറച്ചുനാൾ മാത്രമാണു യഥാർത്ഥത്തിൽ ഞാൻ ഒറ്റയ്ക്കായത്. മണ്ഡലത്തിലും നാട്ടിലും മറ്റുമല്ല, തിരുവനന്തപുരത്തെ ഫ്ലാറ്റിൽ ഞാനും എന്റെ പുസ്തകങ്ങളും മാത്രമായി. പക്ഷെ, അപ്പോഴും ഫ്ലാറ്റിലിരിക്കാൻ എവിടെയായിരുന്നു നേരം? മിക്കദിവസവും മണ്ഡലത്തിലാണ്. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസമെങ്കിലും ഫ്ലാറ്റിൽ ഒതുങ്ങാൻ ശ്രമിച്ചു. മറ്റൊന്നിനുമല്ല, 'ആലപ്പുഴയിലെ വർഗ്ഗസമരങ്ങൾ' എന്ന മൂന്നു വാല്യമുള്ള ബൃഹദ്ഗ്രന്ഥത്തിന്റെ രചനയ്ക്കായി; ആർക്കൈവൽ ശേഖരണവും മറ്റും ഏതാണ്ടു തീർത്ത്, 'ഇനി ഇരുന്ന് എഴുതണം' എന്ന ചിന്തയിൽ. പിന്നെ ഇന്ത്യയെക്കുറിച്ച്, വിവിധ പ്രശ്നങ്ങളെ ആധാരമാക്കി, പത്തു പുസ്തകങ്ങളുടെ പരമ്പരയും മനസിലുണ്ട്. പക്ഷെ, അതിനിടയിലും മുൻകൂട്ടി തീരുമാനിക്കാത്ത മറ്റു പല എഴുത്തും കടന്നുവന്നു. പിന്നെയും മന്ത്രിയായി. അപ്പോഴും സുഹൃത്തുക്കൾക്കൊപ്പം. അതു കഴിഞ്ഞും ജനകീയാസൂത്രണവും മറ്റുമൊക്കെയായി സുഹൃത്തുക്കളോടൊപ്പം ജനങ്ങൾക്കൊപ്പംതന്നെ.

മനോജ്: താങ്കളുടെ പ്രധാനസമ്പാദ്യം അസൂയ തോന്നുന്ന തരത്തിലുള്ള സൗഹൃദങ്ങളാണ്. ഈ തിരക്കിട്ട ജീവിതത്തിലും ഇത്ര വിപുലമായ, നാനാമേഖലകളിലായി പരന്നുകിടക്കുന്ന, ഈ സൗഹൃദങ്ങൾ എങ്ങനെയാണു പരിപാലിക്കുന്നത്?

ഐസക്ക്: എന്നെക്കുറിച്ചു സുഹൃത്തുക്കൾക്കുള്ള പ്രധാന വിമർശം സൗഹൃദങ്ങൾ പരിപാലിക്കാൻ ശ്രദ്ധിക്കുന്നില്ല എന്നതാണ്. ഞാൻ എപ്പോഴും എന്തെങ്കിലുമൊന്നിൽ മുഴുകി പ്രവർത്തിക്കുന്ന ആളാണ്. അതുമായി ബന്ധപ്പെട്ട വലിയൊരു സൗഹൃദശൃംഖല എപ്പോഴും ഉണ്ടാകും. കൂട്ടായല്ലാതെ ഒറ്റയ്ക്കു പ്രവർത്തിക്കാൻ പ്രയാസമാണ്. പ്രവർത്തനമേഖല മാറുമ്പോൾ കൂട്ടുകാരും മാറും. മുമ്പ് ഉണ്ടായിരുന്നവരിൽ ചിലരെങ്കിലും പരിഭവം പറഞ്ഞിട്ടുണ്ട്. സി.ഡി.എസിൽ പഠിപ്പിച്ചിരുന്നപ്പോൾ എന്റെ വീട് ഒരു കമ്മ്യൂൺപോലെ ആയിരുന്നു. ആർക്കും വരാം, താമസിക്കാം. എപ്പോഴും വിദ്യാർത്ഥികൾ കൂട്ടുണ്ടാകുമായിരുന്നു. എന്റെ ഭൂരിപക്ഷം അക്കാദമിക് പ്രബന്ധങ്ങളും ആരെങ്കിലുമായി കൂട്ടുചേർന്ന് എഴുതിയവയാണ്. അങ്ങനെ പ്രവർത്തിക്കാനാണ് ഇഷ്ടം. ഇപ്പോൾ ആ സ്വഭാവത്തിൽ സ്വല്പം മാറ്റം വന്നിട്ടുണ്ട്.

മനോജ്: രാഷ്ട്രീയേതിരാളികളിൽപ്പോലും താങ്കൾക്കു ധാരാളം ആരാധകരും സുഹൃത്തുക്കളും ഉണ്ടല്ലോ. ഏറ്റവും കൗതുകമായി തോന്നുന്നത് മണിശങ്കരയ്യരുമായുള്ള പ്രത്യേക അടുപ്പമാണ്.

ഐസക്ക്: അയ്യരുമായുള്ള ബന്ധം തികച്ചും ആകസ്മികമായി ഉണ്ടായതാണ്. അദ്ദേഹത്തിന്റെ മകൾ ലൻഡൻ സ്കൂളിലോമറ്റോ പഠിക്കുകയായിരുന്നു. അധികാരവികേന്ദ്രീകരണം സംബന്ധിച്ച അവളുടെ പഠനത്തിന് എന്റെ ഗ്രന്ഥം വളരെ സഹായകരമായി. അങ്ങനെയാണു മണിശങ്കരയ്യർ ഞാനുമായി ആദ്യം ബന്ധപ്പെടുന്നത്. അദ്ദേഹം ജനകീയാസൂത്രണം മനസിലാക്കാൻ പലതവണ കേരളത്തിൽ വന്നു; ഒരുതവണ മാരാരിക്കുളത്തും. ഈ സന്ദർശനങ്ങൾ

കേരളത്തിലെ അധികാരവികേന്ദ്രീകരണപരീക്ഷണങ്ങളെപ്പറ്റി വലിയ മതിപ്പ് അദ്ദേഹത്തിൽ ഉണ്ടാക്കി.

പിന്നീട് അദ്ദേഹം മന്ത്രിയായപ്പോൾ പന്ത്രണ്ടാം ധനകാര്യക്കമ്മീഷനു മെമ്മോറാൻഡം നല്കാൻ പഞ്ചായത്തുമന്ത്രിമാരുടെ സമിതി ഉണ്ടാക്കി. വിസ്മയകരമെന്നു പറയട്ടെ, പഞ്ചായത്തുമന്ത്രി അല്ലാത്ത, ധനമന്ത്രിയായ, എന്നെയാണ് അദ്ധ്യക്ഷനായി നിയമിച്ചത്! കേന്ദ്രമന്ത്രിയായ അയ്യർ അതിൽ വെറും അംഗവും! ഈ സ്ഥിതിവിശേഷം പ്രോട്ടോക്കോളുകാർക്കെല്ലാം വലിയ തലവേദന ആയിരുന്നിരിക്കണം. തിരുവനന്തപുരത്ത് ഒരു സമ്മേളനത്തിൽ പങ്കെടുത്തശേഷമാണ് അദ്ദേഹം ഇതു പ്രഖ്യാപിച്ചത്. രാഷ്ട്രീയമായി കോൺഗ്രസിൽനിന്നും അദ്ദേഹം ഇതിനു വിമർശനം ഏറ്റു. പക്ഷെ, അതൊന്നും അദ്ദേഹം കൂസാക്കിയില്ല. പാർലമെന്റിൽത്തന്നെ അദ്ദേഹം ഇതിനെ പരസ്യമായി ന്യായീകരിച്ചു! കോൺഗ്രസ് നേതാവാണെങ്കിലും മദിരാശിയിലെ വിദ്യാർത്ഥിജീവിതകാലത്ത് ഒരു തീവ്ര ഇടതുപക്ഷക്കാരനായിരുന്നു അദ്ദേഹം. മന്ത്രിയായപ്പോഴും പല കാര്യത്തിലും അമേരിക്കൻവിരുദ്ധനിലപാട് അദ്ദേഹം സ്വീകരിച്ചിരുന്നു. ഇതും ഒരുപക്ഷെ, സൗഹൃദം കൂടുതൽ ദൃഢമാകാൻ ഉപകരിച്ചിരിക്കാം.

കേരളത്തിന്റെ അക്കാദമികനിലവാരം

മനോജ്: വ്യക്തിപരമായ ചില നിരീക്ഷണങ്ങൾകൂടി ചോദിക്കട്ടെ. സുഹൃത്തുക്കളിൽ നല്ലപങ്ക് അക്കാദമികരംഗത്തുള്ളവരാണല്ലോ. എങ്കിലും, വസ്തുനിഷ്ഠമായ അഭിപ്രായം പ്രതീക്ഷിച്ചുകൊണ്ടു ചോദിക്കട്ടെ, കേരളത്തിലെ അക്കാദമിക്സിനെപ്പറ്റി എന്താണ് വിലയിരുത്തൽ?

ഐസക്ക്: കേരളം അക്കാദമികമായി വളരെ പിന്നിൽ നില്ക്കുന്ന സംസ്ഥാനമാണ്. പ്രകൃതിശാസ്ത്രങ്ങളെപ്പറ്റി എനിക്ക് ആധികാരികമായി പറയാനാവില്ല. എന്നാൽ സാമൂഹികശാസ്ത്രം സംബന്ധിച്ച് തിട്ടമായിത്തന്നെ പറയാം, സാർവ്വദേശീയം പോയിട്ട്, ദേശീയനിലവാരംപോലും പുലർത്തുന്ന അപൂർവ്വം പ്രബന്ധങ്ങളേ കേരളത്തിലെ സർവ്വകലാശാലകളിൽനിന്നും വിദ്യാപീഠങ്ങളിൽനിന്നും പുറത്തുവരുന്നുള്ളൂ. മുമ്പ് കോഴിക്കോട് സർവ്വകലാശാലയിലെ ചരിത്രവിഭാഗത്തിലും കേരളയിലെ എക്കണോമിക്സ് വിഭാഗത്തിലും നല്ല പഠനങ്ങൾ നടന്നിരുന്നു. ഇപ്പോൾ സി.ഡി.എസ്. ഒഴികെ ഏതെങ്കിലും ഒരു കേന്ദ്രത്തെക്കുറിച്ച് ഇങ്ങനെ പറയാനാവില്ല. സി.ഡി.എസ്. പോലും ഒട്ടേറെ താഴേക്കു പോയിട്ടുണ്ടെന്നാണു പൊതുവെയുള്ള വിലയിരുത്തൽ. എങ്കിലും ശ്രദ്ധേയമായ ധാരാളം പഠനങ്ങൾ അവിടെനിന്നു പുറത്തുവരുന്നുണ്ട്. ഒന്ന് ആലോചിച്ചുനോക്കൂ, റഫറീഡ് ആയ ഒരു അക്കാദമിക് സോഷ്യൽ സയൻസ് ജേണൽ പോലും കേരളത്തിൽനിന്നു പ്രസിദ്ധീകരിക്കുന്നില്ല. യു.ജി.സി. സ്കെയിലും മറ്റും ഉണ്ടെങ്കിലും പഠിക്കാനും പഠിപ്പിക്കാനും താത്പര്യമുള്ള അദ്ധ്യാപകരെ നമ്മുടെ ആർട്സ് ആൻഡ് സയൻസ് കോളെജുകളിൽ കണ്ടെത്താൻ പ്രയാസപ്പെടും. പലരും നന്നായി പഠിപ്പിക്കുന്നുണ്ടാകാം. പക്ഷെ, സ്വയംപഠനം തീരെ ഇല്ല. ഒരു ലോ ലെവൽ ഇക്വിലിബ്രിയത്തിലാണു കേരളത്തിലെ

അക്കാദമികരംഗം. എങ്ങനെ രക്ഷപ്പെടുത്താൻ പറ്റും എന്ന ആലോചന പല തലത്തിലും നടക്കുകയാണ്.

സർവ്വകലാശാലാതലത്തിൽ അക്കാദമികപരിഗണനകൾക്കു രണ്ടാം സ്ഥാനമേ ഉള്ളൂ. സർക്കാരാണെങ്കിൽ ചെലവു ചുരുക്കാനുള്ള ഏറ്റവും എളുപ്പമാർഗ്ഗമായി പലപ്പോഴും കണ്ടെത്തുന്നത് ഉന്നതവിദ്യാഭ്യാസമേഖലയെ ആണ്. 2001 – 06-ലെ യു.ഡി.എഫ്. ഭരണകാലത്ത് 730 – 780 കോടി രൂപവീതം മാത്രമാണു പ്രതിവർഷം ഉന്നതവിദ്യാഭ്യാസത്തിനായി ചെലവഴിച്ചിരുന്നത്. നമ്മുടെ ഉന്നതവിദ്യാഭ്യാസത്തെ തകർത്തതിൽ ഈ ചെലവുചുരുക്കൽ നിർണ്ണായക പങ്കു വഹിച്ചു. ഞാൻ ആദ്യം മന്ത്രിയായിരുന്ന 2006 – 11-ൽ അഞ്ചുകൊല്ലംകൊണ്ട് ഇത് 3200-ൽപ്പരം കോടി രൂപയായി ഉയർത്തി.

പക്ഷെ, പണം കൊടുത്താലും വിനിയോഗിക്കാനുള്ള സംവിധാനങ്ങൾ സർവ്വകലാശാലകളിൽ ദുർബ്ബലമാണ്. ലൈബ്രറിവികസനത്തിനു വൻതോതിൽ പണം മുടക്കണമെന്ന് എനിക്കു താത്പര്യം ഉണ്ടായിരുന്നു. ആദ്യബജറ്റിൽത്തന്നെ മൂന്നുകോടി രൂപ ഇതിനായി കേരളയ്ക്കു നല്കി. ഇതു ചെലവാക്കിയാൽ കൂടുതൽ നല്കാമെന്നും പറഞ്ഞു. പക്ഷെ, സർവ്വകലാശാലയിൽനിന്നു പണം ലൈബ്രറിയിൽ എത്താൻതന്നെ ഒന്നോ രണ്ടോ വർഷം എടുത്തു. എന്തു ചെയ്യണമെന്നു തീരുമാനിക്കാൻ ലൈബ്രറിയും എടുത്തു പിന്നെയും കുറേക്കാലം. അഞ്ചാംവർഷം മന്ത്രിസ്ഥാനം ഒഴിയുന്നതിനുമുമ്പു നവീകരണം ഭാഗികമായി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാനേ കഴിഞ്ഞുള്ളൂ. ആരെയും കുറ്റം പറയാൻ പറയുന്നതല്ല. മൊത്തം സംവിധാനങ്ങളുടെ കിടപ്പ് അങ്ങനെയാണ്.

എന്നാൽ, 2016-21 കാലത്ത് ഈ രംഗത്തു വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി വലിയ ആലോചനയുണ്ടായി. മാറ്റത്തിനു തുടക്കമിടാനും കഴിഞ്ഞു. ആഗോളനിലവാരത്തിലേക്ക് ഉയർത്താനുള്ള പദ്ധതിയാണ് ഇനി നടപ്പാക്കേണ്ടത്. അതിനുള്ള ആലോചനകൾ കാര്യമായിത്തന്നെ നടക്കുകയാണ്.

വിദ്യാർത്ഥിരാഷ്ട്രീയത്തിൽ വന്ന മാറ്റം

മനോജ്: ഒരു പഴയ വിദ്യാർത്ഥിരാഷ്ട്രീയപ്രവർത്തകൻ എന്നനിലയിൽ അന്നത്തെയും ഇന്നത്തെയും വിദ്യാർത്ഥിപ്രസ്ഥാനങ്ങളെ എങ്ങനെ താരതമ്യം ചെയ്യും?

ഐസക്ക്: ഇന്ന് എല്ലാം മോശം, പണ്ട് എല്ലാം നന്ന് എന്നൊരു നിലപാട് എനിക്കില്ല. അന്നത്തെപ്പോലെ ഇന്നും മർദ്ദനവും ത്യാഗവും സഹിക്കാൻ വിദ്യാർത്ഥിപ്രവർത്തകർ മുന്നിലുണ്ട്. അതിനൊന്നും ഒരു കുറവും ഉള്ളതായി തോന്നുന്നില്ല. പക്ഷെ, രണ്ടു മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നു.

ഒന്ന്, രാഷ്ട്രീയപഠനത്തിൽ പണ്ടത്തെ താത്പര്യം ഇന്നില്ല. മഹാരാജാസിലെ എസ്.എഫ്.ഐ. പ്രവർത്തകരായിരുന്ന ഞങ്ങൾ ക്ലാസിൽ മാത്രമല്ല പുറത്തും ഏറ്റവും നല്ല വിദ്യാർത്ഥികൾ ആയിരുന്നു. അവിടെ ഞങ്ങളുടെ എസ്.എഫ്.ഐ. യൂണിറ്റ് തയാറാക്കിയ രാഷ്ട്രീയപഠനത്തിനുള്ള സിലബസ് ആയിരുന്നു പിന്നീട് 'റെഡ് സ്റ്റാർ പഠനകോഴ്സ്' ആയി ഞാൻ പ്രസിഡന്റായ

പ്പോൾ സംസ്ഥാനതലത്തിൽ നടപ്പാക്കാൻ ശ്രമിച്ചത്. മാർക്സിയൻ ക്ലാസിക്കുകളും മറ്റും കുത്തിയിരുന്നു പഠിക്കുന്ന കുട്ടികളെ ഇന്നെനിക്കു കാണാൻ കഴിയുന്നില്ല.

രണ്ട്, ക്യാമ്പസുകളിൽ പടർന്നുകൊണ്ടിരിക്കുന്ന അരാഷ്ട്രീയബോധമാണ്. എസ്.എഫ്.ഐ.ക്കു വോട്ടുചെയ്തേക്കാം. പക്ഷെ, ഭൂരിപക്ഷം കുട്ടികൾക്കും രാഷ്ട്രീയത്തിൽ സജീവതാത്പര്യം ഇല്ല. പണ്ടത്തെക്കാളും കരിയർ ഓറിയന്റഡ് ആയിട്ടുണ്ട് പഠനവും കോഴ്സുകളും. കോളെജുകളുടെ മാത്രമല്ല, ഉന്നതവിദ്യാപീഠങ്ങളുടെ ഒക്കെ സ്ഥിതി ഇതാണ്.

ഞാൻ സി.ഡി.എസിൽ പഠിച്ചിരുന്ന കാലത്ത് ഞങ്ങൾ വിദ്യാർത്ഥികളെല്ലാം ഏതെങ്കിലും മാർക്സിസ്റ്റ് ചിന്താപദ്ധതികളുടെ വക്താക്കൾ ആയിരുന്നു. എല്ലാ വർഷവും കേന്ദ്ര-കേരള കേഡറുകളിൽനിന്ന് ഒന്നോ രണ്ടോ ഐ.എ.എസുകാർ എം.ഫിലിനു വരും. അവിടെ വന്നാൽ ഏതെങ്കിലും തരത്തിലുള്ള മാർക്സിസ്റ്റ് പരിവേഷം അണിയും. എന്നാൽ പിന്നീട്, കഴിഞ്ഞതവണ മന്ത്രിയായിരുന്നപ്പോൾ, ഒരു കോഴ്സ് പഠിപ്പിച്ചാൽ എന്തെന്ന ചിന്ത ഉണ്ടായി. പക്ഷെ, സിലബസ് ഒരുവട്ടം നോക്കിയപ്പോഴേ ആ അഭ്യാസം വേണ്ടെന്നുവച്ചു! ഞങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടതായിരുന്ന, ഇന്ത്യൻ ഉത്പാദനവ്യവസ്ഥയുടെ സ്വഭാവം പോലുള്ള, പൊളിറ്റിക്കൽ ഇക്കോണമി കോഴ്സുകളെല്ലാം ഏതാണ്ട് അപ്രത്യക്ഷമായിരിക്കുന്നു. ഏറ്റവും ആധുനികമായ സങ്കേതങ്ങൾ പഠിക്കുന്നതിൽ മാത്രമാണു കുട്ടികൾക്കും താത്പര്യം. ആഗോളീകരണം കൊണ്ടുവന്ന മാറ്റമാണിത്. എന്തിന്, ഇക്കണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്ക്‌ലി പോലും കുറച്ചുനാൾ വലതുപക്ഷത്തിന്റെ കയ്യിലേക്കു മാറി. ഇതൊക്കെ വിദ്യാർത്ഥിപ്രസ്ഥാനത്തിനു വലിയ വെല്ലുവിളികളാണ്.

ഇടതുഭരണവും മുതലാളിത്തവികസനവും

മനോജ്: മുതലാളിത്തം വികസിക്കുമ്മുമ്പേ കമ്മ്യൂണിസം ഇവിടേക്ക് എത്തിയതുമൂലം ജനങ്ങൾ മുതലാളിമാരായി കണ്ടത് നാട്ടിലെ ചെറിയ പലചരക്കുകടക്കാരെ ആണെന്നും വിതരണംപോലെ ഉത്പാദനവളർച്ചയും പ്രധാനമാണെന്നു മനസിലാക്കാൻ ഈ അന്ധമായ മുതലാളിത്തവിരോധം ഇടയാക്കിയിട്ടുണ്ടെന്നും ചിലർ വിലയിരുത്തിയിട്ടുണ്ട്. ഇതാണോ ഇവിടെ ഉത്പാദനവളർച്ച തടഞ്ഞ ഘടകങ്ങളിൽ ഒന്ന്? ഈ കാഴ്ചപ്പാടിൽ മാറ്റം വരുത്താൻ പലർക്കും കഴിയാത്തത് പാർട്ടിയിലെ അഭിപ്രായഭിന്നതയുടെ ഒരു കാരണമാണോ? മുതലാളിത്തരീതിയിലുള്ള ഉത്പാദനവളർച്ചയാണോ ഈ ഘട്ടത്തിൽ പാർട്ടി ലക്ഷ്യംവയ്ക്കുന്നത്?

ഐസക്ക്: മുതലാളിത്തം വികസിക്കുമ്മുമ്പേ കമ്മ്യൂണിസം എത്തിയതു ചരിത്രാനിവാര്യതയാണ്. ഇവിടെ മുതലാളിത്തം വികസിക്കുമ്മുമ്പേ കുത്തകകൾ രൂപംകൊണ്ടുകഴിഞ്ഞിരുന്നു. ആഗോളമുതലാളിത്തവികാസത്തിന്റെ ചരിത്രപശ്ചാത്തലത്തിൽ ഇത്തരം സംഭവവികാസങ്ങൾ വിലയിരുത്താൻ കഴിയണം. അന്ധമായ മുതലാളിത്തവിരോധത്തെപ്പറ്റിയുള്ള പരാമർശം എനിക്കു മനസിലാകുന്നേയില്ല. 60 വർഷം മുമ്പുള്ള കേരളത്തിൽ കൃഷിക്കാരുടെ, കീഴ്ജാതി

ക്കാരുടെ, അസംഘടിതതൊഴിലാളികളുടെ, ഒക്കെ സ്ഥിതി എന്തായിരുന്നു? ഇതിനോടൊക്കെയാണു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പ്രതികരിച്ചത്. അടിച്ചമർത്തൽ തീക്ഷ്ണമായിരുന്നതുകൊണ്ടു പ്രതികരണവും രൂക്ഷമായിരുന്നു. പന്തു താഴേക്ക് എത്ര ആഞ്ഞടിക്കുന്നോ അത്രയും ഉയരും.

ചെറിയ പലചരക്കുകടക്കാരനെ എതിരാളിയായിക്കണ്ടു എന്ന പരാമർശം എന്റെതന്നെ ഒരു പണ്ഡിതസുഹൃത്ത് ഈയിടെ നടത്തിയതു കണ്ടിരുന്നു (ഈ പുസ്തകത്തിൽത്തന്നെ ഉൾപ്പെട്ട ഡോ: ആർ.വി.ജി. മേനോന്റെ അഭിമുഖത്തിലെ അഭിപ്രായത്തെപ്പറ്റിയാണീ പരാമർശം). യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന പ്രസ്താവനയല്ല ഇത്. കേരളത്തിലെ തീക്ഷ്ണമായ ഏറ്റുമുട്ടലുകളാണു മുതലാളിത്തവളർച്ചയ്ക്കു തടസമായത് എന്നു വാദിക്കുന്നവർ മുംബൈയുടെയും മറ്റും ചരിത്രം പരിശോധിക്കണം. അത്തരം ഉജ്ജ്വലമായ ട്രേഡ് യൂണിയൻ സമരങ്ങൾ വേറെ എവിടെ നടന്നിട്ടുണ്ട്! പക്ഷെ, അതൊന്നും അവിടുത്തെ വ്യവസായവളർച്ചയ്ക്കു തടസമായില്ല. കേരളം വ്യവസായവളർച്ചയിൽ പിന്നോട്ടു പോയി എന്നതിനു ചരിത്രപരമായ കാരണങ്ങളുണ്ട്. കേരളത്തിലെ മുതലാളിമാരുടെ സ്വഭാവവും വിലയിരുത്തണം. ഞാനും മൈക്കിൾ തരകനുംകൂടി സി.ഡി.എസിൽ ഇതു സംബന്ധിച്ച പ്രബന്ധം തയാറാക്കിയിട്ടുണ്ട്.

ഇൻഡ്യൻ ഭരണഘടനയ്ക്കുള്ളിൽ ഒരു സംസ്ഥാനത്തു ഭരണത്തിൽ ഇരിക്കുമ്പോൾ മുതലാളിത്തവളർച്ച അല്ലാതെ മറ്റൊരു പാത സ്വീകരികാനാവില്ല. കേരളത്തിൽ എന്നപോലെ ഇന്ത്യയിൽ പൊതുവിൽ ഇടതുപക്ഷത്തിന് അനുകൂലമായ രാഷ്ട്രീയബലാബലമാണെങ്കിൽ വ്യത്യസ്തസമീപനം സ്വീകരിക്കാമായിരുന്നു. കേരളത്തിൽ മാത്രമായി അതു കഴിയില്ല. ഇവിടെ ചെയ്യാൻ കഴിയുന്നത് ഈ മുതലാളിത്തവികസനപാതയിൽ കൂടുതൽ നീതിപൂർവ്വകമായ വിഹിതം പാവങ്ങൾക്ക് ഉറപ്പു വരുത്തുകയും അവരുടെ ജനാധിപത്യാവകാശങ്ങൾ സംരക്ഷിക്കുകയുമാണ്. ഇതിനുള്ള ബദൽ നയങ്ങളാണ് അന്വേഷിക്കേണ്ടത്.

മനോജ്: അതിനൊക്കെ പ്രാപ്തരായ സൈദ്ധാന്തികരും സാമ്പത്തികവിദഗ്ധരു

ഇടത്തുനിന്ന്: ശബാന ആസ്മിയും തോമസ് ഐസക്കും മാനവീയം സാംസ്കാരികമിഷന്റെ വേദിയിൽ; ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടന്ന മാദ്ധ്യമശില്പശാലയിൽ പാലോളി മുഹമ്മദുകുട്ടി വയലാർ രവി, തോമസ് ഐസക്ക്, ബി. ഇക്ബാൽ.

മൊക്കെയുണ്ടായിട്ടും ബംഗാളിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് എന്താണ സംഭവിച്ചത്?

ഐസക്ക്: ബംഗാളിൽ തിരിച്ചടി ഉണ്ടായതല്ല എന്നെ അത്ഭുതപ്പെടുത്തുന്നത്. തുടർച്ചയായി 34 വർഷം എങ്ങനെ ഭരണത്തിൽ ഇരുന്നു എന്നതാണ്. ജന്മി-ബൂർഷ്വാവ്യവസ്ഥയ്ക്കുള്ളിൽ ചെയ്യാൻ പറ്റുന്നതിനു പരിമിതികളുണ്ട്. ജനങ്ങളിൽ അത് അസംതൃപ്തി ഉണ്ടാക്കും. മറിച്ചൊരു പരീക്ഷണം ഫലം നല്കുമോ എന്നു ചിന്തിക്കുകയും ചെയ്യും. ബംഗാളിൽ ഭൂപരിഷ്കരണത്തിനു ശേഷം വ്യവസായവത്ക്കരണത്തിലേക്കുള്ള നടപടികൾ സ്വീകരിക്കാൻ വൈകി. വൈകിയുള്ള എടുത്തുചാട്ടം പിഴയ്ക്കുകയും ചെയ്തു. മാദ്ധ്യമങ്ങളും മറ്റും ഉപയോഗിച്ച് കൃഷിക്കാരിൽ ഗണ്യമായൊരു വിഭാഗത്തെ പാർട്ടിക്കെതിരെ തിരിച്ചുവിടാൻ ഇതു വഴിയൊരുക്കി.

ജനങ്ങളെ എതിരാക്കാൻ സഹായിച്ച മറ്റൊരു ദൗർബ്ബല്യംകൂടി ഉണ്ട്. നാട്ടുമ്പുറത്തെ വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ വേണ്ടത്ര ശ്രദ്ധിച്ചില്ല. ബംഗാളും കേരളവും തമ്മിലുള്ള താരതമ്യത്തിൽ ഇതു വളരെ പ്രകടമാണല്ലോ. ശ്രമിക്കായ്കയല്ല, അവിടുത്തെ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം കഴിയാഞ്ഞതാണ്. വേണ്ടത്ര നികുതി പിരിക്കാത്തതാണ് ഈ പ്രതിസന്ധിക്കു കാരണം. കേരളത്തിന്റെ ആഭ്യന്തരവരുമാനത്തിന്റെ ഒമ്പതു ശതമാനം നികുതിയായി പിരിക്കുമ്പോൾ ബംഗാളിൽ ഇത് ഏതാണ്ട് ആറു ശതമാനം മാത്രമാണ്. തികച്ചും പോപ്പുലിസ്റ്റായ സമീപനം. അതുമൂലം ഇവിടുത്തെപ്പോലെ സാമൂഹികക്ഷേമത്തിനു പണം ഇല്ലാതായി.

തുടർച്ചയായി ഭരണത്തിൽ ഇരിക്കുന്നതുമൂലം ഉണ്ടാകുന്ന പുഴക്കുത്തുകളും മൂല്യച്യുതിയും ഏറെയുണ്ട്. കേരളത്തിൽ അഞ്ചുവർഷം ഭരണത്തിൽ ഇരിക്കുമ്പോൾത്തന്നെ എന്തെല്ലാം ചെറുതും വലുതുമായ ആക്ഷേപങ്ങൾ ഉണ്ടാകുന്നു! അപ്പോൾ മൂന്നരപ്പതിറ്റാണ്ടു തുടർച്ചയായി ഇരുന്നാലുള്ള സ്ഥിതി ആലോചിച്ചു നോക്കൂ.

തിരിച്ചടി ഉണ്ടായെങ്കിലും തെറ്റുകളൊക്കെ തിരുത്തപ്പെടും. അതിനുള്ള കരുത്തു ബംഗാളിലെ പാർട്ടിക്കുണ്ട്. സിദ്ധാർത്ഥ ശങ്കർ റേയുടെ അടിച്ചമർത്തലിനെ അതിജീവിച്ച പാർട്ടിയാണ്. ബഹുജനാടിത്തറ തകർന്നിട്ടില്ല. ദൗർബ്ബല്യങ്ങൾ പരിഹരിക്കും. ഇന്ത്യയിലെ ഇടതുപക്ഷമുന്നേറ്റത്തിന്റെ മുന്നിൽ ബംഗാൾ ഉണ്ടാകും.

വിഭാഗീയതയുടെ പോസ്റ്റ്മോർട്ടം

മനോജ്: കേരളത്തിൽ ഇടക്കാലത്തു പാർട്ടിക്ക് എന്താണ സംഭവിച്ചുകൊണ്ടിരുന്നത്? വിഭാഗീയത വളർന്നത് എങ്ങനെയാണ്?

ഐസക്ക്: കേരളത്തിൽ പാർട്ടിനേതൃത്വത്തിൽ ഉണ്ടായിരുന്ന വിഭാഗീയത വലിയ പരിക്കാണ് ഏല്പിച്ചത്. പാർട്ടിയുടെ ബന്ധുക്കളും സാധാരണപ്രവർത്തകരും പാർലമെന്ററി അവസരവാദത്തെ അടിസ്ഥാനമാക്കിയുള്ള ഈ വിഭാഗീയപ്രവണതയിൽ വളരെയേറെ മനം നൊന്തിരുന്നു. ലോക്സഭാ, തദ്ദേശഭരണ

സ്ഥാപന തെരഞ്ഞെടുപ്പുകളിൽ അക്കാലത്തുണ്ടായ തിരിച്ചടി, വലിയൊരളവു വരെ, പാർട്ടിയിലെ അനൈക്യത്തിനു ജനങ്ങൾ നല്കിയ ശിക്ഷയാണ്. വിചാരിച്ച വേഗത്തിൽ അല്ലെങ്കിൽപ്പോലും വിഭാഗീയചേരിതിരിവിൽനിന്നു പാർട്ടി വിമുക്തമായി.

പാർട്ടിസംസ്ഥാനക്കമ്മിറ്റി വളരെ വിശദമായ ഒരു തെറ്റുതിരുത്തൽ രേഖ അംഗീകരിച്ചത് അറിയാമല്ലോ. അടിയന്തരമായി തിരുത്തേണ്ട ഒട്ടേറെ വൈകല്യങ്ങൾ ഞങ്ങൾക്കുണ്ട് എന്ന് ഇതിൽ തുറന്നു സമ്മതിച്ചിരുന്നു. സ്ഥാനമാനങ്ങൾക്കുള്ള ആർത്തി, രാഷ്ട്രീയപഠനത്തിലുള്ള അലംഭാവം, ബ്യൂറോക്രാറ്റിക് സമീപനങ്ങൾ, അഴിമതിയും മറ്റു ദുഷിപ്പുകളും എന്നിവയൊക്കെ എണ്ണിയെണ്ണി പറഞ്ഞു. തെരഞ്ഞെടുപ്പിന്റെ തിരക്കുകൾക്കിടയിലും ഏറ്റവും ഉന്നതനേതൃത്വം മുതൽ ഏരിയാ നിലവാരം വരെ ഓരോ പ്രവർത്തകരും ഇത്തരം ദൂഷ്യങ്ങൾക്ക് എത്രമാത്രം വശംവദരായിട്ടുണ്ടെന്നു വ്യക്തിപരമായി പരിശോധിക്കുകയും പാർട്ടിഘടകത്തിൽ തുറന്നുപറയുകയും ചെയ്തു. പക്ഷേ, ഒരു ഏറ്റുപറച്ചിലിൽ തീരാവുന്നതല്ല പ്രശ്നം. തെറ്റുതിരുത്തൽ കാമ്പയിൻ തുടർന്നുകൊണ്ടുപോകാനാണു തീരുമാനിച്ചത്. പിന്നീടു വന്ന പാർട്ടിസമ്മേളനം ഇത് അവലോകനം ചെയ്തു. ഇപ്പോൾ ഗുണഫലങ്ങൾ പ്രകടമാണ്.

മനോജ്: അന്ന് എന്തുകൊണ്ട് ഇങ്ങനെ അധഃപതനം ഉണ്ടായി?

ഐസക്ക്: പറയാം. ഒരു പ്രധാനകാരണം, കേരളത്തിലെ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ വന്നുകൊണ്ടിരുന്ന മാന്ദ്യമാണ്. അന്ന് മൂന്നു പതിറ്റാണ്ടായി ഏതാണ്ടു 45 ശതമാനം വോട്ടുപിന്തുണയിൽ കുരുങ്ങിക്കിടക്കുകയായിരുന്നു. മുന്നോട്ടു കുതിക്കാൻ കഴിഞ്ഞിരുന്നില്ല. ബഹുഭൂരിപക്ഷത്തിന്റെ പാർട്ടിയായി മാറാനാകുന്നില്ല. അന്നത്തെ ആ വളർച്ചാമുരടിപ്പിന്റെ പശ്ചാത്തലത്തിലാണു വിഭാഗീയപ്രവണതകളെ കാണേണ്ടത്.

എന്തുകൊണ്ടു മുന്നേറാൻ കഴിയുന്നില്ല എന്നത് ഒട്ടേറെ ഉൾപ്പാർട്ടിച്ചർച്ചകൾക്കു വിഷയമായ കാര്യമാണ്. രണ്ടു കാരണങ്ങളാണു മുഖ്യമായും പലപ്പോഴും ഉയർന്നുവന്നിട്ടുള്ളത്. ഒന്ന്, മതന്യൂനപക്ഷങ്ങൾക്കിടയിൽ ഇടതുപക്ഷസ്വാധീനം കുറവാണ് എന്നതാണ്. വിമോചനസമരം സൃഷ്ടിച്ച പ്രതിബന്ധങ്ങളെ ഇന്നും മറികടക്കാൻ ആയിട്ടില്ല. സാമൂഹികനവോത്ഥാനപ്രസ്ഥാനം ഉഴുതുമറിച്ച മണ്ണിലാണല്ലോ കമ്യൂണിസം വളർന്നത്. മതന്യൂനപക്ഷങ്ങൾക്കിടയിൽ ശ്രദ്ധേയരായ നവോത്ഥാനനായകർ ഉണ്ടായിരുന്നെങ്കിലും പൊതുവിൽ ഇത്തരം നവീനസ്വാധീനങ്ങൾ ദുർബ്ബലമായിരുന്നു. വ്യവസ്ഥാപിതമായ മതസമുദായങ്ങൾക്കുള്ളിലെ സവിശേഷമായ മതാന്തരീക്ഷത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിക്കു വേണ്ടത്ര മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യത്തിലും സംശയമുണ്ട്. മതന്യൂനപക്ഷപ്രശ്നത്തെ എങ്ങനെ കൈകാര്യം ചെയ്യാം എന്നതു സംബന്ധിച്ച അടവുനയത്തെപ്പറ്റി ഒട്ടേറെ തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്. അവയിലേക്കു കടക്കുന്നില്ല. ന്യൂനപക്ഷാവകാശസംരക്ഷണം, മതവിശ്വാസികളോടു തുറന്ന സമീപനം, ബഹുജനങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭസമരങ്ങൾ തുടങ്ങിയവയിലെല്ലാം ഊന്നൽ നല്കിയുള്ള ഒരു

സമീപനമാണ് ഇപ്പോൾ കൈക്കൊള്ളുന്നത്. ഇതിൽ എടുത്തുപറയാവുന്ന പുരോഗതി കൈവരിക്കാൻ കഴിയുന്നുണ്ട്.

രണ്ടാമത്തെ പ്രശ്നം, കേരളത്തിലെ സവിശേഷവും സങ്കീർണ്ണവുമായ വർഗ്ഗബന്ധങ്ങളാണ്. കൂലിവേലക്കാരെ നിർത്തി പണിയെടുപ്പിക്കുന്ന ചെറുകിട ഭൂവുടമസ്ഥർക്കും കൈത്തൊഴിലുകാർക്കുമാണ പ്രാമുഖ്യം. ഇതു ചെറുകിടയുത്പാദകരുടെയും കൂലിവേലക്കാരുടെയും ഐക്യം വളർത്തിയെടുക്കാൻ തടസമാണ്. ഈ ഐക്യം വളർത്തുന്നതിൽ ഉത്പാദനക്ഷമതാവർദ്ധന ഒരു പ്രധാന ഘടകമാണെന്ന് ഇന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

മൂന്നാമത്തെ സവിശേഷപ്രശ്നം, ഇടത്തരം വിഭാഗക്കാരുടെ അഭൂതപൂർവ്വമായ വളർച്ചയാണ്. ഉള്ളവനും ഇല്ലാത്തവനുമായി രണ്ടു പാളയങ്ങളിലായി വേർതിരിയുന്നതല്ല, ഇടത്തരക്കാരുടെ എണ്ണം വർദ്ധിക്കുന്നതാണ് ഇന്നത്തെ പ്രവണത. ഇവരുടെ ആഗ്രഹാഭിലാഷങ്ങളെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പരമ്പരാഗതാടിത്തറയായ കർഷകത്തൊഴിലാളികൾ, പരമ്പരാഗതവ്യവസായത്തൊഴിലാളികൾ, നാട്ടുമ്പുറത്തെ പാവങ്ങൾ എന്നിവരുടെ താത്പര്യങ്ങളുമായി എങ്ങനെ സംയോജിപ്പിക്കാം എന്നത് ഒരു പ്രശ്നമാണ്. 2011-ലെ നിയമസഭാതെരഞ്ഞെടുപ്പിൽ ഈ പരമ്പരാഗതാടിത്തറയെ ഏതാണ്ടു പൂർണ്ണമായി അണിനിരത്താൻ കഴിഞ്ഞതുകൊണ്ടാണ്, പരാജയപ്പെട്ടെങ്കിലും വിജയത്തോട് അടുക്കാൻ കഴിഞ്ഞത്. അന്നും ഇടത്തരക്കാരുടെ പിന്തുണ വേണ്ടത്ര ആർജ്ജിക്കാൻ കഴിഞ്ഞിരുന്നില്ല എന്നാണ് എന്റെ വിലയിരുത്തൽ. എന്നാൽ, ഇന്ന് ഈ നില മാറിവരുന്നുണ്ട്.

കേരളത്തിലെ പ്രസ്ഥാനത്തിന്റെ വോട്ടുപിന്തുണ വർദ്ധിക്കാത്തതിനു മറ്റു പല കാരണങ്ങളും ഉണ്ടാകാം. അവയൊക്കെ ചർച്ച ചെയ്യേണ്ട കാര്യങ്ങളാണ്.

പാർട്ടിയും ജനങ്ങളും തമ്മിൽ അകലുന്നുണ്ടോ?

മനോജ്: വളർച്ചാമുരടിപ്പിനുപുറമ, പാർട്ടി ജനങ്ങളിൽനിന്ന് അകലുന്ന, അല്ലെങ്കിൽ, ജനങ്ങൾ പാർട്ടിയിൽനിന്ന് അകലുന്ന സ്ഥിതി ഉണ്ടായിരുന്നോ?

ഇടത്തുനിന്ന്: തോമസ് ഐസക്ക്, ഡോ. ബി. ഇക്ബാലിനും എം. എ. ബേബിക്കും ഒപ്പം; സത്യാഗ്രഹം കിടന്ന് അവശനിലയിലായ ഐസക്കിനെ പിണറായി വിജയനും വി. എസ്. അച്യുതാനന്ദനും സന്ദർശിച്ചപ്പോൾ.

ഐസക്ക്: രണ്ടും സംഭവിക്കുന്നുണ്ടായിരുന്നു എന്നാണ തെറ്റുതിരുത്തൽ രേഖയിൽ ഞങ്ങൾ വിലയിരുത്തിയത്. മുമ്പ് പാർട്ടിയുടെയും വർഗ്ഗബഹുജനസംഘടനകളുടെയും ഓരോ ഘടകവും ജനങ്ങളുടെ പ്രശ്നങ്ങളിൽ നിരന്തരവും സർഗ്ഗാത്മകവുമായി ഇടപെട്ടിരുന്നു. എന്നാൽ ഇടക്കാലത്ത് മുകളിൽനിന്നുള്ള നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിലേക്ക പ്രവർത്തനം ചുരുങ്ങി. പാർട്ടിപ്രവർത്തനം കൂടുതൽ കൂടുതൽ രാഷ്ട്രീയകാര്യങ്ങളിലേക്ക ചുരുങ്ങുന്ന സ്ഥിതിയുമുണ്ടായി. മുമ്പ് അങ്ങനെയല്ല. നാട്ടുകാരുടെ ജനന, മരണ, വിവാഹാദി അടിയന്തിരങ്ങളിലെല്ലാം പർട്ടിയുടെ സജീവസാന്നിദ്ധ്യം വളരെക്കൂടുതൽ ആയിരുന്നു. പിന്നീട് സമുദായസംഘടനകളുംമറ്റും ഈ മേഖല കയ്യടക്കി. ഇത്തരം പോരായ്മകൾ ബോദ്ധ്യപ്പെട്ടതുതന്നെ പരിഹാരത്തിനുള്ള വഴി പാതി തുറന്നു.

വിഭാഗീയത അവസാനിപ്പിച്ച് പാർട്ടി കരുത്തോടെ, യോജിപ്പോടെ മുന്നോട്ടു പോകണം എന്ന വികാരം പാർട്ടിയിലും അനുഭാവീസമൂഹത്തിലും വ്യാപകമായും ശക്തമായും ഉണ്ടായിരുന്നു. പാർട്ടിക്കുള്ളിലെ വിഭാഗീയത അവസാനിപ്പിച്ച് ഒരുമിച്ചു നില്ക്കാനായില്ലെങ്കിൽ ജനങ്ങൾ മാപ്പു നല്കില്ല എന്ന് എല്ലാവരും തിരിച്ചറിഞ്ഞു. പ്രശ്നങ്ങൾ അവസാനിക്കും എന്ന പ്രതീക്ഷയല്ല, ഉറപ്പാണ് എനിക്കുണ്ടായിരുന്നത്.

പല കാരണങ്ങൾകൊണ്ടു നടപടിക്ക വിധേയരായവരെ അവരുടെ പെരുമാറ്റം വിലയിരുത്തി വീണ്ടും വലിയൊരളവ് ഉൾക്കൊള്ളിച്ചു. ഒപ്പം, ഓരോ പ്രശ്നത്തിലും അതതിന്റെ മെറിറ്റ് അനുസരിച്ചു തീരുമാനവും നടപടിയും എടുക്കുന്ന പ്രവണത ശക്തിപ്പെട്ടു. ഇതും ഏറെ ഗുണം ചെയ്തു.

മനോജ്: അണികളെ ശരിയായി രാഷ്ട്രീയവത്ക്കരിക്കാൻ ഇന്നു കഴിയുന്നുണ്ടോ? ആഗോളീകരണത്തിന്റെ കുത്തൊഴുക്കിൽ പാർട്ടിയുടെ താത്വികാടിത്തറയ്ക്കും സ്വാഭാവികമായി നേർമ്മ സംഭവിക്കുന്നില്ലേ? അതുകൂടിയല്ലേ ഇത്തരം അവസ്ഥകൾക്കു കാരണം?

ഐസക്ക്: രാഷ്ട്രീയപഠനത്തിന് ഇപ്പോൾ ഏതു കാലത്തെക്കാളും പരിഗണന നല്കുന്നുണ്ട്. രാഷ്ട്രീയപഠനം എന്നു പറയുമ്പോൾ പഠനസ്കൂളോ ക്ലാസുകളോ മാത്രമല്ല. ബഹുജനങ്ങൾ പഠിക്കുന്നതു ക്ലാസുമുറികളിലല്ല. അവരുടെ സമര-പ്രവർത്തനമേഖലകളിൽവച്ചാണ്. അവിടങ്ങളിൽ ഉണ്ടാകുന്ന സംഭവവികാസങ്ങളിൽ രാഷ്ട്രീയമായി ഇടപെടാൻ കേഡറുകൾക്കു കഴിയണം. ഇതു നല്കുന്നതിന് ആവശ്യമായ പഠനകേന്ദ്രങ്ങൾ ഇന്ന് എല്ലാ ജില്ലയിലും സജീവമായി പ്രവർത്തിക്കുന്നു. എന്റെ സമയത്തിൽ നല്ലൊരു പങ്ക് ഇത്തരം പ്രവർത്തനങ്ങൾക്കാണു നീക്കിവയ്ക്കുന്നത്.

ആഗോളീകരണം നിശ്ചയമായും ആശയപരമായ കനത്ത വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. മുമ്പ് അവിതർക്കിതമായി എല്ലാവരും അംഗീകരിച്ചിരുന്ന പല തത്ത്വങ്ങൾക്കും അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇന്നു സാധുത ഇല്ല. സോവ്യറ്റ് യൂണിയന്റെ തകർച്ചയ്ക്കു ശേഷമുള്ള സാഹചര്യത്തിൽ എങ്ങനെയാവും ലോകവിപ്ലവപ്രക്രിയ മുന്നേറുക എന്നു തിട്ടമായി പറയാനാവില്ല. എന്നാൽ ഒരു കാര്യം ഇപ്പോൾ ഉറപ്പിച്ചു പറയാനാകും. മുതലാളിത്തത്തിന്റെ വൈരുദ്ധ്യങ്ങളെ സോവ്യറ്റ് യൂണിയന്റെ തകർച്ചയോ ആഗോളീകരണമോ

ഇല്ലാതാക്കിയിട്ടില്ല. ആഗോളസാമ്പത്തികമാന്ദ്യവും ആഗോളപാരിസ്ഥിതിക ക്കുഴപ്പവും ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഈ വൈരുദ്ധ്യങ്ങൾ കൂടുതൽ മൂർച്ഛിച്ചിരിക്കുന്നു എന്നത് ഇവ പരിഹരിക്കാനുള്ള ചരിത്രശക്തികൾ ഉയർന്നു വരും എന്നതിന്റെ ഉറപ്പായാണ് ഞാൻ കാണുന്നത്.

ലളിതമായ ഉത്തരങ്ങൾ ഇല്ല. പക്ഷെ, ഉത്തരങ്ങൾ ഉണ്ട്. ആഗോളീക രണപശ്ചാത്തലത്തിൽ മദിരാശി കോൺഗ്രസ് ഒരു പ്രത്യയശാസ്ത്രരേഖ അം ഗീകരിച്ചിരുന്നു. ചില കാര്യങ്ങളിൽ തീർപ്പ് ഉണ്ടായെങ്കിലും ഒട്ടേറെക്കാര്യങ്ങ ളിൽ ചോദ്യങ്ങൾ ഉയർത്തിക്കൊണ്ടാണ് ഈ പ്രമേയം അവസാനിച്ചത്. രണ്ടു പാർട്ടി കോൺഗ്രസുകളുടെ കാലതാമസം വന്നെങ്കിലും 20-ാം പാർട്ടി കോൺ ഗ്രസ് ഇവയിൽ പലതിനും ചർച്ചകളിലൂടെ ഉത്തരം തേടി. ഇതൊരു തുടർപ്ര ക്രിയയാണ്.

ഇപ്പോൾ രാജ്യത്തെ രാഷ്ട്രീയസാഹചര്യം സാരമായി മാറിയിരിക്കുന്നു. വർഗ്ഗീയതയുടെ വിപത്ത് ബീഭത്സത കാട്ടുന്നു. അതിതീവ്ര ഉദാരീകരണവും പൊതുവിഭവങ്ങളുടെ കൊള്ളയും പൊതുമേഖലയുടെ വിറ്റൊഴിക്കലും നടപ്പാ ക്കുന്നു. രാജ്യം വലിയ സാമ്പത്തികത്തകർച്ചയിൽ വീണിരിക്കുന്നു. ഇതി നെയെല്ലാം നേരിടാനുള്ള ആലോചനകളും പഠനപ്രവർത്തനങ്ങളും പാർട്ടി നടത്തുന്നുണ്ട്.

സ്വപ്നം യുഗപരിണാമമാകുന്ന വിപ്ലവം

മനോജ്: എന്താണു താങ്കളുടെ വിപ്ലവപ്രതീക്ഷ?

ഐസക്ക്: ഞാൻ സാമൂഹികവിപ്ലവത്തെ ഒരു യുഗപരിണാമത്തിന്റെ വീക്ഷണ ത്തിലാണു കാണുന്നത്. അങ്ങനെ നോക്കുമ്പോൾ ഇന്നുണ്ടായിരിക്കുന്ന തിരി ച്ചടികൾ താത്ക്കാലികം മാത്രമാണ്. മാർക്സും ഏംഗത്സും നേരിട്ടു പങ്കെടുത്ത പാരീസ് കമ്മ്യൂൺ 70 ദിവസമേ നീണ്ടുനിന്നുള്ളൂ. ഈ വിപ്ലവപരാജയത്തി ന്റെ കാരണങ്ങൾ 'ഭരണകൂടവും വിപ്ലവവും' എന്ന പുസ്തകത്തിൽ ലെനിൻ വിശകലനം ചെയ്യുന്നു. അദ്ദേഹം ആ ഗ്രന്ഥം പക്ഷെ പൂർത്തിയാക്കിയില്ല. 'വിപ്ലവത്തെക്കുറിച്ച് എഴുതുന്നതിനെക്കാൾ എത്രയോ ആഹ്ലാദകരമാണു വിപ്ലവം നടത്തുക' എന്നു പ്രഖ്യാപിച്ചുകൊണ്ടു പുസ്തകം പാതിവഴി നിർത്തി റഷ്യൻ വിപ്ലവം സംഘടിപ്പിക്കുന്നതിൽ മുഴുകുകയായിരുന്നു അദ്ദേഹം. പാരീ സ് കമ്മ്യൂൺ നിലനിന്നത് 70 ദിവസമാണെങ്കിൽ ലെനിന്റെ സോവ്യറ്റ് വിപ്ലവം 70 സംവത്സരത്തിലേറെ നീണ്ടുനിന്നു. അതിനുണ്ടായ തകർച്ചയുടെ പാഠങ്ങൾ ഉൾക്കൊണ്ടു ലോകവിപ്ലവപ്രക്രിയ മുന്നോട്ടുപോകും. അതാണു സാമൂഹിക വിപ്ലവത്തെ ഒരു യുഗപരിണാമത്തിന്റെ ദീർഘവീക്ഷണത്തിലാണു ഞാൻ വിലയിരുത്താൻ ആഗ്രഹിക്കുന്നത് എന്നു പറഞ്ഞതിന്റെ അർത്ഥം.

മൂലരൂപം പ്രസിദ്ധീകരിച്ചത്:

1. 'ജനം മാപ്പുനല്കില്ല, വിഭാഗീയത അവസാനിപ്പിക്കാതെ', മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2011 സെപ്റ്റം ബർ 25.
2. 'പ്രതിസന്ധി ഗുരുതരം, പക്ഷെ പരിഭ്രമമില്ല', മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2016 ജൂലൈ 10.

ഗാന്ധിസമരത്തിന്റെ
ലോകായനം

3

ഗാന്ധിസമരത്തിന്റെ ലോകായനം

പ്രവേശിക

വിപ്ലവവഴിയിലെ ഗാന്ധിത്വപ്രയോഗപാഠങ്ങൾ

ഗാന്ധിജിയുടെ പല നിലപാടുകളോടും വിമർശം ഉള്ളയാളാണു ഞാൻ. എന്നാൽ അദ്ദേഹത്തിന്റെ സമരമാർഗ്ഗങ്ങൾ ഇന്നോളം ലോകചരിത്രത്തിൽ ചെലുത്തിയ സ്വാധീനം കേട്ട ഞാൻ അവസരം കിട്ടുന്നിടത്തെല്ലാം അതേപ്പറ്റി പറയുന്ന ആളായി മാറി! ഇക്കഴിഞ്ഞ ദശകങ്ങളിൽ ലോകത്തു നടന്നതും തുടരുന്നതുമായ ഒട്ടെല്ലാ സ്വാതന്ത്ര്യ, മനുഷ്യാവകാശ, സ്വയംനിർണ്ണയാവകാശ, വിമോചന പോരാട്ടങ്ങളും ഗാന്ധിയൻ പോരാട്ടവഴികൾ പഠിച്ചും പകർത്തിയുമാണു നടക്കുന്നത് എന്നത് എന്നെ അത്ഭുതപ്പെടുത്തി. നമ്മുടെ സ്വാതന്ത്ര്യസമരകാലത്ത് അമേരിക്കൻ പോരാളികൾ സംഘങ്ങളായി ഇവിടെ പലവുരു വന്നു പഠിച്ചുകൊണ്ടുപോയ സമരരീതികൾ—സാക്ഷാൽ ഗാന്ധിയൻ സമരമാർഗ്ഗം! അവിടെനിന്നു ലോകമാകെ പടർന്ന ആ സമരയാത്രയുടെ കഥ നിങ്ങളെയും അത്ഭുതപ്പെടുത്താതിരിക്കില്ല. ഈ സമരങ്ങൾക്കെല്ലാം നേതൃത്വം നല്കുന്നവർ സമരംചെയ്യാൻ പഠിക്കുന്നതിന്റെ രീതികൾ കേട്ടപ്പോൾ ഗാന്ധിജിയുടെ സ്വന്തം നാട്ടിലെ 'വല്യ' സമരക്കാരായ നാം കൈവിട്ടുകളഞ്ഞ മഹാനിധിയോർത്ത് ഉണ്ടായ അസ്വസ്ഥത ഇപ്പോഴും തീരിനില്ക്കുന്നു. ഒപ്പം ഈ വഴി തുറക്കുന്ന വിപ്ലവപ്രതീക്ഷയും.

മാർട്ടിൻ ലൂഥർ കിങ് ജൂനിയറിനൊപ്പം അമേരിക്കൻ പൗരാവകാശപ്പോരാട്ടത്തിൽ പങ്കെടുത്ത കൗമാരത്തിൽ തുടങ്ങി, വർണ്ണവിവേചനത്തിനെതിരായ പോരാട്ടത്തിലൂടെ, ഫെമിനിസത്തിന്റെ രണ്ടാം തരംഗത്തിന്റെ പ്രാരംഭകരിലൊരാളായി വളർന്ന മേരി കിങ് മാർട്ടിൻ ലൂഥറിലൂടെയാണു മഹാത്മാഗാന്ധിയെ കണ്ടെത്തുന്നത്.

ഇവർ കേരളത്തിൽ വന്നത് വൈക്കം സത്യാഗ്രഹത്തിന്റെ പരിസമാപ്തി ചരിത്രരേഖകളിൽ കണ്ടതുപോലെ ഇണ്ടംതുരുത്തിമനയിലെ നമ്പൂതിരിമാർക്കു മനഃപരിവർത്തനം (conversion) വന്നു വഴിനടക്കാൻ അനുവദിച്ചതിലൂടെത്തന്നെയാണോ എന്നു പരിശോധിക്കാനാണ്. ലോകത്ത് മറ്റൊരു സമരത്തിനും 'കൺവേർ

ഷൻ' എന്ന പരിസമാപ്തി കൈവരിക്കാനാകുന്നില്ല എന്നതാണ് ഇതിനു നിർബ്ബന്ധി ച്ചത്. പൊടിപിടിച്ച കടലാസുശേഖരങ്ങളിൽ പതിനഞ്ചുകൊല്ലം അവർ ഇതിനായി കെട്ടിമറിഞ്ഞു! ഒടുവിൽ വൈക്കം സത്യാഗ്രഹത്തിന്റെ സത്യം കണ്ടെത്തി. ബൃഹ ത്തായൊരു പുസ്തകവുമാക്കി—ലോകപോരാളികൾക്ക പഠിക്കാൻ! ഗാന്ധിജിയെ മഹാത്മാവാക്കി മൂലയ്ക്കുവച്ച നമുക്ക മനസിലാക്കാൻ പ്രയാസമുള്ള പലതുമാണ് മേരി ഇ. കിങ് പറയുന്നത്; ഗാന്ധിസത്തെപറ്റി, വൈക്കം സത്യഗ്രഹത്തെപ്പറ്റി, അമേരിക്കൻ പൗരാവകാശപോരാട്ടത്തെപ്പറ്റി, ഫെമിനിസത്തെപ്പറ്റി, ഒക്കുപ്പൈ സമരവും മുല്ലപ്പൂവിപ്ലവവും വരെയുള്ള ലോകപോരാട്ടങ്ങളെപ്പറ്റി...

ഗാന്ധിവഴിയിലെ രണ്ടാം 'കിങ്'

(മേരി ഇ. കിങ്ങിന്റെ ജീവിതം)

മാർട്ടിൻ ലൂഥർ കിങ് ജൂനിയറിന്റെ നേതൃത്വത്തിൽ അമേരിക്കയിൽ നടന്ന പൗരാവകാശപ്രക്ഷോഭത്തിൽ വിദ്യാർത്ഥിവിഭാഗത്തിന്റെയും പിന്നീട് മാദ്ധ്യമവിഭാഗത്തിന്റെയും ചുമതലക്കാരിയായി പ്രവർത്തിച്ച മേരി കിങ് പേരിൽ കിങ് ഉണ്ടെങ്കിലും മാർട്ടിൻ ലൂഥർ കിങ്ങിന്റെ ബന്ധുവൊന്നുമല്ല. കറുത്തവരുടെ അവകാശസമരത്തിൽ അണിചേർന്ന നിരവധി വെളുത്തവരിൽ ഒരാളാണ്. മാർട്ടിൻ ലൂഥറിനെ ഗാന്ധിയൻ സമരം പരിശീലിപ്പിച്ച അതേ വിദഗ്ധരിൽനിന്നു പരിശീലനം നേടാൻ അവസരം ലഭിച്ച ഗാന്ധിശിഷ്യ. സമാധാനപ്രവർത്തനങ്ങളിലെ ഇവരുടെ മികവും ആഴത്തിലുള്ള പാണ്ഡിത്യവും മനസിലാക്കിയ അടുത്ത സുഹൃത്തായ ജിമ്മി കാർട്ടർ അമേരിക്കൻ പ്രസിഡന്റായപ്പോൾ സമാധാനകാര്യത്തിലെ ഉപദേശകയായി നിയമിച്ചത് മേരിയെയാണ്. അക്കാലത്തെ 120-ൽപ്പരം ലോകരാഷ്ട്രത്തലവരുമായി അടുത്ത സമ്പർക്കം പുലർത്താനും വിവിധ സമാധാനമുൻകൈകളിൽ കാര്യമായ സംഭാവന നൽകാനും ഇവർക്ക് അവസരമുണ്ടായി. അന്ന് അമേരിക്കയുടെ പീസ് കോർ, നാഷണൽ വളന്റിയർ സർവ്വീസ് കോർ തുടങ്ങിയവയുടെ ആഗോളച്ചുമതലയും മേരിക്കായിരുന്നു. ഇന്നും കാർട്ടറുടെ ഉപദേശകയാണ്. അവരുടെ സൂക്ഷ്മഗ്രഹണശേഷിയും ധൈര്യവും അഗ്രഗണ്യമാണെന്നാണ് കാർട്ടർ വിലയിരുത്തിയിട്ടുള്ളത്.

ഐക്യരാഷ്ട്രസഭയ്ക്കു കീഴിൽ സമാധാനപഠനങ്ങൾക്കായി കോസ്റ്റാ റിക്കയിൽ സ്ഥാപിച്ചിട്ടുള്ള സർവ്വകലാശാലയായ യൂണിവേഴ്സിറ്റി ഫോർ പീസിലെ പീസ് ആൻഡ് കോൺഫ്ലിക്റ്റ്സ് സ്റ്റഡീസിലെ പ്രൊഫസറും ഇംഗ്ലണ്ടിലെ ഓക്സ്ഫഡിലുള്ള റോഥർമിയർ അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ടിലെ ഫെലോയും വാഷിങ്ടൺ ഡിസിയിലുള്ള അമേരിക്കൻ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഗ്ലോബൽ പീസിൽ സ്കോളറും രാജ്യാന്തര രാഷ്ട്രീയശാസ്ത്രജ്ഞയും ഒക്കെയായ അവർ നിരവധി സുപ്രധാനഗ്രന്ഥങ്ങളുടെ രചയിതാവും ഗാന്ധിയൻസമാധാനസിദ്ധാന്തങ്ങളുടെ ആഗോള അംബാസഡറുമാണ്.

ഗാന്ധിയൻമൂല്യങ്ങളുടെ പ്രചാരണത്തിനു നല്കുന്ന ജംനലാൽ ബജാജ് രാജ്യാന്തരപുരസ്കാരം, പശ്ചിമേഷ്യയിൽ സാമൂഹികനീതിക്കും സമാധാനവിദ്യാഭ്യാസത്തിനും നല്കിയ സംഭാവനകൾക്ക് എൽ-ഹിബ്രി പീസ് എജ്യൂക്കേഷൻ പ്രൈസ്, ജെയിംസ് എം. ലോസൺ നോൺവയലന്റ് അച്ചീവ്മെന്റ് അവാർഡ്, ഒഹായോ വെസ്ലിയൻ സർവ്വകലാശാലയുടെ ഡോക്ടർ ഓഫ് ലോ എന്നിങ്ങനെ പല പുരസ്കാരങ്ങളും ബഹുമതികളും മേരി കിങ്ങിനെ തേടിയെത്തിയിട്ടുണ്ട്. ആബറിസ്റ്റ്വിത്ത് സർവ്വകലാശാലയിൽനിന്ന് രാജ്യാന്തരരാഷ്ട്രീയത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയിട്ടുമുണ്ട്.

ഫെമിനിസത്തിന്റെ രണ്ടാം തരംഗത്തിനു തുടക്കം കുറിച്ചത് 1966-ൽ മേരി എഴുതിയ 'സെക്സ് ആൻഡ് കാസ്റ്റ്' എന്ന ലേഖനമാണ്.

ഫിദൽ കാസ്ട്രോയുടെയും ജിമ്മി കാർട്ടറുടെയും ജീവചരിത്രങ്ങൾ രചിച്ച ലോകത്തെ ശ്രദ്ധേയരായ അക്കാദമീഷ്യരിൽ ഒരാളും നരവംശശാസ്ത്രജ്ഞനും ഭിഷഗ്വരനും എഴുത്തുകാരനുമൊക്കെയായ ഡോ: പീറ്റർ ജി. ബോൺ ആണു ഭർത്താവ്.

ചെ ഗുവേരയുമായുംമറ്റും അടുപ്പം പുലർത്തിയിരുന്ന അദ്ദേഹവും ഇൻഡ്യൻപര്യടന ത്തിൽ മേരിയ്ക്ക സഹായിയായി ഒപ്പമുണ്ടായിരുന്നു.

മേരി ഇ. കിങ്ങിന്റെ പ്രധാനകൃതികൾ

ലോകസമാധാനവും അഹിംസാസമരവും സംബന്ധിച്ച് ഒട്ടേറെ പഠനങ്ങൾ നട ത്തിയിട്ടുള്ള മേരി ഇ. കിങ് ഈ വിഷയങ്ങളിൽ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ അഹിംസാ സമരഭൂമിയിലുള്ളവരുടെ വിലപ്പെട്ട പാഠപുസ്തകങ്ങളാണ്. അഴിയാക്കുരുക്കായി ചരിത്രത്തെ പല്ലിളിച്ചുകാട്ടി നില്ക്കുന്ന ഫലസ്തീൻപ്രശ്നത്തെപ്പറ്റി രചിച്ച 'ഫസ്റ്റ് ഫല സ്റ്റീനിയൻ ഇന്റിഫാഡ ആൻഡ് നോൺവയലന്റ് റെസിസ്റ്റൻസ്' എന്ന പുസ്തകം ഏറെ ചർച്ച ചെയ്യതാണ്. സംഘർഷഭരിതമായ ഫലസ്തീൻ-ഇസ്രായേൽ പ്രശ്ന ത്തിൽപ്പോലും 1987 – 90 കാലത്ത് അക്രമരാഹിത്യത്തിന്റെ പാത സ്വീകരിച്ച നട ത്തിയ 'ഇന്റിഫാഡ' എന്ന സമരങ്ങളാണ് ഇസ്ഹാക് റബീനെ സമാധാനചർച്ചയ്ക്കും ഉടമ്പടിക്കും നിർബ്ബന്ധിച്ചതെന്ന് ഈ ഗ്രന്ഥം ഓർമ്മിപ്പിക്കുന്നു. കിഴക്കേയൂറോപ്പി ലടക്കം പല രാജ്യത്തും സംഭവിച്ച സമാധാനപരമായ പരിവർത്തനത്തെപ്പറ്റിയും മേരി കിങ് ഗ്രന്ഥം രചിച്ചിട്ടുണ്ട്—'ദ് ന്യൂയോർക് ടൈംസ് ഓൺ എമേർജിങ് ഡെ മോക്രസീസ് ഇൻ ഈസ്റ്റേൺ യൂറോപ്', 'മഹാത്മാഗാന്ധി ആൻഡ് മാർട്ടിൻ ലൂഥർ കിങ് ജൂനിയർ', 'ദ് പവർ ഓഫ് നോൺ വയലന്റ് ആക്ഷൻ', അമേരിക്കൻ പൗരാവകാശപ്രക്ഷോഭത്തിലെ അനുഭവങ്ങൾ വിശദീകരിക്കുന്ന 'എ പേഴ്സണൽ സ്റ്റോറി ഓഫ് ദ് 1960സ് സിവിൽ റൈറ്റ്സ് മൂവ്മെന്റ്', 'ഫ്രീഡം സോങ്', സബ്-സഹാറൻ ആഫ്രിക്കയിലെ സമാധാനപൂർണ്ണമായ സ്വാതന്ത്ര്യപ്രസ്ഥാനങ്ങളെപ്പറ്റി യുള്ള 'ബൈറ്റ് നോട്ട് വൺ അനദർ', അക്രമരഹിതസമരങ്ങളുടെ സംഘാടനം സം ബന്ധിച്ച പരിശീലനപുസ്തകങ്ങൾ തുടങ്ങി ശ്രദ്ധേയമായ പല ഗ്രന്ഥങ്ങളും ഇവർ ലോകസമാധാനത്തിനു സംഭാവന ചെയ്തിട്ടുണ്ട്. ഫെമിനിസത്തിന്റെ രണ്ടാംതരം ഗത്തിനു തുടക്കം കുറിച്ചത് മേരിയാണ് എന്നതും ചരിത്രം രേഖപ്പെടുത്തുന്നു. കേസീ ഹെയ്ഡനുമായി (Casey Hayden) ചേർന്ന് 1966-ൽ എഴുതിയ 'സെക്സ് ആൻഡ് കാസ്റ്റ്' എന്ന ലേഖനമാണ് അതിന്റെ വഴിമരുന്ന്. മേരിയുടെ പുതിയ രചനയാണ് 'ഗാന്ധിയൻ നോൺവയലന്റ് സ്ട്രഗ്ൾ ആൻഡ് അൺടച്ചബിലിറ്റി ഇൻ സൗത്ത് ഇൻഡ്യ'.

ഗാന്ധിസമരത്തിന്റെ ലോകായനം

— പ്രൊഫ: മേരി എലിസബെത് കിങ്

സായുധകലാപത്തിലൂടെ വിപ്ലവം സംഘടിപ്പിക്കാമെന്ന വ്യാമോഹിച്ച മാവോയിസ്റ്റുകൾ ഇങ്ങ് ഇടത്തേയറ്റത്ത്. ഭീകരപ്രവർത്തനത്തിലൂടെ മതത്തെയും ദൈവത്തെയും സംരക്ഷിക്കാമെന്ന വ്യാമോഹിച്ച മതതീവ്രവാദികൾ അങ്ങു വലത്തേയറ്റത്ത്. ഇരുകൂട്ടരും ഈയാമ്പാറ്റകളെപ്പോലെ സ്വയം ഹോമിക്കുകയും മറ്റുള്ളവരുടെ ജീവിതങ്ങൾ തല്ലിക്കെടുത്തുകയും ചെയ്യു ചരിത്രത്തിലെ കറുത്തഫലിതങ്ങളാകുന്നു. പുരോഗമനചിന്തകളുടെ നെഞ്ചിൽ നിറയൊഴിച്ച് ചരിത്രത്തെ ഇരുളിലേക്കു തിരിച്ചാനയിക്കാമെന്ന വ്യാമോഹം വർണ്ണവെറിപൂണ്ട സവർണ്ണഫാസിസത്തിന്റെ നിരർത്ഥകഹുങ്കായി ഭീതി പരത്തുന്നു. ഈ ഇരുളുകൾക്കെല്ലാം നടുവിൽ ലോകത്തെ വിജയിച്ച പോരാട്ടങ്ങളുടെ പട്ടികനിരത്തി മേരി പറയുന്നു, അഹിംസയാണു നാളെയുടെ വഴിയെന്ന്. സൈനികബജറ്റിന്റെ പെരുക്കങ്ങൾക്കിടയിലെങ്ങോ നാം മറന്നുവച്ച, മഹാത്മാവെന്നു വിളിച്ചാദരിച്ച് സൗകര്യപൂർവ്വം മൂലയ്ക്കിരുത്തിയ അർദ്ധനഗ്നനായ ഫക്കീറിന്റെ ആശയങ്ങളിൽ ഒന്നിന്റെ പരമാർത്ഥം തേടിയാണവർ വന്നത്. നമുക്കു വേണ്ടാത്ത വൈക്കം സത്യഗ്രഹത്തിന്റെ നാൾവഴി തേടി. പതിനഞ്ചുകൊല്ലം നമ്മുടെ പുരാരേഖകൾ തെരഞ്ഞ് അതിന്റെ പരമാർത്ഥം കണ്ടെത്തി, ലോകമെങ്ങും അഹിംസാത്മകസമരങ്ങളിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന ജനലക്ഷങ്ങൾക്കുള്ള പാഠപുസ്തകമായി ആ നാൾവഴി സമർപ്പിച്ച അമേരിക്കൻ രാഷ്ട്രമീമാംസാശാസ്ത്രജ്ഞ പ്രൊഫ: മേരി എലിസബെത്ത് കിങ്.

വർണ്ണവിവേചനം ചവിട്ടിത്തെറിപ്പിച്ച രണ്ടു മുൻവരിപ്പല്ലുകൾ ഈടുവയ്പാക്കിയാണ് അമേരിക്കയിലും ദക്ഷിണാഫ്രിക്കയിലും അതേ ദുഷ്ടസത്വത്തെ ചരിത്രത്തിന്റെ ഓടച്ചാലിലേക്കു തുത്തെറിഞ്ഞതെന്ന് ആ പോരാട്ടങ്ങളിലൊന്നിൽ സജീവപങ്കാളിയായിരുന്ന ഇവർ പറയുമ്പോൾ നാം ചൂളിപ്പോകുന്നു, സർവ്വകലാശാലകൾ സ്ഥാപിച്ച് ഗാന്ധിമാർഗ്ഗം പഠിക്കുകയും അതു പരിശീലിച്ച് വൻ പ്രക്ഷോഭങ്ങൾ നയിക്കുകയും ചെയ്യുന്ന ലോകത്തെ പരിഷ്കൃതസമൂഹങ്ങൾക്കു മുന്നിൽ—ഗാന്ധിജിയുടെ രക്തസാക്ഷിദിനത്തെ ഹിംസയുടെ ശൗര്യദിനമാക്കി പുനരാവിഷ്കരിച്ച് ഹിംസയെ പുനരാനയിക്കുന്ന ഒരു ഭരണത്തിലെ പ്രജയെന്ന്.

അഹിംസാസമരസങ്കേതങ്ങളായി ഗവേഷകരും പോരാളികളും വ്യവഹരിക്കുന്ന ഒട്ടേറെ പദങ്ങളുണ്ട്, കംപൽഷൻ, പെഴ്സുവേഷൻ, കൺവേർഷൻ, കൊയേർഷൻ, പബ്ലിക് ഒപ്പിനിയൻ, സിവിൽ ഡിസൊബീഡിയൻസ് എന്നിങ്ങനെ.

ഊഷൽഭേദങ്ങൾ മാത്രമുള്ള ഇവയിൽ പലതിനും മലയാളത്തിലുള്ള പദങ്ങൾ ഇവയെ കൃത്യമായി വിവേചിക്കാൻ പര്യാപ്തമല്ല. അർത്ഥങ്ങൾ പരസ്പരം കടന്നു കയറിപ്പോയിട്ടുണ്ട്. അതിനാൽ, ഇവയോരോന്നിനേയും നിർവ്വചിച്ചുവച്ചുകൊണ്ടേ ഈ വിഷയം ചർച്ചചെയ്യാനാവൂ. ഗഹനവും സങ്കീർണ്ണവുമായ ആ ദൗത്യം പിന്നത്തേക്കു മാറ്റിവച്ചും അവയുടെ സാങ്കേതികവിശകലനത്തിലേക്കു പോകാതെയും നമുക്കു കാര്യങ്ങൾ തത്ക്കാലം ചർച്ച ചെയ്യാം.

വൈക്കം സത്യഗ്രഹത്തിലെ ‘കൺവേർഷൻ’

ഇവയിൽ ‘കൺവേർഷൻ’ എന്ന മനഃപരിവർത്തനം സമരക്കാരുടെ സഹനത്തിലൂടെ പ്രതിയോഗിയിൽ സൃഷ്ടിക്കാനാകുമെന്ന ഗാന്ധിജിയുടെ താത്വികനിലപാട് പിൽക്കാലസമരങ്ങളിൽ പ്രായോഗികവിജയം നേടിയതായി കാണാതിരിക്കുകയും അഹിംസാസമരങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ ഈ സാദ്ധ്യത ഇപ്പോഴും പലരും പരിഗണിച്ച് സമരങ്ങൾ കുഴപ്പത്തിലേക്കു പോകുകയും ചെയ്യുന്ന സാഹചര്യത്തിൽ, ആ നിലപാടിന്റെ സാധുത വൈക്കം സത്യാഗ്രഹാനുഭവത്തിന്റെ വിശകലനത്തിലൂടെ പരിശോധിക്കുക എന്നതായിരുന്നു മേരിയുടെ അക്കാദമികമായ ആവശ്യം. ഗാന്ധിജിക്കുമാത്രം, അതും അത്യപൂർവ്വമായി, സാദ്ധ്യമായിട്ടുള്ള ഈ നേട്ടത്തിന്റെ ഉദാഹരണങ്ങളിൽ ഒന്നായാണ് വൈക്കം സത്യഗ്രഹത്തെ ബാഹ്യലോകം അറിഞ്ഞിട്ടുള്ളത്. വൈക്കത്തെ സത്യഗ്രഹികളുടെ സഹനം കണ്ട് അന്നത്തെ ജാതിക്കോമരങ്ങളായിരുന്ന നമ്പൂതിരിസമൂഹത്തിന്റെ മനസ്സലിഞ്ഞെന്നും അങ്ങനെയാണ് വൈക്കത്തെ ക്ഷേത്രനിരത്തുകൾ അവർണ്ണർക്കായി തുറന്നതെന്നുമുള്ള പാഠമാണ് ഇതുസംബന്ധിച്ച അടിസ്ഥാനരചനകളിലെല്ലാം കാണുന്നത് എന്നത് ഈ രംഗത്തുള്ള അക്കാദമികവിദഗ്ദ്ധരെ ഏറെക്കാലമായി ആശയക്കുഴപ്പത്തിൽ ആക്കിയിരുന്നു. “We cannot any longer resist the prayers that have been made

മേരി ഇ. കിങ്ങും ലേഖകനും.

to us, and we are ready to receive the untouchables" എന്ന പ്രഖ്യാപനത്തോടെ പാതകൾ തുറന്നു എന്നാണ് പുറംനാട്ടുകളിൽ ലഭ്യമായ ഗ്രന്ഥങ്ങളിലെല്ലാം ഉള്ളത്.

ഒന്നരപ്പതിറ്റാണ്ടിലെ ഗഹനമായ ഗവേഷണം പക്ഷേ, ഈ പ്രസ്താവത്തിന്റെ ഒരു ആധാരരേഖയും വെളിപ്പെടുത്തിയില്ല! എന്നു മാത്രമല്ല, അത്തരമൊരു മനഃപരിവർത്തനം സംഭവിച്ചിട്ടില്ല എന്നതിന്റെ വ്യക്തമായ തെളിവുകൾ ലഭിക്കുകയും ചെയ്തു. വാസ്തവത്തിൽ ആ സമരം പ്രഖ്യാപിതലക്ഷ്യം കാണാതെ അവസാനിപ്പിക്കുകയായിരുന്നു എന്നാണു വ്യക്തമായത്. ആരാധനാസ്വാതന്ത്ര്യത്തിനും അയിത്തോച്ചാടനത്തിനുമായി നടത്തിയ സമരം ക്ഷേത്രത്തിനുമുന്നിലെ പൊതുവഴിയിലെയും ക്ഷേത്രത്തിലെയും പ്രവേശനം നിഷേധിച്ചുകൊണ്ടും മൂന്നുവശത്തെ വഴികൾ മാത്രം തുറന്നുകൊണ്ടും അവസാനിപ്പിക്കേണ്ടിവന്നു. ആ അർത്ഥത്തിൽ സമരം പരാജയമായിരുന്നെന്നു പഠനം സമർത്ഥിക്കുന്നു. പൊതുസമൂഹം ഏറ്റെടുക്കേണ്ടിയിരുന്ന സമരത്തെ ഹിന്ദുമതത്തിലെ മാത്രം സമരമാക്കി പരിമിതപ്പെടുത്താനും അന്യമതസ്ഥരെ അതിൽനിന്നു മാറ്റിനിർത്താനും ഗാന്ധിജി ശ്രമിച്ചത് സമരതന്ത്രത്തിലെ പിഴവായിരുന്നെന്നും ഇവർ വിലയിരുത്തുന്നു.

നമ്മളെപ്പോലെ ഫ്യൂഡലിസത്തിന്റെ ബാക്കിയായ വ്യക്ത്യാരാധനയൊന്നും ഇല്ലാത്ത ഭാരതീയേതരർക്ക് ഇത് അക്കാദമികതാത്പര്യമുള്ള കണ്ടെത്തലുകൾ മാത്രമാകുമ്പോൾ, ഗാന്ധിജിയുടെ ആദർശങ്ങളെ തിരിഞ്ഞുപോലും നോക്കാത്ത നമ്മൾക്കു കപടമായ ധർമ്മരോഷമൊന്നും തോന്നേണ്ട കാര്യമില്ലെങ്കിലും ഗാന്ധിഭക്തർക്ക് ഒരു മുതലെടുപ്പുവിവാദത്തിനു സ്കോപ്പുള്ളതാണീ പഠനം; ഗാന്ധിഘാതകർക്ക് അദ്ദേഹത്തിന്റെ മഹത്വം കുറച്ചുകാണിക്കാനുള്ള മറ്റൊരു വൈക്കോൽത്തുരുമ്പും. എന്നാൽ, ഈ പഠനം വൈക്കം സത്യഗ്രഹത്തിന്റെയോ ഗാന്ധിജിയുടെയോ പ്രസക്തി തെല്ലും കുറയ്ക്കുകയല്ലെന്നും മറിച്ച് അവയുടെ ലോകമാകെയുള്ള പുനർവായനയ്ക്കും ഗാന്ധിയൻ സമരങ്ങളുടെ ശാസ്ത്രീയമായ ആസൂത്രണാത്തിനും ഉപാധിയാകുകയാണെന്നും മേരി കിങ് ചൂണ്ടിക്കാട്ടുന്നു.

ഗാന്ധിജി നയിച്ച ഏക പൗരാവകാശസമരവും ഗാന്ധിയൻ സമരരീതിയുടെ ആദ്യപരീക്ഷണവുമായിരുന്നു വൈക്കത്തേതെന്ന് അവർ ഓർമ്മിപ്പിക്കുന്നു. അദ്ദേഹത്തിന്റെ പങ്കാളിത്തം ഇല്ലായിരുന്നെങ്കിൽ ആ സമരം ഇന്നത്തെപ്പോലെ ആഗോളശ്രദ്ധനേടിയ സമരമാകുമായിരുന്നില്ലെന്നും അവർ സാക്ഷ്യപ്പെടുത്തുന്നു. സർവ്വോപരി, ഗാന്ധിജി ഏറ്റവുമധികം എഴുതുകയും ചിന്തിക്കുകയും ചെയ്ത അയിത്തം എന്ന പ്രശ്നത്തിലേക്ക് അദ്ദേഹത്തെ വലിച്ചിട്ടത് വൈക്കം സത്യഗ്രഹവും റ്റി.കെ. മാധവനും ആണെന്നും ഇതെല്ലാം വൈക്കം സത്യഗ്രഹത്തിന്റെ എക്കാലത്തെയും പ്രസക്തിയാണെന്നും ഗാന്ധിജിയുടെ യഥാർത്ഥ പിന്തുടർച്ചക്കാരിയായ മേരി കരുതുന്നു.

വൈക്കം സത്യഗ്രഹം എന്ന പാഠപുസ്തകം

വൈക്കം സത്യഗ്രഹത്തെപ്പറ്റി മേരി രചിച്ച ഗ്രന്ഥം ലോകമാകെ ഇതിനകം ചർച്ചയായിക്കഴിഞ്ഞു; വൈക്കം സത്യഗ്രഹവും. ഓക്സ്ഫെഡ് യൂനിവേഴ്സിറ്റി പ്രസ് പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന്റെ പേര് *'ഗാന്ധിയൻ നോൺവയലന്റ് സ്ട്രഗ്ൾ ആൻഡ് അൺടച്ചബിലിറ്റി ഇൻ സൗത്ത് ഇൻഡ്യ: ദ് 1924 – 25 വൈക്കം സത്യഗ്രഹ ആൻഡ്*

വൈക്കം സത്യാഗ്രഹം സംബന്ധിച്ച മേരി ഇ. കിങ്ങിന്റെ പുസ്തകത്തിന്റെ പ്രകാശനം തിരുവനന്തപുരത്തു നടന്നപ്പോൾ.

ദ് മെക്കാനിസം ഓഫ് ചെയ്ഞ്ച് എന്നാണ്. അക്കാലത്ത് ഉണ്ടായിരുന്നതും പിന്നീട്ടു നിന്നുപോയതുമായ പത്രങ്ങളുടെയും ആനുകാലികങ്ങളുടെയും പ്രതികൾവരെ തേടിപ്പിടിച്ചും കൊളോണിയൽക്കാലത്തെ ഔദ്യോഗികരേഖകളും തിരുവിതാംകൂർ കൊട്ടാരത്തിലേതടക്കമുള്ള പുരാരേഖകളും പരിശോധിച്ചും സമരസ്മരണകളുള്ള അവശേഷിക്കുന്ന ആളുകളുമായും നിരവധി ചരിത്രപണ്ഡിതരുമായുമെല്ലാം സംസാരിച്ചുമാണ് സമരത്തിന്റെ വസ്തുനിഷ്ഠമായ നാൾവഴി അവർ പുനഃസൃഷ്ടിച്ചത്. അക്കാലത്തെ ബ്രാഹ്മണമേധാവിത്വത്തിന്റെയും അവർണ്ണരുടെയും സാമൂഹികാവസ്ഥയുടെയുമൊക്കെ സുസൂക്ഷ്മമായ വിശകലനം നമുക്ക് അറിയാതിരുന്ന പല വിവരങ്ങളും മാനങ്ങളും വെളിപ്പെടുത്തുന്നു. ഗാന്ധിജിയെത്തന്നെ പുതിയ സാഹചര്യത്തിൽ പുനർവായിക്കാൻ വേണ്ട കരുക്കളും ഇതിൽ നിരവധിയാണ്. അറുന്നൂറ്റിനാലുദിവസത്തെ വൈക്കം സത്യഗ്രഹം അവസാനിപ്പിച്ചതിന്റെ തൊണ്ണൂറാം വാർഷികം 2015 നവംബർ 23-ന ആചരിക്കപ്പെട്ട വേളയിലാണ് ഈ പുസ്തകം പുറത്തിറങ്ങിയത് എന്ന പ്രാധാന്യവുമുണ്ട്.

ഇൻഡ്യയിൽവച്ചു തന്റെ പുസ്തകത്തിന്റെ പ്രകാശനം നടത്തണമെന്ന ആഗ്രഹം നിറവേറ്റാൻ സെപ്റ്റംബർ മദ്ധ്യത്തിൽ ഇവർ വീണ്ടും ഇവിടേക്കു വന്നു. കേരളത്തിൽ വൈക്കത്തും തിരുവനന്തപുരത്തും പ്രകാശനച്ചടങ്ങുകളിൽ പങ്കുകൊണ്ടു. കൊല്ലത്ത് പ്രൊഫ: ശ്രീനിവാസൻസ്മാരക പ്രഭാഷണവും ചെയ്തു. പുസ്തകപ്രകാശനത്തിനായി തിരുവനന്തപുരത്തെത്തിയപ്പോഴാണ് ഗാന്ധിജിയ്ക്ക് ആഗോളതലത്തിൽ വർദ്ധിച്ചുവരുന്ന പ്രസക്തിയുടെ വിസ്മയിപ്പിക്കുന്ന വിവരങ്ങൾ പങ്കുവയ്ക്കാൻ അവസരമുണ്ടായത്. കഥയടുക്കോടെ കാര്യങ്ങളറിയാൻ വൈക്കത്തുനിന്നുതന്നെ സംഭാഷണം തുടങ്ങി.

മനോജ് കെ. പുതിയവിള: എന്തുകൊണ്ടാണ് വൈക്കം സത്യഗ്രഹം തെരഞ്ഞെടുത്തത്?

പ്രൊഫ: മേരി എലിസബെത് കിങ്: ഞാൻ വൈക്കം തെരഞ്ഞെടുക്കുക ആയിരുന്നില്ല, വൈക്കം എന്നെ തെരഞ്ഞെടുക്കുകയായിരുന്നു. വൈക്കം സത്യഗ്രഹത്തെപ്പറ്റി എഴുതിയിട്ടുള്ള ഡോ: ജീൻ ഷാർപ് (Gene Sharp) 15 കൊല്ലം മുമ്പ് എന്നോടു പറഞ്ഞു, നിലവിലുള്ള രചനകളിലൊന്നും വൈക്കം സത്യാഗ്രഹത്തെപ്പറ്റി പറയുന്ന എല്ലാ കാര്യങ്ങളും ശരിയാകാൻ ഇടയില്ല; അവിടെ പോയി അതേപ്പറ്റി സമഗ്രമായി പഠിക്കേണ്ടതുണ്ട് എന്ന്. ഞാൻ അത് ഏറ്റെടുത്തു. സത്യഗ്രഹത്തെപ്പറ്റി മറ്റുള്ളവർ എഴുതിയ (സെക്കൻഡറി) പുസ്തകങ്ങൾ പരിശോധിച്ചു. പ്രശ്നത്തിലെ സങ്കീർണ്ണത കൂടുതൽ ബോദ്ധ്യപ്പെട്ടു. 'തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും കണ്ണിൽപ്പെടാൻകൂടി പാടില്ലാത്തവരു'മായ ജനതയുടെ മഹാദുരിതം, അവഗണിക്കലിന്റെയും വിവേചനത്തിന്റെയും ചൂഷണത്തിന്റെയും സങ്കീർണ്ണവും സുഘടിതവുമായ അവസ്ഥ, എന്നെ അത്ഭുതപ്പെടുത്തി. വിവേചനം എന്നെ സംബന്ധിച്ച് അപരിചിതമല്ല. കുട്ടിക്കാലത്ത് ജന്മനാടായ വിർജീനിയയിൽ റോഡിലൂടെ വരുന്ന ആഫ്രിക്കൻ വംശജർ വെളുത്തവർഗ്ഗമായ എന്റെ അച്ഛനെ കാണുമ്പോൾ പിന്നാക്കം മാറി റോഡിൽനിന്ന് ഇറങ്ങിനിൽക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. അവഹേളനയുടെ പല രൂപങ്ങൾ. പക്ഷേ, കേരളത്തിലേതു വ്യത്യസ്തമായിരുന്നു. വ്യവസ്ഥപ്പെടുത്തിയ വിവേചനം!

ഞങ്ങൾക്കു ലഭ്യമായിരുന്ന വിവരങ്ങൾ പരിശോധിച്ചപ്പോൾ ഞാൻ കണ്ടത് എഴുതപ്പെട്ടവയെല്ലാം സത്യഗ്രഹം വിജയമായിരുന്നു എന്ന ഊതിപ്പെരുപ്പിച്ച, മഹത്വവത്ക്കരിച്ച, റിപ്പോർട്ടുകളാണെന്നാണ്. സമരക്കാരുടെ സഹനം കണ്ടു മനസലിഞ്ഞ ബ്രാഹ്മണർ റോഡു തുറന്നുകൊടുക്കുകയായിരുന്നു എന്നു പ്രസ്താവിക്കുന്ന ഒരൊറ്റ ഉദ്ധരണി അരഡസൻ പാശ്ചാത്യപണ്ഡിതരുടെ പുസ്തകങ്ങളിൽ കണ്ടു. എന്നാൽ ആ ഉദ്ധരണിയുടെ ആധികാരികത തെളിയിക്കുന്ന ഒരു രേഖയും എവിടെയും കണ്ടെത്താനായില്ല! കിഴക്കൻലോകത്തുവന്ന് ആഴത്തിൽ പഠിച്ചപ്പോൾ മനസിലായി അതൊരു ഒത്തുതീർപ്പായിരുന്നു എന്ന്. പ്രശ്നപരിഹാരം (resolution of conflict) ആയിരുന്നില്ല, പ്രശ്നം ഒതുക്കൽ (management of conflict) മാത്രമായിരുന്നു. ആഴത്തിലുള്ള പരിവർത്തനം ഉണ്ടായില്ല. സംഗതി വളരെ കുഴക്കുന്നതും നിഗൂഢവുമായി തോന്നി.

കേരളീയരും മറ്റ് ഇൻഡ്യക്കാരും പാശ്ചാത്യരുമായ പണ്ഡിതരുടേതായി ഓക്സ്ഫഡിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ടിലുള്ള അതിവിപുലമായ ശേഖരമത്രയും പരിശോധിച്ചു. അവിടെ സ്ഥലം പോരാഞ്ഞിട്ട് ഒരു വെയർഹൗസിൽ സൂക്ഷിച്ചിരിക്കുകയാണു പുസ്തകങ്ങൾ. അത്രയ്ക്കുണ്ടത്! അവ പരിശോധിച്ചപ്പോൾ ഡോ: ഷാർപ് പറഞ്ഞതിൽ കാര്യമുണ്ടെന്നു മനസിലായി.

ഓക്സ്ഫഡിലെ എന്റെ ഇൻസ്റ്റിറ്റ്യൂട്ട് (Rothermere American Institute) ഇൻഡ്യയിൽ വന്നു പഠിക്കാൻ ഒരു ഗ്രാന്റ് തന്നു. പഠനം ഏകപക്ഷീയമാകരുതെന്ന കരുതലോടെ ദില്ലിക്കു പറന്നു. തിരുവനന്തപുരത്തെ സംസ്ഥാന ആർക്കൈവിലെ രേഖകൾ ഡോ: ഷാർപ്പിന്റെ നിരീക്ഷണം ശരിയാണെന്നു കൂടുതൽ ബോദ്ധ്യപ്പെടുത്തി; വിശദീകരിക്കപ്പെടാത്ത പലതും ഉണ്ടെന്നും. ഗാന്ധി വൈക്കം സത്യഗ്രഹത്തെ ഒരു സാമൂഹികപ്രശ്നമായി കാണാതെ ഹി

ന്ദുമതത്തിലെ ആഭ്യന്തരപ്രശ്നമായി കണ്ടതു സമരത്തിന്റെ സാദ്ധ്യതകളിലും പരിസമാപ്തിയിലും സൃഷ്ടിച്ച പരിമിതികളും ശ്രദ്ധയിൽപ്പെട്ടു. വിട്ടുപോകലുകൾ കണ്ടെത്തിയും അതിഭാവുകാഖ്യാനങ്ങൾ വസ്തുതകളുടെ അടിസ്ഥാനത്തിൽ തിരുത്തിയും വൈക്കം സത്യഗ്രഹത്തിന്റെ പരമാവധി സമ്പൂർണ്ണമായ ഒരു നാൾവഴി സൃഷ്ടിക്കേണ്ടതിന്റെ അനിവാര്യതയാണ് ഈ പഠനം എന്റെ ഉത്തരവാദിത്തമാക്കി മാറ്റിയത്.

ഭാവിസമരങ്ങൾക്കു കൺതെളിയാൻ

മനോജ്: വൈക്കം സത്യഗ്രഹത്തെപ്പറ്റിയുള്ള മേരിയുടെ ഈ പഠനവും കണ്ടെത്തലുകളും ഇപ്പോൾ നടക്കുന്നതും നടക്കാൻ പോകുന്നതുമായ സമരങ്ങളെ എങ്ങനെയാണു സ്വാധീനിക്കാൻ, സഹായിക്കാൻ പോകുന്നത്?

മേ. കി: ഞാൻ നേരത്തേ സൂചിപ്പിച്ച, ഗാന്ധി ദക്ഷിണാഫ്രിക്കയിൽ ആയിരിക്കെ 1905-ൽ നേടിയ ഉൾക്കാഴ്ച, "എത്ര കരുത്തുറ്റ ഭരണാധികാരിക്കും പ്രജകളുടെ സഹകരണമില്ലാതെ ഭരിക്കാനാവില്ല"—അതൊരു അടിസ്ഥാനപരമായ കണ്ടെത്തലാണ്. നിങ്ങളുടെ കാര്യംതന്നെ ആദ്യം എടുക്കാം. ഇൻഡ്യക്കാരെ സംബന്ധിച്ചിടത്തോളം ആഴത്തിൽ പതിഞ്ഞ ഈ ബോധം പൊടിതട്ടിയെടുക്കുന്നത് നീതിക്കും മനുഷ്യാവകാശങ്ങൾക്കും ലിംഗസമത്വത്തിനും പരിസ്ഥിതിക്കും ഒക്കെവേണ്ടി തുടരുന്ന പേരാട്ടങ്ങൾക്ക് ഏറെ ഗുണം ചെയ്യും. എന്നിട്ടും ഇൻഡ്യൻ ബുദ്ധിജീവികൾ ഈ ദർശനത്തിൽ ദൂരവ്യാപകഫലങ്ങളുള്ള എന്തെങ്കിലും സംഭാവന ഇന്നത്തെ ലോകത്തിനുവേണ്ടി നല്കുന്നതായി കാണുന്നില്ല!

അഹിംസാസമരങ്ങളിലൂടെ ചരിത്രനേട്ടങ്ങൾ ഉണ്ടാക്കിയ സമൂഹങ്ങൾ ആ പ്രക്ഷോഭങ്ങൾ രേഖപ്പെടുത്തിവയ്ക്കുന്നതിൽ സ്വാഭാവികമായും പരാജയപ്പെട്ടു. അങ്ങനെ ഈ ലോകദർശനം ആഴത്തിൽ കുഴിച്ചുമൂടപ്പെട്ടു. അതിനുമേൽ അക്രമത്തിന്റെ സായുധശക്തികൾക്കും സായുധപോരാട്ടങ്ങൾക്കും സമൂഹം ഇല്ലാത്ത പ്രാധാന്യം കല്പിക്കുകയും അതാണ് ഏറ്റവും കരുത്തുറ്റ ശക്തി എന്നു ധരിക്കുകയും ചെയ്തു. സ്വാതന്ത്ര്യത്തിനും മറ്റനവധി ആവശ്യങ്ങൾക്കുമായി നടന്ന എണ്ണമറ്റ അഹിംസാസമരങ്ങളൊക്കെ ഏറെ നിശ്ചയദാർഢ്യമുള്ളവ ആയിരുന്നിട്ടും നാം കുറച്ചുകണ്ടു, മറന്നു, അവഗണിച്ചു, അല്ലെങ്കിൽ ചുരണ്ടിമായ്ക്കപ്പെട്ടു.

എന്റെ അഭിപ്രായത്തിൽ ഗാന്ധിയാണ് ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മഹാനായ നേതാവ്; ലോകം മുഴുവൻ ഉറ്റുനോക്കിയ ആദ്യത്തെ പാശ്ചാത്യേതരവ്യക്തിയും. ഗാന്ധി സ്വാംശീകരിക്കാനും വ്യവസ്ഥപ്പെടുത്താനും കാര്യമായി പ്രയത്നിച്ച സമൂഹശക്തി ഉപയോഗിച്ചുള്ള അഹിംസാപ്രസ്ഥാനങ്ങൾ ഇന്ന് എല്ലാ ഭൂഖണ്ഡത്തിലും നമുക്കുണ്ട്. ഉദ്യോഗസ്ഥരും പടയാളികളും നിസ്സഹകരിച്ചാൽ സായുധ, സുരക്ഷാ സംവിധാനങ്ങളും സേനകളും പോലും പ്രവർത്തിക്കാതാകും.

മനോജ്: എന്തുകൊണ്ടാകാം ഗാന്ധിയൻ സമരസമീപനത്തിന് ഇത്തരമൊരു വിപര്യയം സംഭവിച്ചത്?

മേ. കി: പറയാം. ഉപ്പുസത്യഗ്രഹത്തിന്റെ വിവരണപാഠം മിത്താക്കി മാറ്റാനാണ് ഇൻഡ്യാചരിത്രം പ്രലോഭിതമായത്. അതേസമയം, മറ്റൊരു ചിന്താധാരക്കാർ യുദ്ധസന്നാഹങ്ങൾക്കായുള്ള അന്വേഷണങ്ങൾക്കു പിന്നാലെയുള്ള പരക്കംപാച്ചിലിൽ അതിനെ തള്ളിക്കളയുകയും തരംതാഴ്ത്തുകയും ചെയ്യുന്നു. ഇന്നത്തെ ഇൻഡ്യ എന്ന രാഷ്ട്രം (nation state) സൈനികശക്തിക്കു പണം ചെലവഴിക്കുന്നത് എനിക്കറിയാം. സൈനികശക്തിക്കു ഭീമമായി ചെലവാക്കുന്ന ഒരു രാജ്യത്തെ പൗരി എന്ന നിലയിൽ എനിക്ക് ജനങ്ങളുടെ കാഴ്ചപ്പാടുകളെ തകർക്കാനുള്ള അതിന്റെ സ്വാധീനശക്തിയും അറിയാം. ഇന്നത്തെ ഇൻഡ്യ സൈനികശക്തി വിപുലീകരിക്കുന്നതിനെ ന്യായീകരിക്കാൻ താല്പര്യപ്പെടുകയും അതേസമയം ഗാന്ധിയെ ബ്രിട്ടീഷുകാരോടുള്ള പോരാട്ടത്തിലെ ആദർശവാദിയായി ചിത്രീകരിക്കുകയും ചെയ്യുകയാണ്. സ്വാതന്ത്ര്യസമരത്തിൽ അഹിംസാത്മകപ്രതിരോധം പ്രയോഗിച്ചിരുന്നു എന്നതു മറന്നിട്ടില്ലെങ്കിലും അതിനെ സാമ്രാജ്യത്വവിരുദ്ധസമരത്തിനു മാത്രമുള്ള ഏർപ്പാടായാണു മിക്കവാറും കാണുന്നത്.

ഇൻഡ്യാചരിത്രത്തിൽ സാമൂഹികശക്തിയുള്ള പ്രാധാന്യത്തിന്റെ ചരിത്രം യു.എസിലെന്നപോലെ അവഗണിക്കപ്പെട്ടുകൂടു; അതു പലപ്പോഴും എഴുതപ്പെട്ടിട്ടുണ്ടെന്നിരിക്കിലും. ഉപ്പുസത്യഗ്രഹം ഒഴികെയുള്ള സമരങ്ങളൊന്നും ആഴത്തിൽ വിശകലനം ചെയ്യപ്പെട്ടിട്ടുമില്ല. അഹിംസാസമരത്തിന്റെ സങ്കേതങ്ങൾ സംബന്ധിച്ച പഠനത്തിൽ ഇൻഡ്യൻ പണ്ഡിതർ പേരെടുത്തിട്ടില്ല. ഗാന്ധിയും ഒപ്പമുണ്ടായിരുന്നവരും അഹിംസാസമരരൂപങ്ങൾ പ്രായോഗികമായി പ്രയോഗിച്ചവരാണ്. എന്നിട്ടും ഈ തലം കേവലം അദ്ദേഹത്തിന്റെ ആദർശത്തിന്റെ ഭാഗം മാത്രമായും ഇന്നു പ്രസക്തമല്ലാത്ത ഒന്നായും തരംതാഴ്ത്തപ്പെടുന്നു. ഉപ്പുസത്യഗ്രഹം ഒഴികെയുള്ള സമരങ്ങളെ വിശകലനം ചെയ്യുന്നതിനു ഗൗരവതരമായ ബുദ്ധിമുട്ടുകൾ തടസമായി എന്നതാണു കാര്യം. വൈക്കം സത്യഗ്രഹം തന്നെ ഉദാഹരണം. യഥാർത്ഥത്തിൽ സംഭവിച്ചതിന്റെ തെറ്റായ വ്യാഖ്യാനമാണു ഞങ്ങൾക്കെല്ലാം കിട്ടിയത്. അതു തിരുത്തുന്നതിനാണ് എന്റെ പുസ്തകം. ഗാന്ധിയുടെ പ്രവർത്തനങ്ങളുടെ വിവിധവശങ്ങൾ ആഗോളതലത്തിൽ ഒരു നൂറ്റാണ്ടോളം വികലമായാണു മന

ഇടത്തുനിന്ന്: വൈക്കം സത്യാഗ്രഹം സംബന്ധിച്ച പുസ്തകത്തിന്റെ പ്രകാശനവേദിയിൽ തോമസ് ജേക്കബ്, എം എ. ബേബി, പ്രഭാവർമ്മ എന്നിവർക്കൊപ്പം മേരി ഇ. കിങ്; എം. എ. ബേബിയും മേരി ഇ. കിങ്ങും പുസ്തകപ്രകാശനവേദിയിൽ.

സിലാക്കപ്പെട്ടത് എന്നർത്ഥം. അഹിംസാസമരം എങ്ങനെ പ്രവർത്തിക്കുന്നു എന്നതുസംബന്ധിച്ച ആഗോളധാരണ അതുകാരണം വളച്ചൊടിക്കപ്പെട്ടു. ദൗർഭാഗ്യവശാൽ അതിന്റെ സിദ്ധാന്തവും പ്രയോഗവും വികലമായി ആവിഷ്ക്കരിക്കപ്പെടാൻ ഇത് ഇടയാക്കി. പല മേഖലയിലും അഹിംസാസമരം അത് അർഹിക്കുന്ന ഗൗരവത്തിൽ പരിഗണിക്കപ്പെടാതെയും പോയി.

എന്റെ പുസ്തകത്തിൽ പരിശോധിക്കപ്പെടുന്ന നാൾവഴിയുടെ ഭാഗങ്ങൾ വിസ്തൃതിയിൽ ആണ്ടുപോയവയാണ്. ഗാന്ധിയുടെ നിർദ്ദേശപ്രകാരം സംഘടിപ്പിക്കപ്പെട്ട സവർണ്ണജാഥ, ബ്രാഹ്മണരും നായന്മാരും അടങ്ങുന്ന സവർണ്ണർ മഴനനഞ്ഞ് വൈക്കത്തുനിന്നു തിരുവനന്തപുരത്തേക്ക 124 മൈൽ നടന്നത്, 1924 നവംബർ 12-ന് അവർ തിരുവിതാംകൂർ മഹാറാണിക്ക നല്കിയ 25,000 പേർ ഒപ്പിട്ട ഭീമഹർജി - ഇത് 20-ാം നൂറ്റാണ്ടിലെ അഹിംസാസമരപ്പട്ടികയിലെ യശഃസ്തംഭമല്ലേ?

ഗാന്ധിജിക്ക പറ്റിയ പിഴവ്

മനോജ്: പിന്നെ എവിടെയാണ ഗാന്ധിജിക്ക തെറ്റിയത്?

മേ. കി: ഗാന്ധി ആഗ്രഹിച്ച ഹൃദയങ്ങളുടെയും മനസ്സുകളുടെയും പരിവർത്തനം വൈക്കത്തു സംഭവിച്ചില്ല. ചോദ്യം ചെയ്യപ്പെടാവുന്ന ഒരു 'പ്രശ്നം തീർക്കൽ' ഗാന്ധിയും ബ്രിട്ടിഷുകാരനായ പൊലീസ് കമ്മിഷണറുംകൂടി തട്ടിക്കൂട്ടുകയായിരുന്നു. പക്ഷെ, അതു ദളിതരെ 604 ദിവസത്തിനു മുമ്പത്തെ അതേ അവസ്ഥയിൽ അവശേഷിപ്പിച്ചു! ഗാന്ധിയുടെ നേതൃത്വത്തിന്റെ അന്നത്തെ പരിമിതി പ്രതിഫലിക്കുന്ന ഇത് 'മനഃപരിവർത്തനം', 'സ്വയം സഹനം' തുടങ്ങിയവ സംബന്ധിച്ച ചില തെറ്റായ തത്വങ്ങളുടെ അടിസ്ഥാനത്തിൽ സംഭവിച്ചതാണ്. അദ്ദേഹം ആഗ്രഹിച്ചിരിക്കാവുന്ന മനഃപരിവർത്തനത്തിൽനിന്നു വളരെ അകലെ നില്ക്കുന്ന, സംശയാസ്പദമായ ധാരണയുടെ അടിസ്ഥാനത്തിലുള്ള ഒരു തീർക്കലായിരുന്നു അത്. പ്രശ്നം തീർക്കലല്ല, പ്രശ്നം മാനേജ് ചെയ്യൽ. സത്യഗ്രഹം കഴിഞ്ഞു 12 കൊല്ലത്തിനുശേഷം എല്ലാ ക്ഷേത്രങ്ങളും ക്ഷേത്രപാതകളും എല്ലാവർക്കുമായി രാജവിളംബരത്തിലൂടെ തുറന്നുകൊടുക്കുന്നതുവരെ സമരം പരാജയമായിരുന്നെന്നു വസ്തുനിഷ്ഠമായും പറയാൻ കഴിയും, സുദീർഘവും പരോക്ഷവുമായ അർത്ഥത്തിൽ അതിനെ നോക്കിക്കാണാത്ത ഏതാൾക്കും.

പഠനത്തിനായുള്ള അന്വേഷണം ഇവിടയാണു തുടങ്ങുന്നത്. ഇന്നും നാം പണിക്കുറ്റം തീർത്തുകൊണ്ടിരിക്കുന്ന സമരസങ്കേതങ്ങളുടെ ആദ്യപരീക്ഷണശാല ആയിരുന്ന വൈക്കം. സ്വന്തം തെറ്റുകളെ വിമർശിക്കാൻ ഗാന്ധി ഭയപ്പെട്ടിരുന്നില്ല. നമ്മളും വിമർശിക്കാൻ ഭയക്കരുത്. കാരണം അവിടെയാണ പഠനം.

മനോജ്: ഈ കണ്ടെത്തലും വിമർശനപഠനവും മറ്റു സമരങ്ങൾക്ക് എങ്ങനെയാണു പ്രയോജനപ്പെടുക?

മേ. കി: സ്പെഷ്യലിസ്റ്റ് ചരിത്രകാരരുടെ, വേണ്ടത്ര ശ്രദ്ധകിട്ടാതെപോയ, പഠനങ്ങളിൽനിന്നു വ്യത്യസ്തമായി, വിവാദ ഒത്തുതീർപ്പടക്കം സമരത്തിന്റെ ഭാഗമായി



ഇണ്ടംതുരുത്തിമനയിൽ ഗാന്ധിജിക്ക് അയിത്താചരണപ്രകാരം ഒരുക്കിയ സ്വീകരണം: വൈക്കം സത്യാഗ്രഹം സംബന്ധിച്ച മേരി ഇ. കിങ്ങിന്റെ പുസ്തകത്തിന് ആർട്ടിസ്റ്റ് മദനൻ വരച്ച ചിത്രം.

നടന്ന സംഭവങ്ങളുടെ മുഴുവൻ വിവരണം, തെളിവുകളോടെ, അതും പരിശോധിച്ചുബോദ്ധ്യപ്പെടാവുന്ന രേഖകൾ സഹിതം, ഉണ്ടായിരിക്കുന്നു—അതാണീ പുസ്തകത്തിനുള്ള പ്രാധാന്യം. ഈ പുസ്തകം ഗാന്ധിയുടെ പിഴവുകൾ പരിശോധിക്കുകയും ഒപ്പം 1925-ൽ അദ്ദേഹത്തിന്റെ സംസാരം എങ്ങിനെ മാറുന്നു എന്ന് അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്. Compel, compulsion, pressure, public opinion തുടങ്ങിയ പദങ്ങൾ അദ്ദേഹം ഉപയോഗിച്ചുതുടങ്ങിയതായി കാണുന്നത് അപ്പോഴാണ്. സിവിൽ നിയമലംഘനം (civil disobedience) പോലെ പലപദങ്ങളുംതന്നെ ഇംഗ്ലീഷിനു ഗാന്ധിയുടെ സംഭാവനയാണ്.

നിലനിന്നുപോരുന്ന തടസങ്ങളുടെയോ അടിച്ചമർത്തലുകളുടെയോ അവസ്ഥയിൽ സാമൂഹികമാറ്റത്തിന് എങ്ങനെയൊക്കെ സമ്മർദ്ദം ചെലുത്താമെന്ന് അദ്ദേഹം അതിഗഹനമായി ചിന്തിച്ചത് എപ്രകാരമെന്ന് ഗാന്ധിയുടെ വാക്യങ്ങൾ ഇത്തരത്തിൽ വിശകലനം ചെയ്യുന്ന ഒരാൾക്കു മനസിലാകും. പ്രേരിപ്പിക്കലിനെപ്പറ്റി (persuasion) എഴുതിയിട്ടുള്ളത്ര അദ്ദേഹം ബലാൽക്കാരമായോ തടയുകയോ അനുസരിപ്പിക്കുകയോ ഭീഷണി പ്രയോഗിക്കുകയോ (coercion) ചെയ്യുന്ന രീതിയെപ്പറ്റി എഴുതിയിട്ടില്ല. ഇതു തെറ്റിദ്ധാരണ വളർത്തിയിട്ടുണ്ട്. അക്രമരഹിതജനമുന്നേറ്റത്തിൽ അടങ്ങിയിരിക്കുന്ന ശക്തിയെപ്പറ്റി ആഴത്തിൽ അറിയാമായിരുന്ന, ആ ശക്തിയും പ്രയോഗവുമായി വർഷങ്ങളോളം മല്പിടിത്തം നടത്തിയ അദ്ദേഹം അതിന്റെ പരിമിതിയെപ്പറ്റി അധികം ഉത്ക്കണ്ഠപ്പെട്ടില്ല. പ്രേരണയിലും മനഃപരിവർത്തനത്തിലുമുള്ള വർദ്ധിച്ച ഊന്നൽ ചിലപ്പോൾ ഹാനികരമാകാം എന്നതാണു വസ്തുത. പ്ര

തിയോഗിക്ക പരിവർത്തനം സംഭവിക്കാതിരുന്നാൽ അത് അസഹ്യമായ അടിച്ചമർത്തൽ അംഗീകരിക്കുന്നതിലേക്ക നയിക്കാം.

ഗാന്ധിയുടെ സ്വന്തം പഠനപാത പിന്തുടർന്ന് ആ ജ്ഞാനം സ്വാംശീകരിക്കാൻ ശ്രമിക്കുന്നതിലൂടെ അദ്ദേഹത്തിന്റെ ശരിയായ, ഇന്നും തുടരുന്ന, പ്രസക്തിയാണ നാം പ്രത്യക്ഷീകരിക്കുന്നത്. വൈക്കം സത്യഗ്രഹത്തിൽനിന്ന ഗാന്ധിയെ മാറ്റിനിർത്താനും ആവില്ല. അയിത്തത്തിനെതിരെ സമീപനാടുകളിൽ നടന്ന സമാനസമരങ്ങൾ പരാജയപ്പെടുകയും ചരിത്രത്തിൽ ഇടം നേടാതെ പോകുകയും ചെയ്തത് അവയിൽ ഗാന്ധി ഇല്ലാതിരുന്നതുകൊണ്ടാണ്. ഗാന്ധി മറ്റേതു വിഷയത്തെക്കാളും കൂടുതൽ എഴുതിയത് അയിത്തത്തെപ്പറ്റിയാണെന്ന ഞാൻ കരുതുന്നു. ഇൻഡ്യ മുഴുവൻ വൈക്കത്തെപ്പറ്റിയുള്ള വാർത്തകളെ പിന്തുടരുകയായിരുന്നു. ബൃഹത്തായ ഒരു സാമൂഹികസാംസ്കാരിക പ്രശ്നത്തിലേക്കുള്ള ആഴ്ന്നിറങ്ങലായിരുന്ന വൈക്കം സത്യഗ്രഹത്തിന്റെ ഫലം. നമ്മുടെ ലോകം ഇന്നും വിവേചനത്തിന്റെയും മുൻവിധികളുടെയും കൊടിയ ദുരിതങ്ങൾ നേരിടുകയാണ്. അവയ്ക്കെല്ലാം വൈക്കത്തെ കഥയിൽ ഒരുപാടു പാഠങ്ങളുണ്ട്.

മനഃപരിവർത്തനത്തിന്റെ സാദ്ധ്യത

മേ. കി.: ഞാൻ മുന്നോട്ടുവയ്ക്കുന്നത് ഇതാണ്: മനഃപരിവർത്തനത്തെ (conversion) നമുക്ക് തത്വത്തിൽ അംഗീകരിക്കാം, എന്നാൽ അതിനെ ഒരു സാധാരണ പ്രതിഭാസമെന്ന പ്രതീക്ഷിക്കാനാവില്ല. മനസുകളെ മാറ്റാൻ ഗാന്ധിക്ക സാധി

മന്നത്തിന്റെ സവർണ്ണജാഥ: വൈക്കം സത്യാഗ്രഹം സംബന്ധിച്ച മേരി ഇ. കിങ്ങിന്റെ പുസ്തകത്തിന് ആർട്ടിസ്റ്റ് മദനൻ വരച്ച ചിത്രം

ച്ചിട്ടുണ്ട് എന്നത് അപൂർവ്വതയാണ്. കോൽക്കത്തയിലെ വർഗ്ഗീയകലാപഭ്രമിയിൽ കലാപത്തിനു പിന്നിലെ വില്ലൻ എന്നു ചൂണ്ടിക്കാട്ടപ്പെട്ട മുസ്ലിമായ ബംഗാൾ പ്രവിശ്യാ പ്രധാനമന്ത്രിയെ ആത്മാർത്ഥമായി പശ്ചാത്തപിപ്പിച്ചതും കലാപത്തിനിരയായ ഒരു വീട്ടിൽ തന്നോടൊപ്പം ഒരാഴ്ച തമസിക്കാൻ ഗാന്ധി പ്രേരിപ്പിച്ചതും അതു കലാപം കെട്ടടങ്ങുന്നതിലേക്കു നയിച്ചതും ഉദാഹരണമാണ്. സ്വാതന്ത്ര്യസമരത്തിലെതന്നെ വഴിത്തിരിവായിരുന്നു അത്.

സാമൂഹികമാറ്റം സാദ്ധ്യമാകുമെന്ന് അദ്ദേഹം പ്രതീക്ഷിക്കുകയും, ഒരുപക്ഷേ, നിർബ്ബന്ധം പിടിക്കുകയും ചെയ്ത രീതിയാണു സ്വയംസഹനത്തിലൂടെ മറ്റുള്ളവരിൽ ഉണ്ടാകുന്ന മനഃപരിവർത്തനം. എന്നാൽ, പൊതുവിൽ പറയുമ്പോൾ, അതു കാലത്തിന്റെ പരീക്ഷണങ്ങളെ അതിജീവിച്ചിട്ടില്ല. സത്യത്തിൽ ഇത് അപകടകരമായ ഒരു നിഗമനം ആയിരിക്കാം. അദ്ദേഹത്തിന്റെ ചിന്തയിലെ അടിസ്ഥാനപരമായ ഒരു പിഴവ്, അഹിംസാസമരം ഒരിക്കലും പരാജയപ്പെടില്ലെന്നും അത് ഏതു കഠിനഹൃദയത്തെയും അലിയിക്കുമെന്നും ഉള്ള അചഞ്ചലവിശ്വാസത്തോടെയുള്ള സഹനം സംബന്ധിച്ച മുൻവിധിയാണ്. ഇതു വിനാശകരവും അത്രതന്നെ അപര്യാപ്തവുമാണ്.

സാമൂഹികശക്തി സംബന്ധിച്ച അതിഭൗതിക ആത്മീയവത്ക്കരണം ചരിത്രം, രാജ്യാന്തരബന്ധങ്ങൾ, രാഷ്ട്രമീമാംസ, രാഷ്ട്രീയസിദ്ധാന്തം, സാമൂഹികശാസ്ത്രം, സാമൂഹിക-ജനമുന്നേറ്റസിദ്ധാന്തം തുടങ്ങിയ മേഖലകൾ അഹിംസാസമരത്തിനു നല്കുന്ന ഗൗരവത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എന്റെ പ്രതീക്ഷ, ഇൻഡ്യൻ വിദ്യാർത്ഥികളും അദ്ധ്യാപകരും പണ്ഡിതരും പത്രപ്രവർത്തകരും ഗവേഷകരും സാമൂഹികശാസ്ത്രജ്ഞരും ചരിത്രകാരരുമൊക്കെ ഈ പഠനത്തിൽനിന്നു പ്രചോദനം ഉൾക്കൊള്ളുമെന്നും ഒരു രണ്ടാം പരിശോധന ആവശ്യമുള്ള ഗാന്ധിയൻസമരങ്ങൾ സംബന്ധിച്ച തീവ്രവും കരുത്തുറ്റതുമായ പഠനങ്ങൾ ലോകത്തിനാകെ ഗുണം ചെയ്യുമെന്നു തിരിച്ചറിയുമെന്നും ആണ്.

മനോജ്: ഇതൊക്കെയാണെങ്കിലും വൈക്കം സത്യഗ്രഹം പരിപൂർണ്ണവിജയം ആകാതെപോയി എന്നാണല്ലോ പുസ്തകത്തിൽ നിരീക്ഷിക്കുന്നത്. ഇനി ചരിത്രം വൈക്കം സത്യഗ്രഹത്തെ അങ്ങനെയാകുമോ വായിക്കുക?

മേ. കി: ഹ്രസ്വകാലാടിസ്ഥാനത്തിൽ പരിശോധിച്ചാൽ, സമരം പരാജയമായിരുന്നെന്നും ഗാന്ധിയുടെ നയങ്ങളും വഴങ്ങാനുള്ള സവർണ്ണരുടെ വിമുഖതയും അതിനു കാരണമായി എന്നും ഒരാൾക്കു പറയാം. എന്നാൽ, ഗാന്ധി മറ്റേതു വിഷയത്തെക്കാളുമേറെ എഴുതിയതും പറഞ്ഞതും തൊട്ടുകൂടായ്മയെപ്പറ്റി ആയിരുന്നു. ഗാന്ധിയെ ആ വിഷയത്തിലേക്കു കൊണ്ടുവന്നത് ഈ സമരമാണ്. ഗാന്ധിയുടെ സാന്നിദ്ധ്യമാണ് ആ സമരത്തിനു സാർവ്വലൗകികമാനം നല്കിയത്. ഇൻഡ്യ മുഴുവൻ വൈക്കത്തുനിന്നുള്ള വാർത്തകളെ പിന്തുടരുകയായിരുന്നു. ഏഷ്യ മുഴുവൻ അതു പടർന്നു. അതിബൃഹത്തായ ഒരു സാമൂഹികസാംസ്കാരികസമസ്യയിലേക്കു ശക്തമായി ആഴ്ന്നിറങ്ങാൻ കഴിഞ്ഞു എന്നതാണ് അതിന്റെ ഫലം. ലോകമാകെയുള്ള അഹിംസാപ്രസ്ഥാനങ്ങൾക്കു ജീവവായുവായിരിക്കുന്ന രാഷ്ട്രീയദർശനത്തിന്റെയും ഉൾക്കാഴ്ചയുടെയും അടിസ്ഥാ

ഇടത്തുനിന്ന്: ഒരു ആഗോളീകരണവിരുദ്ധസമരത്തിലെ അഹിംസാസമരക്കാർ; വാൾ സ്ട്രീറ്റ് സമരത്തിനു പിന്തുണയുമായി എത്തിയ മുതിർന്ന അമേരിക്കൻ കലാകാരർ വില്ലി നെൽസൺ, പീറ്റ് സീഗർ, ആർലോ ഗുത്രി.

നപരമായ ആവിഷ്ക്കാരത്തിന് അദ്ദേഹം നല്കിയ സംഭാവനകളെയും അതിന്റെ സമഗ്രതയെയും നാം കാണണം. പന്ത്രണ്ടുവർഷത്തിനു ശേഷമാണെങ്കിലും ക്ഷേത്രപ്രവേശനവിളംബരത്തിനു പ്രേരണയാകാനും സവർണ്ണരെക്കൂടി ഈ ആവശ്യത്തിനായി അണിനിരത്താനും കഴിഞ്ഞതും നിസ്സാരമല്ല.

ഗവേഷണത്തിന്റെ രീതിശാസ്ത്രം

മനോജ്: ഇന്നത്തെക്കാലത്തു മാദ്ധ്യമങ്ങൾ താന്താങ്ങളുടെ താത്പര്യത്തിനനുസരിച്ചു വാർത്തകൾ വളച്ചൊടിക്കുന്നതു വ്യാപകമാണല്ലോ. ‘മാതൃഭൂമി’യെ ആണല്ലോ ഈ പഠനത്തിൽ കാര്യമായി ആശ്രയിച്ചിരിക്കുന്നത്. ‘മാതൃഭൂമി’ വൈക്കം സത്യഗ്രഹത്തിന്റെ ഭാഗമായിരുന്നു. അതിന്റെ മാനേജിങ് എഡിറ്ററായിരുന്നു സത്യഗ്രഹക്കൺവീനർ. അപ്പോൾ, ആ പത്രത്തിലെ റിപ്പോർട്ടുകളെ ഒരു ചരിത്രഗവേഷണത്തിൽ എങ്ങനെയാണ് അടിസ്ഥാനരേഖയായി കണക്കാക്കാൻ കഴിയുക?

മേ. കി: 1924 – 25-ലെ വൈക്കം സത്യഗ്രഹം സംബന്ധിച്ച ദിനസരി ഞാൻ തയ്യാറാക്കിയത് മുഖ്യമായും പ്രാഥമികസ്രോതസുകളായ കത്തുകൾ, മറ്റ് ആശയവിനിമയങ്ങൾ, റിപ്പോർട്ടുകൾ, യോഗതീരുമാനങ്ങൾ, കൈകൊണ്ടെഴുതിയ കുറിപ്പുകൾ തുടങ്ങിയവയുടെ ഒറിജിനലുകൾ ആധാരമാക്കിയാണ്. രണ്ടാമത് ആശ്രയിച്ചത് പത്രപുരാരേഖകളെയും. ഒറിജിനലുകൾ അല്ലാത്തതും ചിലപ്പോഴൊക്കെ വിദഗ്ധരുടെ ചരിത്രവിശകലനങ്ങൾ അടങ്ങുന്നതുമായ ദ്വിതീയസ്രോതസുകൾ വായിച്ചുമനസിലാക്കുകയാണു പിന്നെ ചെയ്തത്. ഇൻഡ്യയിലെയും വിശിഷ്യാ കേരളത്തിലെയും ചരിത്രകാരർ, പണ്ഡിതർ, മാദ്ധ്യമപ്രവർത്തകർ തുടങ്ങിയവരുമായി നടത്തിയ അഭിമുഖങ്ങളായിരുന്നു നാലാമത്തെ സ്രോതസ്. ഇവയിൽ ഏതെങ്കിലും മൂന്നു വ്യത്യസ്തയിനം സ്രോതസുകളുമായെങ്കിലും ഓരോ സംഭവവും വ്യാഖ്യാനവും പറഞ്ഞുപതിഞ്ഞ വിവരവും പൊരുത്തപ്പെടുന്നു എന്ന് ഉറപ്പാക്കിമാത്രം സ്ഥിരീകരിക്കുക എന്ന രീതിസമ്പ്രദായമാണ് രാഷ്ട്രീയശാസ്ത്രകാരി എന്ന നിലയിൽ ഞാൻ പ്രയോഗിച്ചത്. ‘ട്രയാംഗുലേഷൻ’ എന്നാണ് ഈ രീതിക്കു പേര്.

സംഭവം കഴിഞ്ഞു നിരവധിവർഷം കഴിഞ്ഞുള്ള പഠനമാകയാൽ എല്ലാ ക്കാര്യത്തിലും ഇവയെല്ലാം പരിശോധിക്കാൻ ലഭ്യമായിരുന്നില്ല. ചരിത്രവ്യാ ഖ്യാനങ്ങളും പുരാരേഖകളും തമ്മിലുള്ള അന്തരം വെളിവാക്കുന്ന വസ്തുതകൾ പലതും കണ്ടു. സത്യഗ്രഹികൾതന്നെ എഴുതിയ പ്രാഥമികവിവരങ്ങളുടെ അഭാവം എന്നെ നിരാശയാക്കി. ഒരുപക്ഷേ, അവയൊക്കെ പലവിധ വി ശദീകരണങ്ങളുണ്ടാകാം. വിട്ടുപോകലിന്റെ ഈ തലം പുസ്തകത്തിൽ ഞാൻ പറഞ്ഞിട്ടുണ്ട്. പക്ഷേ, ഈ പ്രതിഭാസത്തെപ്പറ്റിയുള്ള ഒരു പഠനം എന്റെ പരിഗണനാവിഷയത്തിനു പുറത്തായിരുന്നു.

'മാതൃഭൂമി' റിപ്പോർട്ടുകളുടെ മെച്ചം, 604 ദിസത്തെ സമരകാലത്തുടനീളം ആഴ്ചയിൽ മൂന്നു റിപ്പോർട്ടുകൾ വീതം അയയ്ക്കുന്ന ഒരു ലേഖകൻ സ്ഥിരമായി അവിടെ ഉണ്ടായിരുന്നു എന്നതാണ്. ഒരു സംഭവത്തിന്റെ നാൾക്രമം തയ്യാറാ ക്കുന്നതിൽ ഒരു പത്രത്തിന്റെ റിപ്പോർട്ടിങ്ങിലെ ഇത്തരം സ്ഥൈര്യം അപൂർവ്വ മാണ്. ഈ സ്ഥിരത ഒരു വസ്തുതയുടെ സ്ഥിരീകരണത്തിന് ഒരു ഗവേഷകയ്ക്ക് അമൂല്യമാണ്. വർഷങ്ങളെടുത്ത് ഇവയെ സനിഷ്കർഷം പരിശോധിച്ച കോഴി ക്കോട് പി.എസ്.എം.ഒ. കോളെജിലെ പ്രൊഫ: വാസു തില്ലേരിയുടെ സംഭാ വനകളും ശരിയായ നിഗമനങ്ങളിൽ എത്താൻ എന്നെ സഹായിച്ചു. കൂടാതെ ഇവയുടെ സ്ഥിരീകരണത്തിനു പുരാരേഖകളെയും മറ്റു പത്രങ്ങളെയും ഉപയോ ഗിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിലുപരി 'മാതൃഭൂമി' പല ലക്കത്തിലും സത്യഗ്ര ഹത്തെപ്പറ്റി പത്രാധിപക്കുറിപ്പുകൾ എഴുതുകയും മറ്റു പത്രങ്ങളിൽ വന്ന മുഖ പ്രസംഗങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. സത്യഗ്രഹത്തിൽ പങ്കെടു ക്കുന്നവരുടെ അഭിപ്രായങ്ങൾ ലേഖകൻ റിപ്പോർട്ടുകളിൽ ചേർത്തതും സം ഭവങ്ങളുടെ നാൾവഴി തയ്യാറാക്കാനും സംഭവങ്ങളോടു കൂടുതൽ അടുക്കാനും ഏറെ സഹായകമായി.

ചരിത്രകാരനായ കെ.കെ. കുസുമൻ എന്നോടു പറഞ്ഞതുപോലെ 'പൂർ ണ്ണവിജയമല്ലാത്ത, ഒത്തുതീർപ്പായ', ഭിന്നാഭിപ്രായം ഉണ്ടാകാവുന്ന അന്ത്യ ത്തിലേക്കു നീങ്ങുമ്പോൾ 'മാതൃഭൂമി'ലേഖകന്റെ റിപ്പോർട്ടുകളിൽ സംഭവങ്ങ ളെയും നടപടിക്രമങ്ങളെയും പറ്റി ഒരു ഉറപ്പുകുറവു ദൃശ്യമാണ്. എന്നാൽ, ഞാൻ രേഖപ്പെടുത്തിയ എല്ലാ അന്തർനാടകങ്ങളുടെയും മൊത്തം സന്ദർഭ ത്തിലേക്കു നോക്കുമ്പോൾ ഈ അവ്യക്തത എനിക്കു മനസിലായി. എന്റെ അറിവിൽപ്പെട്ടിടത്തോളം, എട്ടു പതിറ്റാണ്ടിനുശേഷമാണെങ്കിലും, ഈ സംഭ വത്തിലെ ഓരോ വസ്തുതയെയും മൂന്നു സ്രോതസുകളിലെ വിവരങ്ങളുടെ പിന്തു ണയോടെ സ്ഥിരീകരിച്ചു തയ്യാറാക്കിയ ആദ്യനാൾവഴിവിവരണം ആണിത്. അതുകൊണ്ട്, ചിലപ്പോഴെല്ലാം പരോക്ഷമായ സ്ഥിരീകരണങ്ങൾക്ക് ഉതകി യിട്ടുണ്ടെങ്കിലും എഡിറ്റോറിയലുകൾ ഏറെ താല്പര്യം ഉണ്ടാക്കിയിട്ടില്ല.

ഇംഗ്ലിഷിലും മലയാളത്തിലുമായി ഇരുപതോളം പത്രങ്ങൾ 1905 ആകു മ്പോഴേക്കും തിരുവിതാംകൂറിൽ ഉണ്ടായതിനെപ്പറ്റിയും അവയുടെ മൊത്തം വരിക്കാരെക്കാൾ വിപുലമായ പൊതുസമൂഹത്തിലേക്ക് എത്തിയിരുന്നതി നെപ്പറ്റിയും പ്രൊഫ: ഗോപാലൻകുട്ടി നൽകിയ വിവരണം കാര്യമായ മതിപ്പ് എന്നിൽ ഉണ്ടാക്കിയിരുന്നു. അതിനു കാരണം അന്നത്തെ അസാധാരണ

മായ ഉയർന്ന സാക്ഷരതയും പൊതുക്കാര്യങ്ങളിൽ വളർന്നിരുന്ന താത്പര്യവും ആയിരുന്നുവെന്ന് എനിക്കു മനസിലായി. രാജഭരണപ്രദേശമായ തിരുവിതാംകൂറിലെ പ്രശ്നങ്ങളെ ആനിലയിൽ കണ്ട് ഇടപെടാനും അവിടത്തെ ഒരുപിടി ചെറിയ ദേശീയവാദി, പരിഷ്കരണവാദി പത്രങ്ങൾക്കിടയിൽ ഇടം കണ്ടെത്താനും വൈക്കംസംഗതികളിൽ സൃഷ്ടിപരമായ പങ്കുവഹിക്കാനും 'മാതൃഭൂമി'യെന്ന ബ്രോഡ്ഷീറ്റ് പത്രത്തെ അതിന്റെ പ്രവർത്തകർ ഉപയോഗപ്പെടുത്തിയതിനെപ്പറ്റി ഞാൻ എന്റെ പുസ്തകത്തിൽ സൂചിപ്പിക്കുന്നുണ്ട്. ഭൂവുടമാവർഗ്ഗത്തിന്റെ പത്രങ്ങൾ എതിർചേരിയിൽ ആയിരുന്നു. നാൾവഴി തയ്യാറാക്കാൻ ഉതകുമാറ് മറ്റുള്ളവയെ അപേക്ഷിച്ച് 'മാതൃഭൂമി' പുലർത്തിയ നൈരന്തര്യത്തെ ഞാൻ സ്വാഗതം ചെയ്യുകയും മറ്റു പത്രങ്ങളിൽ പരന്നുകിടക്കുന്ന വിവരങ്ങളിൽ പരതാനുള്ള സൂചനകൾക്ക് അടിസ്ഥാനമായി അതിനെ ആദരിക്കുകയും ചെയ്തിട്ടുണ്ട്.

ഗാന്ധിയൻ സമരത്തിന്റെ അമേരിക്കൻ 'രാജ'പാത

മനോജ്: ഗാന്ധിജിയെയും അനുയായികളെയും കാണാനും അദ്ദേഹത്തിന്റെ സമരരീതി മനസിലാക്കാനുമായി അമേരിക്കയിലെ ആഫ്രിക്കൻ വംശജർ 1920-കൾക്കും 1950-കൾക്കും ഇടയിൽ നിരവധിതവണ ഇവിടെ വന്നുപോയിരുന്നു എന്നതും ഗാന്ധിജിയുടെ സഹനസമരത്തിന്റെ വിജയം അമേരിക്കയിൽ വ്യാപകമായ പ്രചാരം നേടിയിരുന്നു എന്നതും മേരിയുടെ പുസ്തകത്തിൽനിന്നാണ് അറിഞ്ഞത്. ഇവിടെ പലർക്കും അതു കൗതുകകരമായ അറിവാണ്. അമേരിക്കൻ പൗരാവകാശപ്രക്ഷോഭത്തിൽ പങ്കെടുത്തവർക്ക് അക്രമരഹിതസമരമാർഗ്ഗത്തിൽ പ്രത്യേക പരിശീലനം വിദഗ്ധരെ ഉപയോഗിച്ചു നല്കിയിരുന്നു എന്നതും ഇവിടെ പലർക്കും അറിയില്ല. മാർട്ടിൻ ലൂഥർ കിങ് ജൂനിയർ പോലും ഈ പരിശീലനം നേടിയിരുന്നു. അദ്ദേഹത്തെ പരിശീലിപ്പിച്ച അതേ വിദഗ്ധരിൽനിന്നു പരിശീലനം നേടാൻ അവസരം ലഭിച്ച ആളാണു താങ്കളും. എങ്ങനെയാണതു സംഭവിച്ചത്?

മേ. കി: 1920-കളിൽ അയിത്തത്തിനെതിരെ ഇവിടെ നടന്നിരുന്ന സഹനസമരത്തെ പ്രത്യാശയോടെ നോക്കിക്കാണുന്ന ഒരു സമൂഹം ഭൂഗോളത്തിന്റെ മറുപു

ഇടത്തുനിന്ന്: അഹിംസാസമരത്തിന്റെ കലാത്മകമുഖം; വാൾ സ്ട്രീറ്റ് സമരത്തിനു പിന്തുണയുമായി എത്തിയ മുതിർന്ന അമേരിക്കൻ ഗായകൻ പീറ്റ് സീഗറും മറ്റു കലാകാരരും.

റത്ത് ഉണ്ടായിരുന്നു—അമേരിക്കയുടെ തെക്കൻപ്രവിശ്യകളിലെ ആഫ്രിക്കൻ അമേരിക്കക്കാർ. അയിത്തത്തിന്റെ ഇരകൾ എന്നനിലയിൽ തുല്യദുഃഖിതർ. മാർട്ടിൻ ലൂഥർ കിങ് ജൂനിയർ നേതൃത്വത്തിലേക്ക് ഉയരുന്നതിനു മുമ്പുതന്നെ പത്രങ്ങളിലൂടെ ഗാന്ധിയൻ സമരത്തെപ്പറ്റി അറിഞ്ഞ പ്രത്യുത്പന്നമതികൾ പലരും ഇൻഡ്യയിലേക്കു കപ്പൽ കയറി. കലാശാലകളിലെയും സെമിനാരികളിലെയും വകുപ്പുതലവർ, പുരോഹിതർ, മറ്റ് ഉന്നതപദവികളിൽ ഉള്ളവർ ഒക്കെ. അവർ സമരവേദികൾ സന്ദർശിച്ച്, അനുഭവസ്ഥരിൽനിന്നു പലതും പഠിച്ച്, ഇവിടെയുള്ളവരുമായി ആശയശൃംഖല ഉണ്ടാക്കി, വാർത്തകൾ കിട്ടാൻ ഏർപ്പാടുണ്ടാക്കി. മടങ്ങിയെത്തിയവർ അമേരിക്കയിൽ ലേഖനങ്ങൾ എഴുതി, പ്രഭാഷണങ്ങളും ക്ലാസുകളും സംവാദങ്ങളും നടത്തി. അവിടെ കറുത്തവർ നടത്തിയിരുന്ന വിവിധ പത്രങ്ങളിൽ വൈക്കം അടക്കമുള്ള സമരങ്ങളുടെ വാർത്തകൾ പ്രാധാന്യത്തോടെ നിരന്തരം വന്നുകൊണ്ടിരുന്നു. പല ഇൻഡ്യൻനേതാക്കളും അമേരിക്കയിലെത്തി അവിടത്തെ പൗരാവകാശപ്രസ്ഥാനവുമായി ബന്ധം സ്ഥാപിച്ചു.

അക്ഷരാർത്ഥത്തിൽ ഗാന്ധിജിയിൽനിന്നു പഠിച്ചാണ് അമേരിക്കയിലെ വർണ്ണവിവേചനത്തിനെതിരെ തുടങ്ങി പിന്നീടു പുതിയ മേഖലകളിലേക്കു വളർന്ന പൗരാവകാശപ്രസ്ഥാനത്തിനു മാർട്ടിൻ ലൂഥർ കിങ് ജൂനിയർ രൂപം നല്കിയത്. ആഫ്രിക്കനമേരിക്കൻനേതാക്കൾ 1919-മുതൽ രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നതുവരെ സ്റ്റീമർക്കപ്പലുകളിൽ ഇൻഡ്യയിലേക്കു വന്നുകൊണ്ടേയിരുന്നു, ഗാന്ധിയിലും ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിലുംനിന്ന് അഹിംസാസമരം പഠിക്കാൻ. അവർ തിരികെ വന്നും ഇൻഡ്യയിൽനിന്നു പരിചയസമ്പന്നരെ അമേരിക്കയിൽ കൊണ്ടുവന്നും വിപുലമായ പരിശീലനങ്ങൾ സംഘടിപ്പിച്ചു. ഗാന്ധിയൻസമരത്തെപ്പറ്റി പുസ്തകങ്ങൾ ലഭ്യമായിത്തുടങ്ങിയതോടെ അവ കൈമറിഞ്ഞുകൈമറിഞ്ഞു വായിക്കപ്പെട്ടു. ഇൻഡ്യൻപ്രക്ഷോഭകരുമായി വലിയതോതിലുള്ള ആശയവിനിമയമാണ് അന്നു നടന്നത്.

തെക്കേയമേരിക്കയുടെ ഉള്ളറകളിലെ ജനസമൂഹങ്ങൾ പോലും അഹിംസാസമരത്തിന്റെ ആശയങ്ങളെപ്പറ്റി വിപുലമായ അറിവുള്ളവരായി! ഇന്നും ആ ആശയം പരസ്പരം കൈമാറുന്നു എന്നതാണു സത്യം. ചരിത്രകാരനായ സുദർശൻ കപൂർ ഇതേക്കുറിച്ചു വിശദമായി എഴുതിയിട്ടുണ്ട്. 'റെയ്സിങ് അപ് എ പ്രോഫെറ്റ്' എന്ന പുസ്തകത്തിൽ അദ്ദേഹം വിവരിക്കുന്ന, അമേരിക്കയിലെ കറുത്തവരുടെ നേതാക്കളും ഗാന്ധിയൻപ്രവർത്തകരും തമ്മിൽ നടന്ന വലിയ ആശയവിനിമയമാണ് അക്രമരഹിതസമരം സംബന്ധിച്ച് കറുത്തവർക്കിടയിൽ ഏകാഭിപ്രായം ഊട്ടിയുറപ്പിച്ചത്. ഈ അറിവു കിഴക്കുനിന്നു പടിഞ്ഞാറേക്കു വന്നതിനെപ്പറ്റി 'മഹാത്മ ഗാന്ധി ആൻഡ് മാർട്ടിൻ ലൂഥർ കിങ്' എന്ന ഗ്രന്ഥത്തിൽ ഞാനും എഴുതിയിട്ടുണ്ട്.

1936-ൽ വാർധയിൽ വന്നു ഗാന്ധിയെ കണ്ട ബൻജമിൻ മേയ്സ് പത്തു കൊല്ലത്തിനുശേഷം അറ്റ്ലാന്റയിലെ മോർ ഹൗസ് കോളെജിൽ നടത്തിയ പതിവു ചാപ്പൽപ്രഭാഷണം മാർട്ടിൻ ലൂഥർ കിങ് ജൂനിയർ എന്ന പതിനേഴുകാരന്റെ കണ്ണു തുറപ്പിച്ചു. അങ്ങനെയാണ് ആ 'പ്രവാചകന്റെ ഉദയം' ഉണ്ടായ

ഇടത്തുനിന്ന്: മാർട്ടിൻ ലൂഥർ കിങ് ജൂനിയർ വിഖ്യാതമായ 'ഐ ഹാവ് എ ഡ്രീം' പ്രസംഗം ചെയ്യുന്നു; ഫ്ലിന്റ് സത്യാഗ്രഹം.

ത്. കിങ് തന്നെ പിന്നീട്, 1959-ൽ, ഇൻഡ്യയിലെത്തി ഗാന്ധിയുമായി ബന്ധപ്പെട്ട വിവിധ കേന്ദ്രങ്ങൾ സന്ദർശിക്കുകയുണ്ടായി. ഇവിടെയും (തിരുവനന്തപുരത്തും) വന്നിരുന്നു. ഗാന്ധിയൻ സമരങ്ങളെപ്പറ്റി കൃഷ്ണലാൽ ശ്രീധരണി രചിച്ച '*വാർ വിത്തൗട്ട് വയലൻസ്*' എന്ന ഗ്രന്ഥത്തെ അടിസ്ഥാനമാക്കി കിങ് നടത്തിയ വിമർശനാത്മകപഠനമാണ് ജനകീയപ്രതിരോധത്തിന്റെ സങ്കേതങ്ങൾ സംബന്ധിച്ച ഇൻഡ്യൻപാഠങ്ങൾ അമേരിക്കൻജനതയ്ക്കു ശരിയായി പകർന്നുനല്കിയത്. ഗാന്ധിജിയുടെ പൗരപ്രതിരോധം (civil resistance) അടക്കമുള്ള സമരപരീക്ഷണങ്ങളെ വ്യാപകമായി പ്രയോഗിക്കാൻ പാകത്തിൽ വ്യവസ്ഥപ്പെടുത്തിയത് കിങ് ആണ്.

കിങ്ങിന്റെ മരണശേഷം അദ്ദേഹത്തിന്റെ രചനകൾ ലാറ്റിനമേരിക്കയിലെ അഹിംസാസമരത്തിനു കരുത്തായി. ഇൻഡ്യയിൽനിന്നു വന്ന ആ ആശയം ഭൂഖണ്ഡാന്തരങ്ങളിലേക്കു പിന്നെയും പരന്നു. '*വാർ വിത്തൗട്ട് വയലൻസ്*' ആണ് ഗാന്ധിജിയുടെ രചനകൾക്കൊപ്പം ലാറ്റിനമേരിക്കയടക്കം പലരാജ്യത്തെയും പ്രക്ഷോഭകർക്കു പാഠപുസ്തകം ആയത്. അഹിംസാസമരങ്ങളുടെ സംഘാടനത്തിൽ മിക്കപ്പൊഴും വൈദഗ്ദ്ധ്യത്തിന്റെയും അനുഭവത്തിന്റെയും പങ്കിടൽ അടക്കമുള്ള ആഴമുള്ള വേരുകൾ ഉണ്ടാകാറുണ്ട്. ഗാന്ധിജിക്കു പ്രചോദനമായത് അമേരിക്കയിലെ പഴയ 'അബോളിഷനിസ്റ്റ്' പ്രസ്ഥാനമായിരുന്നെന്ന് അമേരിക്കൻ ഗവേഷകയായ ഇറ ചേണസ് (Ira Chernus) 'അമേരിക്കൻ നോൺവയലൻസ്: ദ് ഹിസ്റ്ററി ഓഫ് ആൻ ഐഡിയ' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. ഇതിൽനിന്നാണ് ഗന്ധിജിയും പലതും പഠിച്ചത്. (കിങ്ങിനു പരിശീലനം നൽകിയ അതേ വിദഗ്ദ്ധരിൽനിന്നു തന്നെയാണ് മേരിക്കും പരിശീലനം ലഭിച്ചത്. കിങ്ങിനൊപ്പം പൗരാവകാശപ്രക്ഷോഭത്തിൽ വിദ്യാർത്ഥിവിഭാഗത്തിന്റെ മുന്നണിയിലും മാദ്ധ്യമയേകോപനച്ചുമതലയിലും പ്രവർത്തിച്ച മേരിയുടെ പേരിലും കിങ് ഉണ്ടെങ്കിലും വെളുത്ത വർഗ്ഗക്കാരിയായ ഇവർക്ക് മാർട്ടിൻ ലൂഥർ കുടുംബവുമായി ബന്ധമൊന്നും ഇല്ല.)

മനോജ്: ഗാന്ധിയൻ സമരരീതി അമേരിക്കയിൽ എങ്ങനെയാണു പരീക്ഷിച്ചത്?

മേ. കി.: അക്കാലത്ത് അവിടങ്ങളിൽ വിവേചനം പലരൂപങ്ങളിലാണു നിലനിന്നത്. വെളുത്തവർ കയറുന്ന ബസിൽ കറുത്തവരെ കയറ്റില്ല. അവർക്കു പ്രത്യേകം ബസാണ്. വെളുത്തവർക്കുള്ള ഭക്ഷണശാലകളിൽ കറുത്തവർക്കു പ്രവേ

ശനമില്ല. പൊതുസ്ഥാപനങ്ങളിൽ ഇരുവിഭാഗത്തിനും പ്രത്യേകം കൗണ്ടറുകളായിരുന്നു. ഇതിനൊക്കെ എതിരെ സമരങ്ങളുണ്ടായി. വൈക്കം സത്യഗ്രഹം കഴിഞ്ഞു മൂന്നു പതിറ്റാണ്ടാകുമ്പോൾ അലബാമയിലെ മൊണ്ട്ഗോമറി പട്ടണത്തിലെ ബസ്സുകളിലെ വിവേചനം അവസാനിപ്പിക്കാൻ 'നിവർത്തനപ്രക്ഷോഭം' ആരംഭിച്ചു. ബസ് ബഹിഷ്കരിക്കൽ സമരം. മാർട്ടിൻ ലൂഥർ കിങ്ങ് ജൂനിയർ ആയിരുന്നു നേതാവ്. കറുത്തവർഗ്ഗക്കാരിൽ 90 ശതമാനം പേരും ബസ്‌യാത്ര ബഹിഷ്കരിച്ചതായി മാദ്ധ്യമങ്ങൾ എഴുതി. അതിലും കൂടുതലായിരുന്നു സമരപങ്കാളിത്തം. അവരോട് അനുഭാവം പ്രകടിപ്പിച്ച് വെളുത്തവരും ബസ് യാത്ര ഉപേക്ഷിക്കാൻ തുടങ്ങി. സമരം 381 ദിവസം നീണ്ടു. ബസുടമകൾക്കു മുട്ടുമടക്കേണ്ടിവന്നു. വിവേചനം പാടില്ലെന്നു പ്രാദേശികക്കോടതി വിധിക്കുകയും സുപ്രിം കോടതി അതു ശരിവയ്ക്കുകയും ചെയ്തു.

അതിവേഗം പടർന്നുപിടിച്ച ഒരു സമരമായിരുന്നു ഭക്ഷണക്കൗണ്ടറിലെ വിവേചനത്തിനെതിരെ വിദ്യാർത്ഥികൾ നടത്തിയത്. വടക്കേകരോലിനയിലെ ഗ്രീൻസ് ബൊറൊയിൽ നാലു കോളെജ് വിദ്യാർത്ഥികൾ 'വെളുത്തവർക്കു മാത്രം' ഉള്ള ഒരു ഭക്ഷണക്കൗണ്ടറിൽ പോയി കൊക്കക്കോള ആവശ്യപ്പെട്ടു. കൊടുത്തില്ല. തരുന്നതുവരെ മാറില്ല എന്നു പറഞ്ഞ് അവർ അവിടെ ഇരിപ്പുറപ്പിച്ചു. കുത്തിയിരിപ്പുസത്യഗ്രഹം എന്നാണു തങ്ങളുടെ സമരത്തിന്റെ പേരെന്നൊന്നും അറിയാതെ തുടങ്ങിയ 'കുത്തിയിരിപ്പുസത്യഗ്രഹം'! 1960 ഫെബ്രുവരി ഒന്നിനാണത്. രണ്ടുമാസത്തിനകം ആ സമരം നാഷ്‌വിൽ, ടെന്നെസി തുടങ്ങി 75-ൽപ്പരം പട്ടണങ്ങളിലേക്കും വർഷാവസാനത്തോടെ നൂറു പട്ടണങ്ങളിലേക്കും പടർന്നു. തെക്കൻസംസ്ഥാനങ്ങളിലെല്ലാം സമരം. എല്ലായിടത്തുംകൂടി 70,000 പേർ കുത്തിയിരിപ്പിൽ! ഇവർക്കൊപ്പം ഇരിക്കാൻ വെളുത്തവരും തയ്യാറായി. അവരുടെ എണ്ണവും കൂടിവന്നു. ഇതിൽ 3,600 കുട്ടികൾ ജയിലിലായി. എങ്കിലും 'വെളുത്തവർക്കുമാത്രം' എന്ന വർണ്ണവിവേചനബോർഡുകൾ വേഗത്തിൽ, എന്നാൽ നിശ്ശബ്ദം, അപ്രത്യക്ഷമാകാൻ തുടങ്ങി.

അക്രമങ്ങളെ അതിജീവിച്ച സഹനസമരങ്ങൾ

മനോജ്: ഇവയെല്ലാം പൂർണ്ണമായും അക്രമരഹിതം ആയിരുന്നോ? തടസ്സപ്പെടുത്തൽശ്രമങ്ങൾ ഒന്നും ഉണ്ടായില്ലേ? വെളുത്തവരുടെ ഭരണകൂടത്തിന്റെ സമീപനം എന്തായിരുന്നു?

മേ. കി: മനോജ്, ബോർഡുകൾ അപ്രത്യക്ഷമായതു 'നിശ്ശബ്ദം' ആണെന്നു ഞാൻ പറഞ്ഞില്ലേ. പ്രഖ്യാപനങ്ങളോ പത്രസമ്മേളനമോ ഒക്കെ ഒഴിവാക്കാൻ തന്ത്രശാലികളായ വർണ്ണവിവേചനക്കാർ ശ്രദ്ധിച്ചു. വെളുത്തവർ മാത്രമടങ്ങുന്ന പൊലീസ് സംവിധാനം 3,600 കുട്ടികളെ തുറുങ്കിലടച്ചത് പ്രശ്നത്തിൽ കടന്നുകയറാനും സമരക്കാരെ പ്രകോപിപ്പിച്ച് അക്രമത്തിനു പ്രേരിപ്പിക്കാനും അറസ്റ്റുകളെ നീതിമത്ക്കരിക്കാനും കൂടുതൽ അറസ്റ്റുകൾ നടത്താനും ഭയം വളർത്താനും നേതാക്കളെ തടവിലാക്കാനും ഒക്കെ ഉദ്ദേശിച്ചായിരുന്നു. എന്നാൽ, സമരം ചെയ്ത 70,000 പേരിൽ ഒരാളെങ്കിലും സമാധാനപാത കൈവിട്ടതായി എവിടെയും കേട്ടില്ല.

മൊണ്ട്ഗോമറി ബസ് ബഹിഷ്കരണം ഒരു സ്ഥലത്തു നിലനിന്ന ഒരു സമ്പ്രദായം ഒരു പ്രത്യേകസമരമാർഗ്ഗത്തിലൂടെ അവസാനിപ്പിക്കുകയായിരുന്നെങ്കിൽ നൂറിടത്ത് ഒരേസമയം വെവ്വേറെ സംഘടിപ്പിക്കപ്പെട്ട വിദ്യാർത്ഥിസമരം ഞങ്ങൾക്ക് എന്താണു പ്രാദേശികബഹുജനമുന്നേറ്റമാകുക എന്ന ദിശാബോധം നല്കി. അങ്ങനെ ഞങ്ങൾക്കൊരു ‘പൗരാവകാശപ്രസ്ഥാനം’ ഉണ്ടായി. ആ ഏപ്രിലിൽ ‘സ്റ്റുഡന്റ് നോൺവയലന്റ് കോർഡിനേറ്റിങ് കമ്മിറ്റി’ (SNCC) എന്ന വിദ്യാർത്ഥിക്കൂട്ടായ്മ നിലവിൽവന്നു. അവർ ഏകോപനം മാത്രമേ നടത്തിയുള്ളു. പ്രാദേശികസമരങ്ങൾ ഒരു ദേശീയപ്രതിഭാസമായി കണ്ണിചേർന്നു. അങ്ങനെ പ്രസ്ഥാനങ്ങളുടെ ഒരു പ്രസ്ഥാനമായി പൗരാവകാശപ്രസ്ഥാനം ദൃഢപ്പെടുകയായിരുന്നു.

രണ്ടാം ഫെമിനിസ്റ്റ് തരംഗത്തിന്റെ തീപ്പൊരി

മനോജ്: ആ പ്രസ്ഥാനത്തിലൂടെയല്ലേ മേരി പ്രക്ഷോഭരംഗത്തെത്തുന്നത്?

മേ. കി.: അതെ. രണ്ടുവർഷത്തിനുശേഷം, 22-ാം വയസിൽ റ്റെലിവിഷൻവാർത്തയിൽ പ്രക്ഷോഭത്തെപ്പറ്റി കണ്ടറിഞ്ഞ ആവേശത്തിൽ ഇറങ്ങിപ്പുറപ്പെടുകയായിരുന്നു. കോളെജ് വിദ്യാർത്ഥിനിയായിരുന്നു അന്നു ഞാൻ. പിന്നീടൊരു തിരിച്ചുപോക്ക് ഉണ്ടായില്ല. അറ്റ്ലാന്റയിൽ എസ്.എൻ.സി.സി. ഭാരവാഹികളെ കണ്ട നിമിഷത്തിൽ എനിക്കു മനസിലായി, ഈ പ്രസ്ഥാനമാണ് എന്റെ ഇടമെന്ന്. ഏതുനിമിഷവും ജീവൻ അപകടത്തിലാകാവുന്ന സാഹചര്യത്തിലായിരുന്നു പ്രവർത്തനം. സഹപ്രവർത്തകർ കൊല്ലപ്പെട്ടിട്ടുണ്ട്. പത്രങ്ങൾ അവ റിപ്പോർട്ടു ചെയ്യുക പോലുമില്ല.

അപ്പോഴും പ്രസ്ഥാനത്തിൽ സ്ത്രീകൾക്കു രണ്ടാംകിടസ്ഥാനമേ ഉണ്ടായിരുന്നുള്ളൂ. സഹപ്രവർത്തകയായിരുന്ന കെയ്സി ഹെയ്ഡനുമായി ഏറെ രാത്രികളിൽ ചർച്ചചെയ്തിട്ടുണ്ട് ഈ വിഷയം. 1964-ൽ എല്ലാ മുഴുവൻസമയ പ്രവർത്തകരോടും ഓരോ പൊസിഷൻ പേപ്പർ എഴുതാൻ നിർദ്ദേശം വന്നപ്പോൾ കെയ്സിയും ഞാനും ചേർന്ന് എഴുതിയത് ഈ പ്രശ്നമാണ്.

ഇടത്തുനിന്ന്: തോക്കു തോല്ക്കുന്ന അഹിംസാസമരം: വിയറ്റ്നാം യുദ്ധമുഖം; അഹിംസാസമരത്തിന്റെ പരീക്ഷണങ്ങൾ.

അതുപക്ഷേ, എങ്ങനെ സ്വീകരിക്കപ്പെടുമെന്ന് ഉത്ക്കണ്ഠ ഉണ്ടായിരുന്നു. അതുകൊണ്ട് പേരുപോലും വച്ചില്ല. എന്നിട്ടും ആ കുറിപ്പ് പരിഹാസവിഷയമായി. ഒരുവർഷം ആയപ്പോഴേക്ക വിഷയം അത്രയ്ക്ക് വികാരപരം അല്ലാതായി. ഞങ്ങൾ മറ്റൊരു രേഖ തയ്യാറാക്കി, 1965 നവംബർ 18-ന്. 'സെക്സ് ആൻഡ് കാസ്റ്റ്: എ കൈൻഡ് ഓഫ് മെമ്മോ' (Sex and Caste: A KIND OF MEMO) എന്നായിരുന്നു തലക്കെട്ട്. ധൈര്യമായി പേരുവച്ച് ഒപ്പിട്ടു. വിവിധ സമാധാന, പൗരാവകാശ സംഘടനകളിലെയും വടക്കൻസംസ്ഥാനങ്ങളിലെ വിദ്യാർത്ഥിപ്രസ്ഥാനത്തിലെയും സ്റ്റുഡെന്റ്സ് ഫോർ ഡെമോക്രാറ്റിക് സൊസൈറ്റിയിലെയും 40 സ്ത്രീസംഘാടകർക്ക് അയച്ചു.

ഇക്കുറി അത് എസ്.എൻ.സി.സി.യുടെ മാത്രം പ്രശ്നമായല്ല സമൂഹത്തിന്റെയാകെ പ്രശ്നമായാണ് അവതരിപ്പിക്കപ്പെട്ടത്. വലിയസമൂഹത്തിൽ ജാതിവ്യവസ്ഥപോലെ നിലനില്ക്കുന്ന പൊതുനിയമത്തെപ്പറ്റി, സ്ത്രീ താണജാതിക്കാരിയായി കണക്കാക്കപ്പെടുന്നതിനെപ്പറ്റി, തങ്ങൾക്ക് ഇടമില്ലാത്ത അധികാരഘടനയ്ക്കു പുറത്തും ചുറ്റിലുമായി പ്രവർത്തിക്കാൻ സ്ത്രീയെ നിർബ്ബന്ധിക്കുന്ന ശീലത്തെപ്പറ്റി ഒക്കെയാണു ഞങ്ങൾ പറഞ്ഞത്. പല പുരുഷന്മാരും ഞങ്ങളുടെ ചർച്ചയിൽ പങ്കുകൊള്ളാൻ തയ്യാറായപ്പോൾ പലർക്കും പ്രതിരോധസ്വഭാവത്തിലല്ലാത പ്രതികരിക്കാൻ ആവില്ലായിരുന്നു. ഒരു സമൂഹത്തിൽ തുല്യരായി പ്രവർത്തിക്കുന്നതിൽ സ്ത്രീക്കും പുരുഷനും ഉള്ള പ്രശ്നം മനുഷ്യർ അഭിമുഖീകരിക്കുന്ന ഏറ്റവും അടിസ്ഥാനപ്രശ്നമാണെന്നു ഞങ്ങൾ പ്രഖ്യാപിച്ചു. ഇന്നു സ്വകാര്യബുദ്ധിമുട്ടുകളായി കാണുന്ന അടിസ്ഥാന മാനവികപ്രശ്നങ്ങളെ പൊതുപ്രശ്നങ്ങളായി കാണുന്നതും അധികാരമുള്ളവരുടെ ആവശ്യത്തിനനുസരിച്ചു ജനങ്ങളെ പരുവപ്പെടുത്തുന്നതിനു പകരം മനുഷ്യരുടെ ആവശ്യങ്ങൾ നിറവേറ്റാൻ പാകത്തിൽ സ്ഥാപനങ്ങളെ രൂപപ്പെടുത്തുന്നതുമായ ഒരു സമൂഹം സൃഷ്ടിക്കുന്നതിനെപ്പറ്റിയാണു ഞങ്ങൾ സംസാരിച്ചത്.

വലിയ ആവേശത്തോടെയാണ് അതു പലരും സ്വീകരിച്ചത്. ആധുനികസ്ത്രീപ്രസ്ഥാനത്തിനുള്ള തീപ്പൊരിയായിരുന്നു അത്. ഫെമിനിസത്തിന്റെ രണ്ടാം തരംഗം എന്നു വിളിക്കപ്പെടുന്ന മുന്നേറ്റത്തിനു തിരി കൊളുത്തിയ തീപ്പൊരി.

വംശീയഭീകരതയും അരുനിന്ന പൊലീസും

മനോജ്: സമരങ്ങൾ അടിച്ചമർത്താൻ ഭരണകൂടം എങ്ങനെയൊക്കെയാണു ശ്രമിച്ചത്?

മേ. കി.: ഒരിടത്തെയും ഭരണകൂടങ്ങൾ സമരങ്ങളിൽ ഇടപെട്ടില്ല. കാരണം അമേരിക്കയിലെ ഫെഡറൽ ഭരണതത്ത്വം അനുസരിച്ച് അതതു മുനിസിപ്പാലിറ്റികൾക്കേ അതിന് അവകാശമുള്ളൂ. പൊലീസും അതതു പ്രാദേശികഭരണകൂടങ്ങളുടേതാണ്.

മനോജ്: ഫാഷിസ്റ്റ് സ്വഭാവമുള്ള സംഘടനകൾ എപ്പോഴും ഉപരിവർഗ്ഗ (ജാതി)ത്തിനൊപ്പം ആണല്ലോ നില്ക്കാറ്. അത്തരം സംഘങ്ങൾ ഈ സമരങ്ങളോട് എന്തു സമീപനമാണ് എടുത്തത്? അടിച്ചമർത്തൽശ്രമങ്ങൾ നടത്തിയോ?



ഇടത്തുനിന്ന്: 1913 മാർച്ച് 3-ന വാഷിങ്ടൻ ഡി.സി.യിൽ നാഷണൽ അമേരിക്കൻ വിമെൻ സഫ്രേജ് അസോസിയേഷൻ പരേഡിൽ ഇനെസ് മിൽഹോളൻഡ് ബൊയ്സെവേയ്ൻ ; ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ദണ്ഡി യാത്ര.

മേ. കി: ഫാഷിസം എന്നത് നിർവ്വചനപ്രകാരം ഏകാധിപതിക്കുകീഴിൽ അധികാരം കേന്ദ്രീകരിക്കുന്ന ഭരണകൂടത്തിന്റെ സ്വഭാവമാണ്. അമേരിക്കയെസംബന്ധിച്ച് ആ അവസ്ഥ ഇല്ല. ബ്രിട്ടന്റെ കോളനിവാഴ്ചയിൽനിന്നു സ്വാതന്ത്ര്യത്തിനു ശ്രമിക്കുമ്പോൾമുതലേ അധികാരകേന്ദ്രീകരണത്തിനു വഴിവയ്ക്കാത്ത ഭരണസംവിധാനം വേണം ആവിഷ്ക്കരിക്കാൻ എന്ന നിഷ്ക്കർഷ പുലർത്തിയിരുന്നു. അതുകൊണ്ട് ഏറെ വികേന്ദ്രീകൃതമാണ് അമേരിക്കയിലെ ഭരണം. ഫാഷിസ്റ്റ് ഭരണം അവിടെ അസംഭവ്യമാണ്.

മനോജ്: ഭരണകൂടത്തിന്റെ കാര്യമല്ല, അത്തരം സ്വഭാവമുള്ള സംഘടനകളെയാണ് ഉദ്ദേശിച്ചത്.

മേ. കി: പ്രാദേശികതലത്തിലും സംസ്ഥാനത്തും നിക്ഷിപ്തതാത്പര്യക്കാരായ ചില മേലാളർ അധികാരം കയ്യാളുകയും അടക്കിഭരിക്കുകയും ചെയ്യുന്ന ഭരണകൂടങ്ങൾ (oligarchies) ഉണ്ടായിരുന്നു. അവർ ഞങ്ങളെ എതിർത്തിരുന്നു. പ്രഖ്യാപിതവംശീയവാദികളായ അവർ വിഭാഗീയതയെ അരക്കിട്ടുറപ്പിക്കുന്ന വ്യവസ്ഥകൾ ഉണ്ടാക്കുകയും ആരാലും ചോദ്യംചെയ്യപ്പെടാതെ ഭരിക്കുകയും ചെയ്യുന്നവരായിരുന്നു. രഹസ്യധാരണയുടെ അടിസ്ഥാനത്തിൽ വടക്കൻ സംസ്ഥാനങ്ങളുടെ മൗനാനുമതിയും ഇവർക്കുണ്ടായിരുന്നു.

തെക്കൻ ഐക്യനാടുകളിൽ മിസിസിപ്പി ആയിരുന്നു ഏറ്റവും കുഴപ്പം. ഭീകരപ്രവർത്തനവും നിയമം കയ്യിലെടുത്തു പ്രതികാരം ചെയ്യുന്നതുമൊന്നും അവിടെ ശിക്ഷാർഹമായിരുന്നില്ല. പൗരാവകാശപ്രസ്ഥാനകാലത്ത്, 1964 – 65-ൽ അവിടമായിരുന്നു എന്റെ പ്രവർത്തനമേഖല. ഞാൻ പോന്നശേഷം ഒരു പത്രപ്രവർത്തകൻ കണ്ടെത്തിയത് അക്കാലത്ത് അവിടത്തെ നിയമപാലകരിൽ പകുതിയോളംപേരും 'കു ക്ലക്സ് ക്ലാൻ' (Ku Klux Klan) എന്ന ഭീകരസംഘത്തിലെ അംഗങ്ങളോ അതുമായി ബന്ധമുള്ളവരോ ആയിരുന്നെന്നാണ്. കറുത്തവരായാലും വെളുത്തവരായാലും വർണ്ണവിവേചനത്തിന്റെ വ്യവസ്ഥകൾ തെറ്റിക്കാൻ ധൈര്യപ്പെടാത്തവിധം ഭീകരത ഇവർ സൃഷ്ടിച്ചിരുന്നു. പൊതുവിൽത്തന്നെ തെക്കൻദേശങ്ങളിൽ നിയമപാലകർ ഏറിയും കുറഞ്ഞും സമരങ്ങളിൽ കടന്നുകയറാനും തടസങ്ങൾ ഉണ്ടാക്കാനും അക്രമം കാട്ടാനും പ്രകോപിപ്പിക്കാനും ശ്രമിക്കുകയും സമരത്തെ എതിർക്കുന്നവരുടെ

അതിക്രമങ്ങൾക്കും അധിക്ഷേപങ്ങൾക്കും നേരെ കണ്ണടയ്ക്കുകയും ചെയ്തിരുന്നു. പ്രക്ഷോഭങ്ങളിലൂടെ വിവേചനം അവസാനിപ്പിക്കുന്നതുവരെ അതു നിയമവിധേയമായിരുന്നു എന്ന് ഓർക്കണം. അതിന്റെ ആനുകൂല്യവും പ്രതിയോഗികൾക്ക് ഉണ്ടായിരുന്നു.

മിസിസിപ്പിയിൽ എന്റെ മൂന്നു സഹപ്രവർത്തകരെ 1964-ൽ നിയമപാലകർ വധിച്ചിരുന്നു. പൊലീസും ഭീകരരും തമ്മിലുള്ള അവിശുദ്ധകൂട്ടുകെട്ടുകാരണം ദശാബ്ദങ്ങളോളം ഇവരുടെമേൽ കുറ്റം ചുമത്തുകപോലും ഉണ്ടായില്ല. അക്കൊല്ലം കറുത്തവരെ വോട്ടർപ്പട്ടികയിൽ ചേർക്കാൻ നടത്തിയ 'ഫ്രീഡം സമ്മർ' പരിപാടിയുടെ ഒരു പേരുചേർക്കൽ കേന്ദ്രമായിരുന്ന പള്ളിയിൽ ആരോ ബോംബ് സ്ഫോടനം നടത്തി. ഇതറിഞ്ഞു കാര്യം അന്വേഷിച്ച പോയ മൂന്നുപേരെയും അവിടെനിന്നു കാണാതാകുകയായിരുന്നു. ഇതിൽ ദുരൂഹതയുണ്ടെന്നു മരിച്ച യുവാക്കളുടെ കുടുംബങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടത് എന്റെ ഉത്തരവാദിത്തമായിരുന്നു.

(ഇപ്പോൾ ഇതു പുസ്തകമാക്കാനായി പുനഃപരിശോധിക്കുമ്പോൾ, ഇതൊക്കെത്തന്നെയാണല്ലോ പിന്നെയും അരനൂറ്റാണ്ടിനിപ്പുറവും 'ജനാധിപത്യയിൻഡ്യ'യിൽ സംഭവിക്കുന്നത് എന്ന് ഓർത്തുപോയി.)

മനോജ്: ഇപ്പോഴും കറുത്തവർക്കുനേരെ പൊലീസിന്റെയടക്കം അതിക്രമങ്ങൾ അമേരിക്കയിൽനിന്നു റിപ്പോർട്ട് ചെയ്യപ്പെടുന്നല്ലോ. ഭരണഘടനയും നിയമവും ജനാധിപത്യവുമൊക്കെ ഉണ്ടായിട്ടും എന്തുകൊണ്ടിത്?

മേ. കി.: നിയമനിർമ്മാണ—പരിപാലന—ഭരണസ്ഥാപനങ്ങൾ താന്താങ്ങളുടെ അധികാരാവകാശങ്ങൾ ഉറപ്പിക്കാനുള്ള മാത്സര്യബന്ധം നിലനിർത്തുന്നു. ഈ മൂന്നു മേഖലയിലും ദേശീയ-സംസ്ഥാന-തദ്ദേശ തലങ്ങളിൽ സമാനമായ കീഴ്-മേൽബന്ധവുമുണ്ട്. അതുകൊണ്ട്, ദേശീയഭരണകൂടത്തിന്റെ ഇടപെടൽ ഉണ്ടാവില്ല എന്ന ആനുകൂല്യം വർണ്ണവിവേചനം സംരക്ഷിക്കാൻ ആഗ്രഹിച്ചവർക്കു ലഭിച്ചു. അതുകൊണ്ട്, ഞങ്ങൾ പൗരാവകാശപ്രസ്ഥാനത്തിലൂടെ ശ്രമിച്ചത് ഈ വിവേചനം അവസാനിപ്പിക്കാൻ ദേശീയതലത്തിൽ ഇച്ഛാശക്തി വളർത്തിയെടുക്കുക എന്നതാണ്. ആ പ്രസ്ഥാനത്തിലൂടെ വംശീയതയുടെ കാര്യത്തിൽ വിപുലവും വിജയകരവുമായ പരിവർത്തനം സൃഷ്ടിക്കാൻ കഴിഞ്ഞു. ഗുണപരമായ പല മാറ്റവും ഉണ്ടായി. ഏറ്റവും കുഴപ്പം പിടിച്ച സ്ഥലമായിരുന്ന മിസിസിപ്പിയാണ് ഇപ്പോൾ ഏറ്റവുമധികം കറുത്തവരെ ജനപ്രതിനിധികളായി തെരഞ്ഞെടുക്കുന്നത്.

വംശീയത മാറാരോഗംപോലെ ആണെന്ന് കഴിഞ്ഞ ദിവസം ഡോ: എം. ശ്രീനിവാസൻ സ്മാരകപ്രഭാഷണത്തിൽ ഞാൻ പറഞ്ഞിരുന്നു. അത് ഒറ്റ ഇടപെടലിലൂടെ തുടച്ചുമാറ്റാനാവില്ല. ഒരു കോടതിവിധിയോ നിയമനിർമ്മാണമോ മതിയാവില്ല. ലക്ഷ്യം പൂർത്തിയാകുന്നതുവരെ നിരന്തരം ആത്മാർത്ഥമായി പ്രയത്നിക്കുകയും വംശീയത അവസാനിപ്പിക്കുമെന്ന നിശ്ചയദാർഢ്യം ഓരോദിവസവും ഓരോ മണിക്കൂറിലും നിലനിർത്തുകയും വേണം. എന്റെ അഭിപ്രായത്തിൽ, അടിമത്തകാലം തൊട്ടേ വംശീയതയും അക്രമവും തമ്മിൽ

നിലനില്ക്കുന്ന ബന്ധത്തിന്റെ വേരറക്കുന്നതിനുള്ള ഇച്ഛാശക്തിയിലോ ഉദ്ദേശ്യത്തിലോ പ്രവർത്തനത്തിലോ അമേരിക്കയ്ക്ക് ഇപ്പോഴും മതിയായ ഊന്നലില്ല.

മനോജ്: സമാധാനപൂർണ്ണമായ സഹനസമരങ്ങളുടെ വലിയ പൈതൃകമുള്ള അമേരിക്കയുടെ പില്ക്കാലമനസ് യുദ്ധാഭിമുഖ്യമുള്ളതായി മാറാൻ കാരണം?

മേ. കി: ചരിത്രം പഠിപ്പിക്കലിലെ പിഴവുതന്നെ. സ്വാതന്ത്ര്യസമരത്തിലെ ഒരു ഘട്ടം മാത്രമാണ് 1776-ൽ തുടങ്ങിയ സ്വാതന്ത്ര്യ'യുദ്ധം' (War of Independence). അതു മാത്രമാണ് ആകെയുണ്ടായ അക്രമസമരം. പക്ഷേ, കടവും മുരടിപ്പും ദുരിതവും സംഭാവനചെയ്ത ഈ യുദ്ധം കൂടാതെയും സ്വാതന്ത്ര്യം നേടാമായിരുന്നു. അതിന് ഒരു കൊല്ലം മുമ്പുതന്നെ അമേരിക്കയിലെ 13 കോളനികളിൽ മൂന്നിൽരണ്ടും—ഒമ്പതെണ്ണം—അഹിംസാത്മകനിസ്സഹകരണത്തിലൂടെ സ്വാതന്ത്ര്യം നേടിക്കഴിഞ്ഞിരുന്നു എന്നതാണു വസ്തുത. ഇതേപ്പറ്റി യൂറോപ്പിലെയും അമേരിക്കയിലെയും ഒരുകൂട്ടം രാഷ്ട്രീയശാസ്ത്രജ്ഞർ 1986-ൽ നടത്തിയ പഠനം, 'കോളനികളെല്ലാംതന്നെ രാജ്ഞിയുടെ ഉത്തരവുകളിൽനിന്നു സ്വതന്ത്രമായി പ്രവർത്തിക്കാനും ബ്രിട്ടിഷ് സ്ഥാപനങ്ങളിൽനിന്നു വേറിട്ടു സ്വയം സൃഷ്ടിച്ച സ്ഥാപനങ്ങളിലൂടെ സേവനങ്ങൾ പ്രദാനം ചെയ്യാനും സജ്ജമായിരുന്നു' എന്നു വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഇതിനുപകരം അമേരിക്കൻകുട്ടികളെ പഠിപ്പിക്കുന്നത് സ്വാതന്ത്ര്യ'യുദ്ധ'ത്തെപ്പറ്റിയാണ്. ബോസ്റ്റൺ റ്റീപ്പാർട്ടിയും വാർത്താപത്രങ്ങളുടെ സ്റ്റാമ്പ് ആക്റ്റ് പ്രതിഷേധവുമൊക്കെ കൂട്ടത്തിൽ പഠിപ്പിക്കുന്നുണ്ടെന്നു മാത്രം. പക്ഷേ, സായുധവീര്യത്താൽ ഉദാത്തീകൃതമായ ഈ ചരിത്രബോധനരീതി ചോദ്യം ചെയ്യപ്പെടാതെ പോകുന്നു. എന്റെ അഭിപ്രായത്തിൽ എട്ടു വർഷം നീണ്ട ഈ സ്വാതന്ത്ര്യയുദ്ധമാണ് ആഗോളസായുധമേധാവിത്വത്തിനുള്ള അമേരിക്കയുടെ ത്വരയ്ക്കു കാരണം. അക്രമസമരങ്ങളെയും യുദ്ധങ്ങളെയും യുദ്ധത്തിൽ മരിക്കുന്ന സൈനികരെയും ഉദാത്തീകരിച്ചു ചരിത്രം പഠിപ്പിക്കുന്നതും മാദ്ധ്യമങ്ങൾ എഴുതുന്നതുമൊക്കെ ഓരോ സമൂഹത്തിന്റെയും അഹിംസാമനസിനെ ക്രമേണ അക്രമോത്സുകമാക്കുകയും സിവിൽ സമൂഹമെന്ന നിലയിലുള്ള നിലനില്പ് അപകടത്തിലാക്കുകയും ചെയ്യും.

ഇടത്തുനിന്ന്: പൂവിന്റെയും പുഞ്ചിരിയുടെയും പ്രതിരോധം; മേരി ഇ. കിങ് മാർട്ടിൻ ലൂഥർ കിങ് സ്മാരകപ്രഭാഷണം നടത്തുന്നു.

അമേരിക്കയിലെ 500-ൽപ്പരം തദ്ദേശീയവിഭാഗങ്ങളിൽ പാരമ്പര്യമായിത്തന്നെ അഹിംസാത്മകത നിലനിന്നിരുന്നതായി ചരിത്രം പറയുന്നു. ഇവമിക്കതും ഇന്നും തുടരുകയോ വീണ്ടെടുക്കപ്പെടുകയോ ചെയ്യുന്നു. ആധുനികകാലത്തും തദ്ദേശീയജനതയാണ് സമാധാനപ്രസ്ഥാനങ്ങളുടെ വക്താക്കൾ. ഇവയ്ക്കെല്ലാത്തിനും സുവ്യക്തമായ ബൗദ്ധികാടിത്തറയും ഉണ്ടായിരുന്നു. മഹാത്മാ ഗാന്ധിക്കുശേഷം അത് ഗാന്ധിയൻ ചിന്തകളിൽ അധിഷ്ഠിതമായി മാറി.

സമരത്തിന്റെ രീതിശാസ്ത്രം

മനോജ്: ഗാന്ധിയൻ സമരരീതി ചരിത്രത്തിന്റെ ഒരു സന്ധിയിൽ വിജയകരമായി പ്രയോഗിക്കപ്പെട്ടു എന്നല്ലാതെ അതിന്റെ പ്രസക്തി സാർവ്വകാലികമാണോ? ഭരണകൂടങ്ങളുടെ സ്വഭാവവും അടിച്ചമർത്തലുപാധികളും മാറി. ജനാധിപത്യം എന്ന സങ്കല്പം കോർപ്പറേറ്റാധിപത്യത്തിനു വഴിമാറി. സാമൂഹികബന്ധങ്ങൾ മാറി. ഈ പുതിയ സാഹചര്യങ്ങളിൽ ഗാന്ധിയൻസമരമുറകൾ എങ്ങനെയാണു പ്രായോഗികമാകുന്നത്?

മേ. കി.: സാമൂഹികസാഹചര്യങ്ങളാണ് സംഘർഷത്തിനു കാരണമാകുന്നതെങ്കിലും ആ സംഘർഷം പരിഹരിക്കാനുള്ള പ്രക്ഷോഭം വിജയിക്കുന്നത് ആ കാരണങ്ങളുടെ സവിശേഷതകൊണ്ടല്ല, സമൂഹത്തിലെ ബലതന്ത്രങ്ങളും അവയുടെ അടിസ്ഥാനത്തിൽ ആവിഷ്കരിക്കുന്ന സമരതന്ത്രങ്ങളും സമീപനരീതികളും കൊണ്ടാണ്. ഇത്തരം സാമൂഹികബലങ്ങൾ വാസ്തവത്തിൽ ഇന്നു മുമ്പത്തെക്കാൾ വികസിച്ചിട്ടാണുള്ളത്. പൊതുവിൽ പറഞ്ഞാൽ, ഒരു വലിയ ജനമുന്നേറ്റ അഹിംസാപ്രസ്ഥാനത്തിന്റെ വിജയത്തിൽ ഭൗതികസാഹചര്യങ്ങളുടെ കാഠിന്യമോ കഷ്ടപ്പാടുകളോ ഭരണകൂടരീതികളോ അല്ല, മുന്നൊരുക്കങ്ങളാണു താരതമ്യേന കൂടുതൽ പ്രധാനം. ഇതു വിശദീകരിക്കുമ്പോൾ ഉത്തരം കൂടുതൽ വ്യക്തമാകും.

അറബ്ജനത 2011-ൽ കൈക്കുമ്പിളിൽ ചരിത്രത്തെ കോരിയെടുക്കുമ്പോൾ എന്താണു സംഭവിക്കുന്നത് എന്നതിനെപ്പറ്റി മിക്ക വിദഗ്ദ്ധർക്കും സൂചനപോലും ഉണ്ടായിരുന്നില്ല. ദാരിദ്ര്യം, അഴിമതി, വിലക്കയറ്റം, മനുഷ്യാവകാശധ്വംസനം, അവഹേളനം, തൊഴിലില്ലായ്മ, രാഷ്ട്രീയപങ്കാളിത്തം ഇല്ലായ്മ, അടിച്ചമർത്തൽ, പീഡനം തുടങ്ങിയ ഭൗതികകാര്യങ്ങളാണു കാരണമായി റിപ്പോർട്ടുചെയ്യപ്പെട്ടത്. കൊടിയ ദുരിതങ്ങൾ ഉണ്ടെന്നതു തീർച്ച. പക്ഷേ, അവ മാത്രം മതിയാവില്ല ഇത്തരമൊരു ഉണർവ്വു വിശദീകരിക്കാൻ.

രാഷ്ട്രീയചിന്തയുടെ ചരിത്രത്തിൽ അഹിംസാസമരങ്ങളെ അടിവരയിടുന്ന ഒരു അടിസ്ഥാനകാര്യം, ഏത് അടിച്ചമർത്തൽഭരണകൂടത്തിനും സംവിധാനത്തിനും അടിച്ചമർത്തപ്പെടുന്നവരുടെ ചില പിന്തുണകൾ ആവശ്യമാണ് എന്നതാണ്. ഇതു സിദ്ധാന്തത്തിൽ അതീവ ലളിതവത്ക്കൃതവും പ്രയോഗത്തിൽ സങ്കീർണ്ണവുമാണെങ്കിലും ഇതാണ് നിസ്സഹകരണരീതികളുടെ കാതൽ—ജനശക്തിയുടെ സ്വയംപ്രകടീകരണരീതി.

എന്റെ പുസ്തകത്തിൽ പറയുന്നതുപോലെയും കേരളത്തിലെ പ്രസംഗങ്ങളിൽ പറഞ്ഞതുപോലെയും, 1905-ഓടെ ഗാന്ധി ഇന്നത്തെ അഹിംസാത്മക

മേരി ഇ. കിങ് അമേരിക്കൻ പ്രസിഡന്റ് ജിമ്മി കാർട്ടറുടെ സത്യപ്രതിജ്ഞാച്ചടങ്ങിൽ.

സാമൂഹികപ്രസ്ഥാനങ്ങളെ ചലിപ്പിക്കുന്ന ശക്തമായ ഈ ഉൾക്കാഴ്ച സ്വാംശീകരിക്കുകയുണ്ടായി: "എത്ര കരുത്തനായാലും പ്രജകളുടെ സഹകരണമില്ലാതെ ഭരിക്കാനാവില്ല"—1905-ൽ "റഷ്യ ആൻഡ് ഇൻഡ്യ" എന്ന ലേഖനത്തിലാണ് അദ്ദേഹം ഇതെഴുതിയത്.

നിരവധി വർഷങ്ങളിലെ പഠനങ്ങളിലൂടെ ഞാൻ മനസിലാക്കിയിട്ടുള്ളത്, ഒരു അഹിംസാപ്രസ്ഥാനം ഉരുവം കൊള്ളുന്നതിൽ ഭൗതികഘടകങ്ങൾ, മുൻസാഹചര്യങ്ങൾ, കഷ്ടപ്പാടുകളുടെ കാഠിന്യം, രാഷ്ട്രീയസംസ്കാരം എന്നിവയെക്കാൾ പ്രധാനം മറ്റുചില ബലങ്ങളാണെന്നാണ്. പ്രധാനപ്പെട്ടവ രണ്ടാണ്. സമരം സുസ്ഥിരമായി തുടരാനുള്ള പൗരസമൂഹത്തിന്റെ ശേഷിയാണ് ഒന്ന്. മറ്റൊരുതരത്തിൽ പറഞ്ഞാൽ, സ്വതന്ത്രനേതൃത്വങ്ങളോടുകൂടിയ, വ്യാപകവും പടരുന്നതുമായ ശക്തികേന്ദ്രങ്ങൾ. പ്രാഥമികപ്രതിസന്ധിക്കു ശേഷവും പ്രതിരോധം തുടരാനുള്ള പ്രസ്ഥാനത്തിന്റെ കഴിവിനെ ഇതു ശക്തിപ്പെടുത്തുകയും പിൻവാങ്ങലുകൾ വേണ്ടിവന്നാലും പൂർവ്വാധികം ശക്തമായി മടങ്ങിയെത്താനുള്ള ശേഷി പകരുകയും ചെയ്യും. രണ്ടാമത്തെ പ്രധാനഘടകം, മറ്റു പ്രസ്ഥാനങ്ങളിൽനിന്നു പാഠങ്ങളുടെയും അറിവുകളുടെയും നിരന്തരപങ്കിടലും ബുദ്ധിജീവികളായ മുതിർന്ന പ്രവർത്തകരിൽനിന്നു ചരിത്രപരമായ ഉൾക്കാഴ്ചകൾ ആർജ്ജിക്കലുമാണ്. രാഷ്ട്രീയചിന്തയ്ക്ക് തന്ത്രാവിഷ്കരണത്തെ സ്വാധീനിക്കാനാവും. ഇവരണ്ടും ഒറ്റയ്ക്കും കൂട്ടായും ഉള്ള മനുഷ്യപ്രയത്നം ഉൾപ്പെട്ടതാണ്. പുതിയകാലത്ത് ഇവ മുമ്പത്തെക്കാൾ മെച്ചപ്പെട്ട നിലയിലാണ്.

മനോജ്: സമഗ്രാധിപത്യത്തോടു പൊരുതാനും ഗാന്ധിയൻ സമരരീതി മതിയാകുമോ?

മേ. കി: സൈദ്ധാന്തികമായി പറഞ്ഞാൽ കഴിയണം. പക്ഷേ, അതിന്റെ ഫലപ്രാപ്തി ഒട്ടേറെ ഘടകങ്ങളെ ആശ്രയിച്ചിരിക്കും; സമാനമായ സാംസ്കാരികസാഹ

ചര്യത്തിൽ മുമ്പ് എന്താണ്ട പ്രവർത്തിച്ചത്, തയ്യാറെടുപ്പ്, ആസൂത്രണം, വിഭവശേഷി, ആ സമൂഹത്തിന്റെ ചരിത്രം, അസംതൃപ്തിയുടെയും ഭഗ്നപ്രതീക്ഷയുടെയും തോത്, പിന്തുണ കിട്ടാവുന്ന വിഭാഗങ്ങൾ, തുടങ്ങി പലതിനെയും.

കിഴക്കൻയൂറോപ്പിന്റെ ഉദാഹരണങ്ങൾ നോക്കാം. സോവ്യറ്റ് യൂണിയനിലെ വിദൂരപ്രവിശ്യകളിലെ ജനങ്ങൾ സമഗ്രാധിപത്യത്തിനെതിരെ 1980-കളിൽ അഹിംസാസമരം തെരഞ്ഞെടുത്തതിലെ യുക്തി നന്നേ പ്രായോഗികമായിരുന്നു. കിഴക്കൻജർമ്മനിയിലും ഹംഗറിയിലും ചെക്കോസ്ലോവാക്യയിലുമൊക്കെ 50-കളിലും 60-കളിലുമായി ഉണ്ടായതുപോലുള്ള രക്തച്ചൊരിച്ചിൽ ഒഴിവാക്കാൻ അവർ ആഗ്രഹിച്ചു. ഭരണകൂടത്തിന്റെ നിരീക്ഷണസംവിധാനങ്ങൾക്കുകീഴെ ആയിരക്കണക്കിന്ന ചെറുകമ്മിറ്റികളായി അവിടങ്ങളിലെ ബുദ്ധിജീവികളായ ആക്റ്റിവിസ്റ്റുകൾ—അക്കാദമികവിദഗ്ദ്ധർ, അദ്ധ്യാപകർ, പോളൻഡിലെ റോമൻ കത്തോലിക്കാ പുരോഹിതർ, കിഴക്കൻജർമ്മനിയിലെ പ്രൊട്ടസ്റ്റന്റ് പാസ്റ്റർമാർ ഒക്കെ—പ്രവർത്തിച്ചു. പ്രകടനങ്ങൾ, പണിമുടക്കങ്ങൾ, രഹസ്യസംഘടനകൾ, രഹസ്യപാഠശാലകളായ ഫ്ലൈയിങ് യൂണിവേഴ്സിറ്റികൾ, അനധികൃതപ്രസിദ്ധീകരണങ്ങൾ, ജയിലിലായവരുടെ കുടുംബങ്ങളെ സഹായിക്കൽ, അനാഥസംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയായിരുന്നു രീതി.

കിഴക്കൻജർമ്മനിയിലെ കാര്യം *ന്യൂയോർക് ടൈംസു*മായിച്ചേർന്ന 2009-ൽ പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിൽ ഞാൻ പറഞ്ഞിട്ടുണ്ട്. 89-ലെ ശരത്ക്കാലം മുതൽ 90 വരെ തുടർച്ചയായ 13 തിങ്കളാഴ്ചകളിൽ ലൈപ്സിഷിലെ (Leipzig) നിക്കോളാസ് പള്ളിയിലും മറ്റനവധി പള്ളികളിലുംനിന്ന ജനങ്ങൾ തെരുവിലേക്ക് ഒഴുകുമായിരുന്നു; പലപോഴും ഒരുലക്ഷംപേർ വരെ. പാസ്റ്റേഴ്സ് മൂവ്മെന്റ് എന്ന വിളിക്കപ്പെട്ട ഇതിന നേതാവില്ലായിരുന്നു. ഒറ്റ നേതൃത്വം: പള്ളിയിലെ വൈകുന്നേരത്തെ തിങ്കളാഴ്ചക്കൂട്ടം. ആർക്കും ചേരാം. കുറെ ആയപ്പോഴേക്ക് പൊലീസുകാരും അധികാരികളുമൊക്കെ ഈ മെഴുകുതിരിപ്രകടനങ്ങളിൽ പങ്കുകൊള്ളാൻ തുടങ്ങി. മൊത്തം 50 ലക്ഷംപേർ പങ്കെടുത്തു എന്നാണ് ഒടുവിലത്തെ കണക്ക്. 1989 അവസാനമായപ്പോഴേക്കും അധികൃതർ ജനഹിതത്തിന വഴങ്ങുകയും ബെർലിൻ മതിൽ തുറക്കാൻ തീരുമാനിക്കുകയും ആയിരുന്നു. ആദ്യപ്രകടനം 1982-ൽ ആയിരുന്നു. 90-ലെ വസന്തത്തിൽ ഇരുജർമ്മനിയും വീണ്ടും ഒന്നായി.

കിഴക്കേയൂറോപ്പിലെ ഈ അഹിംസാത്മകപരിവർത്തനം കാഴ്ചപ്പാടിൽ പ്രായോഗികം ആയിരുന്ന എന്നതിനൊപ്പം, അവരുടെ ഗൂഢസാഹിത്യങ്ങൾ വെളിപ്പെടുത്തുന്നത്, സമിസ്ദാറ്റുകളിലൂടെയും (samizdat-സ്വയംപ്രസാധനത്തിനുള്ള റഷ്യൻ പദം) എഴുത്തുകളിലൂടെയും കിഴക്കേയൂറോപ്യൻ മതപണ്ഡിതർ, ചരിത്രകാരർ, തത്വചിന്തകർ, നാടകകൃത്തുക്കൾ, പത്രാധിപർമാർ എന്നിവരെ പങ്കാളികളാക്കിയും മൂല്യാധിഷ്ഠിതഫലങ്ങൾക്കൂടി നേടാൻ ആഗ്രഹിച്ചിരുന്ന എന്നാണ്. റ്റാങ്കുകളും ഫയറിങ് സ്ക്വാഡുകളുമൊക്കെ ഇറങ്ങിയ റൊമേനിയയെ മാറ്റിനിർത്തിയാൽ, കിഴക്കേയൂറോപ്പിലെ രാഷ്ട്രീയ-സാമ്പത്തികപരിവർത്തനം സാദ്ധ്യമായത് പരിപൂർണ്ണമായും അക്രമത്തിന്റെ സ്പർശമില്ലാതെ

യാണ്. 1990-കളിൽ കിഴക്കൻ ബ്ലോക്ക് മുഴുവൻ അക്രമരഹിതദേശീയവിപ്ലവ ത്തിലൂടെ ജനാധിപത്യത്തിലേക്കു പരിവർത്തിതമായി.

മനോജ്: ഇസ്ലാമിക് സ്റ്റേറ്റിന്റെയും മറ്റും കാട്ടാളരീതികളോട് ഗാന്ധിയൻ സമരരീതി പ്രായോഗികമാണോ?

മേ. കി: ആവില്ലെന്നു വാദിച്ച് റബ്ബി എ. ജെയിംസ് റൂഡിൻ എഴുതിയ ലേഖനത്തെ ഖണ്ഡിച്ച് ഞാൻ ലേഖനം എഴുതിയിട്ടുണ്ട്. (http://maryking.info/?p=1158) അവിടെപ്പോലും അഹിംസാസമരം പ്രായോഗികമാണെന്നു താത്വികമായി ഞാൻ അതിൽ സമർത്ഥിക്കുന്നുണ്ട്.

ഫലപ്രാപ്തിയും സ്ഥായിത്വവും

മനോജ്: വംശീയവിവേചനം കുർദുകളും ഷിയാകളും തമ്മിൽ നടക്കുന്നതുപോലെ യും സെർബിയയിൽ സംഭവിക്കുന്നതുപോലെയും ശ്രീലങ്കയിൽ നടന്നതുപോ ലെയുമൊക്കെ രക്തരൂഷിതമായ പോരാട്ടങ്ങളിലൂടെയാണല്ലോ പലപ്പോഴും പരിഹാരം തേടാൻ ശ്രമിക്കുന്നത്. ഇത്തരം സംഘർഷങ്ങളെത്തുടർന്ന് സിറി യയിലും മ്യാൻമറിലും നിന്നെന്നപോലെ സാധാരണജനങ്ങൾ അഭയാർത്ഥി കളായി ഒഴുകുകയാണ്. ഇങ്ങനെ പോരാടുന്ന സമൂഹങ്ങളിൽ എങ്ങനെയാ ണ് അഹിംസാമാർഗ്ഗം പ്രായോഗികമാകുന്നത്?

മേ. കി: അക്രമരഹിതസമരങ്ങൾ ഗറില്ലായുദ്ധത്തെയും സായുധപോരാട്ടത്തെയും കാൾ ഇരട്ടി ഫലം ചെയ്യുമെന്നതിനു നിരവധി തെളിവുകൾ രാഷ്ട്രീയശാസ്ത്രജ്ഞ രായ എറികാ ചെനോവെത്തും (Erica Chenoweth) മരിയ സ്റ്റെഫാനും (Maria J. Stephan) നമുക്കു തരുന്നു. അവർ 1900-നും 2006-നും ഇടയിൽ നടന്ന 323 അക്രമ-അഹിംസാസമരങ്ങൾ പരിശോധിച്ചതിൽ, പ്രഖ്യാപിതലക്ഷ്യം നേട

ഇടത്തു് നിന്ന്: മേരി ഇ. കിങ് – ഒരു പഴയ ചിത്രം; വൈക്കം സത്യാഗ്രഹം സംബന്ധിച്ച ഗവേഷണത്തിനിടെ മേരി ഇ. കിങ്ങും പ്രൊഫ: വാസു തില്ലേരിയും.

ന്നതിൽ അഹിംസാപ്രതിരോധങ്ങളാണ് ഇരട്ടിയിലേറെ വിജയിച്ചത് എന്നു കണ്ടു. സമരം ചെയ്യുന്ന സമൂഹത്തിലെ 3.5 ശതമാനം പേർ സജീവമായി പങ്കെടുത്ത സമരങ്ങളുടെ വിജയം നാലിരട്ടിയാണെന്നും സ്ഥാപിക്കപ്പെട്ടിരിക്കുന്നു! മാത്രമല്ല, അഹിംസാസമരങ്ങളിൽ ജീവൻ ബലിനല്കേണ്ടിവന്നത് നന്നേ തുച്ഛം, അർത്ഥവത്തായ ജനാധിപത്യത്തിലേക്കു വികസിക്കാനുള്ള സാദ്ധ്യത വളരെയേറെ, ആഭ്യന്തരയുദ്ധത്തിലേക്കു വഴുതാനുള്ള സാദ്ധ്യത വിരളം. 'സിവിൽ റെസിസ്റ്റൻസ് വർക്സ്: ദ് സ്ട്രാറ്റജിക് ലോജിക് ഓഫ് നോൺ വയലന്റ് കോൺഫ്ലിക്റ്റ്' എന്ന ഗ്രന്ഥത്തിൽ ഇവർ നല്കുന്ന കണക്കുകൾ പറയുന്നത് അഹിംസാസമരങ്ങളുടെ വിജയശതമാനം 53-ഉം അക്രമസമരങ്ങളുടേത് 26-ഉം ആണെന്നാണ്. ഇതിൽത്തന്നെ സ്ത്രീപങ്കാളിത്തത്തെപ്പറ്റിയും പ്രത്യേകം വിശകലനം നടന്നിട്ടുണ്ട്. അക്രമേതരസമരങ്ങളിലാണു സ്ത്രീകൾ പങ്കെടുക്കാൻ താല്പര്യപ്പെടുന്നത് എന്നും അത്തരം സമരങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിച്ചതോതിലും കൂടുതൽ സജീവവും അർത്ഥപൂർണ്ണവും ആണെന്നും പഠനം കാട്ടിത്തരുന്നു. അവിടെ നേതൃത്വത്തിലേക്ക് ഉയരാനും സ്ത്രീകൾക്ക് അവസരം കൂടുതലാണ്.

മനോജ്: അതെ, അടുത്തകാലത്തെ സമരങ്ങളിൽ പലതിലും സ്ത്രീകളുടെ വൻമുന്നേറ്റംതന്നെയാണല്ലോ കാണാൻകഴിഞ്ഞത്.

മേ. കി.: സ്ത്രീപ്രസ്ഥാനങ്ങൾ പുതിയ കാര്യമല്ല. ചരിത്രത്തിൽ അവ ശരിയായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. അതുകൊണ്ടു വിവരങ്ങൾ ലഭ്യമല്ല എന്നുമാത്രം. ഏറെപ്പണ്ടുമുതലേ ലോകത്തിന്റെ പല കോണിലും ഉണ്ടായ സമാധാനപരമായ സാമൂഹികമാറ്റങ്ങളിൽ സ്ത്രീ മുഖ്യഘടകം ആയിരുന്നു. ന്യൂസിലൻഡ് ആണ് സ്ത്രീ ആദ്യമായി വോട്ടവകാശം നേടിയ രാജ്യം. 1893-ലാണത്. ദശാബ്ദങ്ങൾ നീണ്ട സംഘാടനത്തിലൂടെയാണതു നേടിയത്. ചൈന, ഇറാൻ, വൈകിയാണെങ്കിലും അമേരിക്ക, ഇംഗ്ലൻഡ് എന്നിവിടങ്ങളിലൊക്കെ ഇത് ആവർത്തിച്ചു. ജപ്പാനിൽ സ്ത്രീയ്ക്ക് 1946-വരെ വോട്ടവകാശം ഇല്ലായിരുന്നപ്പോഴാണിതെന്ന് ഓർക്കണം. വോട്ടിനായുള്ള ഈ പ്രസ്ഥാനമായിരുന്നു ആധുനികകാലത്തെ ഏറ്റവും ശ്രദ്ധേയമായ പരിവർത്തനപ്രസ്ഥാനമെന്ന് പ്രമുഖ രാജ്യാന്തരകാര്യവിദഗ്ദ്ധൻ ഫ്രെഡ് ഹാല്ലിഡേ പറഞ്ഞിട്ടുണ്ട്. മാനവചരിത്രത്തിലെതന്നെ ഏറ്റവും ബൃഹത്തായതെന്നു ഞാൻ പറയും. രാഷ്ട്രീയമാറ്റങ്ങൾ കൊണ്ടുവരാൻ ഇന്നത്തെക്കാൾ എത്ര എളുപ്പമായിരുന്നു അന്ന് എന്നതിലേക്കുകൂടി ഇതു വെളിച്ചം വീശുന്നു.

നമ്മൾ ഒരു അത്ഭുതമരുന്നിനെപ്പറ്റിയല്ല സംസാരിക്കുന്നത്. സത്യത്തിൽ അഹിംസാസമരങ്ങളെ മഹത്ത്വവത്ക്കരിച്ചും പെരുപ്പിച്ചുകാണിച്ചും അവതരിപ്പിക്കുന്നത് കുറച്ചൊന്നുമല്ല ദോഷം ചെയ്തിട്ടുള്ളത്. എന്റെ വൈക്കംപുസ്തകത്തിന്റെ പ്രധാനവിഷയംതന്നെ ഇതാണ്. അഹിംസാസമരത്തിനുള്ള തന്ത്രം വികസിപ്പിക്കുന്നത് സായുധതന്ത്രം ഉണ്ടാക്കുന്നതിനെക്കാൾ വളരെ സങ്കീർണ്ണമാണ്. വളരെ ശ്രദ്ധ വേണ്ടതാണ്. സാമ്പ്രദായികരാഷ്ട്രീയസ്ഥാപനങ്ങൾ പരാജയപ്പെടുകയോ പങ്കിലമാകുകയോ ഉത്തരവാദിത്തം ഏല്ക്കാൻ വിമുഖമാകുകയോ ചെയ്യുന്ന സാഹചര്യങ്ങളെയാണു തിരുത്തുന്ന



ഇടത്തുനിന്ന്: ഗാന്ധിജയന്തിദിനം ലോക അഹിംസാദിനമാണ്; ആഗോളസമരമുഖത്തെ ഗാന്ധിമുഖം.

തെന്നും അതിനുള്ള സങ്കേതമാണ നാം വികസിപ്പിക്കുന്നതെന്നും പ്രത്യേകം ഓർക്കണം.

സമീപകാലത്തെ ഗാന്ധിസമരങ്ങൾ

മനോജ്: ലോകത്തു സമീപകാലത്തുണ്ടായതും ഇപ്പോൾ നടക്കുന്നതുമായ പ്രധാന അഹിംസാത്മകപ്രക്ഷോഭങ്ങൾ ഏതൊക്കെയാണ്? ഇവയിൽ ഇതിന്റെ സങ്കേതങ്ങൾ പ്രയോഗിച്ചത് ഏതു രീതിയിലൊക്കെയാണ്?

മേ. കി.: ഫിലിപ്പീൻസിലെ ഏകാധിപതിയായിരുന്ന ഫെർഡിനന്റ് മാർക്കോസിനെ താഴെയിറക്കിയ, നിരവധി ജനങ്ങൾ പങ്കെടുത്ത, 1986-ലെ പ്രക്ഷോഭം അതിലെ അഹിംസാരീതികൾകൊണ്ടുതന്നെ *പീപ്പിൾ പവർ* (ജനശക്തി) എന്ന പേർ നേടിയിരുന്നു. പണിമുടക്കങ്ങളും കൂറ്റൻ പ്രകടനങ്ങളും സത്യഗ്രഹം പോലെയുള്ള കയ്യേറിയിരിക്കലുകളും (occupy) ജാഗ്രതാപ്രസ്ഥാനവും അടക്കമുള്ള അക്രമരഹിത ഉപരോധങ്ങൾ സ്ഥായിയായി ഉപയോഗിച്ച ചില ആനുകാലികപ്രക്ഷോഭങ്ങൾ ഇവയാണ്: ലാറ്റിനമേരിക്കയിൽ ചിലിയിലെയും ബൊളീവിയയിലെയും ഭരണകൂടങ്ങളെ മാറ്റിയത്; ഏഷ്യയിൽ കിഴക്കൻ തിമൂർ 1995-ൽ 25 വർഷത്തെ അധിനിവേശത്തിൽനിന്നു മോചനം നേടിയത്, നേപ്പാളിൽ ഭരണഘടനാവകാശങ്ങൾ സ്ഥാപിതമായത്, മംഗോളിയയിലെ കമ്മ്യൂണിസ്റ്റുകുത്തകഭരണം അവസാനിച്ചത്; ആഫ്രിക്കയിൽ മെഡഗാസ്കറിലും ബെനിനിലും ഏകാധിപത്യങ്ങൾ അവസാനിച്ചത്; മാലി, ഇൻഡോനേഷ്യ, മാലിദ്വീപ് എന്നീ മുസ്ലിം രാജ്യങ്ങളിലേതടക്കം ഒരുഡസൻ രാജ്യങ്ങളിലെ അടിച്ചമർത്തൽ ഭരണകൂടങ്ങളുടെ പതനം; ലെബനനിൽ 2005-ൽ സിറിയനാധിപത്യത്തിന് അന്ത്യം കുറിച്ചത്.

ഈ സമരങ്ങൾ ചില രാജ്യങ്ങളിൽ മോശം രീതിയിലാണു നടന്നിട്ടുള്ളത്. എന്നാലും ഇസ്ലാമികപുനരുജ്ജീവനവാദികളുടെ പങ്കാളിത്തത്തോടെ നടന്നവയടക്കം എല്ലാംതന്നെ ഇപ്പോൾ ജനാധിപത്യത്തിലേക്കുള്ള പരിവർത്തനത്തിലാണ്. ഇപ്പോൾ ജനാധിപത്യത്തിലേക്കു പുരോഗമിക്കുന്ന ടുണീഷ്യയിലെ അറബ് ഉയിർപ്പ് വിജയമായിരുന്നെങ്കിലും ഈജിപ്റ്റിൽ അതു തടയപ്പെട്ടു.

2011-ലെ അറബ് വിപ്ലവത്തിലെ പ്രധാന ആവശ്യങ്ങളിലൊന്ന് ഒരു ഏകാധിപതിയുടെ മകൻ രാജ്യാധികാരത്തിന്റെ അനന്തരാവകാശിയാകുന്നത് അവസാനിപ്പിക്കുക എന്നതാണ്. അറബ് ലോകത്തും മറ്റിടങ്ങളിലും ഗോത്രവർഗ്ഗങ്ങളുടെയും പിതൃദായസമൂഹങ്ങളുടെയും രീതിയാണത്. നരവംശശാസ്ത്രജ്ഞൻ ജോൺ ബോർണിമാൻ (John Borneman) *'ഈഡിപ്പൽ റൂട്ട്സ് ഓഫ് റിവോൾട്ട് ഇൻ മിഡിൽ ഈസ്റ്റ്'* എന്ന ലേഖനത്തിൽ പറയുന്നത്, "അച്ഛന്റെ അധികാരം കാലശേഷം തനിക്കാണെന്ന മകന്റെ അവകാശവാദത്തിന്റെ പരസ്യമായ നിഷേധം, ഗോത്രഭരണാധികാരികൾക്കിടയിൽ രാഷ്ട്രീയസമഗ്രാധിപത്യത്തിനു നിദാനമായി നിന്നിരുന്ന പിന്തുടർച്ചയുടെ സവിശേഷമായ അറബ് മാതൃകയ്ക്ക് നിശ്ചയമായും അന്ത്യം കുറിച്ചിരിക്കുകയാണ്" എന്നാണ്.

ഇടത്തുനിന്ന്: അമേരിക്കയിലെ ഒക്കുപ്പൈ സമരങ്ങളിലെ മുഖ്യപ്രതീകങ്ങളിലൊന്ന് ഗാന്ധിയായിരുന്നു; പുസ്തകത്തിന്റെ മുഖത്താൾ.



ടുണീഷ്യ മുതൽ ഈജിപ്റ്റ് വരെയും ലിബിയയിലും യെമനിലും സിറിയയിലും (ഇവയെല്ലാമൊന്നും വിജയമായിരുന്നില്ല) ഈ പ്രസ്ഥാനങ്ങളെല്ലാം ആവശ്യപ്പെട്ടത് അധികാരത്തിലെ ഈ പിതൃ-പുത്രബന്ധം അവസാനിപ്പിക്കലാണ്. ലിബിയയിൽ തുടങ്ങിയത് അഹിംസാരീതിയിൽ ആണെങ്കിലും അതിനെ ആ ഗണത്തിൽ പെടുത്താനാവില്ല. എന്നാലും ഒക്ടോബർ 19-ന മുവമ്മർ ഗദ്ദാഫിക്കും മൂന്നമക്കൾക്കും ഉണ്ടായ രക്തപങ്കിലമായ അന്ത്യവും വെളിവാക്കുന്നത് ഈ അധികാരദായക്രമം തകർത്തതിന്റെ കേന്ദ്രപ്രാധാന്യമാണ്.

ടുണീഷ്യയിൽ തുടങ്ങിയ അഹിംസാസമരം അറബ് ലോകത്തു മാത്രമല്ല, അക്കൊല്ലം മാർച്ചിൽ വിസ്കോൺസിനിലേക്കും മേയിൽ മാഡ്രിഡിലേക്കും സെപ്റ്റംബറിൽ വോൾ സ്ലീറ്റിലേക്കും പടർന്ന ലോകമാകെ വ്യാപിക്കുകയായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ഒടുവിൽ കിഴക്കേയൂറോപ്പിൽ ഉണ്ടായ ഭരണമാറ്റങ്ങൾ ഞാൻ നേരത്തേ സൂചിപ്പിച്ചല്ലോ. പോളണ്ട്, ഹംഗറി, ജർമ്മനി, ചെക്കോസ്ലോവാക്യ, സോവ്യറ്റ് യൂണിയന്റെ തകർച്ചയ്ക്കുശേഷമുള്ള കമ്മ്യൂണിസ്റ്റനന്തര സെർബിയ, ജോർജ്ജിയ, യുക്രെയിൻ, ബാൾട്ടിക് രാജ്യങ്ങൾ ഒക്കെയുണ്ട കൂട്ടത്തിൽ.

മനോജ്: അറബ് മുന്നേറ്റങ്ങൾക്കു പിന്നിലും ഈ പരിശീലനവും ആശയവിനിമയവും ഒക്കെ ഉണ്ടെന്നാണോ?

മേ. കി: തീർച്ചയായും. അവിടെയുണ്ടായത് വിശാലമായ ജനാധിപത്യവത്ക്കരണത്തിന്റെ നാന്ദിയാണെന്നാണ ഞാൻ കരുതുന്നത്. അച്ഛനുശേഷം മകൻ എന്ന ഗോത്രരീതിയാണ് അവിടെ ചോദ്യംചെയ്യപ്പെട്ടത്. തഹ്രീർ ചത്വരത്തിലെ വിപ്ലവത്തിനുമുമ്പ് ഈജിപ്റ്റിൽ അതിവിപുലമായ പഠനവും തയ്യാറെടുപ്പുകളും നടക്കുന്നുണ്ടായിരുന്നു. പത്തുപതിനഞ്ചുകൊല്ലം മുമ്പുമുതലേ ശില്പശാലകൾ നടത്തിവരികയായിരുന്നു. വനിതാബ്ലോഗർമാർ അവിടെ നടക്കുന്ന മർദ്ദനങ്ങളും പീഡനങ്ങളും നിരീക്ഷിക്കുകയും പുറത്തുനിന്നുള്ള വാർത്തകൾ ജനങ്ങളുമായി പങ്കുവയ്ക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഒരു വനിതാബ്ലോഗർ

ആഗോളസമരമുഖത്തെ ഗാന്ധിമുഖം.

ആഗോളസമരമുഖത്തെ ഗാന്ധിമുഖം.

മാർട്ടിൻ ലൂഥറിനെപ്പറ്റിയുള്ള ചിത്രകഥ അറബിയിൽ പരിഭാഷപ്പെടുത്തുകയും കെയ്റോ മുഴുവൻ വിതരണം ചെയ്യുകയും ചെയ്തു.

തൊഴിലാളിസംഘടനകളും വളരെ സജീവമായിരുന്നു. ചരിത്രകാരൻ ജോയൽ ബെയ്നിൻ (Joel Beinin) എഴുതിയിട്ടുള്ളത് 1998-നും 2010-നും ഇടയിൽ നടന്ന 3500 – 4000 പണിമുടക്കങ്ങളിലും സത്യഗ്രഹങ്ങളിലും പ്രകടനങ്ങളിലും 30 ലക്ഷം തൊഴിലാളികൾ പങ്കെടുത്തുവെന്നാണ്. ജനങ്ങളെ സമരങ്ങളിൽ അണിനിരത്താൻ കഴിയുന്നത് അത്ര ശക്തമായ ബോധവത്ക്കരണം നടത്തിയതുകൊണ്ടാണ്. ആണ്ടിൽ 600 സംഘടിതതൊഴിലാളിപ്രക്ഷോഭങ്ങൾവീതം 2007-ലും 08-ലും നടന്നിട്ടുണ്ട്. തഹ്രീർ ചത്വരത്തിൽ ജനം ഒഴുകിക്കൂടിയതിനു തൊട്ടുമുമ്പുള്ള കൊല്ലങ്ങളിൽ ഇവ നിത്യസംഭവങ്ങൾ ആയി.

സാധാരണജനങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും എന്നതുസംബന്ധിച്ച ആശയങ്ങൾ മുപ്പതുകാരനായ വായേൽ ഗോനിം എന്ന ഗൂഗിൾ ഉദ്യോഗസ്ഥൻ ഫേസ്ബുക്ക് പേജും ഗൂഗിൾ സാങ്കേതികവിദ്യയും ഉപയോഗിച്ച് പങ്കുവച്ചു. 'ഏപ്രിൽ 6 യൂത്ത് മൂവ്മെന്റ്' എന്ന പേരിൽ 2008-ൽ ബൃഹത്തായ പണിമുടക്കത്തിനായി രൂപംകൊണ്ട സംഘടന, സെർബിയയിൽ മിലെസൊവിച്ചിന്റെ അധികാരം അവസാനിപ്പിക്കുന്നതിലേക്കു നയിച്ച 'ഓട്ട്പോർ' (Otpor!) പ്രസ്ഥാനത്തിന്റെ സമരരീതി പഠിക്കാൻ 2009-ൽ ഒരു പ്രതിനിധിയെ ബെൽഗ്രേഡിലേക്ക് അയയ്ക്കുകയുണ്ടായി. അയാൾ കെയ്റോയിൽ തിരിച്ചെത്തിയത് പഠനസാമഗ്രികളും സിനിമകളും അഹിംസാസമരങ്ങൾ സംബന്ധിച്ച മറ്റു പാഠങ്ങളും ശില്പശാലകൾക്കുള്ള സാമഗ്രികളും ഒക്കെയായാണ്.

സമരപരിശീലനത്തിന്റെ വൈപുല്യം

മനോജ്: അഹിംസാസമരമാർഗ്ഗങ്ങളുടെ പ്രചാരണവും പരിശീലനവും അത്ര വിപുലമായ മേഖലയാണോ?

മേ. കി.: ഈ രംഗത്തെ പ്രമുഖനായ ജീൻ ഷാർപ് 1973-ൽ എഴുതിയ മൂന്നു വാല്യമുള്ള 'ദ് പൊളിറ്റിക്സ് ഓഫ് നോൺവയലന്റ് ആക്ഷൻ' എന്ന പുസ്തകം 40-ൽപ്പരം ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു! ഒരുഡസൻ പണ്ഡിതരുടെയെങ്കിലും രചനകൾ ഇത്തരത്തിൽ എടുത്തുപറയാനുണ്ട്. ഈ മേഖലയിൽ മികവുറ്റ 200 പണ്ഡിത ആക്ടിവിസ്റ്റുകളെങ്കിലും ഇന്നു സജീവമായി പ്രവർത്തിക്കുന്നു. ഇന്റർനാഷണൽ സെന്റർ ഫോർ നോൺവയലന്റ് കോൺഫ്ലിക്റ്റ് കുറഞ്ഞ കാലത്തിനിടെ 139 രാജ്യങ്ങളിലായി 400 സെമിനാറുകൾ സംഘടിപ്പിച്ചു. ഇവർ നിർമ്മിച്ച 'ബ്രിങ്ങിങ് ഡൗൺ എ ഡിക്റ്റേറ്റർ' പോലുള്ള മൂന്നു പ്രമുഖ സിനിമകൾ 20 ഭാഷകളിലേക്കു പകർത്തപ്പെടുകയും രണ്ടു കോടി ജനങ്ങൾക്കിടയിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്വാർത്ത്മോർ കോളെജിലെ വിപുലമായ വിരസഞ്ചയവും ജോർജ്ജ് ലെയ്ക്കീസ് ട്രെയിനിങ് ഫോർ ചെയ്ഞ്ജ് നടത്തുന്ന വിവരവിനിമയവും വിസ്മയകരമാണ്. ഇതെല്ലാം തുടരുകയാണ്. ഇവയ്ക്കു പുറമെയാണ് ലോകമാകെ നടക്കുന്ന എണ്ണമറ്റ സെമിനാറുകളും പരിശീലനങ്ങളും പുസ്തകപ്രചാരണവുമൊക്കെ.

നേരത്തേ സൂചിപ്പിച്ച സെർബിയയിലെ ഓട്ട്പോർ പ്രസ്ഥാനം അവരുടെ പ്രക്ഷോഭത്തിനുശേഷം അതിനു നേതൃത്വം നല്കിയ പ്രമുഖരെയും തെക്കേയാഫ്രിക്ക, ഫിലിപ്പീൻസ്, ലെബനോൻ, ജോർജിയ, യുക്രെയിൻ എന്നിവിടങ്ങളിലെ പൗരപ്രതിരോധപ്രവർത്തകരെയും ഉൾപ്പെടുത്തി ആക്റ്റിവിസ്റ്റുകളുടെ ഒരു ശൃംഖല രൂപപ്പെടുത്തി ശക്തമായി പ്രവർത്തിച്ചുവരുന്നു. പിന്നെ, മതിയാവോളം വിവരങ്ങളും സാമഗ്രികളും ഇന്റർനെറ്റിലും ലഭ്യമാണ്.

ആർക്കെതിരെയാണു സമരം ചെയ്യുന്നത്, ആ സ്ഥാപനത്തിന്റെ സ്വഭാവവിശേഷങ്ങൾ, സമരത്തിൽ പങ്കെടുക്കേണ്ടവരുടെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും ഒക്കെയായ പശ്ചാത്തലം, അതതു സമൂഹത്തിൽ നിലനില്ക്കുന്ന വിശ്വാസങ്ങൾ, ചിന്താഗതികൾ, മനോഭാവങ്ങൾ, അവരെയെല്ലാം സമരത്തിനു സജ്ജരാക്കാൻ ചെയ്യേണ്ട പ്രവർത്തനങ്ങൾ, എന്നുതുടങ്ങി

ആഗോളസമരമുഖത്തെ ഗാന്ധിമുഖം.

ഒരായിരം ഘടകങ്ങൾ പരിശോധിച്ചിട്ടാണ് ഇവരെല്ലാം സമരങ്ങൾ ആസൂത്രണം ചെയ്യുന്നത്. അല്ലാതെ മുമ്പൊരിക്കൽ ഏതോ ആവശ്യത്തിന് ഏതോ സംവിധാനത്തിനെതിരെ ഏതോവിഭാഗം ജനങ്ങൾ പ്രയോഗിച്ച സമരമുറകൾ അതേ ചിട്ടയിൽ പിന്തുടരുകയല്ല.

മനോജ്: എന്താണിതിന്റെ രസതന്ത്രം? ഭാവിസാദ്ധ്യതകൾ?

മേ. കി: ഇന്ന് ഭൂരാഷ്ട്രതന്ത്രത്തെ വിശകലനം ചെയ്യാൻ, സ്വന്തം ഭാഗധേയം പിടിക്കാനോ തിരിച്ചുപിടിക്കാനോ ആഗ്രഹിക്കുന്ന ജനങ്ങൾക്കിടയിലെ വിജ്ഞാനവ്യാപനം കണക്കിലെടുക്കാതെ ആവില്ല.

അഴിമതി കാരണം മാലിന്യനിർമ്മാർജ്ജനം അവതാളത്തിലായ ലെബനനിലെ (2015 – 16) 'യൂ സ്റ്റിങ്ക്' റെവല്യൂഷൻ (You Stink Revolution), സാർവ്വത്രികവോട്ടവകാശത്തിനും മനുഷ്യാവകാശങ്ങൾക്കുമായി ഹോങ്കോങ്ങിൽ നടക്കുന്ന 'അംബർല പ്രസ്ഥാനം' എന്നുതുടങ്ങി ഇന്ന് എവിടെയും എണ്ണാവുന്നതിലേറെ അക്രമരഹിതപ്രസ്ഥാനങ്ങളും പ്രചാരണങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. എല്ലാറ്റിന്റെയും തൽസ്ഥിതി വിവരിക്കുക പ്രയാസമാണ്.

വേണ്ടതു സമാധാനപാലനമല്ല, സ്ഥാപനം

മനോജ്: ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും തമ്മിലല്ലാത്ത സംഘർഷങ്ങളും ഇന്നു ഗൗരവമുള്ള വിഷയമാണല്ലോ. 'സമാധാനത്തിനുവേണ്ടിയുള്ള യുദ്ധം' എന്ന ആശയത്തെ മേരി എങ്ങനെ കാണുന്നു? ആ ലേബലിൽ മനുഷ്യരെയും പൊതുസംവിധാനങ്ങളെയും നഗരങ്ങളെയും സംസ്കാരങ്ങളെയും മുച്ചൂടും നശിപ്പിക്കുന്നത് ഇന്ന് ആചാരമായിട്ടുണ്ട്. ശാന്തിസേനകൾ തങ്ങൾക്കു വാണിജ്യപരവും തന്ത്രപരവുമായ താത്പര്യങ്ങളുള്ള മേഖലകളിൽ പ്രച്ഛന്നവേഷരായ അധിനിവേശക്കാരായി മാറുന്നു. നശീകരണംതന്നെ പുനർനിർമ്മാണമെന്ന പേരിൽ നിർമ്മാണക്കമ്പനികൾക്കു ബിസിനസിനുള്ള മുന്നുപാധിയാണ്. ഈ 'സമാധാനമുൻകൈക'ളുടെ യഥാർത്ഥരാഷ്ട്രീയം എന്താണ്? എന്തുകൊണ്ട് ഐക്യരാഷ്ട്രസഭ ഇതിനെയൊക്കെ പിൻതാങ്ങാൻ നിർബ്ബന്ധിതരാകുന്നു?

മേ. കി: മനോജ് ഒരുപാടു ചോദ്യങ്ങൾ ചോദിക്കുകയാണ്. നോക്കൂ, മനുഷ്യർക്കു മാത്രമേ യുദ്ധമുള്ളൂ. മറ്റു ജീവികൾ ഇരയ്ക്കോ ഇണയ്ക്കോ മേല്ക്കോയ്മക്കോ വേണ്ടി ഏറ്റുമുട്ടിയേക്കാം. പക്ഷെ, യുദ്ധം ചെയ്യാറില്ല.

യുദ്ധം ചെയ്യാൻ സമാധാനത്തിന്റെ പേരു പറയുന്നതു പുതിയകാര്യമല്ല. ഒരുപക്ഷേ, എല്ലാ യുദ്ധവും സമാധാനത്തിന്റെ പേരു പറഞ്ഞാണു നടത്തിയിട്ടുള്ളതെന്നുപോലും പറയാൻ ഞാൻ ധൈര്യപ്പെടും.

വ്യക്തിപരമായ അഭിപ്രായത്തിൽ ഐക്യരാഷ്ട്രസഭ കാലംപോകെ സമാധാനവും സംഘർഷവും സംബന്ധിച്ച പഠനത്തിന്റെ ഇരുപതാം നൂറ്റാണ്ടിലെ വളർച്ചയുമായി ബന്ധപ്പെട്ട താരതമ്യേന ലളിതമായ മേഖലകളിലേക്കു വലിച്ചിടപ്പെടുകയായിരുന്നു. സമാധാന-സംഘർഷപഠനം ഏറെ മുന്നോട്ടുപോയി. പക്ഷെ, യു.എന്നിന്റെ ഇടപെടൽ അനായാസം ലഭ്യമായതോ 'എന്തെങ്കിലും ചെയ്യണം' എന്ന ആഗ്രഹത്തെ ചുറ്റിപ്പറ്റിയുള്ളതോ ആയ

ഗാന്ധിപ്രതിമയ്ക്കു കീഴെ വൈക്കം സത്യാഗ്രഹപുസ്തകവുമായി മേരി എം. എ. ബേബിയോടൊപ്പം.

കാര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. നേട്ടകോട്ടങ്ങളുടെ പഠനത്തെ ആധാരമാക്കിയല്ല നയപരമായ തീരുമാനങ്ങൾ എടുക്കുന്നത്. കുറവുകൾ ആഴത്തിൽ പരിഗണിക്കപ്പെടാറുമില്ല. സമാധാനപാലനത്തിനു (peace keeping) കാര്യമായ വിജ്ഞാനം ആവശ്യമില്ല. അതു വെറും ഇടപെടലും ഏറ്റവും സൗകര്യ

പ്രദമായതുമാണ്. അതിന്റെ പ്രത്യാഘാതമാണ് അത്തരം ഇടപെടലുകൾ മനുഷ്യന്റെ ഏറ്റവും മോശം ദൗർബ്ബല്യങ്ങളാൽ ദുരിതപൂർണ്ണമാകുന്നതു നാം കാണുന്നത്; വിശേഷിച്ചും, സമാധാനസേന കാര്യമായ വേതനം നല്കാത്തതും വേതനംതന്നെ ഇല്ലാത്തതുമായ രാജ്യങ്ങളിൽനിന്നു കൊണ്ടുവന്നവരാകുമ്പോൾ.

എന്നാൽ, സമാധാനം നിർമ്മിക്കൽ (peace building) കൂടുതൽ സങ്കീർണ്ണവും ഉയർന്ന വാഗ്ദാനം നല്കുന്നതുമാണ്. ഇത് മുൻ യു.എൻ. സെക്രട്ടറി ജനറൽ ബുട്രോസ് ബുട്രോസ് ഘാലിയുടെ കാഴ്ചപ്പാടിൽ 1978-ൽ നമീബിയയിൽ തുടക്കം കുറിച്ചതാണ്. ഇതു സമാധാനപാലനംപോലെ ക്വിക് ഫിക്സ് പരിപാടിയല്ല; വലിയ, ദീർഘകാല സാദ്ധ്യതയുള്ളതാണ്. ആഭ്യന്തരയുദ്ധം മുതൽ പ്രശ്നപരിഹാരം വരെ നീളുന്ന ഒരു പാലത്തോട് ഇതിനെ ഉപമിക്കാം. ഇതു കേൾക്കുമ്പോൾ നിങ്ങളുടെ വായനക്കാർ ചോദിക്കും സംഘർഷങ്ങൾ എന്നെങ്കിലും പരിഹരിക്കപ്പെടുന്നുണ്ടോ എന്ന്. അതു ശരിയുമാണ്. സംഘർഷങ്ങൾ പൊതുവിൽ ലഘൂകരിക്കപ്പെടുകയാണ്, മാനേജ് ചെയ്യപ്പെടുകയാണ്; പൂർണ്ണമായി പരിഹരിക്കപ്പെടുകയല്ല. എന്നാൽ, സംഘർഷങ്ങൾ എതെങ്കിലും തരത്തിൽ പരിഹരിക്കാനാകും എന്ന ആശയവാദപരമായ സങ്കല്പമാണു ഗാന്ധി പുലർത്തിയിരുന്നത്.

ദുരിതത്തിലായ ഒരു രാജ്യത്തിന് എന്തൊക്കെ ആവശ്യമുണ്ട് എന്നതാണു സമാധാനനിർമ്മാണത്തിനായി ചോദിക്കേണ്ടത്. വികസനസഹായം, മനുഷ്യാവകാശം, കാർഷികാശയങ്ങൾ, വ്യാപാരപിന്തുണ തുടങ്ങി ഒരു വലിയ പട്ടികയിൽ വരുന്ന കാര്യങ്ങളെല്ലാം ഉറപ്പാക്കി വൈവിദ്ധ്യമാർന്നതും സമഗ്രവും വിപുലവുമായ ഇടപെടലുകൾ നടത്തുകയും അതു സുസ്ഥിരമായി നിലനിർത്തുകയും വേണം. ഈ തിരിച്ചറിവിലാണ് സമാധാനത്തിനായുള്ള മനുഷ്യന്റെ അടങ്ങാത്ത അഭിനിവേശത്തിന്റെ സാക്ഷാത്ക്കാരം കുടികൊള്ളുന്നത്. ബാഹ്യമായ പരിഹാരങ്ങൾ അടിച്ചേല്പിക്കുന്നത് താത്ക്കാലികാശ്വാസമേ നല്കൂ. കക്ഷികൾ സ്വയം ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന ദീർഘകാലപരിപാടികളാണു വേണ്ടത്. സംഘർഷങ്ങൾ വീണ്ടും ആഭ്യന്തരയുദ്ധങ്ങളിലേക്കു വഴുതിപ്പോകാതിരിക്കാൻ അക്രമരഹിതസമരമാർഗ്ഗങ്ങൾ ആ സമൂഹങ്ങളെ പഠിപ്പിക്കേണ്ടതും സുപ്രധാനമാണ്.

മനോജ്: ഈ നിലയിലേക്കുള്ള മാറ്റം, സമാധാനപൂർണ്ണമായ ലോകം ഇതൊക്കെ എത്രമാത്രം സാദ്ധ്യമാണ്?

മേ. കി: വലിയയളവ്. ഏതായാലും രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക സംഘർഷങ്ങൾ എന്നെങ്കിലും ഇല്ലാതാകുമോ എന്നത് അങ്ങേയറ്റം സംശയമുള്ള കാര്യമാണ്. എന്നാൽ വൈരുദ്ധ്യങ്ങൾക്കിടയിൽ മനുഷ്യർ എങ്ങനെ പരസ്പരം ഇടപെടുന്നു എന്നതിൽ മാറ്റമുണ്ടാകാം. പക്ഷേ, ആ ഇടപെടൽ സാദ്ധ്യമാണ്. അതാണു ഭാവിയിലും അഹിംസാത്മക സംഘർഷലഘൂകരണത്തിന്റെ പ്രായോഗികതയ്ക്കുള്ള അടിസ്ഥാനസാദ്ധ്യത.

ഇക്കാര്യത്തിൽ മേരി പുലർത്തുന്ന ശുഭാപ്തിവിശ്വാസം കേവലം വിശ്വാസപരമല്ല,

അനുഭവങ്ങളുടെയും വിപുലമായ പഠനത്തിന്റെയും അടിസ്ഥാനത്തിലുള്ളതാണ്. വരുംകാലങ്ങൾ സാമൂഹികമാറ്റങ്ങൾക്കായുള്ള പൗരപ്രതിരോധപ്രസ്ഥാനങ്ങളുടേതായിരിക്കും എന്ന പ്രതീക്ഷാദായകമായ സൂചനയാണ മേരി നല്കുന്നത്. ഇവയ്ക്കു ശരിയായ രാഷ്ട്രീയദിശാബോധം ഉണ്ടായിരിക്കുക എന്നതു പ്രധാനമാണ്. അത്തരം കാഴ്ചപ്പാടുള്ള പ്രസ്ഥാനങ്ങൾ ഈ ശൃംഖലകളിൽ കണ്ണിചേർന്നു ശക്തമായ ഇടപെടൽ നടത്തേണ്ടതിന്റെ അനിവാര്യതയാണ് ഇത് ഓർമ്മിപ്പിക്കുന്നത്; ഒപ്പം ഈ അക്കാദമികമേഖലയോടു പുറംതിരിഞ്ഞു നില്ക്കുന്ന ഇൻഡ്യയിലെ പ്രസ്ഥാനങ്ങൾ ഈ ശൃംഖലയിൽനിന്നു സമരങ്ങളുടെ സംഘാടനശാസ്ത്രവും അതിലെ പുതിയ അറിവുകളും മുന്നേറ്റങ്ങളും പകർന്നെടുക്കേണ്ടതിന്റെ ആവശ്യകതയും. ഗാന്ധിസമരങ്ങളാണ നാളെയുടെ മാർഗ്ഗമെന്ന് ഉറക്കെ പറയുമ്പോൾത്തന്നെ, ഗാന്ധിജിയുടെ മനഃപരിവർത്തനസിദ്ധാന്തത്തിലെ അപ്രായോഗികതയെപ്പറ്റിയുള്ള പുതിയ ബോദ്ധ്യവും ഉണ്ടാകണം. ഇക്കാര്യം പഠനത്തിലൂടെ സ്ഥാപിക്കാൻ ഇത്രയേറെ അദ്ധ്വാനിച്ച ഇവരുടെ ആവശ്യബോധം ഈ വിഷയത്തിന് ആഗോളതലത്തിൽ കൈവന്നുകൊണ്ടിരിക്കുന്ന വലിയ പ്രാധാന്യത്തിന്റെ സാക്ഷ്യമായി നാം കാണണം. ആ പ്രാധാന്യം കാണാൻ അവർക്കു കഴിയുന്നതും നമ്മുടെ നാട്ടിലെ സാധാരണ സംഘർഷങ്ങളിൽപ്പോലും നാം ഗാന്ധിജിയുടെ സാദ്ധ്യത കാണാതെപോകുന്നതും ഗാന്ധിജിയെ അവർ പഠിച്ചതിന്റെയും നാം പഠിക്കാതിരിക്കുന്നതിന്റെയും പ്രശ്നം മാത്രമാണ്. പക്ഷെ, ആ പഠനം നാമെല്ലാം ആഗ്രഹിക്കുന്ന സാമൂഹികമാറ്റത്തിന് എത്ര അനിവാര്യമാണ് എന്നതാണ മേരി എലിസബെത്ത് കിങ് നമ്മെ ബോദ്ധ്യപ്പെടുത്തുന്നത്.

മൂലരൂപം പ്രസിദ്ധീകരിച്ചത്:

1. 'വൈക്കത്തുനിന്നു പുറപ്പെട്ട് ലോകമാകെ പടർന്ന അഹിംസ', മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2015 ഒക്ടോബർ 11-17.
2. 'സമരം ചെയ്യാനും പഠിക്കേണ്ടതുണ്ട്', സ്ത്രീശബ്ദം മാസിക, 2015 നവംബർ.
3. 'അമേരിക്കയുടെ ശാന്തമുഖം', സമകാലികജനപഥം, 2015 ഒക്ടോബർ.


ലോകോത്തരജേർണലുകളുടെ
രൂപശില്പി

— 4 —

ലോകോത്തരജേർണലുകളുടെ രൂപശില്പി

പ്രവേശിക

സ്വാതന്ത്ര്യചക്രവാളത്തിൽ ഓടുന്ന യന്ത്രക്കസേര

സ്റ്റീഫൻ ഹോക്കിങ്ങിന്റെ രോഗവുമായി, പ്രവചിക്കപ്പെട്ട മരണത്തെ 43 കൊല്ലമായി ചിരിപ്പാടകലെ നിർത്തി കർമ്മയുദ്ധം നടത്തുന്ന സി. വി. ആർ. എന്ന സി. വി. രാധാകൃഷ്ണൻ പലനിലകളിലും ഒരു ജീനിയസാണ്. തന്റെ അവിശ്വസനീയമായ ജീവിതം പറയുന്നതോടൊപ്പം, മലയാളി പിൻതള്ളപ്പെടുന്ന പല വൈജ്ഞാനിക സാങ്കേതികവിദ്യാമേഖലകളെപ്പറ്റിയുള്ള വിലപ്പെട്ട അറിവുകളും ചിന്തകളും പങ്കുവയ്ക്കുന്നു. നൂറിൽപ്പരം ലോകോത്തരജേർണലുകളുടെ രൂപകല്പനാകേന്ദ്രമാക്കി തിരുവനന്തപുരത്തെ മാറ്റിയ ഈ അത്ഭുതമനുഷ്യൻ പറയുന്ന പലതും നമ്മെ ആകുലരാക്കും; ചിലതു വിസ്മയിപ്പിക്കും. വിവരസഞ്ചയങ്ങളുടെ പരിപാലനം, സംസ്കരണം, സ്വതന്ത്രവിതരണം, സ്വതന്ത്രപകർപ്പവകാശനിയമങ്ങൾ, പ്രസാധനം, സാങ്കേതികവിദ്യകൾ, ഭാഷാസേവനം, കമ്മ്യൂൺ ജീവിതം,... വിപുലവും വിചിത്രവുമാണ സി.വി.ആറിന്റെ കർമ്മമേഖലകളും ചിന്തകളും.

ഇൻഡ്യൻ സ്വതന്ത്രസോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ സ്ഥാപകരിലൊരാളായ സി.വി.ആറിന്റെ വീടാണ് ആ പ്രസ്ഥാനത്തിന്റെ തലതൊട്ടപ്പനായ റിച്ചാർഡ് സ്റ്റോൾമാൻ തിരുവനന്തപുരത്തു വന്നാൽ ഇഷ്ടവാസസ്ഥാനം. ഗണിതം, സംഗീതം, ശാസ്ത്രം തുടങ്ങിയ ചിഹ്നവ്യവഹാരങ്ങളുള്ള വിഷയങ്ങളിലുള്ള പുസ്തകങ്ങളും ജേർണലുകളും രൂപകല്പന ചെയ്യാൻ കഴിയുന്ന സവിശേഷസോഫ്റ്റ്‌വെയറാണ സി.വി.ആറിന്റെ കളിത്തട്ട്. കീഴ്പകുതിയുടെ ചലനശേഷി നഷ്ടമായി ഹോക്കിങ്ങിനെ അനുസ്മരിപ്പിക്കുന്ന യന്ത്രക്കസേരയിൽ മലയിൻകീഴിലെ റിവർ വാലി ടെക്നോളജീസിന്റെ സുദീർഘമായ റാമ്പിലൂടെ പാറിനടക്കുന്ന സി.വി.ആറിനൊപ്പം എത്താൻ മലയാളപ്രസാധനരംഗം ഏറെ ഓടേണ്ടിവരും.

വിവരസംരക്ഷണത്തിലും ശാസ്ത്രീയമായ പരിപാലനത്തിലുമൊക്കെ കേരളസമൂഹം കാട്ടുന്ന ഗുരുതരമായ, അക്ഷന്തവ്യമായ അലംഭാവത്തെപ്പറ്റിയൊക്കെ ഈ ഭാഷാസ്നേഹി പറയുമ്പോൾ നാം പുതിയ തിരിച്ചറിവുകളാൽ അസ്വസ്ഥരാ

കും. ഇന്നു വിപണിയിൽ ലഭ്യമല്ലാത്ത ഐതിഹ്യമാലയും ശബ്ദതാരവലിയും കേരളപാണിനീയവും ഇന്ദുലേഖയും മാർത്താണ്ഡവർമ്മയും മുതൽ ഒരുപിടി അമൂല്യ ഗ്രന്ഥങ്ങൾ അവയ്ക്കിണങ്ങുന്ന സവിശേഷരൂപകല്പനയോടെ സൗജന്യവായനയ്ക്ക് ഒരുക്കിത്തന്ന് അതുല്യമായ ഭാഷാസേവനവും നിർവ്വഹിക്കുന്ന സി.വി.ആറിന്റെ സുദീർഘാഭിമുഖം മൂന്നു ഭാഗമായാണു തയ്യാറാക്കിയിരിക്കുന്നത്—ജീവിതം, സാങ്കേതികവിദ്യ, നിലപാട് എന്നിങ്ങനെ.

ലോകോത്തരജേർണലുകളുടെ രൂപശില്പി
— സി. വി. രാധാകൃഷ്ണൻ

സി.വി.ആർ. ജീവിതം പറയുന്നു

ലോകത്തെ ഏറ്റവും മികച്ച നൂറിൽപ്പരം ശാസ്ത്ര-ഗണിത-സാങ്കേതികവിദ്യാ ജേർണലുകൾ അണിഞ്ഞൊരുങ്ങുന്നതു കേരളത്തിലാണെന്നും അതു ചെയ്യുന്നത് ഒരു മലയാളിയാണെന്നും കേട്ടപ്പോൾ ആദ്യം വിശ്വാസമായില്ല. പിന്നെ അറിഞ്ഞു സ്വതന്ത്രസോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ റിച്ചാഡ് സ്റ്റോൾമാൻ തിരുവനന്തപുരത്തു വന്നാൽ താമസിക്കുന്നത് ഇൻഡ്യയിലെ സ്വതന്ത്രസോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ സ്ഥാപകരിൽ ഒരാൾകൂടിയായ ഈ ആത്മമിത്രത്തിന്റെ വീട്ടിലാണെന്ന്.

അക്കാദമികലേഖനങ്ങൾ തയ്യാറാക്കാൻ സർവ്വോത്തമമായതിനാൽ ലോകമെമ്പാടുമുള്ള സർവ്വകലാശാലകളും മറ്റ് അക്കാദമികസ്ഥാപനങ്ങളും അക്കാദമികപ്രസാധകരും ടൈപ്പിങ്ങിനും ടെക്സ്റ്റ് എഡിറ്റിങ്ങിനും ഡിസൈനിങ്ങിനും ആശ്രയിക്കുന്ന ടെക് (TEX) എന്ന സോഫ്റ്റ്‌വെയറിന്റെ ലോകത്തേതന്നെ പ്രാമാണികരിൽ ഒരാൾ. ഡിജിറ്റൽ ആർക്കൈവിങ്ങിന്റെ കാര്യത്തിലും പ്രാമാണികൻ ആണെന്നുകൂടി അറിഞ്ഞപ്പോൾ ആളെ നേരിട്ടു കാണണമെന്ന താല്പര്യം കലശലായി. അങ്ങനെയാണ് സി.വി.ആർ. എന്ന് എല്ലാവരും വിളിക്കുന്ന സി.വി. രാധാകൃഷ്ണനെ കാണാൻ ആസൂത്രണബോർഡ് അംഗം ഡോ: ബി. ഇക്ബാൽ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്റ്റർ പ്രൊഫ: വി. കാർത്തികേയൻ നായർ, ചിന്ത പബ്ലിഷേഴ്സ് ജനറൽ മാനേജർ കെ. ശിവകുമാർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ സി. അശോകൻ, ഷിബു ശ്രീധർ എന്നിവരെയുംകൂട്ടി തലസ്ഥാനനഗരപ്രാന്തത്തിലെ മലയിൻകീഴിലുള്ള റിവർ വാലി ടെക്നോളജീസിൽ എത്തുന്നത്. സർക്കാരിലും വിവിധ സ്ഥാപനങ്ങളിലും ഇദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യം എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് ആലോചിക്കാൻകൂടി ആയിരുന്നു ആ കൂടിക്കാഴ്ച.

ചില്ലറ ഇലക്ട്രോണിക് നിയന്ത്രണസംവിധാനങ്ങളുള്ള യന്ത്രക്കസേരയിൽ ഉരുണ്ടുവന്ന് നിറചിരിയോടെ വരവേറ്റ ഈ പ്രതിഭാശാലിയെ കണ്ടപ്പോൾ ആദ്യം

ഇടത്തുനിന്ന്: ലേഖകൻ, ജനപഥം എഡിറ്റർ നാഫി മുഹമ്മദ്, സിവിആർ; സഹപ്രവർത്തകയായ രശ്മിയുമായി ചർച്ചയിലേർപ്പെട്ടിരിക്കുന്ന സിവിആർ.

ഓർമ്മവന്നത് സ്റ്റീഫൻ ഹോക്കിങ്ങിനെ. യന്ത്രക്കസേരയിലെ ഇരിപ്പ് മാത്രമല്ല സ്റ്റീഫൻ ഹോക്കിങ്ങുമായി സി.വി. രാധാകൃഷ്ണനുള്ള സാമ്യം. രണ്ടുപേർക്കും ബാധിച്ചത് ഒരേ രോഗമാണ്. രണ്ടുപേരും ശിഷ്ടജീവിതത്തിന് ആധാരമാക്കിയത് ഇലക്ട്രോണിക് വീൽ ചെയറാണ്. ഇരുവരും പ്രവചിക്കപ്പെട്ട 'ആസന്നമരണ'വുമായി അവിശ്രമം സ്വന്തം കർമ്മരംഗത്തു നേട്ടങ്ങൾ വിളയിച്ചു നമ്മെ അത്ഭുതപ്പെടുത്തിയവർ.

നാലേക്കറിൽ ബേക്കർ മാതൃകയിൽ പ്രകൃതിക്കിണങ്ങുമാറു നിർമ്മിച്ച കെട്ടിടസമുച്ചയത്തിന്റെ ഒന്നാംനിലപ്പൊക്കത്തിലെ റാമ്പിലൂടെ ഗസ്റ്റ് ഹൗസിൽനിന്ന് ഓഫീസിലേക്കും കോൺഫറൻസ് മുറിയിലേക്കും ക്യാന്റീനിലേക്കുമൊക്കെ സി.വി.ആർ. ഉത്സാഹയോട്ടം നടത്തുമ്പോൾ, അഞ്ചുകൊല്ലത്തിനകം സംഭവിക്കുമെന്ന് 1977-ൽ ദില്ലി എയിംസിലെ ഡോക്ടർമാർ പ്രവചിച്ച മരണത്തെ കർമ്മചേതനകൊണ്ട് അകറ്റിനിർത്തിയതിലെ അത്ഭുതം മാത്രമല്ല, 'ആസന്നമരണനിമിഷങ്ങ'ളിൽ ജീവിച്ചുകൊണ്ട് ലോകത്തെ ഏറ്റവും പ്രമുഖങ്ങളായ നൂറിൽപ്പരം ശാസ്ത്ര ജേർണലുകളുടെ രൂപകല്പനാകേന്ദ്രമായി കേരളതലസ്ഥാനത്തെ അടയാളപ്പെടുത്തിയെടുത്തതിലെ വിസ്മയംകൂടിയാണു മനസിൽ നിറയുന്നത്.

എൽസ്‌വീയർ, നേച്ചർ, ഐഒപി പബ്ലിഷിങ് തുടങ്ങിയ ലോകത്തെ കേമരായ അക്കാദമിക് പ്രസാധകരുടെ ശാസ്ത്ര-ഗണിതജേർണലുകൾ മിക്കതും രൂപകല്പന ചെയ്യുന്നതു കേരളത്തിലാണെന്ന കാര്യം ഞാൻ പറഞ്ഞിട്ടുള്ളവരെല്ലാം അവിശ്വസനീയതയോടെയാണു കേട്ടിട്ടുള്ളത്. സി.വി.ആറിന്റെ മേൽനോട്ടത്തിൽ അവ എത്രയോ വർഷമായി ലോകോത്തരനിലവാരത്തോടെ കുറ്റമറ്റതായി ഇറങ്ങിക്കൊണ്ടിരിക്കുന്നു!

സി.വി.ആറിനെ പിന്നെയും പലകുറി കണ്ടു. സംസാരിച്ചു. എഴുതാൻവേണ്ടിത്തന്നെയും സുദീർഘം സംസാരിച്ചു. സി.വി.ആർ. വിവരവിദ്യയിലേക്കു കടക്കുന്നതും റിവർ വാലി ടെക്നോളജീസ് എന്ന സ്ഥാപനം തുടങ്ങുന്നതും ഇന്നത്തെ നേട്ടങ്ങൾ കൈവരിക്കുന്നതുമെല്ലാം ഡോക്ടർമാർ 'മരണമണി' മുഴക്കിയശേഷമാണ്. അതൊരു പോരാട്ടമായിരുന്നു. അവിടെ ജീവിതവും സംരംഭകത്വവും വിവരവിദ്യയുമെല്ലാം കൂടിക്കുഴഞ്ഞുകിടക്കുന്നു. നിസ്സംഗതയോടെ ജീവിതത്തെ കാണാനാവുന്ന ഒരു അവസ്ഥയിൽ ഒരു അവിശ്വാസി തപസ്സോത്ത ജീവിതത്തിലൂടെ നേടിയ അറിവും വികസിപ്പിച്ച കാഴ്ചപ്പാടുകളും പങ്കുവയ്ക്കുമ്പോൾ ഈ സാങ്കേതികവിദ്യായുഗത്തിൽ നാം അറിയേണ്ട പലതും, നമ്മുടെ ധാരണ തിരുത്തുന്ന പലതും, ഉത്തരവാദപ്പെട്ടവർ സ്വീകരിക്കേണ്ട പലതും അതിലുണ്ട്.

താമ്രപർണ്ണിയിൽ നീന്തിത്തുടിച്ച ബാല്യം

മനോജ് കെ. പുതിയവിള: 'റിവർ വാലി'. ഒരു സാങ്കേതികവിദ്യാസ്ഥാപനത്തിന് ഇങ്ങനെയൊരു പേരു സാധാരണം അല്ലല്ലോ?

സി.വി.ആർ.: ഇൻഫോ, ടെക്, സിസ് തുടങ്ങിയ വാക്കുകളൊന്നും ഉപയോഗിച്ച പേരുണ്ടാക്കാൻ താത്പര്യമില്ലായിരുന്നു. നദീതടങ്ങളാണല്ലോ മാനവസംസ്കാരത്തിന്റെതന്നെ ഈറ്റില്ലം. ഞാൻ ജനിച്ചുവളർന്നതും ഒരു നദീതീരത്താണ്—താമ്രപർണിയുടെ അടുത്ത്, കേരളത്തിന്റെ തെക്കേയതിരായ കുഴിത്തുറയിൽ. മഴക്കാലങ്ങളിൽ നദി നീന്തിക്കടന്നാണ ഞങ്ങൾ സ്കൂളിൽ പോയിരുന്നത്. ഉടുപ്പും നിക്കറും പുസ്തകവുമെല്ലാം കൂട്ടിക്കെട്ടി ഒരുകയ്യിൽ ഉയർത്തിപ്പിടിച്ച നഗ്നരായി മറ്റകൈകൊണ്ടു തുഴഞ്ഞ്. വഞ്ചിയിൽ പോകാൻ കഴിവുള്ള കുടുംബങ്ങളിലെ പെൺകുട്ടികളെ അച്ഛനമ്മമാരാരെങ്കിലും വഞ്ചിയിൽ കൊണ്ടാക്കും. നഗ്നരായി നീന്തുന്ന ഞങ്ങളെ നോക്കി ചില കുസൃതിക്കാരികൾ കൂകും.

(ശരീരത്തിന്റെ താഴേപ്പകുതിയുടെ ചലനമറ്റ വീൽ ചെയറിൽ ജീവിക്കുന്ന സി.വി.ആറിന്റെ കണ്ണുകളിൽ ബാല്യത്തിന്റെ ചുറുചുറുക്ക പൂത്തിരി കത്തിക്കുന്നു.)

മനോജ്: ദരിദ്രകുടുംബത്തിലായിരുന്നോ ജനനം?

സി.വി.ആർ.: അല്ല. നൂറുനൂറ്റിയിരുപത് ഏക്കർ ഭൂമി ഉണ്ടായിരുന്നു. പക്ഷേ, ഞങ്ങൾ കുട്ടികൾക്കിടയിൽ അത്തരം വേർതിരിവൊന്നും ഇല്ലായിരുന്നു. പണമുള്ളവരും നീന്താൻ കൂടും. അതൊരു ഒരുമപ്പെടലാണ്. എട്ടാം വയസ്സിലൊന്നും ജാതിയെപ്പറ്റിപ്പോലും ഒന്നും തോന്നിയിട്ടില്ല.

മനോജ്: ജാതിവിവേചനം കാര്യമായി ഇല്ലായിരുന്നു എന്നാണോ?

സി.വി.ആർ.: അല്ല. കുഴിത്തുറ പുത്തൻ ചന്തയ്ക്കു സമീപമായിരുന്നു വീട്. റോഡിന്

റിവർ വാലിയുടെ മലയിൻകീഴ് കാമ്പസിൽ പ്രവേശിക്കുമ്പോൾ. (കടപ്പാട്: ഇ. പി. ഉണ്ണി)

ഒരുവശം വലിയ ഭൂസ്വത്തുള്ള നായർ ജന്മിമാർ. മാടമ്പിത്തരമൊക്കെ ഉണ്ടായിരുന്നവർ. ഞാൻ ജന്മംകൊണ്ട് ഈഴവനായിരുന്നു.

മനോജ്: ജന്മംകൊണ്ട്?

സി.വി.ആർ.: അതെ. ഇന്നു കർമ്മംകൊണ്ടു ജാതിയും മതവും ഇല്ല.

മനോജ്: ജന്മംകൊണ്ടും ജാതിവിവേചനം അനുഭവിച്ചില്ല?

സി.വി.ആർ.: അത് അല്പം വിശദീകരിക്കേണ്ടിവരും. ഞങ്ങളുടേതു കൂട്ടുകുടുംബം ആയിരുന്നു. മൂത്ത അപ്പൂപ്പൻ കർഷകൻ. രണ്ടാമത്തെയാൾ വൈദ്യൻ. മൂന്നാമത്തെ അപ്പൂപ്പൻ ജ്യൗതിഷിയും. ഭൂസ്വത്തും അപ്പൂപ്പന്മാരുടെ പാണ്ഡിത്യവും കാരണമാകാം, ജാതിഭേദവും അവഗണനയും കുട്ടിക്കാലത്തു തോന്നിയിട്ടില്ല. ജന്മിത്തവും അയിത്താചരണവുമൊക്കെ അപ്പോഴേക്കു നിയമംമൂലം അവസാനിപ്പിച്ചിരുന്നല്ലോ. എസ്.എസ്.എൽ.സി. കഴിഞ്ഞാണു 'താഴ്ന്നജാതി' ആണെന്നു മനസിലാകുന്നത്.

മനോജ്: ശരിയാണ്. ഇത്തരം ചില ഘടകങ്ങൾ ചിലർക്കു കവചം തീർത്തിരുന്നു. പുതിയതലമുറയ്ക്ക് അപരിചിതമായ ആ കാലം ഓർത്തുപറയുന്നതിന് ആ നിലയിൽ സാംഗത്യമുണ്ടല്ലോ. കൂട്ടുകുടുംബം ആയിരുന്നു എന്നു പറഞ്ഞു?

സി.വി.ആർ.: അച്ഛന്റെ ആറു സഹോദരങ്ങളും അമ്മച്ചിയും ഒന്നിച്ചായിരുന്നു. 1953 ജനുവരി 20-നാണു ഞാൻ ജനിക്കുന്നത്. അച്ഛന്റെ പേരു വാസുദേവൻ. അമ്മ വിശാലാക്ഷി. എനിക്ക് ഏഴെട്ടു വയസുള്ളപ്പോൾ കുടുംബം പിരിഞ്ഞു. ഒന്നായിക്കിടന്ന ഭൂമി വീതംവയ്ക്കുക ആയിരുന്നതിനാൽ എല്ലാവരും ചുറ്റുവട്ടത്തുതന്നെ ആയിരുന്നു.

ഞങ്ങളുടേതൊഴികെ എല്ലാം വിഭജിക്കപ്പെട്ടു. ഞങ്ങൾ നാല് ആണങ്ങളാണ്. നാലുപേർക്കുംകൂടി മൂന്നു കുട്ടികൾ. ഏറ്റവും ഇളയ അനുജൻ രാജാറാമിനുമുണ്ട് അല്പം ആരോഗ്യപ്രശ്നം. മെനഞ്ചൈറ്റിസ് വന്നതിനെത്തുടർന്ന് ഇപ്പോഴും അതിന്റെ ആസ്കിതകളിൽ ബുദ്ധിമുട്ടുന്നു. 2009-ൽ അമ്മയും 2010-ൽ അച്ഛനും മരിച്ചു. വസ്തുവകകൾ അങ്ങനെ കിടക്കുന്നു.

അന്നവിടം കുഗ്രാമമായിരുന്നു. പോസ്റ്റ് ഓഫീസും പൊലീസ് സ്റ്റേഷനും

ഇടത്തുനിന്ന്: കാമ്പസിലെ സമൃദ്ധമായ വാഴക്കൃഷി. ഗ്രാഫിക്സ് വിഭാഗത്തിന്റെ ചുമതല വഹിക്കുന്ന രാജേഷ് (ഇടത്ത്) ആണ് കാമ്പസിലെ ഹരിതവിപ്ലവത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തിന് സംസ്ഥാന സർക്കാരിന്റെ ബയോഡൈവേഴ്സിറ്റി അവാർഡ് നേടാനും കാരണക്കാരൻ; കാമ്പസിലെ പച്ചക്കറിക്കൃഷി.

സിനിമ തീയറ്ററും ഒന്നുമില്ല. പക്ഷേ, എല്ലാവരും വിദ്യാസമ്പന്നർ, ഉയർന്ന ഉദ്യോഗസ്ഥർ. വിദ്യാഭ്യാസത്തിനു നല്ല പ്രാധാന്യമുള്ള നാട്.

മനോജ്: അതെങ്ങനെ?

സി.വി.ആർ.: നാട്ടിലുണ്ടായിരുന്ന യൂണിയൻ ലൈബ്രറിയാണ് എന്നെ വാർത്തത്. കേരളത്തിന്റെ ചരിത്രമൊക്കെ വായിച്ചത് അവിടുന്നാണ്. ലോകസാഹിത്യം, സംസ്കൃതകൃതികൾ ഒക്കെ. സ്കൂളിനെക്കാൾ കൂടുതൽ വിദ്യാഭ്യാസം കിട്ടിയത് അവിടെനിന്നാണ്. അദ്ധ്യാപകരുമായി നല്ല ബന്ധമായിരുന്നു. ഒന്നിച്ചു സ്കൂളിൽ പോകും, വരും. ഈ നടപ്പിൽ അദ്ധ്യാപകരാണു വായനയ്ക്കു പ്രേരിപ്പിച്ചത്. ഇല്ലെങ്കിൽ ഇങ്ങനെ ആകുമായിരുന്നില്ല. *'ഡോൺ ശാന്തമായി ഒഴുകുന്നു'* പോലുള്ള ക്ലാസിക്കുകളൊക്കെ സ്കൂൾക്കാലത്തുതന്നെ വായിച്ചു.

അതൊന്നും മതിയാകാഞ്ഞ് ഞാനും സുഹൃത്തുക്കളായ ബാലചന്ദ്രനും കെ. വിജയകുമാരനും കൂടി 'കൾട്ട്' എന്നൊരു കടലാസുസംഘടന ഉണ്ടാക്കി. അമേരിക്കൻ ലൈബ്രറിയിൽ അംഗമാകാനായിരുന്നു അത്. അംഗമാകുന്ന സാംസ്കാരികസംഘടനകൾക്ക് 50 പുസ്തകവും 50 മാസികകളുടെ മുൻലക്കങ്ങളും അവരുടെ ചെലവിൽ അയച്ചുതരും. തിരികെ അയയ്ക്കുന്നതും അവരുടെ ചെലവിൽ. ആ വഴിക്കും ധാരാളം വായിച്ചു. കോൺക്രീറ്റ് കവിതകൾ, അസ്തിത്വവാദം, ആധുനികസാഹിത്യം ഒക്കെ പരിചയപ്പെട്ടു. ലോകസാഹിത്യത്തിലെ ധാരാളം എഴുത്തുകാരെ അറിഞ്ഞു. പക്ഷേ, അടിയന്തരാവസ്ഥയോടെ ഇത് അവസാനിച്ചു. ഇന്ദിര ഗാന്ധി ആവശ്യപ്പെട്ടപ്രകാരം അമേരിക്കൻ ലൈബ്രറിയുടെ ബന്ധം യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലേക്കായി ചുരുക്കി. പിന്നെ, മാതൃഭൂമി സ്റ്റഡി സർക്കിൾ, 'സംഗം' കൈയെഴുത്തുമാസിക ഒക്കെയായി ഒരു കാലം...

മനോജ്: കോളെജ് ജീവിതം?

സി.വി.ആർ.: കോളെജിലും അദ്ധ്യാപകരുമായി നിരന്തരചർച്ച ആയിരുന്നു. മാർത്താണ്ഡം ക്രിസ്ത്യൻ കോളെജിൽ. അവിടെ വിദ്യാർത്ഥിപ്രതിരോധങ്ങളിൽ പങ്കെടുത്തതിന് അധികൃതരുടെ കണ്ണിൽ കരടായി. ഒടുവിൽ അവർ നല്കിയ സ്വഭാവസർട്ടിഫിക്കറ്റിൽപ്പോലും എഴുതിയത് 'ചീത്ത' (bad) എന്ന്! സഭയുടെ ഭദ്രാസനത്തിൽ പരാതി നല്കി. പ്രീഡിഗ്രി പ്രവേശനാഴിമതി, വളം വാങ്ങൽ തുടങ്ങി പല ആരോപണങ്ങളും ചേർത്ത് അവർ അന്വേഷണം നടത്തി ആ പ്രിൻസിപ്പലിനെ പിരിച്ചുവിട്ടു. ആ വിരോധത്തിന് അവർ എന്റെ അനുജനു പ്രവേശം നല്കിയില്ല.

പഠിച്ചതു രസതന്ത്രമാണ്. എം.എസ്.സി.ക്കു ചേർന്നത് കൊല്ലം എസ്.-എൻ. കോളെജിൽ. യൂണിവേഴ്സിറ്റി കോളെജായിരുന്നു ഇഷ്ടം. പിന്നീട് അവിടെ കിട്ടി. പക്ഷെ, അച്ഛൻ സമ്മതിച്ചില്ല. അങ്ങനെ 1973-ൽ പഠനം നിർത്തി.

അക്കൊല്ലംതന്നെ ടെലികോം വകുപ്പിൽ ക്ലർക്കായി കിട്ടി. ആറുമാസം ജോലി ചെയ്തു. അതിനിടെ 1973 ഓഗസ്റ്റിൽ യു.പി.എസ്.സി. വഴി ഷിപ്പിങ് മന്ത്രാലയത്തിൽ അസിസ്റ്റന്റ് നിയമനം. നല്ല ശമ്പളം. സുഖം. ദില്ലിയിൽ ശാന്തജീവിതം. അടിയന്തരാവസ്ഥ തീരുംവരെ അവിടെയായിരുന്നു. അക്കാലത്താണു രോഗം പിടികൂടുന്നത്. കാലിനു ബലക്കുറവുതോന്നി ആശുപത്രി

ഇടത്തുനിന്ന്: എങ്ങും പടികളില്ലാത്ത പാതകളും മുളയും മൺതുക്കം നല്ലിയുള്ള പരിസ്ഥിതി സൗഹൃദമായ നിർമ്മാണരീതിയുമാണ് കാമ്പസ് സ്വീകരിച്ചിട്ടുള്ളത്; കാമ്പസിലെ കൂത്തമ്പലത്തിൽ ഗണിതശാസ്ത്രജ്ഞരായ ഡോ. കൃഷ്ണൻ (ഇടത്) പ്രൊഫ. കെ.എസ്.എസ്. നമ്പൂരിപ്പാട് എന്നിവരോടൊപ്പം സിവിആർ.

യിൽ പോകുകയായിരുന്നു. 1975-ഓടെ രോഗം നിർണ്ണയിച്ചു—പെരനിയൽ മസ്കലാർ ഡിസ്ട്രോഫി (Peroneal Muscular Dystrophy) എന്ന മോട്ടോർ ന്യൂറോൺ രോഗം. അന്നു വയസ് 25.

മനസൊരുക്കിയ നാളുകൾ

മനോജ്: ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലല്ലേ രോഗം നിർണ്ണയിച്ചത്? അവിടെ ചികിത്സയൊന്നും ചെയ്തില്ലേ?

സി.വി.ആർ.: ഇല്ല. ഇതിനു ചികിത്സയൊന്നും ഇല്ലെന്നും അഞ്ചുകൊല്ലത്തിലധികം ജീവിക്കില്ലെന്നുമായിരുന്നു വിധി. 1977-ൽ ജോലി രാജിവച്ചു നാട്ടിൽ വന്നു. ജോലി രാജിവച്ചത് അച്ഛന് ഇഷ്ടമായില്ല. വഴക്കായി. രോഗമൊന്നും അച്ഛൻ അംഗീകരിച്ചില്ല. അങ്ങനെ നാടുവിട്ടു.

മനോജ്: അച്ഛൻ യാഥാസ്ഥികസമീപനം ഉള്ള ആളായിരുന്നോ?

സി.വി.ആർ.: അയ്യോ, അല്ല. തീവ്രയിടതുപക്ഷനിലപാടായിരുന്നു. അനുഭാവം മാത്രം. അന്നു നാട്ടിൽ നക്സലൈറ്റായ ഒരു തങ്കപ്പൻ നായർ സാർ ഉണ്ടായിരുന്നു. പൊളിടെക്നിക് അദ്ധ്യാപകൻ. കന്യാകുമാരി ജില്ലയിൽ ഉണ്ടായ ഒരു കേസിൽ നാടുവിട്ടു. പേരു മാറ്റി ബനാറസ് യൂനിവേഴ്സിറ്റിയിൽ ഫോർമാനായി ജോലിചെയ്തു. അദ്ദേഹത്തിന്റെ അമ്മ മരിക്കാൻ കിടന്നപ്പോൾ നാട്ടിൽ വന്നു. അറസ്റ്റിലായി. അന്നു ജാമ്യത്തിനു പോയത് അച്ഛനാണ്. അതിന് അച്ഛനെ പലരും വിമർശിച്ചു. അങ്ങനെയൊക്കെയാണെങ്കിലും എന്റെ രോഗക്കാര്യം അച്ഛനു ബോദ്ധ്യപ്പെട്ടില്ല.

മനോജ്: അന്നത്തെ കാലവും ചിന്താഗതികളുമൊക്കെയല്ലേ. അതിരിക്കട്ടെ, നാടുവിട്ടിട്ട്?

സി.വി.ആർ.: ചെന്നൈയിലെത്തി. ഹോട്ടൽ ബോയ്, ഹിഗിൻ ബോതംസിൽ സെയിൽസ് ബോയ്, പരസ്യക്കമ്പനിയിൽ കമേഴ്സ്യൽ ആർട്ടിസ്റ്റ് ഒക്കെയായി ജോലിചെയ്തു. ഒടുവിൽ ബാത്തിക് ആർട്ടിസ്റ്റുമായി.

മനോജ്: അതൊരു ഗംഭീര ട്വിസ്റ്റ് ആണല്ലോ.

സി.വി.ആർ.: അച്ഛനമ്മമാരോടു ദേഷ്യപ്പെട്ട് എടുത്തുചാടി പോയതാണല്ലോ. മദ്രാസിൽ ചെന്നുചേർന്നപ്പോൾ പോക്കറ്റ് കാലിയായിരുന്നു. ചില സുഹൃത്തുക്ക

ളോടൊപ്പം കൂടി. സഹായങ്ങളോടൊപ്പം ഊഹിക്കാവുന്ന ദുരിതങ്ങളുമുണ്ടായി. അർദ്ധപ്പട്ടിണിയും നിരാശതയും ചെയ്യുതൊക്കെ ശരിയാണോ എന്ന ചിന്തയും പരാജയബോധവും ആത്മനിന്ദയും. ഒന്നും ചെയ്യാനില്ലാത്തവർക്ക് അഭയകേന്ദ്രമായിരുന്ന മറീനയിൽ ഞാനും കാലംപോക്കി. എന്നെപ്പോലെ തന്നെ വീടുവിട്ടിറങ്ങിയ ക്വാഫ എന്നൊരു ബർമ്മാക്കാരനെ ഒരിക്കൽ അവിടെ കണ്ടുമുട്ടി. ബാത്തിക് ആർട്ടിസ്റ്റായ ക്വാഫ ചോളമണ്ഡലത്തിൽ അതിഥിയായി കഴിയുകയാണ്. ക്വാഫയാണ് എന്നെ ചോളമണ്ഡലിൽ എത്തിക്കുന്നതും മറ്റു പെയിന്റർമാരെ പരിചയപ്പെടുത്തുന്നതും. പൊന്നാനിക്കാരൻ ഗോപിനാഥ്, ചെന്നൈയിൽ ധാരാളം മ്യൂറലുകൾ ചെയ്തിട്ടുള്ള വാസുദേവ് എന്നിവരെയൊക്കെ പരിചയപ്പെട്ടു. സഞ്ചിയിലുണ്ടായിരുന്ന 'സംഗം' എന്ന എന്റെ വിദ്യാർത്ഥികാലത്തെ കൈയെഴുത്തുമാസിക കണ്ട ക്വാഫ എന്നെ ഒരു പരസ്യക്കമ്പനിയുമായി ബന്ധപ്പെടുത്തി. ഷാവാലസ്സിന്റെയൊക്കെ കാമ്പയിനിൽ അങ്ങനെ പങ്കാളിയായി. കുറേക്കാലം അവിടെ പണിയെടുത്തു.

അതിനിടയിൽ അസുഖം കുഴപ്പത്തിലേക്ക നീങ്ങുകയാണോ എന്നു സംശയം തോന്നി. അങ്ങനെ കേരളസർവ്വകലാശാല, കേരള, തമിഴ്നാട് അക്കൗണ്ടന്റ് ജനറൽ ഓഫീസുകൾ എന്നിവയിൽ ടെസ്റ്റ് എഴുതി. മൂന്നും കിട്ടി. സർവ്വകലാശാലയിൽ ചേർന്നു—കാര്യവട്ടത്ത്. ബയോകെമിസ്റ്റിയിൽ അസിസ്റ്റന്റായി. 1978-ലാണത്. ഡിപ്പാർട്ട്മെന്റ് ടെസ്റ്റിനോടുള്ള വിരോധം കാരണം 16 കൊല്ലം അത് എഴുതിയില്ല. അതു തട്ടിപ്പാണെന്നു കാണിച്ചു മൂന്നുവട്ടം മുഖ്യമന്ത്രിക്ക കത്തും എഴുതി. അങ്ങനെ ഒരേശമ്പളത്തിൽ അവസാനംവരെ ജോലി ചെയ്തു. വായ്പയെടുത്തു നാട്ടിൽ വീടുവച്ചു. തിരിച്ചടവ് 1,100 രൂപ. ശമ്പളം 2,000 രൂപയും. റേഷനും കഴിഞ്ഞാൽ പിന്നെ ബീഡിക്ക തികയില്ല!

മനോജ്: മരണം പ്രവചിക്കപ്പെട്ടിട്ടും വീടൊക്കെ വയ്ക്കാൻ മുതിർന്നത് ജീവിക്കാനുള്ള അഭിവാഞ്ഛകൊണ്ടാണോ?

സി.വി.ആർ.: അഞ്ചുകൊല്ലം ആണല്ലോ വൈദ്യവിധി. തോല്ക്കുന്ന യുദ്ധമാണെങ്കിലും അന്തസ്സുള്ള ഒരു പോരാട്ടം കൂടാതെ വിട്ടുകൊടുക്കേണ്ടെന്നു തീരുമാനിച്ചിരുന്നു. ഉണർന്ന മനസ്സും പ്രതികരിക്കാത്ത ശരീരവുമായാകും അവസാനകാലം എന്ന ഡോക്ടർമാരുടെ മുന്നറിയിപ്പ് എപ്പോഴും മനസിലുണ്ടായിരുന്നു. അതിനും തയ്യാറായിരിക്കണമല്ലോ. ബന്ധുക്കൾക്കൊന്നും എന്നെ ശുശ്രൂഷിച്ചിരിക്കാൻ നേരമോ മനസോ ഉണ്ടാകണമെന്നില്ലല്ലോ. ഏകാന്തമായ അന്ത്യനാളുകളുടെ ചിന്ത വേട്ടയാടി. എന്തിലെങ്കിലും ഏർപ്പെട്ടിരിക്കാനാകണം. അങ്ങനെയാണു കമ്പ്യൂട്ടർ എന്ന ആശയം ഉദിക്കുന്നത്. സംവദിക്കാവുന്ന ഒരു യന്ത്രമാണല്ലോ. അതാകുമ്പോൾ അനിഷ്ടവും മടുപ്പുമൊന്നും കാട്ടുകയുമില്ല. പേഴ്സണൽ കമ്പ്യൂട്ടർ വിപണിയിൽ വന്നുതുടങ്ങുന്ന കാലം. ഒരെണ്ണം ഒരുവിധത്തിൽ സ്വന്തമാക്കി—ഒരു എക്സ്റ്റി മഷീൻ. ഇന്നത്തെ കളിപ്പാട്ടങ്ങൾക്കുണ്ട് അതിലും ശേഷി. അതിൽ ഡോസ്, വേഡ്സ്റ്റാർ, ലോട്ടസ് 123 ഒക്കെ പഠിച്ചു. അക്കാലത്തെ സൗഭാഗ്യമായിരുന്ന രണ്ട് എംബി റാമും 20 എംബി ഹാർഡ് ഡിസ്കുമുള്ള ഒരു പിസി ക്രമേണ ഞാൻ സംഘടിപ്പിച്ചു.

ആർ എം എസ് എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന റിച്ചാർഡ് മാത്യു സ്റ്റാൾമാൻ (ജനനം 1953). എം ഐ റ്റിയിലെ നിർമ്മിതബുദ്ധി പരീക്ഷണകേന്ദ്രത്തിൽ ജോലിചെയ്യവേ സോഫ്റ്റ്‌വേർ ലൈസൻസിനെക്കുറിച്ചുള്ള ആശയവിയോജിപ്പുമൂലം 1984-ൽ ജോലി രാജിവെയ്ക്കുകയും ഫ്രീ സോഫ്റ്റ്‌വേർ ഫൗണ്ടേഷനു രൂപം കൊടുക്കയും ചെയ്തു. അന്നുമുതൽ സ്വതന്ത്രസോഫ്റ്റ്‌വേറിന്റെ വ്യാപനത്തിനും സ്വകാര്യതാസംരക്ഷണത്തിനും പടപൊരുതുന്നു. ഗ്നു/ലിനക്സിലെ കേർണലൊഴികെയുള്ള അനുബന്ധ സോഫ്റ്റ്‌വേർ ഘടകങ്ങൾ, ഈമാക്സ് എന്ന റ്റെക്സ്റ്റ് എഡിറ്റർ, ജിസിസി എന്ന സി കമ്പൈലർ എന്നിവ രചിച്ചു.

ജീവിതം വഴിമാറ്റിയ ടെക്ക്

മനോജ്: എങ്ങനെയാണ ടെക് സോഫ്റ്റ്‌വെയറിലേക്ക് എത്തുന്നത്?

സി.വി.ആർ.: യൂണിവേഴ്സിറ്റിയിലെ ജോലിയും കമ്പ്യൂട്ടർ സല്ലാപവുമായി കഴിയുമ്പോഴാണ മാത്തമാറ്റിക്സ് ഡിപാർട്ട്മെന്റിലെ നമ്പൂരിസാറിനെ (പ്രൊഫ: കെ.എസ്.എസ്. നമ്പൂരിപ്പാട്) പരിചയപ്പെടുന്നത്. അഞ്ചുകൊല്ലത്തിനകം മരിക്കും എന്ന വിവരം കേട്ട അദ്ദേഹമാണ് ടെക് പഠിക്കാൻ ഉപദേശിച്ചത്. പുസ്തകവും സോഫ്റ്റ്‌വെയറും തന്നു. 14 ഫ്ലോപ്പി ഡിസ്കുകൾ. അദ്ദേഹം പറഞ്ഞു. "സങ്കീർണ്ണമാണ്, പഠിക്കാൻ നന്നേ സമയമെടുക്കും." എനിക്കാണെങ്കിൽ ധാരാളമുള്ളതും അതാണ്. ബാഡ്മിന്റൻ കളി കഴിഞ്ഞ് അദ്ദേഹം ഹോസ്റ്റലിൽ വരും. നാലുകൊല്ലമെടുത്തു ലാടെക്കിൽ ഒരുവിധം നന്നായി പാക്കേജും മാക്രോസും എഴുതാൻ.

അദ്ദേഹത്തിന്റെ വിദ്യാർത്ഥികളുടെ ഗവേഷണപ്രബന്ധങ്ങളും സാറിന്റെ തന്നെ പുസ്തകങ്ങളുമൊക്കെ ചെയ്തു. വരുമാനമായി. പലരോടും പൈസ വാങ്ങില്ല. എന്തുകൊണ്ടു പൈസ വാങ്ങിക്കൂടാ എന്നു സുഹൃത്തുക്കളായ റിസർച്ച് സ്കോളർമാർ ചോദിക്കും. എനിക്ക് അന്ന് ഒരുമാസം 1500 രൂപയുടെ ആവശ്യമേ ഉണ്ടായിരുന്നുള്ളൂ. അതു കിട്ടിയാൽ ബാക്കി ചെയ്യുന്നതു ഫ്രീ. അങ്ങനെ ധാരാളം വർക്കായി. സൂവോളജി വകുപ്പ് അവരുടെ *'എന്റൊമോൺ' (Entomon)* എന്ന ജേർണലിന്റെ ടൈപ് സെറ്റിങ് ജോലി എന്നെ ഏല്പിച്ചു. അന്നത്തെ മാനേജിങ് എഡിറ്ററായ ഡോ: മുരളീധരൻ സ്ഥാനം ഒഴിയുന്നതുവരെ (1995 – 2011) കടപ്പാടെന്ന നിലയിൽ ഞാനതു ചെയ്തുകൊടുത്തിരുന്നു. ചുരുക്കത്തിൽ എന്റെ നിലനില്പിന്റെ ആധാരമായി ടെക് മാറി. നിങ്ങൾക്കു സങ്കല്പിക്കാനാവാത്ത നിലയിലുള്ള മനോവ്യഥയിലും നിരാശതയിലുംനിന്ന് അതെന്നെ വീണ്ടെടുത്തു.

മനോജ്: അപ്പോഴൊക്കെ രോഗാവസ്ഥ എങ്ങനെ ആയിരുന്നു?

സി.വി.ആർ.: കാര്യവട്ടത്തെ താമസക്കാലം (1988 – 94) മുഴുവൻ വ്യായാമമെന്ന നിലയിലും കാലുകളിൽ ഉള്ള ശക്തി നിലനിറുത്താനുമായി എന്നും ശ്രീകാര്യംവരെയും തിരിച്ചും സൈക്കിൾ ചവിട്ടുമായിരുന്നു.

മനോജ്: താങ്കൾ സർവ്വകലാശാലയിൽ എത്തിയ 78 – 79 കാലമെന്നൊക്കെ പറയുമ്പോൾ, ഒരുപക്ഷെ, കേരളത്തിൽ ആദ്യം കമ്പ്യൂട്ടർ കൈകാര്യം ചെയ്യാൻ അവസരം ലഭിച്ച അപൂർവ്വം ആളുകളിൽ ഒരാളായിരിക്കും, അല്ലെ?

സി.വി.ആർ.: ശരിയാണ്. കമ്പ്യൂട്ടർ ഉപയോഗിക്കാൻ കഴിഞ്ഞവർതന്നെയും അതിനെ ഒരു ആധുനിക ടൈപ് റൈറ്ററായിമാത്രം കണ്ടിരുന്ന കാലമാണ്. പക്ഷേ, ഞാൻ അതിന്റെ സാദ്ധ്യതകളെല്ലാം എക്സ്പ്ലോർ ചെയ്തു എന്നുതന്നെ പറയാം.

അക്കാലത്ത് എനിക്ക് ഒബ്സർവേറ്ററിയിലേക്കു സ്ഥലംമാറ്റം കിട്ടി. പത്തുമിനുട്ട് ചെയ്യാനുള്ള ജോലിയേ അവിടെ ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് ധാരാളം വായിച്ചു. അവിടത്തെ കമ്പ്യൂട്ടറിലെ ഓപ്പറേറ്റിങ് സിസ്റ്റം സോളാരിസ് ആയിരുന്നു. അതും പരിചയിച്ചു. സർവ്വകലാശാലയിലെ ഊർജ്ജതന്ത്ര വിഭാഗം മേധാവി ആയിരുന്ന ഡോ: പ്രഭാകരൻ നായർ സറിനായിരുന്നു ഒബ്സർവേറ്ററിയുടെ ചുമതല. ഞാൻ 92 വരെയാണ് അവിടെ ഉണ്ടായിരുന്നത്.

റിവർ വാലിയുടെ കഥ; ഒരു ചതിയുടെയും

മനോജ്: അതിനുശേഷമാണോ സംരംഭകനായി പരിണമിക്കുന്നത്?

സി.വി.ആർ.: അതെ. ജോലി കൂടിയപ്പോൾ എനിക്ക് ഒറ്റയ്ക്കു ചെയ്യാൻ കഴിയാതായി. അന്നാണ തിരുവനന്തപുരത്ത് റിസർവ്വ് ബാങ്കിനടുത്തായി സോഫ്റ്റ്വെയർ ടെക്നോളജി പാർക്ക് (STP) വരുന്നത്. 1994-ൽ അവിടെ 200 ച. അടി സ്ഥലമെടുത്ത്, രണ്ട് അനിയന്മാരെയും—രാജേന്ദ്രനെയും രാജഗോപാലിനെയും—കൂട്ടി ഒരു സ്റ്റാർട്ടപ് സംരംഭം തുടങ്ങി. അന്നൊക്കെ എനിക്കു നടക്കാൻ കഴിയുന്ന കാലമായിരുന്നു.

ഇക്കാലത്താണ് ഇൻഡ്യൻ ടെക് യൂസേഴ്സ് ഗ്രൂപ് തുടങ്ങുന്നത്. സെബാസ്റ്റ്യൻ റാത്സ് ആയിരുന്നു ഉദ്ഘാടകൻ. അദ്ദേഹത്തെപ്പറ്റി പറഞ്ഞാൽ, ടെക് ലൈവ് എന്ന ഡിസ്ട്രിബ്യൂഷന്റെ എഡിറ്ററും CTAN എന്ന ടെക് സോഫ്റ്റ്വേറിന്റെ റിപ്പോസിറ്ററിയുടെ സ്ഥാപകരിലൊരാളും ടെക്സ്റ്റ് എൻകോഡിങ് ഇനീഷിയേറ്റീവിന്റെ (Text Encoding Initiative—TEI) പ്രധാനപ്രവർത്തകനും ഓക്സ്ഫഡ് സർവ്വകലാശാലയുടെ കമ്പ്യൂട്ടിങ് സർവ്വീസസിലും ഐറ്റി സർവ്വീസസിലുമൊക്കെ ചുമതലക്കാരനും പിന്നീട് ചീഫ് ഡേറ്റ ആർക്കിടെക്റ്റും ആയ ആൾ. എക്സ്എംഎലിന്റെ പ്രാധാന്യത്തിനുവേണ്ടി വാദിക്കുകയും ആ ആശയം പ്രചരിപ്പിക്കുകയും ചെയ്തു ഇവരാണ് യൂറോപ്പിലെ ആർക്കൈവ് ചെയ്യേണ്ട പുസ്തകങ്ങൾ മുഴുവൻ ആർക്കൈവ് ചെയ്തത്. നമ്മുടെ സർവ്വകലാശാലകൾക്കും ഇതിനുള്ള സാങ്കേതികസഹായം സൗജന്യമായി നല്കാമെന്ന് ഇവർ വാഗ്ദാനം നല്കി. എന്നാൽ നാം അതിനോട് പ്രതികരിച്ചില്ല!

മനോജ്: ഇത്തരം പ്രവർത്തനങ്ങൾ ബിസിനസിനെ ബാധിച്ചില്ലേ?

റിവർ വാലിയുടെ മലയിൻകീഴ് കാമ്പസിലെ കെട്ടിടസമുച്ചയം. (കടപ്പാട്: ഇ. പി. ഉണ്ണി)

സി.വി.ആർ.: ഇല്ല. ഇതൊക്കെ റിവർ വാലിയുടെ പ്രവർത്തനത്തിന് അനുഗുണമായ കാര്യങ്ങളാണ്. സ്ഥാപനം എസ്.റ്റി.പി.യിൽ രജിസ്റ്റർ ചെയ്യതുകാരണം അഞ്ചുലക്ഷം ഡോളറിന്റെ കയറ്റുമതി ചെയ്യണം എന്ന നിബന്ധന ഉണ്ടായിരുന്നു. അതിനു വഴികാണാതെ ഇരുന്നപ്പോഴാണ് ഇൻഡ്യയിൽ ഒരു ബിസിനസ് പങ്കാളിയെ തേടുകയായിരുന്ന കാവേ ബസർഗൻ എന്ന ഇറാൻ വംശജനായ ബ്രിട്ടിഷ് പൗരന്റെ വരവ്. എന്നെപ്പറ്റി അറിയാമായിരുന്ന സെബാസ്റ്റ്യൻ റാത്സ് വന്നത് ഇദ്ദേഹത്തെയും കൂട്ടിയാണ്. ഔട്ട്സോഴ്സിങ്ങിനു ഞങ്ങൾ കരാർ വച്ചു. അക്കാലത്ത് വഴുതക്കാട്ടുള്ള സെന്റ് ജോസഫ്സ് പ്രസിന്റെ മുകളിലേക്ക് സ്ഥാപനം മാറ്റി. അവിടെ ആയിരുന്നു 2008 വരെ റിവർ വാലി.

2008-ഒക്കെ ആയപ്പോഴേക്കു രോഗം മോശമായി ഞാൻ വീണുതുടങ്ങിയിരുന്നു. 2009-ലാണു വീൽ ചെയറിലേക്കു മാറുന്നത്. അതിനിടെ ഇവിടെ (മലയിൻകീഴിനു സമീപം റിവർ വാലി ടെക്നോളജീസ് ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലം) സെന്റിനു 18,000 രൂപ നിരക്കിൽ നാലേക്കർ സ്ഥലം വാങ്ങി. കെട്ടിടം പണിയൊക്കെ വന്നപ്പോൾ 40 ശതമാനം ഓഹരി കാവേയ്ക്കു നല്കി പങ്കാളിയാക്കി.

മനോജ്: അങ്ങനെയാണോ ലൻഡനിൽ റിവർ വാലി തുടങ്ങുന്നത്? അതിന്റെ വെബ്സൈറ്റിൽ പറയുന്നത് ഡോ: ബസർഗൻ 1988-ൽ റിവർ വാലി തുടങ്ങി എന്നാണല്ലോ.

സി.വി.ആർ.: അതു ശരിയല്ല. ആ കമ്പനിക്കു നമ്മുടെ റിവർ വാലിയുമായി ഒരു ബന്ധവുമില്ല. അതൊരു ചതിയുടെ കഥയാണ്.

മനോജ്: ചതിയോ?

സി.വി.ആർ.: അതെ. ബസർഗന്റെ കമ്പനിയുടെ പേര് ഫോക്കൽ ഇമേജ് എന്നായിരുന്നു. ഏതോ മാർക്കറ്റിങ് വിദഗ്ധരുടെ ഉപദേശപ്രകാരം വാണിജ്യാവശ്യത്തിനുവേണ്ടി റിവർ വാലിയുടെ പേര് ഉപയോഗിക്കാൻ അദ്ദേഹം അനുവാദം തേടി. ഞാൻ ലൻഡനിൽ ഉള്ളപ്പോഴായിരുന്നു. നമ്മുടെ കമ്പനിബ്രാൻഡ് ആഗോളമായി അറിയുമല്ലോ എന്നു കരുതി ഞാൻ അനുവാദം നല്കി. നമ്മുടെ കമ്പനി വന്ന് പത്തുകൊല്ലം കഴിഞ്ഞാണത്—2004-ൽ. അദ്ദേഹം പിന്നീട് താൻ മാത്രം ഉടമയായി റിവർ വാലി എന്ന പേരിൽ ഇംഗ്ലൻഡിൽ കമ്പനിയും ട്രേഡ് മാർക്കും രജിസ്റ്റർ ചെയ്തു. ബസർഗൻ 2009-ൽ കമ്പനി സഹോദരി മറിയത്തിന്റെ പേരിലാക്കി. ഇതൊക്കെ ഞാൻ അറിയുന്നത് 2011-ലാണ്. 2013 ഡിസംബറിൽ ഞാനും കാവേയും തമ്മിലുള്ള വാണിജ്യബന്ധം പരിപൂർണ്ണമായും വിച്ഛേദിക്കപ്പെട്ടപ്പോൾ ‘റിവർ വാലി’യുടെ ട്രേഡ്മാർക്കിനായി ഞാൻ അപേക്ഷിച്ചു.

മനോജ്: ബന്ധം വിച്ഛേദിക്കാൻ കാരണം?

സി.വി.ആർ.: വിദേശനാണ്യനിയന്ത്രണത്തിനായി ഇൻഡ്യാസർക്കാർ ‘ട്രാൻസ്ഫർ പ്രൈസിങ്’ എന്ന നിയമം കൊണ്ടുവന്നപ്പോഴാണു വാണിജ്യബന്ധത്തിൽ വിള്ളലുണ്ടാവുന്നത്. 25%-ൽ കൂടുതൽ ഓഹരിയുള്ള ഒരു വിദേശസ്ഥാപനമോ വ്യക്തിയോ വഴിയുള്ള ബിസിനസിൽ സർക്കാർ നിശ്ചയിച്ച നിരക്കിലേ നമുക്കു ബിൽ ചെയ്യാനാവൂ. അപ്പോൾ നമുക്കു കൂടുതൽ തുകയ്ക്കു ബിൽ ചെയ്യേണ്ടിവന്നു. സാമ്പത്തികക്കുറ്റം ചെയ്യാൻ ഞാൻ ഒട്ടും തയ്യാറല്ലാത്തതുകൊണ്ടു വളരെവേഗം ഞങ്ങളുടെ വാണിജ്യബന്ധം ഉലഞ്ഞു. എല്ലാ കോൺട്രാക്റ്റും

ഇടത്തുനിന്ന്: ഉച്ചചക്ഷണത്തിന് ശേഷം അലസചർച്ചയിൽ. ഇടത്തുനിന്ന്: സി.വി. രാജഗോപാൽ, ഡോ. രാധാകൃഷ്ണൻ ചെട്ടിയാർ, ഡോ. ഇ. കൃഷ്ണൻ, പ്രൊഫ. നമ്പൂരിപ്പാട്, പ്രിയദത്ത (ശ്രീമതി നമ്പൂരിപ്പാട്ട്), സിവിആർ; സിവിആർ ജീവിതപങ്കാളിയായ വിദ്യയോടൊപ്പം തമിഴ്നാട്ടിലെ ഒരു ഉൾനാടൻ ഗ്രാമത്തിൽ.





പിൻവലിച്ചു കാവേ വേറൊരു കമ്പനി തിരുവനന്തപുരത്ത് തുടങ്ങി, ടെക്നോ പാർക്കിൽ. പത്തൊൻപതു ജീവനക്കാരെ അടർത്തിയെടുത്തു പൂർണ്ണമായും അന്യനായി മാറി.

അന്നുവരെ നമ്മുടെ കമ്പനിയുടെ ഔദ്യോഗികനാമം 'ഫോക്കൽ ഇമേജ് ഇന്ത്യ' എന്നായിരുന്നു. ബന്ധമുലഞ്ഞപ്പോൾ 'എസ്.ടി.എം. ഡോക്കുമെന്റ് എൻജിനീയറിങ്' എന്നു മാറ്റി. 'റിവർ വാലി' നമ്മുടെ ബ്രാൻഡ് നെയിമാണ്. ആ പേരിലാണ് അറിയപ്പെടുന്നത്, അന്നും ഇന്നും

ഇൻഡ്യൻ കമ്പനിനിയമപ്രകാരം രജിസ്റ്റർ ചെയ്ത സ്വതന്ത്രസ്ഥാപനം ആയതിനാൽ നമ്മുടെ പ്രവർത്തനം തടയാൻ പറ്റില്ല. അതിനാൽ നമ്മുടെ ഇടപാടുകാരെ ചാക്കിടാൻ ശ്രമം നടത്തി. റിവർ വാലിക്കുവേണ്ടി അദ്ദേഹമാണു കരാറുകൾ ഒപ്പിട്ടിരുന്നത്. അതിന്റെ ബലത്തിൽ മുഴുവൻ കരാറും അദ്ദേഹം തുടങ്ങിയ കമ്പനിയിലേക്കു മാറ്റി. 2013-ഓടെ ഞങ്ങളുടെ എല്ലാ ബിസിനസും പോയി. ആർക്കും ശമ്പളമില്ല. എല്ലാവരോടും അയാളുടെ കമ്പനിയിൽ ചേരാൻ പറഞ്ഞു. ആരും പോയില്ല. 2200 അക്കാദമിക് ജേർണലുകൾ പ്രസിദ്ധീകരിക്കുന്ന എൽസ്വിയറും നമുക്കൊപ്പം നിന്നു. നമ്മുടെ സേവനത്തിന്റെയും സാങ്കേതികഗുണമേന്മയുടെയും മികവ് അംഗീകരിച്ച് ആയിരുന്നു ഇത്. ഇതെല്ലാം ടെക് സമൂഹത്തിലുള്ള എല്ലാവർക്കും അറിയാം.

മനോജ്: ഞാൻ ഇടയ്ക്കു വരുമ്പോൾ ചിലപ്പോഴൊക്കെ സി.വി.ആർ. ലൻഡനിലെ കേസിന്റെ ഭാഗമായ ബന്ധപ്പാടുകളിൽ ആയിരുന്നല്ലോ. അത് ഈ കമ്പനിയുടെയും ട്രേഡ് മാർക്കിന്റെയും ഉടമാവകാശം സംബന്ധിച്ച് ആയിരുന്നോ?

സി.വി.ആർ.: അല്ല. അതു മറ്റൊരു വിഷയമാണ്. ബസർഗൻ ഞങ്ങൾക്ക് ഒരു കോൺസെപ്റ്റ് കൈമാറ്റം ചെയ്തിരുന്നെന്നും അതിന്റെ അടിസ്ഥാനത്തിലാണു ഞങ്ങൾ വികസനം നടത്തിയതെന്നും അതുകൊണ്ട് നമ്മുടെ വരുമാനത്തിൽ ഒരു വിഹിതം കിട്ടണമെന്നും ആവശ്യപ്പെട്ട് ബ്രിട്ടിഷ് കോടതിയിൽ അദ്ദേഹം കേസു കൊടുത്തു. നമുക്കെതിരെ കേസുകൊടുക്കാൻ ഇവിടെ വരണമല്ലോ. എന്നാൽ, നമ്മൾ അവിടെ ചെല്ലാൻ ഇടയായാൽ കോടതിയുടെ നോട്ടീസ് നമുക്കു നല്കാൻ ബ്രിട്ടിഷ് നിയമപ്രകാരം അവർക്കു കഴിയും. അങ്ങനെവന്നാൽ, നാം പിന്നെ കേസു നടത്തണം. റിവർ വാലിയിലെ രണ്ടുപേർ ലൻഡൻ ബുക് ഫെയറിനു ചെന്നപ്പോൾ വക്കീലിനെക്കൊണ്ട് നോട്ടീസ് കൊടുപ്പിച്ചു.

ഭീമമായ ചെലവുവരും എന്നതിനാൽ അവിടെ കേസു നടത്താനൊന്നും നാം മുതിരില്ലെന്നും അങ്ങനെ കമ്പനി പിടിച്ചെടുക്കാമെന്നും ഉള്ള ചിന്തയിലായിരുന്നു നീക്കം. എന്നാൽ, അവിടെ വക്കീലിനെയൊക്കെ ഏർപ്പാടാക്കി കേസ് വാദിക്കാൻ നമ്മൾ തീരുമാനിച്ചു. വിദഗ്ദ്ധർ വന്നു പരിശോധിച്ചപ്പോൾ ബസർഗന്റെ ആരോപണം ശരിയല്ലെന്നു തെളിഞ്ഞു. കേസ് തെറ്റാണെന്നു വന്നാൽ നമുക്കു 15 കോടി രൂപ നഷ്ടപരിഹാരം തരേണ്ടിവരും. വിസ്താരം തുടങ്ങുന്നതിനു മുമ്പാണെങ്കിൽ മൂന്നുകോടി തന്നാൽ മതി. സുഖമില്ലാത്ത ഈ ഞാൻ വിസ്താരത്തിനായി പോകാൻ തയ്യാറെടുക്കുകയായിരുന്നു.

മനോജ്: അതിന്റെ ബുദ്ധിമുട്ടുകളെപ്പറ്റിയുള്ള വ്യാകുലതയിൽ കഴിയുമ്പോഴാണല്ലോ ഞാൻ ഒടുവിൽ വന്നത്.

സി.വി.ആർ.: അതെ. പോകേണ്ടിവന്നില്ല. വിസ്താരം തുടങ്ങുന്നതിനു മുമ്പ് അദ്ദേഹം കേസ് പിൻവലിച്ചു. നഷ്ടപരിഹാരം തരാമെന്നും സമ്മതിച്ചു.

ഒരു കാര്യവുമില്ലാത്ത കേസിനായി കുറെ പണം പാഴായെങ്കിലും കേസ് പിൻവലിക്കപ്പെട്ടതിന്റെ വലിയ സമാശ്വാസത്തിലാണ സിവിആർ. പ്രതീക്ഷയും പ്രചോദനവും പ്രസരിക്കുന്ന ആ ചിരിക്ക് ഇപ്പോൾ കൂടുതൽ ആത്മവിശ്വാസത്തിന്റെയും മനഃസമാധാനത്തിന്റെയും സൂര്യകാന്തി. സിവിആറിന്റെ റിവർ വാലിയും 'സായാഹ്ന'യുമൊക്കെ നിറയെ കൗതുകങ്ങളാണ്; സാങ്കേതികവിദ്യയും മലയാളഭാഷയുമൊക്കെയായി ബന്ധപ്പെട്ട അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളിൽ നമ്മുടെ കണ്ണുതുറപ്പിക്കുന്ന ഒട്ടേറെ ആഗോളദർശനങ്ങളും. മാദ്ധ്യമപ്രവർത്തനത്തിനും വിവരസംബന്ധിയായ എല്ലാ ആധുനികപ്രവർത്തനങ്ങൾക്കും മുതൽക്കൂട്ടാകുന്നതാണ് ആ അറിവുകൾ.

സിവിആർ സാങ്കേതികവിദ്യ പറയുന്നു

കേരളം ഇങ്ങനെയൊന്നും പോരെന്നാണ സി.വി.ആറിന്റെ അഭിപ്രായം. നിലവാരമുള്ള സമ്പൂർണ്ണസാക്ഷരതയും ലോകത്തെങ്ങുമില്ലാത്തത്ര മാദ്ധ്യമബഹുലതയും വായനയും ജനസംഖ്യയെക്കാൾ മൂന്നിലൊന്നിലധികം കൂടുതൽ സെൽ ഫോൺ കണക്ഷനും അതിനൊത്ത എണ്ണം സ്മാർട്ട് ഫോണും ഇന്റർനെറ്റ് കണക്റ്റിവിറ്റിയും മുക്കിനുമുക്കിന് എൻജിനീയറിങ് കോളെജുമെല്ലാമുള്ള കേരളം അതിന്റെ പൊതുജീവിതത്തിൽ വിവരസാങ്കേതികവിദ്യയുടെയും ഇന്റർനെറ്റിന്റെയും സാദ്ധ്യതകൾ സാദ്ധ്യമായതിന്റെ ചെറിയയംശംപോലും ഉപയോഗിക്കുന്നില്ല എന്നത് ഒരു സമസ്യയാണല്ലോ. ഉപയോഗിക്കുന്നതാകട്ടെ, കഴിയുന്നത്ര മോശപ്പെട്ട നിലയിലും. അല്ലെങ്കിൽ നമ്മുടെ കുട്ടികൾ ഇത്രയും ഭാരം ചുമന്നു സ്കൂളിൽ പോകണോ? പാഠപുസ്തകമെല്ലാം ഇ-ബുക്കാക്കിയാൽ ഒരു ടാബുമായി പോയാൽപ്പോരെ? നോട്ടുകളും ടാബിൽ എഴുതാം. മറ്റു പഠനസാമഗ്രികളായ പടവും വീഡിയോയും ആനിമേഷനും പസിലും ഗെയിമുമെല്ലാം അതിൽ കാണാം. അപ്പോഴല്ലേ ക്ലാസുമുറിപോലെ കുട്ടികളും സ്മാർട്ടാകൂ. ലക്ഷക്കണക്കിനു പുസ്തകങ്ങൾ അച്ചടിക്കുന്നത് ഒഴിവാക്കാം. അത്യദ്ധ്വാനം നിറഞ്ഞ പുസ്തകവിതരണം ഒഴിവാക്കാം. സമയത്തു പുസ്തകം കിട്ടാത്ത സ്ഥിതി വരില്ല. പുസ്തകവും ബുക്കുമെല്ലാം ഉണ്ടാക്കാൻ വെട്ടിനശിപ്പിക്കുന്ന മരങ്ങൾ സംരക്ഷിക്കാം. മാത്രവുമല്ല, അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളുമായുള്ള ആശയവിനിമയങ്ങളും കൂടും. അങ്ങനെ എന്തെല്ലാം മെച്ചങ്ങൾ!

ഇതൊക്കെ എത്രയോ വർഷം മുമ്പേ നമുക്കു സാധിക്കാമായിരുന്നു. ഇപ്പോൾപ്പോലും നമുക്കതൊന്നും സാധിക്കുന്നില്ല. ആലോചനയിൽപ്പോലും വരുന്നില്ല. (ഈ അഭിമുഖം നടന്ന 2017-ലെ സ്ഥിതിയാണ്. 2019—20-ഓടെ പാഠപുസ്തകങ്ങൾക്ക് ഇ-ബുക് പതിപ്പ് ഉണ്ടായി.) പാഠപുസ്തകം ഒരു ഉദാഹരണം മാത്രമാണ്. ഒട്ടെല്ലാ രംഗത്തും ഇതുതന്നെയാണ സ്ഥിതി. എവിടെയാണ കേരളീയർക്ക് ഈ ബ്ലോക്ക്?

സി.വി.ആറിനോടുതന്നെ ചോദിച്ചു.

ഇടത്തുനിന്ന്: ആർട്ടിസ്റ്റ് വാസുദേവൻ നമ്പൂതിരി കാമ്പസ് സന്ദർശിച്ചപ്പോൾ; റിവർ വാലി കാമ്പസിലെ മഴവെള്ള സംഭരണി.

മനോജ്: എവിടെയാണു ബ്ലോക്ക്?

സി.വി.ആർ.: അതു സാമൂഹികശാസ്ത്രജ്ഞർ കണ്ടുപിടിക്കേണ്ടതാണ്. പ്രധാനപ്രശ്നം സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ മനസിലാക്കി പ്രയോജനപ്പെടുത്താനുള്ള വിമുഖതയാണ് എന്നു തോന്നുന്നു. പാഠപുസ്തകത്തിന്റെ കാര്യം എടുക്കാം. മലയാളം യൂണിക്കോഡു നിലവിൽവന്ന് ഒന്നരപ്പതിറ്റാണ്ടായിട്ടും പുസ്തകരൂപകല്പന യൂണിക്കോഡിലായില്ല. യൂണിക്കോഡിൽ രൂപകല്പന ചെയ്താലേ ഇ-ബുക്ക് ആക്കാൻ പറ്റൂ. ഇ-ബുക്കാക്കിയാൽ കാഴ്ചയില്ലാത്തവർക്കു ശബ്ദമായി കേട്ടുപഠിക്കാം. കാഴ്ചയും കേഴ്‌വിയുമില്ലാത്തവർക്കു ബ്രെയിലാക്കി നല്കാം. വിശേഷിച്ചൊരു പണച്ചെലവുമില്ലാത്ത, ധനലാഭം മാത്രമുള്ള ഈ കാര്യത്തിനു തടസം നിന്നത് പേജ്മേക്കർ എന്ന കാലഹരണപ്പെട്ട ഡിസൈനിങ് സോഫ്റ്റ്‌വെയറിൽനിന്നു മാറാൻ തയ്യാറല്ലാത്ത എസ്.സി.ഇ.ആർ.റ്റി.യിലെ ഏതാനും ഡിസൈനർമാരും ഏതു ഫോണ്ടു വേണമെന്ന കാര്യം തീരുമാനിക്കുന്നതിൽ ഒരു റോളും ഇല്ലാത്ത അദ്ധ്യാപകസംഘടനകളുമാണെന്നാണു ഞാൻ മനസിലാക്കുന്നത്. പിന്നെ, അധികൃതരുടെ ഇച്ഛാശക്തിയില്ലായ്മയും. ഇതിലുണ്ട് ആ ചോദ്യത്തിന്റെ ഉത്തരം. ഇത്തരം കുറെ ദുഷ്പ്രവണതകളാണു കേരളത്തിന്റെ ബ്ലോക്ക്.

മനോജ്: പുസ്തകരൂപകല്പനയ്ക്ക് ഉപയോഗിച്ചുവന്ന സോഫ്റ്റ്‌വെയറായ പേജ്മേക്കറിൽ യൂണിക്കോഡ് സാദ്ധ്യമായിരുന്നില്ലല്ലോ.

സി.വി.ആർ.: ഇല്ല. പക്ഷേ കമ്പനിതന്നെ വർഷങ്ങൾക്കുമുമ്പേ ആ ഉത്പന്നം പിൻവലിച്ചു പുതിയ ഉത്പന്നം ഇറക്കി. അത് യൂണിക്കോഡ് കമ്പാറ്റിബിൾ ആണ്. അതും പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറാണ്. ശാസ്ത്ര, ഗണിതപുസ്തകങ്ങളടക്കം എല്ലാം മനോഹരമായി ചെയ്യാവുന്ന സ്വതന്ത്രസോഫ്റ്റ്‌വെയർ ഉള്ളപ്പോൾ സർക്കാർ എന്തിനു പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിനു പിറകെ പോകണം? സർക്കാർതന്നെ പിന്തുടരുന്നത് സ്വതന്ത്രസോഫ്റ്റ്‌വെയർ നയമല്ലേ? ചില സന്നദ്ധപ്രവർത്തകർ ആറേഴുകൊല്ലം മുമ്പ് പാഠപുസ്തകങ്ങൾ ടെക് എന്ന സ്വതന്ത്രസോഫ്റ്റ്‌വെയർ ഉപയോഗിച്ചു യൂണിക്കോഡിൽ ചെയ്തു നല്കിയിരുന്നു. എന്നിട്ടും അതു വീണ്ടും ആസ്കി ഫോണ്ടിലേക്കും പേജ്മേക്കറിലേക്കും മാറ്റി. ടെക്കിൽ കമാൻഡുകളിലൂടെ ഇട്ടിരുന്ന ചിഹ്നങ്ങളും അതിന്റെയടിസ്ഥാനത്തിൽ ക്രമീകരിച്ചിരുന്ന അക്ഷരങ്ങളും അക്കങ്ങളും അതോടെ സ്ഥാനം തെറ്റി. പു

സ്തകങ്ങൾ ആ തെറ്റുകളോടെ അച്ചടിച്ചെന്നു ചരിത്രം. വളരെ വിചിത്രമാണു നമ്മുടെ കാര്യങ്ങൾ.

മനോജ്: ആ സംഭവത്തിൽ എനിക്കും ഇടപെടേണ്ടിവന്നിരുന്നു. പഴയലിപി വേണോ പുതിയലിപി വേണോ എന്ന തർക്കമാണ് അന്ന് ആ പരിശ്രമം അട്ടിമറിക്കാൻ ചിലർ ഉപയോഗിച്ചത്. യൂണിക്കോഡിലും പഴയലിപി ഫോണ്ട് ഉണ്ടായിരുന്നെങ്കിലും അവ ഭംഗിയുള്ള ലേഔട്ടിനു യോഗ്യമായി അതു ചെയ്യുവർക്കു തോന്നാഞ്ഞതിനാൽ പഴയലിപിയിലാണു പുസ്തകങ്ങൾ ചെയ്തത്. ഇതു ചിലർക്കു സ്വീകാര്യമാകാഞ്ഞതാണ് അന്ന് അത് ഉപേക്ഷിക്കാൻ കാരണമെന്നാണു ഞാൻ മനസിലാക്കിയത്. പണ്ട് മലയാളം അക്ഷരങ്ങളെല്ലാം ടൈപ് റൈറ്ററിന്റെയും ഫോട്ടോ കമ്പോസിങ് മഷീന്റെയും കീബോർഡിൽ ഒതുക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടായപ്പോൾ അക്ഷരങ്ങൾ മുറിച്ചും സ്വരചിഹ്നങ്ങൾ വേർപെടുത്തിയും ലിപിപരിഷ്കരണം നടത്തിയ ഉത്തരവ് ആ പ്രതിസന്ധിഘട്ടമെല്ലാം കഴിഞ്ഞിട്ടും, എല്ലാ അക്ഷരവും ടൈപ് ചെയ്യാവുന്ന നില വന്നിട്ടും, പിൻവലിച്ചിട്ടില്ലല്ലോ. അതിന്റെ ബലത്തിലായിരുന്നു അത്. അക്ഷരബാഹുല്യം ഭാഷാപഠനത്തിനു തടസമാണെന്നതാണ് പരിഷ്കരിച്ച ലിപിക്കു വേണ്ടി ഉയർത്തിയ വാദം. ഐറ്റി@സ്കൂളിൽ പഠിച്ചുവന്ന ലക്ഷക്കണക്കായ കുട്ടികൾ പഴയലിപി എഴുതിപ്പഠിക്കാൻ താത്പര്യമെടുക്കുന്നു എന്നതൊന്നും പരിഗണിച്ചില്ല.

സി.വി.ആർ.: അതെ. ഒരുകൂട്ടം ഭാഷാസാങ്കേതികവിദഗ്ധർ ദിവസങ്ങൾ മെനക്കെട്ടാണു പുസ്തകങ്ങൾ യൂണിക്കോഡിൽ തയ്യാറാക്കിയത്. യൂണിവേഴ്സിറ്റി കോളെജിൽനിന്നു വിരമിച്ച ഡോ: കൃഷ്ണനാണു ഗണിതപുസ്തകം അതീവസൂക്ഷ്മതയോടെ ടെക്കിൽ ലേഔട്ട് ചെയ്തത്. അതെല്ലാം പ്രസുകാർ മാറ്റി. അവസാനനിമിഷം നടത്തിയ ഫോണ്ടുമാറ്റവും സോഫ്റ്റ്‌വെയർമാറ്റവും മൂലം വന്ന തെറ്റുകളോടെ അച്ചടിച്ച ലക്ഷക്കണക്കിനു പുസ്തകങ്ങൾ പാഴാകുകയും ചെയ്തതായാണ് അറിഞ്ഞത്.

ടെക്കും ലാടെക്കും

മനോജ്: ഇപ്പറഞ്ഞ ടെക്കിലല്ലേ സി.വി.ആർ. ശാസ്ത്രജേർണലുകൾ ചെയ്യുന്നത്? ടെക്കിനെപ്പറ്റി ഒന്നു ചുരുക്കി പറയാമോ?

സി.വി.ആർ.: ടെക് ഒരു ടൈപ്പ് സെറ്റിങ് സംവിധാനമാണ്. ടെക്കിൽ എഴുതിയ 'ഡോക്യുമെന്റ് മാർക്കപ് ലാങ്ഗ്വേജാ'ണ് ലാടെക്. ടെക് എന്ന് ഉച്ചരിക്കുമെങ്കിലും സ്പെല്ലിങ് TEX എന്നാണ്. ഇത് എഴുതേണ്ടത് ഇങ്ങനെയല്ല. E അല്പം താഴ്ന്നു നില്ക്കണം—TeX—ഇങ്ങനെ. ലാടെക് എന്ന് എഴുതുന്നതും ഇതുപോലെയാണ്. A അല്പം ചെറുതായി L-ന്റെ മടിയിൽ കയറി ഇരിക്കും. പുതിയ വേർഷന്റെ പേരായ LaTeX2$_\varepsilon$-ൽ ഇറ്റാലിക്സിൽ ഒരു എപ്സിലോണും ഉണ്ട്. ഇങ്ങനെയൊക്കെ അനായാസം ടൈപ്പ് സെറ്റ് ചെയ്യാൻ ടെക്കിൽ കഴിയും എന്നു കാണിക്കാൻതന്നെയാണ് ഇത്തരത്തിൽ എഴുതുന്നത്. കാരണം അതാണ് ടെക്കിന്റെ പ്രത്യേകതയും ഉപയോഗവും.

ശാസ്ത്ര-ഗണിതചിഹ്നങ്ങൾ, സങ്കീർണ്ണമായ സമവാക്യങ്ങൾ, മ്യൂസിക് സ്കോറുകൾ, ചെസ് നീക്കങ്ങൾ എന്നിങ്ങനെ സാധാരണ വേഡ് പ്രോസസറുകളിലോ ടെക്സ്റ്റ് എഡിറ്ററുകളിലോ ചെയ്യാൻ കഴിയാത്തതും പേജിനേഷൻ, ഡിസൈൻ സോഫ്റ്റ്‌വെയറുകളിൾ പണിപ്പെട്ടുമാത്രം ചെയ്യാവുന്നതുമായ കാര്യങ്ങൾ കീബോർഡ് കമാൻഡുകളിലൂടെ അനായാസം ടൈപ്സെറ്റ് ചെയ്യാം എന്നതാണ് ഇതിന്റെ ഒരു പ്രത്യേകത. ഫോണ്ട്, വലിപ്പം, സ്റ്റൈൽ, സ്പേസിങ്, കേണിങ്, ലിഗേച്ചർ, ഊന്നൽ, ടൈറ്റിലിങ്, ഉപടൈറ്റിലിങ്, പട്ടികകൾ, ഡേറ്റയിൽനിന്നു രൂപപ്പെടുത്തുന്ന ഡയഗ്രങ്ങൾ, ബിബ്ലിയോഗ്രഫി, ഇൻഡെക്സ്, വരിയും പേജും മുറിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ എന്നിവയൊക്കെയും ടൈപ്പ് ചെയ്യുന്ന വേളയിൽത്തന്നെ കമാൻഡായി ടൈപ്പ് ചെയ്തു പോകാം. ടൈപ് ചെയ്തിട്ട് ഇവയോരോന്നും തെരഞ്ഞെടുത്ത് പ്രത്യേകമായി ഫോർമാറ്റ് നല്കാൻ ഓരോതവണയും കമാൻഡ് വിൻഡോയിലേക്കും തിരികെ ടെക്സ്റ്റിലേക്കും വരേണ്ട. അതുകൊണ്ടുതന്നെ അക്കാദമികപ്രബന്ധങ്ങൾ, ജേണലുകൾ, പുസ്തകങ്ങൾ, ഓൺലൈൻ വായനസാമഗ്രികൾ എന്നിവയെല്ലാം തയ്യാറാക്കാൻ ഇതാണ് ഏറ്റവും അനുയോജ്യം.

ഇടത്ത്: പ്രൊഫ. ഡൊണാൾഡ് ഇർവിൻ ക്നൂത് (1938-ൽ ജനനം), സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി കമ്പ്യൂട്ടർ സയൻസ് അദ്ധ്യാപകൻ, ഗണിതശാസ്ത്രജ്ഞൻ. "ആർട്ട് ഓഫ് കമ്പ്യൂട്ടർ പ്രോഗ്രാമിങ്" എന്ന ബൃഹദ്ഗ്രന്ഥ പരമ്പര ടൈപ്സെറ്റ് ചെയ്യുവാനായി എഴുപതുകളിൽ ടെക് എന്ന പാഠവിന്യാസക്രമം വികസിപ്പിച്ചു. അന്നു നിലവിലുണ്ടായിരുന്ന സോഫ്റ്റ്‌വേറുകൾ ഗണിതസമവാക്യങ്ങളും സംജ്ഞകളും വിന്യസിക്കാൻ അപര്യാപ്തമായിരുന്നു. വലത്ത്: സെബാസ്റ്റ്യൻ റാറ്റ്സ് (1955–2016). ഓക്ഫെഡ് യൂണിവേഴ്സിറ്റി കമ്പ്യൂട്ടിങ് സെർവീസസിൽ ചീഫ് ഡാറ്റാ ആർക്കിടെക്റ്റായിരിക്കെ ദിവംഗതനായി. നിരവധി ടെക് ലൈബ്രറികളുടെ കർത്താവ്, ടെക് ഡിസ്ട്രിബ്യൂഷൻ എഡിറ്റർ, സിറ്റാൻ സ്ഥാപകൻ, റ്റിഇഐ എക്സ്എംഎൽ, ഓക്സ്ഫോർഡ് റ്റെക്സ്റ്റ് ആർക്കൈവ് എന്നീ സംരഭങ്ങളിലെ സജീവപ്രവർത്തകൻ, ഇന്ത്യൻ ടെക് യൂസേഴ്സ് ഗ്രൂപ്പിന്റെ ഉദ്ഘാടകൻ.



ഇടത്തുനിന്ന്: പരിസ്ഥിതി പ്രവർത്തകയായ കാതറീൻ ലീ കാമ്പസ് സന്ദർശിച്ചപ്പോൾ; റിവർ വാലിയിൽ ഇടയ്ക്കിടെ എൽസേവിയർ നടത്തുന്ന ടെക്നോളജി ഓഡിറ്റുകളിൽ ഒന്ന്.

ഇടയ്ക്ക് വായനക്കാരോടു പറയട്ടെ, ഞാനും ടെക്കിന്റെ ഒരു ഗുണഭോക്താവായി. പബ്ലിക് റിലേഷൻസ് വകുപ്പിനുവേണ്ടി 'സർക്കാർധനസഹായപദ്ധതികൾ' എന്ന പുസ്തകം തയ്യാറാക്കിയത് ടെക്കിലാണ്. സി.വി.ആർ. അതു സൗജന്യമായി ചെയ്തുതരികയായിരുന്നു. ആ പുസ്തകത്തിന്റെ ക്ലാസിക്കൽ കെട്ടും മട്ടും മാത്രമല്ല, ആദ്യന്തം പുലർത്താൻ കഴിഞ്ഞ ഏകതാനതയും എന്നെ അത്ഭുതപ്പെടുത്തി. ഉള്ളടക്കത്തിൽ നിന്നു ജനറേറ്റ് ചെയ്ത അകാരാദിക്രമത്തിലുള്ള പദസൂചിക (index) വിസ്മയിപ്പിച്ചുകളഞ്ഞു. പുസ്തകത്തിൽ ഉൾപ്പെട്ട മുഴുവൻ പദ്ധതികളുടെയും പേര് അകാരാദിക്രമത്തിൽ ടെക്കുതന്നെ അടുക്കി പേജുനമ്പരും ചേർത്തു തന്നു. ഇത് ഉപഭോക്താക്കൾക്കു വലിയ സഹായമായി. പുസ്തകത്തെ കൂടുതൽ ഉപഭോക്തൃസൗഹൃദമാക്കി.

സി.വി.ആർ.: ഇൻഡിസൈൻ ഒക്കെ പോലുള്ള പേജിനേഷൻ സോഫ്റ്റ്വെയറുകളിൽ പദസൂചിക തയ്യാറാക്കുന്ന പണി നമ്മൾ ചെയ്യണം. വേണ്ട ഓരോ പദത്തിനും നമ്പരിട്ടു പോകണം. ഇവ ഓരോന്നും അക്ഷരക്രമത്തിൽ പട്ടികയാക്കണം. ലേ ഔട്ട് കഴിഞ്ഞ് അവ ഓരോന്നും ഉള്ള പേജുകൾ കണ്ടുപിടിച്ച് ആ നമ്പരുകൾ ചേർത്ത് ടൈപ്പ് ചെയ്ത് പദസൂചിക തയ്യാറാക്കണം. ഇത്രയുമൊക്കെ കഴിഞ്ഞ് ആദ്യഭാഗത്തെ കുറെ ഖണ്ഡികകൾ ഒഴിവാക്കേണ്ടിവന്നാലോ? ആ ഖണ്ഡികകളിൽനിന്ന് ഉണ്ടായിരുന്ന വാക്കുകൾ പദസൂചികയിൽ നിന്ന് ഒഴിവാക്കണം. ആദ്യം കുറേ ഭാഗം പോകുമ്പോൾ പദസൂചികയിലെ പദങ്ങളുടെയെല്ലാം ക്രമനമ്പരുകളും പേജുനമ്പരുകളും മാറുമല്ലോ. അവയും ആദിമുതൽ വീണ്ടും നോക്കി കണ്ടുപിടിക്കണം. പദസൂചികയിൽ അവ മുഴുവൻ തിരുത്തണം. ഒഴിവായപദങ്ങൾ സൂചികയിൽ കണ്ടുപിടിച്ചു നീക്കണം. ഫുട്നോട്ടുകളുടെയുംമറ്റും ക്രമനമ്പരും പേജും മാറും. അവ മുഴുവൻ അതതു പേജിൽപ്പോയി തിരുത്തണം. എന്തൊരു അദ്ധ്വാനമാണെന്നു നോക്കൂ. എന്നാൽ, ടെക്കിലാണെങ്കിൽ എത്ര ഭാഗം എടുത്തുകളഞ്ഞാലും കൂട്ടിച്ചേർത്താലും ഞൊടിയിടയിൽ അതു സ്വയം എല്ലാം ശരിയാക്കിത്തരും.

ഗഹനമായ അക്കാദമികപ്രബന്ധങ്ങളൊക്കെ എഴുതുമ്പോൾ ഖണ്ഡികകളും പട്ടികകളും പടങ്ങളുംമറ്റും ഒഴിവാക്കുകയോ കൂട്ടിച്ചേർക്കുകയോ സ്ഥാനം മാറ്റുകയോ ഒക്കെ ചെയ്യേണ്ടിവരുമല്ലോ. അപ്പോൾ, ഇൻഡക്സും ഫൂട്ട് നോട്ടും അദ്ധ്യായം, പട്ടിക, ചിത്രങ്ങൾ തുടങ്ങിയവയുടെയൊക്കെ നമ്പരുകളുമെല്ലാം

മാറും. ടെക്കിലല്ല ചെയ്യുന്നതെങ്കിൽ ഇതൊക്കെ ശരിപ്പെടുത്താനും ഫോർ മാറ്റിങ്ങിനുമായി ഇടയ്ക്കിടയ്ക്കു ശ്രദ്ധ മാറ്റേണ്ടിവരുന്നത് എഴുത്തിന്റെ ഒഴുക്കിനെ ബാധിക്കുന്നു എന്നു കണ്ടു. ഇതുമൂലം നമ്മുടെ സാദ്ധ്യതകൾ പരിമിതപ്പെട്ടു ന്നെന്നും ഗുണനിലവാരം താഴുന്നെന്നും അമേരിക്കൻ നാഷണൽ സയൻസ് ഫൗണ്ടേഷൻ കണ്ടെത്തി. അവർ വലിയൊരു പ്രൊജക്റ്റ് ഉണ്ടാക്കി. പ്രബന്ധ ങ്ങൾ ടെക്കിൽ നല്കണം എന്നു നിഷ്കർഷിച്ചു. ഗവേഷകർ സ്വയമാണു ടൈപ്പി ങ്. ഒരു പ്രത്യേക ഫോണ്ട് തന്റെ പ്രബന്ധത്തിന് ആവശ്യമാണെന്നുവന്നാൽ അയാൾക്കുതന്നെ ടെക്കിൽ അതു തയ്യാറാക്കാം. ഇതൊക്കെക്കൊണ്ട് അമേ രിക്കയിലും മറ്റുമുള്ള സർവ്വകലാശാലകൾ ഗവേഷണം തുടങ്ങും മുമ്പു ഗവേ ഷകർ ടെക് പഠിച്ചിരിക്കണം എന്നതു നിർബ്ബന്ധമാക്കിയിട്ടുണ്ട്. ഒരുപക്ഷേ, നമ്മുടെ നാട്ടിൽ മാത്രമേ ഇതൊന്നും ഇല്ലാതെയുണ്ടാകൂ എന്നു തോന്നുന്നു. ഇവിടെ പ്രബന്ധങ്ങൾ യൂണിക്കോഡിലും ടെക്സ്റ്റ് ഫോർമാറ്റിലും വെബ്ബിൽ പ്രസിദ്ധീകരിക്കാൻതന്നെ സർവ്വകലാശാലകൾക്കു വൈമുഖ്യമല്ലേ! ഗവേഷ ണങ്ങളുടെ നിലവാരവും ആ നിലയ്ക്കേ ഉള്ളല്ലോ.

ടെക്സ്റ്റിന്റെ ജൈത്രയാത്ര

മനോജ്: ടെക്കും മറ്റു ടെക്സ്റ്റ് എഡിറ്ററുകളും തമ്മിലുള്ള വ്യത്യാസം എന്താണ്?



കാമ്പസിലെ കാലിത്തൊഴുത്ത്, മുകളിൽ നിന്നുള്ള കാഴ്ച. (കടപ്പാട്: ഇ. പി. ഉണ്ണി)

താത്വികനായ പി ഗോവിന്ദപ്പിള്ള കാമ്പസ് സന്ദർശിച്ചപ്പോൾ.

സി.വി.ആർ.: ഇതു മനസിലാകണമെങ്കിൽ ടെക്സ്റ്റിന്റെ കമ്പ്യൂട്ടർ പ്രയോഗങ്ങൾ പറയണം. ടൈപ്പ് റൈറ്ററിൽനിന്നുള്ള പുരോഗതി ആയിരുന്നു വേഡ് പ്രോസസറുകൾ. ടൈപ്പ് റൈറ്റർ പോലെ വേഡ് പ്രോസസറുകളും വൈകാതെ കാലഹരണപ്പെടും. അവയിൽ ചെയ്തുവച്ചിട്ടുള്ള സകല ആർക്കൈവും നഷ്ടമാകും.

മനോജ്: അല്പംകൂടി വിശദീകരിക്കാമോ?

സി.വി.ആർ.: ആസ്കി ഫോണ്ടിലുള്ള മലയാളം ടെക്സ്റ്റ് നോട്ട് പാഡിൽ വായിക്കാൻ പറ്റുമോ? ഇല്ല. അതേസമയം യൂണിക്കോഡ് ഫോണ്ട് വായിക്കാം. നോട്ട് പാഡിൽ a b c എന്ന് അടിച്ചാൽ ഏതു കമ്പ്യൂട്ടറിലും a b c എന്നു കാണാം. അതിനപ്പുറം ഇറ്റാലിക്സും ബോൾഡും ഒന്നുമായി കാണില്ല. വേഡ് പ്രോസസർ വന്നപ്പോൾ ഇതൊക്കെ സാദ്ധ്യമായി. ഫോണ്ടുകൾ യഥേഷ്ടം മാറ്റാം. ഈ ഓരോ മാറ്റത്തിനും ഓരോ കമാൻഡുണ്ട്. മാറ്റം വരുത്തിയ ഭാഗത്തിനു മുന്നിലും പിന്നിലും കമാൻഡ് ഉണ്ട്. ഇത് ഓരോ വേഡ് പ്രോസസറിനും അതിന്റെതന്നെ ഓരോ പതിപ്പിനും വ്യത്യസ്തമാകും. അതു ബൈനറി ആയി മാറും. അതിനാൽ നമുക്കതു ദൃശ്യമാവുകയുമില്ല.

ഇങ്ങനെ പ്രോസസ് ചെയ്ത ഡാറ്റ എപ്പോൾ വേണമെങ്കിലും എടുത്ത് അതേരൂപത്തിൽ ഉപയോഗിക്കാം എന്ന അബദ്ധധാരണയാണു പലർക്കും ഉള്ളത്. സോളാരിസ്, മെയിൻ ഫ്രെയിം തുടങ്ങിയവയിലേക്കൊക്കെ മാറ്റി

യാൽ ഫോർമാറ്റിങ്ങൊന്നും കിട്ടില്ല. ലോകത്തെ കമ്പ്യൂട്ടറുകളിലെല്ലാം വിൻഡോസ് ആണെന്ന ധാരണയിൽനിന്നാണ മുഴുവൻ കുഴപ്പവും ഉണ്ടായത്. വേഡിലെ ടെക്സ്റ്റ് ഇന്റർനെറ്റിലേക്ക പകർത്തിനോക്കൂ. നോട്ട് പാഡിലെപ്പോലെയേ വരൂ. നെറ്റിലും മറ്റ സിസ്റ്റങ്ങളിലും സംരക്ഷിക്കുന്ന ശേഖരങ്ങളിലുമൊക്കെ ഇതാണ സംഭവിക്കുന്നത്. ഇതു തിരികെ വേഡിലേക്ക വീണ്ടും പകർത്തിയാലോ? വേഡിൽ ആദ്യം ചെയ്തിരുന്ന ഫോർമാറ്റിങ്ങൊന്നും ഉണ്ടാവില്ല. ടെക്സ്റ്റ് എഡിറ്ററിന്റെ ബൈനറിയിലുള്ള ഫോർമാറ്റിങ് കമാൻഡുകൾ നഷ്ടമായി അസംസ്കൃതമായ ടെക്സ്റ്റ് മാത്രം ശേഷിക്കും.

സോഫ്റ്റ്‌വെയറുകൾ മാറുന്നു, വേഡ് പ്രോസസറുകൾ മാറുന്നു, പുതിയ പതിപ്പുകൾ വരുന്നു, അവയുടെ പല സ്വഭാവവിശേഷവും പോകുന്നു, ചിലതു മാറുന്നു... അതിന്റെ കുഴപ്പം നാം മനസിലാക്കുന്നത് കഴിഞ്ഞ പത്തുപന്ത്രണ്ടുകൊല്ലത്തിനിടെയാണ്. വികസിതരാജ്യങ്ങൾ നേരത്തേ മനസിലാക്കി. അവിടങ്ങളിൽ മാനകീകരണത്തിനു ശ്രമം നടക്കുകയാണ്. ഡേറ്റാ എൻട്രിങ്ങിനും സംസ്കരണത്തിനും വെവ്വേറെ പ്രക്രിയ ആക്കേണ്ടിവന്നു.

ടെക്സ്റ്റ് എങ്ങനെ ദൃശ്യമാകണമെന്ന നിർദ്ദേശം അസംസ്കൃതമായ ടെക്സ്റ്റ് തന്നെയായി ചേർക്കുകയാണ് ഇതിനുള്ള പരിഹാരം. ഇതിനു മാർക്അപ് എന്നു പറയും. കാണേണ്ടരൂപത്തിൽ ദൃശ്യമാക്കുമ്പോൾ മാത്രം ഇതു മറയും. മാർക്കപ്പിനുപകരം അതുകൊണ്ട് ഉദ്ദേശിച്ച രൂപമാറ്റം ദൃശ്യമാകും. മാർക്കപ്പിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശമനുസരിച്ച് പാഠത്തെ ദൃശ്യവത്ക്കരിക്കാനുള്ള സോഫ്റ്റ്‌വേർകൂടി ഈ രീതിയുടെ ഭാഗമായതിനാലാണ് ഇതു സാധിക്കുന്നത്.

ഈ ഡേറ്റ എത്രകാലം കഴിഞ്ഞാലും നാം നല്കിയ രൂപഘടനയിൽ കാണാം, ഉപയോഗിക്കാം. കോഡുകൾകൂടി മാനകീകരിച്ചാൽ ലോകത്ത് എവിടെയും ഏതു സിസ്റ്റത്തിലും ഏതു സോഫ്റ്റ്‌വെയറിലും സംസ്കരിച്ച രൂപത്തിൽ ത്തന്നെ അതു കാണാം. അങ്ങനെയാണ് SGML-ഉം XML-ഉം ഉണ്ടായത്. ചുരുക്കത്തിൽ, ഇവിടെ പാഠനിവേശനവും പാഠത്തിന്റെ ദൃശ്യവത്ക്കരണവും രണ്ടു വ്യത്യസ്ത പ്രക്രിയകളായി വേർതിരിച്ചിരിക്കുന്നു.

ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് വെബ്സൈറ്റുകളിൽ നമ്മൾ ഉപയോഗിക്കുന്ന HTML രൂപത്തിലുള്ള പ്രമാണങ്ങൾ. മാനകീകരിച്ച മാർക്കപ് കോഡുകളാണ് HTML പാഠത്തിനായി ഉപയോഗിക്കുന്നത്. ലോകത്ത് ഏവർക്കും ആ കോഡുകൾ മാത്രമേ ഉപയോഗിക്കാനാവുകയുള്ളൂ. എന്നിട്ടും എല്ലാ വെബ്പേജുകളും കാഴ്ചയ്ക്ക വ്യത്യസ്തമാണ്. എന്തുകൊണ്ടെന്നാൽ, ഈ മാർക്കപ് ഉപയോഗിച്ച പാഠത്തെ ബ്രൗസറിൽ എങ്ങിനെ ദൃശ്യവത്ക്കരിക്കണമെന്നു തീരുമാനിക്കുന്നതു് CSS (Cascading Style Sheet) എന്ന സോഫ്റ്റ്‌വേറാണ്. അപ്പോൾ ഈ CSS-നെ വേറൊരു ശൈലിയിൽ എഴുതിയാൽ അതേ വെബ്പേജിനെ (പാഠത്തെ) പുതിയ രീതിയിൽ ദൃശ്യവത്ക്കരിക്കാൻ കഴിയും.

മനോജ്: വീണ്ടും വിശദീകരണം വേണ്ടിവരുന്നു. SGML, XML ഒക്കെ?



ഇടത്തു്: ഡോ. ചാൾസ് ഗോൾഡ്ഫാർബ്, ഐബിഎമ്മിന്റെ അൽമാദേൻ ഗവേഷണ കേന്ദ്രത്തിൽ ശാസ്ത്രജ്ഞനായി പ്രവർത്തിക്കുമ്പോൾ 1969-ൽ ജെനറലൈസ്ഡ് മാർക്കപ് ലാംഗ്വേജ് (GML) എന്ന രീതിക്ക് രൂപം നല്കി. 1979-ൽ അദ്ദേഹം തന്നെ നേതൃത്വം കൊടുത്ത ഐഎസ്ഓ വർക്കിങ് ഗ്രൂപ് ജിഎംഎലിനെ സ്റ്റാൻഡേർഡ് ജനറലൈസ്ഡ് മാർക്കപ് ലാംഗ്വേജ് (SGML) എന്ന പേരിൽ മാനകീകരിച്ചു. ഇന്ന് വെബിനെ ഭരിക്കുന്ന എച്ടിഎംഎൽ (HTML) എന്ന മാർക്കപ് സമ്പ്രദായം എസ്ജിഎംഎലിന്റെ ഏറ്റവും വിജയിച്ച പ്രയോഗങ്ങളിൽ ഒന്നാണ്. വലത്തു്: പ്രൊഫ. കെ. എസ്. എസ്. നമ്പൂരിപ്പാട് (1935–2020), ലോകം ആദരിക്കുന്ന കേരളത്തിൽ നിന്നുള്ള ഗണിതശാസ്ത്രജ്ഞൻ, കേരള സർവ്വകലാശാല ഗണിതവിഭാഗം മേധാവിയായി വിരമിച്ചു. സെമിഗ്രൂപ്പ് സിദ്ധാന്തത്തിലൂന്നിയ ബൈഓർഡേഡ് സെറ്റ് എന്ന സരണിയുടെ ഉപജ്ഞാതാവ്. സ്വതന്ത്രസോഫ്റ്റ്വേറിന്റെയും ടെക്കിന്റെയും വ്യാപനത്തിനായി അനവരതം പ്രയത്നിച്ചു. ഇന്ത്യൻ ടെക് യൂസേഴ്സ് ഗ്രൂപ്പിന്റെ സ്ഥാപകപ്രസിഡന്റ്.

സി.വി.ആർ.: പറയാം. അല്പം പഴയകാര്യം പറയേണ്ടിവരും. ഐ.ബി.എമ്മിന്റെ മെയിൻ ഫ്രെയിം കമ്പ്യൂട്ടറിന്റെ സാങ്കേതികരേഖകൾ (technical documentation) പത്തുലക്ഷം പേജായിരുന്നു! കമ്പ്യൂട്ടർ വില്ക്കുമ്പോൾ ഈ രേഖയും നല്കും. സോഫ്റ്റ്വെയറിൽ നവീകരണം വരുമ്പോഴെല്ലാം ഈ രേഖയുടെ പുതിയ പതിപ്പു നല്കണം. വളരെ വേഗം കമ്പ്യൂട്ടറിൽ നവീകരണം നടക്കുന്നതിനാൽ വീണ്ടും വീണ്ടും പുതിയ പതിപ്പ് അച്ചടിച്ച് വിതരണം ചെയ്യുന്നതിലെ ബുദ്ധിമുട്ട് ഒഴിവാക്കാൻ കണ്ടെത്തിയ മാർഗ്ഗമാണ് ഈ രേഖകൾ ഒരു കേന്ദ്രസെർവ്വറിൽ ഇട്ട് നെറ്റ്വർക്കുവഴി ലഭ്യമാക്കുക എന്നത്. ചാൾസ് ഗോൾഡ്ഫാർബ് (Charles Goldfarb) ഇതിന് ഒരു രീതി ഉണ്ടാക്കി. ഈ വിവരങ്ങൾ കമ്പ്യൂട്ടർ വാങ്ങുന്നവർക്കു കാണാം. മാറ്റങ്ങൾ വരുത്തുമ്പോൾ അപ്പപ്പോൾ എടുക്കുകയും ചെയ്യാം.

എഴുത്തും മാർക്കപ്പും വെവ്വേറെ ആക്കിയ ഈ രീതി വന്നതോടെ, ഏറ്റ

വും വിപുലമായ ഡേറ്റ കൈവശമുള്ള അമേരിക്കൻ അസോസിയേഷൻ ഓഫ് പബ്ലിഷേഴ്സ് ചാടിവീണു. ഐബിഎമ്മിൽനിന്ന് ആ മാർക്കപ് ലാങ്ഗ്വേജ് (IML) വാങ്ങി ജനറിക് മാർക്കപ് ലാങ്ഗ്വേജ് (GML) അവർ ഉണ്ടാക്കി. ഗോൾഡ്ഫാർബ് നല്കിയ പേരാണത്. വൈകാതെ പലതരം ജിഎംഎലുകളായി. ഒന്നും പരസ്പരം പൊരുത്തപ്പെടില്ല. അങ്ങനെയാണു മാനകീകരണം (standardisation) വേണ്ടിവന്നത്. ഐഎസ്ഒയ്ക്കു പ്രൊപ്പോസൽ നല്കി. 1979-ൽ കമ്മിറ്റിയായി. ഗോൾഡ്ഫാർബ് തന്നെ ആയിരുന്നു അദ്ധ്യക്ഷൻ. എല്ലാ രാജ്യത്തെയും പ്രസാധകരുടെ പ്രതിനിധികൾ അംഗങ്ങളും. അങ്ങനെ ആദ്യമായി സ്റ്റാൻഡേഡ് ജനറലൈസ്ഡ് മാർക്കപ് ലാങ്ഗ്വേജ് (SGML) ഉണ്ടായി.

ഞങ്ങൾ തുടങ്ങുമ്പോൾ എസ്ജിഎംഎലേ ഉള്ളൂ. എക്സ്എംഎൽ വന്നിട്ടില്ല. എസ്ജിഎംഎൽ വളരെ കർക്കശവും സങ്കീർണ്ണവും ആളുകളെ പിന്തിരിപ്പിക്കുന്നതും ആയിരുന്നു. തൊണ്ണൂറു ശതമാനം സങ്കീർണ്ണതയും മാറ്റി വികസിപ്പിച്ചതാണ് എക്സ്റ്റെൻസിബിൾ മാർക്കപ് ലാങ്ഗ്വേജ് എന്ന എക്സ്എംഎൽ.

2000-ത്തോടെയാണ് പ്രസാധകർ എക്സ്എംഎലിലേക്കു വരുന്നത്. കേരളത്തിൽ ഇപ്പോഴും നാം ഇതേപ്പറ്റിയൊന്നും ആലോചിക്കുന്നതായിപ്പോലും അറിയില്ല. ഡി.സി. ബുക്സ് ഇപ്പോൾ ഈ സമ്പ്രദായം സ്വീകരിച്ചതായി അറിയുന്നു. പാഠപുസ്തകം അടക്കമുള്ള എല്ലാ പുസ്തകവും ഈ രൂപത്തിൽ തയ്യാറാക്കുന്നതാണു നാം ആലോചിക്കേണ്ടത്.

ഡേറ്റ എന്നാൽ എക്സ്എംഎൽ

മനോജ്: വേഡ് പ്രോസസറിൽനിന്ന് ഇതിനുള്ള മെച്ചം എന്താണ്?

സി.വി.ആർ.: വെബ്ബിലെ എച്ച്ടിഎംഎൽ ഒക്കെ എസ്ജിഎംഎലി(SGML)ൽനിന്നു രൂപപ്പെടുത്തിയതാണ്. വെബ്പേജുകൾ ഒരേരീതിയിൽ ലോകം മുഴുവൻ കാണാൻ പറ്റുന്നത് ഇതുകൊണ്ടാണെന്നു പറഞ്ഞല്ലോ. ഇതുപോലെതന്നെ എക്സ്എംഎലിൽ തയ്യാറാക്കുന്ന ഫയലുകൾ എവിടെയും ഏതുകാലത്തും ഒരേപോലെ കാണാം. ഇപ്രകാരം സൂക്ഷിച്ചാൽ ഒരിക്കൽ അച്ചടിക്കു തയ്യാറാക്കിയ പുസ്തകം അതേ രൂപത്തിൽ വീണ്ടും അച്ചടിക്കാൻ കഴിയും. മാർക്കപ് നിർദ്ദേശങ്ങൾ മാറ്റിയാൽ പേജുകളും പുസ്തകവും പുതിയ വ്യക്തിത്വത്തിൽ ആക്കാനും കഴിയും. സോഫ്റ്റ്‌വെയർ മാറുന്നതിനനുസരിച്ച് കാലഹരണപ്പെടില്ല. കാരണം, വേഡ് പ്രോസസറുകളിലെപ്പോലെ ബൈനറിയായല്ല ഇതിൽ കോഡുകൾ ഇരിക്കുന്നത്; ആസ്കി (ASCII) ആയാണ്. ടെക്സ്റ്റിലേക്ക് ഉരുകിച്ചേരാതെ കോഡ് സ്വതന്ത്രമായി നില്ക്കുന്നു. നിർദ്ദേശക്കോഡുകൾ മാറ്റി വെറും ടെക്സ്റ്റായും ഇത് ഉപയോഗിക്കാം.

ആറേഴുകൊല്ലത്തിനിടെ വേഡ് പ്രോസസറും ബൈനറിയിൽനിന്നു മാർക്കപ്പിലേക്കു മാറി. കോഡ് നമുക്കു കാണാൻപറ്റില്ല എന്നുമാത്രം.

മനോജ്: വേഡ് പ്രൊസസറും എക്സ്എംഎൽ രീതിയിലായെങ്കിൽ പിന്നെ എന്തിനു നാം അതിൽനിന്നു മാറണം?

സി.വി.ആർ.: ഈ മാറ്റം വന്നത് .docx-ലാണ്. ഇതിലെ x എക്സ്എംഎലിന്റെ സൂചകമാണ്. പക്ഷേ, ഇതിൽ സംഭവിക്കുന്നത് റെൻഡറിങ് മാത്രമാണ്. അതിലു

പരി ഘടനപ്പെടുത്തൽകൂടിയാണ നാം ലക്ഷ്യംവച്ചത്. ടെക്സ്റ്റിനെ അവാന്ത രവിഭാഗങ്ങളായി ചെറുചെറുതലങ്ങളിലേക്ക തിരിക്കാം. ലോജിക്കൽ സ്ട്രക്ച റിങ് എന്നു പറയാം. ഇത് വേഡിനു വിഷയമല്ല. എക്സ്എംഎലിൽ പറ്റുന്നതു പോലൊന്നും അതിൽ പറ്റില്ല. ഏറെക്കാലത്തേക്ക സൂക്ഷിക്കാനും ആവില്ല. ഗസറ്റിന്റെ കാര്യം എടുക്കാം. പൂർണ്ണമായും ഘടനപ്പെടുത്തി എടുക്കാം. റെൻ ഡറിങ്ങിനു മാത്രമുള്ള സോഫ്റ്റ്‌വെയറിൽ ചെയ്താൽ പലതരം സൂക്ഷിക്കൽ, വീ ണ്ടെടുക്കൽ സാദ്ധ്യതകൾ ഇല്ലാതാകും. അപ്പോഴത്തെ ആവശ്യം നടക്കും. പക്ഷേ, വിവരത്തിന്റെ ഉടമകൾക്ക് അതിന്റെ സംരക്ഷണവും പരിപാലനവും അടക്കമുള്ള കാര്യങ്ങൾ ഉണ്ടല്ലോ.

മനോജ്: അങ്ങനെയെങ്കിൽ നമ്മുടെ ഭാഷയിൽ ഇപ്പോഴുള്ള അതിവിപുലമായ വി വരശേഖരങ്ങൾ എങ്ങനെ എക്സ്എംഎലിലേക്ക മാറ്റും? അതൊരു ഭഗീരഥപ്ര യത്നം ആകുമല്ലോ!

സി.വി.ആർ.: മഹാരാഷ്ട്ര സർക്കാരിന് ഈ ആവശ്യബോധം ഉണ്ടായപ്പോൾ അവർ ഐഐറ്റിയോടു ചോദിച്ച ചോദ്യമാണിത്. അവർ അതിനുത്തരം തേടുകയാ ണ്. സെക്രട്ടേറിയറ്റ്, കോടതികൾ, നിയമസഭ, മറ്റനവധി സ്ഥാപനങ്ങൾ എന്നിവയൊക്കെ ഈ വെല്ലുവിളി നേരിടാൻപോകുകയാണ്. കമ്മിറ്റികൾ,

കോഴിക്കോട്ട് സർവ്വകലാശാല സംഘടിപ്പിച്ച പ്രബന്ധരചനയുടെ സാങ്കേതികതയെക്കുറി ച്ചുള്ള ശില്പശാലയിൽ ശാസ്ത്രജ്ഞനായ ഡോ. താണു പത്മനാഭനോടൊപ്പം സിവിആർ.

യോഗതീരുമാനങ്ങൾ, റിപ്പോർട്ടുകൾ, അവലോകനം, നിരീക്ഷണം, കുറിപ്പുകൾ, ഡ്രാഫ്റ്റിങ് തുടങ്ങിയവയെല്ലാം പറ്റുന്ന ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയാണു പരിഹാരം; വേണ്ട ഘടനയിൽ (structure) ആക്കിക്കിട്ടുന്ന ടെംപ്ലേറ്റിങ് രീതി ഉള്ളത്. ബ്രൗസറധിഷ്ഠിതമായ സിസ്റ്റത്തിൽ ഈ ടെംപ്ലേറ്റ് വന്നു നില്ക്കും. അതിൽ ടെക്സ്റ്റ് ഇടണം. എപ്പോൾ വേണമെങ്കിലും കാണാം. കാണേണ്ടവർക്കു മാത്രം കാണാവുന്ന രീതിയിലും ചെയ്യാം. സർക്കാരുകളിലെ ഫയൽപരിപാലനസംവിധാനമൊക്കെ ഈ രീതിയിലാണ്.

സൂക്ഷിക്കേണ്ട രേഖകൾക്ക് ഇത് ആവശ്യമാണ്. കാരണം, ഇന്നത്തെ കമ്പ്യൂട്ടറുപകരണങ്ങളോ സോഫ്റ്റ്‌വെയറുകളോ ഒന്നും കുറച്ചുനാൾ കഴിഞ്ഞാൽ ഉണ്ടാകണമെന്നില്ല.

മനോജ്: പ്രസാധകർക്ക് ഇത് എങ്ങനെയാണു ബാധകമാകുക?

സി.വി.ആർ.: അവർക്ക് ഏറ്റവും പ്രസക്തമായ കാര്യമാണിത്. 'എക്സ്എംഎൽ-ഫസ്റ്റ്-വർക്ക്ഫ്ലോ' (XML-first-workflow) എന്നാണ് എക്സ്എംഎലിനെ പറയുന്നതുതന്നെ. എന്തും എക്സ്എംഎൽ തയ്യാറാക്കി അതിൽനിന്നേ മറ്റു പ്രക്രിയകളും റെൻഡറിങ്ങുമെല്ലാം ചെയ്യാവൂ. എന്നിട്ട് ഹൗസ് സ്റ്റൈൽ അനുസരിച്ചു പിഡിഎഫിലേക്കു മാറ്റാം. ഏത് ഓപ്പറേറ്റിങ് സിസ്റ്റം വന്നാലും ഉപകരണം വന്നാലും ഈ എക്സ്എംഎൽ ഉപയോഗപ്പെടുത്താം. ഡേറ്റ എന്നാൽ ഇന്ന് എക്സ്എംഎൽ എന്ന് ആയിക്കഴിഞ്ഞു.

മനോജ്: സോഫ്റ്റ് രൂപത്തിൽ സൂക്ഷിച്ചിട്ടില്ലാത്തവയും പേജിനേഷൻ സോഫ്റ്റ്‌വെയറിനു മുമ്പ് ഉണ്ടാക്കിയവയുമായ പുസ്തകങ്ങളുടെ കാര്യത്തിലോ? അതൊരു വലിയ പ്രശ്നമല്ലേ?

സി.വി.ആർ.: വൻകിടപ്രസാധകരെല്ലാം പഴയ പുസ്തകങ്ങൾ സ്കാൻ ചെയ്തുവച്ചതിൽനിന്ന് എക്സ്എംഎൽ ആക്കുന്ന പണി വ്യാപകമായി ചെയ്യുകയാണ്. ഇംഗ്ലണ്ടിലെ ടെയ്‌ലർ ഫ്രാൻസിസ്, ആർ.കെ.പി. തുടങ്ങിയവരൊക്കെ ഇൻഡ്യയിലും പലരോടും ആവശ്യപ്പെട്ടു. ഞങ്ങളോടുമൊക്കെ ചോദിച്ചു. പലരും ചെയ്യുന്നു.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടൊക്കെ ചെയ്യേണ്ടത് അതാണ്. ടൈപ്പ് സെറ്റിങ്ങിനു കൊടുത്താൽ എക്സ്എംഎലും പിഡിഎഫും ആവശ്യപ്പെടുക. രണ്ടിനും മാനദണ്ഡങ്ങൾ നിശ്ചയിക്കണം. അപ്പോൾ വരാവുന്ന അധികച്ചെലവ് അച്ചടിയും കടലാസുവിലയും കടത്തുകൂലിയും വില്പനച്ചെലവുമൊക്കെയായി നോക്കുമ്പോൾ എത്രയോ തുച്ഛമാണ്. രണ്ടാം എഡിഷൻ മുതൽ ഡിസൈൻചെലവ് ഇല്ലതാനും.

മനോജ്: എക്സ്എംഎലിൽനിന്നു മറ്റു സോഫ്റ്റ്‌വെയറുകളിലേക്കു മാറ്റണമെങ്കിലോ?

സി.വി.ആർ.: ഇതിന് എക്സ്എസ്എൽറ്റി (XSLT) എന്നൊരു ലാങ്ഗ്വേജ് ഉണ്ട്. ഇതുപയോഗിച്ച് എക്സ്എഎലിന്റെ മറ്റു ഡി.റ്റി.ഡി.-കളിലേയ്ക്ക് മാറ്റാം. എക്സ്എസ്എൽ ഫ്ളോ ഓബ്ജക്റ്റ് എന്ന ഫോർമറ്റിങ് രൂപത്തിലേയ്ക്കു മാറ്റാം. ഫോർമാറ്റിങ് നിർദ്ദേശങ്ങൾക്കു ഷോർട്ട് കട്ടുകൾ ഉണ്ടാക്കാം. മൊത്തത്തിൽ 1200-ഓളം കോഡുകളുണ്ട്. എലമെന്റുകൾ എന്നാണ് ഇവയ്ക്കു പറയുന്നത്. ഏറെ പ്രചാ

രമുള്ള ഡി.റ്റി.ഡി.കൾ ഇതുപയോഗിച്ചാണ പാഠത്തെ സൂക്ഷ്മമായരീതിയിൽ സ്ട്രക്ചർ ചെയ്യുന്നത്.

മനോജ്: ഡി.റ്റി.ഡി.കൾ? അതെന്താണ്?

സി.വി.ആർ.: ഡോക്യുമെന്റ് ടൈപ്പ് ഡെഫനിഷൻ എന്നതിന്റെ ചുരുക്കമാണ്.

മനോജ്: വ്യക്തതയ്ക്കുവേണ്ടി ചില പ്രധാന ഡി.റ്റി.ഡി.കൾ പരിചയപ്പെടുത്താമോ?

സി.വി.ആർ.: പല മേഖലയ്ക്കും പല ഡിറ്റിഡികളാണുള്ളത്. അമേരിക്കയിലെ നാഷണൽ ലൈബ്രറി ഓഫ് മെഡിസിന്റെ എൻഎൽഎം ആണ് ഒന്ന്. ഓക്സ്ഫഡ് സർവ്വകലാശാല ആസ്ഥാനമായി പൊതുവുടമസ്ഥതയിലുള്ള കൺസോർഷ്യമായ ടെക്സ്റ്റ് എൻകോഡിങ് ഇനിഷിയേറ്റീവ് (TEI) ആണ മറ്റൊന്ന്. സാങ്കേതികവിഷയങ്ങൾക്കുള്ളതാണ ഡോക് ബുക്. പലതരം കൺവേർഷനുകൾ പറ്റുന്ന ഇതാണ് ലിനക്സിലൊക്കെ ഉപയോഗിക്കുന്നത്. അക്കാദമികജേർണലുകൾക്ക് ഏറ്റവും അനുയോജ്യമായ ഡി.റ്റി.ഡി. എൽസ്വിയർ (Elsevier) ആണ്. ജേർണൽ പ്രബന്ധങ്ങൾക്കും പുസ്തകങ്ങൾക്കും പറ്റുന്ന ഇത് സൗജന്യമായ ഉടമാസോഫ്റ്റ്വെയറാണ്.

ഇവയെല്ലാം സാർവ്വലൗകികമായതിനാൽ ഇവയിൽ തയ്യാറാക്കുന്ന സാമഗ്രികൾ ആർക്കും അയയ്ക്കാം. അതുകൊണ്ട്, ഇത്തരം ഡി.റ്റി.ഡി.കൾ പഠിക്കുന്നത് കോഴ്സുകളുടെ ഭാഗമാക്കണം. ഐറ്റി അറ്റ് സ്കൂൾ വിചാരിച്ചാൽ ഹയർസെക്കൻഡറി തലത്തിൽ പഠിപ്പിക്കാം.

വിവരസംസ്കരണവും പരിപാലനവും

മനോജ്: സർക്കാരുത്തരവുകളൊക്കെ വെബ്സൈറ്റിൽ ഇടുന്നത് പിഡിഎഫായാണ്. അവയൊക്കെ എഡിറ്റുചെയ്യാവുന്ന ഫോർമാറ്റുകളിൽ ഇടുന്നതു ദുരുപയോഗത്തിനു കാരണമാവില്ലേ?

(സിവിആർ പൊട്ടിച്ചിരിച്ചു.)

സി.വി.ആർ.: പിഡിഎഫിൽ ഇട്ടാലും ഒരാൾക്ക് അതേ ഫോണ്ടിലും വലിപ്പത്തിലും ഡിസൈനിലും അതു ടൈപ്പ് ചെയ്ത് ഉണ്ടാക്കിക്കൂടെ? ഇന്നു പിഡിഎഫുകൾ പോലും എഡിറ്റ് ചെയ്യാമല്ലോ. അതൊക്കെ ഇപ്പോഴും പറ്റും. പക്ഷെ, നിങ്ങളുടെ സൈറ്റിൽ ഇട്ടിരിക്കുന്ന ഉള്ളടക്കം മറ്റൊരാൾക്കു തിരുത്താനാവില്ലല്ലോ. സാങ്കേതികവിദ്യയെപ്പറ്റി അറിവില്ലാത്തതുകൊണ്ട് ഉദ്യോഗസ്ഥർക്കുള്ള തെറ്റുധാരണകളാണ് അതൊക്കെ.

വാസ്തവത്തിൽ, കാലാകാലം ഭേദഗതി ചെയ്യപ്പെടുന്ന നിയമങ്ങൾ, മാർഗ്ഗരേഖകൾ, ഉത്തരവുകൾ തുടങ്ങിയവയൊക്കെ ആർക്കൈവ് ചെയ്യുന്നതിന് എക്സ്എംഎലാണ് ഏറ്റവും അനുയോജ്യം. ഇന്നു നാം ആദ്യനിയമം (Bare act) അച്ചടിച്ചു വച്ചിരിക്കുന്നു. വെബ്ബിൽ ഉള്ളതു പിഡിഎഫും. ഭേദഗതികളൊക്കെ കണ്ടാൽ ഒരു എത്തുംപിടിയും കിട്ടില്ല. ആ വാക്കിനു പകരം ഈ വാക്കാക്കി; ആ വാക്യത്തിലെ ഇന്ന ഭാഗം ഇങ്ങനെ മാറ്റി എന്നൊക്കെയേ ഭേദഗതിയിൽ പറയൂ. ഭേദഗതികൾ ഉൾപ്പെടുത്തി പരിഷ്കരിച്ച രൂപവും വെബ്ബിൽ വരും. നാം ഡൗൺലോഡ് ചെയ്തതാണോ അവസാനഭേദഗതിയോടുകൂടിയത് എന്നറി

യാൻ നിയമഭേദഗതികളെപ്പറ്റിയെല്ലാം നന്നായി അറിയുന്നവർക്കല്ലാതെ സാധാരണക്കാർക്ക് ഇന്നു മാർഗ്ഗമില്ല.

അതേസമയം എക്സ്എംഎലിൽ ഇട്ടാൽ ബെയർ ആക്റ്റും എല്ലാ ഭേദഗതികളും ഓരോ ഭേദഗതിക്കും മുമ്പുള്ളതും ശേഷമുള്ളതുമൊക്കെ ഒറ്റ ഡോക്യുമെന്റിൽ കാണാം. ഒരു നിയമത്തിന്റെ വികാസപരിണാമചരിത്രമൊക്കെ അതിൽനിന്നു മനസിലാക്കാം. ബ്രിട്ടിഷ് സർക്കാർ ഇതു ഭംഗിയായി ചെയ്യുന്നുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് പോളിസി ആൻഡ് പ്ലാനിങ്ങിലെ അജയ് ഷായാണ് ഇക്കാര്യം എന്റെ ശ്രദ്ധയിൽ പെടുത്തിയത്. കേന്ദ്രം ഇതിലേക്കു മാറാൻ ശ്രമിച്ച 2010 – 11 കാലത്ത് പാർലമെന്റിൽ അവതരിപ്പിക്കേണ്ട ബില്ലുകൾ എക്സ്എംഎലാക്കി രൂപപ്പെടുത്താൻ അവർ എന്റെ ഉപദേശവും സഹായവും തേടിയിട്ടുണ്ട്. നിയമം ഘടനപ്പെടുത്തൽ വളരെ സങ്കീർണ്ണമാണ്. അണുവിട മാറ്റാനാവാത്ത ഘടനയാണ്. നമ്പരിടലിൽ ആദ്യം റോമൻ, പിന്നെ ആൽഫ എന്നിങ്ങനെയൊക്കെയാണ്. അതുമായി നോക്കുമ്പോൾ ഗണിതമൊക്കെ എത്രയോ എളുപ്പം! ഇപ്പോൾ അവിടെ എല്ലാവർക്കും നന്നായി ടെക് ഉപയോഗിക്കാൻ അറിയാം. ഏതൊക്കെ തലത്തിലെ ഉദ്യോഗസ്ഥർ ഓരോന്നും കാണണം എന്നൊക്കെ തീരുമാനിക്കാം. ഡിജിറ്റൽ സിഗ്നേച്ചറൊക്കെ സുരക്ഷിതമായി വയ്ക്കാം. എല്ലാത്തരത്തിലും നല്ലത്.

മനോജ്: പത്രങ്ങൾക്കും ആനുകാലികങ്ങൾക്കുമൊക്കെ ഇത് എങ്ങനെയാണു പ്രയോജനപ്പെടുക?

സി.വി.ആർ.: *'ദ് ഹിന്ദു'* പത്രവും മറ്റും ബായ്ക്ക് എൻഡ് എക്സ്എംഎലിലാണു ചെയ്യുന്നത്. അതുകൊണ്ടാണ് ഇ-പേപ്പർ നന്നായിരിക്കുന്നത്. മാഗസീനുകളും എക്സ്എംഎലായി സൂക്ഷിക്കുന്നു. ഫോട്ടോകൾ ലിങ്കോടുകൂടി പ്രത്യേകം കിടക്കും. ഹൗസ് സ്റ്റൈൽ കൃത്യമായി പാലിക്കുന്ന *'ദ് എക്കണോമിസ്റ്റ്'* പോലുള്ള പ്രസിദ്ധീകരണങ്ങൾക്ക് ഒരു പേജിൽ ഇത്ര വാക്ക് എന്നുവരെ ഉണ്ട്. അവർക്കു പടവും ടെക്സ്റ്റുമെല്ലാം പേജതിരിനുള്ളിൽ നിർത്തണം. ഒക്കെ സാദ്ധ്യമാണ്.

ഗണിതജേർണലുകൾ സമവാക്യങ്ങളൊക്കെ കോഡ് ചെയ്യുന്നത് 'മാത്ത് എംഎൽ' (MathML)-ൽ ആണ്. ഇതൊക്കെ ഒരുപോലെ റെൻഡർ ചെയ്യാൻ കഴിവില്ലാത്ത ബ്രൗസറുകൾക്കുവേണ്ടി സമവാക്യങ്ങൾ ബാഹ്യലിങ്കുകളിൽ ചിത്രങ്ങളാക്കിക്കൂടി സൂക്ഷിക്കും. ശാസ്ത്രപ്രസാധകരെല്ലാം ഇതാണു ചെയ്യുന്നത്.

മനോജ്: മുമ്പൊക്കെ രൂപകല്പന കഴിഞ്ഞാൽ പിഡിഎഫാക്കി നല്കുകയായിരുന്നല്ലോ. കേരളത്തിൽ ആ നിലയ്ക്കു പൊതുവിൽ മാറ്റമൊന്നും വന്നിട്ടില്ലെങ്കിലും അച്ചടി അല്ലാതെയുള്ള ആധുനികാവശ്യങ്ങൾക്കു പല ഡെറിവേറ്റീവുകൾ വേണമല്ലോ. വിദേശജേർണലുകൾക്ക് എന്തൊക്കെയാണു റിവർ വാലി നല്കുന്നത്?

സി.വി.ആർ.: ഇപ്പോൾ എക്സ്എംഎൽ, വെബ്ബിനും അച്ചടിക്കുമുള്ള പിഡിഎഫുകൾ, ജെപെഗ്ഗോ ജിഫോ ആയ ഇമേജ് എന്നിവയാണു നല്കേണ്ടത്. ചിലർക്ക് പട്ടി

കകളുടെ ഇമേജ് ഫയലും വേണം. പത്തും ഇരുപതുമൊക്കെ പേജു വരുന്ന പട്ടികകൾ വരെ ഉണ്ടാകും. പതിനായിരം ഇമേജുകൾ വരെയുള്ള ലേഖനങ്ങൾ ഉണ്ടാകും. ഒക്കെ ഞങ്ങൾ ചെയ്യുന്നുണ്ട്. മുമ്പ് 21 ദിവസംവരെ ഒരു ജേണലിനു തരുമായിരുന്നത് ഇപ്പോൾ അഞ്ചു ദിവസമായി കുറച്ചു! സാങ്കേതികവിദ്യയിലെ മാറ്റമാണു സമയം കുറച്ചത്.

ഏതു വിദ്യാഭ്യാസ-ഗവേഷണപ്രസിദ്ധീകരണവും കണ്ണുകാണാത്തവർക്കു കേൾക്കാൻ പറ്റണം എന്നാണു വികസിതലോകത്തു നിയമം. ഗണിതത്തെ ശബ്ദമാക്കാനുള്ള സോഫ്റ്റ്‌വെയർ ആയിട്ടില്ലാത്തതിനാൽ അതിനുമാത്രം ഇളവുണ്ട്. ഇതും വൈകാതെ വരും. വിദ്യാഭ്യാസവിഷയമല്ലാത്ത വിഭാഗം പുസ്തകങ്ങൾക്കും ഇതു നിർബ്ബന്ധമാക്കും. ഇൻഡ്യയിലും വൈകാതെ ഇതൊക്കെ നടപ്പാകും. അതിനൊക്കെ ഒത്തവണ്ണം മാറാൻ കേരളീയപ്രസാധനരംഗവും നിർബ്ബന്ധിതമാകും.

പുസ്തകങ്ങൾക്കുംമറ്റും ഇന്നു ഞങ്ങൾ സ്മാർട്ട് ഫോണുകളുടെ സ്ക്രീനുകളുടെ വലിപ്പത്തിലുള്ള പിഡിഎഫുകൾ ഉണ്ടാക്കുന്നുണ്ട്. കൂടാതെ ഇ-ബുക്കുകളും തയ്യാറാക്കുന്നു. 'ഇ.പബ്' എന്നതരം ഫയലാണ് ഇ-ബുക്ക്. മുമ്പൊക്കെ നമ്മുടെ പത്രങ്ങളും പ്രസാധകരുംമറ്റും ഇ-പേപ്പർ, ഇ-ബുക്ക് എന്നെല്ലാം പറഞ്ഞു നല്കിയിരുന്നത് പിഡിഎഫുകൾ ആയിരുന്നു.

ഇന്നു പിഡിഎഫിന് ഐഎസ്ഒ സ്റ്റാൻഡാർഡ് ഉണ്ട്—X1, X2, X3, X4, X5 എന്നിങ്ങനെ. ഇന്നു പിഡിഎഫ് തുറന്ന് എഡിറ്റ് ചെയ്യാം. മാർക്കും കമന്റും ഹൈലൈറ്റും ഒക്കെ ചെയ്യാം. ഹൈപ്പർ ലിങ്കുകൾ പ്രവർത്തിക്കും. ഇന്ററാക്റ്റിവാണത്. അച്ചടിക്കു കൊടുക്കുന്ന പിഡിഎഫുകൾ പ്രസുകാർ തുറന്ന് എഡിറ്റ് ചെയ്യാത്ത തരത്തിൽ ലോക്ക് ചെയ്തുവേണം കൊടുക്കാൻ. തിരുത്തുണ്ടെങ്കിൽ നാംതന്നെ ചെയ്തു കൊടുക്കണം. അതാണു നല്ല രീതി.

മനോജ്: പ്രസാധനരംഗത്തു വളരെപ്പെട്ടെന്നാണു മാറ്റങ്ങൾ വന്നത്. 90-കളുടെ പകുതിവരെയൊക്കെ ഞങ്ങൾ പത്രപ്രവർത്തകർ വാർത്ത പേനകൊണ്ട് എഴുതി നല്കുകയായിരുന്നു. ഡിറ്റിപിയൊക്കെ പ്രത്യേക വിഭാഗമാണ്. കമ്പ്യൂട്ടറിൽ ഡിസൈൻ ചെയ്യലൊന്നും ഇല്ല. ടൈപ്പ് സെറ്റ് ചെയ്തു പ്രിന്റൗട്ട് എടുത്തു വെട്ടിയൊട്ടിച്ചാണു പേജു തയ്യാറാക്കിയിരുന്നത്.

സി.വി.ആർ.: അതെ. 93-ൽ ഞാൻ ബിസിനസ് തുടങ്ങുമ്പോൾ പിഡിഎഫൊന്നും പ്രചാരത്തിൽ ആയിട്ടില്ല. അന്ന് കയ്യെഴുത്തായാണു മാറ്റർ കിട്ടുക. അതു ടൈപ്പ് ചെയ്യും. പ്രൂഫ് തിരുത്തും. എന്നിട്ടു ഫോർമാറ്റ് ചെയ്ത് പോസ്റ്റ് സ്ക്രിപ്റ്റായാണു നല്കിയിരുന്നത്. പിന്നെ പിഡിഎഫായി. പിന്നീട്ടു രണ്ടുതരം പിഡിഎഫ് രണ്ടാവശ്യത്തിനു നല്കണം എന്നായി—അച്ചടിക്കും വെബ്ബിനും. അച്ചടിക്കുള്ളതിൽ ചിത്രവും ഗ്രാഫിക്സുമെല്ലാം ഉയർന്ന റെസല്യൂഷനിൽ വേണം. ലിങ്കുകൾ വേണ്ടാ, ഹൈപ്പർ ലിങ്കു വേണ്ടാ...

2000-ൽ എത്തുന്നതോടെ എസ്ജിഎംഎൽ വന്നു. ജേർണൽ മുഴുവൻ പിഡിഎഫിൽ വേണം. പക്ഷെ, തുടക്കഭാഗവും ബിബ്ലിയോഗ്രഫിയും മറ്റും അടങ്ങുന്ന അവസാനഭാഗവും മാത്രം എസ്ജിഎംഎലിൽ വേണം. പിന്നെപ്പിന്നെ



കാമ്പസിൽ പാലിനുവേണ്ടി വളർത്തുന്ന പശുക്കൾ. (കടപ്പാട്: ഇ. പി. ഉണ്ണി)

മറ്റു ഭാഗങ്ങളും എസ്ജിഎംഎൽ ആയി. 2004 ആയപ്പോൾ മിക്ക പ്രസിദ്ധീകരണങ്ങളും എക്സ്എംഎലിലേക്കു വന്നു. മാത്തമാറ്റിക്കൽ മാർക്കപ്പും ഈ സമയത്ത് ഉപയോഗിച്ചുതുടങ്ങി. മാത്ത് എംഎൽ 1999-ൽ തുടങ്ങിയെങ്കിലും അതിന്റെ സ്പെസിഫിക്കേഷൻസ് ഇറങ്ങുന്നത് 2000-ൽ ആണ്. 2004-ൽ വ്യാപകമായി. ഇപ്പോൾ എല്ലാവരും അതിലേക്കു വന്നു. ഞങ്ങളുടെ അന്താരാഷ്ട്ര ഉപയോക്താക്കൾക്ക് ആവശ്യമാകുന്നമുറയ്ക്ക് ഓരോ പുതിയ രീതിയും ഞങ്ങൾ നടപ്പാക്കിവരികയാണ്.

മനോജ്: എക്സ്എംഎൽ, എസ്റ്റിഎംഎൽ, മാത്ത് എംഎൽ എന്നൊക്കെ പറഞ്ഞല്ലോ. ഇതെല്ലാം ആരാണു വികസിപ്പിക്കുന്നത്?

സി.വി.ആർ.: ഈ മൂന്നു മാർക്കപ്പുകളുടെയും സ്പെസിഫിക്കേഷനുകൾ എഴുതുന്നതും പരിപാലിക്കുന്നതും പരിഷ്കരിക്കുന്നതുമെല്ലാം വേൾഡ് വൈഡ് വെബ് കൺസോർഷ്യം (WWWC) ആണ്. വെബ്ബുംമറ്റുമെല്ലാം ആവിഷ്കരിച്ചത് ഗണിതജ്ഞരാണെങ്കിലും ഗണിതം വെബ്ബിൽ വന്നത് അവസാനമാണ്!

ടെക് സംഘകാലവും മലയാളിപ്പുലികളും

മനോജ്: ടെക്സ്സിന്റെ കഥ അവിടെ നില്ക്കട്ടെ. നമുക്ക ടെക്കിലേക്ക മടങ്ങിവരാം. ടെക് എങ്ങനെയാ, പഠിക്കാൻ എളുപ്പമാണോ?

സി.വി.ആർ.: ഒറ്റ ഉദാഹരണം പറയാം. പാലായിൽ ഒരു ചെറുകിടപ്രസാധകനു ണ്ട്—റോയി. അദ്ദേഹത്തിനു ടെക്കിലേക്ക മാറണമെന്നു വലിയ ആഗ്രഹ മായിരുന്നു. അതിനായി, അദ്ദേഹം പന്ത്രണ്ടാംക്ലാസിൽ പഠിക്കുന്ന മകൻ അരവിന്ദുമായാണ് വന്നത്. ഒരുനാൾകൊണ്ട് അരവിന്ദ് റോയ് സാമാന്യം നന്നായി ടെക് സ്വയം ഉപയോഗിക്കാൻ പാകത്തിനുള്ള പ്രാവീണ്യം നേടി മടങ്ങിപ്പോയി. 'ഇതൾ' ആണ് അരവിന്ദ് പഠിക്കാൻ ഉപയോഗിച്ചത്. അര വിന്ദ് ഇപ്പോൾ നന്നായി ജോലി ചെയ്യുന്നുണ്ട്. ഇത്രേ ഉള്ളൂ. പോണ്ടിച്ചേരി സർവ്വകലാശാലയിലെ പ്രൊഫസർ മഹേഷ് മംഗലാട്ട് അടുത്തിടെ വന്ന് ഒരാഴ്ച താമസിച്ച് നന്നായിത്തന്നെ പഠിച്ചു പോയി. പരിശീലനം നല്കിയാൽ നല്ല തൊഴിൽവിഭവം വികസിപ്പിക്കാനാകും.

മനോജ്: അരവിന്ദ് പഠിച്ചത് ഇതൾ ഉപയോഗിച്ചാണെന്നു പറഞ്ഞല്ലോ. എന്താ ണ് ഇതൾ?

സി.വി.ആർ.: ടെക് പഠിക്കാനും ടെക്കിൽ പേജുകൾ രൂപകല്പന ചെയ്യാനും സഹാ യിക്കാനായി ഞങ്ങളുടെ സായാഹ്ന ഫൗണ്ടേഷൻ ഒരുക്കിയിട്ടുള്ള വെബ്അധി ഷ്ഠിതസൗകര്യമാണ് ഇതൾ. കമ്പ്യൂട്ടറിൽ ടെക് ഇൻസ്റ്റാൾ ചെയ്യാതെതന്നെ മലയാളപുസ്തകങ്ങൾ ഇതിൽ അനായാസം ടൈപ്പ്സെറ്റ് ചെയ്യാം. ഇതുപ യോഗിച്ച് ആർക്കും ടെക്കിൽ ഡിസൈൻ നടത്താം.

മനോജ്: പിന്നെ എന്താണിതൊക്കെ നമ്മുടെ നാട്ടിൽ പ്രചാരം നേടാത്തത്?

സി.വി.ആർ.: ആരും മുൻകൈ എടുക്കാത്തതുകൊണ്ടു മാത്രമാണ്. ടെക്കിനെപ്പറ്റി മനസിലാക്കുന്നവർ മാറാൻ തയ്യാറാകുന്നുണ്ട്. കോഴിക്കോട് പേരാമ്പ്രയിൽ ഡി.റ്റി.പി. നടത്തുന്ന സുഗീഷാണു നല്ല ഉദാഹരണം. ഇദ്ദേഹം നിർബ്ബന്ധപൂർ വ്വം ടെക്കിലേക്ക മാറി. പ്രമുഖ ഡിസൈനറായ ഭട്ടതിരി പറഞ്ഞിട്ടുണ്ട് ഫുട് നോട്ടൊക്കെ ചെയ്യാൻ ഇൻഡിസൈനിൽ വലിയ പ്രയാസമാണെന്ന്. ടെ ക്കിൽ ലളിതമാണ്. കേരളപാണിനീയം ചെയ്തപ്പോൾ രണ്ടുപേജിലൊക്കെ വ്യാപിച്ചുകിടക്കുന്ന ഫൂട് നോട്ടുവരെ അനായാസം വന്നു.

ഇന്നു 'ടെക് സ്റ്റുഡിയോ' ഒക്കെ ലഭ്യമാണ്. അതിൽ രണ്ടു ജാലകം ഉള്ള തിൽ ഒന്നിൽ കോഡുനല്കി ഡേറ്റ ഇൻപുട്ട് ചെയ്താൽ അച്ചടിയിൽ വരുന്ന രൂ പം മറ്റേ വിൻഡോയിൽ കാണാം. ഇതിന് WYSWYG എന്നു പറയും. What You See is What You Get എന്നതിന്റെ ചുരുക്കമാണത്. മെയിൻ ഫ്രെയി മും ആൻഡ്രോയിഡും അടക്കം എല്ലാ ഓപ്പറേറ്റിങ് സിസ്റ്റത്തിലും ടെക് ഉണ്ട്. എല്ലായിടത്തും പ്രവർത്തിക്കും. അത്ര ശക്തമാണത്.

tug.org എന്ന സൈറ്റിൽ ടെക് പഠിക്കാനുള്ള ട്യൂട്ടോറിയലുണ്ട്. ടെക് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുകയും ചെയ്യാം. അതു സ്വതന്ത്രവും സൗജ ന്യവുമാണ്. ടെക് പാഠപുസ്തകത്തിന്റെ പിഡിഎഫും കിട്ടും. കൂടാതെ കോംപ്രി ഹെൻസീവ് ടെക് ആർക്കൈവ് നെറ്റ്വർക്ക് എന്ന CTAN-ൽ info എന്ന

പേജിൽ ലക്ഷക്കണക്കിനു പേജുകളുണ്ട്. ടെക്കിന്റെ അടിസ്ഥാനകാര്യങ്ങൾ എങ്ങനെ പഠിക്കണം എന്നുതുടങ്ങി ഏറ്റവും സങ്കീർണ്ണമായ പ്രയോഗങ്ങൾവരെ ഇതിലുണ്ട്.

പഠിക്കേണ്ടവർക്ക് ആവശ്യംപോലെ ലാടെക് പുസ്തകങ്ങൾ വിക്കി ബുക്സിൽ ഉണ്ട്. ഇവയിൽ പുതിയ കാര്യങ്ങൾക്കനുസരിച്ച ടെക് പാഠപുസ്തകത്തിന്റെ പതിപ്പ് മലയാളിയായ കൃഷ്ണൻ മാഷ് തയ്യാറാക്കിയതാണ്.

മനോജ്: മലയാളികളാണോ ടെക്കിലെ പുലികൾ?

സി.വി.ആർ.: മറ്റിടങ്ങളിലെപ്പോലെ ഇൻഡ്യയിലും ടെക്കിനു ഉപയോക്തൃഗ്രൂപ്പുണ്ട്. 1997-ൽ ഉണ്ടാക്കിയതാണ്. പത്തിരുനൂറുപേരുള്ള ഒരു ടെക് ഡിവിഷനിൽ നിന്നാണു തുടക്കം. വിവിധ സ്ഥാപനങ്ങളിൽനിന്നു നൂറുപേരോളം വന്നു. ഒബ്സർവേറ്ററിയിലാണു കൂടിയത്. പ്രാഥമികതലത്തിലുള്ള രേഖ വേണമെന്ന ആവശ്യം വന്നു. ആദ്യം ഓൺലൈനായാണു തയ്യാറാക്കിയത്, ആഴ്ചയിൽ ഒരദ്ധ്യായംവീതം. അങ്ങനെ യൂസർ ഗ്രൂപ്പിൽ ആറേഴായിരം അംഗങ്ങളായി. പ്രധാന ഗവേഷണസ്ഥാപനങ്ങളിലും ഡിസൈനിങ് സ്ഥാപനങ്ങളിലും മാത്രമുള്ളവർ. എണ്ണായിരം അംഗങ്ങളുള്ള ജർമ്മൻ ഗ്രൂപ്പ് കഴിഞ്ഞാൽ നമ്മളാണു രണ്ടാമത്. നമ്മൾ തയ്യാറാക്കിയതാണു മാനുവൽ. ആവശ്യം ഉയർന്നപ്പോൾ പുസ്തകമാക്കി. വിദേശസർവ്വകലാശാലകൾ ഇതു പാഠപുസ്തകമായി ഉപയോഗിക്കുന്നു. വിക്കി ബുക്സിലും ഫ്രീ സോഫ്റ്റ്‌വെയർ ഫൗണ്ടേഷനിലുമൊക്കെ ഇത് എടുത്തു.

കൃഷ്ണൻമാഷിന്റെ മറ്റൊരു സംഭാവനയാണു പിഎസ് ട്രിക്സ് എന്ന പോസ്റ്റ് സ്ക്രിപ്റ്റ് സൂത്രങ്ങൾ. പേജിലെ മഷിയുടെ വിതരണം സംബന്ധിച്ച് ഏറ്റവും ഫലപ്രദമായ സോഫ്റ്റ്‌വെയറാണു ടെക്. അതിന്റെ പ്രയോജനം ഉപയോഗിക്കാൻ ഉണ്ടാക്കിയതാണു പിഎസ് ട്രിക്സ്. നാലുലക്ഷം ഡൗൺലോഡാണ് ഇതിനുണ്ടായത്! കൃഷ്ണൻമാഷിന്റെ ഭാഷയുടെയും സമർപ്പണത്തിന്റെയും വിജയം!

മനോജ്: അന്നെല്ലാം സി.വി.ആർ. വളരെ സജീവമായിരുന്നു, അല്ലെ?

സി.വി.ആർ.: അതെ, 1997 – 2000 കാലത്തു വളരെ സജീവമായിരുന്നു.

മനോജ്: അന്നല്ലെ സ്വതന്ത്രസോഫ്റ്റ്‌വെയർ രംഗത്തൊക്കെ ഇടപെട്ടതും സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിനു തുടക്കം കുറിച്ചതുമൊക്കെ?

സി.വി.ആർ.: അതെ. അന്നൊക്കെ ആ മേഖലകളിൽ ഇടപെടാൻ വലിയ ആവേശമായിരുന്നു, എനിക്കു മാത്രമല്ല, ഇതൊക്കെ തലയ്ക്കു പിടിച്ച എല്ലാവർക്കും.

വീൽ ചെയറിലാണെങ്കിലും ആവേശത്തിനൊന്നും ഒരു കുറവുമില്ല. ചിലതൊക്കെ മറ്റുള്ളവരെ ഏല്പിച്ചു വഴിമാറിയ സി.വി.ആർ. ഇപ്പോൾ സ്വതന്ത്രപ്രസാധനത്തിനു വേണ്ടിയും പോരാട്ടം തുടരുകയാണ്, സ്വകർമ്മത്തിലൂടെ. വിവരത്തിന്റെയും അതു കൈകാര്യം ചെയ്യാനുള്ള ഉപാധികളുടെയും പൊതുവുടമാവകാശത്തെപ്പറ്റിയുള്ള നിലപാടുകളും ആ മേഖലകളിൽ സി.വി.ആർ. നിറഞ്ഞാടിയ കാലവും രേഖപ്പെടുത്തപ്പെടേണ്ടതും നാം അറിയേണ്ടതുമാണ്.

സിവിആർ നിലപാടു പറയുന്നു

ചരിത്രം തന്നിഷ്ടപ്രകാരം മാറ്റിമറിക്കുന്ന ഇക്കാലത്ത് വിവരങ്ങൾ എക്കാലത്തേക്കും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്ന സി.വി. രാധാകൃഷ്ണന്റെ വാക്കുകൾക്കു പ്രസക്തി ഏറെയാണ്. സംരക്ഷിക്കൽ മാത്രമല്ല അത് എല്ലാവർക്കും എപ്പോഴും നിയന്ത്രണങ്ങളില്ലാതെ ലഭ്യമാക്കുക എന്നതും പ്രധാനമാണെന്നു സിവിആർ ഓർമ്മിപ്പിക്കുന്നു. അതിനായുള്ള സന്നദ്ധപരിശ്രമത്തിനാണു മുഴുവൻ ഒഴിവു സമയവും ഈ കർമ്മയോഗി വിനിയോഗിക്കുന്നത്.

ഇതിനായി തുടങ്ങിയ സന്നദ്ധസ്ഥാപനമാണു ‘സായാഹ്ന ഫൗണ്ടേഷൻ’. കഴിയുന്നത്ര മലയാളപുസ്തകങ്ങൾ ഡിജിറ്റൈസ് ചെയ്തു വായനക്കാർക്കു സൗജന്യമായി ലഭ്യമാക്കുക എന്നതാണു *സായാഹ്ന*യുടെ ലക്ഷ്യം. ഇതിനായി *സായാഹ്ന*യ്ക്കു വെബ്സൈറ്റുണ്ട്: www.sayahna.org. അതു തുറന്നാൽ *കേരളസാഹിത്യചരിത്രം*, *കേരളപാണിനീയം*, *ഐതിഹ്യമാല*, *വൃത്തമഞ്ജരി*, സി.വി. രാമൻ പിള്ളയുടെ കൃതികൾ (*മാർത്താണ്ഡവർമ്മ*, *ധർമ്മരാജ*, *രാമരാജാ ബഹദൂർ*), എം. കൃഷ്ണൻ നായരുടെ *സാഹിത്യവാരഫലം*, *റിൽക്കെയുടെ തെരഞ്ഞെടുത്ത കവിതകളുടെ* പരിഭാഷ, എം.പി. പോളിന്റെ *സൗന്ദര്യദർശനം*, *ഫ്രഞ്ചു പ്രണയഗീതങ്ങൾ*, കെ. വേണുവിന്റെ *പ്രപഞ്ച*



റിവർ വാലിയുടെ മലയിൻകീഴ് കാമ്പസിലെ കെട്ടിടസമുച്ചയത്തിന്റെ മറ്റൊരു കാഴ്ച. (കടപ്പാട്: ഇ. പി. ഉണ്ണി)

വും മനുഷ്യനും, വി.വി.കെ. വാലത്ത്—കവിയും ചരിത്രകാരനും എന്നുതുടങ്ങി ഇന്ന പുസ്തകശാലകളിൽ കിട്ടാത്ത ഒരുപിടി പുസ്തകങ്ങൾ കാണാം. വൈവിദ്ധ്യമാർന്ന മേഖലകളിലുള്ളവ. *ശബ്ദതാരാവലിയും* പൂർണ്ണരൂപത്തിലുള്ള *ഇന്ദുലേഖ*യും ഉടൻ എത്തും. എല്ലാം സൗജന്യമായി വായിക്കാം; ഡൗൺലോഡ് ചെയ്യാം. ഒരു പകർപ്പവകാശപ്രശ്നവുമില്ല. നല്ല വായനക്കാരനും ഭാഷാസ്നേഹിയുമായ സിവിആറിന്റെ കൗതുകകരമായ ഈ പ്രവർത്തനത്തിലേക്ക സംഭാഷണം വഴിതിരിഞ്ഞു.

സായാഹ്ന എന്ന പുതുപുലരി

മനോജ്: ഇങ്ങനെയൊരു പരിശ്രമത്തിന്റെ പ്രേരണ?

സി.വി.ആർ.: മലയാളത്തിൽ ഡിജിറ്റൽ ഉള്ളടക്കം നന്നേ കുറവായിരുന്ന വേളയിൽ അതിനൊരു മാറ്റം വരുത്താൻ ഒരു മാതൃക എന്നനിലയിലാണതു തുടങ്ങുന്നത്. അതായിരുന്നു പ്രേരണ. ഒബ്രി മേനന്റെ പരിഭാഷയൊക്കെ ചെയ്തിട്ടുള്ള സുന്ദർ ആയിരുന്നു പ്രധാനവക്താവ്. കമ്പനിയിലെ ചില ജീവനക്കാരും സന്നദ്ധസേവനം ചെയ്തു. സെർവ്വർ സ്പേസ് എടുത്ത് ടൈപ്സെറ്റ് ചെയ്ത് ഇടുക, അതിനു പ്രചാരം കൊടുക്കുക. ഇതായിരുന്നു രീതി. 'മീഡിയവിക്കി'യുടെ മാതൃകയിൽ അനായാസം തെരയാനും വായിക്കാനുമുള്ള സൗകര്യത്തോടെയാണ *സായാഹ്ന*യുടെ സൈറ്റ് തയ്യാറാക്കിയത്.

സ്വതന്ത്രപകർപ്പവകാശത്തോടെ സ്വന്തം കൃതികൾ ഓൺലൈനിൽ പ്രസിദ്ധീകരിക്കാൻ സന്നദ്ധരാകുന്നവരുടെ രചനകളും പകർപ്പവകാശകാലാവധി കഴിഞ്ഞ പ്രസിദ്ധീകരണങ്ങളുമാണ് ഡിജിറ്റൈസ് ചെയ്തത്. ഡിജിറ്റൈസ് ചെയ്യുക എന്നാൽ സ്കാൻ ചെയ്ത പിഡിഎഫ് ആക്കലല്ല, യൂണിക്കോഡിൽ ടൈപ്പ് ചെയ്ത ചേർക്കുകതന്നെയാണ്.

ടാബിനും ഐപാഡിനും പറ്റുന്ന പതിപ്പുകൾ, അഞ്ചിഞ്ച് ഫോണിനും 16:9 സ്ക്രീനളവുള്ള ഫോണിനും പ്രത്യേകം പ്രത്യേകം പതിപ്പുകൾ, കിന്റിൽ പതിപ്പ്, ഇ-പബ്, വിക്കി പതിപ്പ് എന്നീ രൂപങ്ങളിൽ ഓരോ പുസ്തകവും രൂപകല്പന ചെയ്യും. അവയൊക്കെ ആർക്കും യഥേഷ്ടം ഡൗൺലോഡ് ചെയ്ത വായിക്കാം; പ്രചരിപ്പിക്കാം.

*കേരളപാണിനീയ*വും *വൃത്തമഞ്ജരി*യുമൊക്കെ അതിലെ പ്രത്യേകചിഹ്നങ്ങളും ഫൂട് നോട്ടുകളും പദസൂചികയും കാരികസൂചികയും പേജ് നമ്പരും സൂചനനമ്പരും ഒക്കെയായി ടെക്കിൽ ചെയ്യുന്നതുപോലെ മറ്റൊന്നിലും പറ്റില്ല. ടൈപ് ചെയ്യുമ്പോൾ മാർക് ചെയ്ത പോയാൽ ഇതെല്ലാം തനിയെ തയ്യാറാകും. രണ്ടുപേജിലേക്ക വ്യാപിച്ചുകിടക്കുന്ന ഫൂട്നോട്ടൊക്കെ ടെക്ക് സ്വയം ക്രമീകരിച്ചുകൊള്ളും. മൂന്നോ നാലോ തരം ഇൻഡക്സ് ഒരേസമയം ഉണ്ടാക്കാം. അച്ചടിക്ക തൊട്ടുമുമ്പ് വ്യാപകമായ മാറ്റിമറിച്ചിലുകൾ നടത്തിയാലും ഇവയെല്ലാം നൊടിയിടയിൽ തയ്യാറാകും. കുറഞ്ഞപക്ഷം ഏറ്റ്രോഗം വരാതിരിക്കും. വ്യാകരണപുസ്തകമായിട്ടും *കേരളപാണിനീയ*മൊന്നും ആരും ഇതുപോലെ ഇപ്പോൾ അച്ചടിക്കുന്നില്ല. ടെക്കിൽ ചെയ്ത പുസ്തകങ്ങൾക്ക ഭംഗി ഒന്ന വേറെ തന്നെയാണ്.

മനോജ്: അതെ. ഐതിഹ്യമാല കണ്ടു. മറ്റ് ആര് ഇറക്കിയതിലും മനോഹരം! ഒന്നാന്തരം ചിത്രങ്ങളും!

സി.വി.ആർ.: പാലക്കാട് പാട്ടൂർസ്വദേശി അഭിജിത് എന്ന 16-കാരൻ വിദ്യാർത്ഥി വരച്ചതാണു ചിത്രങ്ങൾ. 126 കഥകൾക്കുംകൂടി 270 ചിത്രം! ഇപ്പോൾ *ഇന്ദുലേഖ*യ്ക്കു ചിത്രം വരയ്ക്കുന്നു. ടെക് പഠിക്കാൻ വന്നതാണ്. നേരത്തേ ഫേസ്ബുക്കിലെ അറിയിപ്പു കണ്ട് *ശബ്ദതാരാവലി* 50 പേജ് എന്റർ ചെയ്തു തന്നിരുന്നു. അഭിജിത്തിന്റെ ജ്യേഷ്ഠൻ 19-കാരൻ ഗൗതം ഫൊട്ടോഗ്രാഫറാണ്. ജാതിയും മതവും ദൈവവുമൊന്നും ഇല്ലാത്ത കുടുംബമാണ്. ഇടയ്ക്കൊക്കെ വരും.

മനോജ്: പകർപ്പവകാശം ഉപേക്ഷിച്ച് ഓൺലൈനിൽ പ്രസിദ്ധീകരിക്കാനൊക്കെ നമ്മുടെ എഴുത്തുകാർ തയ്യാറാകുന്നുണ്ടോ? അത്തരത്തിൽ പുസ്തകങ്ങൾ കിട്ടുന്നുണ്ടോ?

സി.വി.ആർ.: അതിന്റെ സാദ്ധ്യത മനസിലാക്കുന്നവർ തരുന്നുണ്ട്. സച്ചിദാനന്ദന്റെ രണ്ടു പുസ്തകങ്ങളുണ്ട്—*ഗാന്ധി*യും *തെരഞ്ഞെടുത്ത കവിതക*ളും. ആനന്ദ്, സി.വി. ബാലകൃഷ്ണൻ, ഇ. സന്തോഷ് കുമാർ, തുടങ്ങി പലരുടെയും രചനകളുണ്ട്. സച്ചിദാനന്ദനും എസ്. എസ്. മാധവനും സുനിൽ പി. ഇളയിടവും പോലുള്ളവർ പൂർണ്ണമായി സ്വതന്ത്രപ്രസാധനത്തിലേക്കു വരണം. മറ്റു വരുമാനം ഇല്ലാത്തവർ അതിന്റെ മെച്ചം ബോദ്ധ്യപ്പെടുന്നതുവരെ തത്ക്കാലം ചെയ്യണ്ടാ.

പകർപ്പവകാശം വേണമെന്നുള്ളവർക്ക് ഓൺലൈനിലെ സ്വതന്ത്രപ്രസാധനത്തിലും പകർപ്പവകാശത്തിനുള്ള വകുപ്പുകളുണ്ട്. ഓൺലൈനിലെ പകർപ്പവകാശനിയമങ്ങളായ ക്രിയേറ്റീവ് കോമൺസിന് ആറുതരം ലൈസൻസുകളുണ്ട്. ഇതിൽ മൂന്നെണ്ണമാണു വാണിജ്യേതരം. ഒരാൾ എഴുതിയാൽ അതേ ലൈസൻസിൽ ആർക്കും പുനഃപ്രസിദ്ധീകരിക്കാൻ അവസരം നല്കുന്നതാണ് ആദ്യത്തേത്. പക്ഷെ, ഈ അനുവാദം പ്രൊപ്രൈറ്ററി താല്പര്യം ഉള്ളവർക്കല്ല. എല്ലാ അനുമതിയും നല്കി പൊതുമണ്ഡലത്തിൽ പ്രസിദ്ധീകരിക്കുന്ന ഈ ലൈസൻസ് വീണ്ടെടുക്കാവുന്നതല്ല. ഇതുമുതൽ നിയന്ത്രണങ്ങളുള്ളവവരെ ഉണ്ട് ക്രിയേറ്റീവ് കോമൺസിൽ. ആറാമത്തേതിൽ ഡൗൺലോഡ് ചെയ്തു വായിക്കാൻ മാത്രമാണ് അവകാശം. ലംഘിച്ചാൽ ഇടപെടാനൊക്കെ സംവിധാനമുണ്ട്. വാണിജ്യതാത്പര്യത്തിൽ ആരും പ്രസിദ്ധീകരിക്കരുത് എന്ന വ്യവസ്ഥയോടെയാണ് ഇ. ഹരികുമാറിന്റെ 27 പുസ്തകവും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത്.

വില്പന കൂട്ടുന്ന സ്വതന്ത്രൻ!

മനോജ്: പകർപ്പവകാശം സംരക്ഷിച്ചാലും ഓൺലൈനിൽ സ്വതന്ത്രമായി പ്രസിദ്ധീകരിച്ചാൽ ആളുകൾ സൗജന്യമായി വായിക്കില്ലേ, അപ്പോൾ എഴുത്തുകാർക്ക് എന്താണു വരുമാനം?

സി.വി.ആർ.: ഈ സംശയം സാമാന്യബുദ്ധിയിൽ തോന്നാം. എന്നാൽ അനുഭവം മറിച്ചാണ്. അടുത്തിടെ അന്തരിച്ച പ്രമുഖകഥാകൃത്ത് ഇ. ഹരികുമാറിന്റെ 27

പിന്നിൽ ഇടത്തുനിന്ന്: ജനയുഗം പത്രാധിപർ രാജാജി മാത്യു തോമസ്, സ്വതന്ത്രസോഫ്റ്റ്‌വേർ പ്രവർത്തകൻ കെ.വി. രജീഷ്, രചന തുടങ്ങിയ സ്വതന്ത്രഫോണ്ടുകളുടെ രചയിതാവായ കെ.എച്. ഹുസൈൻ, സൈബസ് സ്വതന്ത്രസോഫ്റ്റ്‌വേർ പ്രോജക്ടിലെ പ്രധാന പ്രോഗ്രാമറായ ഫഹദ് അൽ സൈദി (മുന്നിൽ വലത്ത്) എന്നിവരോടൊപ്പം സിവിആർ.

പുസ്തകങ്ങൾ ഇങ്ങനെയാണ പ്രസിദ്ധീകരിച്ചത്—*സായാഹ്ന*യിലും ഹരികുമാരിന്റെ വെബ്സൈറ്റിലും. ഒടുവിൽ അവയെല്ലാം സമാഹരിച്ച് '*ഹരികുമാറിന്റെ സമ്പൂർണ്ണകൃതികൾ*' എന്ന പേരിൽ 12 വാല്യമായി പ്രസിദ്ധീകരിച്ചു. 3200 രൂപ വില. വമ്പിച്ച വില്പനയാണുണ്ടായതെന്ന് ഹരികുമാർ പറഞ്ഞിരുന്നു. അദ്ദേഹം ഫേസ്ബുക്കിൽ ഇത് എഴുതിയിട്ടുണ്ട്.

ജെ. ദേവികയുടെ '*കുലസ്ത്രീയും ചന്തപ്പെണ്ണും*' ആദ്യം അച്ചടിച്ചിറക്കിയപ്പോൾ സാധാരണ വില്പനയേ ഉണ്ടായുള്ളൂ. എന്നാൽ, അത് വിക്കി ഗ്രന്ഥശാലയിൽ പ്രസിദ്ധീകരിച്ചു സമൂഹമാദ്ധ്യമങ്ങളിൽ പ്രചരിപ്പിച്ചതോടെ പുസ്തകത്തിന്റെ വില്പന ഗണ്യമായി ഉയർന്നു. അതിവേഗം മൂന്ന് എഡിഷൻ ഇറക്കേണ്ടിവന്നു. അത്ഭുതകരമാണ് ഈ പ്രവണത.

ഞങ്ങൾ *ഐതിഹ്യമാല* പ്രസിദ്ധീകരിച്ചപ്പോൾ മൂന്നുദിവസത്തിനിടെ ഉണ്ടായത് 14,000 ഡൗൺലോഡാണ്! രഞ്ജിത് കണ്ണൻകാട്ടിലിന്റെ '*കിൻസുകി-ഹൃദയം പുണരുന്ന മുറിവുകൾ*' എന്ന കവിതാസമാഹാരത്തിനു രണ്ടുദിവസംകൊണ്ടുണ്ടായത് മൂവായിരം ഡൗൺലോഡ്. മൂവായിരം ഡൗൺലോഡ് എന്നാൽ ആറായിരം പേരെങ്കിലും അറിയും. അതിന് ആനുപാതികമായി അച്ചടിച്ച പുസ്തകത്തിനു ഡിമാൻഡ് ഉണ്ടാകും. ഡിജിറ്റലായി പ്രസിദ്ധീകരിച്ചിട്ടു പുസ്തകം ആക്കുന്നു എന്ന് അറിയിച്ചാൽ മതി. ധാരാളം ഓർഡർ വരും.

കാമ്പസിലെ ആൽവൃക്ഷം. (കടപ്പാട്: ഇ. പി. ഉണ്ണി)

സാധാരണ രീതിയിൽ പ്രസിദ്ധീകരിച്ചാൽ 50 കോപ്പി വില്ക്കുമോ ഒരുദിവസം? പ്രചാരണത്തിൽ സമൂഹമാദ്ധ്യമം വലിയ സാദ്ധ്യതയാണ്.

മനോജ്: അതു കൗതുകകരമാണല്ലോ. പക്ഷെ, എഴുതിയയാൾ മരിച്ച് 60 കൊല്ലം കഴിഞ്ഞാലല്ലേ പകർപ്പവകാശം ഇല്ലാതാകൂ? ഇത്തരം പഴയ പുസ്തകങ്ങൾക്കു കാലം ചെല്ലുമ്പോൾ ലഭ്യതയും ആവശ്യവും കുറയുന്നതാണല്ലോ അനുഭവം.

സി.വി.ആർ.: അതെ. അതാണു പ്രശ്നം. പഴയ രചനകളിൽ പകർപ്പവകാശക്കാലം കഴിഞ്ഞവയേ എടുക്കാൻ കഴിയുന്നുള്ളൂ. പകർപ്പവകാശം കൈവശമുള്ള പ്രസാധകർ പുസ്തകത്തിന് ആവശ്യം കുറയുമ്പോൾ അവ അച്ചടിക്കാൻ മടിക്കും. അങ്ങനെ മികച്ച പല രചനകളും വിസ്മൃതിയിലേക്കു പോകുന്നുണ്ട്. അതേസമയം, ഓൺലൈനിൽ സ്വതന്ത്രമായി ലഭ്യമാകുമ്പോൾ അവയ്ക്കു വലിയ സ്വീകാരം വരികയും ചെയ്യുന്നു. അതിനർത്ഥം ആ പുസ്തകത്തിന് ആവശ്യക്കാർ ഇല്ലാതായിട്ടില്ല എന്നാണ്. ദൃശ്യത ഇല്ലാത്തതിനാൽ വിസ്മൃതിയിൽ ആകുന്നതാണ്. അത് പകർപ്പവകാശത്തിന്റെ അപകടമാണ്. ഇന്നു പകർപ്പവകാശത്തോടെ ഇറക്കുന്ന പല പുസ്തകത്തിനും ആ ഗതി വരാം. അറുപതുകൊല്ലമൊക്കെ കഴിഞ്ഞ് ആരെങ്കിലും ഓർത്തെടുത്ത് ഓൺലൈനിൽ ആക്കിയാൽ മാത്രമാകും പുനർജന്മം. ഇനി അഥവാ അധികം ആവശ്യക്കാർ ഇല്ലെങ്കിലും, ഓർഡറനുസരിച്ച് 50 – 100 കോപ്പിയൊക്കെ അച്ചടിച്ചുകൊടുക്കാവുന്ന പ്രിന്റ് ഓൺ ഡിമാൻഡ് സമ്പ്രദായം ഉള്ളതിനാൽ അച്ചടിച്ചുവച്ചു നഷ്ടം വരുമെന്ന ആശങ്കയും വേണ്ട.

മനോജ്: കുറച്ചു കോപ്പി അച്ചടിക്കുന്നതു നഷ്ടമാണെന്നാണല്ലോ പറയാറ്?

സി.വി.ആർ.: ആയിരുന്നു മുമ്പ്. പുതിയതരം പ്രസ് വന്നപ്പോഴാണ് പ്രിന്റ് ഓൺ ഡിമാൻഡ് സമ്പ്രദായം വന്നത്. ഇത്തരം പ്രസിൽ അച്ചടിക്കൂലി കുറവുമാണ്. ഇരുനൂറിൽത്താഴെ കോപ്പിയേ അടിക്കുന്നുള്ളെങ്കിൽ കവറിന്റെ ചെലവ് അധികമായി വഹിക്കേണ്ടിവരും.

അതുകൊണ്ടു ഞങ്ങൾ പരമാവധി വില കുറച്ചാണ് പുസ്തകം വില്ക്കുന്നത്. ആ വിലതന്നെ ഞങ്ങൾ എടുക്കുകയല്ല. അതിൽ അച്ചടി, തപാൽ ചെലവു കഴിഞ്ഞുള്ള തുകയുടെ അഞ്ചു ശതമാനം വീതം സ്വതന്ത്രസോഫ്റ്റ്‌വെയർ ഫൗണ്ടേഷൻ, ടെക് യൂസർ ഗ്രൂപ്പ്, സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്, പുസ്തകത്തിൽ ഉപയോഗിച്ച ഫോണ്ട് രൂപകല്പന ചെയ്ത ആൾ, ചിത്രങ്ങൾക്കും മുഖചിത്രത്തിനും മറ്റും ആശ്രയിക്കുന്ന വിക്കി കോമൺസ് എന്നിവയ്ക്കു നല്കും. പത്തുശതമാനം എഡിറ്റർക്കും. രചിതാവുള്ള പുസ്തകമാണെങ്കിൽ 20 ശതമാനം ആ ആൾക്കും നല്കും. ഇതെല്ലാം ചേർത്താണ് വിലയിടുക. രചിതാവ് ഇല്ലെങ്കിൽ അതു വിലയിൽ കുറയ്ക്കും. *കേരളപാണിനീയ*മൊക്കെ വിദ്യാർത്ഥികൾക്ക് ഡിസ്കൗണ്ടിലാണു നല്കാറ്.

മനോജ്: എങ്ങനെയാണ് ഇതിന്റെ വിപണനസമ്പ്രദായം?

സി.വി.ആർ.: അച്ചടി ഏല്പിക്കുന്ന കമ്പനിക്കു പിഡിഎഫ് നല്കും. പുസ്തകം ആവശ്യപ്പെടാനുള്ള ഫോം വെബ്സൈറ്റിൽ ഇടും. അതു പൂരിപ്പിച്ചു ക്ലിക് ചെയ്താൽ അച്ചടി ഏല്പിച്ച കമ്പനിയിലേക്ക് ഓർഡർ പോകും. അവർ അച്ചടിച്ച് എത്തിച്ചുകൊള്ളും. അമേരിക്കയിലും മറ്റും ഇതാണിപ്പോൾ രീതി.

മനോജ്: സ്വതന്ത്രപ്രസാധനം പരമ്പരാഗതപ്രസാധനത്തെ ബാധിക്കില്ലേ?

സി.വി.ആർ.: അതൊരു അബദ്ധധാരണയാണ്.

മനോജ്: ഇ-ബുക്ക് വന്നിട്ടും അച്ചടിപ്പുസ്തകവിപണി വളരുകയാണല്ലോ. അച്ചടിപ്പുസ്തകത്തിനു പ്രിയം കൂടുകയാണോ? അതെന്താണങ്ങനെ?

സി.വി.ആർ.: അതെ, ആവശ്യം കൂടുന്നതായാണു കാണുന്നത്. ഡിജിറ്റൽ പതിപ്പു സൗജന്യമായതിനാൽ ഉള്ളടക്കം നോക്കിയിട്ടു വാങ്ങിയാൽ മതി. വിപുലമായ തെരഞ്ഞെടുക്കൽ സാദ്ധ്യതയാണു മറ്റൊന്ന്. ഞങ്ങളുടെ പുസ്തകങ്ങളുടെ വിലക്കുറവും അതു പെട്ടെന്നു കിട്ടുന്നു എന്നതും ആകർഷണീയതയാണ്. സർവ്വോപരി ഒട്ടേറെ കമ്മ്യൂണിറ്റികളെ സഹായിക്കുന്ന സംരംഭമാണു *സായാഹ്ന* എന്ന പരിഗണനയും ഉണ്ടാകാം.

സ്വതന്ത്രതയുടെ ആരാധകൻ

മനോജ്: പ്രസാധനത്തിന്റെയും സോഫ്റ്റ്‌വെയറിന്റെയും കാര്യത്തിലെന്നപോലെ വിവരങ്ങളുടെയും അറിവുകളുടെയും കാര്യത്തിലും താങ്കൾ സ്വാതന്ത്ര്യവാദി ആണല്ലോ. സ്വതന്ത്രസോഫ്റ്റ്‌വെയറുകളുടെ ആദ്യകാലപ്രയോക്താക്കളിലും പ്രചാരകരിലും ഒരാളായ താങ്കൾ ഇൻഡ്യയിലെ സ്വതന്ത്രസോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ സ്ഥാപകരിൽ ഒരാൾകൂടി ആണെന്ന് അറിയാം. ലോകത്തേതന്നെ ഒരു പ്രധാനപ്രചാരകൻ എന്നാണു വിക്കിപീഡിയ പറയുന്നത്. റിച്ചാർഡ് സ്റ്റോൾമാൻ കേരളത്തിൽ വന്നാൽ തങ്ങാറുള്ളത് താങ്കളോടൊപ്പമാണെന്നും കേട്ടിട്ടുണ്ട്. സ്വതന്ത്രസോഫ്റ്റ്‌വെയർ പ്രസ്ഥാനവുമായുള്ള ഈ

ബന്ധമാണോ വിവരങ്ങളുടെ സ്വതന്ത്രാവകാശം സംബന്ധിച്ച ചിന്തയ്ക്ക പ്രേരകം?

സി.വി.ആർ.: അറിവിന്റെമേൽ കുത്തകാവകാശം എന്നത് യുക്തിരഹിതമാണ്. പുതിയകാലത്തു വികസിച്ചുവരുന്ന ദർശനമാണിത്. പ്രസാധനവ്യവസായം വരുന്നതിനുമുമ്പും അതങ്ങനെ ആയിരുന്നു. എഴുത്തച്ഛനും പൂന്താനവുമൊക്കെ എഴുതിയതു പേരിനും പണത്തിനുമാണോ? അവരുടെയൊക്കെ പേരുപോലും നമുക്കറിയില്ല.

സർക്കാരിന്റെ വിവരങ്ങളടക്കം പൊതുവായ വിവരങ്ങളെല്ലാം പൊതുമണ്ഡലത്തിൽ സ്വതന്ത്രമായി ലഭ്യമാക്കുകതന്നെ വേണം. സർക്കാരിന്റെ എല്ലാ പ്രസിദ്ധീകരണങ്ങളും സ്വതന്ത്രലൈസൻസിങ്ങിൽ ആകണം. പാഠപുസ്തകങ്ങളൊക്കെ ഇങ്ങനെയാകണം. അതിൽ സർഗ്ഗാത്മകരചനകളോമറ്റോ ഉണ്ടായാൽത്തന്നെ ഒരാൾക്ക് ഒരു ലഘുരചനയുടെ അവകാശമല്ലേ പോകൂ? കർത്തൃത്വം പോകുന്നുമില്ല. അതുകൊണ്ട് അവർക്ക് എന്തുണ്ടാകാൻ! കൂടുതൽ പേരിൽ എത്തുന്നിടത്തല്ലേ രചനയുടെ വിജയം. കവിക്ക വീണ്ടും പ്രസിദ്ധീകരിക്കുകയും ചെയ്യാം. പ്രധാനചോദ്യം ഇതാണ്. കവിയോ ജനമോ വലുത്? കവിയെങ്കിൽ വേറെ കവിയെ നോക്കുക, അത്രതന്നെ. പകർപ്പവകാശവാദം ഉയർത്തിയതുമുതൽ ഇളയരാജയുടെ സംഗീതം കേൾക്കുന്നതു ഞാൻ നിർത്തി; മറ്റു പലരും.

ടെക്കിനുവേണ്ടി ഞാൻ വികസിപ്പിച്ച ഇരുപതോളം സോഫ്റ്റ്‌വെയറുണ്ട്. എല്ലാം CTAN-ൽ സൗജന്യമായാണു പ്രസിദ്ധപ്പെടുത്തിയത്. എനിക്ക ബിസിനസ് കൂടുകയാണുണ്ടായത്. നമുക്കുള്ള അംഗീകാരം കൂടും. സ്വതന്ത്രസോഫ്റ്റ്‌വെയറിന്റെ സന്ദേശമാണത്. വേദം കേട്ടാൽ ചെവിയിൽ ഈയം ഉരുക്കിയൊഴിക്കുമായിരുന്നതുകൊണ്ടാണു വേദങ്ങൾ പിന്നോട്ടുപോയത്. ശൂദ്രർ മുതൽ ദളിതരടക്കമുള്ളവർക്ക് അക്ഷരം വിലക്കി വിജ്ഞാനവികസനത്തിൽ സംഭാവന ചെയ്യാനുള്ള അവസരം ആ മഹാഭൂരിപക്ഷത്തിനു നൂറ്റാണ്ടുകളോളം നിഷേധിച്ചതാണല്ലോ ഇൻഡ്യയെ പിന്നോട്ടടിച്ചത്. ഇന്നു കോൺഫറൻസുകൾ നടത്തി പേപ്പറുകൾ പ്രസിദ്ധീകരിച്ചു വ്യാപിപ്പിക്കുന്നതിനാൽ പുതിയ ആശയങ്ങൾ വളരുന്നു. അതാണു വ്യത്യാസം.

സ്വതന്ത്രസോഫ്റ്റ്‌വെയർ ഡിറ്റിപിക്കാരെയടക്കം വ്യാപകമായി പഠിപ്പിക്കാനുള്ള പരിശ്രമം വേണം. ഇതിനായി ക്രാഷ് കോഴ്സ് നടത്തണം.

ഡി.റ്റി.പി. രംഗത്തെ പ്രതിസന്ധിയും പരിഹാരവും

മനോജ്: ഡിറ്റിപികളെല്ലാംതന്നെ പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിലാണു പ്രവർത്തിക്കുന്നത്.

സി.വി.ആർ.: അതു മാറ്റാൻ എളുപ്പമാണ്. കാരണം, ഇന്ന് അവർ ചെയ്യുന്ന എല്ലാ ജോലിക്കും പറ്റുന്ന സ്വതന്ത്രസോഫ്റ്റ്‌വെയറുകളുണ്ട്. ഓപ്പൺ ഓഫീസിലാണെങ്കിൽ മറ്റുള്ളവയിലെപോലെ ഫോണ്ട് പ്രശ്നമൊന്നും ഇല്ല. മലയാളം യൂണിക്കോഡിൽ ടൈപ് ചെയ്യാൻ പഴയ ആസ്കി ഫോണ്ടിൽ ടൈപ് ചെയ്യാൻ

ഉപയോഗിച്ച ഐ.എസ്.എം. പോലുള്ള ഇടനിലസോഫ്റ്റ്‌വെയറും ആവശ്യമില്ല. ഇപ്പോൾ ടൈപ് ചെയ്യുന്ന അതേ രീതിയിൽ ടൈപ് ചെയ്താൽ മതിതാനും. ഇൻസ്ക്രിപ്റ്റ്, ഫൊണെറ്റിക്, റെമിങ്ടൺ എന്നീ കീബോർഡുകളെല്ലാം അതിലും പറ്റും. എല്ലാനിലയിലും എളുപ്പവും സൗകര്യവും സ്വതന്ത്രസോഫ്റ്റ്‌വെയറും യൂണിക്കോഡ് ഫോണ്ടുമാണ്. ജി-മാർട്ടിലൊക്കെ ചെയ്യുന്നതുപോലെയെല്ലാം ലിനക്സിലും പറ്റും. വിൻഡോസിലും മാക്കി(Mac)ലും പറ്റണം. വിൻഡോസിലെ നോട്ട് പാഡ് പോലെ ലിനക്സിൽ ജിഎഡിറ്റ് ഉണ്ട്. വേറെയും ഉണ്ടെങ്കിലും മലയാളത്തിനു കൂടുതൽ നല്ലത് ജിഎഡിറ്റാണ്. യൂണിക്കോഡിലാകുമ്പോൾ ഇംഗ്ലിഷും മലയാളവും ഹിന്ദിയുമെല്ലാം തുടർച്ചയായി ടൈപ് ചെയ്തു പോകാം. ഫോണ്ടു മാറ്റിയാലും അതതു ഭാഷകൾ അങ്ങനെതന്നെ നില്ക്കും. ഇതൊന്നും മറ്റേതിൽ പറ്റില്ല.

ഡിറ്റിപിക്കാരെല്ലാം ഉപയോഗിച്ചുവന്ന പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയർ അതിന്റെ നിർമ്മാതാക്കൾ 2007-ൽത്തന്നെ ഉപേക്ഷിച്ചതാണ്. അവർ ഇറക്കിയ പുതിയ സോഫ്റ്റ്‌വെയറിനു വലിയ വിലയാണ്. മാത്രവുമല്ല, സോഫ്റ്റ്‌വെയറുകൾ ഉത്പന്നം എന്നതു മാറ്റി സേവനം ആക്കുകയാണ്. ഒപ്പം വലിയ വിലയും ഈടാക്കുന്നു. ഓൺലൈൻ പതിപ്പാണ് അവർ വ്യാപകമായി പ്രോത്സാഹിപ്പിക്കുന്നത്. ക്ലൗഡിലെ സ്പേസടക്കം നല്കി, വിവിധ സോഫ്റ്റ്‌വെയറുകൾ പാക്കേജാക്കി പ്രത്യേക സ്വീറ്റ് എന്ന നിലയിൽ. പാക്കേജിലെ ചില ഘടകങ്ങൾ ആവശ്യമില്ലാത്തവർക്കും എല്ലാംകൂടിയേ വാങ്ങാൻ പറ്റൂ. പഴയ സോഫ്റ്റ്‌വെയറും പുതിയതിന്റെ വ്യാജപതിപ്പും ഉപയോഗിക്കുന്നതു വ്യാപകമായി പരിശോധന നടത്തി കണ്ടെത്തി പിഴ ഈടാക്കാനും തുടങ്ങിയിരിക്കുന്നു. പൊതുവിൽ ഡി.റ്റി.പി. രംഗം വലിയ പ്രതിസന്ധിയിലേക്കു വീഴുകയാണ്.

മനോജ്: എന്നിട്ടും എന്താണ് അവർ ഓപ്പൺ സോഫ്റ്റ്‌വെയറിലേക്കു മാറാത്തത്?

സി.വി.ആർ.: മാറാനുള്ള മനഃപ്രയാസവും നല്ല ഡിസൈൻ സോഫ്റ്റ്‌വെയർ ഇല്ലാത്തതുമാണ് അവരെ നിരുത്സാഹരാക്കുന്നത്. ശീലിച്ചതിന്റെ സുഖത്തിലാണവർ. പലതിനും ടെംപ്ലേറ്റുകൾ ഉണ്ടാക്കിവച്ചിരിക്കുകയാണ്. അതിൽ ടൈപ് ചെയ്താൽ മതി. സംഗതി എളുപ്പം. ഇന്നത്തെ അവസ്ഥ ശ്രദ്ധിച്ചിട്ടില്ലേ? പൊതുജനമാകെ ഉപയോഗിക്കുന്നത് യൂണിക്കോഡ്, ഡി.റ്റി.പി.ക്കാർമാത്രം ആസ്കിയിൽ!

മനോജ്: അടുത്തിടെ സ്ക്രൈബസ് എന്ന സ്വതന്ത്ര ഡിസൈൻ സോഫ്റ്റ്‌വെയർ മലയാളത്തിനു പാകത്തിൽ വികസിപ്പിക്കപ്പെട്ടല്ലോ. ഓരോരുത്തരും ശീലിച്ച പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിന്റെ അതേ രീതിയിൽ പ്രവർത്തിപ്പിക്കാനുള്ള കസ്റ്റമൈസേഷൻ ഇതിൽ ചെയ്യാനാകുമെന്നും അതു രൂപപ്പെടുത്തിയവർ പറഞ്ഞു. ഇനി എന്താണു വേണ്ടത്?

സി.വി.ആർ.: ഇന്നുള്ള മലയാളം പ്രസിദ്ധീകരണമെല്ലാം സ്ക്രൈബസിൽ രൂപകല്പന ചെയ്യാം. പ്രത്യേക ചിഹ്നങ്ങളും മറ്റും വേണ്ട സംഗീതചന്ദ്രിക, കേരളപാണിനീയം, ഗണിതപുസ്തകങ്ങൾ തുടങ്ങിയവ ടെക്കിലും ചെയ്യാം. അവ അവർ ശീലിച്ച പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിൽ ചെയ്യുക ഇപ്പോഴും ദുഃസാദ്ധ്യമാണ്.

ജീവനക്കാരുടെ ശിശുക്കൾക്കായി പണിത ക്രെഷ്. (കടപ്പാട്: ഇ. പി. ഉണ്ണി)

പക്ഷെ, ഇതിന് അവരെ മുഴുവൻ സ്സൈബസും ടെക്കും പഠിപ്പിക്കാൻ ക്രാഷ് കോഴ്സ് നടത്തണം. തൊഴിൽവകുപ്പ് ക്യാമ്പയിനായി ഇതു ചെയ്യണം. എല്ലാ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിലും ഇവ നിർബ്ബന്ധമാക്കണം. സർക്കാരിൽ ഇവയേ പാടുള്ളൂ എന്നു നിഷ്കർഷിക്കണം. സർക്കാരോഫീസുകളും ഐറ്റി@സ്കൂളിന്റെ ശിക്ഷണം കിട്ടുന്ന മുഴുവൻ വിദ്യാർത്ഥികളും സ്വതന്ത്രസോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നവരായിട്ടും മറ്റ് ഉപയോക്താക്കൾ അതിലേക്ക വേണ്ടത്ര വരാത്ത സാഹചര്യത്തിൽ സർക്കാരും പ്രൊഫഷണൽ പ്രസ്ഥാനങ്ങളും പ്രത്യേകതാത്പര്യംതന്നെ ഇതിന് എടുക്കേണ്ടതുണ്ട്.

സ്വാതന്ത്ര്യം നട്ടുനനച്ച്

മനോജ്: സ്വതന്ത്രസോഫ്റ്റ്‌വെയർ പ്രസ്ഥാനമൊക്കെ ഉണ്ടായിട്ടും ഇതാണു സ്ഥിതി എന്നത് ചിന്തിക്കേണ്ട വിഷയമാണ്. ആ പ്രസ്ഥാനത്തിന്റെ ഇൻഡ്യയിലെ ഒരു തുടക്കക്കാരൻ എന്ന നിലയിൽ അതിനായി ചെയ്ത കാര്യങ്ങൾ ചുരുക്കി പറയാമോ?

സി.വി.ആർ.: ഞാൻ അതിൽ സജീവമായിരുന്നത് 1997 – 2005 കാലത്താണ്. അന്ന് സ്വതന്ത്രസോഫ്റ്റ്‌വെയറുകളും അതിന്റെ ട്യൂട്ടോറിയലുകളും മറ്റു സഹാ

ഇടത്തുനിന്ന്: കെ എച് ഹുസൈൻ, സി വി രാജഗോപാൽ; ഭിന്നശേഷി സൗഹൃദമായ കാമ്പസിലെവിടെയും വീൽചെയറിൽ ചുറ്റിക്കറങ്ങാം.

യസേവനങ്ങളുമൊക്കെ വിതരണത്തിനായി ഹോസ്റ്റ് ചെയ്യാൻ *sarovar.org* എന്നൊരു വെബ് പോർട്ടൽ ഞാൻ തുടങ്ങി. അനിൽ കുമാർ, രാജ്കുമാർ തുടങ്ങിയവരും സഹായത്തിനുണ്ടായിരുന്നു. പരസ്യങ്ങൾ ഇല്ലാത്ത പോർട്ടൽ. സോഫ്റ്റ്‌വെയർ വികസനം അടക്കമുള്ള ആവശ്യങ്ങൾക്ക് എത്ര സ്പേസ് വേണമെങ്കിലും തരും. ധാരാളം മിറർ സെർവ്വറുകളും ഇതിനുണ്ടായിരുന്നു. എപ്പോഴും അപ്ഡേറ്റിങ്. ആർക്കും എവിടെയും എപ്പോഴും ഡൗൺലോഡ് ചെയ്യാം. അന്ന് ഒരുലക്ഷം ഉപയോക്താക്കളും മുപ്പതിനായിരം പ്രൊജക്ടുകളും ഒക്കെ ഉണ്ടായിരുന്ന ഇതിലൂടെ ധാരാളം ടെക് ഉത്പന്നങ്ങൾ വികസിപ്പിക്കപ്പെട്ടു. സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് (SMC) ഒക്കെ ഉണ്ടായത് ഇതിലായിരുന്നു. സൊളാരീസിന്റെ ഓപ്പൺ സൊളാരീസ് പോലും സരോവറിൽ ആയിരുന്നു. സവാനയും (Savannah) ജർമ്മനിയുടെ ബെർലിയോസും (Berlios) കഴിഞ്ഞാൽ മൂന്നാമതു സരോവർ ആയിരുന്നു.

മനോജ്: എന്നിട്ട്? ഇപ്പോൾ അതില്ലേ?

സി.വി.ആർ.: ഇല്ല. പരിപാലനം നിർവ്വഹിച്ചുവന്ന ഗ്രൂപ്പ് തിരക്കുമൂലം സമയത്തു ചെയ്യാതായി. എസ്.എം.സി. സവാനയിലേക്കു മാറി. ഡേറ്റാ സെർവ്വർ വാടകതന്നെ മാസം 12,000 രൂപ ആയിരുന്നു. അതിനിടെ ആപ്പിളിനു സമാനമായ ഒരു സ്വതന്ത്രസോഫ്റ്റ്‌വെയർ ഹോസ്റ്റ് ചെയ്തതിനു വക്കീൽനോട്ടീസ് വന്നു. പിൻവലിച്ചേ പറ്റൂ എന്ന സ്ഥിതി. കാലിഫോർണിയ ടെക്നോളജീസിലെ ആനന്ദ് ബാബു ബംഗളൂരുവിലുള്ള സ്വന്തം സെർവ്വറിൽ ഹോസ്റ്റ് ചെയ്തു. ഒന്നും ചെയ്യാൻ പറ്റിയില്ല. സ്വതന്ത്രസോഫ്റ്റ്‌വെയർ ഫൗണ്ടേഷനും സഹായിച്ചില്ല.

മനോജ്: അന്നെല്ലാം താങ്കൾതന്നെ ആയിരുന്നില്ലേ ഫൗണ്ടേഷന്റെ ഇവിടുത്തെ ഭാരവാഹി?

സി.വി.ആർ.: അല്ല. മലയാളിയായ എം. അരുൺ, ബോംബേയിൽനിന്നു നാഗാർജ്ജുന, ബംഗളൂരുവിൽനിന്നു ഗോപിനാഥ്, തുടങ്ങി ആറുപേരായിരുന്നു അന്നത്തെ ഫൗണ്ടേഷന്റെ സാരഥികൾ. ഞാൻ ഇൻഡ്യൻ ടെക് യൂസേഴ്സ് ഗ്രൂപ്പിലാണു പ്രവർത്തിച്ചിരുന്നത്. കെ.എസ്.എസ്. നമ്പൂതിരി പ്രസിഡന്റും ഞാൻ സെക്രട്ടറിയും (1997 മുതൽ). ഭാരവാഹികളിൽ കേന്ദ്രധനമന്ത്രാലയത്തിൽനിന്നുള്ള രണ്ടുപേരൊക്കെ ഉണ്ടായിരുന്നു. പാർലമെന്റിൽ സ്വതന്ത്രസോഫ്റ്റ്‌വെറ്റർ വന്നത് അങ്ങനെയാണ്. 2002-ൽ രാജ്യാന്തരഗ്രൂപ്പ് അവരുടെ യോഗം തിരുവനന്തപുരം ടെക്നോപാർക്കിൽ നടത്താൻ തയ്യാറായി. ആ സമയത്താണു സെക്രട്ടറിപദം സതീഷ് ബാബുവിനെ ഏല്പിച്ചു ഞാൻ പിന്മാറുന്നത്.

മനോജ്: ലിനക്സ് ഗ്രൂപ്പിലും സജീവമായിരുന്നില്ലേ? അത് എന്നാണ്?

സി.വി.ആർ.: ഏതാണ്ട് ഇതേകാലത്ത് ലിനക്സ് ഗ്രൂപ്പും തുടങ്ങി. ദില്ലി, ബംഗളൂരു കേന്ദ്രങ്ങൾ ശക്തമായിരുന്നു. പ്രൊപ്രൈറ്ററി കമ്പനികളിൽനിന്നു വലിയ പ്രതിരോധം ഉണ്ടായി. അവയെ അതിജീവിച്ച പ്രാദേശിക യൂസർ ഗ്രൂപ്പുകൾ തിരുവനന്തപുരത്തും ഉണ്ടായി.

ലിനക്സിന്റെ ഇൻസ്റ്റലേഷനൊന്നും ഇന്നത്തെപ്പോലെ ലളിതമായിരുന്നില്ല. അതുകൊണ്ട് എല്ലാവർക്കും എല്ലാം അറിയാമായിരുന്നു. 2000 ആയപ്പോഴേക്ക ഗ്രൂപ്പ വളരെ ശക്തമായി. അന്നൊന്നും നല്ല ബ്രൗസറില്ല, വേഡ് പ്രോസസറില്ല, സ്പ്രെഡ് ഷീറ്റില്ല, ഓഫീസ് സ്വീറ്റില്ല. 2005-ഓടെ ഇതെല്ലാം ഉണ്ടായി. സ്വീകാരം കൂടി. അവയൊന്നും വേണ്ടാത്ത താടിക്കാർ മാത്രമായിരുന്നു അന്നത്തെ ഉപയോക്താക്കൾ. ഇന്ന് ആൻഡ്രോയിഡുകൂടി വന്നതോടെ ലിനക്സ് ഒഴിവാക്കാനാവാത്തതായി.

ലിനക്സ് എങ്ങനെ ഇങ്ങനെയായി എന്നത് അത്ഭുതമാണ്. അമേരിക്കയിലും മറ്റും ഡെൽ ഒക്കെ ലിനക്സ് പ്രീലോഡ് ചെയ്ത് കമ്പ്യൂട്ടർ ഇറക്കുന്നു. ഇനി പ്രതിരോധിക്കാനാവില്ല.

മനോജ്: ഇവിടെ ഇപ്പോഴും എല്ലാം പ്രൊപ്രൈറ്ററി ഓപ്പറേറ്റിങ് സിസ്റ്റവുമായാണല്ലോ കിട്ടുന്നത്?

സി.വി.ആർ.: അതെ. ഇവിടെ എല്ലാ സിസ്റ്റവും വരുന്നത് മൈക്രോസോഫ്റ്റ് വിൻഡോസ് പ്രീലോഡ് ചെയ്താണ്. അവർ തമ്മിൽ ഉടമ്പടിയാണ്. അതു വേണ്ടാ എന്നു ശക്തമായി വാദിച്ചപ്പോൾ ഓപ്പറേറ്റിങ് സിസ്റ്റം ഇല്ലാതെ തരാൻ പറ്റില്ലെന്ന ന്യായം പറഞ്ഞ് ബൂട്ട് ചെയ്യാൻ മാത്രമുള്ള ഡോസിന്റെ (DOS) ഓപ്പറേറ്റിങ് സിസ്റ്റം മാത്രം ഇട്ടുതന്നു. സേവനത്തിനും പരിപാലനത്തിനും സംവിധാനം ഇല്ലാത്തതിനാൽ ഇവർ മറ്റുള്ളവർക്കു തരില്ല.

മനോജ്: അപ്പോൾപ്പിന്നെ വ്യാപിപ്പിക്കാൻ എന്തു ചെയ്യണം?

സി.വി.ആർ.: ചില സമീപനങ്ങളാണു പ്രശ്നം. ഉദാഹരണത്തിന്, ഐറ്റി@സ്കൂളിൽ ആധാരം സ്വതന്ത്രസോഫ്റ്റ്‌വെയർ ആണെങ്കിലും അതിന്റെ സിലബസിൽ C, C++ എന്നിവ പഠിപ്പിക്കുമ്പോൾ മൈക്രോസോഫ്റ്റിന്റെ സി-കമ്പയിലറാണ് ഉപയോഗിക്കുന്നത്. അതുകാരണം, ലിനക്സ് പഠിക്കുമ്പോൾ C, C++ പഠിക്കാൻ കുട്ടികൾക്കു വിൻഡോസിലേക്കു കടക്കേണ്ടിവരും. അതിലെ ഗ്രാഫിക്കൽ ലാളിത്യം അവരുടെ പഠനത്തെ ദോഷമായി ബാധിക്കും. ഇത് ഉടൻ മാറ്റണം.

മനോജ്: പകരം?

ലിനക്സ് വളർന്ന വഴി

സി.വി.ആർ.: ഫ്രീ സോഫ്റ്റ്‌വെയർ ഫൗണ്ടേഷന്റെ കമ്പയിലറുണ്ട്. ലിനക്സിന്റെ ജി.സി.സി. (Gnu Compiler Collection) ആണു ഏറ്റവും മികച്ചതെന്നു ലോകം അംഗീകരിച്ചത്. അതിനാൽ കുട്ടികൾ ഇതു പഠിക്കാനുള്ള സാദ്ധ്യത സൃഷ്ടിക്കുകയാണ് വേണ്ടത്. ഉണ്ടാക്കുന്ന പ്രോഗ്രാം പരീക്ഷിക്കാനും മെച്ച

പ്പെടുത്താനുമെല്ലാം ഉള്ള എക്സർസൈസുകൾ ചെയ്യാൻ നല്ലത് ജി.സി.സി. ആണ്.

ഇത്തരം പല കുരുക്കുകൾ പലയിടത്തും കിടക്കുന്നു. ഇതൊക്കെ കണ്ടെത്തി പരിഹരിച്ചാൽ പ്രയോഗം വ്യാപിപ്പിക്കാം. പതിനഞ്ചു വയസിൽ പുറത്തിറങ്ങുന്ന കുട്ടികളെ ശരിയാക്കിയാൽ വലിയ മാറ്റം ഉണ്ടാകും.

വ്യാപാരികൾക്ക് കണക്കുസൂക്ഷിപ്പിനും ഇൻവെന്ററിക്കും സോഫ്റ്റ്‌വെയർ വേണം. ഇത്തരം മേഖലകൾ കണ്ടെത്തി എന്തുകൊണ്ടു സ്വതന്ത്രസോഫ്റ്റ്‌വെയറിൽ ഉണ്ടാക്കിക്കൊടുത്തുകൂടാ? അതൊക്കെ ചെയ്യണം. ഐ.സി. ഫോസ് ആണു ചെയ്യേണ്ടത്. പക്ഷെ, ചെയ്യുന്നില്ല. ചാല മുതൽ പാളയം വരെ എത്ര വ്യാപാരികളുണ്ട്? പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിനു രണ്ടുലക്ഷം രൂപ കൊടുക്കണം. എത്ര പണമാണു നാടിനു നഷ്ടമാകുന്നത്! നമുക്ക് ഓറക്കിളൊന്നും വേണ്ടാ. ലളിതമായ ബില്ലിങ് സോഫ്റ്റ്‌വെയർ മതി. നികുതി റിട്ടേണുകൾ ഫയൽ ചെയ്യാനുള്ള സഹായോപാധികൾ അടക്കം ഇതുണ്ടാക്കാൻ നികുതിവകുപ്പു മുൻകൈ എടുക്കണം. ധാരാളം തട്ടിപ്പുകൾ ഒഴിവാക്കാം. പ്ലസ് ടു കഴിഞ്ഞ് ഇറങ്ങുന്നവരെക്കൊണ്ടു ചെയ്യിക്കാവുന്നതേയുള്ളൂ. ഐറ്റി@സ്കൂളിന്റെ

ഇടത്തുനിന്ന്: യാൻ വാനെക് (ചെക് റിപ്പബ്ലിക്കിൽ നിന്നുള്ള പ്രോഗ്രാമർ), ഹാൻ തെ താൻ (പിഡിഎഫ് ടെക് (pdfTEX) എന്ന സ്വതന്ത്രസോഫ്റ്റ്‌വേറിന്റെ രചയിതാവ്) കാമ്പസ് സന്ദർശിച്ചപ്പോൾ. ഇവർ സായാഹ്നയുടെ സാങ്കേതികറ്റീമിന്റെ ഭാഗമാണ്.

അനുബന്ധസംരംഭമായി ഇതു വികസിപ്പിക്കാം. സർവ്വീസ് നല്കൽ വഴി ധാരാളം തൊഴിലവസരവും ഉണ്ടാക്കാം.

മനോജ്: ശരിയാണ്. ഞാനും പലപ്പോഴും ചിന്തിച്ചിട്ടുണ്ട്, പലനിലയ്ക്കും മെച്ചമായ സ്വതന്ത്രസോഫ്റ്റ്‌വെയറുകൾ കേരളം പോലൊരു പുരോഗമനരാഷ്ട്രീയസമൂഹത്തിൽപ്പോലും അതിനനുസരിച്ച വ്യാപകമാകാത്തതെന്തെന്ന്.

സി.വി.ആർ.: എന്തല്ലാം മെച്ചങ്ങൾ! ഹാക്കിങ്ങിനു സാദ്ധ്യത കുറവാണ്. ഒരു സ്ഥാപനം അല്ലല്ലോ, ലോകമാകെ വ്യാപിച്ചിട്ടുള്ള ഒരു സമൂഹം തന്നെയല്ലേ ഇവയുടെ പരിപാലകർ. അതുകൊണ്ട്, ഒരുവിഭാഗം ഹാക്കിങ്ങിനു ശ്രമിച്ചാൽ എതിർവിഭാഗം ശക്തമായി പ്രതിരോധിക്കും, മെച്ചപ്പെടുത്തും. സോഴ്സ് കോഡുകൾ കണ്ടാൽ കുഴപ്പങ്ങൾ വേഗം ചൂണ്ടിക്കാട്ടാൻ പറ്റും.

വൻകിട ജർമ്മൻ ബാങ്കായ ഡോഷ് ബാങ്ക് (Deutche Bank) ബാങ്കിങ് സോഫ്റ്റ്‌വെയർ ഓപ്പൺ ആക്കി. നമ്മുടെ പണം കൈകാര്യം ചെയ്യുന്നതല്ലേ. അതു സുതാര്യമാകണ്ടേ? ബോദ്ധ്യപ്പെടുത്താൻ കഴിയണ്ടേ? പൊതുപരിശോധന വേണ്ടേ? പരിഷ്കൃതസമൂഹം അങ്ങനെയൊക്കെയാണു ചിന്തിക്കുന്നത്. ഡോഷ് ബാങ്ക് ചെറിയ കൂട്ടരൊന്നുമല്ലല്ലോ. നാമും അനുകരിക്കണം. ബാങ്കിങ് സോഫ്റ്റ്‌വെയർ ആൻഡ്രോയിഡിൽ ആണല്ലോ. വോട്ടെടുപ്പിനുള്ള സോഫ്റ്റ്‌വെയറൊക്കെ ഇങ്ങനെ ഓഡിറ്റബിൾ ആകണം. എല്ലാറ്റിനും തടസം മനോഭാവമാണ്. അതു മാറണം.

സ്വാതന്ത്ര്യത്തിന്റെ ആരൂഢം

മനോജ്: ഈ സ്വാതന്ത്ര്യമനോഭാവം റിവർ വാലിയുടെ ഈ ക്യാമ്പസിലും ജഗതിയിലെ വീട്ടിലുമൊക്കെ കാണാനും അനുഭവിക്കാനും പറ്റുന്നുണ്ട്. നഗരപ്രാന്തത്തിൽ ഇത്രയും വിശാലവും പ്രശാന്തവുമായ ക്യാമ്പസ് ശരിക്കും അത്ഭുതമാണ്. വലിയൊരു കുളവും ചെറുകുളങ്ങളും അരുവിയുമൊക്കെ കണ്ടു. എന്തൊക്കെയാണ് ഇവിടെയുള്ളത്?

സി.വി.ആർ.: നാല് ഏക്കറുണ്ട് ആകെ. വലിയ കുളത്തിനു നൂറുമീറ്റർ നീളവും 20 മീറ്റർ വീതിയും നൂറടി ആഴവുമുണ്ട്. വിവിധ ഇനത്തിൽപ്പെട്ട ഒരുലക്ഷത്തോളം മീനുകളുണ്ട് അതിൽ. കരിമീനും കൊഞ്ചുമൊക്കെയുണ്ട് ചെറിയ കുളങ്ങളിൽ. അതതു ഭാഗത്തെ ജലസേചനത്തിനുള്ളതാണു ചെറുകുളങ്ങൾ. മുഴുവൻ മഴയും ഇവയിൽ സംഭരിച്ച് ഉപയോഗിക്കും. വർഷം മുഴുവൻ കുടിക്കാനും കുളിക്കാനും ക്യാമ്പസിൽ വെള്ളമുണ്ടാകും. 200 കോഴിയും 50 താറാവും ഉണ്ട്. പത്ത് പശുക്കളുണ്ട്. അൻപതിനം വാഴ, കാരറ്റ്, മുട്ടക്കോസ് (കാബേജ്),... ഏതാണ്ടെല്ലാ പച്ചക്കറിയും ഉണ്ട്. ധാരാളം ഔഷധസസ്യങ്ങളും ക്യാമ്പസിലുണ്ട്. അരിമാത്രം വാങ്ങും. കുറച്ച് വയൽ ഒരാളോട്ട ചോദിച്ചിരുന്നു. തന്നില്ല. ഇപ്പോൾ തരാമെന്നു പറയുന്നു.

മനോജ്: അരിയും പാലുമൊഴികെ സ്വയംപര്യാപ്തമാണ്?

സി.വി.ആർ.: ജീവനക്കാരിൽ 40 പേർ ക്യാന്റീൻ ഉപയോഗിക്കുന്നുണ്ട്. ക്യാന്റീനിൽ ഉപയോഗിക്കുന്നതു മുഴുവൻ ക്യാമ്പസ് ഉത്പന്നങ്ങളാണ്. പാലും മുട്ടയും പച്ചക്കറിയും മീനുമൊക്കെ ജീവനക്കാർക്കും കൊടുക്കും. ബാക്കിവരുന്നതു വില്ക്കും.

മനോജ്: കൃഷി ഏതുരീതിയിലാണ്?

സി.വി.ആർ.: പൂർണ്ണമായും ജൈവകൃഷിയാണ്. പച്ചക്കറി വളർത്താൻ പോളിഹൗസ് ഉണ്ട്. ഫംഗസ് ബാധ ഒഴിവാകും. കാരറ്റിന് അൾട്രാവയലറ്റ് പാടില്ല. അതു തടയാൻ പോളിമർ ഫിൽറ്ററുണ്ട്. കീടനാശിനി ഇല്ല. ജൈവനിയന്ത്രണമാണ്. ഇര-ഇരപിടിയർ ബാലൻസ് ഇപ്പോൾ കൃത്യമാണ്. പത്തുശതമാനമൊക്കെയേ കീടം കയറി പോകാറുള്ളൂ.

മനോജ്: ധാരാളം മയിലുകളെ കണ്ടല്ലോ. ഇടയ്ക്കിടെ കൂവലും കേൾക്കാം. വളർത്തുന്നതാണോ?

സി.വി.ആർ.: അല്ല. ക്യാമ്പസിൽ ധാരാളം പാമ്പുണ്ട്. അതാണല്ലോ ഇഷ്ടഭക്ഷണം. അതുകൊണ്ടു പാർപ്പുറപ്പിച്ചവരാ.

പരിസ്ഥിതിയ്ക്കിണങ്ങുന്ന കെട്ടിടങ്ങളാണ് എല്ലാം. നല്ല വായുസഞ്ചാരമാണ്. ഫാനുകൾ പിടിപ്പിച്ചിട്ടുണ്ടെങ്കിലും പ്രവർത്തിപ്പിക്കേണ്ടിവരുന്നില്ല. ധാരാളം വെളിച്ചം

കാമ്പസിലെ പ്രധാനജലസംഭരണി. (കടപ്പാട്: ഇ. പി. ഉണ്ണി)

കടന്നുവരുന്നതിനാൽ പകൽ ലൈറ്റ് ഇടേണ്ടിവരാറില്ല. എൽ.ഇ.ഡി. ലൈറ്റുകളാണ് എല്ലാം. അവതന്നെ വെളിച്ചം കുറയുന്നതിനനുസരിച്ചു തെളിഞ്ഞുവരുന്ന, സെൻസിറ്റിവിറ്റി വഴി നിയന്ത്രിക്കുന്ന, തരമാണ്. വൈദ്യുതിക്കു പകരം സൗരോർജ്ജം ആക്കാനുള്ള ഒരുക്കത്തിലാണിപ്പോൾ.

മുള കാര്യമായി ഉപയോഗിച്ചുള്ളതാണു നിർമ്മാണം. നാല്പതുകൊല്ലമാണ് അതിന്റെ ആയുസ്സ്; സ്റ്റീലിനോളം. സ്റ്റീൽ കൈവരികൾ കിളിക്കാട്ടം വീണുംമറ്റും ദ്രവിച്ചിട്ടും മുള കുഴപ്പമില്ലാതെ നില്ക്കുന്നു!

ഭിന്നശേഷീസൗഹൃദമാണു നിർമ്മാണം. ഒരുനിലപ്പൊക്കത്തിലാണു റാമ്പ്. ഒരറ്റത്തെ ക്വാർട്ടേഴ്സിൽനിന്നു മറ്റേയറ്റത്തെ കുളത്തിൽവരെ വീൽ ചെയറിൽ പോകാം. എല്ലാ കെട്ടിടത്തിൽനിന്നും പടി കയറാതെ പ്രധാനഗേറ്റുവരെയും വഴിയുണ്ട്.

മൂന്നുഭാഗമായി അഞ്ചു ബ്ലോക്കുകളാണ് ആകെ കെട്ടിടങ്ങൾ. പ്രധാനകെട്ടിടത്തിന് അഞ്ചു നിലയുണ്ട്. അതിൽ ലിഫ്റ്റുണ്ട്. പ്രധാനകെട്ടിടത്തിലെ ഒന്നും രണ്ടും നിലകളിലായി 250 പേർക്കു ജോലിചെയ്യാം. മലയാളത്തിലും ഇംഗ്ലിഷിലുമുള്ള ധാരാളം പുസ്തകമുള്ള നല്ലൊരു ലൈബ്രറിയുമുണ്ട്. അവിടത്തെ വായനക്കാർ കൂടുതലും താണതലത്തിലുള്ള ജോലികൾ ചെയ്യുന്നവരാണെന്നു സി.വി.ആർ പറഞ്ഞു.

മറ്റൊരുഭാഗത്ത് രണ്ടു ദമ്പതിമാർക്കുവീതം താമസിക്കാവുന്ന നാലു ഗസ്റ്റ് ഹൗസുണ്ട്. കെയർ ടേക്കർക്കുള്ള പാർപ്പിടവും അവിടെയാണ്. സിവിആർ ചിലപ്പോഴൊക്കെ അവിടയാണു തങ്ങിയിരുന്നത്. ഇപ്പോൾ ആരോഗ്യം വീണ്ടുമൊന്നു പിണങ്ങിയപ്പോൾ അവിടെയായി സ്ഥിരതാമസം.

ഈ രണ്ടു ഭാഗങ്ങൾക്കും നടുവിലാണു ഭക്ഷണശാല. വിശാലമായ അടുക്കള. രണ്ടു നിലകളിലായി രണ്ടു ഭക്ഷണശാലകളിൽ 250 പേർക്കു ഭക്ഷണം കഴിക്കാം.

മനോജ്: ക്യാന്റീനും പൂർണ്ണമായും ജൈവമാണോ?

സി.വി.ആർ.: അതെ. വറുത്ത ഭക്ഷണം കഴിവതും ഒഴിവാക്കും. ആഴ്ചയിൽ ഒരുദിവസം വടയോ വാഴയ്ക്കാപ്പമോ ഉണ്ടാകും. അവൽ, തെരളി, അവലോസുപൊടി, കൊഴുക്കട്ട, അട തുടങ്ങിയവയൊക്കെയാണു സാധാരണ. ക്രൈസ്തവവിഭവമായ 'ഇൻറിയപ്പ്'വും ഉണ്ടാക്കും. നാടൻ കോഴിയിറച്ചിയൊക്കെയുണ്ട് മെനുവിൽ. ആഴ്ചയിൽ മൂന്നുദിവസം മീനുണ്ട്. ഒരുദിവസം വറുത്തതാണ്. വെള്ളിയാഴ്ചകളിൽ പരിപ്പും പപ്പടവും പായസവും ഒരുക്കും. തീയൽ പോലുള്ള വിഭവങ്ങളൊക്കെ ഉണ്ടാകാറുണ്ട്. വെണ്ടയ്ക്കാത്തോരൻ ബഹുവിശേഷമാണ്. സായിപ്പന്മാർക്കൊക്കെ വലിയ ഇഷ്ടം. ധാരാളം കൂട്ടുകാർ വരും. ജർമ്മനിയിൽനിന്നും മറ്റുമുള്ള ടെക് ഡെവലപ്പർമാരും വരും. കേരളീയഭക്ഷണത്തെപ്പറ്റി വലിയ മതിപ്പാണ് അവർക്കെല്ലാം.

മാസത്തിൽ ഒരുദിവസം സദ്യയുണ്ട്. 90-95 പേർ കഴിക്കും. ഭക്ഷണമെല്ലാം 65 ശതമാനം സബ്സിഡി കുറച്ചാണു നല്കുന്നത്. ആവശ്യക്കാർക്കു സ്വന്തം കമ്പ്യൂട്ടറിൽനിന്ന് ഓർഡർ നല്കാം. മാസാവസാനം ബില്ലും കമ്പ്യൂട്ടറിൽ വരും.

തൊഴിലാളീസൗഹൃദവും

മനോജ്: ക്യാന്റീൻ നടത്തിപ്പ്?

വർക് സ്റ്റേഷനുകളും ജീവനക്കാരും പ്രവർത്തനസ്ഥലവും. (കടപ്പാട്: ഇ. പി. ഉണ്ണി)

സി.വി.ആർ.: തൊഴിൽക്കരാറാണ്. പാത്രവും ഇന്ധനവും മറ്റു സൗകര്യവുമെല്ലാം നമ്മൾ നല്കും. സ്ത്രീകളുടെ തൊഴിൽപ്രസ്ഥാനമായ സേവയ്ക്കാണു കരാർ. ഏഴു ജീവനക്കാരുണ്ട്. അവർക്കും പ്രൊവിഡന്റ് ഫണ്ടൊക്കെ നല്കും. ശമ്പളത്തിനു പുറമെ വിലയുടെ പത്തു ശതമാനം അവർക്കു നല്കും. അവധിദിവസവും ശമ്പളം നല്കും. ബന്ദുദിവസം വരണ്ടാ. അവരെല്ലാം ഹാപ്പിയാണ്. മൂന്നുകൊല്ലം കൂടുമ്പോൾ അവർക്കു സേവയുടെ മറ്റു കരാർസ്ഥലങ്ങളിലേക്കു സ്ഥലംമാറ്റം ഉണ്ടെങ്കിലും അവർക്ക് ഇവിടമാണിഷ്ടം.

മനോജ്: റിവർ വാലിയിലെ ജീവനക്കാരോടും ഇതുതന്നെയാകും സമീപനം, അല്ലേ?

സി.വി.ആർ.: അതെ. പിരിഞ്ഞുപോകാൻ തോന്നാത്ത ശമ്പളമാണു നല്കുന്നത്. അതുകൊണ്ട് ആരും അധികജോലി ഏറ്റെടുക്കാറില്ല. അല്ലാതെതന്നെ എല്ലാവർക്കും കുട്ടികളെ നല്ല വിദ്യാലയത്തിൽ പഠിപ്പിക്കാനും വണ്ടി, വീട് ഒക്കെ പരിപാലിക്കാനും കഴിയും.

ഓരോദിവസത്തെയും ജോലി കണക്കാക്കി അവധിദിവസം ജോലി ചെയ്യണോ എന്നത് വോട്ടിനിടും. ഭൂരിപക്ഷവും അനുകൂലിച്ചാൽമാത്രം ചെയ്യും. അതിന് ഇരട്ടി വേതനവും ഒരു ദിവസത്തെ പകരം അവധിയും നല്കും. ചുരുക്കത്തിൽ ഒരു അവധിദിനജോലിക്കു മൂന്നുദിവസത്തെ ശമ്പളം. ബന്ദിനു പകരം മറ്റൊരു അവധിദിനം പ്രവൃത്തിദിനമാക്കും. അവധിദിനപ്രവൃത്തികൾ തൊഴിൽവകുപ്പിനെ അറിയിക്കും. ഒരു തൊഴിൽനിയമവും ലംഘിക്കില്ല. പണി

തീർന്നാൽ ആഴ്ചക്കണക്കിൽ നേരത്തേ പോകാം. ചിലർ നാലുമണിക്കൂറിൽ ത്താഴെയേ ചെയ്യാറുള്ളൂ. ജോലി നിരീക്ഷിക്കാൻ സംവിധാനമുണ്ട്. പക്ഷെ, ബിഗ് ബ്രദർ ആകരുതെന്നുണ്ട്. അതിനാൽ അത് അത്രയ്ക്കു നോക്കാറില്ല.

വീട്ടിലിരുന്നു ജോലി ചെയ്യാനുള്ള അനുമതി പണ്ടേ ഉണ്ട്. മിക്കവർക്കും ലാപ്ടോപ് ഉണ്ട്. കോവിഡ് 19 അടച്ചിടൽക്കാലത്ത് ഇതാണു തുണയായത്. ലാപ്ടോപ് ഇല്ലാത്തവർക്കുകൂടി അതു നല്കാനും അത് അവസരമായി.

നാലുലക്ഷം രൂപയുടെ മെഡിക്കൽ ഫണ്ടുണ്ട്. ജീവനക്കാർക്ക് അവകാശബോധം തോന്നാൻവേണ്ടിമാത്രം ബോണസിലെ ഒരു സംഭാവന ഇതിൽ ഇടുവിക്കും. ജീവകാരുണ്യം പോലുള്ള ഫ്യൂഡൽ മാടമ്പിത്തമാണെന്ന് ആർക്കും തോന്നേണ്ടല്ലോ. ബാക്കി കമ്പനി ഇടുന്നതാണ്. ഇതിൽനിന്ന് അടിയന്തരസഹായം നല്കും. ഇ.എസ്.ഐ. കിട്ടുമ്പോൾ തിരിച്ചടച്ചാൽ മതി. അതിനായി കാത്തു വിഷമിക്കേണ്ട എന്നതാണു മെച്ചം. എല്ലാവർക്കും ആരോഗ്യ ഇൻഷ്വറൻസും ഉണ്ട്.

മനോജ്: ഇപ്പോൾ എത്രപേർ ജോലിചെയ്യുന്നുണ്ട്?

സി.വി.ആർ.: ഒടുവിൽ 134 പേർ ഉണ്ടായിരുന്നു. ഇതിൽ 85 ശതമാനം സ്ത്രീകളാണ്. 50 – 50 അനുപാതത്തിൽ തുടങ്ങിയതാണ്. സ്ഥാപനത്തിൽ സ്ത്രീസുരക്ഷ ഉറപ്പാക്കിയിട്ടുമുണ്ട്.

മനോജ്: റിവർ വാലിക്കു വേറെയും കേന്ദ്രങ്ങൾ ഇല്ലേ?

റിവർ വാലിയിലെ ജീവനക്കാർ പ്രവർത്തനനിരതരായി. (കടപ്പാട്: ഇ. പി. ഉണ്ണി)

സി.വി.ആർ.: ഉണ്ട്. നാലു കേന്ദ്രങ്ങൾ. ചെറിയ സംവിധാനങ്ങളാണ്. തൃശ്ശിനാപ്പള്ളിയിൽമാത്രം 30 പേർ. കൊച്ചിയിൽ അഞ്ചുപേരും കോഴിക്കോട്ട് 18 പേരും കണ്ണൂരിൽ നാലു പേരും. ഒരു കരുതൽ സംവിധാനം കൂടിയാണത്. പ്രളയമോ ഭൂമികുലുക്കമോ പോലെ എന്തെങ്കിലും ഉണ്ടായാലും കണക്റ്റിവിറ്റി പോയാലും മറ്റ കേന്ദ്രങ്ങളിൽനിന്ന പ്രവർത്തിപ്പിക്കാനാകും. രാജ്യാന്തരനിലവാരമുള്ള സ്ഥാപനങ്ങളൊക്കെ ഇപ്പോൾ ഇങ്ങനെ പല കേന്ദ്രങ്ങൾ ഒരുക്കാറുണ്ട്. സെർവ്വറുകളൊക്കെ അങ്ങനെയാണല്ലോ. മിറർ സെർവ്വറുകൾ വേറെ ഭൂഭാഗങ്ങളിൽ വയ്ക്കും. ക്ലൗഡ് കമ്പ്യൂട്ടിങ്ങിന്റെയൊക്കെ ഗുണം അതാണ്. ഞങ്ങളുടെ ഡേറ്റ എല്ലാം ക്ലൗഡിലാണ്. ഇവിടെ സാധാരണ കമ്പ്യൂട്ടറുകൾതന്നെ ഇല്ല.

മനോജ്: അതെ. അതു ഞാൻ ശ്രദ്ധിച്ചു. ചോദിക്കണമെന്ന കരുതിയതുമാണ്. എന്താണാ സംവിധാനം?

സി.വി.ആർ.: ഡെസ്ക്ക്ടോപ്പിന പകരം 3500 രൂപ മാത്രം വിലയുള്ള റാസ്പ്ബെറി (Raspberry) ആണ് എല്ലാ ടേബിളിലും. 750 വാട്ട്സ് വൈദ്യുതിയുടെ സ്ഥാനത്ത് അഞ്ചുവാട്ട്സ് മതി. അതിലെ ബാറ്ററിയിൽ 23 മണിക്കൂർ പ്രവർത്തിപ്പിക്കാം. ഒരു കീബോർഡും എൽസിഡി മോനിറ്ററും മാത്രം മതി. ആവശ്യമെങ്കിൽ പ്രിന്ററും ബന്ധിപ്പിക്കാം. സേവ് ചെയ്യുന്നതെല്ലാം ക്ലൗഡ് സെർവ്വറിൽ ആയതിനാൽ പാസ്‌വേഡുള്ള ആർക്കും എവിടെയിരുന്നും എപ്പോഴും അത് എടുത്ത് ഉപയോഗിക്കാൻ കഴിയും. മൂലധനച്ചെലവു നന്നേ കുറച്ചുമതി.

സ്വാതന്ത്ര്യത്തിന്റെ കമ്മ്യൂൺ

മനോജ്: മറ്റൊരു പ്രധാനകാര്യം—ഒരുപക്ഷെ, ഏറ്റവും കൗതുകകരവും—ചോദിക്കാനുള്ളത് താങ്കളുടെ കമ്മ്യൂൺ പരീക്ഷണത്തെപ്പറ്റിയാണ്.

(സി.വി.ആർ. ആർത്താർത്തു ചിരിച്ചു. ശരീരത്തിലെ ആവേശം മുഴുവൻ മുഖത്തേക്ക്. പൊടുന്നനെ അദ്ദേഹം കൂടുതൽ വാചാലനായി.)

മനോജ്: എന്തായിരുന്ന പ്രചോദനം?

സി.വി.ആർ.: കൂട്ടുകുടുംബം ആയിരുന്ന എന്റെ കുടുംബംതന്നെയാണ പ്രേരണ. കൂട്ടുകുടുംബത്തിന കോട്ടങ്ങൾപോലെതന്നെ ചില നേട്ടങ്ങളുമുണ്ട്. ഒരു കുട്ടിക്ക സുഖമില്ലാതായാൽ അച്ഛനമ്മമാർ ബേജാറാകേണ്ട കാര്യമില്ല. ഇന്നോ? അതുപോലെതന്നെ പ്രായമായവരുടെ കാര്യവും. എന്റെ അച്ഛനമ്മമാരെ ഞാൻ നിർബ്ബന്ധിച്ചു കൊണ്ടുവരേണ്ടിവന്ന, സംരക്ഷിക്കാൻ. താത്പര്യമില്ലാത്തത് സമപ്രായക്കാർ ഇല്ലാത്തതുകൊണ്ട്. മുത്തശ്ശന്മാരും മുത്തശ്ശിമാരും കുട്ടികളുമായുമുള്ള ബന്ധവുമില്ല. പരസ്പരമുള്ള കരുതലില്ലായ്മ. അതോടൊപ്പം സാംസ്കാരികപാരമ്പര്യവും നഷ്ടമാകുന്നു. ആർദ്രത, സഹാനുഭൂതി ഒക്കെ അങ്ങനെ പകർന്നുകിട്ടേണ്ടവയാണ്. പഞ്ചതന്ത്രം കഥയൊക്കെ എത്ര തലമുറ പറഞ്ഞതാണ്. അവ നഷ്ടമായപ്പോൾ കുട്ടികൾ വിനോദത്തിന യന്ത്രങ്ങളിലേക്ക തിരിയുന്നു. അവർക്ക വിവേചനമില്ല.

അതുപോലെയാണ വാർദ്ധക്യത്തിൽ എത്തിയവരുടെ കാര്യവും. അവരുടെ ആവശ്യം അനായാസേനയുള്ള മരണമാണ്. അതിൽ എത്രമാത്രം

സഹായിക്കാനാകും? അവരവരുടെ വാർദ്ധക്യം അവരവർ ആസൂത്രണം ചെയ്തു കൃത്യതയോടെ നടപ്പാക്കുക എന്നതു സാദ്ധ്യമാകണം. നല്ല വിദ്യാഭ്യാസം കിട്ടിയാൽ കിട്ടുന്ന ജോലികൾ നഗരങ്ങളിൽ ആകയാൽ കുട്ടികൾക്കും അച്ഛനമ്മമാർക്കും ഒപ്പം ജീവിക്കാൻ സാദ്ധ്യത കുറയും. നല്ല വിദ്യാഭ്യാസം കിട്ടാത്തവർക്കാകട്ടെ, അതിനുള്ള ശേഷി ഉണ്ടാകുകയുമില്ല. ചിലപ്പോൾ മനസ്സും. ചിലർ അക്രമികളായൊക്കെ മാറാം. അങ്ങനെയൊക്കെയാണല്ലോ കാണുന്നത്.

ഓർമ്മയും ബുദ്ധിയും ക്ഷയിക്കുന്നതും ചലനശേഷി കുറയുന്നതുമാണ് വാർദ്ധക്യത്തിലെ പ്രശ്നങ്ങൾ. രണ്ടിനും ഇന്നു ശാസ്ത്രീയപരിഹാരങ്ങളുണ്ട്. പക്ഷേ, അവ വ്യക്തിപരമയി നേടാൻ പറ്റില്ല. ഉദാഹരണത്തിനു കക്കൂസിൽ പോകാനുള്ള ബുദ്ധിമുട്ട്. പരിഹാരം ഉണ്ട്. പക്ഷേ, ഒരാൾക്കായി ആ ചെലവു താങ്ങാനാവില്ല. ഒരു സമൂഹമായി വാങ്ങിയാൽ എല്ലാവർക്കും ഉപയോഗിക്കാം. 'ഗുസാരിസ്' (Guzaarish) എന്ന സിനിമയിൽ ഈ ഉപകരണങ്ങളുണ്ട്. എട്ടുപത്തുലക്ഷം രൂപയുണ്ട് ഒരു ഉപകരണത്തിന്. അതൊരു 'പ്ലഷറാ'ണ്.

അതുപോലെ, പൊതു അടുക്കള, ജലസംഭരണി, ഇന്റർനെറ്റ് കഫേ, കളിസ്ഥലം, വയോജനങ്ങൾക്ക ശമ്പളത്തിൽ നഴ്സുമാർ തുടങ്ങി എല്ലാ പൊതുസൗകര്യവുമുള്ള, പരിസ്ഥിതിസൗഹൃദമായ, അത്തരം അവബോധങ്ങളുള്ള ഒരു കൂട്ടുജീവിതമാണ് ഞാൻ വിഭാവനം ചെയ്യുന്നത്.

മനോജ്: പക്ഷെ, കൂട്ടുകുടുംബം പലനിലയ്ക്കും ആരോഗ്യകരം ആയിരുന്നില്ലെന്നാണല്ലോ ചരിത്രവിശകലനങ്ങളും എം.റ്റി.യെപ്പോലുള്ളവരുടെ രചനകളും വ്യക്തമാക്കിയിട്ടുള്ളത്?

സി.വി.ആർ.: അതെ. അത്തരം പ്രശ്നങ്ങൾ ഉണ്ടായിരുന്നു. അവയൊക്കെ ഒഴിവാക്കിയ, ആധുനികകാഴ്ചപ്പാടുകൾക്ക് അനുസൃതവും ജനാധിപത്യപൂർണ്ണവുമായ ഒരു പ്രാദേശിക സ്വാശ്രിതസമൂഹമായാണ് ഞാൻ അതിനെ വിഭാവനം ചെയ്യുന്നത്. ഓരോരുത്തർക്കും അവകാശങ്ങൾ ഉണ്ട്. അവ സംരക്ഷിക്കണം. താത്പര്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യും എന്ന പ്രശ്നമുണ്ട്. അതു ചർച്ച ചെയ്യണം. കുട്ടികളുടെ കാര്യത്തിൽ തല്ല്, ശാസന, ഭീഷണിപ്പെടുത്തൽ തുടങ്ങിയ വിഷയങ്ങളുണ്ട്. കുട്ടികളുടെ പ്രണയത്തെ എങ്ങനെ സമീപിക്കണം? അവർ ലൈംഗികമായൊക്കെ ഇടപെടാം. അതൊക്കെ എങ്ങനെ സ്നേഹപൂർവ്വം, യാഥാർത്ഥ്യബോധത്തോടെ കൈകാര്യം ചെയ്യാം? ജാതിക്കോമരങ്ങളുടെ സ്വാധീനത്തിൽനിന്നു സംവിധാനത്തെ എങ്ങനെ മുക്തമാക്കാം. ഇങ്ങനെ വിപുലമാണു മേഖലകൾ.

(സി.വി.ആറിന്റെ കമ്മ്യൂൺ സങ്കല്പം അദ്ദേഹത്തിന്റെ ബ്ലോഗിൽ അവതരിപ്പിച്ചിട്ടുണ്ട്. സുസ്ഥിരസമൂഹം (Sustainable Community) എന്നാണ് അതിനു നല്കിയിട്ടുള്ള പേര്. (http://cvr.cc/?p=35) അതിന്മേൽ കാര്യമായ ചർച്ച നടന്നിട്ടുമുണ്ട്.)

മനോജ്: പാരീസ് കമ്മ്യൂണാണോ പ്രചോദനം?

സി.വി.ആർ.: തീർച്ചയായും അതുണ്ട്. പക്ഷെ, അതിനു പ്രശ്നങ്ങൾ ഉണ്ടായിരുന്നല്ലോ. ഇസ്രായിലിലെ കിബ്ബുത്സ് (Kibbutz) പോലെ ഒന്നാണ് എന്റെ സങ്കല്പത്തിലെ കമ്മ്യൂൺ.

മനോജ്: ആ വഴിക്കു ചില പരിശ്രമങ്ങളും നടത്തിയല്ലോ. എന്തൊക്കെ ആയിരുന്നു അത്?

സി.വി.ആർ.: ഇതിൽ താത്പര്യമുള്ള കുടുംബങ്ങളെ കണ്ടെത്തുക, കമ്മ്യൂൺ സ്ഥാപിക്കാൻ സ്ഥലം വാങ്ങുക, അവിടെ പൊതുസൗകര്യങ്ങൾ ഒരുക്കുക, പരിപാലനസംവിധാനം ഉണ്ടാക്കുക എന്നിങ്ങനെ പലതും വേണ്ടിയിരുന്നു. കിള്ളി എന്ന സ്ഥലത്ത് 14 ഏക്കർ സ്ഥലം കണ്ടെത്തി. കമ്പനിയിലുള്ളവർക്കു വീട്ടിലിരുന്നു ജോലി ചെയ്യാനുള്ള സാദ്ധ്യത പരിശോധിച്ചു. ഇഷ്ടമുള്ളപ്പോൾ ഓഫീസിൽ വരിക. സ്വസ്ഥമായി ഇരിക്കാൻ തോന്നുമ്പോൾ അതു കഴിയണം. പഴയ കൃഷിപ്പണിപോലെ. കമ്പനിയിൽ ആയിരിക്കുമ്പോൾ ഉണ്ടാകുന്ന കുടുംബാസൗകര്യങ്ങൾ ഒഴിവാക്കണം. കുട്ടികളെ നോക്കൽ, അച്ഛനമ്മമാരെ കൊണ്ടുവരൽ, അവരുടെ കാര്യങ്ങൾ നോക്കൽ ഒക്കെ മനഃക്ലേശമില്ലാതെ നടക്കണം. വേർപിരിയൽ പരമാവധി കുറയ്ക്കാൻ വിവാഹപൂർവ്വ-കുടുംബ കൗൺസെലിങ് ഒക്കെ ആലോചിച്ചു.

പക്ഷെ, വസ്തുവിന്റെ ഉടമകൾ തമ്മിലുള്ള ആശയക്കുഴപ്പങ്ങളും ബ്രിട്ടിഷ് പങ്കാളിയുടെ കുത്തിത്തിരിപ്പും ഒക്കെ കാരണം അന്നതു നടന്നില്ല. പിന്നീട് സ്വന്തം സഹോദരങ്ങളെയും കുടുംബങ്ങളെയും ചേർത്തു ലഘുമാതൃകയും ആലോചിച്ചു. എങ്കിലും നമ്മുടെ പാരമ്പര്യത്തിലെ 'ഫ്യൂഡലും ട്രൈബലുമായ' സ്വഭാവവിശേഷങ്ങൾ തുടക്കത്തിലേ അതും തല്ലിക്കെടുത്തി. എന്നാലും ആ സ്വപ്നം ആർക്കെങ്കിലും പ്രചോദനമാകുന്നെങ്കിൽ, ആരെങ്കിലും നടപ്പാക്കാൻ മുതിരുന്നെങ്കിൽ, ആകട്ടെ എന്നു കരുതിയാണ് അതു ബ്ലോഗിൽ വിശദമായിത്തന്നെ ഇട്ടത്.

സി.വി.ആർ. തന്റെ www.cvr.cc എന്ന ബ്ലോഗിൽ http://cvr.cc/?p=60 എന്ന താളിൽ 'എന്റെ സ്വപ്നങ്ങൾ' (My Dreams) എന്ന ശീർഷകത്തിൽ രണ്ടു സ്വപ്നങ്ങളിൽ ഒന്നാമത്തേതായി പറയുന്നത് കമ്മ്യൂൺ സ്ഥാപനമാണ്. 1973 മുതൽ ഇദ്ദേഹം ഇതിനായി സംസാരിക്കുന്നു. യുട്ടോപ്യൻ എന്ന് ഒരുവേള തോന്നിയ ഈ സ്വപ്നത്തിന്റെ കാര്യത്തിൽ സി.വി.ആർ. ഇപ്പോൾ വീണ്ടും പ്രതീക്ഷ പ്രകടിപ്പിക്കുന്നു.

സ്വാതന്ത്ര്യത്തിന്റെ, ആധുനികമാനവികമൂല്യങ്ങളുടെ, വക്താവും പ്രയോക്താവുമായ സി.വി.ആർ. തന്റെ ആശയങ്ങൾ കഴിയുന്നത്ര സ്വന്തം ജീവിതത്തിലും സമൂഹത്തിലും നടപ്പാക്കുകയും സമൂഹത്തിൽ സ്വാധീനം ചെലുത്താൻ ശ്രമിക്കുകയും ചെയ്യുന്ന അപൂർവ്വമാതൃകയാണ്. സി.വി.ആറിന്റെ പ്രവൃത്തികളും മാതൃകകളാണ്. നല്ലൊരു നാളേയ്ക്കുള്ള സ്വാതന്ത്ര്യത്തിന്റെ മാതൃകകൾ. ശാരീരികമായ പരിമിതിയാൽ മുച്ചക്രക്കസേരയിൽ തളയ്ക്കപ്പെട്ട ശരീരത്തിൽ ആ വിശ്വമനസ് ചക്രവാളങ്ങളില്ലാത്ത സ്വാതന്ത്ര്യസ്വപ്നങ്ങൾ കാണുന്നു; അവയുടെ സാക്ഷാത്ക്കാരത്തിന്റെ സാദ്ധ്യതകൾ തേടുന്നു. ആ വഴിയിൽ നമ്മളാലാവുന്നതു ചെയ്യുക എന്നതാണ് ഈ മനുഷ്യസ്നേഹിക്കുള്ള സമർപ്പണം.

മൂലരൂപം പ്രസിദ്ധീകരിച്ചത്:

1. 'ലോകോത്തരജേർണലുകളുടെ രൂപശില്പി സി.വി.ആർ. ജീവിതം പറയുന്നു', മീഡിയ മാസിക, 2019 ഒക്ടോബർ.
2. 'ടെക്കിന്റെ ജൈത്രയാത്രയും പുറംതിരിഞ്ഞു നാമും', മീഡിയ മാസിക, 2019 നവംബർ – ഡിസംബർ.
3. 'അറിവുസ്വാതന്ത്ര്യത്തിന്റെ ആഘോഷം', പ്രസാധകൻ മാസിക 2020 ജൂൺ.

പതിനെട്ടാമത്തെ
ആനയുടെ യുക്തി

5

പതിനെട്ടാമത്തെ ആനയുടെ യുക്തി

പ്രവേശിക

കേരളം: വിശ്വാസം, യുക്തിബോധം, വിദ്യാഭ്യാസം

സാമൂഹികശാസ്ത്രജ്ഞനും വിദ്യാഭ്യാസചിന്തകനും ശാസ്ത്രസാഹിത്യകാരനും എൻജിനീയറിങ് അദ്ധ്യാപകനും കേരള ശാസ്ത്രസാഹിത്യപരിഷത്തിന്റെ മുൻപ്രസിഡന്റും ഒക്കെയായ ഡോ: ആർ.വി.ജി. മേനോൻ കേരളസമൂഹത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്യുകയും നാം ഇന്ന് നേരിടുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുകയാണ്. ഒന്നിനോടൊന്ന് ചേർന്നുപോകുന്ന രണ്ട് അഭിമുഖങ്ങളാണിത്. ഒന്ന് അവസാനിക്കുന്നത് ഉന്നതവിദ്യാഭ്യാസരംഗത്ത് അഴിച്ചുപണി വേണം എന്ന നിരീക്ഷണത്തിലാണ്. രണ്ടാംഭാഗമാകട്ടെ ആ രംഗത്തെ പ്രശ്നങ്ങളെയും പരിഹാരങ്ങളെയും പറ്റിയും.

കേരളസമൂഹത്തിൽ വിശ്വാസത്തിനുള്ള സ്ഥാനം, യുക്തിചിന്തയുടെയും ശാസ്ത്രബോധത്തിന്റെയും സ്വാധീനം, കേരളത്തിലെ സാംസ്കാരിക-നവോത്ഥാനപ്രസ്ഥാനങ്ങൾക്കു സംഭവിച്ച വിപര്യയം, രാഷ്ട്രീയപ്രസ്ഥാനങ്ങൾ തെരഞ്ഞെടുപ്പു രാഷ്ട്രീയത്തിന്റെ സമ്മർദ്ദങ്ങൾക്കു വശംവദരാകുന്നതിന്റെ അപകടങ്ങൾ, സമഗ്രസമീപനമില്ലാത്ത ഏകവിഷയപ്രസ്ഥാനങ്ങൾ, കേരളീയർ നിലപാടുകളും സമീപനങ്ങളും രൂപപ്പെടുത്തുന്നതിലെ ശാസ്ത്രേതരരീതി, ശാസ്ത്രസാഹിത്യപരിഷത്തും യുക്തിവാദവും, സയൻസും ദൈവവും, ആർ.വി.ജി.യുടെ വിശ്വാസം, പുതുക് കാല പ്രസ്ഥാനങ്ങൾ, വിദ്യാസക്കച്ചവടം, ഉന്നതവിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും സമീപനത്തിലും വരേണ്ട മാറ്റം എന്നുതുടങ്ങി ഒട്ടേറെ വിഷയങ്ങളിൽ ചിന്തനീയമായ കാഴ്ചപ്പാടുകൾ ആർ.വി.ജി. ഇതിലൂടെ മുന്നോട്ടുവയ്ക്കുന്നു. അഭിമുഖം 2011-ൽ നടത്തിയതാകയാൽ ഉമ്മൻ ചാണ്ടി, പിണറായി സർക്കാരുകളുടെ വിദ്യാഭ്യാസനയസമീപനങ്ങളും ശബരിമലയുവതീപ്രവേശനവിവാദവും പരിശോധിക്കപ്പെട്ടിട്ടില്ല.

പതിനെട്ടാമത്തെ ആനയുടെ യുക്തി

— ഡോ. ആർ.വി.ജി. മേനോൻ

മകരജ്യോതി കാണാൻ 2010-ലെ മകരവിളക്കുദിവസം ഭക്തർ തടിച്ചുകൂടിയ പുൽമേട്ടിലുണ്ടായ ദുരന്തം ഒട്ടേറെ ചോദ്യങ്ങൾ ഉയർത്തിവിട്ടിരുന്നല്ലോ. അവയിൽ ഒന്നാണ് കേരളസമൂഹത്തിന്റെ യുക്തിബോധനിലവാരം. യുക്തിചിന്തയുടെ അടിത്തറയും യുക്തിബോധത്തിന്റെ കരുത്തും നമുക്ക കൈമോശം വരികയാണോ? യുക്തിരാഹിത്യവും അന്ധവിശ്വാസങ്ങളും വളരുകയാണോ? ശാസ്ത്രീയസമീപനങ്ങളിൽനിന്ന് അശാസ്ത്രീയതകളിലേക്കും മതനിരപേക്ഷമൂല്യങ്ങളിൽനിന്ന് അസഹിഷ്ണതയിലേക്കും ആഴമേറിയ വിശകലനബോധത്തിൽനിന്ന് ഉപരിപ്ലവനിഗമനങ്ങളിലേക്കുമെല്ലാം കേരളം അധഃപതിക്കുകയാണോ? പ്രസ്ഥാനങ്ങളും ഭരണകൂടവുമെല്ലാം ഈ പതനത്തിൽ നോക്കുകുത്തികളോ ഉൽപ്രേരകങ്ങളോ ആകുകയാണോ? ചോദ്യങ്ങൾ ഏറെയാണ്. എന്നാൽ, കേരളസമൂഹം മൊത്തത്തിൽ ഒരുകാലത്തും ഇതിനെക്കാളൊന്നും യുക്തിഭദ്രം ആയിരുന്നില്ലെന്നും പുതിയകാലത്തും നാം നേടേണ്ട നിലവാരം കൈവരിച്ചിട്ടില്ലെന്നും ശാസ്ത്രജ്ഞനും സാമൂഹിക നിരീക്ഷകനുമായ ഡോ. ആർ.വി.ജി. മേനോൻ വിലയിരുത്തുന്നു. ശാസ്ത്രബോധവും ശാസ്ത്രീയസമീപനവും വളർത്താൻ യത്നിക്കുന്ന ഇദ്ദേഹം സമൂഹത്തിന് ഉയർന്ന യുക്തിബോധം നേടാൻ കഴിയാതെ പോയതിന് ഉത്തരവാദിയായി വിധിക്കുന്നത് നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തെയാണ്. ഗഹനമായ കാര്യങ്ങൾപോലും ലളിതമായി അദ്ദേഹം വ്യാഖ്യാനിക്കുന്നു:

‘അന്ധയുക്തിവാദം’ സ്വീകാര്യമല്ല!

ആർ.വി.ജി.: ആദ്യംതന്നെ പറയട്ടെ, യുക്തിവാദം എന്ന് ഇന്നു വ്യവഹരിക്കുന്ന മൗലികയുക്തിവാദം അഥവാ അന്ധയുക്തിവാദം അല്ലെങ്കിൽ കേവലയുക്തിവാദം—അതിനോട് എനിക്കു യോജിപ്പില്ല. യാഥാർത്ഥ്യബോധമുള്ളതും പ്രായോഗികവുമായ യുക്തിബോധമാണു വേണ്ടത്. വിശ്വാസങ്ങളെ വെറുതെ എതിർക്കുകയല്ല, അവ ഉണ്ടായതും നിലനില്ക്കുന്നതുമായ സാഹചര്യങ്ങളെയും അവയ്ക്കു സ്വീകാര്യത നല്കുന്ന ഘടകങ്ങളെയും വിശകലനം ചെയ്തുകൊണ്ടുവേണം അതിനെ സമീപിക്കാൻ.

സമൂഹത്തിലെ ദുഃഖങ്ങളിലും ദുരിതങ്ങളിലും യാതനകളിലുംനിന്ന് ആശ്വാസം തേടുന്നതിൽ വിശ്വാസത്തിനു വലിയ റോളുണ്ട്. സമൂഹപരിണാമത്തിലും

വിശ്വാസം പങ്കുവഹിച്ചിട്ടുള്ളതായി നരവംശശാസ്ത്രജ്ഞർ വിലയിരുത്തിയിട്ടുണ്ട്.

യുക്തിചിന്തയോടുകൂടിയ ജന്തുവാണു മനുഷ്യർ എന്നു പറയുമെങ്കിലും അപൂർണമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പലപ്പോഴും തീരുമാനങ്ങൾ എടുക്കേണ്ടിവരാറുണ്ട്. മുമ്പെല്ലാം ചില ഉള്ളറിവുകളോ ഉൾവിളികളോ ചേർത്ത് നേതാവായിരിക്കും ഇത്തരം ഉടൻതീരുമാനങ്ങൾ എടുക്കുന്നത്. ജനമനസ്സിൽ അയാളിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള വിശ്വാസദാർഢ്യമാണ് അയാളെ നേതാവാക്കുന്നതും ഇത്തരം തീരുമാനങ്ങൾക്കു സ്വീകാര്യത നല്കുന്നതും. ഇത്തരം വിശ്വാസം പിൻതുടർന്നിരുന്ന സമൂഹങ്ങൾക്ക് അതിജീവനസാദ്ധ്യത കൂടുതലായിരുന്നു എന്നു ചില നരവംശശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഗോത്രയുദ്ധങ്ങളിൽ വിജയം നേടിക്കൊടുത്തത് പലപ്പോഴും ഇത്തരം വിശ്വാസങ്ങളാണ്. യുദ്ധത്തിൽ ജയിച്ചാൽ ഭൂമിയുടെ അധികാരവും മരിച്ചാൽ സ്വർഗവും. ഇന്നു മതഭീകരതാപ്രസ്ഥാനങ്ങളും ഇതേ വിശ്വാസമാണ് ഉപയോഗപ്പെടുത്തുന്നത്. ഭഗവദ്ഗീതയിലും ഇതുകാണാം.

“ഹതോ വാ പ്രാപ്സ്യസി സ്വർഗ്ഗം
ജിത്വാ വാ ഭോക്ഷ്യസേ മഹിം”

രണ്ടുംകല്പിച്ചു യുദ്ധം ചെയ്യുന്നവർ ജയിക്കും. വളരെ യുക്തിപൂർവം ചിന്തിച്ചു പോകുന്നവർ യുദ്ധത്തിനേ പോകില്ല.

‘നൈനം ഛിന്ദന്തി ശസ്ത്രാണി’ എന്ന ശ്ലോകത്തിലൂടെ ആത്മാവിനു നാ

ഡോ: ആർ. വി. ജി. മേനോൻ രചിച്ച ‘ശാസ്ത്രസാങ്കേതികവിദ്യകളുടെ ചരിത്രം’ എന്ന ഗ്രന്ഥം വിദ്യാഭ്യാസമന്ത്രി സി. രവീന്ദ്രനാഥ് പ്രൊഫ: പി. എസ്. മോഹനചന്ദ്രനു നല്കി പ്രകാശനം ചെയ്യുപ്പോൾ. സി. ജി. രാമചന്ദ്രൻ നായർ സമീപം.

ശമില്ലെന്നു പറഞ്ഞ് യുദ്ധത്തിൽ കൊല്ലുന്നതിനെ ഗീത യുക്തിഭദ്രമാക്കുന്നു. വിശ്വരൂപം കാട്ടിക്കൊടുത്തിട്ട്, 'ഇതെല്ലാം ഞാൻ സംഭവിപ്പിച്ചുകഴിഞ്ഞിരിക്കുന്നു, ഇപ്പോൾ നീ ചെയ്യുന്നതു കേവലനിർവ്വഹണവും നീ അതിന്റെ ഉപകരണവും മാത്രം' എന്നു വിശ്വസിപ്പിക്കുന്നു. എന്നിട്ടും പോരാഞ്ഞാണു കൃഷ്ണൻ ഈ വാദം മുന്നോട്ടു വെക്കുന്നത്.

മനോജ്: പക്ഷേ, ശാസ്ത്രബോധത്തിന്റെ ആധുനികകാലത്ത് അയുക്തികതയുടെ ഇത്തരം വിശ്വാസങ്ങളിൽനിന്നു സമൂഹം മുക്തമാകേണ്ടതല്ലേ? അതിനുള്ള ശ്രമം പ്രസക്തമല്ലേ?

ആർ.വി.ജി.: തിരുവനന്തപുരം ചെഷയർ ഹോമിലെ അന്തേവാസിയായ സരസുവിനെ അറിയുമായിരിക്കും.

മനോജ്: അറിയും. വിമലച്ചേച്ചിയെ (ആർ.വി.ജി.യുടെ സഹോദരി വിമല മേനോൻ ചെഷയർ ഹോമിന്റെ ചുമതലക്കാരി ആയിരുന്നു) കാണാൻ അവിടെ പോകുമ്പോൾ കാണാറുണ്ട്; സംസാരിച്ചിട്ടുമുണ്ട്.

ആർ.വി.ജി.: ദേഹം തളർന്നിട്ടും ജീവിതത്തെ പുഞ്ചിരിയോടെ നേരിടുന്ന അവൾ ആത്മകഥയിൽ എഴുതുന്നു അവൾക്കു ജീവിക്കാൻ ധൈര്യം നല്കുന്നത് യേശുവിലുള്ള വിശ്വാസമാണെന്ന്. യേശു വെറും സാധാരണമനുഷ്യൻ മാത്രമാണ് എന്ന് ആ കുട്ടിയോടു പറയാൻ എനിക്ക് എന്താണ് അധികാരം? പ്രതീക്ഷ—അതു നല്കുന്ന മാറ്റം വലുതാണ്.

കുട്ടികളോടു പറയാറുള്ള 'പതിനെട്ടാമത്തെ ആന' എന്ന കഥ വിശ്വാസം ചെയ്യുന്ന ധർമ്മം ഉദാഹരിക്കാൻ ഉതകും. ഒരു രാജാവ്. അദ്ദേഹം തനിക്കുള്ള 17 ആനകളെ മൂന്നു മക്കൾക്കായി വീതിച്ചുനല്കാൻ എഴുതിവെച്ചാണു മരിച്ചത്. മൂത്തയാൾക്കു പകുതി, രണ്ടാമനു മൂന്നിലൊന്ന്, മൂന്നാമന് ഒമ്പതിൽ ഒന്ന്. പക്ഷേ, 17 ആനകളെ ഈ മൂന്നു രീതിയിലും പകുക്കാനാവില്ലല്ലോ. അവർ തമ്മിൽ വഴക്കായി. അപ്പോൾ ഒരു സന്ന്യാസി ആനപ്പുറത്തുകയറി അവിടെ വന്നു. പ്രശ്നം മനസ്സിലാക്കിയ അദ്ദേഹം തന്റെ ആനയെക്കൂടി രാജാവിന്റെ ആനകൾക്കൊപ്പം നിർത്തി. 18 ആനകളെ ഒസ്യത്തുപ്രകാരം പകുത്തു. മൂന്നു മക്കൾക്കും അർഹമായ പങ്കുകിട്ടി. സന്ന്യാസിയുടെ ആന മിച്ചംവന്നു. സന്ന്യാസി അതുമായി യാത്ര തുടരുകയും ചെയ്തു.

ആ പതിനെട്ടാമത്തെ ആനകൂടി ഉണ്ടെങ്കിലേ സമവാക്യം ശരിയാകൂ. പക്ഷേ, ആന യഥാർഥത്തിൽ ഉണ്ടാകണമെന്നില്ല. ആ വിശ്വാസം മാത്രം മതി. ഇതാണു വിശ്വാസികളിൽ ദൈവസങ്കല്പം നിർവ്വഹിക്കുന്ന ധർമ്മം. പീഡിപ്പിക്കപ്പെടുന്നവർക്ക് ആശ്വാസമാണത്. ദൈവസങ്കല്പം അതിനായുള്ള നിർമ്മിതി ആണ്. അതുകൂടി വരുമ്പോൾ ധൈര്യവും ആത്മവിശ്വാസവും ഒക്കെയാകും. അതാണു വിശ്വാസത്തിന്റെ റോൾ. അതുകൊണ്ടുപക്ഷേ, പതിനെട്ടാമത്തെ ആന ഉണ്ടാകണമെന്നില്ല.

ശാസ്ത്രത്തിന് ഈ സമാശ്വാസദൗത്യം നിർവ്വഹിക്കാനാവില്ല. സരസുവിനോടു ശാസ്ത്രം പറഞ്ഞിട്ടുകാര്യമില്ല. അതേസമയം സമ്പത്തിനും അധികാരത്തിനുമായി ഇതിനെ ദുരുപയോഗപ്പെടുത്തുന്ന, ചൂഷണം ചെയ്യുന്ന, ഒരു വിഭാഗം എന്നും ഉണ്ട്. സമ്പത്തിന്റെ ശക്തി, അധികാരത്തിന്റെ ശക്തി എല്ലാം

ചേർത്തു വിശ്വാസത്തെ അവർ ഉപയോഗിക്കുന്നു. ഇതിനെ എതിർക്കണം. ഇതിനെ എതിർക്കാൻ വിശ്വാസത്തിന്റെ ശാസ്ത്രീയത മാത്രം പരിശോധിച്ചു കൊണ്ടാവില്ല, അതു നിർവ്വഹിക്കുന്ന സാമൂഹികധർമ്മംകൂടി തിരിച്ചറിഞ്ഞും അംഗീകരിച്ചുംകൊണ്ടേ കഴിയൂ. യുക്തിവാദിപ്രസ്ഥാനം അത്തരം ധർമ്മമല്ല നിർവ്വഹിക്കുന്നത്.

മനോജ്: യുക്തിവാദികളുടെ പ്രവർത്തനം ശരിയായ ഫലം നല്കുന്നില്ല എന്നാണോ?

ആർ.വി.ജി.: നോക്കു, ശബരിമല ക്ഷേത്രത്തിൽ പണ്ടു തീപിടിത്തം ഉണ്ടായപ്പോൾ സി. കേശവൻ പറഞ്ഞു, ഒരമ്പലം നശിച്ചാൽ അത്രയും അന്ധവിശ്വാസം കുറയുമെന്ന്. അത്തരം അഭിപ്രായവും നിലപാടും വിശ്വാസപക്ഷത്തെ കൂടുതൽ സംഘടിതരാക്കുകയാണു ചെയ്യുക. ശബരിമലയുടെ തനിമ, അനന്യത, ആത്മാർഥമായി വ്രതമെടുത്ത് അവിടെ പോകുന്നവർക്ക് അനുഭവിക്കാവുന്ന അനുഭൂതി—ഇതെല്ലാം വസ്തുതകളാണ്. പക്ഷേ, പൊന്നമ്പലമേട്ടിലെ ജ്യോതി കത്തിക്കലും ടിവിക്കാരുടെ നുണപ്രചാരണവും ഒക്കെ ശുദ്ധ അസംബന്ധമാണ്. പണം പിടുങ്ങാനുള്ള പുതിയ കഥകൾ, ചടങ്ങുകൾ, അനുഷ്ഠാനങ്ങൾ ഒക്കെ തുറന്നുകാട്ടണം. ഒപ്പം മതവും മതപ്രസ്ഥാനങ്ങളും നിർവ്വഹിക്കുന്ന സാമൂഹികധർമം അംഗീകരിക്കുകയും വേണം. അതേ പറ്റൂ.

മനോജ്: മകരജ്യോതി ദൈവികമോ അത്ഭുതമോ അല്ല, മനുഷ്യൻ കത്തിക്കുന്നതാണ് എന്ന അറിവ് മലയാളികൾക്കുള്ളത് കേരളസമൂഹത്തിന്റെ ഉയർന്ന യുക്തിബോധം കൊണ്ടല്ലേ? 1999-ലും 2010-ലുമായി മകരവിളക്കുദിവസം മരിച്ച 154 തീർഥാടകരിൽ വെറും നാലുപേരല്ലേ മലയാളികൾ ഉള്ളൂ. അപകടങ്ങൾ നടന്നത് കേരളത്തിലായിട്ടും ഇങ്ങനെ സംഭവിച്ചത് യുക്തിവാദികൾ നടത്തിയ പ്രചാരണം കൊണ്ടുകൂടിയല്ലേ?

ആർ.വി.ജി.: ഏതു പ്രവർത്തനത്തിനും അതിന്റേതായ ഫലമുണ്ടാകും. യുക്തിവാദികളുടെ പ്രവർത്തനത്തിനു ഫലമില്ലെന്നല്ല ഞാൻ പറഞ്ഞത്; വിശ്വാസചൂഷണം അവസാനിപ്പിക്കാൻ അവരുടെ സമീപനമല്ല ശാസ്ത്രീയം എന്നാണ്; വിശ്വാസങ്ങൾ നിലനില്ക്കുന്ന സമൂഹത്തെ മാറ്റിത്തീർക്കാനുള്ള പ്രവർത്തനമാണ് ആവശ്യമെന്നാണ്.

പരിഷത്തും യുക്തിവാദവും

മനോജ്: താങ്കൾ പ്രതിനിധാനം ചെയ്യുന്ന ശാസ്ത്രസാഹിത്യപരിഷത്തിന്റെ കാര്യം എന്താണ്? ഞാനൊക്കെ യുക്തിവാദി സംഘത്തിൽനിന്നു കുറേക്കൂടി ശാസ്ത്രീയവും ഫലപ്രദവുമായി യുക്തിചിന്ത വളർത്താൻ കഴിയുന്ന വേദി എന്ന ധാരണയോടെ പരിഷത്തിലേക്കു വന്നവരാണ്. പ്രപഞ്ചോത്പത്തിയെയും മറ്റും പറ്റി ശാസ്ത്രീയമായി പഠിപ്പിക്കുകവഴി സ്രഷ്ടാവും നിയന്താവുമായ ദൈവത്തിന്റെ പ്രസക്തി ചോദ്യംചെയ്യപ്പെടും എന്ന കാഴ്ചപ്പാടിൽ.

ആർ.വി.ജി.: ഈ രണ്ടു ലൈനിലുള്ളവരും പരിഷത്തിലുണ്ട്. യുക്തിവാദംവഴി വന്നവരും ശാസ്ത്രത്തിലൂടെ വന്നവരും. യുക്തിചിന്ത അടിച്ചേല്പിക്കുന്നതിനുപകരം വിമർശനാത്മകസമീപനം വളർത്തുകയാണു വേണ്ടത് എന്നതാണ് ഒരു

പക്ഷം. വിശ്വാസംകൊണ്ട് അർഥമാക്കുന്നതിനെ എതിർക്കുകയല്ല, ചൂഷണ ത്തെ എതിർക്കുകയാണ് വേണ്ടത്. എം.പി. പരമേശ്വരനും മറ്റും ഈ പക്ഷ ക്കാരാണ്. അന്ധവിശ്വാസത്തെ സന്ധിയില്ലാതെ എതിർക്കുക എന്നതാണ് ശാസ്ത്രബോധം എന്നതാണ് മറ്റൊരു പക്ഷം.

ശാസ്ത്രലോകത്തുമുണ്ട് ഈ രണ്ടുപക്ഷം. നൊബേൽ ജേതാക്കളിൽ പ്പോലും ദൈവവിശ്വാസികൾ ഏറെയുണ്ട്. ചിലർ അന്ധവിശ്വാസികൾപോ ലും ആയിരുന്നു. ന്യൂട്ടൻതന്നെ ഒടുവിൽ ആൽക്കെമി, ഒകൾട്ടിസം (രാസ-മാന്ത്രികവിദ്യകൾ) എന്നിവയിലാണ് അഭിരമിച്ചത്. അതുകൊണ്ട് ന്യൂട്ടനു ശാ സ്ത്രബോധം ഇല്ലായിരുന്നു എന്നു പറയാനാവില്ല. അദ്ദേഹം അവയ്ക്കു തെളിവു കണ്ടെത്താൻ ശ്രമിക്കുകയായിരുന്നു എന്നു വേണമെങ്കിൽ പറയാം.

ശാസ്ത്രീയമായി തെളിയിച്ചാലേ വിശ്വസിക്കൂ എന്ന നിലപാട് എല്ലാ കാ ര്യത്തിലും ശരിയല്ല. പിതൃത്വം നല്ല ഉദാഹരണമല്ലേ? ഇന്നു ജീൻമാപ്പിങ് വഴി പിതൃത്വം തെളിയിക്കാനാകും. പക്ഷേ, അങ്ങനെ തെളിയിച്ചാലേ വിശ്വസിക്കൂ എന്ന നിലപാടു ശരിയല്ലല്ലോ. അതുപോലെതന്നെയാണ് സ്നേഹം, കരുണ തുടങ്ങി മറ്റനേകം മാനവികനിലപാടുകളും.

ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതിനെ അംഗീകരിച്ചേതീരൂ എന്ന നില പാടു ശരി. പക്ഷേ, എല്ലാം അങ്ങനെയേ ആകാവൂ എന്നില്ല. ആദ്യം ആകാശം, പിന്നെ ഭൂമി, ആദ്യം പുരുഷൻ, പിന്നെ സ്ത്രീ... എന്നിങ്ങനെയാണ് പ്രപഞ്ചസൃ ഷ്ടി എന്നും മറ്റുമുള്ള വാദങ്ങൾ ഇതുകൊണ്ടുതന്നെ അംഗീകരിക്കാനാവില്ല.

പ്രപഞ്ചപരിണാമവും അതിന്റെ കാലഗണനയും കുറെയെല്ലാം നാം കണ്ടെത്തിക്കഴിഞ്ഞു. എന്നാൽ ഇതെല്ലാം നിയന്ത്രിക്കുന്ന ഒരു ശക്തി ഉണ്ടോ? ഉണ്ട് എന്നു പറയാനുള്ള ശാസ്ത്രീയതെളിവില്ല. അതിനർഥം അങ്ങനെയൊന്ന് ഇല്ല എന്നല്ല. അങ്ങനെയൊരു ശക്തിയെ അംഗീകരിക്കാതെ പ്രപഞ്ചത്തെ പ്പറ്റി അന്വേഷിക്കുകയാണ് ശാസ്ത്രത്തിന്റെ മാർഗ്ഗം.

ഒരു സംഭവകഥയിലൂടെ ഇതു വ്യക്തമാക്കാം. വിഖ്യാതശാസ്ത്രജ്ഞനായ ലാപ്ലാസിന്റെ കഥയാണ്. അക്കാലത്തു വിദ്യാഭ്യാസമുള്ള അപൂർവം യൂറോ പ്യൻ ഭരണാധികാരികളിൽ ഒരാളായിരുന്ന നെപ്പോളിയന്റെ ഗുരുവായിരുന്നു ലാപ്ലാസ്. ലാപ്ലാസിനെ അദ്ദേഹം ഉപദേഷ്ടാവാക്കി. 'നെബുലാർ ഹൈപ്പോ ത്തെസിസ്' എന്ന സിദ്ധാന്തം അവതരിപ്പിക്കുന്ന 'സെലസ്റ്റിയൽ മെക്കാനി ക്' എന്ന ഗ്രന്ഥം ലാപ്ലാസ് നെപ്പോളിയനു സമർപ്പിച്ചു.

ഈ പുസ്തകത്തിൽ ദൈവത്തെപ്പറ്റി ഒന്നും പറയുന്നില്ല. അന്നുവരെയുള്ള എല്ലാ പ്രപഞ്ചസിദ്ധാന്തത്തിലും ആകാശഗോളങ്ങളെയെല്ലാം ചലിപ്പിക്കുന്ന ഒരു ദൈവം ഉണ്ടായിരുന്നു. ന്യൂട്ടന്റെ പുസ്തകത്തിലും പ്രപഞ്ചചലനത്തിലെ പി ശകുകൾ അപ്പപ്പോൾ ശരിയാക്കി നടത്തുന്നതു ദൈവമാണ്. ഇതിൽ എന്താ ണു ദൈവത്തെക്കുറിച്ചുള്ള പരാമർശം ഇല്ലാത്തത് എന്ന് നെപ്പോളിയൻ ലാ പ്ലാസിനോടു ചോദിച്ചു. 'Sir, I didn't need that hypothesis' എന്നായിരുന്നു മറുപടി.

നമ്മുടെ അജ്ഞതയുടെ തകരാറുകൾ പരിഹരിക്കാനാണ് ദൈവത്തെ കൊണ്ടുവരുന്നത്. എനിക്ക് അത്തരം പ്രശ്നം വന്നില്ല എന്നാണു ലാപ്ലാസ് പറ

ഞ്ഞത്. പ്രപഞ്ചവിജ്ഞാനം വളരുന്തോറും അതിലെ ദൈവത്തിന്റെ റോൾ കുറഞ്ഞുവരും.

സയൻസും ദൈവവും

മനോജ്: അപ്പോൾ ദൈവവിശ്വാസത്തിന് എതിരാണ ശാസ്ത്രം?

ആർ.വി.ജി.: സയൻസ് ദൈവം ഉണ്ടോ ഇല്ലയോ എന്ന പറയുന്നില്ല. രണ്ടും രണ്ടു തരം അന്വേഷണമാണ്. വിശ്വാസത്തിനു ശാസ്ത്രീയത പകരുന്ന, തെളിവു നിരത്തുന്ന ശ്രമം കപടശാസ്ത്രമാണ്. തെറ്റെന്നു തെളിയിക്കപ്പെട്ടാൽ അതു തള്ളണം. അല്ലാത്തിടത്തോളം, നിരുപദ്രവമെങ്കിൽ അതു നിലനില്ക്കട്ടെ എന്നു കരുതുന്നതിൽ തെറ്റില്ല.

മനോജ്: യുക്തിവാദം, കേവലനിരീശ്വരവാദം എന്നിവ മാറ്റിനിർത്തിയാൽത്തന്നെ, കേരളീയർ ഇന്ത്യയിലെ ഇതരസമൂഹങ്ങളെക്കാൾ ഉയർന്ന യുക്തിബോധം പുലർത്തുന്ന ഒരു സമൂഹമല്ലേ? ലോകത്തെ നാനാവിഭാഗങ്ങളുമായി ചരിത്രാതീതകാലം മുതലേ സമ്പർക്കം പുലർത്താൻ അവസരം കിട്ടിയ ഒരു സമൂഹം എന്ന മെച്ചം നമുക്കില്ലേ? നമ്മുടെ 'മാവേലിനാട്' ഐതിഹ്യം പോലും സമത്വാധിഷ്ഠിതവും അതുകൊണ്ടുതന്നെ ചൂഷണരഹിതവുമായ ഒരു സമൂഹസങ്കല്പത്തിന്റെ യുക്തിപരതയല്ലേ വെളിവാക്കുന്നത്?

ആർ.വി.ജി.: യുട്ടോപ്യൻ സോഷ്യലിസം എന്ന സങ്കല്പം ലോകത്തു പലയിടത്തും ഉണ്ടായിരുന്നു. അതിന്റെ കേവലം കാല്പനികമായ ഒരു പകർപ്പു മാത്രമാണു മാവേലിനാട്. മലയാളിയുടെ ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്ന് ഈ കാല്പനികാധിക്യം തന്നെയാണ്. എല്ലാവരും നല്ലവരായാൽ ലോകം നന്നാകും എന്ന കാവ്യകല്പന. ഇന്നത്തെ ദൂഷ്യമെല്ലാം അന്നും ഉണ്ടായിരുന്നു എന്നതിന്റെ വെളിപ്പെടുത്തലാണു മാവേലിപ്പാട്ടിലെ പരാമർശങ്ങൾ. ഇവയെ എങ്ങനെ മെരുക്കാം? അതു ഭരണസംവിധാനം ചെയ്യണം. ലളിതമായ പരിഹാരം! മറ്റൊന്നു സ്വാർത്ഥപ്രേരണയാണു പ്രശ്നമെന്നു സമ്മതിക്കലാണ്. യഥാർഥത്തിൽ ഉത്പാദനബന്ധമാണ് ഈ സ്വാർത്ഥതയ്ക്കു വളം വെക്കുന്നത്.

ഇക്കാര്യത്തിൽ വളരെ യുക്ത്യധിഷ്ഠിതമായ രചന കൗടില്യന്റെ അർത്ഥശാസ്ത്രമാണ്. രാജാധിപത്യത്തിലെ ഉത്പാദനബന്ധം അംഗീകരിച്ചുകൊണ്ടുള്ള വിശകലനമാണത്. അന്നത്തെ മൂല്യബോധത്തിന്റെ ആവിഷ്കാരം.

മുതലാളിത്തത്തിന്റെ അവസ്ഥയിൽ നല്ല ഭരണം എങ്ങനെ എന്നു ചിന്തിക്കുമ്പോൾ അതിൽനിന്നു വന്നതാണ് സമത്വബോധവും ജനാധിപത്യവും. ഗ്രീസിൽ പണ്ടേ ജനാധിപത്യം ഉണ്ടായിരുന്നുവെന്നു പറയുമെങ്കിലും അതു യഥാർത്ഥ ജനാധിപത്യം ആയിരുന്നില്ല. അടിമകൾക്കും സ്ത്രീകൾക്കും അവിടെ സമത്വം ഉണ്ടായിരുന്നില്ല. എല്ലാവർക്കും സമത്വം, സ്വാതന്ത്ര്യം എന്ന ആശയം വളരെ വൈകിയാണു വന്നത്. മാർക്സിനു ശേഷം. അതു മലയാളിയെ വളരെ സ്വാധീനിച്ചു. ഇതും മാവേലിസങ്കല്പവും ചേർന്ന കാല്പനികസങ്കരമാണു നമ്മുടെ സോഷ്യലിസ്റ്റ് സങ്കല്പം.

ഈ കാല്പനികത ശാസ്ത്രീയത കുറയ്ക്കും. മലയാളിയുടെ സമീപനങ്ങളിലെല്ലാം കാണാം ഈ തകരാറ്. ആ നിലയ്ക്ക് ഒരു യുക്ത്യധിഷ്ഠിതസമൂഹമല്ല നാം.

മനോജ്: പുതിയ സഹസ്രാബ്ദത്തിലും ഇതാണോ സ്ഥിതി? ഇതു നമ്മളെ ഏതെല്ലാം തരത്തിൽ ബാധിക്കുന്നുണ്ട്?

ആർ.വി.ജി.: ചരിത്രകാരരുടെ നിസ്സംഗതയോടെ, വസ്തുനിഷ്ഠതയോടെ നാം പഠിക്കുന്നില്ല. യുക്തിപരമായ സമീപനത്തിന്റെ കുറവ് ഏറെയാണ്. സർവ്വകലാശാലാതലത്തിലെങ്കിലും ഇതിനു നാം ശ്രമിക്കണം.

സമൂഹം കാര്യങ്ങളെ ബ്ലാക്ക് ആൻഡ് വൈറ്റ് ആയി കാണുന്നു. ഒന്നുകിൽ നമ്മുടെയാൾ, അല്ലെങ്കിൽ ശത്രു എന്ന കാഴ്ചപ്പാട്. അഭിപ്രായങ്ങളെ കാണുന്നത് അങ്ങനെയാണ്. ശരിയേത് എന്നതല്ല. അടുത്തിടെ ഉണ്ടായ ജനിതകവ്യതിയാനത്തർക്കം, കീടനാശിനിത്തർക്കം എന്നിവയിലെല്ലാം ഇതു കാണാം. താൻ പറയുന്നതിനോടു യോജിക്കുന്നില്ലെങ്കിൽ സാമ്രാജ്യത്വവക്താവാകും. അല്ലെങ്കിൽ പണം വാങ്ങി അഭിപ്രായം പറയുന്നു, പ്രീണിപ്പിക്കാൻ പറയുന്നു, പാർട്ടിനോക്കി അഭിപ്രായം പറയുന്നു എന്നൊക്കെയാണ് ആരോപണങ്ങൾ. അതു ശാസ്ത്രത്തിന്റെ രീതിയല്ല.

അതുകൊണ്ടെന്താ, ശാസ്ത്രത്തിന്റെ കാര്യങ്ങളിൽപ്പോലും ശാസ്ത്രജ്ഞൻ അഭിപ്രായം പറയാൻ മടിക്കുന്നു. തിരുവനന്തപുരത്തു നടന്ന ശാസ്ത്രകോൺഗ്രസിൽ ഇതു ചർച്ചാവിഷയമായി. ഇന്ന് ഏതുകാര്യത്തിലും സാഹിത്യകാരരാണ് അഭിപ്രായങ്ങൾ പറയുന്നത്. അതും പക്ഷം ചേർന്ന അഭിപ്രായങ്ങൾ. ഇതു നന്നല്ല. ചില കാര്യങ്ങളിൽ ഖണ്ഡിതമായി അഭിപ്രായം പറയാനുള്ള വിവരങ്ങൾ ഉണ്ടാവില്ല. എല്ലാം പരിഗണിച്ചു വിവേചനപൂർവം കാര്യങ്ങൾ കാണാനുള്ള അറിവിന്റെ തലത്തിലേക്കു ജനങ്ങൾ എത്തുന്നില്ല. വാർത്ത വായിക്കാതെ തലക്കെട്ടുമാത്രം വായിച്ച് അഭിപ്രായരൂപവത്കരണം നടത്തുന്നു. നമ്മുടെ മുൻവിധികൾ ചേർത്താണിതു ചെയ്യുന്നത്. തലക്കെട്ടുപോലും തെറ്റായി വായിച്ചേക്കാം. തലക്കെട്ടുതന്നെ തെറ്റാകാം. അപ്പോൾ അഭിപ്രായങ്ങൾ എങ്ങനെ വസ്തുനിഷ്ഠമാകും? പത്രങ്ങൾ വായിക്കുന്നത് ഇങ്ങനെയായാൽ ജനലക്ഷങ്ങളുടെ അറിവുനില എങ്ങനെയിരിക്കും? ഇതു യുക്തിപൂർവ്വകസമൂഹത്തിനു ചേർന്നതല്ല.

ഇന്നത്തെ മലയാളിയുടെ മറ്റൊരു കുഴപ്പം ഏതു പ്രശ്നത്തിനും ഉടൻ ഖണ്ഡിതമായ അഭിപ്രായം കിട്ടണം എന്ന നിർബ്ബന്ധമാണ്. ചുവന്ന മഴ ഒരു ഉദാഹരണം. ടി.വി. ചാനലുകൾ ഉടൻ ശാസ്ത്രജ്ഞരെ വിളിക്കുകയായി. ഉടൻ മറുപടി പറഞ്ഞോളണം. പറഞ്ഞില്ലെങ്കിൽ വിവരങ്ങൾ മറച്ചുവെക്കുന്നു എന്ന ആക്ഷേപമാകും. വിവരങ്ങൾ ശേഖരിക്കുന്നു എന്നു പറഞ്ഞാൽ സ്വീകാര്യമാവില്ല.

അതേസമയം, ചില കാര്യങ്ങളിൽ പൂർണമായ വിവരങ്ങൾ ഇല്ലെങ്കിലും നയപരമായ തീരുമാനം എടുക്കേണ്ടിവരും. എൻഡോസൾഫാൻ പ്രശ്നം അത്തരത്തിൽ ഒന്നാണ്. ആദ്യമായി ഈ പ്രശ്നം ഉയർന്നപ്പോൾ എൻഡോസൾഫാൻ കൊണ്ടാണോ എന്നു കണ്ടെത്താൻ പഠനം നടത്തണമായിരുന്നു. അതിനു സമയമെടുക്കും. അതുകൊണ്ട്, ആണെന്നോ അല്ലെന്നോ അറിയാത്തതിനാൽ തീരുമാനം എടുക്കാതിരിക്കുകയല്ല, മരുന്നുതളി ഉടൻ നിർത്തിവെയ്ക്കാൻ തീരുമാനിക്കുകയാണു വേണ്ടത്. തീരുമാനം തെറ്റായാൽ പിന്നെ

സമരമുഖത്തും സജീവം. കുടിവെള്ളം വില്ക്കാൻ അനുവദിച്ചതിനെതിരെ നടന്ന സമരം ഉദ്ഘാടനം ചെയ്യുന്ന ആർ. വി. ജി. മേനോൻ.

മാറ്റാമല്ലോ. ഇതു പൂർണ്ണമായി ശാസ്ത്രീയമല്ല, പക്ഷേ, പ്രായോഗികമായത് അതാണ്.

വൈകാരികമായി തീരുമാനങ്ങളിലേക്ക് എത്തുന്ന ഒരു സമൂഹമാണ നമ്മുടേത്. ഇതിന്റെ ഉത്തവാദിത്വം വിദ്യാഭ്യാസത്തിനാണ്. വിമർശനാത്മക ബോധനശാസ്ത്രത്തിന് ഒരിക്കലും നാം ഊന്നൽ നല്കിയില്ല. വ്യവസ്ഥിതിക്ക് ഇഷ്ടപ്പെട്ട അഭിപ്രായങ്ങൾ മാത്രം സ്വീകരിക്കുക, വിഴുങ്ങുക—ഇതാണ രീതി. ഇതു മാറാതെ സമൂഹത്തിന്റെ യുക്തിരാഹിത്യവും വൈകാരികനിലപാടും മാറില്ല.

മനോജ്: വിദ്യാഭ്യാസത്തിന്റെ കാര്യം പ്രത്യേകമായി ചർച്ച ചെയ്യാം. ഇതിന്റെ തുടർച്ചയായി ചോദിക്കട്ടെ, ചരിത്രം പരിശോധിച്ചാൽ കേരളീയർ എന്നും ഇങ്ങനെ ആയിരുന്നോ?

ആർ.വി.ജി.: അതേപ്പറ്റി ആധികാരികമായി പറയാനുള്ള അറിവ് എനിക്കില്ല. ഞാൻ ചരിത്രകാരനല്ല. സാമാന്യധാരണവെച്ചുള്ള എന്റെ നിരീക്ഷണങ്ങളാണ പറയുന്നത്.

ശാസ്ത്രവും യുക്തിചിന്തയും കേരളത്തിൽ

മനോജ്: ശാസ്ത്രം, ദർശനം, കല തുടങ്ങിയ രംഗങ്ങളിലെല്ലാം ആഗോളപ്രതിഭകളെ സംഭാവന ചെയ്ത മണ്ണാണ കേരളം എന്ന് അഭിമാനിക്കാറുണ്ടല്ലോ. ആര്യഭടൻ കേരളീയനായിരുന്നു, ഭാസൻ കേരളത്തിൽ ജീവിച്ചയാളാണ് എന്നൊക്കെ പറയാറുണ്ട്. താത്ത്വികനായിരുന്ന ശങ്കരാചാര്യരുണ്ട്. ഉയർന്ന യുക്തിബോധം ഇല്ലാത്ത ഒരു സമൂഹത്തിന് ഇങ്ങനെയുള്ളവരെ സൃഷ്ടിക്കാൻ കഴിയുമോ?

ആർ.വി.ജി.: ഈ ചോദ്യത്തിൽത്തന്നെയുണ്ട് ഒരു പ്രശ്നം. ആര്യഭടനും ഭാസനും കേരളത്തിൽ ജീവിച്ചവരാണെന്ന വാദം ബന്ധപ്പെട്ടവർ യുക്തിഭദ്രമാക്കിയിട്ടില്ല. അവരുടെ ഏതെങ്കിലും രചനയുടെ പ്രതിയോ ഭാഗങ്ങളോ ഇവിടെനിന്നു കിട്ടി എന്നതുകൊണ്ടുമാത്രം അവർ ഇവിടുത്തുകാരായിരുന്നു എന്നു പറയാനാകില്ല. വസ്തുനിഷ്ഠതെളിവുകൾ കണ്ടെത്തി ഇതു സ്ഥാപിക്കാൻ ഇന്നും ശ്രമമില്ല—ഇത് ഒരുവശം.

മറുവശം, ശാസ്ത്രകാര്യങ്ങളിൽ നമുക്കുള്ള തെളിവോടുകൂടിയ വലിയ പൈതൃകം നാം മനസ്സിലാക്കുന്നില്ല എന്നതാണ്. ലോകനിലവാരമുള്ള ഒരു ഗണിതശാസ്ത്രപാരമ്പര്യം 14 മുതൽ 19 വരെ നൂറ്റാണ്ടുകളിൽ ഇവിടെ ഉണ്ടായിരുന്നു. ലിബ്നിട്സും ഗ്രിഗറിയും ന്യൂട്ടനുമൊക്കെ നടത്തിയ ചില സുപ്രധാന കണ്ടെത്തലുകൾ അതിന് 150-ഉം 200-ഉം കൊല്ലം മുമ്പു കണ്ടെത്തിയ ഗണിതജ്ഞരുടെ പരമ്പര! ഇതു നമുക്കു പറഞ്ഞുതരാനും സായ്പു വരേണ്ടിവരുന്നു. (ആർ.വി.ജി. മേനോന്റെ *'ശാസ്ത്രസാങ്കേതികവിദ്യകളുടെ ചരിത്രം'* എന്ന ഗ്രന്ഥത്തിൽ വിശദാംശങ്ങളുണ്ട്. ശാസ്ത്രസാഹിത്യപരിഷത്തിന്റെ പ്രസിദ്ധീകരണമാണിത്. കൂടാതെ, ഇതേപ്പറ്റി പഠനം നടത്തിയ ജോർജ്ജ് ഗീവർഗ്ഗീസ് ജോസഫ് (George Ghevarghese Joseph) രചിച്ച *'The Crest of the Peacock—Non-European Roots of Mathematics'* എന്ന ഗ്രന്ഥവുമുണ്ട്. ഇതിന്റെ പരിഭാഷ *'മയൂരശിഖ'* എന്ന പേരിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.)

ഈ ശാസ്ത്രജ്ഞരെല്ലാം നമ്പൂതിരിമാരായിരുന്നു. അബ്രാഹ്മണർക്ക് അറിവു നിഷേധിക്കുന്ന കാടത്തം നിറഞ്ഞ ജാതീയതയുടെ കൂത്തരങ്ങായിരുന്നു അന്ന് ഇവിടം. ഈ വിജ്ഞാനലോകം കേരളീയർക്കു മുഴുവൻ അവർ തുറന്നുകൊടുത്തിരുന്നെങ്കിൽ അത് എത്രയോ വികസിക്കുമായിരുന്നു. കുറ്റിയറ്റുപോകുമായിരുന്നുമില്ല.

ശാസ്ത്രം പഠിക്കുന്നവരും അതിന്റെ പ്രായോഗമായ തൊഴിൽ ചെയ്യുന്നവരും രണ്ടു വിഭാഗമായി. വിദ്യ ആഢ്യവും അതു ചെയ്യുന്നവർ 'അധമ'രും ആക്കപ്പെട്ടു. പാരസ്പര്യം നഷ്ടപ്പെട്ട് രണ്ടും അധഃപതിച്ചു. ലോഹവിദ്യയും രാസവിദ്യയും ശാസ്ത്രത്തിന്റെ പിൻബലമില്ലാതെ വികാസം നഷ്ടപ്പെട്ടു കുലത്തൊഴിലായി. ജ്യോതിശാസ്ത്രം ജ്യോതിഷമായി വയറ്റുപ്പിഴപ്പായി. ഇന്നും നമ്മുടെ വിദ്യാഭ്യാസം തൊഴിലിലും ജീവിതത്തിലുംനിന്ന് അയിത്തത്തോടെ അകന്നുനില്ക്കുന്നു. പൊതുസമൂഹത്തിന്റെ മറ്റൊരു വലിയ അയുക്തികതയുടെ ദുരന്തം!

മനോജ്: അപ്പോൾപ്പിന്നെ യുക്തിചിന്ത ഒരു പ്രസ്ഥാനമെന്നനിലയിൽ ആധുനികകാലത്തു കടന്നുവന്നപ്പോഴാണോ സമൂഹത്തിൽ സമഭാവനയുടെയും മറ്റും യുക്തി വ്യാപിക്കുന്നത്? ബർട്രന്റ് റസ്സലിന്റെയും കാൾമാർക്സിന്റെയും ഏംഗൽസിന്റെയും ഒക്കെ യുക്തിപരമായ വിശകലനങ്ങളും തത്ത്വദർശനങ്ങളുമാണോ ഇവിടെ സ്വീകരിക്കപ്പെട്ടത്? ഇത്തരം ആഗോള നവീന ചിന്തകളുടെ സ്വാധീനം ശ്രീനാരായണഗുരുവിന്റെ ജാതിഭേദവിരുദ്ധചിന്തകളിലും കാണാനാകുമോ?

ആർ.വി.ജി.: ശ്രീനാരായണഗുരു തനതാണ്. തനി കേരളീയം. ജൈവികമായ വളർച്ചയാണത്. ശങ്കരനും യുക്ത്യധിഷ്ഠിതമായ ദർശനമാണ് അവതരിപ്പിച്ചത്. മണ്ഡനമിശ്രനും മറ്റും പ്രതിനിധാനംചെയ്ത യജ്ഞ-യാഗസംസ്കൃതിയോടുള്ള വിമർശനമായിരുന്നു അത്. അന്ന് അദ്ദേഹത്തെ യാഥാസ്ഥിതികർ നിഷേധിയായി കണ്ടു. അതുകൊണ്ടാണ് പ്രച്ഛന്നബുദ്ധൻ എന്നു വിളിച്ച് ആക്ഷേപിച്ചത്. ശങ്കരദർശനം ആത്യന്തികമായി ബുദ്ധദർശനംപോലെ ശൂന്യവാദത്തിലേക്കു പോകുമായിരുന്നു.

ബുദ്ധമതത്തിൽ മഹായാനവും മറ്റും രൂപപ്പെട്ട് അതിനെ അനുഷ്ഠാനങ്ങളിലേക്കു താഴ്ത്തിയതുപോലെ, ഇന്നു ശങ്കരന്റെ പേരിൽ ബ്രാഹ്മണർ യാഗം നടത്തുന്നു! അവർ ശങ്കരനെ കൈയടക്കുകയാണ്. ശ്രീനാരായണഗുരുവും ശങ്കരന്റേതിനു സമാനമായ ദർശനപാതയിലേക്കാണു വികസിച്ചത്. കണ്ണാടി പ്രതിഷ്ഠിച്ചതും മറ്റും അതിന്റെ സാക്ഷ്യമാണ്. അമ്പലമല്ല, വിദ്യാലയവും ഫാക്ടറികളുമൊക്കെയാണ് ഇനി നമുക്കു വേണ്ടത് എന്നിങ്ങനെയുള്ള ആഹ്വാനങ്ങൾ സമൂഹവികസനത്തിനുള്ള ആഹ്വാനങ്ങളായിരുന്നു.

മനോജ്: യുക്തിവാദത്തിന്റെ തുടക്കം കേരളത്തിൽ ശ്രീനാരായണഗുരുവിൽ കണ്ടെത്താനാവില്ലേ?

ആർ.വി.ജി.: വിശ്വാസം, ധർമ്മം എന്നിവയെ നിഷേധിക്കാതെ അവയെ അംഗീകരിച്ചുകൊണ്ടുള്ള പരിഷ്കരണമാണ് അദ്ദേഹം ലക്ഷ്യമിട്ടത്. ചൂഷണം, അയിത്തം, അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ തുടങ്ങിയ തെറ്റായ കാര്യങ്ങളെ നിഷേധിച്ചുകൊണ്ടുള്ള പരിഷ്കരണമായിരുന്നു അത്. ആ സമീപനം പക്ഷേ, പിൻഗാമികൾക്കു മുന്നോട്ടു കൊണ്ടുപോകാനായില്ല.

'നമുക്കു ജാതിയും മതവും ഇല്ല' എന്നു വിളംബരം ചെയ്യുന്നിടത്തേക്കു ഗുരു പിന്നെയും ഔന്നത്യം നേടിയല്ലോ.

മനോജ്: 'ഒരു ജാതി, ഒരുമതം, ഒരു ദൈവം മനുഷ്യന്' എന്ന ഗുരുദർശനത്തിൽനിന്ന് ഒരുപടികൂടി മുന്നോട്ടുപോയ യുക്തിചിന്തയല്ലേ 'ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്' എന്ന തത്ത്വശാസ്ത്രത്തിലൂടെ ശിഷ്യനായ സഹോദരൻ അയ്യപ്പൻ പ്രഖ്യാപിച്ചത്? സഹോദരപ്രസ്ഥാനവും പന്തിഭോജനവുമൊക്കെ അക്കാലത്ത് അംഗീകാരം നേടിയില്ലേ?

ആർ.വി.ജി.: ഒരു എക്സ്ട്രീമിൽ നില്ക്കുമ്പോൾ മറ്റേ എക്സ്ട്രീമിൽ പിടിച്ചാലേ നിവരൂ. അന്നത്തെ സാഹചര്യത്തിൽ അങ്ങനെ പറഞ്ഞുപോകും. ഗുരു പക്ഷേ, അതിനെ പിന്തുണച്ചില്ല എന്നോർക്കണം. അനുകൂലിച്ചുപോലുമില്ല. പില്ക്കാലയുക്തിവാദികൾ യാന്ത്രികനിലപാടിലേക്കു വരികയും എല്ലാറ്റിനെയും തള്ളിപ്പറയുകയും ചെയ്തു.

വിഷമങ്ങളിൽ യുക്തിവാദം സഹായിക്കില്ല എന്ന അവസ്ഥയിൽ മനുഷ്യൻ മറ്റേ എക്സ്ട്രീമിലേക്കു പോകും. ഊന്നുവടി ആവശ്യമുള്ളവർ കൊണ്ടുനടക്കട്ടെ. അതു വേണ്ട എന്നു പറയണ്ടാ. അംഗവൈകല്യമില്ലാത്തവർ അതു കൊണ്ടുനടക്കുകയും അലങ്കാരമാക്കുകയും ചെയ്യുന്നതാണു തെറ്റ്.

ആർ.വി.ജി.യുടെ വിശ്വാസം

മനോജ്: താങ്കൾ ദൈവവിശ്വാസിയാണോ?

ആർ.വി.ജി.: അല്ല. അടുത്തകാലം വരെ ഞാൻ അതു പച്ചയായി പറയാതെ ഒഴിഞ്ഞുമാറി നടക്കുകയായിരുന്നു. കുറച്ചുനാൾക്കുമുമ്പ് ഒരു ടെലിവിഷൻ അഭിമുഖത്തിൽ സുഗതകുമാരി ടീച്ചർ എന്നെക്കൊണ്ട് അതു വെളിപ്പെടുത്തിച്ചുകളഞ്ഞു. ടീച്ചർതന്നെ ഞെട്ടിപ്പോയി എന്നു തോന്നുന്നു. തുടർന്ന്, ഐൻസ്റ്റൈൻ പറയുന്നതുപോലെ 'ജഗന്നിയന്താവായ ഒരു ശക്തിയിൽ വിശ്വസിക്കുന്നില്ലേ' എന്നു ചോദിച്ച് ടീച്ചർ എനിക്കൊരു വഴി തുറന്നുതന്നു. പക്ഷേ, 'അതിൽ വിശ്വസിക്കാനും തെളിവൊന്നും കാണുന്നില്ല' എന്നേ എനിക്കു സത്യസന്ധമായി പറയാൻ കഴിയുമായിരുന്നുള്ളൂ.

നേരത്തേ പറഞ്ഞ കഥയിലെ 18-ാമത്തെ ആനയുടെ പ്രശ്നം അടിസ്ഥാനപരമായി സമവാക്യത്തിലെതന്നെ പിശകാണ്. ആ തെറ്റാണു ദൈവസങ്കല്പത്തിലേക്കു നയിക്കുന്നത്. പ്രകൃതിയിൽ മനുഷ്യനു വിശേഷിച്ചു പ്രാധാന്യം ഒന്നുമില്ല. ഇത് അംഗീകരിച്ചാൽ 18-ാമത്തെ ആനവേണ്ട.

എന്താണിതിന്റെയൊക്കെ അർഥം, എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു എന്നതൊന്നും പ്രകൃതിയുടെ പ്രശ്നമല്ല. കുറച്ചു യുറേനിയം അണുക്കൾ എടുത്തുവെച്ചാൽ അതിലൊന്നു ചിലപ്പോൾ ഇപ്പോൾ വിഘടിച്ചേക്കാം. ചിലപ്പോൾ അത് ഒരുലക്ഷം വർഷം കഴിഞ്ഞാവും വിഘടിക്കുക. ഇതു യാദൃച്ഛികതയാണ്. ഇതിനൊക്കെ ലക്ഷ്യം വേണം, ഉദ്ദേശ്യം വേണം എന്നു ശഠിച്ചാൽ എന്തുചെയ്യും? പ്രകൃതിക്ക് ഇവയൊന്നുമില്ല.

ആയിരത്താണ്ടുകൾക്കു മുമ്പുതന്നെ യവനശാസ്ത്രജ്ഞൻ എംപിഡോക്ലിസ് ഇതു വ്യക്തമാക്കിയിട്ടുണ്ട്. കുപ്പി താഴെയിട്ടാൽ പൊട്ടും. അതിനുള്ളത് ഭൗതികകാരണങ്ങളാണ്. അല്ലാതെ കുപ്പിയുടെ വിധിയല്ല. എഫിഷ്യന്റ് കോസ് എന്നു ശാസ്ത്രത്തിൽ പറയും. വണ്ടിയിടിച്ചു മരിക്കുന്നതും ഇങ്ങനെതന്നെ. അരിസ്റ്റോട്ടിൽ പറഞ്ഞിട്ടുള്ള അൾട്ടിമേറ്റ് കോസ് (പരമമായ കാരണം) പ്രകൃതിയിൽ ഇല്ല. പ്രകൃതിയിൽ ഉദ്ദേശ്യം എന്നൊന്നില്ല.

മനുഷ്യന്റെ കൂട്ടായ്മപോലെ തേനീച്ചയ്ക്കും ഉറുമ്പിനും ഒക്കെ കൂട്ടായ്മയുണ്ട്. പക്ഷേ, അവർക്കാർക്കും അനീതിബോധം ഇല്ല. അവിടെ പണിയെടുക്കാത്ത മടിയരുണ്ട്, റാണിമാരുണ്ട്. പണിയെടുക്കുന്ന—തേൻ ശേഖരിക്കുന്ന, കൂടൊരുക്കുന്ന—അദ്ധ്വാനവർഗ്ഗമുണ്ട്. പക്ഷേ, അതിൽ അവ അനീതി കാണുന്നില്ല.

വിശേഷബുദ്ധിയുള്ള മനുഷ്യന് ഒന്നിച്ചു പ്രവർത്തിക്കണമെങ്കിൽ നീതിബോധം വേണം. എനിക്കു നീതി കിട്ടണം. പ്രകൃതിയിൽ നീതിയില്ല. സമൂഹബന്ധത്തിലും ഇല്ല. ഈ വൈരുദ്ധ്യം പരിഹരിക്കാനുള്ള കുറുക്കുവഴിയാണു പൂർവ്വജന്മവിശ്വാസം. അന്തിമവിധിനിർണയത്തിലൂടെ എല്ലാത്തിനും കണക്കു പറയും എന്നും ജീവിതദുരിതങ്ങൾ പരീക്ഷണങ്ങൾ ആണെന്നും ജൂഡായിക് മതങ്ങളിൽ പറയുന്നു. അതാണ് അനീതിക്കുള്ള മറുപടി. പ്രകൃതിയിൽ പക്ഷേ ഇതില്ല. മനുഷ്യന്റെ രചനയാണത്—വിധികർത്താവായ ദയാമയനായ ദൈവം.

ഈ കൺസ്റ്റക്റ്റ് ഇല്ലാതെ ജീവിതത്തിന്റെ അർത്ഥം കണ്ടെത്താനാക ണം. സമൂഹത്തിനായി നമുക്ക് എന്തു ചെയ്യാനാകും എന്നു നോക്കുക. അതി നുള്ള ശേഷിയും അറിവും ആർജ്ജിക്കുക. അപ്പോൾ സന്തോഷത്തിനായി അടുത്ത ജന്മമോ അന്തിമവിധിയോവരെ കാക്കേണ്ടാ. അർഹിക്കാത്തതു പി ടിച്ചെടുക്കുമ്പോൾ കിട്ടുന്ന സന്തോഷം കുറ്റബോധത്തിനു വഴിമാറും. വേണ്ടെ ന്നു വെക്കുമ്പോൾ കിട്ടുന്ന സന്തോഷം കൂടുതൽ സ്ഥായിയായിരിക്കും. അതാ ണ് അഭികാമ്യം. 'തേന ത്യക്തേന ഭുഞ്ജീഥാ' എന്ന ഉപനിഷദ്വാക്യംതന്നെ പരമപ്രമാണം.

പ്രസ്ഥാനങ്ങൾക്കു സംഭവിക്കുന്നത്

മനോജ്: ശ്രീനാരായണഗുരുവിന്റെ പ്രസ്ഥാനം ഇന്ന് അദ്ദേഹത്തിന്റെ ആശയ ങ്ങൾക്കു കടകവിരുദ്ധമായാണു നീങ്ങുന്നതെന്ന് അതിന്റെ നേതൃത്വം ഒഴികെ എല്ലാവരും സമ്മതിക്കും. ഗുരു എടുത്തു കുളത്തിൽ കളഞ്ഞ വിഗ്രഹങ്ങൾ അനുയായികൾ മുങ്ങിയെടുത്തു ഗുരു പ്രതിഷ്ഠിച്ച കണ്ണാടികൾക്കു മുന്നിൽ പ്രതി ഷ്ഠിച്ചു. വിഗ്രഹാരാധനയ്ക്കെതിരെ കണ്ണാടി പ്രതിഷ്ഠിച്ച് അവനവനാണു ദൈവം എന്ന അദ്വൈതം പഠിപ്പിച്ച ഗുരുവിനെത്തന്നെ വിഗ്രഹമായി നാടാകെ പ്രതി ഷ്ഠിക്കുന്നു. ജാതി ചോദിക്കുന്നു, പറയുന്നു, ചിന്തിക്കുന്നു. മതാടിസ്ഥാനത്തിൽ സംഘടിക്കാൻ ആഹ്വാനം ചെയ്യുന്നു. ചെത്തുന്നു, വാറ്റുന്നു, വില്ക്കുന്നു, കുടിക്കു ന്നു. എങ്ങനെ വിലയിരുത്തുന്നു ഈ പ്രതിഭാസത്തെ?

ആർ.വി.ജി.: വ്യക്തിനിഷ്ഠപ്രസ്ഥാനങ്ങൾക്കെല്ലാം ഇതു സംഭവിക്കാം. ബുദ്ധനും ക്രി സ്തുവിനും മുഹമ്മദിനും ഒക്കെ ഇതുണ്ടായില്ലേ? ഇവിടെയാണു രാഷ്ട്രീയപ്രസ്ഥാ നങ്ങളുടെ പ്രസക്തി.

ഏതാനും വ്യക്തികൾ നന്നായാൽ സമൂഹം നന്നാകും; ഒരാൾ ആഹ്വാനം ചെയ്താൽ കാര്യങ്ങൾ സംഭവിക്കും എന്നതാണു വ്യക്ത്യധിഷ്ഠിതപ്രസ്ഥാനങ്ങ ളുടെ അടിസ്ഥാനം. ഗാന്ധിജിക്കു ജീവിച്ചിരുന്നപ്പോൾ കുറെയെല്ലം ഇതു കഴി ഞ്ഞു. പക്ഷേ, ഇത്തരം മാറ്റം ശാശ്വതമല്ല. അതാണു നാം ഇന്നു കാണുന്നത്. കാലം ചെല്ലുന്തോറും വ്യക്തികളുടെ പ്രഭാവം കുറയും. ക്രമേണ, കൂടെനിന്നവ രുടെയും. തങ്ങളുടെ നേട്ടത്തിൽ മാത്രമാകും പിന്നെപ്പിന്നെ അനുയായികളുടെ ശ്രദ്ധ. ഇതു സാർവ്വലൗകികമാണ്.

ആന്തരികജൈവികത ഗുരുവിനുശേഷം ഈ പ്രസ്ഥാനങ്ങൾക്കു നഷ്ടമാ യി. താത്ത്വികതലത്തിൽ ആദ്ധ്യാത്മികതയുടെ കാമ്പു നഷ്ടമായി. അതിനെ ഭൗതികതലവുമായി ബന്ധപ്പെടുത്തി സാമൂഹികമായി അവതരിപ്പിക്കുകയാ യിരുന്നു ഗുരു; സമൂഹത്തെ ആധുനികീകരിക്കുകയായിരുന്നു. ഉത്പാദനപ്രക്രി യയുമായും അദ്ദേഹം അതിനെ ബന്ധിപ്പിച്ചു.

ഇന്ന് സ്കൂളും കോളെജും നടത്തുന്നതല്ലാതെ ഉത്പാദനരംഗത്ത് എസ് എൻഡിപി ഒന്നും ചെയ്യുന്നില്ല. ചെറുകിട ഉത്പാദനരംഗത്തു സംഘടിതപ്ര വർത്തനത്തിനുള്ള ഇടപെടൽ ഉണ്ടായില്ല. ആദ്ധ്യാത്മികതയുടെ രംഗം മു ന്നോട്ടു കൊണ്ടുപോകാൻ എസ്.എൻ. ട്രസ്റ്റിനും കഴിഞ്ഞില്ല. ഒരു യുഗത്തിൽ

ഒരു ഗുരുവേ ഉണ്ടാകൂ. ബാക്കിയെല്ലാം അതിന്റെ പ്രതിഫലനങ്ങൾ. ചില ശ്രദ്ധേയരാകട്ടെ, സ്വന്തം വഴിക്കു പോകാനും നിർബ്ബന്ധിതരായി.

ഈ പ്രവണതയിൽനിന്നു വേറിട്ടു കാണുന്ന ഒരു പ്രസ്ഥാനം മിഷനറി സ്വഭാവമുള്ള ശ്രീരാമകൃഷ്ണമിഷനാണ്. ഇതൊന്നും പോര. നമുക്കു വേണ്ടത് അടിസ്ഥാനപരവും ശാശ്വതവുമായ മാറ്റമാണ്. അതിനു വ്യവസ്ഥിതി മാറണം. എങ്കിലേ മാറ്റം സ്ഥായിയാകൂ.

മുതലു കുന്നുകൂട്ടാനുള്ള പ്രവണതയാണ് ഇന്ന് അടിസ്ഥാനം. അതിനായിട്ടാണു ബാക്കിയെല്ലാം. മാർക്സിസത്തിന്റെ പ്രസക്തി അവിടെയാണ്.

മനോജ്: ആ രംഗത്തും പ്രസ്ഥാനങ്ങൾക്കു വിപര്യയം സംഭവിക്കുന്നുണ്ടല്ലോ?

ആർ.വി.ജി.: ഉണ്ട്. വ്യക്തികളുടെ താത്പര്യങ്ങൾക്കായി തിരുത്തുന്നു. പക്ഷേ, പ്രസ്ഥാനത്തിലാണു മാറ്റത്തിനുള്ള സംവിധാനം. വേറെയുമുണ്ടു പ്രശ്നം. സോഷ്യലിസ്റ്റ് ആശയം ഇവിടേക്കെത്തുംമുൻപേ നമുക്കു നല്ലൊരു മുതലാളിത്തം ഉണ്ടായില്ല.

ഇവിടെ തേങ്ങാവെട്ടുകാരനും പീടികക്കാരനുമായിരുന്നു നാട്ടുമ്പുറങ്ങളിൽ മുതലാളിമാർ! പിന്നെ കങ്കാണിമാർ മാത്രമായ കുറെ കയർ, കശുവണ്ടി മുതലാളിമാരും. ചുരുക്കത്തിൽ, മുതലാളിത്തം വരുമ്മുമ്പേ ഇവിടെ മുതലാളിത്തവിരുദ്ധത വന്നു. മുതലാളിത്തം വികസിച്ചില്ല. അതുകൊണ്ടാണു സോഷ്യലിസവും വരാത്തത്. നമുക്ക് അതിന്റെ ക്ഷേമവശം മാത്രമാണുള്ളത്.

ഉത്പാദനമാണു സോഷ്യലിസത്തിന്റെ അടിസ്ഥാനം. ഉത്പാദനശക്തികളുടെ വികാസം, അതിൽ സാങ്കേതികവിദ്യ വഹിക്കുന്ന പങ്ക് തുടങ്ങിയവ കാണാതെ മുതലാളിത്തത്തിന്റെ അപകടങ്ങൾ പറഞ്ഞുകേട്ട അറിവിലൂടെ നാം കണ്ടു. സാമ്പത്തികരംഗത്തിന്റെ ജൈവികവളർച്ച ഇവിടെയുണ്ടായില്ല. അത് അനുഭവിച്ചു തിരുത്തൽശക്തിയായി വരുന്നതിനു പകരം കേട്ടറിവുവെച്ചുള്ള മുൻവിധിയോടുകൂടിയ ഇടപെടലാണു നാം നടത്തിയത്. അതുകൊണ്ട്, ഉത്പാദനവളർച്ച നേടാനുള്ള പ്രവർത്തനം ഇന്നു മുഖ്യദൗത്യമായി മാറിയിരിക്കുന്നു.

മൂക്കാതെ വിളഞ്ഞ സോഷ്യലിസ്റ്റുചിന്ത

മനോജ്: പ്രസ്ഥാനങ്ങൾക്കു മാത്രമല്ല സമൂഹത്തിനാകെ യുക്തിഭദ്രത നഷ്ടപ്പെടുന്നതരം അസഹിഷ്ണുതയും മറ്റുമാണല്ലോ സ്വാതന്ത്ര്യാനന്തരം ഇവിടെ വളർന്നുവരുന്നത്. ജനാധിപത്യസമൂഹം നിലവിൽ വന്നശേഷം ഇങ്ങനെ സംഭവിക്കാമോ? ‘ക്രിസ്തുവിന്റെ ആറാം തിരുമുറിവും’ ‘ഭഗവാൻ കാലുമാറുന്നു’വുംപോലുള്ള നാടകങ്ങൾ അരങ്ങേറാനാവാത്ത അവസ്ഥ! മതവികാരം പെട്ടെന്നു വ്രണമാകുന്ന അവസ്ഥ!

ആർ.വി.ജി.: ഭൂ-സാമൂഹികബന്ധങ്ങളിൽ വലിയ മാറ്റം വന്ന കാലമാണിത്. പ്രത്യേകം പഠിക്കപ്പെടേണ്ട വിഷയമാണിത്. ഭൂബന്ധങ്ങളിൽ മാറ്റം വന്നപ്പോൾ കീഴാള-മേലാളവ്യവസ്ഥ അങ്ങനെ തുടരാനാവില്ല എന്നു വന്നു. തേങ്ങയ്ക്കു വിലയിടിയുന്നു, പണഞെരുക്കം വരുന്നു, കുടുംബങ്ങൾ തകരുന്നു, ക്രിസ്ത്യാനികൾ

സംഘടിക്കുന്നു, അദ്ധ്വാനിക്കുന്നു, പണക്കാരാകുന്നു, അവർ ചെറിയ വ്യവസായങ്ങൾ തുടങ്ങുന്നു, ഇങ്ങനെ പലതും സംഭവിക്കുകയായിരുന്നു അന്ന്. വില്ക്കുന്നവർ പഴയ ജന്മിമാരും വാങ്ങുന്നവർ പുതിയ വിഭാഗവും. അതിന്റെ അസഹിഷ്ണുത സമൂഹത്തിലുണ്ടായി. പുത്തൻ പണക്കാർക്ക് ഉണ്ടാകുന്ന അഭിമാനബോധവും പഴയ അപകർഷബോധത്തിൽനിന്നുള്ള അഹങ്കാരവും മറുവശത്ത്. ഇതൊക്കെ സംഘർഷാത്മകത സൃഷ്ടിച്ചു.

നേരത്തെ സോഷ്യലിസ്റ്റ് ആശയങ്ങളും ശ്രീനാരായണാശയങ്ങളും വന്നപ്പോൾ അത് ഏറ്റവും സ്വാധീനിച്ചത് ഹിന്ദുസവർണരെയാണ്. കൂടുതൽ വായിച്ചിരുന്നവരെ എന്നു പറയാം. അതുകൊണ്ട്, ജനാധിപത്യവ്യവസ്ഥയിൽ ജന്മിത്തവ്യവസ്ഥ നീതിയധിഷ്ഠിതമല്ല, നിലനില്ക്കില്ല, മാറ്റം അനിവാര്യമാണ്, ആരോഗ്യകരമാണ് എന്നെല്ലാമുള്ള തോന്നലുണ്ടായി. ജന്മിമാർക്കു ഗുണ്ടകൾ ഉണ്ടായിരുന്നിട്ടും ഭൂപരിഷ്കരണം സമാധാനപരമായി നടന്നത് അങ്ങനെയാണ്. ഇന്ന് അത് ഒരിഞ്ചു മുന്നോട്ടു കൊണ്ടുപോകാൻ ആകുന്നില്ല.

മനോജ്: അന്നു പ്രകടമായത് ഒരു യുക്തിചിന്തയല്ലേ?

ആർ.വി.ജി.: യുക്തിചിന്തയെക്കാൾ അനിവാര്യതാബോധമായിരുന്നു എന്നു പറയാം. പക്ഷേ, അടുത്ത തലമുറ ആയപ്പോഴേക്ക് എതിർപ്രതികരണങ്ങൾ വന്നു. ജാതിസംവരണത്തിന് എതിരായ വികാരം ഇതിന്റെ ഉദാഹരണമാണ്. 'ഇവർ പീഡിതരായിരുന്നു, ഞങ്ങളാണതിന്റെ ഉത്തരവാദികൾ' എന്ന കുറ്റബോധം അന്ന് ഉണ്ടായിരുന്നു. ഇന്ന് അതില്ല. എന്റെ തലമുറ ജന്മിമാരുടെ മർദ്ദനം നേരിട്ടുകണ്ടവരാണ്. ഇന്നുള്ളവർക്ക് ആ അനുഭവമില്ല. ഒരുപക്ഷേ, പറഞ്ഞുകേട്ട അറിവുപോലും പലർക്കുമില്ല.

പട്ടികവിഭാഗസംവരണം പോലെയല്ല മറ്റു പിന്നാക്കവിഭാഗസംവരണ

പരിസ്ഥിതിദിനപ്രഭാഷണം നടത്തുന്ന ആർ. വി. ജി. മേനോൻ. ജി. സുരേഷും പ്രൊഫ. കെ. പാപ്പൂട്ടിയും സമീപം.

ത്തെ കാണുന്നത്; മുസ്ലിം സംവരണത്തെ കാണുന്നത്. തിരുവിതാംകൂറിലെയും മലബാറിലെയും സാഹചര്യങ്ങൾ തമ്മിലുള്ള വ്യത്യാസം ഒരു കാരണമാണ്. ആ വിഭാഗങ്ങൾ സംഘടിതരായി ആനുകൂല്യങ്ങൾ പിടിച്ചുപറ്റുന്നു എന്ന തോന്നലുമുണ്ട്. ഹിന്ദുക്കൾ എല്ലാം സഹിക്കുന്നവർ ആയതുകൊണ്ടാണ് ഇതെല്ലാം എന്ന ആർ.എസ്.എസ്. ലൈനിനു ചില വിഭാഗങ്ങളുടെയിടയിൽ സ്വീകാര്യത കിട്ടുന്നു.

മനസ്സിൽ വിദ്വേഷമൊന്നുമില്ലാതെ ഇരിക്കുന്നവരെ സ്വാധീനിക്കാനാണ് അവരുടെ ശ്രമം. ഗോവധനിരോധനമൊന്നും ഇവിടെ ഏശിയില്ല. തളിക്ഷേത്രം, നിലയ്ക്കൽ, വിവേകാനന്ദപ്പാറ തുടങ്ങിയ സംഭവങ്ങൾ കിട്ടിയപ്പോഴാണു ക്ലച്ചുപിടിച്ചത്. വിശാലത, തുറന്ന സമീപനം, എല്ലാറ്റിനെയും ഉൾക്കൊള്ളൽ തുടങ്ങിയവയാണു ദൗർബല്യം എന്ന പ്രചാരണം നന്നായി ഏശി.

സമാന്തരമായി മറ്റു മതങ്ങളും ആക്രമണോത്സുകമായി സംഘടിച്ചു. അങ്ങനെയാണ് 'ഭഗവാൻ കാലുമാറുന്നു'വും 'ക്രിസ്തുവിന്റെ തിരുമുറിവു'മൊന്നും നടത്താൻ പറ്റാതായത്. കൈവെട്ടുന്നിടത്തേക്കു കാര്യങ്ങൾ എത്തിയത്. നിർമ്മാല്യംപോലൊരു സിനിമ ഇന്ന് എടുക്കാനാകുമോ?

നല്ലാഞ്ഞ ചരിത്രബോധവും വളർന്ന മതബോധവും

മനോജ്: കഴിഞ്ഞ തലമുറയെ മാറ്റങ്ങൾക്കു പാകമാക്കിയപോലുള്ള ബോധവത്കരണം ഇന്ന് ഇല്ലാത്തതല്ലേ ഇത്തരമൊരു തിരിച്ചുപോക്കിനു കാരണം?

ആർ.വി.ജി.: ചരിത്രബോധമില്ലായ്മയാണു പ്രശ്നം. ചരിത്രപഠനത്തിലൂടെയാണതു വളരേണ്ടത്. പ്രസ്ഥാനങ്ങളുടെ ബോധവത്കരണം അന്നന്നത്തെ വിഷയങ്ങളിലാണ്. അന്ന് ആ വിഷയങ്ങളായിരുന്നു സമകാലികം. കുടികിടപ്പുകാർ അനുഭവിക്കുന്ന മർദ്ദനം, ചൂഷണം ഒക്കെ നേരിട്ടുള്ള അനുഭവങ്ങളായിരുന്നു താനും. ചരിത്രപഠനത്തിൽ ഇത്തരം കാര്യങ്ങളൊന്നും വേണ്ട, പാടില്ല, എന്ന തോന്നലാണ് ഇവിടെ നിലനില്ക്കുന്നത്. ഇതുമാറണം. ഇതൊക്കെ ഔപചാരികവിദ്യാഭ്യാസത്തിന്റെ ഭാഗമായിത്തന്നെ വരണം. ഉദ്യോഗസ്ഥസംവരണമാണു സവർണ്ണരെ വളരെ പ്രതിലോമമായി ചിന്തിപ്പിക്കുന്നത്. ആ ചിന്ത തിരുത്താനുള്ള ചരിത്രബോധം നല്കാൻ ഇതുവരെ വിദ്യാഭ്യാസത്തിന് ആയില്ല. വീടുകളിൽനിന്ന് അതു കിട്ടില്ല. പക്ഷപാതപൂർണ്ണമാണ് അവിടെ കിട്ടുന്ന ചരിത്രബോധം.

മനോജ്: മതങ്ങളെ ആദ്ധ്യാത്മികതയുടെ തലത്തിൽ ഒതുക്കിനിർത്താൻ കഴിയാതെ വന്നതല്ലേ യഥാർത്ഥപ്രശ്നം? വോട്ടിനായി രാഷ്ട്രീയപ്രസ്ഥാനങ്ങളും അവർ നയിക്കുന്ന ഭരണകൂടങ്ങളും നടത്തുന്ന മതപ്രീണനം ഈ സ്ഥിതി കൂടുതൽ മോശമാക്കുന്നില്ലേ?

ആർ.വി.ജി.: തീർച്ചയായും ഉണ്ട്. ആദ്യകാലത്തു തത്ത്വാധിഷ്ഠിതനിലപാടായിരുന്നു രാഷ്ട്രീയപ്പാർട്ടികൾക്ക്. വ്യക്തിനിയമപരിഷ്കരണം, ഭൂപരിഷ്കരണം തുടങ്ങിയവയിൽ കോൺഗ്രസുകാർപോലും ശരിയായ നിലപാടെടുത്തു. മുന്നണിഭരണവും മറ്റും വന്നതോടെ ആരെയും പിണക്കണ്ടാ എന്ന നിലപാടായി. ഇടയ്ക്കെല്ലാം തത്ത്വാധിഷ്ഠിതരാഷ്ട്രീയം പറയുമെങ്കിലും എതിർപ്പുവരുമ്പോൾ പിന്നോട്ടു

പോകുന്ന പ്രവണതയാണിന്ന്. ഇത് മത-ജാതിപ്രസ്ഥാനങ്ങളുടെ ദുഃസ്വാധീനം ശക്തിപ്പെടുത്തുന്നു. മുസ്ലിങ്ങളുടെ പ്രശ്നം പറയേണ്ടതു മുസ്ലിം ലീഗല്ല, കോൺഗ്രസിലെ ദേശീയമുസ്ലീങ്ങളാണ് എന്ന ആശയം സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ കാലത്തു കോൺഗ്രസിൽ ഉണ്ടായിരുന്നു. ഇതൊരു കടുംപിടിത്തം പോലും ആയിരുന്നു. ക്രിസ്ത്യാനികളുടെ കാര്യത്തിലും ഇതായിരുന്നു സ്ഥിതി.

കേരള കോൺഗ്രസുകൾ വന്നതോടെ, അവരും ലീഗും മുന്നണികളിൽ പങ്കാളികളായതോടെ ആണു സ്ഥിതി മാറിയത്. സമുദായപിന്തുണ ഉണ്ടായാലേ നിലനില്പുള്ളൂ എന്ന സ്ഥിതിയിലേക്കു കാര്യങ്ങൾ നീങ്ങി. ജാതിയും മതവും നോക്കി സ്ഥാനാർഥിയെ നിർത്തുന്ന രീതിയും ജാതിക്കും മതത്തിനും കണക്കു നോക്കുന്ന രീതിയുമൊന്നും ആദ്യം ഉണ്ടായിരുന്നില്ല. ഇന്നത് ഏതാണ്ടു നിയമവിധേയമായതുപോലെയാണ്! പത്രമാദ്ധ്യമങ്ങൾപോലും വളരെ സ്വാഭാവികമെന്ന നിലയിൽ ഇത്തരത്തിൽ വിശകലനങ്ങൾ നടത്തുന്നു! മൊത്തത്തിലുള്ള സിനിസിസം അവിടേക്കും വന്നു. പാർട്ടികളും അതിനനുസരിച്ച് മാറുന്നു—ജാതിമതപരിഗണനകളാണു ജനം നോക്കുന്നത് എന്ന മട്ടിൽ. കാര്യങ്ങൾ കുറെയെല്ലാം അങ്ങനെ ആകുകയാണ്.

മനോജ്: അതേസമയം, ലോകത്താകെ മനുഷ്യരുടെ മതാഭിമുഖ്യം കുറയുന്നതായും റിപ്പോർട്ടുകൾ വരുന്നു. ആളെ സംഘടിപ്പിക്കാൻ മതമൗലികതാവാദികൾ നടത്തുന്ന ശ്രമം മാദ്ധ്യമങ്ങളിലും പൊതുവിലും പ്രാധാന്യം നേടുന്നുണ്ടെങ്കിലും മറിച്ചൊരു മാറ്റം പരക്കെ സംഭവിക്കുന്നുണ്ടത്രെ. യൂറോപ്പിലും അമേരിക്കയിലുമൊക്കെ പുരോഹിതരാകാൻ ആളെ കിട്ടാതെ പള്ളികളും മറ്റും പൂട്ടുന്നു. ഇവിടെയും ആനുപാതികമായി ഈ മാറ്റം കാണാനുണ്ട്. ജന്മിത്തയുഗത്തിന്റെ സംഭാവനയായ പൗരോഹിത്യമതം മുതലാളിത്തത്തിന്റെ വളർച്ചയിൽ കാലഹരണപ്പെടുകയാണോ? വാണിജ്യാടിസ്ഥാനത്തിലുള്ള ആദ്ധ്യാത്മികതയും അതിന്റെ ഉത്പന്നങ്ങളും ആ ഇടം കൈയടക്കുകയാണോ?

ആർ.വി.ജി.: മതാഭിമുഖ്യം എന്താണ്? ആദ്ധ്യാത്മികത കുറയുന്നു. ആചാരപരത കുറയുന്നില്ല; കൂടുന്നു. ബ്രഹ്മചര്യം പാലിക്കണം, ഭൗതികസമ്പത്ത് ഉപേക്ഷിക്കണം എന്നൊക്കെ പറഞ്ഞാൽ ഇക്കാലത്ത് ആളെ കിട്ടില്ല, വിശേഷിച്ചും അണുകുടുംബങ്ങളിലെ കുട്ടികളെ. പൗരോഹിത്യം നല്ല കരിയറാണ് എന്നു പറഞ്ഞാൽ ആളെ കിട്ടും. യൂറോപ്പിൽ നല്ല കരിയറുകൾ വേറെയും ധാരാളം ഉള്ളതിനാൽ അങ്ങനെയും കിട്ടില്ല. വ്യക്തിപരമായി നല്ലതെന്നു കരുതുന്ന ദുർഗ്ഗുണങ്ങൾ—പൊങ്ങച്ചം, അസൂയ തുടങ്ങിയവ—ആണ് ഇന്നു മതപരത. കൊടിമരത്തിന്റെ പൊക്കം, ആരാധനാലയത്തിന്റെ വലുപ്പം, സ്വർണ്ണം പൂശൽ ഒക്കെയാണു കാര്യം. വെറും പ്രകടനപരത. മറ്റൊന്ന്, ധനസമ്പാദനത്തിലൂടെ മാത്രം കിട്ടാത്ത അംഗീകാരത്തിനു ജാതിമതസ്ഥാപനങ്ങളെയും പ്രസ്ഥാനങ്ങളെയും ഉപയോഗിക്കുകയാണ്. വലിയ സംഭാവനകൾ നല്കുക, സ്ഥാനങ്ങൾ നേടുക ഒക്കെ. മതത്തിനുവേണ്ടി കാര്യങ്ങൾ ചെയ്യുന്നതിലൂടെ കിട്ടുന്ന പ്രമാണിത്തമാണു ലക്ഷ്യം.

വളരെ വേഗം മാറുന്ന സമൂഹത്തിൽ ഉണ്ടാകുന്ന അരക്ഷിതബോധമാണു മതാചാരങ്ങളെയും ധ്യാനകേന്ദ്രങ്ങളെയും ആശ്രയിക്കുന്നവരുടെ എണ്ണം കൂട്ടു

ന്ന മറ്റൊരുഘടകം. പണം ഉണ്ടാകുമ്പോഴാണ പണംകൊണ്ട് എല്ലാം ആകു ന്നില്ല എന്ന തോന്നൽ. ഒരു ഓഹരി ഗുരുവായൂരപ്പനും ഇടാം എന്ന ചിന്ത. ഗു രുവായൂരപ്പൻ സ്വന്തം നേട്ടത്തിനായി അദ്ദേഹത്തിനുകൂടി ഓഹരിപങ്കാളിത്ത മുള്ള തന്റെ കമ്പനിയെ ലാഭത്തിലാക്കിത്തരുമല്ലോ എന്ന മുതലാളിത്തവ്യാ മോഹം. ഇങ്ങനെ പലതരത്തിലാണ്.

'ആർത്തോ ജിജ്ഞാസുരർത്ഥാർത്ഥീ ജ്ഞാനീ' എന്നിങ്ങനെ ചതുർവിധ മുള്ള മനുഷ്യരാണ ദൈവത്തെ ഭജിക്കുന്നത് എന്നു ഭഗവദ്ഗീതയിൽത്തന്നെ പറയുന്നുണ്ട്. ദുഃഖിതരും ജിജ്ഞാസയുള്ളവരും ധനമോഹമുള്ളവരും ജ്ഞാനി കളുമാണത്രെ ഇവർ. ഒന്നും പുതിയതല്ല. അന്നേ ഇങ്ങനെയൊക്കെത്തന്നെ യാണ ഭക്തി! മാർക്സ് പറഞ്ഞതുപോലെ ആർത്തരാണ പ്രധാനം.

വിശ്വാസമല്ല, ആചാരപരത

മനോജ്: മതത്തിന്റെ കാര്യത്തിലും ഏതാണ്ടിങ്ങനെതന്നെ ആണെന്നു തോന്നുന്നു. ബഹുഭൂരിപക്ഷവും മതവിശ്വാസികളാണെങ്കിലും അവർക്കതു വിശ്വാസം മാത്ര മാണ്. മതത്തിന്റെ പേരിൽ ആളാകാൻ ശ്രമിക്കുന്നവരാണ് അതിന്റെ വക്താ ക്കൾ ചമഞ്ഞു പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. മതങ്ങളുടെ സ്വീകാര്യത കുറയുന്നു, നിലനില്പ് ക്രമേണ പരുങ്ങലിലാകും എന്നെല്ലാമുള്ള ഒരുതരം ആത്മവിശ്വാസ ക്കുറവാണോ ഇത്തരക്കാരെ കൂടുതൽ അസഹിഷ്ണുക്കളാക്കുന്നത്?

ആർ.വി.ജി.: അസഹിഷ്ണുത ആത്മവിശ്വാസം നഷ്ടപ്പെടുന്നതിന്റെ ഫലമാണ്. വളരു കയും പുഷ്ടിപ്പെടുകയും ചെയ്യുമ്പോൾ പ്രസ്ഥാനങ്ങൾ വളരെ സഹിഷ്ണുത കാട്ടും. ആഭ്യന്തരമോ ബാഹ്യമോ ആയ ഭീഷണികൾ വരുമ്പോൾ തോടിനുള്ളിലേക്കു ചുരുങ്ങും. സ്വയം രക്ഷിക്കണം എന്ന ചിന്തയാണ്. അർനോൾഡ് ടോയൻബി ഇതു പറഞ്ഞിട്ടുണ്ട്.

ഈ മാനസികാവസ്ഥയാണ ഹിന്ദുത്വവാദികൾ മുന്നോട്ടു വെക്കുന്നത്. ജനസംഖ്യയിലെ മാറ്റത്തിന്റെ കണക്കിലൂടെ മാത്രമാണ് അവർ പ്രശ്നം അവ തരിപ്പിക്കുന്നത്.

കുട്ടികളുടെ എണ്ണം കൂട്ടണമെന്നതു റോമൻ കത്തോലിക്കാ സഭയും മറ്റും എന്നും പറഞ്ഞിട്ടുള്ളതാണ്. പക്ഷേ, ആരും ഒരിക്കലും ഗൗരവമായി എടുത്തി ട്ടില്ല. സവർണഹിന്ദു, ക്രിസ്ത്യൻ കുടുംബങ്ങളുടെ വലുപ്പം സമാനമാണ്. ദരിദ്ര രിലാണ കുടുംബത്തിന്റെ വലുപ്പം കൂടുന്നത്. മുസ്ലിങ്ങളിലും കുടുംബം പൊതുവെ വലുതാണ്. സാമ്പത്തികഘടകമാണ കാര്യം.

അടുത്തിടെ ശാസ്ത്രസാഹിത്യപരിഷത്ത് നടത്തിയ പഠനത്തിൽ, മുസ്ലിം സമൂഹത്തിന്റെ ശരാശരി സാമ്പത്തികനില താഴെയാണെന്നു കണ്ടു. പാവ പ്പെട്ടവർ കൂടുതലാണ് അവർക്കിടയിൽ. ഈ അവസ്ഥ മാറുമ്പോൾ, വിദ്യാഭ്യാ സം കൂടുമ്പോൾ, കുടുംബവലുപ്പം കുറയും.

കേരളത്തിൽ 35 ശതമാനം ദരിദ്രരും 15 ശതമാനം പരമദരിദ്രരും 40 ശത മാനം താഴ്ന്നയിടത്തരക്കാരും ആണെന്നാണ കണ്ടത്. ഉയർന്നയിടത്തരക്കാ രും ധനികരുംകൂടി പത്തു ശതമാനമേ ഉള്ളൂ. ഈ പത്തു ശതമാനത്തിലേക്കാ

ണ സമ്പത്ത് ഒഴുകുന്നത്. ആസ്തിയുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ മുസ്ലിംവിഭാഗം പിന്നിലാണ്.

ജനസംഖ്യയിലെ മാറ്റത്തിൽ ഉത്കണ്ഠയുള്ളവർ ചെയ്യേണ്ടതു വർഗ്ഗീയവികാരം വളർത്തുകയല്ല, മുസ്ലിങ്ങൾക്കിടയിൽ വിദ്യാഭ്യാസം കൊണ്ടുവരികയാണ്. അതാണ പ്രധാനം. മുസ്ലിംപെൺകുട്ടികൾ ഇന്നു ധാരാളം വിദ്യാഭ്യാസം ചെയ്യുന്നു. ഇതു മാറ്റമുണ്ടാക്കും. ഹിന്ദുത്വവാദികൾക്കുള്ള മറുപടിയും ഇതാണ്.

രാഷ്ട്രീയപ്പാർട്ടികൾ ഈ മതങ്ങളിലെ പുരോഗമനവിഭാഗങ്ങൾക്കൊപ്പം നില്ക്കണം. എന്നാൽ, വോട്ടുബാങ്ക് നോക്കിയുള്ള പ്രീണനം ഇതിനെതിരാണ്. ദൗർഭാഗ്യവശാൽ രാഷ്ട്രീയപ്രസ്ഥാനങ്ങൾ ഇതാണ ചെയ്യുന്നത്.

മനോജ്: താങ്കൾ പറയുന്നതിന്റെ ആകെത്തുക, യുക്തിബോധം ഏറെയൊന്നും ഇല്ലാത്ത, അതിലേറെ കാല്പനികതയും വൈകാരികതയും നയിക്കുന്ന, ഉൾക്കാമ്പു കുറഞ്ഞ ഒരു സമൂഹമാണ കേരളം എന്നാണ്. യുക്തിബോധവും ശാസ്ത്രീയസമീപനവും ഈ സമൂഹത്തിൽ വളർത്തിയെടുക്കാൻ എന്താണവഴി?

ആർ.വി.ജി.: ഇതിൽ പ്രധാനപങ്ക് വിദ്യാഭ്യാസം, മാദ്ധ്യമങ്ങൾ, പ്രസ്ഥാനങ്ങൾ എന്നിവയ്ക്കാണ്.

വിദ്യാഭ്യാസത്തിൽ, സ്കൂൾതലത്തിലെങ്കിലും, ബോധപൂർവ്വമായ ഇടപെടൽ ഇപ്പോൾ നടക്കുന്നുണ്ട്. വിമർശനാത്മകബോധനമാണ് എക്കാലത്തും വേണ്ടത്. എന്നാൽ, ഇതിനുള്ള ശ്രമം എതിർപ്പു വിളിച്ചുവരുത്തുന്നു. കാണാപ്പാഠം പഠിക്കലും വിവരം നേടലും മാത്രമാണ വിദ്യാഭ്യാസം എന്നാണ പൊതുധാരണ. അതു തിരുത്തപ്പെടുകയാണ്. പുതിയ പാഠ്യപദ്ധതി ഈ മാറ്റം കുറേ മുന്നോട്ടുകൊണ്ടുപോയി. ഇനിയും ഏറെ പോകാനുണ്ട്. കലാശാലാ, ഉന്നതവിദ്യാഭ്യാസങ്ങളിലേക്കും ഈ മാറ്റം വ്യാപിപ്പിക്കുകയും വേണം.

മാദ്ധ്യമങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും കാര്യമാണ് ഏറെ ഗുരുതരം. തങ്ങൾക്ക വരുമാനം നേടാൻ കഴിയുന്ന കാര്യങ്ങൾ ജനപ്രിയം എന്നു പ്രഖ്യാപിച്ച് അതു നല്കുകയാണ മാദ്ധ്യമരീതി. വിമർശനംപോലും സെൻസേഷനാക്കുന്നു. കാര്യകാരണവിശകലനത്തിനപ്പുറം ഇംപാക്ടിലാകുന്നു ഊന്നൽ. ഇതുമാറ്റി ആരോഗ്യകരമായ മാദ്ധ്യമസംസ്കാരം വളർത്തണം. മാദ്ധ്യമവിമർശനത്തിനു വലിയ പ്രാധാന്യമുണ്ട്.

സെൻസേഷണലായവ അപ്പോഴേക്ക മാത്രം ഉള്ളതാണ്. അടുത്ത സെൻസേഷൻ വരുമ്പോൾ വിട്ടും. ഇതിനുപകരം പ്രശ്നങ്ങൾ ഏറ്റെടുത്തു തുടർന്നുകൊണ്ടുപോയി ന്യായമായ ഒരു തീർപ്പിൽ എത്തിക്കണം. അതിനു ബോധപൂർവം ശ്രദ്ധിക്കണം. ഒന്നാം പേജിലല്ലെങ്കിലും, തുടർച്ചയായി ഓർമ്മിപ്പിക്കൽ, എന്തായി എന്ന അന്വേഷണം, വേണം.

ആധുനികപരിവർത്തനകാലത്തു മാദ്ധ്യമങ്ങൾ ഇതു നിർവ്വഹിച്ചു. അന്നു ലാഭം ആയിരുന്നില്ല ലക്ഷ്യം. ജാതിമതാടിസ്ഥാനത്തിൽ മാദ്ധ്യമങ്ങൾ ഉണ്ടായിരുന്നെങ്കിലും പത്രപ്രവർത്തനം ഒരു ധർമ്മസേവനം ആയിരുന്നു. വ്യവസായസ്ഥാപനങ്ങൾ മാദ്ധ്യമങ്ങളെ ഭരിച്ചിരുന്നില്ല. സമൂഹപരിഷ്കരണം ആയിരു

ന്നു ലക്ഷ്യം. അവ യുക്തിചിന്ത വളർത്തിയിരുന്നു. വലിയ പങ്കാണു മാദ്ധ്യമങ്ങൾ അന്നു വഹിച്ചത്.

പുതുക്കാലപ്രസ്ഥാനങ്ങളും യുക്തിനിലയും

മനോജ്: പ്രസ്ഥാനങ്ങളുടെ കാര്യം നേരത്തേ പറഞ്ഞല്ലോ. പുതിയ പ്രസ്ഥാനങ്ങളുടെ യുക്തിനില എങ്ങനെയാണ്? സോളിഡാരിറ്റിയും മറ്റും പോലുള്ളവ?

ആർ.വി.ജി.: സോളിഡാരിറ്റി പോലുള്ളവയ്ക്കു പ്രത്യേക അജൻഡയുണ്ട്. സ്വത്വരാഷ്ട്രീയാജൻഡയാണ് അവർക്കു പ്രധാനം. പുരോഗമനം മുഖംമൂടിയാണ്. വികാരപരമായി ജനങ്ങളെ സ്വാധീനിക്കാവുന്ന പ്രശ്നങ്ങൾ ബുദ്ധിപരമായി തിരിഞ്ഞെടുത്ത് അവർ ഉപയോഗപ്പെടുത്തുകയാണെന്നു തോന്നുന്നു.

ദേശീയപാതയുടെ ബി.ഒ.റ്റി.-വത്കരണം, ബഹുരാഷ്ട്രക്കുത്തകയുത്പന്നങ്ങളുടെ ബഹിഷ്കരണം, എൻഡോസൾഫാൻ പ്രശ്നം തുടങ്ങിയവയിലൊക്കെ അവയിലെ രാഷ്ട്രീയത്തിനപ്പുറമുള്ള വൈകാരികതയാണു പുതിയ പ്രസ്ഥാനങ്ങൾ ഉയർത്തിക്കാട്ടുന്നത്. അതിനാൽ അവയ്ക്കു യുക്ത്യധിഷ്ഠാനം ഇല്ലാതെ പോകുന്നു.

ഭൂമി നഷ്ടപ്പെടുന്നവർക്കു ന്യായമായ നഷ്ടപരിഹാരം നല്കി പുനരധിവസിപ്പിച്ചുകൊണ്ടു സർക്കാർതന്നെ നേരിട്ടു റോഡുവികസനമോ വ്യവസായവത്കരണമോ നടത്തുന്നതിനെ എതിർക്കുന്നതു യുക്തിയല്ല. അതു നാടിന്റെ വളർച്ചയ്ക്ക് എതിരാണ്. മറിച്ച്, ബി.ഒ.റ്റി.-വത്കരണത്തിന്റെ അപകടം തുറന്നുകാട്ടി അതിനെയാണ് എതിർക്കേണ്ടത്. വീതി കൂട്ടാനേ പാടില്ല, വികസനമേ പാടില്ല എന്നതു മൗലികതാവാദമാണ്.

ഇത്തരം കാര്യങ്ങളിലൊക്കെ ശാസ്ത്രീയസമീപനം ഉരുത്തിരിഞ്ഞുവരുന്നതിന് ഇന്നത്തെ ഏകവിഷയപ്രസ്ഥാനങ്ങളുടെ ഇടപെടൽ തടസ്സമാകുന്നുണ്ട്. മുഖ്യധാരാപ്രസ്ഥാനങ്ങൾ ഇത്തരം പ്രശ്നങ്ങളെ വേണ്ട ഗൗരവത്തിൽ കാണാത്തതാണ് ഇവർക്ക് ഇടം നല്കുന്നത്.

മനോജ്: ആഗോളീകരണത്തിന്റെയും വിവരവിനിമയ-വിതരണവിപ്ലവത്തിന്റെയും വിനോദമാദ്ധ്യമപ്രളയത്തിന്റെയും പുതിയകാലത്ത് യുക്തിബോധത്തിന്റെ നില എന്താണ്? പൊതുവായ ഇടങ്ങൾ സമൂഹത്തിൽ നഷ്ടമാകുന്നു. കൂട്ടായ്മകൾ ഇല്ലാതാകുന്നു. പൊതുപ്രവർത്തനം നടത്താനും പങ്കെടുക്കാനും ആളെ കിട്ടാതാകുന്നു. അതേസമയം ഇന്റർനെറ്റുകൂട്ടായ്മകൾ വളരുന്നു. ബ്ലോഗുകളും മറ്റുമായി പ്രതികരണത്തിന്റെ പുതിയ മേഖലകൾ വികസിക്കുന്നു. ഈ മാറ്റം എങ്ങനെ കാണുന്നു? 'വേർച്വൽക്കൂട്ടായ്മകൾ'ക്കു മാറ്റം ഉണ്ടാക്കാൻ കഴിയുമോ?

ആർ.വി.ജി.: നല്ല ആശയങ്ങൾ ഏതു നിലയ്ക്കും പ്രചരിക്കുന്നതു നല്ലതുതന്നെ. പക്ഷേ, മാറ്റത്തിനായി പ്രവർത്തിക്കാൻ പ്രസ്ഥാനങ്ങൾക്കേ കഴിയൂ. ഇന്റർനെറ്റിന്റെയും മറ്റും സാദ്ധ്യതകൾ ഇത്തരം പ്രസ്ഥാനങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുകയാണു വേണ്ടത്.

പൊതുവിടങ്ങൾ കുറഞ്ഞുവരുന്നു എന്നതു ഗൗരവമുള്ള പ്രശ്നം തന്നെയാണ്. അതേസമയം ധനികരും ദരിദ്രരും തമ്മിൽ വളർന്നുവരുന്ന അന്തരം—

സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർഷികവിജ്ഞാനകോശം ഒ. എൻ. വി. കുറുപ്പിൽനിന്ന് ഡോ: ആർ. വി. ജി. മേനോൻ ഏറ്റുവാങ്ങുന്നു. കാട്ടൂർ നാരായണപിള്ള, അടൂർ ഗോപാലകൃഷ്ണൻ, കെ. പാപ്പൂട്ടി തുടങ്ങിയവർ വേദിയിൽ.

പൊതുപാപ്പരീകരണം—സൃഷ്ടിക്കുന്ന അനിവാര്യമായ സംഘർഷം പ്രസ്ഥാനങ്ങളുടെ പ്രസക്തി വർദ്ധിപ്പിക്കുകയും അതിനെ അനിവാര്യമാക്കുകയും ചെയ്യും. ഈജിപ്റ്റിൽ തെരുവിലിറങ്ങിയ ജനമഹാസമുദ്രംതന്നെ പ്രസ്ഥാനങ്ങളുടെയും സംഘടിക്കലിന്റെയും പ്രക്ഷോഭങ്ങളുടെയും പ്രസക്തിയുടെ ഏറ്റവും പുതിയ സാക്ഷ്യമാണ്.

പാളിപ്പോയ വിദ്യാഭ്യാസം

ആർ.വി.ജി.: രണ്ടുതരം ആശങ്കയാണ് എനിക്കു ഭാവിയെപ്പറ്റിയുള്ളത്. ഇടക്കാലത്തു ശക്തിപ്പെട്ട, ഇപ്പോഴും കുറെയെല്ലാം തുടരുന്ന, അപക്വവും അപൂർണവുമായ വിദ്യാഭ്യാസപരിഷ്കാരമാണ് ഒന്ന്. ഉപകരണാത്മകമായാണു കേരളം വിദ്യാഭ്യാസത്തെ പരിഗണിച്ചത്. ഉദ്യോഗസമ്പാദനത്തിനായാണ്, അല്ലാതെ മനഃസംസ്കരണത്തിനുള്ള ഉപാധിയായല്ല കണ്ടത്. അതിന്റെ ഒരുപാടു ദുഷ്ഫലങ്ങൾ നാം അനുഭവിക്കുകയാണ്.

സർക്കാരുദ്യോഗത്തിനുള്ള സർട്ടിഫിക്കറ്റു നേടാനുള്ള ഉപകരണമാണു നമുക്കു വിദ്യാഭ്യാസം. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലേക്കു കുട്ടികളെ നയിക്കുകയായിരുന്നു ലക്ഷ്യം. സമുദായങ്ങൾ മത്സരിച്ചു സ്കൂളുകൾ തുടങ്ങി. നാം സ്ഥാപനങ്ങളെ കാണുന്നതും അങ്ങനെതന്നെ. ഒന്നാമത്, രാഷ്ട്രീയക്കാർക്കു സ്വന്തക്കാരെ കുടിയിരുത്താനുള്ള താവളങ്ങൾ; രണ്ടാമത്, സമുദായത്തിൽപ്പെട്ടവർക്കു രക്ഷകരാകാനും രക്ഷിക്കാനുമുള്ള സംവിധാനം. സ്വാധീനവും തൊഴിലവസരവുമായി സമൂഹത്തിന്റെ വിദ്യാഭ്യാസകാഴ്ചപ്പാടു മാറി. രക്ഷിതാക്കൾക്കാകട്ടെ കുട്ടികൾക്കു നല്ല തൊഴിലിനുള്ള വഴിയും.

കുട്ടികൾക്കു പാണ്ഡിത്യവും വൈദഗ്ധ്യവും മനഃസംസ്കരണവും ലഭിക്കുന്നില്ല എന്ന പരാതി ഒരിക്കലും ഉയർന്നില്ല! ഇത്തരം ദൗത്യങ്ങൾ നിർവ്വഹിക്കപ്പെടുന്നുമില്ല, സമൂഹം ആവശ്യപ്പെടുന്നുമില്ല. അതുകൊണ്ടാണ് അവനവനിസം വളർന്നത്.

ഇന്റർനെറ്റ്സമൂഹത്തിലെ സമ്പന്നസന്തതികൾ പലരും ഓരോ പ്രശ്നവും തങ്ങളെ എങ്ങനെ ബാധിക്കും എന്നതിനപ്പുറം കാര്യങ്ങളെ കാണുന്നില്ല. വള രെ ഉപരിപ്ലവമാണവ. വളരെയേറെ വ്യക്തികേന്ദ്രിതം.

ഇതിനൊരു മറുഭാഗംകൂടി ഉണ്ട്. പുരോഗമനപ്രസ്ഥാനങ്ങളുമായി ബന്ധ പ്പെട്ട കാല്പനികതത്ത്വചിന്തകർ എന്ന പരിവേഷത്തിലൂടെ വളർന്നുവന്നവർ നടത്തുന്ന വിമർശനങ്ങളാണത്. രാഷ്ട്രീയപ്രസ്ഥാനങ്ങൾ കടമ നിർവ്വഹിക്കു ന്നില്ല, അവർക്കു രാഷ്ട്രീയവും വിപ്ലവവും പോരാ എന്നു കുറ്റംപറഞ്ഞു സ്വന്തം വിപ്ലവബോധത്തെ തൃപ്തിപ്പെടുത്തുകയാണവർ. കുട്ടിൽനേതാക്കൾ, ചാരുക സേരരാഷ്ട്രീയം എന്നെല്ലാം പറയുന്നതിന്റെ പുതിയ പതിപ്പ്.

കുറച്ചുനാൾ മുമ്പ് ബ്രസീലിൽ പോയപ്പോൾ ലാറ്റിനമേരിക്കയിൽ ലൂലയ്ക്കെ തിരായും മറ്റുമുള്ള വിമർശനങ്ങൾ കേൾക്കുകയുണ്ടായി. സാഹചര്യങ്ങൾക്കനു സരിച്ച് വിട്ടുവീഴ്ചകൾ ചെയ്യേണ്ടിവന്നേക്കാം. എങ്കിലും ദീർഘവീക്ഷണപൂർവ്വ മായ കാഴ്ചപ്പാടും സമീപനവും ഉണ്ടായിരിക്കണം എന്നതാണു പ്രധാനം.

പക്ഷേ, നാം സോഷ്യലിസ്റ്റുസമൂഹത്തിൽ ജീവിക്കുന്നു എന്ന ധാരണയി ലാണു വിമർശനങ്ങൾ. കേരള സർവ്വകലാശാലയുടെ രാജ്യാന്തരബന്ധം, എ.ഡി.ബി.-വായ്പ തുടങ്ങിയ പ്രശ്നങ്ങളിലെ ചിലരുടെ സമീപനങ്ങളിൽ ഇതാ ണു കണ്ടത്. ഒന്നാംമന്ത്രിസഭയുടെ കാലത്ത് ഇ.എം.എസ്. പറഞ്ഞതുപോ ലെ, സോഷ്യലിസം നടപ്പാക്കാനുള്ള അവസരം ഈ സംവിധാനത്തിലില്ല. കോൺഗ്രസുകാർ ചെയ്യും എന്നു പറഞ്ഞതും ചെയ്യാത്തതുമായ കാര്യങ്ങൾ തൊഴിലാളികൾക്കും പാവങ്ങൾക്കും കൂടുതൽ പ്രയോജനം കിട്ടുന്ന തരത്തിൽ ഫലപ്രദമായി ചെയ്യുക, അങ്ങനെ ചെയ്യിക്കുക. അതേ കഴിയൂ.

മാറ്റത്തിനുള്ള യഥാർത്ഥ കർമ്മപദ്ധതിയും തന്ത്രവും ആവിഷ്കരിക്കാനും നടപ്പാക്കാനുമുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാതെ, വിപ്ലവബോധവും വീര്യവും ഇല്ല എന്ന കുറ്റപ്പെടുത്തൽ നടത്തുന്നവർ സ്വയംവിമർശനമാണു നടത്തേണ്ട ത്. വേണ്ടത്ര ചരിത്രബോധമില്ലാത്തതുകൊണ്ടാണ് ഇത്. നേരത്തേ പറ ഞ്ഞ വ്യക്തികേന്ദ്രിതമായ പ്രതികരണങ്ങളുടെ കാരണവും ഇതുതന്നെ. മാറ്റം ഉണ്ടാകേണ്ടതു വിദ്യാഭ്യാസത്തിലൂടെത്തന്നെയാണ്. വിമർശനാത്മകബോ ധനം നടപ്പായേ തീരൂ. ശാസ്ത്രബോധവും ശാസ്ത്രീയസമീപനവും വളർത്തിയേ തീരൂ.

ഇന്നു സ്കൂൾതലത്തിൽ നടപ്പിലാക്കിവരുന്ന ഈ മാറ്റം ഉന്നതവിദ്യാഭ്യാ സത്തിലേക്കും സംക്രമിപ്പിക്കുക. അതാണു പ്രധാനം. സ്കൂൾതലത്തിൽ നല്ലമാ റ്റം ഉണ്ടായിട്ടുണ്ട്. കുട്ടികൾ അർഹിക്കുന്ന അദ്ധ്യാപകരെ അവർക്കു കിട്ടുന്നില്ല എന്ന വലിയ സത്യമാണ് ഇന്നു ബോദ്ധ്യപ്പെടുന്നത്. അതുപോലെതന്നെ കുട്ടി കൾ അർഹിക്കുന്ന ഉന്നതവിദ്യാഭ്യാസവും നല്കാനാകണം. എങ്കിലേ സമൂഹം മാറൂ. എങ്കിൽ സമൂഹം മാറും. അതു സംഭവിക്കുകതന്നെ ചെയ്യും. അല്ലാതെ പറ്റില്ലല്ലോ. എനിക്കു ശുഭപ്രതീക്ഷയുണ്ട്.

മനോജ്: പക്ഷേ ഉന്നതവിദ്യാഭ്യാസരംഗത്തു കേരളത്തിന്റെ നില എത്രയോ കാല മായി പരിതാപകരമായി തുടരുകയാണല്ലോ?

ആർ.വി.ജി.: അതെ. പത്താംക്ലാസ്സ് ജയിക്കുന്നവരിൽ കേവലം പത്തു ശതമാനം—അതായത് 50,000-ൽത്താഴെ പേർ—മാത്രമാണ പ്രൊഫഷണൽ വിദ്യാഭ്യാസത്തിനു പോകുന്നത്. ബാക്കി 90 ശതമാനം കുട്ടികളും ഏതെങ്കിലുമൊക്കെ തൊഴിലധിഷ്ഠിതകോഴ്സുകൾക്കോ ബിരുദപഠനത്തിനോ ആണ പോകുന്നത്. ഇവർ പഠിക്കുന്ന കോഴ്സുകളുടെ നിലവാരത്തെപ്പറ്റി സമൂഹത്തിന് എന്തെങ്കിലും വ്യാകുലതയുണ്ടോ? ഇവ എങ്ങനെ മെച്ചപ്പെടുത്താം എന്നതിനെപ്പറ്റി വല്ല ചർച്ചയും നടക്കാറുണ്ടോ? ഈ കോഴ്സുകൾ ജയിച്ചുവരുന്ന മിക്കവരും തൊഴിലിനു നിയോഗിക്കാൻ പ്രാപ്തർ (employable) അല്ല. ഇതാണ പ്രധാനപ്രശ്നം. അവർക്ക് അതിന് അർഹമായ വിദ്യാഭ്യാസം നല്കുന്ന കാര്യത്തിൽ ഒരു ഒച്ചയും കേൾക്കുന്നില്ല. 21 പി.ജി. മെഡിക്കൽ സീറ്റാണ് ഇവിടുത്തെ ഏറ്റവും വലിയ പ്രശ്നം!

എല്ലാവരും ഉത്ക്കണ്ഠപ്പെടുന്ന ഈ പ്രൊഫഷണൽ വിദ്യാലയങ്ങളിലെ അക്കാദമികനിലവാരം എന്താണെന്നറിയുമോ? വിജയശതമാനം എത്രയാണെന്നറിയുമോ?

എൻജിനീയറിങ് കോളെജുകളിൽ ചേരുന്നവരിൽ 40 ശതമാനം പേർ മാത്രമാണ ജയിക്കുന്നത്. ബാക്കി 60 ശതമാനവും തോല്ക്കുകയാണ്. പല കോളെജുകളിലും അഞ്ചും പത്തുമൊക്കെയാണ വിജയശതമാനം.

ചില സെമിനാറുകളിലും മറ്റുമൊക്കെ ഞാൻ ഇക്കാര്യം പറയുമ്പോൾ മിക്കവരും വിശ്വാസം വരാതെ എടുത്തു ചോദിക്കാറുണ്ട്. ജനങ്ങളിൽനിന്ന് എല്ലാവരുംചേർന്നു ബോധപൂർവ്വം മറച്ചുവയ്ക്കുന്ന വിവരമാണത്. എൻജിനീയറിങ് കഴിഞ്ഞ ആർക്കെങ്കിലും അമ്പതിനായിരമോ ഒരു ലക്ഷമോ ശമ്പളത്തിൽ ജോലി കിട്ടിയാൽ അതു വലിയ വാർത്തയാക്കുന്ന മാദ്ധ്യമങ്ങളും ഇതു മിണ്ടാറില്ല.

എൻജിനീയറിങ് എൻട്രൻസ് പരീക്ഷയിൽ കണക്കിനു പത്തു ശതമാനം മാർക്കെങ്കിലും പ്രവേശനത്തിനു നിർബന്ധം ആക്കണം എന്നായിരുന്നു ഞങ്ങളുടെയൊക്കെ ശുപാർശ. സർക്കാർ അന്നതു പത്തുമാർക്ക് എന്നാക്കി. 480-ൽ പത്തു മാർക്ക്! ഇതുപോലും നേടാൻ കഴിയാത്തവരാണ് എൻട്രൻസ് ലിസ്റ്റിനു പുറത്താകുന്നത്. കഴിഞ്ഞ എൻട്രൻസിൽ 60,000-ത്തിൽപ്പരം പേരാണ് ഇങ്ങനെ അയോഗ്യരായത്. ഇവരെക്കൂടി പ്രവേശിപ്പിക്കാനാണ മാനേജ്മെന്റുകൾ സ്വന്തം പരീക്ഷയ്ക്ക് അവകാശം ചോദിക്കുന്നത്!

മനോജ്: ഇത്തരം അയോഗ്യരെ പണം വാങ്ങി പ്രവേശിപ്പിക്കുന്നതുകൊണ്ടാണ് ശരാശരി 60 ശതമാനവും ചിലയിടത്തു 90-ഉം 95-ഉം ശതമാനവും വരെ എൻജിനീയറിങ്ങിൽ തോല്ക്കുന്നത് എന്നർത്ഥം. ഇവരാണ് നമ്മുടെ വീടും ഫ്ലാറ്റും പാലവും സ്റ്റേഡിയവുമൊക്കെ നിർമ്മിക്കേണ്ടത്; ശരീരം കീറിമുറിച്ചും മരുന്നുകൾ കുത്തിവെച്ചും കഴിപ്പിച്ചുമൊക്കെ നമ്മെ ജീവനോടും ആരോഗ്യത്തോടും സംരക്ഷിക്കേണ്ടത് എന്നോർക്കുമ്പോൾ ഭീകരമായ ഉത്കണ്ഠയാണ തോന്നാറ്.

വിചിത്രം, അശ്ലീലം പ്രൊഫഷണൽ പഠനം

ആർ.വി.ജി.: തീർച്ചയായും ഉത്ക്കണ്ഠാജനകമാണു സ്ഥിതി. കയറിക്കൂടിയാൽ ഒരു പരീക്ഷയും ജയിക്കാതെ നാലുകൊല്ലം പഠിക്കാം. മാനേജ്മെന്റിനും ഇതുതന്നെ തരം. ഫീസ് മുഴുവൻ കിട്ടുമല്ലോ.

ഇപ്പോൾ ധർമ്മസ്ഥാപനങ്ങളല്ല കോളെജുകൾ തുടങ്ങുന്നത്. ബിസിനസ്സിനു പണം മുടക്കുന്നതുപോലെ വായ്പയെടുത്തു ബിസിനസ്സായി തുടങ്ങുന്നവർ, ചിട്ടിയും മദ്യക്കച്ചവടവും നടത്തി ഉണ്ടാക്കിയ പണം മുടക്കി മറ്റൊരു നല്ല ലാഭവ്യവസായം എന്ന നിലയിൽ തുടങ്ങുന്നവർ, ഗൾഫുപണം മുടക്കി മറ്റു സംരംഭം പോലെ കോളെജു തുടങ്ങുന്നവർ ഒക്കെയാണ് ഇന്നുള്ളത്. മികച്ച കുട്ടികളെ കിട്ടണമെന്ന് അവർക്കില്ല. സാമൂഹികനീതി ഉറപ്പു വരുത്തണമെന്നില്ല. അപ്പോൾ അതിനൊക്കെ നിയമപരമായ നിയന്ത്രണങ്ങൾ വേണം. അതാണു നാം ഈ രംഗത്ത് അഭിമുഖീകരിക്കുന്ന സാഹചര്യത്തിന്റെ പ്രത്യേകത.

മനോജ്: പക്ഷെ, സേവനം എന്നതു വ്യവസായവും സംരംഭവും ഒക്കെയായി പുനർനിർവ്വചിക്കപ്പെട്ടിരിക്കുന്ന പുതിയ മുതലാളിത്തത്തിന്റെ കാലത്ത് ഇത്തരം സാമൂഹികനിയന്ത്രണം എത്രമാത്രം സാദ്ധ്യമാകും? നിയമനിർമ്മാണത്തിനു നാം നടത്തിയ ശ്രമങ്ങൾപോലും കോടതിയിൽ പരാജയപ്പെട്ടില്ലേ? ഈ രംഗത്തൊരു മാറ്റം പ്രായോഗികമാണോ?

ആർ.വി.ജി.: തീർച്ചയായും ആണ്. ആകണം. ആയേ തീരൂ. നിലവിലുള്ള സുപ്രീം കോടതി വിധികൾ ആധാരമാക്കിത്തന്നെ ഇതു സാദ്ധ്യമാണ്. പ്രവേശനം മുഴുവൻ മെറിറ്റ് അടിസ്ഥാനത്തിൽ ആക്കാൻ കഴിയും. സാമ്പത്തികവും സാമൂഹികവുമായി പിന്നാക്കം നില്ക്കുന്നവർക്കു സ്കോളർഷിപ്പും നല്കാനാകും. പക്ഷെ, നമ്മുടെ ഭരണകൂടങ്ങളും പ്രസ്ഥാനങ്ങളും 'ഫിഫ്റ്റി ഫിഫ്റ്റി' എന്ന 'അശ്ലീല'ത്തിന്റെ എഴുന്നള്ളത്തുകാരാകുകയാണ്.

മനോജ്: എന്താണ് അതിലെ അശ്ലീലം?

ആർ.വി.ജി.: പകുതി സീറ്റ് കുറഞ്ഞ ഫീസിൽ സർക്കാരിനു നല്കണം. അതിനായുള്ള വിലപേശലാണ് നടക്കുന്നത്. എല്ലാവർഷവും ഇത് ആവർത്തിക്കും. ഇതാണ് എല്ലാ കുഴപ്പത്തിനും കാരണം.

സുപ്രീംകോടതിവിധി പ്രകാരം മുഴുവൻ സീറ്റും മാനേജ്മെന്റിന് അവകാശപ്പെട്ടതാണ്. ഇതിൽ പകുതിക്കായി നടത്തുന്ന വിലപേശലിൽ പകരം വാഗ്ദാനം നല്കാൻ സർക്കാരിനുള്ളത് എന്താണ്? ബാക്കി പകുതിയിൽ നിങ്ങൾ എന്തു ചെയ്യുന്നു എന്നു ഞങ്ങൾ അന്വേഷിക്കില്ല എന്ന ഉറപ്പ്! നിരോധിക്കപ്പെട്ട തലവരിപ്പണം അടക്കം എന്തും വാങ്ങാം.

എൻ.ആർ.ഐ. ക്വാട്ടയാണ് ഏറ്റവും വലിയ കച്ചവടം. ഇതു സുപ്രീം കോടതിതന്നെ അംഗീകരിച്ചതാണ് എന്നാണു വാദം. സ്വാശ്രയവിദ്യാഭ്യാസം സംബന്ധിച്ച ഉണ്ണിക്കൃഷ്ണൻ കേസിൽ വിധി വന്നപ്പോഴേ റ്റി.എം.എ. പൈ ഫൗണ്ടേഷനും മറ്റും ആവശ്യപ്പെട്ടതാണിത്. തങ്ങൾ വാക്കുകൊടുത്തു പോയി എന്നതായിരുന്നു വാദം. സുപ്രീംകോടതി അന്ന് 15 ശതമാനം പേമെ

ന്റ് സീറ്റിൽ രാജ്യാന്തരവിദ്യാർത്ഥികളെ പ്രവേശിപ്പിക്കാം എന്ന സമ്മതിച്ചു. ഇതാണ് എൻ.ആർ.ഐ. ക്വാട്ട ആയത്. വിദേശത്ത് ഏതെങ്കിലും ബന്ധു ഉണ്ടായാൽ മതി ഏതു പണക്കാരന്റെ കുട്ടിക്കും പ്രവേശനം കിട്ടും.

മനോജ്: പകുതി സീറ്റെങ്കിലും സാധാരണവിദ്യാർത്ഥികൾക്കായി വിട്ടുകിട്ടാൻ സർക്കാർ ഇങ്ങനെ വിട്ടുവീഴ്ച ചെയ്യുന്നത് അശ്ലീലമാകുന്നത് എങ്ങനെയെന്ന് വിശദീകരിക്കാമോ?

ആർ.വി.ജി.: അതിന് അല്പം ചരിത്രം പറയേണ്ടിവരും.

മനോജ്: പറഞ്ഞോളൂ. ഇക്കാര്യങ്ങൾ പലതും ബഹുഭൂരിപക്ഷം പേർക്കും വ്യക്തമല്ല.

ആർ.വി.ജി.: കോളെജിന്റെ മുതൽമുടക്ക സംരംഭകൻ തന്നെയാണ ചെയ്യേണ്ടത്. ആ മൂലധനവും അതിനായെടുത്ത ബാങ്കുവായ്പയുടെ പലിശയുമൊന്നും പിള്ളേരുടെ പക്കൽനിന്ന പിരിച്ചെടുക്കാൻ ഒരു സുപ്രീംകോടതിവിധിയും അനുവദിച്ചിട്ടില്ല. കോളെജും കെട്ടിടവും സംവിധാനങ്ങളുമെല്ലാം സംരംഭകന്റെ സ്വകാര്യസ്വത്തായി മാറുകയല്ലേ? അതിന്റെ ഭാരം എങ്ങനെ വിദ്യാർത്ഥികളുടെ തലയിലാകും?

മെഡിക്കൽ കോളെജുകളുടെ കാര്യത്തിലാകട്ടെ, ഡോക്ടർമാരുടെ ശമ്പളമടക്കമുള്ള ആശുപത്രിനടത്തിപ്പുചെലവു മുഴവൻ—ലാഭം സഹിതം—രോഗികളിൽനിന്ന പിരിച്ചെടുക്കുന്നുണ്ട്. അതു കഴിച്ചാൽ, മെഡിക്കൽ കോളെജ് നടത്തുന്നതിനുള്ള ചെലവ് എൻജിനീയറിങ് കോളെജ് നടത്തുന്നതിന് ഉള്ളതിനേക്കാൾ ഒട്ടും കൂടുതലല്ല എന്ന കോഴിക്കോട് മെഡിക്കൽ കോളെജിലെ ഡോ. എൻ.സി. ചെറിയാൻ നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇതുപ്രകാരം നല്ല നിലയിൽ നടക്കുന്ന ഏതു മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രിക്കൊപ്പവും ചുരുങ്ങിയ ചെലവിൽ മെഡിക്കൽ കോളെജ് നടത്താനാകും. സത്യത്തിൽ ഓരോ ജില്ലാ ആശുപത്രിക്കുമൊപ്പം മെഡിക്കൽ, ഡെന്റൽ, പാരാമെഡിക്കൽ, നഴ്സിങ് കോളെജുകൾ തുടങ്ങിക്കൊണ്ടാണ സർക്കാർ ഇതിനെ നേരിടേണ്ടത് എന്ന തോന്നിപ്പോകാറുണ്ട്.

നടത്തിപ്പുചെലവു സമഗ്രമായി പഠിച്ച് ഉന്നതാധികാരസമിതിയായിരുന്ന ജ: കെ.റ്റി. തോമസ് നിശ്ചയിച്ച ഫീസ് എൻജിനീയറിങ്ങിന് 38,700 രൂപയും എംബിബിഎസിന് 1,15,000 രൂപയും ആയിരുന്ന എന്ന കൂടി ഓർക്കണം.

മനോജ്: ഇതു ഫീസിന്റെ കാര്യം. പ്രവേശനത്തിന്റെ കാര്യത്തിൽ താങ്കൾ കാണുന്ന പ്രശ്നങ്ങൾകൂടി?

ആർ.വി.ജി.: പറയാം. മുഴവൻ സീറ്റിലെയും പ്രവേശനം യോഗ്യതയുടെ അടിസ്ഥാനത്തിൽ ആയിരിക്കണം എന്നാണ വിവിധ സുപ്രീംകോടതിവിധികൾപോലും അനുശാസിക്കുന്നത്. സുതാര്യവും നീതിപൂർവ്വകവും ചൂഷണരഹിതവും (transparent, fair and nonexploitative) ആയിരിക്കണം പ്രവേശനം എന്ന സുപ്രീംകോടതി വ്യക്തമായി പറഞ്ഞിട്ടുണ്ട്.

ഇത് ഉറപ്പാക്കുകയും ജ: കെ.റ്റി. തോമസ് കമ്മിറ്റി നിശ്ചയിച്ചപോലെയുള്ള ഫീസുനിരക്ക മുഴവൻസീറ്റിലും ബാധകമാക്കുകയും ചെയ്യുകയാണ വാസ്ത

വത്തിൽ വേണ്ടിയിരുന്നത്. എന്നിട്ട സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്കു സർക്കാർ സ്കോളർഷിപ്പ് നല്കണം. അതിനു ധനം കണ്ടെത്തുക പ്രയാസമുള്ള കാര്യവുമല്ല. ഇതാണ സാമൂഹികനീതി ഉറപ്പുവരുത്താനുള്ള ശരിയായ മാർഗ്ഗം.

നിയമത്തിൽ കുരുങ്ങിയ ഫിഫ്റ്റി-ഫിഫ്റ്റി ഡീൽ

മനോജ്: പക്ഷെ, കോടതിവിധികളുടെ നൂലാമാലകളില്ലേ ഇതിനെല്ലാം. ഉണ്ണിക്കൃഷ്ണൻ കേസ്, റ്റി.എം.എ. പൈ കേസ് എന്നെല്ലാം ചർച്ചകളിലും വാർത്തകളിലും കാണുന്നതല്ലാതെ സമഗ്രമായ ഒരു ചിത്രം ജനങ്ങളിൽ പലർക്കും ഇല്ല. ഇതു മുതലാക്കി കേസുകളുടെ പേരു പറഞ്ഞു ചർച്ചകളിൽ ജനത്തെ പേടിപ്പിക്കുകയല്ലേ പലരും ചെയ്യുന്നത്?

ആർ.വി.ജി.: കേസും വിധിയും മുഴുവൻ എല്ലാവരും പഠിക്കണമെന്നില്ല. അതിന്റെ അന്തഃസത്തയും സാമൂഹികനീതിയുമായി ബന്ധപ്പെട്ടവശവും ആണ പ്രധാനം. അത് അത്ര ഗഹനവുമല്ല.

വാസ്തവത്തിൽ ഉണ്ണിക്കൃഷ്ണൻ കേസിലെ വിധിയിൽ നിന്നാണ ഫിഫ്റ്റി-ഫിഫ്റ്റി പദ്ധതിയുടെ തുടക്കം.

മനോജ്: പക്ഷെ, രണ്ടു സ്വാശ്രയകോളെജ് സമം ഒരു സർക്കാർക്കോളെജ് എന്ന സമവാക്യവുമായി എ.കെ. ആന്റണിയാണ് ഈ സ്വാശ്രയഭൂതത്തെ കുടത്തിൽനിന്നു തുറന്നുവിട്ടത് എന്നാണല്ലോ പരക്കെയുള്ള ആക്ഷേപം. അദ്ദേഹം അതിനു വ്യക്തമായ കരാർ വയ്ക്കാതിരുന്നതാണ് മാനേജ്മെന്റുകളെ കൊള്ളയ്ക്കു സഹായിച്ചത് എന്നും പല ചർച്ചയിലും കേൾക്കാറുണ്ടല്ലോ.

ആർ.വി.ജി.: കേരളത്തിലെ ഇതിന്റെ കർത്തൃത്വം അദ്ദേഹത്തിന്റെ തലയിൽ കെട്ടിയേല്പിച്ചിരിക്കുന്നു എന്നേയുള്ളൂ.

ശാസ്ത്രസാഹിത്യപരിഷത്തിന്റെ സമ്മേളനത്തിൽ പ്രസംഗിക്കുന്ന ഡോ: ആർ. വി. ജി. മേനോൻ. കാവുമ്പായി ബാലകൃഷ്ണൻ, കെ. റ്റി. രാധാകൃഷ്ണൻ തുടങ്ങിയവർ വേദിയിൽ.

കുട്ടികളിൽനിന്നു പിരിക്കുന്ന പണംകൊണ്ടു മാത്രം ചെലവു നടത്തുക എന്ന സെൽഫ് ഫിനാൻസിങ് സങ്കല്പത്തിനു നിയമസാധുത നല്കിയത് 1993-ലെ ഉണ്ണിക്കൃഷ്ണൻ കേസിലെ വിധിയാണ്. എന്നാൽ ഇതു കുട്ടികളുടെ പഠിക്കാനുള്ള അവകാശം പരിമിതപ്പെടുത്തും എന്നു കോടതി മനസ്സിലാക്കി. ഈ വൈരുദ്ധ്യം പരിഹരിക്കാനുള്ള ശ്രമമായിരുന്നു 'ഉണ്ണിക്കൃഷ്ണൻ സ്കീം'. അതിലാണു 'പാതി ഫ്രീ സീറ്റ്, പാതി പേമെന്റ് സീറ്റ്' എന്ന സമവാക്യം ആദ്യമായി കടന്നുവരുന്നത്. ഇതുരണ്ടിലും നൂറുശതമാനവും മെറിറ്റ് സീറ്റ് ആയിരിക്കണമെന്നും ഇതിനായി പൊതുപ്രവേശനപ്പരീക്ഷ വേണമെന്നും ലേലമേ പാടില്ല എന്നും ഈ വിധി വ്യക്തമായി പറഞ്ഞിരിക്കുന്നു.

എന്നാൽ ഈ വിധി അല്പായുസ്സായിരുന്നു. ഈ വിധിയിലൂടെ വന്ന അടുക്കും ചിട്ടയും മാനേജ്മെന്റുകളെ അസ്വസ്ഥരാക്കി. ന്യൂനപക്ഷാവകാശം എന്ന വാദം ഉയർത്തി അവർ സംഘംചേർന്ന് അപ്പീൽ പോയി. സകലമാന സ്വാശ്രയമുതലാളിമാരും അതിൽ പങ്കുചേർന്നു. ഇതാണു റ്റി.എം.എ. പൈ കേസ്. 2002 ഒക്ടോബർ 31-നാണ് ഇതിൽ വിധി വന്നത്.

ഏഴംഗഭരണഘടനാബഞ്ചിന്റെ ഫിഫ്റ്റി–ഫിഫ്റ്റി സമവാക്യം പതിനൊന്നംഗഭരണഘടനാബഞ്ച് ഭരണഘടനാവിരുദ്ധമായി പ്രഖ്യാപിച്ചു. നൂറുശതമാനം സീറ്റിലും മാനേജ്മെന്റിനു പൂർണ്ണസ്വാതന്ത്ര്യം കോടതി അംഗീകരിച്ചു. ഇതോടെയാണ്, നേരത്തേ ഉണ്ണിക്കൃഷ്ണൻ കേസിൽ യാഥാർത്ഥ്യമായിവന്ന എ.കെ. ആന്റണിയുടെ രണ്ടു സ്വാശ്രയകോളെജ് സമം ഒരു സർക്കാർക്കോളെജ് എന്ന സമവാക്യം മാറുന്നത്. ആന്റണി കരാർ ഒപ്പിട്ടിരുന്നെങ്കിലും നിലനില്ക്കില്ലായിരുന്നു എന്നർത്ഥം.

സമുദായം, നാട്, ഭാഷ തുടങ്ങിയ പരിഗണനകളിൽ ചില ക്വാട്ടകൾ വയ്ക്കാൻ സർക്കാരിന് അധികാരം നല്കിയിരുന്നു. അതിലടക്കം 100 ശതമാനം സീറ്റിലും യോഗ്യതാടിസ്ഥാനത്തിലേ പ്രവേശനം പാടുള്ളൂ. പണാടിസ്ഥാനത്തിലുള്ള വിവേചനം പാടില്ല.

ഇക്കാര്യവും എല്ലാ സ്വാശ്രയചർച്ചകളിലും ബോധപൂർവ്വം മറച്ചുവയ്ക്കുന്നു; എല്ലാവരും. ഇതാണു യഥാർത്ഥ പ്രശ്നം.

യഥാർത്ഥത്തിൽ എയ്ഡഡ് കോളെജുകളുടെ കാര്യത്തിൽപ്പോലും മാനേജ്മെന്റ് ക്വാട്ടാ മെരിറ്റിലേ പാടുള്ളൂ എന്നു സുപ്രീം കോടതി വിധിയുണ്ട്. ഇതൊന്നും ആരും മിണ്ടുന്നുപോലുമില്ല.

വിദ്യാഭ്യാസക്കച്ചവടക്കാരും അധികാരികളും മാത്രമല്ല മദ്ധ്യവർഗ്ഗത്തിന്റെയാകെ—ഒരു പക്ഷെ, കേരളത്തിന്റെയാകെ—പൊതുബോധം ഈ വിവേചനത്തെ അംഗീകരിച്ചിരിക്കുകയാണ്. പണം കൊടുത്തോ ശുപാർശ പറയിച്ചോ ജാതിവഴിയോ നമുക്കും അതിൽ പങ്കാളിത്തം കിട്ടണം എന്നേയുള്ളൂ. ശരിക്കും പറഞ്ഞാൽ വിവേചനപരമായ ഈ ക്വാട്ട (discretionary quota) വേണം എന്ന ഒരു മനോഭാവംതന്നെ ഉറച്ചുകഴിഞ്ഞിരിക്കുന്നു!

മനോജ്: ദശാബ്ദങ്ങളായി നാട്ടുനടപ്പായിക്കഴിഞ്ഞ കാര്യമല്ലേ അത്?

അഴിമതി നമുക്കു പൊതുബോധം

ആർ.വി.ജി.: ഒരനുഭവം പറയാം. ന്യൂനപക്ഷപദവി അംഗീകരിച്ച സമയത്തു ചില കോളെജുകൾ സ്വയം ആ പദവി പ്രഖ്യാപിച്ചപ്പോൾ അതിനെതിരെ സർക്കാർ കോടതിയിൽ പോയിരുന്നു. അന്നു സുപ്രീംകോടതി വിധി പ്രഖ്യാപിച്ചപ്പോൾ ഞങ്ങൾ തിരുവനന്തപുരം എൻജിനീയറിങ് കോളെജിലെ സ്വതന്ത്ര അദ്ധ്യാപകസംഘടന ഒരു നോട്ടീസ് ഇറക്കി. 'എയിഡഡ് കോളെജുകളിൽ അപേക്ഷിക്കുമ്പോൾ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം വേണം എന്ന് അപേക്ഷയിൽ എഴുതുക. നിങ്ങൾക്കു മെറിറ്റിൽ പ്രവേശനം കിട്ടാൻ അർഹതയുണ്ട്. നിഷേധിക്കപ്പെട്ടാൽ കോടതിയിൽ പോകാം'. ഇതായിരുന്നു സന്ദേശം. എന്നിട്ടും നോട്ടീസ് വായിച്ച പലരും ചോദിച്ചു, 'ആരെ കാണണം? എത്ര കൊടുക്കണം?' എന്ന്!

ആരും ഇത് ആവശ്യപ്പെടുന്നില്ല. മാനേജ്മെന്റ് സീറ്റ് കോഴ കൊടുത്തു വാങ്ങേണ്ടതാണെന്ന പൊതുബോധമാണ്. ഇതിന്റെ തുടർച്ചയാണു ഫിഫ്റ്റി-ഫിഫ്റ്റി എന്ന രഞ്ജിപ്പ് അഥവാ കീഴടങ്ങൽ.

മനോജ്: ഈ പൊതുബോധംകൊണ്ടു മാത്രമാണോ സുപ്രീംകോടതി അംഗീകരിച്ച സാമൂഹികനീതിക്കായുള്ള നടപടിക്രമങ്ങൾ പോലും വേണ്ടെന്നുവച്ചത്?

ആർ.വി.ജി.: സാമൂഹികനീതിയുടെ കാര്യത്തിൽ സുപ്രീംകോടതിവിധികൾ ആകുലമല്ല. നേരത്തെ പറഞ്ഞ യോഗ്യത, സുതാര്യത, ചൂഷണരാഹിത്യം എന്നീ തത്വങ്ങളാണ് അവർ ഉയർത്തിപ്പിടിച്ചത്. സർക്കാർക്വാട്ടയ്ക്ക് അനുവാദം നല്കിയ റ്റി.എം.എ. പൈ വിധി മുൻനിർത്തി പല സംസ്ഥാനങ്ങളും 50-ഉം അതിലധികവും ശതമാനം ക്വാട്ട നിശ്ചയിച്ചു. അതിൽ സംവരണവും നടപ്പാക്കി. ഇതിനെ മാനേജ്മെന്റുകൾ എതിർത്തു. ഈ തർക്കം തീർക്കാൻ ഇസ്ലാമിക് അക്കാദമി കേസിൽ സുപ്രീം കോടിതി വീണ്ടുമൊരു അഞ്ചംഗ ഭരണഘടനാബഞ്ച് ഉണ്ടാക്കി. ഈ ബഞ്ചാണു നീതിപൂർവ്വവും സുതാര്യവുമായ വിദ്യാർത്ഥിപ്രവേശനവും കൊള്ളലാഭം എടുക്കാതെയുള്ള ഫീസുപിരിവും ഉറപ്പാക്കാൻ സംസ്ഥാനതലത്തിൽ ഉന്നതാധികാരസമിതികൾ രൂപവത്ക്കരിക്കാൻ നിർദ്ദേശിച്ചത്. അങ്ങിനെയാണ് അന്നു ജ: കെ.റ്റി. തോമസ് കമ്മിറ്റിയും പിന്നീടു ജ: പി.എ. മുഹമ്മദ് കമ്മിറ്റിയുമൊക്കെ ഉണ്ടായത്.

പകുതിസീറ്റിൽ പൊതുപ്രവേശനപ്പരീക്ഷയിൽനിന്നും ബാക്കി പകുതിയിൽ മാനേജ്മെന്റ് നടത്തുന്ന പ്രവേശനപ്പരീക്ഷയിൽനിന്നും പ്രവേശനം. അപേക്ഷ ക്ഷണിക്കൽ മുതൽ മാനേജ്മെന്റിന്റെ പ്രവേശനപ്പരീക്ഷയടക്കം മുഴുവൻ നടപടികളും കുറ്റമറ്റരീതിയിലും സുതാര്യമായും നടക്കാൻ വേണ്ട വ്യക്തമായ നടപടിക്രമങ്ങൾ ജ: കെ.റ്റി. തോമസ് കമ്മിറ്റി ആവിഷ്ക്കരിച്ചതാണ്. സ്ഥാപനങ്ങളുടെ നടത്തിപ്പുചെലവു സമഗ്രമായി പഠിച്ചു നേരത്തേ പറഞ്ഞ ഫീസുകളും നിശ്ചയിച്ചു. എല്ലാ സീറ്റിലും ഒരേ ഫീസ്.

ഇതു നിലനില്ക്കുമ്പോഴാണ് 2005-ൽ ഒന്നാം ഉമ്മൻചാണ്ടി സർക്കാർ സ്വാശ്രയനിയമം കൊണ്ടുവരുന്നത്. അതനുസരിച്ചാണ് 50 ശതമാനം സീറ്റു കുറഞ്ഞ നിരക്കിൽ സർക്കാരിനു മാനേജ്മെന്റുകൾ നല്കിയത്. ബാക്കി പകുതി

സീറ്റിൽ മാനേജ്മെന്റുകൾക്കു സ്വയം പ്രവേശനം നടത്താമെന്നായി. ഇതോടെ ജ: കെ.റ്റി. തോമസ് കമ്മിറ്റി അപ്രസക്തമായി.

2005-ൽത്തന്നെ ഇനാംദാർ കേസിലെ വിധിയും വന്നു. നൂറുശതമാനവും മാനേജ്മെന്റ് ക്വാട്ട എന്നതു വിധി ഉറപ്പിച്ചു. ഗവൺമെന്റിനു ക്വാട്ടയേ ഇല്ല.

പക്ഷെ, അതിലും 'ഫെയർ, ട്രാൻസ്പെരന്റ് ആൻഡ് നോൺഎക്സ്പ്ലോയിറ്റേറ്റീവ്' ആയിരിക്കണം പ്രവേശനം എന്ന് ഉറപ്പിച്ചു പറഞ്ഞു. ഉന്നതാധികാര സമിതിയുടെ റോളും അംഗീകരിച്ചു. ഒരുപടികൂടി കടന്ന്, ഒരേ വിഷയം പഠിപ്പിക്കുന്ന കോളെജുകളിലേക്ക് ഒന്നിച്ചു പ്രവേശനം നടത്തണമെന്നും പ്രത്യേകം പ്രത്യേകം പാടില്ല എന്നുംകൂടി വിധിച്ചു.

എന്നാൽ എല്ലാ വിധികളിലും ഉയർത്തിപ്പിടിക്കപ്പെട്ട ഈ ഭാഗം എല്ലാവരും ഒരുപോലെ അവഗണിക്കുകയായിരുന്നു. ഇതു സത്യത്തിൽ അത്ഭുതകരമാണ്.

മനോജ്: ഇക്കാര്യങ്ങളിൽ പൊതുസമൂഹം കാട്ടുന്ന താത്പര്യമില്ലായ്മയും താങ്കൾ നേരത്തേ പറഞ്ഞ പ്രതിലോമകരമായ പൊതുബോധവുമല്ലേ ഇന്റർ ചർച്ച് കൗൺസിലിനും പുഷ്പഗിരി മാനേജ്മെന്റിനുമൊക്കെ സർക്കാരിനെയും സമൂഹത്തെയും വെല്ലുവിളിക്കാൻ തന്റേടം നല്കിയത്?

ആർ.വി.ജി.: പാതിരാജ്യത്തിൽ തൃപ്തരാകാതെയാണു പുഷ്പഗിരിക്കാർ കേസിനു പോയത്. പുഷ്പഗിരി മാനേജ്മെന്റിനു 100 ശതമാനം സീറ്റിലും പ്രവേശനം നല്കാനുള്ള അവകാശം കോടതി അംഗീകരിച്ചു.

എന്നാൽ ഈ കേസിൽ ജ: കെ.റ്റി. തോമസ് കമ്മിറ്റി നല്കിയ സത്യവാങ്മൂലത്തിൽ പുഷ്പഗിരി കോളെജ് 25 ലക്ഷം രൂപ തലവരി പിരിച്ച കാര്യം പറഞ്ഞിരുന്നു. അതു കോടതിവിധിയിൽ വിമർശിക്കപ്പെടുകയും ചെയ്തു. സുപ്രീം കോടതി വിധിയിലും ഇതു പരാമർശിക്കപ്പെട്ടു. എന്നിട്ടും ഒരു നടപടിയും ഇതിന്മേൽ സർക്കാർ എടുത്തില്ല.

മനോജ്: അന്നു യു.ഡി.എഫ്. സർക്കാർ ആയിരുന്നില്ലേ?

ആർ.വി.ജി.: അതെ. വൈകാതെ എൽ.ഡി.എഫ്. സർക്കാരും വന്നു. വി.എസ്. മന്ത്രിസഭ. അവരും ഒരു നടപടിയും എടുത്തില്ല. അവർ ഈ വിധിയെ ഡെമോക്ലീസിന്റെ വാളാക്കി 50 ശതമാനം സീറ്റിനായി സമ്മർദ്ദം ചെലുത്തുകയാണു ചെയ്തത്.

മനോജ്: 2006-ൽ എൽ.ഡി.എഫ് സർക്കാർ കൊണ്ടുവന്ന സ്വാശ്രയനിയമം കോടതി റദ്ദാക്കാതിരുന്നാൽ ഇവരെ നിലയ്ക്കു നിർത്താൻ കഴിയുമായിരുന്നില്ലേ?

ആർ.വി.ജി.: ഈ നിയമം നിർമ്മിച്ചതു സുപ്രീംകോടതിവിധിയുടെ ചുവടുപിടിച്ചാണെങ്കിലും മെറിറ്റിൽത്തന്നെ ഓപ്പൺമെറിറ്റും സംവരണവും ഒക്കെയുള്ള ഒരു പ്രവേശനഘടന ആയിരുന്നു. വ്യത്യസ്ത ഫീസ്ഘടനയും പറഞ്ഞിരുന്നു.

ഇവ കൂടാതെ പ്രധാനമായി ചെയ്ത ഒരു കാര്യം 'ന്യൂനപക്ഷസമുദായ'ത്തെ നിർവ്വചിച്ചതാണ്. എണ്ണത്തിൽ ന്യൂനപക്ഷമായാൽ മാത്രം പോരാ, സാമൂഹികവും സാമ്പത്തികവുമായിക്കൂടി പിന്നാക്കം ആയിരിക്കണം, എന്നാലേ ന്യൂനപക്ഷപദവിക്ക് അർഹമാകൂ എന്നുകൂടി ഉൾപ്പെടുത്തി. ഇവിടുത്തെ ഒട്ടുമി

ക്കവിദ്യാലയങ്ങളും ന്യൂനപക്ഷസമുദായക്കാരുടെ ഉടമസ്ഥതയിൽ ഉള്ളതായ തിനാൽ എല്ലാവരും ന്യൂനപക്ഷപദവി അവകാശപ്പെട്ടാൽ സംവരണമാകെ അട്ടിമറിക്കപ്പെടും.

ന്യൂനപക്ഷപദവിയുടെ മാനദണ്ഡം സംബന്ധിച്ച് ഭരണഘടനാബഞ്ചു കൾപോലും ഖണ്ഡിതമായി അഭിപ്രായം പറഞ്ഞിട്ടില്ലാത്തതിനാൽ ഹൈ ക്കോടതി അത് അംഗീകരിച്ചില്ല.

പൊതുപ്രവേശനപ്പരീക്ഷ സർക്കാർ നടത്തുമെന്നും നിയമത്തിൽ പറ ഞ്ഞു. മാനേജ്മെന്റിന്റെ പരീക്ഷയിൽ അപാകം കണ്ടാൽ സർക്കാരിന് ആ ചുമതല ഏറ്റെടുക്കാം എന്നു സുപ്രീം കോടതിവിധിയിൽ പരാമർശം ഉണ്ടായി രുന്നല്ലോ. പുഷ്പഗിരി കോളെജ് ക്രമക്കേട് നടത്തിയത് ജ: കെ.റ്റി. തോമസ് കമ്മിറ്റി കണ്ടെത്തുകയും ചെയ്തിരുന്നു. എന്നാൽ, ഈ വകുപ്പും ഹൈക്കോടതി തള്ളി.

(2016-ൽ വന്ന എൽ.ഡി.എഫ്. സർക്കാർ കർക്കശനിലപാടെടുത്തതോടെ അതുവ രെ ആണ്ടോടാണ്ടു കെങ്കേമമായി നടന്നുവന്ന ആ വിവാദം ഇപ്പോൾ ഏതായാലും കേൾ ക്കാനില്ല.)

പ്രായോഗികബദലുകൾ

മനോജ്: പ്രവേശനം നീതിയുക്തം ആയാൽത്തന്നെ അത്രത്തോളം സാമൂഹികനീ തി കൈവരില്ലേ?

ആർ.വി.ജി.: എൻജിനീയറിങ്ങിനു മുപ്പതിനായിരത്തോളം സീറ്റുള്ളതുകൊണ്ട് പ്ര വേശനം 'സുതാര്യവും നീതിയുക്തവും ചൂഷണരഹിതവും' ആയാൽ കുറെയൊ ക്കെ കൈവരും. ഇപ്പോൾ കാശുകൊടുക്കാവുന്നവർക്കെല്ലാം പ്രവേശനം എന്ന നീതിയല്ലേ. പിന്നെ, പട്ടികവിഭാഗക്കാരെയെല്ലാം പ്രവേശിപ്പിക്കും. അവരുടെ ഫീസ് സർക്കാർ നല്കുന്നതിനാൽ റിസ്കില്ലല്ലോ.

യഥാർത്ഥ സാമൂഹികനീതിയുടെ പ്രശ്നം സർക്കാർ കോളെജിലോ എയ് ഡഡ് കോളെജിലോ പ്രവേശനം കിട്ടാത്ത പിന്നാക്കക്കാരും ദരിദ്രരുമായ കു ട്ടികളുടെ കാര്യത്തിലാണ്. അവർക്കു ഹോസ്റ്റലിൽ താമസിച്ചു പഠിക്കാൻ ശേ ഷിയില്ല. സ്കോളർഷിപ്പും പണവായ്പയും അവർക്കാണാവശ്യം.

അതുകൊണ്ടു വാസ്തവത്തിൽ വേണ്ടതു ന്യൂനപക്ഷേതരകോളെജുകളിൽ നൂറുശതമാനം സീറ്റിലും മെറിറ്റും സംവരണവും അനുസരിച്ചു പ്രവേശനം നട ത്തുക, സാമ്പത്തികപിന്നാക്കാവസ്ഥ ഉള്ളവർക്കു ഫീസ് സ്കോളർഷിപ്പായോ പലിശരഹിതവായ്പയായോ നല്കുക എന്നതാണ്.

അതിനുള്ള ഫണ്ട് 2006-ലെ നിയമത്തിൽ പറയുന്നുണ്ട്. അതിനൊരു തു ടക്കവും ഉണ്ടായി. മൻമോഹൻസിങ് വന്ന് ഉദ്ഘാടനം ചെയ്തുപോയ ആ പദ്ധ തിക്കു കാര്യമായ പുരോഗതി പക്ഷെ, ഉണ്ടായില്ല.

ഇതേ രീതിയിൽ വൈദ്യവിദ്യാഭ്യാസത്തിനും ഇടത്തരക്കാർക്കു പലിശര ഹിതവായ്പ ലഭ്യമാക്കണം.

മനോജ്: ഇതിനു ഭീമമായ തുക കണ്ടെത്തേണ്ടി വരില്ലേ?

ആർ.വി.ജി.: സർക്കാരിന് ഇച്ഛാശക്തിയുണ്ടെങ്കിൽ ഫണ്ട് ബജറ്റുവഴി കൊണ്ടുവരാം. അല്ലെങ്കിൽ, വിദ്യാഭ്യാസസെസ് ഏർപ്പെടുത്തി ഫണ്ട് സ്വരൂപിക്കാം. പൂർവ്വവിദ്യാർത്ഥികളിലും ധർമ്മസ്ഥാപനങ്ങളിലും (charitable organisations) വ്യവസായികളിലും പ്രവാസികളിലും സി.എസ്.ആർ. ഫണ്ടുകളിലും ഒക്കെനിന്നു സഹായങ്ങൾ സമാഹരിക്കുകയുമാകാം.

തിരുവനന്തപുരം എൻജിനീയറിങ് കോളെജിൽ ഇങ്ങനെ പൂർവ്വവിദ്യാർത്ഥികൾ പത്തുകോടി രൂപയുടെ ഫണ്ട് ഒറ്റവർഷംകൊണ്ടു പിരിച്ചുണ്ടാക്കിയിട്ടുണ്ട്. വിദേശങ്ങളിൽ പലയിടത്തും ഇത്തരം ഫണ്ടുകൾ രൂപവത്കരിച്ച വിദ്യാർത്ഥികൾക്കു സ്കോളർഷിപ്പുകൾ നല്കുന്നുണ്ട്.

മനോജ്: വിദ്യാഭ്യാസരംഗത്തെ സർക്കാർനിക്ഷേപം കുറയുകയും ചെലവ് ഏറുകയുമാണല്ലോ. ഇതെന്നും ഒരു സമസ്യയാവില്ലേ?

ആർ.വി.ജി.: ഗുണമേന്മയുള്ള ഉന്നതവിദ്യാഭ്യാസം ചെലവേറിയതാണ്. ആരെങ്കിലും പണം മുടക്കിയേ തീരൂ. വ്യക്തികളാണു ഗുണഭോക്താക്കൾ, അതുകൊണ്ട് അവർ പണം മുടക്കണം എന്നതു നവലിബറൽ സമീപനമാണ്. മുതലാളിത്തരാജ്യങ്ങൾപോലും ഈ സമീപനം സ്വീകരിച്ചിട്ടില്ല. സാമൂഹികമായ ഒരു പ്രക്രിയയായി വിദ്യാഭ്യാസത്തെ അവർപോലും കാണുന്നു.

ലോകോത്തരമായ 50 സർവ്വകലാശാലകളിൽ 28-ഉം അമേരിക്കയിലാണ്. ഇതിൽ ഹാർവാർഡ് അടക്കം പലതും സ്വകാര്യസർവ്വകലാശാലകളാണ്. ഇവരെല്ലാം മൊത്തം ചെലവിന്റെ 25 – 30 ശതമാനം മാത്രമേ കുട്ടികളിൽനിന്നു ഫീസായി ഈടാക്കുന്നുള്ളൂ. ബാക്കി എൻഡോവ്മെന്റുകളും സർക്കാർപ്പണവും ഒക്കെയാണ്.

നമ്മുടെ മിടുക്കരായ വിദ്യാർത്ഥികൾക്കെല്ലാം അവിടങ്ങളിൽ സ്കോളർഷിപ്പു കിട്ടുന്നു എന്നതാണു ശ്രദ്ധേയമായ കാര്യം. ലോകത്തെ മികച്ച വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും നേടുക എന്നതാണ് അവരുടെ നയം. അതാണ് ഈ സർവ്വകലാശാലകളുടെ വിജയവും. നമ്മൾ നേരേമറിച്ചാണ്.

ഇവിടുത്തെ വിദ്യാഭ്യാസക്കച്ചവടം ലോകത്താകെയുള്ള രീതിയാണ് എന്നതു വ്യാജപ്രചാരണമാണ്. നമ്മുടേത് 1950-കളിലെ മണിപ്പാൽ മാതൃകയാണ്.

വിദ്യാഭ്യാസം സാമൂഹികസംരംഭമാണെങ്കിൽ അതിന്റെ ചെലവു വഹിക്കേണ്ടതു സമൂഹമാണ്. സ്വകാര്യസംരംഭകരുടെ ഉത്തരവാദിത്തം അതു നന്നായി നടത്തുക എന്നതാണ്.

ഇവിടെയാകട്ടെ, ചിട്ടി നടത്തുന്നതുപോലെയാണ്. ആദ്യചിട്ടി തലയാളിന് എന്നു പറയുന്നതുപോലെ ആദ്യകൈക്കൂലി അധികൃതർക്ക്. ആകെ മുതൽമുടക്ക് ഇതാണ്. നടത്തിപ്പുമുഴുവൻ വിദ്യാർത്ഥികളുടെ ചെലവിലാണ്. ഇതിന് അംഗീകാരം കൊടുക്കുന്നു എന്നതാണു ഫിഫ്റ്റി-ഫിഫ്റ്റിയിലെ അശ്ലീലം.



ദേശീയശാസ്ത്രദിനപരിപാടിയിൽ ഐ. എസ്. ആർ. ഒ. ചെയർമാൻ കെ. രാധാകൃഷ്ണനോടൊപ്പം.

ശ്രദ്ധവേണ്ടത് ഗുണനിലവാരത്തിൽ

മനോജ്: താങ്കൾ തുടക്കത്തിൽ പറഞ്ഞല്ലോ, മഹാഭൂരിപക്ഷം കുട്ടികളും പഠിക്കുന്ന കോഴ്സുകളുടെ ഗുണനിലവാരത്തെപ്പറ്റിയാണ് വാസ്തവത്തിൽ നാം ഗൗരവപൂർവ്വം ചിന്തിക്കേണ്ടതെന്ന്. നമുക്ക് അതിലേക്കു വന്നാലോ?

ആർ.വി.ജി.: വളരെ വേണ്ടപ്പെട്ട കുട്ടികൾ മാനവീയവിഷയങ്ങളോ ശാസ്ത്രമോ പഠിക്കാൻ എവിടെ ചേരണമെന്നു ചോദിച്ചു വന്നാൽ, അവർ ശരിക്കും അതിൽ താത്പര്യമുള്ളവരാണെങ്കിൽ, കേരളത്തിനു പുറത്തു പോയി പഠിക്കാനാണു ഞങ്ങൾ പലരും ഉപദേശിക്കാറ്.

ഇവിടെ നല്ല സിലബസ് അല്ല. അക്കാദമികാന്തരീക്ഷമില്ല. അക്കാദമികാന്തരീക്ഷം എന്നതിൽ അച്ചടക്കവും പെടും. പക്ഷെ, അച്ചടക്കത്തെപ്പറ്റി നമ്മുടെ 'നല്ല' കോളെജുകളുടെ സങ്കല്പം ശരിയല്ല. സ്വതന്ത്രമായ അക്കാദമിക പ്രവർത്തനമാണ് അച്ചടക്കം. അല്ലാതെ യൂണിഫോമും മിണ്ടാതിരുന്നു നോട്ട് എഴുതിയെടുക്കലുമല്ല.

മനോജ്: എന്താണു 'പ്രബുദ്ധ'മായ കേരളത്തിൽ മാത്രം ഈ ദുരവസ്ഥ?

ആർ.വി.ജി.: ഉന്നതവിദ്യാഭ്യാസം സമൂഹത്തിൽ നിർവ്വഹിക്കേണ്ട ധർമ്മം നാം തിരിച്ചറിഞ്ഞില്ല. ഉദ്യോഗത്തിനുള്ള സാക്ഷ്യപത്രം മാത്രമാണു നമുക്കു വിദ്യാഭ്യാസം.

എൻജിനീയറിങ്ങും മെഡിസിനും ജയിച്ചവർ ആ ജോലി ചെയ്യാൻ അറിയണം എന്നു നമുക്കു നിർബന്ധമുണ്ട്. അവയൊഴികെ ഒരു കോഴ്സും വിദ്യ (competency) നല്കുന്നതാകണം എന്ന് ആരും പറയുന്നില്ല. ജോലി കിട്ടാൻ സഹായിക്കുന്ന ഉപാധിമാത്രമാണു സർട്ടിഫിക്കറ്റ്.

ഒരാൾ വ്യാജസർട്ടിഫിക്കറ്റും ഉണ്ടാക്കി ഗൾഫിൽ എയർ കണ്ടീഷനിങ് ജോലിക്കു പോയ കഥ കേട്ടിട്ടുണ്ട്. അവിടെച്ചെന്നു സർട്ടിഫിക്കറ്റ് കാണിക്കാൻ ശ്രമിച്ചു. അവരതു വാങ്ങി ദൂരെയെറിഞ്ഞിട്ട് കേടായ ഒരു എ.സി. നന്നാക്കാൻ ആവശ്യപ്പെട്ടു. നിന്നു വിയർത്ത പാവത്തിനു വീശാൻ പോലും സർട്ടിഫിക്കറ്റ് ഉപയോഗപ്പെട്ടില്ലത്രെ! അയാൾക്കും ഇവിടെ ജോലി കിട്ടും. ഒരു കടലാസു മതി.

തൊഴിലിനു പറ്റാത്ത 'തൊഴിലധിഷ്ഠിതം'

മനോജ്: തൊഴിലധിഷ്ഠിതകോഴ്സുകളും ഹോപ്‌ലെസ് ആണെന്നാണോ?

ആർ.വി.ജി.: ഇന്നു മര്യാദയ്ക്കു നടക്കുന്നത് ഐ.റ്റി.ഐ.കൾ മാത്രമാണ്. സ്വകാര്യ സ്ഥാപനങ്ങളാണ് ഐ.റ്റി.സി.കൾ. അവയും തട്ടിപ്പാണ്.

ഇതിന്റെ മെച്ചപ്പെട്ട രൂപമായാണു വി.എച്ച്.എസ്.ഇ. കൊണ്ടുവന്നത്. പക്ഷെ, ഇതിനെയും അടിസ്ഥാനലക്ഷ്യം മറന്നു ഡിഗ്രി പ്രവേശനത്തിനുള്ള യോഗ്യതാകോഴ്സാക്കി—പ്ലസ് റ്റുവിനു തുല്യമാക്കി—മാറ്റുകയാണു കേരളത്തിൽ ചെയ്തത്; കേരളത്തിൽ മാത്രം. ഇവിടെ ഈ കോഴ്സിലെ വിഷയങ്ങൾക്കൊപ്പം സയൻസും ഇംഗ്ലീഷും കൂടി എഴുതിയെടുത്താൽ ഡിഗ്രിക്കു പോകാം.

പ്ലസ് റ്റുവിനു പ്രവേശനം കിട്ടാത്തവർ ഡിഗ്രിയിലേക്കുള്ള കുറുക്കുവഴിയായി ഇതിനെ ഉപയോഗിക്കുകയാണിന്ന്. അവർ ഇതു പഠിച്ചു 'കൂടുതൽ യോഗ്യ'രായി കോളെജിൽ പോകുന്നു. പക്ഷെ ഈ കോഴ്സിനെ കേരളത്തിനു പുറത്തുള്ള സർവ്വകലാശാലകൾ ഡിഗ്രിപ്രവേശനയോഗ്യതയായി അംഗീകരിച്ചിട്ടില്ല. കേന്ദ്രസർക്കാർ ഇതിനെ ഒരു ടെർമിനൽ എഡ്യുക്കേഷനായാണു നിർവ്വചിച്ചിട്ടുള്ളത്.

മനോജ്: എന്താണു കേരളത്തിൽ മാത്രം ഈ രൂപപരിണാമം?

ആർ.വി.ജി.: കേരളത്തിൽ വൊക്കേഷണൽ കോഴ്സിനു ഡിമാൻഡ് ഇല്ലെന്നാണു നമ്മുടെ വ്യാഖ്യാനം. അത് ഒരു മദ്ധ്യവർഗ്ഗചിന്തയാണ്. അവർക്കുവേണ്ടിയാണു നാം വിദ്യാഭ്യാസം ആസൂത്രണം ചെയ്യുന്നത്. പണ്ട് എസ്.എസ്.എൽ.സി.-ക്കു നാം തോല്പിച്ചുമാറ്റിയിരുന്ന ഒരു വലിയവിഭാഗം കുട്ടികൾ ഇന്നു ഹയർ സെക്കൻഡറിയിൽ എത്തുന്നുണ്ട്. അവരിൽ പലരും എന്തെങ്കിലും തൊഴിൽ പഠിക്കാൻ തയാറാണ്. അവർക്കുവേണ്ടിയാണു നാം വൊക്കേഷണൽ ഹയർ സെക്കൻഡറി ഒരുക്കേണ്ടത്. അല്ലാതെ, പ്ലസ് ടുവിനു പ്രവേശനം കിട്ടാതെ എന്തെങ്കിലും പഠിക്കാൻ വരുന്നവർക്കുവേണ്ടി അല്ല. അവരാണു പിൻവാതിലിൽക്കൂടി വീണ്ടും കോളെജിൽ കയറാൻ ആഗ്രഹിക്കുന്നത്. അവരെ ആകർഷിക്കാൻവേണ്ടിയാണ് നാം വി.എച്.എസ്.ഇ.യ്ക്ക് അധികവിഷയമായി സയൻസ് പഠിപ്പിക്കുന്നത്. എങ്കിലേ അദ്ധ്യാപകരുടെ ജോലി സംരക്ഷിക്കാൻ കഴിയൂ എന്നാണു വ്യാഖ്യാനം.

മനോജ്: അദ്ധ്യാപകർക്കു ജോലി കൊടുക്കാനുള്ള സംവിധാനമായാണല്ലോ അദ്ധ്യാപകസംഘടനകൾ മിക്കവയും വിദ്യാഭ്യാസപ്രക്രിയയെ കാണുന്നത്. തൊഴിലധിഷ്ഠിതവിദ്യാഭ്യാസം എന്ന അടിസ്ഥാനസങ്കല്പം അട്ടിമറിക്കപ്പെടുകയല്ലേ ഇതിലൂടെ?

ആർ.വി.ജി.: സർവ്വശിക്ഷാ അഭിയാൻ എന്ന പരിപാടിയുടെ തത്വംതന്നെ എല്ലാവരും 12 വർഷം പഠിച്ചവരാകണം എന്നതാണ്. അതു പഠിച്ചവർ പക്ഷെ അവിടെ പഠിച്ച പണി ചെയ്യുന്നുണ്ടോ?

വിറകുവെട്ടലും വെള്ളം കോരലും എന്നും ആവശ്യമാണ്. വിദ്യാഭ്യാസം കിട്ടുന്നവർ അതേ ജോലി സാങ്കേതികവിദ്യകൾ ഉപയോഗിച്ചു ചെയ്യുന്നു. ഉത്പാദനക്ഷമത കൂടുന്നു. മണ്ണുകിളയ്ക്കുന്നയാൾ ജെ.സി.ബി. ഓപ്പറേറ്റർ ആകുന്നു; വെള്ളം കോരുന്നയാൾ പമ്പ് ഓപ്പറേറ്ററും മാലിന്യം നീക്കുന്നയാൾ സാനിട്ടറി എൻജിനീയറും നെല്ലുകുത്തുകയും തടിയറുക്കുകയും ചെയ്യുന്നവർ മിൽ ഓപ്പറേറ്റർമാരും ആകുന്നു; വയർമാനും പ്ലമറും മെക്കാനിക്കും ഉണ്ടാകുന്നു. ഇതാണു മാറ്റം.

തൊഴിൽരംഗത്തിന്റെ നവീകരണവും തൊഴിൽസാഹചര്യം മെച്ചപ്പെടുത്തലുമാണ് ആവശ്യം. അപ്പോൾ യുവാക്കൾ ആകർഷിക്കപ്പെടും. ഉത്പാദനക്ഷമത ഉയരുമ്പോൾ മെച്ചപ്പട്ട വേതനം ഉണ്ടാകും.

എന്നാൽ മെച്ചപ്പെട്ട വേതനം നാം നേടിയെടുത്തതു വിലപേശലിലൂടെയാണ്. 50 വർഷം മുമ്പു ചെയ്തതിലും മോശമായി പറമ്പു കിളയ്ക്കുന്നയാൾക്ക് 50 ഇരട്ടി കൂലി കൊടുക്കുകയാണു നാം ഇന്ന്. അതാണു സമൂഹത്തിൽ സംഘർഷവും ഒരേ വർഗ്ഗത്തിനുള്ളിൽ ഭിന്നിപ്പും ഉണ്ടാക്കുന്നത്. വിദ്യാഭ്യാസത്തിന്റെ പരാജയമാണത്.

ഡ്രൈക്ലീനിങ്ങും യന്ത്രലോൺഡ്രിയും ബ്യൂട്ടിക്ലിനിക്കും ഫാഷൻ ഹെയർഡ്രെസ്സിങ്ങും ഒക്കെ വന്നപ്പോൾ അലക്കും മുടിവെട്ടലും ഇന്ന് ആർക്കും നടത്താം. ഒരു മടിയുമില്ല. സേവനസാഹചര്യം മെച്ചപ്പെട്ടു. ഈ മാറ്റം മറ്റു രംഗങ്ങളിൽ വരുന്നില്ല. സാമ്പ്രദായികവിദ്യാഭ്യാസത്തിൽനിന്ന് ഇതു കിട്ടുന്നില്ല; നാം നല്കുന്നില്ല.

ഇതൊക്കെ അവർ ഇന്നു പുറത്തുനിന്നു പഠിക്കണം. വർക്ഷോപ്പുകളിൽനിന്നും 'ഹെഡ് മേസ്തിരി'ക്കു ചായ വാങ്ങിക്കൊടുത്തുമൊക്കെ ഇതു പഠിച്ചെടുക്കുന്നവരാണ് ഇന്നു സമൂഹത്തിന്റെ ഇത്തരം ആവശ്യങ്ങൾ നിറവേറ്റുന്നത്. ഇത്തരം ആവശ്യകതകൾക്കനുസരിച്ചു പരിശീലനം നല്കി സൗകര്യങ്ങളും സാങ്കേതികവിദ്യകളും ലഭ്യമാക്കുക എന്നതാണു വികസനത്തിനും തൊഴിൽസൃഷ്ടിക്കും ചെയ്യേണ്ടത്.

സാമൂഹികാവശ്യത്തിൽ അധിഷ്ഠിതമാകണം

മനോജ്: ഇങ്ങനെ പഠിച്ചുവരുന്നവർക്ക് അനുഭവത്തിന്റെ കരുത്തുണ്ടാകുമെങ്കിലും അടിസ്ഥാനപരവും ശാസ്ത്രീയവുമായ ശിക്ഷണത്തിന്റെ അഭാവം പ്രവൃത്തിയുടെ ഗുണമേന്മയെ ബാധിക്കില്ലേ?

ആർ.വി.ജി.: എസ്.എസ്.എൽ.സി. കഴിഞ്ഞു വരുന്ന അഞ്ചുലക്ഷത്തോളംപേരിൽ മൂന്നുനാലു ലക്ഷം പേർ ഇത്തരം തൊഴിലുകളിലേക്കു തിരിയേണ്ടവരാണ്. ഇന്ന് അവരും കോളെജിൽ ചേരാനാണു വെമ്പുന്നത്. അവർക്കു കാര്യക്ഷമമായ തൊഴിൽവിദ്യാഭ്യാസം നല്കി അതതു തൊഴിൽരംഗത്തേക്ക് ആകർഷി

ക്കുകയാണു വേണ്ടത്. യഥാർത്ഥ ഉത്പാദനപ്രവർത്തനം നടത്തുന്ന വിദഗ്ധ തൊഴിലാളികളെയാണു വാർത്തെടുക്കേണ്ടത്. അല്ലാതെ സൂപ്പർ വൈസർ ആകാനല്ല തൊഴിലധിഷ്ഠിതവിദ്യാഭ്യാസം.

ഫിഷറീസ് പഠിച്ച വ്യക്തിക്കു മീൻ പിടിക്കാൻ അറിയാമോ? അഗ്രികൾച്ചർ പഠിച്ചയാൾക്കു തെങ്ങിൽ കയറാൻ അറിയാമോ? ഒരിക്കൽ ഒരു ഇന്റർവ്യൂവിൽ ഒരാളോടു ഞാൻ ഇതു ചോദിച്ചു. അപമാനിച്ചതുപോലെയാണ് അയാൾക്കു തോന്നിയത്!

തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിലേക്കു വലിയൊരു വിഭാഗം തിരിയുകയും തുടർന്നും അഞ്ചോ ആറോ വർഷം ഇതു പഠിക്കണം എന്നു തോന്നുമ്പോൾ ഉന്നതവിദ്യാഭ്യാസത്തിലേക്കു വരികയുമാണു വേണ്ടത്.

മാന്യമായ ജോലിയും വരുമാനവും ഉണ്ടാകുമ്പോൾ ഇനി എന്തിനു പഠിക്കണം എന്ന് അവർക്കു തോന്നണം. അങ്ങനെയുള്ളവരെ ഉന്നതവിദ്യാഭ്യാസത്തിലേക്ക് ആകർഷിക്കേണ്ടിവരും. അതിനാണ് സ്കോളർഷിപ്പ് നല്കേണ്ടത്. അതാണ് വിദേശങ്ങളിൽ നടക്കുന്നത്. ഒപ്പം കോഴ്സുകളും മാറണം.

മനോജ്: അപ്പോൾ നമ്മുടെ ഉന്നതവിദ്യാഭ്യാസത്തെ പാടെ പുനർനിർവ്വചിക്കേണ്ടിയിരിക്കുന്നു, അല്ലേ?

ആർ.വി.ജി.: അതെ. തൊഴിലുകളുടെ നവീകരണത്തിനുവേണ്ട പുതിയ സാങ്കേതികവിദ്യകൾ, അതിനെ നിലനിർത്താൻ വേണ്ട ശാസ്ത്രപുരോഗതി, അതിനെ സ്ഥായിയാക്കാനുള്ള ശാസ്ത്രവിദ്യാഭ്യാസം, അടിക്കടി മാറുന്ന സമൂഹം നേരിടുന്ന പ്രശ്നങ്ങളായ പരിസ്ഥിതിത്തകർച്ച, രോഗാതുരത, സ്ത്രീപീഡനം, മൗലികവാദങ്ങൾ തുടങ്ങിയവയൊക്കെ നേരിടാൻ വേണ്ട സവിശേഷവിജ്ഞാനം സൃഷ്ടിക്കുക—ഇതിനൊക്കെയാണു സർവ്വകലാശാലകൾ എന്നു കേരളസമൂഹം മനസ്സിലാക്കിയിട്ടില്ല. സാമൂഹികോത്തരവാദിത്വത്തെപ്പറ്റിയും (social accountability) ബോദ്ധ്യമില്ല.

സോഷ്യൽ ഓഡിറ്റും ഉത്തരവാദിത്വവും (accountability) ഉണ്ടായാലേ

ആണവോർജ്ജം സംബന്ധിച്ച സെമിനാറിൽ വി. എസ്. അച്യുതാനന്ദനോടൊപ്പം. പ്രഫുൽ ബിദ്വായ്, അഡ്മിറൽ രാംദാസ് എന്നിവർ സമീപം.

ഉന്നതവിദ്യാഭ്യാസം രക്ഷപ്പെട്ടു. സമൂഹത്തിന്റെ വികസനാവശ്യങ്ങൾ നിറവേറ്റാനാണത് എന്ന തിരിച്ചറിവുണ്ടാകണം.

നമുക്ക് ഇത്രയേയുള്ളൂ: സമൂഹമാകുമ്പോൾ സർവ്വകലാശാലയും സിൻഡിക്കേറ്റും ഒക്കെ വേണം, അവർക്കു ചെലവിനു കൊടുക്കണം, അവിടൊക്കെ നമ്മുടെ ആളുകൾക്കു സ്ഥാനങ്ങളും നല്കണം.

മനോജ്: ഉന്നതവിദ്യാഭ്യാസകൗൺസിൽ ഈ രംഗത്തു മാറ്റങ്ങൾ വരുത്താനുള്ള ഉപാധിയാകുമോ?

ആർ.വി.ജി.: ഉന്നതവിദ്യാഭ്യാസകൗൺസിൽവഴി കൊണ്ടുവരാൻ ശ്രമിക്കുന്നതു നല്ല മാറ്റങ്ങളാണ്.

ഈ രംഗത്തു നിലനില്ക്കുന്ന അയവില്ലായ്മ മാറ്റി ഫ്ലെക്സിബിലിറ്റി കൊണ്ടുവരികയാണു പ്രധാന ആവശ്യം.

ഇന്നവിഷയം മെയിൻ, ഇന്നിന്ന സബ്സിഡിയറികൾ എന്നതിനു പകരം ഓരോ ഡിഗ്രിക്കും നിശ്ചിത ക്രെഡിറ്റ് (എണ്ണം വിഷയങ്ങൾ); ഇതിൽ നിർബന്ധമായും പഠിക്കേണ്ടവ ഉണ്ടാകും; ബാക്കി ആ വിദ്യാർത്ഥിക്കു സ്വതന്ത്രമായി തിരഞ്ഞെടുക്കാം എന്ന രീതി വരണം. അവരവരുടെ ഭിന്നാഭിരുചികൾകൂടി പരിപോഷിപ്പിക്കാൻ ഇതിലൂടെ സാധിക്കും. ഗണിതവും ഭൗതികവും പഠിക്കുന്ന ഒരാൾക്കു സംഗീതത്തിൽ താത്പര്യമുണ്ടെങ്കിൽ അതുംകൂടി പഠിക്കാം.

ഇതിനു വലിയ മുന്നൊരുക്കം ആവശ്യമാണ്. അദ്ധ്യാപകരുടെ മനോഭാവം മാറണം. ആരോ ഒരാൾ ചോദ്യമുണ്ടാക്കി, വേറെ ആരോ മാർക്കിട്ട്, മറ്റാരോ റിസൾട്ടിടുന്ന രീതി മാറണം. സ്വയംഭരണം വരണം.

സ്വയംഭരണം എന്നു കേട്ടാൽ ആദ്യം വിറളിയെടുക്കുന്നതു സ്വകാര്യകോളെജ് അദ്ധ്യാപകരാണ്. സ്വയംഭരണം എന്നാൽ മാനേജർമാരുടെ തോന്ന്യാസം എന്നാണ് അവരുടെ ചിന്ത. മാനേജർമാരുടെ താത്പര്യവും അതാണ്. രണ്ടും മാറണം.

ഉന്നതവിദ്യാഭ്യാസരംഗത്തെ മാനേജ്മെന്റ് രീതിതന്നെ മാറണം. ഫാക്കാൽറ്റിക്കാണു സ്വയംഭരണാവകാശം നല്കേണ്ടത്. കരിക്കുലം പരിഷ്കരണം, സിലബസ് നവീകരണം, എന്നുതുടങ്ങി പുതിയ അദ്ധ്യാപകരെ തെരഞ്ഞെടുക്കൽ വരെയുള്ള അധികാരങ്ങൾ ഇവർക്കാകണം. അത്തരം സംവിധാനങ്ങളാണു കൊണ്ടുവരേണ്ടത്. അഫിലിയേറ്റിങ് സമ്പ്രദായം ഉള്ളിടത്തോളം ഇതെല്ലാം നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ട സംവിധാനമായി സർവ്വകലാശാല നിലനിന്നാൽമതി.

കാലക്രമത്തിൽ സ്വന്തം പ്രകടനത്തിന്റെ പേരിൽ കോളെജിന് അംഗീകാരം വളരും. ദൂരെനിന്നു കുട്ടികൾ ആ കോളെജിനെ തേടിവരുന്ന അവസ്ഥ ഉണ്ടാകണം. ഡിഗ്രി സർട്ടിഫിക്കറ്റിൽ പഠിച്ച കോളെജിന്റെ പേരുകൂടി വരണം എന്ന ശുപാർശയുണ്ട്. അപ്പോൾ അതിനു പ്രേരണ വരും.

വിഭവത്തിന്റെ വഴി

മനോജ്: ഉദാത്തമായ ആശയമാണ്. പക്ഷേ, നാലു പുത്തനുണ്ടാക്കാൻ മുതലും മുടക്കി ഇരിക്കുന്ന വിദ്യാഭ്യാസക്കച്ചവടക്കാർ തുരങ്കം വയ്ക്കില്ലെ? മാത്രവുമല്ല, ഇത്തരം മാറ്റങ്ങൾക്കു പണം ഇറക്കുകയും ചെയ്യേണ്ടി വരുമല്ലോ?

ആർ.വി.ജി: ചെലവു വലിയ പ്രശ്നമാണ്, ഇവിടെ മാത്രമല്ല, ലോകമാകെ. നവലിബറൽ പരിഷ്കാരങ്ങളുടെ ഫലമായി ഇവയ്ക്കുള്ള ധനസഹായങ്ങൾ കുറഞ്ഞും വരുന്നു. അതിനനുസരിച്ച് സ്വയം വിഭവസമാഹരണം നടത്താൻ സ്ഥാപനങ്ങൾ നിർബന്ധിതരാകുന്നു. ലോകത്തെല്ലാം ഫീസ് വർദ്ധിക്കുന്നു. സാധാരണക്കാർക്കു താങ്ങാൻ കഴിയുന്നില്ല.

ഈയിടെ പത്രത്തിൽ വായിച്ചതാണ്, ഇല്ലിനോയി സർവ്വകലാശാലയിൽ 30 കോടി ഡോളറിന്റെ സ്കോളർഷിപ്പിനുള്ള ഫണ്ട് സമാഹരിക്കുന്നു, പൊതുജനത്തിൽനിന്ന്. വിദ്യാഭ്യാസത്തിലൂടെ മെച്ചപ്പെട്ട അവസരങ്ങൾ കിട്ടിയവർക്ക് അതു തിരിച്ചു നല്കാനുള്ള അവസരമായാണ് അവിടത്തുകാർ ഇതിനെ കാണുന്നത്. ഇതു നടക്കണമെങ്കിൽ 'സമൂഹത്തിന് എന്തു തിരിച്ചു നല്കും' എന്ന ചിന്ത ഉണ്ടാകണം. ഒപ്പം, സർക്കാർ ഗ്രാന്റ് വർദ്ധിപ്പിക്കാനുള്ള സമരങ്ങളും വേണം.

മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ ആറു ശതമാനം വിദ്യാഭ്യാസത്തിനു നീക്കിവയ്ക്കുമെന്ന് ഒന്നാം യു.പി.എ. സർക്കാർ പ്രഖ്യാപിച്ചതാണ്. എന്നാൽ നടന്നില്ല. നാലു ശതമാനം വരെയേ ആയുള്ളൂ.

(അഭിമുഖം നടന്നശേഷം ബി.ജെ.പി.സർക്കാർ വന്നതോടെ ഗവേഷണസഹായങ്ങളടക്കം എല്ലാം വെട്ടിക്കുറയ്ക്കുകയോ നിർത്തലാക്കുകയോ ആണ്.)

അദ്ധ്യാപകരും മാറണം

മനോജ്: എത്ര പണം മുടക്കിയാലും എത്ര പരിഷ്കാരം വരുത്തിയാലും അദ്ധ്യാപകർ ആണല്ലോ ഏതു മാറ്റവും പ്രാവർത്തികമാക്കേണ്ടത്. അതിനു പ്രാപ്തരാണോ നമ്മുടെ അദ്ധ്യാപകർ?

ആർ.വി.ജി: അദ്ധ്യാപകരുടെ ഉത്തരവാദിത്വം എങ്ങനെ ഉറപ്പാക്കാം എന്നതു ലോകത്തെവിടെയും ഉള്ള പ്രശ്നമാണ്. ഇന്ന് ഇവിടെ ഏറ്റവും സുഖകരമായ ജോലിയാണ് അദ്ധ്യാപനം. മുഴുവൻപേരും തോറ്റാലും അദ്ധ്യാപകരോട് ആരും ഒന്നും ചോദിക്കില്ല. അദ്ധ്യാപകരുടെ ശേഷി വർദ്ധിപ്പിക്കുക, പണിയെടുപ്പിക്കുക, പണിയെടുക്കാത്തവരെ ഒഴിവാക്കുക—ഇതിനുള്ള സംവിധാനം ഉണ്ടായേതീരൂ.

ഉന്നതവിദ്യാഭ്യാസത്തിൽ പൊതുവേ അദ്ധ്യാപകരുടെ ശേഷി വിലയിരുത്തുന്നതു മൂന്നു തരത്തിലാണ്.

ഒന്ന്: അദ്ധ്യാപനമികവ്. ഇതു കുട്ടികൾ തീരുമാനിക്കണം. എൻജിനീയറിങ് കോളെജുകളിൽ ഇതു തുടങ്ങിയിട്ടുണ്ട്. ശാസ്ത്രീയമായി ഇതു ചെയ്യാനാകും.

രണ്ട്: ഉന്നതവിദ്യാഭ്യാസം ആയതുകൊണ്ടു പുതിയ അറിവിന്റെ ഉത്പാദനം വേണം. ഇതു പീയർ അസസ്മെന്റ് വഴി സാധിക്കും. പേറ്റന്റുകൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയ പലതും മുൻനിർത്തി ഇതു കഴിയും.

മൂന്നാമത്തേതു പൊതുസേവനം. കോളെജ്, സർവ്വകലാശാലാതലത്തിൽ ക്യാമ്പസ്സിലുള്ള സേവനം (ലൈബ്രേറിയൻ, വാർഡൻ, കോളെജ് യൂണിയൻ, കൗൺസെലിങ്, വിദ്യാർത്ഥിക്ഷേമം തുടങ്ങിയവ), സമൂഹത്തിലെ സേവനം (പഞ്ചായത്തിനുവേണ്ട സാങ്കേതികസഹായം, സർക്കാരിന്റെ കമ്മിറ്റികളിൽ പ്രവർത്തിക്കുക, സമൂഹത്തിനുവേണ്ട വൈദഗ്ദ്ധ്യം പകരുക എന്നിങ്ങനെ) തുടങ്ങിയവ ഇതിനു പരിഗണിക്കാം.

എല്ലാവർക്കും ഇവയെല്ലാം കഴിഞ്ഞില്ലെങ്കിലും ചിലതെല്ലാം കഴിയും. അവ വിലയിരുത്തണം. അതിന്റെ അടിസ്ഥാനത്തിലാകണം പ്രൊമോഷനുകളും മറ്റും.

പ്രൊഫെസ്സർ, അസി: പ്രൊഫെസ്സർ തുടങ്ങി ഓരോ ഘട്ടത്തിലും പൊതു തെരഞ്ഞെടുക്കൽ (ഓപ്പൺ സെലക്ഷൻ) വേണം. ഇവിടെ ഇന്ന് ഏറ്റവും താഴെത്തലത്തിലേ കയറാനാവൂ. വിവിധ വൈദഗ്ദ്ധ്യങ്ങൾ ആർജിച്ചവർക്ക് അദ്ധ്യാപനത്തിൽ താത്പര്യം ഉണ്ടാകുമെങ്കിലും കീഴ്തസ്തികയിലൂടെ അവർക്കു വരാൻ കഴിയില്ല. എൻജിനീയറിങ് വൈദഗ്ദ്ധ്യം, ഗവേഷണമികവ് ഒക്കെയുള്ളവരെ അദ്ധ്യാപനരംഗത്ത് ആവശ്യമുണ്ടല്ലോ.

മനോജ്: സിലബസ് പഠിപ്പിച്ചുതീർക്കുന്നതിനപ്പുറമുള്ള മുൻകൈകൾ അദ്ധ്യാപകരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ടോ?

ആർ.വി.ജി.: എങ്ങനെ ഉണ്ടാകാനാണ്? ഒരു കോളെജിൽ ജോലി ചെയ്യുമ്പോൾ ഞാൻ ഒരു വികസനപ്രോജക്റ്റ് തയ്യാറാക്കി അപേക്ഷിച്ചാൽ, അത് അനുവദിച്ചുവരുമ്പോഴേക്ക് എന്നെ സ്ഥലം മാറ്റിയിരിക്കും. അതുകൊണ്ട് ആരും ദീർഘകാലപ്രോജക്റ്റുകൾ തയ്യാറാക്കുന്നില്ല.

ഞാൻ കോട്ടയം എൻജിനീയറിങ് കോളെജിൽ വകുപ്പുതലവനായിരിക്കുമ്പോൾ അവസാനവർഷവിദ്യാർഥികളെ വിളിച്ചുകൂട്ടി ചില പരിപാടികൾ ചർച്ചചെയ്തു. ഒടുവിൽ, 'നിങ്ങൾക്കിനി എന്തെങ്കിലും ചോദിക്കാനുണ്ടോ' എന്നു ചോദിച്ചു. 'സർ എത്രനാൾ ഇവിടെ ഉണ്ടാകും' എന്നായിരുന്നു ഒരു കുട്ടിയുടെ ചോദ്യം. 'ഞാൻ സ്ഥലം മാറ്റത്തിന് അപേക്ഷിക്കില്ല' എന്ന മറുപടിയേ നല്കാനായുള്ളൂ.

വടക്കൻകേരളത്തിൽ പല കോളെജിലും ഫാക്കൽറ്റിയിൽ ഒഴിവുകിടക്കുക പതിവാണ്. തെക്കുനിന്നുള്ളവർ സ്ഥലംമാറ്റം വാങ്ങി പോകും. ചാർജ് കൈമാറാൻ പോലും ആളില്ലാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട്.

അതുകൊണ്ട് ഓരോ കോളെജിലേക്കു മാത്രമായി (ഡെഡിക്കേറ്റഡ്) ഫാക്കൽറ്റി ഉണ്ടാകണം. പൊതുകേഡർ ആയിക്കോട്ടെ. പക്ഷെ, കണ്ണൂർ എൻജിനീയറിങ് കോളെജിനു മാത്രമായി അപേക്ഷ ക്ഷണിച്ചു നിയമനം നടത്തുക. സ്ഥലമാറ്റം പാടില്ല. ആർട്സ് ആൻഡ് സയൻസ് കോളെജിലും ഇത് ആവശ്യമാണ്. വർഷങ്ങളോളം തിരുവനന്തപുരത്തിരുന്ന ആളെ ചിറ്റൂർ കോ

ളെജിലേക്കു മാറ്റിയാൽ അതു നാട്ടുകടത്തലായാണു കാണുന്നതെങ്കിൽ നാട്ടും പിള്ളേരും എങ്ങനെ രക്ഷപ്പെടും?

ബോധനരീതിയും പഴഞ്ചൻ

മനോജ്: ഇവയ്ക്കെല്ലാം ഒപ്പം കോളെജുതലത്തിലെ ബോധനരീതികൂടി മാറേണ്ട തില്ലേ? അടുത്തിടെ 'മാതൃഭൂമി ആഴ്ചപ്പതിപ്പി'ൽ വന്ന ഒരു ലേഖനത്തിൽ, സ്കൂൾ തലത്തിൽ പുതിയ ബോധനരീതിയിലൂടെ പഠിച്ചും പ്രവർത്തിച്ചും വരുന്ന കുട്ടി കൾ കോളെജുതലത്തിൽ എത്തുമ്പോൾ അതിനെക്കാളും താണ നിലവാരം കാരണം നിരാശരാകുന്നുവെന്നു ചൂണ്ടിക്കാട്ടിയിരുന്നു.

ആർ.വി.ജി.: കോളെജിലെ ബോധനരീതിയിൽ 50 വർഷമായി ഒരു മാറ്റവുമില്ല. മോ ശമായെങ്കിലേയുള്ളൂ. ലോകമാകെ നോക്കിയാൽ അടിമുടി മാറിയതായി കാ ണാം. ലക്ചർ കൊടുത്തു നോട്സ് എഴുതിച്ചു കാണാപ്പാഠം പഠിപ്പിക്കൽ രീ തിയാണ് ഇന്നും ഇവിടെ. പ്രോജക്റ്റ്, ഇന്ററാക്ഷൻ, ആക്റ്റിവിറ്റി മോഡ്യൂകളി ലാണു പുറത്തെല്ലാം അദ്ധ്യാപനം.

ശാസ്ത്രസാങ്കേതികവിദ്യയുടെ ചരിത്രം പഠിച്ചപ്പോൾ അമേരിക്കയിലെ കോളെജുകളിലെ രീതി ഞാൻ അന്വേഷിച്ചു. ഇന്റർനെറ്റിലൂടെയും അവിടുത്തെ അദ്ധ്യാപകസുഹൃത്തുക്കളിൽനിന്നും ഒക്കെ വിവരങ്ങൾ ശേഖരിച്ചു.

ഒരു വിഷയത്തിനു 45-50 ലക്ചർ കിട്ടുമെങ്കിൽ ഓരോ ദിവസത്തെയും പ്രത്യേകവിഷയം (topic) നിശ്ചയിച്ച് അതിനു വായിക്കേണ്ട സാമഗ്രികളുടെ പട്ടിക നല്കും. ഓരോ വിഷയത്തിനും ബ്ലോഗുണ്ട്. അതിൽ ഇതു ഷെയർ ചെ യ്യും.

ഒരു വിദ്യാർത്ഥി വിഷയം അവതരിപ്പിക്കണം. മറ്റുള്ളവർ പ്രതികരിക്ക ണം. അദ്ധ്യാപകർ ഇടപെടൽ, നിരീക്ഷണം, മാർഗ്ഗദർശനം, വിട്ടുപോയകാ ര്യം ചൂണ്ടിക്കാണിക്കൽ, കൂടുതൽ സമഗ്രമാക്കൽ ഒക്കെ നടത്തും. ഓരോ കുട്ടി യുടെയും അവതരണവും പ്രതികരണവും നോക്കി ഗ്രേഡു നല്കും. ഇതു തുടർമൂല്യ നിർണയമാണ്. ഓരോ ക്ലാസും ഇപ്രകാരം സർഗാത്മകവും സംവാദാത്മകവും ആകും.

ഇതോടൊപ്പം വ്യക്തിഗതപഠനപ്രവർത്തനങ്ങളും (assignments) പുസ്ത കം നോക്കി എഴുതാവുന്ന പരീക്ഷകളും ഉണ്ടാകും. കാണാപ്പാഠം പരീക്ഷ ഇന്നില്ല. സെമസ്റ്ററിനൊടുവിലും മൂല്യനിർണയം നടത്തും.

നമ്മുടെ അദ്ധ്യാപകർ വിചാരിക്കും സംഗതി എളുപ്പമായല്ലോ എന്ന്. എന്നാൽ യാഥാർത്ഥ്യം മറിച്ചാണ്. ഈ രീതിക്കു ധാരാളം അദ്ധ്വാനവും മു ന്നൊരുക്കവും വേണം.

ജ്ഞാനനിർമ്മിതി യാഥാർത്ഥ്യമാകുന്നത് ഇവിടെയാണ്. പ്രൊജക്റ്ററും മറ്റും ഉപയോഗിച്ചതുകൊണ്ടു കാര്യമൊന്നുമില്ല. രസകരമായി ക്ലാസ് എടുക്ക ലുമല്ല കാര്യം. പഠിക്കുന്ന രീതിയാണു മാറേണ്ടത്. സ്കൂളിൽ ഇത് ഒരു പരിധി വരെയെങ്കിലും ഉണ്ടായിട്ടുണ്ട്. ഇതിന്റെ ഉദാത്തമായ തുടർച്ച കോളെജിൽ പ്ര തീക്ഷിക്കുന്നവർക്കു നിരാശത സ്വാഭാവികം മാത്രം.



ഡോ: ആർ. വി. ജി. മേനോൻ രചിച്ച 'ശാസ്ത്രസാങ്കേതികവിദ്യകളുടെ ചരിത്രം' എന്ന ഗ്രന്ഥം

കുട്ടികളെപ്പറ്റിയുള്ള പരാതിക്കും കാരണം ഈ അദ്ധ്യാപനരീതിയാണ്. 'ഏല്പിച്ചാൽ ചെയ്യും, സ്വയം മുൻകൈ എടുത്തു ചെയ്യുന്നില്ല' എന്നതാണ പല കുട്ടികളെയുംപറ്റി കുറ്റമായി പറയാറ്. അത്, പഠിപ്പിക്കാത്തതുകൊണ്ടാണ്. അച്ചടക്കവും അനുസരണയുമാണ നാം കാണുന്ന വിദ്യാർത്ഥിഗുണം; അല്ലാതെ, സർഗ്ഗാത്മകതയല്ല!

കോഴ്സിനും സീറ്റിനും വേണം മാനദണ്ഡം

മനോജ്: തൊഴിൽരംഗത്തെ ആവശ്യകത പരിഗണിക്കാതെയുള്ള വിദ്യാഭ്യാസസമ്പ്രദായവും വിദ്യാർഥിക്കും വിദ്യാഭ്യാസത്തിനും ലക്ഷ്യമില്ലാതാക്കുന്നില്ലേ?

ആർ.വി.ജി.: ദേശീയതലത്തിലുള്ള ആവശ്യം തിട്ടപ്പെടുത്തിവേണം ഇതു ചെയ്യാൻ. പിന്നെ കുറേപ്പേർ പുറത്തേക്കും പോകുന്നുണ്ടല്ലോ. ഇതേപ്പറ്റി പഠിച്ച യു.ആർ. റാവു കമ്മിറ്റി ശുപാർശ ചെയ്തതു രാജ്യത്തു മൂന്നുലക്ഷം എൻജിനീയറിങ് സീറ്റുകൾ ആകാം, കേരളത്തിൽ അതിന്റെ നാലു ശതമാനം, അതായത് 12,000 സീറ്റ് എന്നാണ്. വിജയശതമാനം നാല്പതിൽ നില്ക്കുന്ന അവസ്ഥയിൽ കൂടുതൽ

സീറ്റുണ്ടാക്കുന്നതിൽ കാര്യമില്ല. കൂടുതൽ പേർ ജയിച്ചുവരുന്ന സാഹചര്യമാണ് ആദ്യം വേണ്ടത്.

വികസിതലോകത്ത് ഒരുലക്ഷം പേർക്ക 300 ഡോക്ടർ എന്നാണ് അനുപാതം. അപ്പോൾ നമുക്ക 90,000-ത്തോളം ഡോക്ടർമാർ വേണം. നാല്പതുവർഷം സേവനകാലാവധി എന്നെടുത്താൽ ആണ്ടിൽ 2500 വരെ റാങ്കുള്ളവർക്ക മെഡിസിനു സ്കോളർഷിപ്പു നല്കണം. എൻജിനീയറിങ്ങിനു 12,000 വരെ വരുന്നവർക്കും. പാരാമെഡിക്കൽ, വൊക്കേഷണൽ രംഗങ്ങളിലൊക്കെ ഇത്തരം ആസൂത്രണം വേണം.

മനോജ്: പുതിയ മേഖലകൾ ലോകത്തു വികസിക്കുന്നതിനൊത്തു പുതിയ കോഴ്സുകളും കൂട്ടിച്ചേർക്കേണ്ടേ? എൻജിനീയറിങ്ങിന്റെ കാര്യത്തിൽ നാം കുറെയെങ്കിലും ഫോക്കസ്ഡ് അല്ലേ? ആധുനികപാഠ്യശാഖകളും മറ്റും വരുന്നില്ലേ?

ആർ.വി.ജി.: എൻജിനീയറിങ് കഴിയുന്നവർക്ക ജോലി കിട്ടുന്നു, രക്ഷപ്പെടുന്നു എന്നത് ഒരുവശം. അതേസമയം, ലക്ഷങ്ങൾ പണിയെടുക്കുന്ന പരമ്പരാഗതവ്യവസായങ്ങളുടെ നവീകരണത്തിനോ അതു ലാഭകരം ആക്കാനോ വേണ്ട ഒരു സംഗതിയും ഈ കുട്ടികളെ പഠിപ്പിക്കുന്നില്ല. ഈ മേഖലകളുമായി എൻജിനീയറിങ് വിദ്യാഭ്യാസത്തിന് ഒരു ബന്ധവുമില്ല. തൃശ്ശൂർ ഗവൺമെന്റ് എൻജിനീയറിങ് കോളെജിലെ ഡോ: എം.ആർ. ശ്രീധരൻ നായരെപ്പോലെ ചിലർ സ്വന്തം നിലയ്ക്കു ചിലതൊക്കെ ചെയ്തിട്ടുണ്ട്. അല്ലാതെ ഈ സംവിധാനത്തിൽനിന്ന് ഒന്നും പ്രതീക്ഷിക്കണ്ടാ. പകരം, ലോകത്തെവിടെയെങ്കിലും പോയി സ്വയം രക്ഷപ്പെടാനുള്ള ഒരു മാർഗം മാത്രമാണത്.

മനോജ്: ഡോ. എ.പി.ജെ. അബ്ദുൾ കലാമും മറ്റും ശാസ്ത്രവിദ്യാഭ്യാസത്തിലേക്ക വിദ്യാർത്ഥികൾ കൂടുതലായി കടന്നുവരണമെന്നു പറയാറുണ്ടല്ലോ. ആ രംഗത്തെ നിലവാരം എന്താണ്?

ആർ.വി.ജി.: ശാസ്ത്രവിദ്യാഭ്യാസം എന്തിനാണെന്നുപോലും നാം ചിന്തിച്ചിട്ടില്ല. എം.എസ്. സിയും എം.എ.യും കഴിഞ്ഞവർ കണ്ടക്ടർമാരും മറ്റും ആകുകയാണിന്ന്. ബാങ്കിൽ ജോലി കിട്ടിയാൽ ഏറ്റവും സന്തോഷം.

അദ്ധ്യാപനരംഗത്ത് ഇവരെ വേണമെന്നതു സ്വയംസിദ്ധമാണ്. സിലബസൊക്കെ ഇത്രയോറെ പരിഷ്കരിച്ചിട്ടും പി.ജി.ക്കാർ വേണം ഹൈസ്കൂൾ ക്ലാസുകളിൽ പഠിപ്പിക്കാനെന്ന് ആവശ്യപ്പെടാൻപോലും കേരളം തയ്യാറാകുന്നില്ല. ശാസ്ത്രം പഠിക്കാൻ കുട്ടികളെ വിടുന്നില്ല എന്നു മാത്രമല്ല, ശാസ്ത്രം പഠിപ്പിക്കുന്നവർ സയൻസ് ബിരുദധാരികൾ ആയിരിക്കണം എന്നുപോലും നാം ആവശ്യപ്പെടുന്നില്ല!

സി.ബി.എസ്.ഇ. സിലബസ് നടപ്പാക്കും എന്ന് അന്നത്തെ മുഖ്യമന്ത്രി പറയുകയുണ്ടായി. പൊതുവിദ്യാഭ്യാസം നന്നാക്കുക എന്ന ലക്ഷ്യത്തിലാണെന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷെ, ഈ സിലബസല്ല അവരുടെ ബലം. ഹൈസ്കൂൾ ക്ലാസിൽ പി.ജി.ക്കാർ പഠിപ്പിക്കുന്നു; 220 അദ്ധ്യയനദിവസം കിട്ടും; രണ്ടു ഭാഷയേ പഠിപ്പിക്കാനുള്ളൂ, ബാക്കി സമയം മുഴുവൻ മറ്റു വിഷയങ്ങൾ പഠിപ്പിക്കാം—ഈ അന്തരീക്ഷം നമ്മുടെ സ്കൂളുകളിൽ സൃഷ്ടിക്കുകയാകണം ലക്ഷ്യം.

മാനവീയവിഷയങ്ങളിലും സ്കോളർഷിപ്പ് നല്കി കുട്ടികളെ ആകർഷിക്കണം. ശരിക്കും വേണ്ടതു തൊഴിലുറപ്പോടുകൂടിയുള്ള സ്കോളർഷിപ്പാണ്. തൊഴിലു കൊടുക്കാൻ ആയില്ലെങ്കിൽ ജീവിക്കാൻ വേണ്ട പണം നല്കുന്ന സാമൂഹികസുരക്ഷാസംവിധാനം ഇന്നു പല വികസിതരാജ്യങ്ങളിലുമുണ്ട്.

മനോജ്: പുതിയ സ്കൂളുകൾക്ക് അനുമതി നല്കാൻ 2001-2006-കാലത്തെ യു.ഡി.-എഫ്. സർക്കാർ തീരുമാനിച്ചതു വിവാദമായിരുന്നല്ലോ. ഇനിയും സ്കൂൾ ആവശ്യമുണ്ടോ?

ആർ.വി.ജി.: എല്ലാ കുട്ടികൾക്കും നടന്നുപോകാവുന്ന ദൂരത്തിൽ പ്രൈമറി സ്കൂളും ബുദ്ധിമുട്ടില്ലാതെ എത്താവുന്നിടത്തു ഹൈസ്കൂളുമുണ്ട്. ഈ സാഹചര്യത്തിൽ പുതിയ സ്കൂളുകൾ സംസ്ഥാനത്ത് ആവശ്യമില്ല. ദുർഗ്ഗമവനങ്ങളിലോ ഒറ്റപ്പെട്ട സ്ഥലങ്ങളിലോ സ്കൂൾ തീരെ കുറവുള്ളിടത്തോ തുടങ്ങുന്നതിൽ തെറ്റില്ല. നിലവിൽ സ്കൂൾ ഉള്ളിടത്തു പുതിയവ അനുവദിക്കുന്നത് ഉള്ളവയെ അപ്രസക്തമാക്കും.

നിലവിലുള്ള പൊതുവിദ്യാഭ്യാസസംവിധാനം കൂടുതൽ മെച്ചപ്പെടുത്തുകയാണു പ്രധാനം. മറിച്ചായാൽ അവ ദുർബലമാകുകയും അതിനെ ആശ്രയിക്കുന്നവർ വഴിയാധാരം ആകുകയും ആകും ഫലം. പൊതുവിദ്യാഭ്യാസസംവിധാനം സൗകര്യങ്ങളും ബോധനസമ്പ്രദായവും ഒക്കെക്കൊണ്ടു ഗണ്യമായി മെച്ചപ്പെട്ടിരിക്കുന്നു എന്നതുകൂടി കാണണം. അതിൽ കൂടുതൽ ഊന്നുക എന്നതാണു സാമൂഹിക ഉത്തരവാദിത്തം.

(2016-ലെ എൽഡിഎഫ് സർക്കാർ നടപ്പാക്കിയ പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന് അഞ്ചുകൊല്ലംമുമ്പു പറഞ്ഞത്.)

ചരിത്രത്തിലേ പിഴച്ച കാഴ്ചപ്പാട്

മനോജ്: എന്താണു വിദ്യാഭ്യാസത്തോടുള്ള മലയാളികളുടെ കാഴ്ചപ്പാട് ഇങ്ങനെയൊക്കെ ആയിപ്പോയത്?

ആർ.വി.ജി.: തിരുവിതാംകൂറിന്റെ വിദ്യാഭ്യാസചരിത്രത്തിൽ കാണുന്ന കൗതുകകരമായ ഒരു കാര്യമുണ്ട്: ഇവിടെ ആധുനികവിദ്യാഭ്യാസം ഏർപ്പെടുത്തിയപ്പോൾ ആളുകൾ അതിൽ താത്പര്യമെടുത്തില്ല. അപ്പോൾ, ഇംഗ്ലിഷ് വിദ്യാഭ്യാസം ഉള്ളവർക്കേ സർക്കാർ ജോലിയുള്ളൂ എന്നു ദിവാൻ കല്പന പുറപ്പെടുവിച്ചു. അതോടെ വെള്ളപ്പൊക്കമായി! മറ്റു തൊഴിലെടുത്തു ജീവിച്ചിരുന്ന സമൂഹത്തിന്റെ ആത്യന്തികലക്ഷ്യം സർക്കാർ ജോലിയായി.

തിരുവിതാംകൂറിൽ രണ്ടു വിദ്യാഭ്യാസക്കമ്മിറ്റികൾ ഉണ്ടായിട്ടുണ്ട്. 1933-ൽ വിദ്യാഭ്യാസപരിഷ്കരണക്കമ്മിറ്റിയും (ERC) 1915-ൽ സ്റ്റതാം (Statham) കമ്മിറ്റി എന്നറിയപ്പെടുന്ന വിദ്യാഭ്യാസപുനഃസംഘാടന കമ്മിറ്റിയും (EROC). ഇവ രണ്ടും വ്യക്തമായി പറഞ്ഞിട്ടുണ്ട്, സ്കൂൾവിദ്യാഭ്യാസം കോളെജ് വിദ്യാഭ്യാസത്തിനുള്ള തയ്യാറെടുപ്പല്ല എന്ന്. അതു സ്വയംപൂർണം ആയിരിക്കണം, ജീവിതത്തിലേക്കു പ്രവേശിക്കാനുള്ള കഴിവുണ്ടാക്കുന്നതാകണം, എന്നുതുടങ്ങി പലതും ഇവർ നിർദ്ദേശിച്ചു.

പക്ഷെ, ഒന്നും നടന്നില്ല. കാരണം, മുൻകാലങ്ങളിൽ വിദ്യാഭ്യാസനയം രൂപവത്ക്കരിച്ചവരുടെയെല്ലാം ലക്ഷ്യം തങ്ങളുടെ കുട്ടികൾക്കു സർക്കാരുദ്യോഗം കിട്ടണം എന്നതായിരുന്നു.

ഇന്ത്യയിൽ മറ്റിടങ്ങളിലും ഇത് ഇങ്ങനെതന്നെയാണെങ്കിലും തൊഴിലധിഷ്ഠിതപരിശീലനം ഫലപ്രദമാണ്. അവിടങ്ങളിൽ വ്യവസായവത്ക്കരണം വന്നതുകൊണ്ട് ആവശ്യബോധം ഉണ്ടായി. ഇവിടെ അതും ഉണ്ടായില്ല.

ഡോ. ആർ.വി.ജി. മേനോൻ പറഞ്ഞു നിർത്തുമ്പോൾ മനസ്സിൽ തോന്നിയത് ഇതാണ്:

ചുരുക്കത്തിൽ, 'പ്രബുദ്ധ' കേരളത്തിന് അല്പം ലജ്ജിക്കാൻ വകുപ്പുണ്ട്; അല്ല, ലജ്ജിക്കാനേ വകുപ്പുള്ളൂ. സാമൂഹികലക്ഷ്യങ്ങളൊക്കെ അട്ടിമറിച്ചും സ്വാർത്ഥത സംരക്ഷിക്കുന്ന ഉത്തരവാദിത്വശൂന്യരുടെ ഒരു സമൂഹം; ലോകത്തെ മാറ്റങ്ങളൊന്നും കാണാതെ മലയ്ക്കും കടലിനുമിടയിൽ കുണ്ടുകിണറ്റു തീർത്ത് ഉത്കണ്ഠകളില്ലാതെ സസുഖം വാഴുന്ന ഒരു മണ്ഡൂകസമൂഹം; ഒന്നും ഉത്പാദിപ്പിക്കാതെ അർഹമല്ലാത്തതു മറ്റുള്ളവരിൽനിന്നു കുതന്ത്രങ്ങളിലൂടെ തട്ടിയെടുത്തുമാത്രം നിലനില്ക്കുന്ന ഇടനിലക്കാരുടെ, ഇപാടുകാരുടെ സമൂഹം...

അസഹ്യമായ പാപബോധത്തോടെ പരശുരാമൻ വലിച്ചെറിഞ്ഞുകളഞ്ഞ പാപപങ്കിലമായ മഴു വീണുണ്ടായ നാടെന്നല്ലേ ഐതിഹ്യം! തലമുറകളായി പേറുന്ന വിനാശത്തിന്റെ കോടാലികൾ മലയാളി എന്നാണു വലിച്ചെറിഞ്ഞുകളയുക! പുതിയതലമുറ ഇന്ന് ആർജ്ജിക്കുന്ന ആഗോളാനുഭവങ്ങളും മാതൃകകളും എല്ലാറ്റിനെയും മാറ്റിപ്പണിയുമായിരിക്കാം. നവകേരളസങ്കല്പനങ്ങളും മാറ്റങ്ങൾ കൊണ്ടുവന്നേക്കാം. ആ ശുഭവിശ്വാസത്തോടെയാകട്ടെ ഉപസംഹാരം.

മൂലരൂപം പ്രസിദ്ധീകരിച്ചത്:

1. 'പതിനെട്ടാമത്തെ ആനയുടെ യുക്തി', മാതൃഭൂമി വാർഷികപ്പതിപ്പ്, 2011.
2. 'സ്വാശ്രയം: വിവാദം നൂറുമേനി, ഗുണമേന്മ വട്ടപ്പൂജ്യം', മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2011 ജൂലൈ 31.

നേരിൻ ചില്ലിലെ
ഛായാമുഖം

6

നേരിൻചില്ലിലെ ഛായാമുഖം

പ്രവേശിക

പ്രശാന്തിന്റെ നാടകജീവിതം

മോഹൻലാലും മുകേഷും അഭിനയിച്ച 'ഛായാമുഖി' എന്ന നാടകം എഴുതി സംവിധാനം ചെയ്ത ആൾ എന്ന നിലയിലാണ് പലരും പ്രശാന്തിനെ അറിയുന്നത്. എന്നാൽ മറ്റു പലരുടെയും നാടകങ്ങൾ കളിച്ചുകണ്ടിട്ടും അവയെയെല്ലാം തഴഞ്ഞ് മോഹൻലാൽ 'ഛായാമുഖി'യെ തെരഞ്ഞെടുക്കാൻ കാരണമായ മികവ് അതിനു മുമ്പുതന്നെ അരങ്ങിൽ ഇദ്ദേഹം നേടിയിരുന്നു; തെളിയിച്ചിരുന്നു. സിനിമാനടന്മാർ അഭിനയിച്ചു മാദ്ധ്യമശ്രദ്ധ നേടുമ്മുമ്പേ 'ഛായാമുഖി' നാഷണൽ സ്കൂൾ ഓഫ് ഡ്രാമയുടെ അന്താരാഷ്ട്രനാടകോത്സവമായ ഭാരത് രംഗ് മഹോത്സവത്തിൽ കളിച്ചിട്ടുണ്ട്—2005-ൽത്തന്നെ. 2016-ലെ 'അബുദാബി ശക്തി അവാർഡ്' 'ഛായാമുഖി'ക്ക് ആയിരുന്നു. 2014-ലെ എ.പി. കളയ്ക്കാട് പുരസ്കാരവും 2003-ലെ മികച്ച രചനയ്ക്കുള്ള കേരള സംഗീത നാടക അക്കാദമിയുടെ അവാർഡും ഈ കൃതി നേടിയിട്ടുണ്ട്. കേരളത്തിലെ മുഖ്യധാരാപ്രസാധകർ 30 കൊല്ലത്തിനുശേഷം ആദ്യമായി ഒരു നാടകം പ്രസിദ്ധീകരിച്ചതും 'ഛായാമുഖി'യാണ്. രണ്ടുവർഷം തികയുമ്മുമ്പ് രണ്ടാം പതിപ്പും ഇറങ്ങി.

അടുത്തകാലത്ത് ഏറേ ശ്രദ്ധനേടിയ നാടകങ്ങളാണ 'കറ'യും 'മകരദ്ധ്വജ'-നും. ധാർവാട് രംഗായണയ്ക്കുവേണ്ടി കന്നടത്തിൽ സംവിധാനം ചെയ്ത ഭാസനാടകം 'സ്വപ്നവാസവദത്തം' അവരുടെ അഞ്ചു മേഖലാനാടകോത്സവങ്ങളിലും ഉദ്ഘാടന നാടകം ആയിരുന്നു. ബഹുരൂപി ഫെസ്റ്റിവലും കേരളസർക്കാരിന്റെ ദേശീയ നാടകോത്സവവും അടക്കം രാജ്യത്തെ ധാരാളം അരങ്ങുകളിൽ ഇതു കളിച്ചു. എം.റ്റി. വാസുദേവൻ നായരുടെ രചനകളെ ആസ്പദമാക്കി അവതരിപ്പിച്ച 'മഹാസാഗരം' അടുത്തകാലത്ത് ഒട്ടേറെ ചർച്ചചെയ്യപ്പെട്ടു. പന്ത്രണ്ടു നാടകസങ്കേതങ്ങൾ പ്രയോഗിച്ചിട്ടുള്ള ഈ നാടകശില്പം മൈസൂറിൽ നടന്ന ഭാരത് രംഗ് മഹോത്സവത്തിന്റെ ഉദ്ഘാടനനാടകമായിരുന്നു. ഒ.പി. സുരേഷിന്റെ 'താജ് മഹൽ' എന്ന കവിതയുടെ നാടകാവിഷ്കാരമാണ് ഒടുവിലത്തെ സൃഷ്ടി.

ഇവയടക്കം ഇരുപത്തെട്ട നാടകങ്ങളും തെക്കൻ വടക്കൻ ചിട്ടകളിൽ രണ്ടിലും കളിക്കുന്ന 'ഭാരതാന്തം' എന്ന ആട്ടക്കഥയും രചിച്ച കൃതഹസ്തനായ പ്രശാന്ത് പത്രപ്രവർത്തകനും നല്ല വാഗ്മിയും ശ്രദ്ധേയനായ കോളംനിസ്റ്റും ആണ്. 'കളം' എന്ന 'സമസ്തരംഗകലകളുടെയും പഠന, പരിശീലന, ആസ്വാദന, ഗവേഷണ സഹായയിടം' ആണ് ഇപ്പോൾ പ്രവർത്തനകേന്ദ്രം. മൃഗസംരക്ഷണവകുപ്പിൽ ഉദ്യോഗസ്ഥനാണ്.

ഈ നാടകകാരന്റെ ജീവിതം ദുരന്തങ്ങളുടെയും പീഢനങ്ങളുടെയും കുത്തൊഴുക്കാണ്, ബാല്യകൗമാരങ്ങൾ മുതൽതന്നെ. ആ ജീവിതം പറയുകയാണിവിടെ, ഒപ്പം നാടകവും. ജീവിതനാടകവും നാടകജീവിതവും ഇവിടെ രണ്ടല്ല.

നേരിൻചില്ലിലെ ഛായാമുഖം

— പ്രശാന്ത് നാരായണൻ

"അണിയറയിലെ ഒരുക്കമെല്ലാം പൂർത്തിയായി. നാടകം തുടങ്ങുകയാണ്. മോഹൻലാൽ എന്നെ അടുത്തേക്കു വിളിച്ചു. ഞാൻ തീരെ പ്രതീക്ഷിക്കാത്തതാണു സംഭവിച്ചത്. ആ മഹാനടൻ ഏറെ പ്രായം കുറവുള്ള എന്റെ കാൽ തൊട്ടു വന്ദിച്ചു! ഒരുനിമിഷം എന്തുചെയ്യണമെന്നറിയാതെ പകച്ച ഞാൻ അടുത്തനിമിഷം അദ്ദേഹത്തെ സാഷ്ടാംഗം പ്രണമിച്ചു. എഴുന്നേറ്റപ്പോൾ ഒരു ക്രാന്തദർശിയെപ്പോലെ അദ്ദേഹം എന്റെ ചെവിയിൽ മെല്ലെ പറഞ്ഞു: 'അങ്ങേയ്ക്ക് ഉറപ്പായും ഒരുപാടു കണ്ണേറു കിട്ടും, സൂക്ഷിക്കണം. അവതരണം കഴിഞ്ഞാലുടൻ ഒരു തേങ്ങ തലയ്ക്കുഴിഞ്ഞ് അടിച്ചേക്കണം.' അതിൽ വിശ്വാസമില്ലെങ്കിലും അനുസരണക്കേടു വേണ്ടെന്നുകരുതി ഒരാളെ വിട്ട് അപ്പോൾത്തന്നെ ഒരു തേങ്ങ വാങ്ങി വച്ചു. പക്ഷേ, നാടകം കഴിഞ്ഞപ്പോൾ തേങ്ങ കാണാനില്ല! ആരോ അടിച്ചുമാറ്റി! ഇവനു കണ്ണേറു കിട്ടുന്നെങ്കിൽ കിട്ടി തുലഞ്ഞുപോട്ടെ എന്ന് ആരെങ്കിലും കരുതിയതാണോ എന്നറിയില്ല. ഏതായാലും, കണ്ണേറല്ലെങ്കിലും പിന്നിൽനിന്നു ധാരാളം കുത്തുകിട്ടിയ കാലഘട്ടമായിരുന്നു പിന്നത്തേത്. പേരുകൾ പറഞ്ഞു മുഷിപ്പിക്കാൻ ഞാൻ ആഗ്രഹിക്കാത്ത പ്രമുഖർ മുതൽ എന്റെ സംവിധാനസഹായി ആയിരുന്നവർ വരെ..."

നാടകകാരൻ പ്രശാന്ത് നാരായണൻ നാടകത്തെക്കാൾ സംഭവബഹുലവും സംഘർഷഭരിതവുമായ ജീവിതം പറയുകയാണ്.

ഛായാമുഖിയുടെ യാത്രാവഴികൾ

മനോജ് കെ. പുതിയവിള: 'ഛായാമുഖി' ആണല്ലോ പ്രശാന്തിന്റെ നാടകജീവിതത്തിൽ വഴിത്തിരിവായത്. നാടകം സഹൃദയലോകം കണ്ടു. താരങ്ങൾ അഭിനയിച്ച നാടകമാകുമ്പോൾ അതിന്റെ അണിയറക്കഥകൾ അറിയാനും ആസ്വാദകർക്കു കൗതുകമുണ്ടാകും. എങ്ങനെയാണ് താരനാടകത്തിലേക്ക് എത്തിയത്? അതിന്റെ പിന്നാമ്പുറം വിശേഷങ്ങൾ പങ്കുവയ്ക്കാമോ?

പ്രശാന്ത് നാരായണൻ: ആകാം. പിന്നാമ്പുറം മാത്രമല്ല പറയാൻമാത്രമുള്ള മുന്നാമ്പുറവുമുണ്ട് അതിന്. അവഗണനകൾക്കിടയിലും ഞാൻ ജീവിച്ചിരിക്കുന്നു എന്നതിന്റെ അടയാളപ്പെടുത്തലായിരുന്നു എനിക്ക് അന്ന 'ഛായാമുഖി'. അതു പിറക്കുമ്പോൾ ഒരു പ്രതീക്ഷയും ഉണ്ടായിരുന്നില്ല. നിരാശതാബോധം,



ഇടത്തുനിന്ന്: മഹാസാഗരം നാടകത്തിലെ രംഗം. അരങ്ങിൽ സുരഭി; അരങ്ങിലെ എം. റ്റി. യെ കണ്ട് സന്തോഷം പ്രകടിപ്പിക്കുന്ന എം. റ്റി. വാസുദേവൻ നായർ. മഹാസാഗരത്തിന്റെ ആദ്യാവതരണം കോഴിക്കോട്ടു നടന്നപ്പോൾ.

അമിതമദ്യപാനം, ആരെയും ചീത്തവിളിക്കുന്ന സ്വഭാവം... കൊല്ലം നീരാവിൽ പ്രകാശ് കലാകേന്ദ്രമാണ് അന്ന് എന്നെ ഉൾക്കൊള്ളാൻ മനസുകാണിച്ചത്. തെന്മലയിൽ സംസ്ഥാന ഹയർ സെക്കൻഡറി യുവജനോത്സവം നടക്കുന്നതിനിടെ ഒരു തെരുവുവിളക്കിനുകീഴെ പിടിച്ചിരുത്തി കലാകേന്ദ്രത്തിലെ പി.ജെ. ഉണ്ണികൃഷ്ണനെ നാടകം വായിച്ചുകേൾപ്പിച്ചു. എന്റെ 'ജനാലയ്ക്കപ്പുറം' അവിടെ കളിക്കുന്നുണ്ടായിരുന്നു. പൊതുസ്ഥലത്തു സിഗരറ്റു വലിച്ചതിന് അന്നുരാത്രി പൊലീസ് പിടിച്ചു.

പ്രകാശ് കലാകേന്ദ്രത്തിൽ ആദ്യമെത്തുമ്പോൾ 'ഛായാമുഖി'യുടെ പകുതി, കീചകന്റെ രംഗപ്രവേശം വരെ, മാത്രമേ എഴുതിയിരുന്നുള്ളൂ. നാടകം മനസിലുണ്ടായിരുന്നു. ആറുമാസം ദിവസവും തിരുവനന്തപുരത്തുനിന്നു കൊല്ലത്തേക്കും തിരിച്ചും ബൈക്കോടിച്ചു. ഒരുദിവസം ആറ്റിങ്ങലിൽ ഫുട്പാത്തിൽ കിടന്ന് ഉറങ്ങിപ്പോയി!

ഉണ്ണികൃഷ്ണനായിരുന്നു ആദ്യം കീചകൻ. കെ.പി.എ.സി.യിൽനിന്നുള്ള ക്ഷണപ്രകാരം അദ്ദേഹം പോയി. പകരം ശ്രീജിത്ത് രമണൻ വന്നു. 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി'യിൽ പിന്നീടു നായകനായി അഭിനയിക്കുന്ന കെ.പി.എ.സി. അജിത്തായിരുന്നു ഭീമൻ. നാടകം വലിയ ചർച്ചയായി. ദേശീയനാടകോത്സവമായ 'ഭാരത് രംഗ് മഹോത്സവ് 2005'-ൽ ക്ഷണം കിട്ടി. കനപ്പെട്ട 14 വേദികളിൽ പ്രകാശ് കലാകേന്ദ്രം ഛായാമുഖി കളിച്ചു. ഒരിക്കൽ എന്നെ ഇറക്കിവിട്ട സ്കൂൾ ഓഫ് ഡ്രാമയിലും കളിച്ചു. അവിടെ എനിക്കു സ്വീകരണവും തന്നു.

മനോജ്: സ്കൂൾ ഓഫ് ഡ്രാമ പ്രശാന്തിന്റെ ജീവിതത്തിലെ ഒരു ഏടുതന്നെയാണല്ലോ. അതു പ്രത്യേകം പറയാം. 'ഛായാമുഖി'യുടെ ഈ വിജയത്തിനെല്ലാം ശേഷമാണോ മോഹൻലാലും മുകേഷും രംഗത്തുവരുന്നത്?

പ്രശാന്ത്: അതെ. പ്രകാശ് കലാകേന്ദ്രത്തിന്റെ 'ഛായാമുഖി'ക്കു ലാളിത്യമുണ്ടായിരുന്നു. സംഗീതമൊക്കെ തനിമയുള്ളതായിരുന്നു. ജനം പാട്ടുകൾ ഏറ്റുപാടുമായിരുന്നു. അതു സത്യസന്ധമായിരുന്നു. ഏറെക്കുറെ കൂലിപ്പണിക്കാരായ ഒരുകൂട്ടം പച്ചമനുഷ്യർ. കണിശതയുള്ള ആസ്വാദകരെ ആഗ്രഹിക്കുന്ന കലാകാരർ. അവരുടെ അർപ്പണമായിരുന്നു ആ നാടകം. ഞാൻ അവരെ ഒരുപാടു പീഡിപ്പിച്ചിട്ടുണ്ട്. കഥകളിപരിശീലനത്തിന്റെ ഗുരുകുലച്ചിട്ടയിലാണ

ഞാൻ അന്ന നാടകം ചെയ്യിക്കുന്നത്. റിഹേഴ്സലിന്ന വൈകിയെത്തുന്നവരെ നീളത്തിൽ നിരത്തിയ പ്ലാസ്റ്റിക് കസേരകൾക്കു കീഴിലൂടെ മുട്ടുകാലിൽ ഇഴയിച്ചിട്ടുവരെയുണ്ട്! അവർ അതെല്ലാം ഒരു നീരസവും കൂടാതെ ഏറ്റുവാങ്ങി!

'ഛായാമുഖി' മികച്ച രചനയ്ക്കുള്ള 2003-ലെ അവാർഡു നേടി; അവതരണത്തിന്ന ജൂറിയുടെ പ്രത്യേക പരാമർശവും. പാഞ്ചാലിയായി അഭിനയിച്ച സ്മിത എം. ബാബുവിന്ന മികച്ച നടിയ്ക്കുള്ള സംസ്ഥാന അവാർഡു പ്രതീക്ഷിച്ചു. അസാമാന്യപ്രതിഭയാണ്. വാക്കാൽ പൂരിപ്പിക്കാനവാത്ത അനുഭവതലം പകരാൻ കഴിവുള്ള നടി. പക്ഷെ, എന്തുകൊണ്ടോ അവർക്ക് അർഹമായ അംഗീകാരം കിട്ടിയില്ല. കെ.പി.എ.സി. അജിത്തും അദ്ധ്വാനത്തിനനുസരിച്ച ശ്രദ്ധിക്കപ്പെടാതെപോയി. സത്യം പറയാമല്ലോ, സംവിധാനത്തിനും അവാർഡു കിട്ടുമെന്ന പലരും പ്രതീക്ഷിച്ചു.

മനോജ്: മോഹൻ ലാലിനും മുകേഷിനും വേണ്ടി നാടകത്തിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയോ?

പ്രശാന്ത്: സർഗ്ഗസൃഷ്ടിയിൽ ആർക്കുവേണ്ടിയും വിട്ടുവീഴ്ചകൾ ഞാൻ ചെയ്യാറില്ല. നാടകം മെച്ചപ്പെടാനുള്ള മാറ്റങ്ങൾ ഏതുഘട്ടത്തിലും ചെയ്യുകയും ചെയ്യും. മോഹൻ ലാലിനുവേണ്ടി, അല്ല, ഭീമനുവേണ്ടി രണ്ടു മോണോലോഗുകൾ ചേർത്തു. മുകേഷിന്റെ കീചകന് ഒരു പാഞ്ചാലീവർണ്ണന എഴുതിയെങ്കിലും അരങ്ങിൽ ഞാൻ ഒഴിവാക്കി. സംഗീതമൊക്കെ റെക്കോഡ് ചെയ്തു. സെറ്റും ചമയവും കോപ്പുകളുമെല്ലാം മികച്ചതാക്കി. ഡിസൈൻ കൊടുത്തു പ്രൊഫഷണലുകളെക്കൊണ്ടു ചെയ്യിച്ചു. തൃശ്ശൂരിലെ ആദ്യാവതരണം മാദ്ധ്യമങ്ങളിൽ ആഘോഷമായി. അവിടെത്തുടങ്ങിയതാണു വഞ്ചനയുടെയും കുതികാൽവെട്ടിന്റെയും പരമ്പര.

മെഡിക്കൽ ട്രസ്റ്റിലെ രണ്ടാംജന്മം

മനോജ്: വിവാദമാകാവുന്ന വെളിപ്പെടുത്തലുകൾ പ്രതീക്ഷിക്കുന്ന ആ ഭാഗത്തേക്കു വരുന്നതിനുമുമ്പ് റിഹേഴ്സൽ അനുഭവങ്ങൾ ഒന്ന പങ്കുവച്ചാലോ? 'ഛായാമുഖി'

ഇടത്തുനിന്ന്: ഛായാമുഖി രണ്ടാം പതിപ്പിന്റെ പ്രകാശനത്തിനുശേഷം മന്ത്രി റ്റി. എം. തോമസ് ഐസക്കിനൊപ്പം; ഛായാമുഖിയുടെ രണ്ടാം പതിപ്പ് കവി. എൻ. പ്രഭാവർമ്മയ്ക്കു നല്കി മന്ത്രി ഡോ: റ്റി. എം. തോമസ് ഐസക്ക് പ്രകാശനം ചെയ്യുന്നു. ഡോ: രാജശ്രീ വാര്യർ, ഡി. രഘൂത്തമൻ എന്നിവർ വേദിയിൽ.

പുസ്തകരൂപത്തിൽ ഡി.സി. ബുക്സ് പ്രകാശനം ചെയ്ത ചടങ്ങിൽ ഞാനും ഉണ്ടായിരുന്നു. മൂന്നു പതിറ്റാണ്ടിനുശേഷം ആദ്യമായാണ് ഒരു നാടകം അറിയപ്പെടുന്ന ഏതെങ്കിലും പ്രസാധകർ പ്രസിദ്ധീകരിക്കുന്നത് എന്ന് അവിടെ ആരോ പ്രസംഗിച്ചപ്പോൾ മാത്രമാണ് നാടകങ്ങൾ മുമ്പത്തെപ്പോലെ അച്ചടിക്കപ്പെടുന്നില്ലല്ലോ എന്ന കാര്യം ശ്രദ്ധിക്കുന്നത്. ആ യോഗത്തിൽ ആശംസ നേർന്ന കഥാകൃത്ത് തനൂജ ഭട്ടതിരി പറഞ്ഞ സംഭവം ഇവിടെ ഉദ്ധരിക്കുന്നതിൽ വിരോധമില്ലല്ലോ?

പ്രശാന്ത്: എന്തിനു വിരോധം! സത്യങ്ങൾ എല്ലാവരും അറിയട്ടെ!

സംഭവം ഇങ്ങനെ: എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ പി.ആർ.ഒ. ആണു തനൂജ. ഒരുദിവസം തനൂജയ്ക്ക് ഒരു ഫോൺ വന്നു. മറുതലയ്ക്കൽ കേട്ടുപഴകിയ ശബ്ദം. "ഞാൻ മോഹൻലാലാണ്. എനിക്കു വളരെ വേണ്ടപ്പെട്ട ഒരാളെ അവിടേക്കു കൊണ്ടുവരുന്നുണ്ട്. പേരു പ്രശാന്ത് നാരായണൻ. ഗുരുതരാവസ്ഥയിലാണ്. കുറേയേറെ രക്തം ഛർദ്ദിച്ചു. അടിയന്തരമായി വേണ്ടതു ചെയ്യണം." 'വി.ഐ.പി.രോഗി'യെ സ്വീകരിക്കാൻ അതിവേഗം ഒരുക്കങ്ങൾ നടന്നു. മോഹൻലാലിന്റെതന്നെ കാറിൽ അത്യാസന്നനിലയിലാണു രോഗി എത്തിയത്. കൃത്യസമയത്ത് എത്തിക്കാൻ കഴിഞ്ഞതുകൊണ്ടു രക്ഷിക്കാനായി! ദിവസങ്ങളോളം ആശുപത്രിയിൽ കഴിയേണ്ടിവന്നു. ചെലവുമുഴുവൻ മോഹൻലാലാണു വഹിച്ചത്.

മനോജ്: മദ്യത്തിനു നിശ്ശേഷം അടിമയായിക്കഴിഞ്ഞിരുന്ന പ്രശാന്തിനെ അതിൽനിന്നു പൂർണ്ണമായി മോചിപ്പിച്ച് പുതിയൊരു മനുഷ്യനാക്കുന്നതിൽ തനൂജയടക്കം പല നല്ല കൂട്ടുകാരും കാര്യമായ പങ്കു വഹിച്ചിട്ടുണ്ടെന്ന് അറിയാം. എന്തായിരുന്നു അന്നത്തെ അവസ്ഥ? ആ അവസ്ഥയിൽ റിഹേഴ്സൽ ക്യാമ്പൊക്കെ എങ്ങിനെയാണു നടന്നത്?

പ്രശാന്ത്: ഇന്ന് ഓർക്കാൻ ഭയക്കുന്ന ഒരു ഏടാണത്. 'ഛായാമുഖി'യുടെ അവതരണത്തിനു മൂന്നാഴ്ച മാത്രം ഉള്ളപ്പോഴാണത്. കളിയൊരുക്കം മുഴുവൻ പൂർത്തിയായി. റൺ ത്രൂ കഴിഞ്ഞു. ചമയങ്ങളിലെ അവസാനമിനുക്കൽ നടക്കുന്നു. മ്യൂസിക്കിന്റെ ഫൈനൽ ടേപ്പു കേൾക്കാൻ വിസ്മയ മാക്സിൽ ഇരിക്കുകയാണു ഞാനും മോഹൻലാലും മുകേഷും മോഹൻ സിതാരയും.

അന്നു രാവിലേമുതൽ ഞാൻ സമ്മർദ്ദത്തിലായിരുന്നു. എന്റെ അമ്മായിയുടെ മകനും തെക്കൻ കേരളത്തിലെ പ്രമുഖ കഥകളിവേഷക്കാരനുമായ ഗൗരീശപട്ടം ഗിരീശൻ മരിച്ചു എന്ന വാർത്ത അറിഞ്ഞു. പോകാൻ കഴിയാത്തതിന്റെ വിഷമം. നൂറുകൂട്ടം കാര്യങ്ങൾക്കിടയിൽ പി.എം. ബിനുകുമാർ ഇന്റർവ്യൂ ചെയ്യാൻ വരും. ഇതിനെല്ലാം പുറമേ എന്നെ മദ്യപിക്കാൻ വിടരുതെന്ന മോഹൻലാലിന്റെ ശക്തമായ നിർദ്ദേശവും. ഞാനാണെങ്കിൽ അന്നു തുള്ളി കുടിച്ചിട്ടില്ല. തലച്ചോർ മദ്യം ആവശ്യപ്പെടുന്നു. ആകെ അസ്വസ്ഥത. ഇടയ്ക്കു തന്ത്രപരമായി മുങ്ങിയ എന്നെ ബാറിന്റെ മുന്നിൽനിന്നു പിടിച്ചുകൊണ്ടുവന്ന് ഇരുത്തിയിരിക്കുകയാണ്.

മോഹൻലാലിന്റെ മോണോലോഗ് കേട്ട് നിങ്ങളൊരു സംഭവം തന്നെ എന്നു മഹാനടനെ നോക്കി കണ്ണുകാണിച്ചു. കീചകനെ കൊന്നത് എന്തിനെ

ന്ന ഭീമന്റെ ധർമ്മസങ്കടം. ഹിഡുംബിയും ഭീമനുമായുള്ള ഗതകാലപ്രണയരംഗം ഓർക്കുന്നഭാഗം.

“യൗവ്വനം പൂവിട്ടുണരുന്ന പൂവനി കണ്ടോ?
സന്ധ്യകൾ ചായം പുരട്ടുന്ന പൂവള്ളി കണ്ടോ?
കുഞ്ഞിളം കന്യക കാന്തനെ കാത്തിരിക്കുന്നേ...
നെഞ്ചിലെപ്പാട്ടിലലിഞ്ഞിതാ കാന്തൻ വരുന്നേ...”

അവിടം മുതൽ കണ്ണടച്ചാണ് ഞാൻ ഇരിക്കുന്നത്. അടുത്ത തീം സോങ്ങ് കേട്ടു. ...പിന്നെ ഞാനങ്ങ് ഇല്ലാതായി! കണ്ണിൽ കറുത്ത ഒരു ഫലകം മാത്രം. ചിന്തകളേ ഇല്ല.

കണ്ണു തുറക്കുമ്പോൾ ആശുപത്രിയിൽ. ചുറ്റും പതിനേഴ പതിനെട്ടു ഡോക്ടർമാർ. എത്രദിവസം കിടന്നെന്ന് അറിയില്ല. പിന്നെ അത് അന്വേഷിച്ചുമില്ല. മരണം എന്ന അവസ്ഥയാണു ഞാൻ തരണം ചെയ്തതെന്നു സങ്കല്പിക്കുന്നു; ആ ശുദ്ധശൂന്യത.

തിരിച്ചുവന്നത് കൗമാരത്തിനും യൗവ്വനത്തിനും ഇടയിലുള്ള ഒരു പ്രശാന്തായാണ്. കല മാത്രം ലഹരിയായി ആസ്വദിക്കുന്ന പ്രശാന്ത്. ആ സംഭവമാണ് എന്നെ വീണ്ടെടുത്തുതന്നത്. പിന്നെ മദ്യം തൊട്ടിട്ടില്ല. ഇപ്പോൾ ഒരു വ്യാഴവട്ടം കഴിഞ്ഞു.

പക്ഷേ, ആ മദ്യകാലത്തിന്റെ പ്രേതം ഇപ്പോഴും എന്നെ വേട്ടയാടുന്നു. ഞാൻ മഹാമദ്യപനാണെന്നു പറഞ്ഞ് എന്നെ മോശക്കാരനാക്കാനും എന്റെ അവസരങ്ങൾ തട്ടിപ്പറിക്കാനുമുള്ള ശ്രമങ്ങൾ ഇപ്പോൾപ്പോലും നടക്കുന്നു. അടുത്തിടെ ഗൾഫിൽ ഒരു നാടകം ചെയ്യാനുള്ള ചർച്ചകൾ നടന്നു. എല്ലാം തീരുമാനമാകുന്ന ഘട്ടത്തിൽ ആരോ അവരെ വിളിച്ചു പറഞ്ഞത്രേ, കണ്ണൂരിലൊക്കെ കള്ളടിച്ചു റോഡിൽ കിടപ്പാണു ഞാൻ, എന്നെ ഏല്പിച്ചാൽ പണി കിട്ടുമേ എന്ന്!

ഇടത്തുനിന്ന്: മകരദ്ധ്വജനിൽ ഹനുമാന്റെ വിശ്വരൂപപ്രദർശനം — അജിത് സിങ് പലാവത്ത്; മകരദ്ധ്വജനിൽ അജിത് സിങ് പലാവത്ത് ഹനുമാനായി അരങ്ങിൽ.

ധാർവാഡ് രംഗായണയ്ക്കുവേണ്ടി കന്നടഭാഷയിൽ ആശയാവിഷ്കാരം നല്കി പ്രശാന്ത് നാരായ ണൻ സംവിധാനം ചെയ്ത സ്വപ്നവാസവദത്തത്തിലെ രണ്ടു രംഗങ്ങൾ.

ഛായാമുഖിയുടെ അണിയറക്കഥകൾ

മനോജ്: മോഹൻലാലിന്റെ സജീവപിന്തുണ ഉണ്ടായിരുന്നിട്ടും മറ്റുള്ളവർക്കു പ്രശാന്തിനെ വഞ്ചിക്കാൻ എങ്ങനെ കഴിഞ്ഞു? പ്രൊഡക്ഷനിൽ മോഹൻലാലിന്റെ റോൾ എന്തായിരുന്നു?

പ്രശാന്ത്: അദ്ദേഹം എന്നോടു കാട്ടിയ സൗഹൃദംപോലും എനിക്കു വിനയായി എന്നു പറയുന്നതാകും ശരി. മോഹൻലാലിനോട് അടുത്തിടപെടുന്നതു പലർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നതായി തോന്നി. ഒരിക്കൽ എന്നെ വണ്ടിയിൽക്കയറ്റി അദ്ദേഹം ഒരു സർക്കീട്ടു നടത്തി വന്നപ്പോൾ പലരുടെയും ശരീരഭാഷ മാറിയതും ഞാൻ ശ്രദ്ധിച്ചു.

മോഹൻലാലും മുകേഷും ചേർന്നുണ്ടാക്കിയ, രണ്ടുപേരുടെയും സ്ഥാപനങ്ങളുടെ പേരുകൾ ചേർത്ത, 'കാളിദാസ വിഷ്വൽ മാജിക്' ആണ് നിർമ്മാതാക്കളെങ്കിലും പ്രൊഡക്ഷന്റെ നിർവ്വഹണം മുകേഷ് ആയിരുന്നു. ആദ്യാവതരണത്തിനുശേഷം പ്രതിഫലം വിതരണം ചെയ്തതൊക്കെ അദ്ദേഹമാണ്. പ്രതിഫലത്തുക പലരുടെയും പരിഭവത്തിനു കാരണമായപ്പോൾ നടത്തിപ്പുചുമതലയിൽ ഇടവേളബാബു വന്നു. പ്രതിഫലം അഞ്ചിരട്ടിയായി.

ആദ്യാവതരണത്തിന്റെ വേളയിൽത്തന്നെ രചനയും സാക്ഷാത്കാരവും നടത്തുന്ന എന്നെ ഒഴിവാക്കി താരമൂല്യമുള്ള ആരുടെയോ പേര് ആ സ്ഥാനത്തു പ്രതിഷ്ഠിക്കാൻ നടത്തിപ്പുകാർക്കു താത്പര്യമുള്ളതായി തോന്നിയിരുന്നു. തനിക്കു പേരു വേണോ കാശു വേണോ എന്ന ചോദ്യം വരെ നടത്തിപ്പുചുമതലക്കാരനിൽനിന്ന് ഉണ്ടായി. നേരത്തേതന്നെ പൂർണ്ണമായി രൂപകല്പനചെയ്തു നിരവധി അരങ്ങിൽ കളിച്ച '*ഛായാമുഖി*' താനാണു ചെയ്തതെന്ന് അവകാശപ്പെട്ട എട്ടുകാലികൾവരെ ഉണ്ടായി! ഫോട്ടോ സെഷനിൽ ഞാൻ നില്ക്കുന്നതുപോലും ഒഴിവാക്കാൻ ശ്രമം നടന്നു. ഞാൻ ഇട്ടിട്ടുപോകുന്നെങ്കിൽ പോകട്ടെ എന്നു കരുതിയാകണം, ക്ലൈമാക്സ് മാറ്റണമെന്നൊക്കെ വാശിപിടിച്ചു. കീചകനെ കൊല്ലുമ്പോൾ പ്രേക്ഷകർ ചിരിക്കണം എന്നൊക്കെപ്പോലും നടന്റെ നിർദ്ദേശമുണ്ടായി! ഞാൻ കലഹിച്ചുനിന്നു.

'*ഛായാമുഖി*' തിരുവനന്തപുരത്തു കളിച്ചപ്പോൾ വ്യാപകമായി പോസ്റ്റർ പ്രചരിപ്പിച്ചു. നാടകം എഴുതുകയും സംവിധാനം ചെയ്യുകയും ചെയ്ത എന്റെ പേരില്ല! ദുബായിൽ കളിക്കാൻ ആലോചിച്ചപ്പോഴും വലിയ പ്രചാരണമായിരു

ന്നു. ബാനറുകളൊക്കെ വ്യാപകമായിരുന്നു. അവയിലും പക്ഷേ, എന്റെ പേരില്ല! ബംഗളൂരുവിലടക്കം പിന്നെ കളിച്ച എല്ലായിടത്തും ഇത് ആവർത്തിച്ചു. ബംഗളൂരുവിലേക്കു സംഘം പുറപ്പെടുന്നതിന്റെ തലേന്നു മുറിവേറ്റ മനസുമായി ഞാൻ മടങ്ങി. ആ കളിയിൽനിന്നു വിട്ടുനിൽക്കാൻ തീരുമാനിച്ചു. ഡിപ്രഷൻ ബാധിച്ച അവസ്ഥയിലായിരുന്നു ഞാൻ. ആരോടും സംസാരിക്കാൻ വയ്യാത്ത മനോനില. ജോലിയിൽനിന്ന് അവധിയെടുത്തു മാസങ്ങൾ നാടകത്തിനായി നീക്കിവച്ച എനിക്കു കിട്ടിയിരുന്ന പ്രതിഫലം ആ നഷ്ടത്തിന് ആനുപാതികം ആയിരുന്നില്ല. എനിക്കു കോടികൾ കിട്ടി എന്നൊക്കെയാണു ചിലർ പറഞ്ഞു നടന്നത്! മോഹൻലാൽ കൊച്ചിയിൽ ഫ്ലാറ്റു വാങ്ങിത്തന്നു എന്നുവരെ കഥയുണ്ടായി.

നാടകാവതരണമെല്ലാം കഴിഞ്ഞ് നാടകത്തിന്റെ ശബ്ദരേഖ സിഡി ആയി ഇറക്കി. നല്ലതുക ലാഭം കിട്ടിയെന്നറിഞ്ഞു. കാൽക്കാശു തന്നില്ല. മുകേഷേട്ടാ, എനിക്കൊന്നും ഇല്ലേ എന്നു ഗതികേടുകൊണ്ടു ചോദിക്കുകപോലും ചെയ്തു.

പിന്നിൽനിന്നേറ്റ കുത്തുകൾ

മനോജ്: സാമ്പത്തികനേട്ടം മാത്രമായിരുന്നോ ഒഴിവാക്കലിനു പിന്നിൽ?

പ്രശാന്ത്: അറിയില്ല. 'ഛായാമുഖി' ക്കാലത്തിനു ശേഷവും പ്രതികാരം പോലെ പെരുമാറ്റം ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സംഗീതനാടക അക്കാദമി സെക്രട്ടറിസ്ഥാനത്തേക്ക് എന്റെ പേര് ഒ.എൻ.വി.

ഇടത്തുനിന്ന്: മകരദ്ധ്വജനിൽ ഹനുമാനായി അജിത് സിങ് പലാവത്തും മകരദ്ധ്വജനായി അനൂപ് എസ്.കെ.എമ്മും; മകരിയായി പാർവ്വതി നമ്പ്യാരും.

ഇടത്തുനിന്ന്: പ്രശാന്ത് നാരായണൻ; പ്രശാന്ത് നാരായണന്റെ അച്ഛൻ വെള്ളായണി നാരായണൻ നായർ.

സാർ സാംസ്കാരികമന്ത്രിയായ എം.എ. ബേബിയോടു നിർദ്ദേശിച്ചു. സ: ബേബി എന്നെ വിളിപ്പിച്ചു. ഔദ്യോഗികവസതിയിൽ ചെന്നു കാണുകയും ചെയ്തു. പക്ഷെ, മുകേഷ് ചെയർമാനായി അക്കാദമി പുനഃസംഘടിപ്പിച്ചപ്പോൾ ഞാൻ ഒഴിവാക്കപ്പെട്ടു. എങ്ങനെയാണ്, എന്താണ് സംഭവിച്ചതെന്നൊന്നും അറിയില്ല. പിന്നീട് യു.ഡി.എഫ്. സർക്കാർ വന്നപ്പോൾ, എനിക്കു താത്പര്യമില്ലെന്നു പറഞ്ഞിട്ടും, കാവാലം സാറും ശുപാർശ ചെയ്തു. പക്ഷെ, കമ്മ്യൂണിസ്റ്റല്ലേ എന്നു മന്ത്രിയോഫീസ് ചോദിച്ചു.

മനോജ്: വേറെ ആരെല്ലാമാണു പിന്നിൽനിന്നു കുത്തിയവർ?

പ്രശാന്ത്: മോഹൻലാലിനും മുകേഷിനും മുന്നിൽ നാടകം കളിച്ചു കാണിച്ച പലരും ഉണ്ടായിരുന്നു. എന്റെ നാടകം തെരഞ്ഞെടുത്തതു ചിലരെയെല്ലാം അസ്വസ്ഥരാക്കിയിട്ടുണ്ട്. ഇവരിൽത്തന്നെ ചിലർ താരങ്ങളെ വച്ചു നാടകം ചെയ്യുന്നതിനെതിരെ പിന്നെ രംഗത്തുവന്നു എന്നതാണു കൗതുകം. എന്റെ സംവിധാനസഹായി ആയിരുന്നയാൾ തിരുവനന്തപുരത്തെ നാടകാവതരണത്തിന്റെ രാത്രി ഉന്മത്തനായി എന്നെ വിളിച്ചു. തനിക്കു നാടകം സംവിധാനം ചെയ്യാൻ അറിയാമോടേ എന്നായിരുന്നു ചോദ്യം! സംസ്കൃതസർവ്വകലാശാലയിലെ ഇടവഴികളിൽ അലഞ്ഞുതിരിഞ്ഞുനടന്ന അയാൾ താണുവീണപേക്ഷിച്ചിട്ടാണു ടീമിൽ ഉൾപ്പെടുത്തിയത്.

മോഹൻലാലിനെ തൊടാനും കൂടെ അഭിനയിക്കാനും ഒക്കെ ആഗ്രഹവുമായി ഒരുപാടുപേർ വന്നു. കഴിവതും ഉൾപ്പെടുത്താനേ ശ്രമിച്ചിട്ടുള്ളൂ. ഇതിനിടെ അഭിനയിക്കാൻ വന്ന ഒരാളിൽനിന്നു ഞാൻ കാശു വാങ്ങി എന്നുവരെ പ്രചാരണം ഉണ്ടായി. മദ്യനീരാട്ടൊരുക്കിയ ചിലർ എന്റെ പേരിൽ പെൺ

കഥകൾ ചമയ്ക്കുകയും അബോധത്തിന്റെ ന്യായീകരണം പറഞ്ഞ് എന്നെ ഒതുക്കി വിധേയനാക്കുകയും വരെ ഉണ്ടായി. ഒ.എൻ.വി.യുടെ '*ഉജ്ജയിനി*'യിൽ കാളിദാസനെ കുടുക്കാൻ അഭിസാരികയെ അയച്ച വിക്രമാദിത്യന്റെ കൗശലം പോലും പ്രയോഗിക്കപ്പെട്ടു. അപമാനവും അധമബോധവും നിരാശതയും എല്ലാം ചേർന്ന് എന്നെ എനിക്കു നഷ്ടപ്പെട്ട നാളുകളായിരുന്നു അത്. '*ഛായാമുഖി*'യുടെ അവതരണം തുടരുകയായിരുന്നു. ഞാൻ എല്ലാറ്റിലുംനിന്നു വിട്ടുനിന്നു. മനസു കൈവിട്ടു. ചികിത്സയ്ക്കായി ആശുപത്രിയിലായി. ഇതിനിടയിലായിരുന്നു ബംഗളൂരുവിലെ ഞാൻ വിട്ടുനിന്ന അവതരണം. നീണ്ട ചികിത്സ കഴിഞ്ഞു പുറത്തുവന്നപ്പോൾ കേൾക്കുന്നത് ബംഗളൂരുവിൽ കളിക്കു പോയ വാഹനം അപകടത്തിൽപ്പെട്ട വാർത്തയാണ്. മൻസൂറിന്റെ കാലു മുറിച്ചതാണ് ആദ്യം അറിയുന്നത്. രഞ്ജിത്തിന്റെ മരണം—അതു വിശ്വസിക്കാൻതന്നെ കഴിഞ്ഞില്ല. *ഛായാമുഖി*യുടെ അവതരണം ഇതോടെ അവസാനിച്ചുവെന്നു പലരും സന്തോഷിച്ചു. ചിലർ അതിക്രൂരമായ ഫോൺവിളിപോലും നടത്തി വേദനിപ്പിച്ചു. പക്ഷെ, നാടകം പിന്നെയും കളിച്ചു.

സൗഹൃദം ആദരിക്കുന്ന മോഹൻലാൽ

മനോജ്: മോഹൻലാലുമായുള്ള ബന്ധം? അതിനു കോട്ടമൊന്നും വന്നില്ലല്ലോ? അദ്ദേഹവുമായി ചേർന്നുള്ള പ്രൊജക്ടുകളൊന്നും പിന്നെ ആലോചിച്ചില്ലേ?

പ്രശാന്ത്: അദ്ദേഹവുമായി നല്ല ബന്ധമാണ്. എന്റെ ഏതു കാര്യത്തിനും എപ്പോഴും അദ്ദേഹത്തെ ചെന്നു കാണാം. ഞാനൊരു സിനിമ എഴുതിയാൽ അദ്ദേഹം പ്രൊഡ്യൂസ് ചെയ്ത് അഭിനയിക്കാമെന്നുവരെ പറഞ്ഞിട്ടുണ്ട്. മറ്റാർക്കുംവേണ്ടി സിനിമാശുപാർശയുമായി ചെല്ലരുതെന്നു മാത്രം. 2017 ഓഗസ്റ്റിൽ മോഹൻലാലിനെ ആദരിക്കാൻ മനോരമ കൊച്ചിയിൽ സംഘടിപ്പിച്ച ചടങ്ങിലേക്ക് അദ്ദേഹവുമായി അടുത്തബന്ധമുള്ള 15 പേർക്കൊപ്പം എന്നെയും ക്ഷണിച്ചിരുന്നു.

ഒ.എൻ.വിയുടെ '*ഉജ്ജയിനി*' നാടകമാക്കുന്നത് മോഹൻലാൽ ആവശ്യപ്പെട്ടിട്ടാണ്. '*ഛായാമുഖി*'യുടെ രണ്ടാം അവതരണത്തിനു തയ്യാറെടുക്കു

ഛായാമുഖിയുടെ റിഹേഴ്സലിനിടെ മല്ലയുദ്ധരംഗം പരിശീലിക്കുന്ന മോഹൻലാലും പ്രശാന്ത് നാരായണനും. പിന്നിൽ അന്തരിച്ച നടൻ മൻസൂർ.

പ്രശാന്ത് നാരായണന്റെ സംവിധാനത്തിൽ കർണ്ണാടകത്തിലെ രംഗായണ അവതരിപ്പിച്ച സ്വപ്നവാസവദത്തം നാടകത്തിലെ രംഗങ്ങൾ.

മ്പോൾ 2007-ൽ ഒരുദിവസം മോഹൻലാൽ ആ പുസ്തകം കയ്യിൽ തന്നിട്ടു പറഞ്ഞു, പ്രശാന്തേ, ഇതു പ്രശാന്തൊരു സ്ക്രിപ്റ്റാക്കിത്തരണം. അദ്ദേഹം ഉദ്ദേശിച്ചതു സിനിമയാണോ നാടകമാണോ എന്ന് എനിക്കിപ്പോഴും അറിയില്ല. എന്നോടു പറഞ്ഞതുകൊണ്ട് നാടകമാക്കാനാണ് ഉദ്ദേശിച്ചതെന്നാണു തോന്നിയത്.

'*ഉജ്ജയിനി*' വലിയ വെല്ലുവിളി ആയിരുന്നു. ഒ.എൻ.വി.യെ കണ്ടു. കാളിദാസനെയും കൃതികളെയും പറ്റി അപാരമായി പഠിച്ച ഒ.എൻ.വി.യുടെ കൃതി നാടകമാക്കാൻ ഞാൻ ആദ്യം പഠിക്കേണ്ടതു കാളിദാസനെയാണെന്നു മനസിലായി. കിട്ടാവുന്ന കാളിദാസകൃതികൾ മുഴുവൻ വായിച്ചു. സുധാംശു ചതുർവ്വേദിയുടെ '*കാളിദാസനാടകസർവ്വസ്വം*' വാങ്ങി പഠിച്ചു. മോഹൻ രാകേഷിന്റെ '*ആഷാഢ് കീ ഏക് ദിൻ*' വീണ്ടും വായിച്ചു. പല സംസ്കൃതപണ്ഡിതരുമായും സംസാരിച്ചു. ഒ.എൻ.വി.യുമായി പലവട്ടം വിശദചർച്ച നടത്തി—അദ്ദേഹം കാളിദാസനിലേക്ക് എത്തിയത്, കൃതികളിലൂടെ അദ്ദേഹത്തിന്റെ വ്യക്തിജീവിതം കരുപ്പിടിപ്പിച്ചത് ഒക്കെ. അദ്ദേഹം കാവ്യാത്മകമായാണു കാളിദാസനെ സമീപിച്ചത്. എനിക്കു വേണ്ടതു ദൃശ്യവ്യാഖ്യാനവും. '*ഉജ്ജയിനി*'യെ ആധാരമാക്കി 15 ദിവസത്തെ ശില്പശാല വേണമെന്ന് ഒ.എൻ.വി.യോടു പറഞ്ഞു. നാടകം അതിൽനിന്നു രൂപപ്പെട്ടുവരണം. ഇതിൽ ഭാഗഭാക്കാകുന്നവരെല്ലാം ഒ.എൻ.വി.യുടെ '*ഉജ്ജയിനി*' പഠിച്ചിരിക്കണം. വർക്കല ഗസ്റ്റ് ഹൗസിലിരുന്നു. സെറ്റിന്റെ മാതൃക ഉണ്ടാക്കി. നാടകം എഴുതിത്തീർക്കുകയും ചെയ്തു. ധാരാളം പണം ചെലവായതല്ലാതെ നാടകം അവതരിപ്പിക്കാനായില്ല. മോഹൻലാലിന്റെ തിരക്കായിരുന്നു കാരണം. വർഷങ്ങളായി. ഒരു പൈസ ആരും തന്നിട്ടില്ല. ആരാണു പണം മുടക്കുന്നതെന്നറിയില്ല. പണത്തെപ്പറ്റി ആരും ചർച്ച ചെയ്യുന്നില്ല.

കുറച്ചുനാൾ മുമ്പ് മോഹൻലാൽ കോവളം ടാജ് ഹോട്ടലിലേക്കു വിളിപ്പിച്ചു. മഞ്ജു വാര്യരെ ഉൾപ്പെടുത്തി ഒരു പ്രൊജക്റ്റ് ചെയ്യണം എന്നു പറഞ്ഞു. ഞാൻ '*ചിത്രലേഖ*' എഴുതുന്ന സമയം ആയിരുന്നു. അതുപോലെ അമിതാഭ് ബച്ചൻ-മഞ്ജു വാര്യർ ടീമിനായി ഒരു നാടകം ചെയ്യണമെന്ന ആവശ്യവും വന്നിരുന്നു. ഹരിവംശ റായി ബച്ചന്റെ '*മധുശാല*' അവർ നിർദ്ദേശിക്കുകയും ചെയ്തു. പിന്നീട് സത്യൻ അന്തിക്കാടിന്റെ '*എന്നും എപ്പോഴു*'മിന്റെ സെറ്റിൽ

വച്ച് ലാൽ പറഞ്ഞു, '*ഛായാമുഖി*' വീണ്ടും കളിക്കണമെന്നുണ്ടെന്ന്. പക്ഷെ, സംഘടിപ്പിക്കാൻ പറ്റിയ ആളെ കാണുന്നില്ലത്രേ. ആശയങ്ങൾ പലതുമുണ്ട്. ഒന്നും മുന്നോട്ടു പോകുന്നില്ല.

മനോജ്: കേരളത്തിൽ ഗൗരവവും കലാമൂല്യവുമുള്ള നാടകങ്ങൾക്ക പ്രേക്ഷകർ കുറവാണ്. അത്തരമൊരു ആസ്വാദനസംസ്കാരം നമുക്ക് അന്യമാണ്. അതുകൊണ്ടുതന്നെ നല്ല തീയറ്റർ സംഘാടകരും ഇല്ല. കാര്യമായി പണം മുടക്കി നാടകം ചെയ്യാൻ കഴിയുന്ന സംഘങ്ങളും ഇല്ല. നാടകസംഘം നടത്തി പരിചയമുള്ള സിനിമക്കാർ മുകേഷിനെപ്പോലെ അധികമില്ലല്ലോ. പിന്നെയുള്ളത് ജഗതി ശ്രീകുമാറാണ്. അദ്ദേഹം കുറച്ചുനാൾ '*കലാനിലയം സ്ഥിരം നാടകവേദി*' എടുത്തു നടത്തിയിരുന്നല്ലോ. അദ്ദേഹമാകട്ടെ വയ്യാതെയുമായി.

പ്രശാന്ത്: അതെ. ജഗതി ശ്രീകുമാർ മൗലികമായ താത്പര്യമുള്ള ആളാണ്. '*ഛായാമുഖി*'യുടെ കോഴിക്കോട്ടെ അവതരണത്തിനു 30 ലക്ഷം രൂപ മുടക്കിയ ആളുണ്ട്—കോഴിക്കോട് ഉണ്ണി എന്നറിയപ്പെടുന്ന ഉണ്ണി പേരടി. അദ്ദേഹവുമായി ചേർന്ന് എന്റെ നാടകം ചെയ്യാൻ ജഗതി തീരുമാനിച്ചിരുന്നു. അദ്ദേഹംതന്നെ പ്രൊഡ്യൂസറും നായകനും.

ജഗതി പ്രൊഡ്യൂസ് ചെയ്ത് അഭിനയിച്ച, ഏഷ്യാനെറ്റ് സംപ്രേഷണം ചെയ്ത '*എല്ലാം മായാജാല*'ത്തിൽ ഞാനും അഭിനയിച്ചിരുന്നു. അന്നേ എന്നെ ഇഷ്ടമാണ്. കോഴിക്കോട്ട് '*ഛായാമുഖി*' കണ്ടശേഷം അദ്ദേഹം സ്റ്റേജിൽ വന്നു സംസാരിച്ചു. മോഹൻലാലിന്റെ ഭീമനെപ്പറ്റിയും മുകേഷിന്റെ നാടകപാരമ്പര്യത്തെപ്പറ്റിയുമെല്ലാം പ്രശംസിച്ചശേഷം അദ്ദേഹം പറഞ്ഞു: "ഇവരുടെ പ്രഭാവലയത്തിൽ മങ്ങിപ്പോയ ഒരാളുണ്ട്—പ്രശാന്ത് നാരായണൻ. പ്രശാന്ത് സ്റ്റേജിലേക്ക വരണം. ആരും ഇദ്ദേഹത്തെപ്പറ്റി പറഞ്ഞുകേൾക്കുന്നില്ല. പ്രശാന്തിനെ പ്രശംസിക്കാതെ പോകുന്ന കാഴ്ചയാണ് ഇതിന്റെ ഉദ്ഘാടനച്ചടങ്ങുമുതൽ കേരളം കണ്ടുകൊണ്ടിരിക്കുന്നത്."

ഇടത്തുനിന്ന്: ഛായാമുഖിയുടെ റിഹേഴ്സലിനിടെ മോഹൻലാലും പ്രശാന്ത് നാരായണനും ചർച്ചയിൽ; പ്രശാന്ത് നാരായണൻ.



ഇടത്തുനിന്ന്: ഛായാമുഖിയിൽ ഹിഡുംബിയായി സ്നേഹ ശ്രീകുമാറും ഭീമനായി മോഹൻലാലും; ഛായാമുഖിയുടെ ഒന്നാം പതിപ്പിന്റെ മുഖച്ചിത്രം.

സിനിമക്കാർ തേടിവന്ന നാളുകൾ

പ്രശാന്ത്: അതിനുശേഷമാണ് അദ്ദേഹം എന്നെ വിളിച്ച് അദ്ദേഹത്തിന് അഭിനയിക്കാൻ പറ്റുന്ന ഒരു നാടകം ചെയ്യണമെന്ന് ആവശ്യപ്പെടുന്നത്. '*ദേവയാന*'ത്തിന്റെ കഥ പറഞ്ഞുകേൾപ്പിച്ചു. അദ്ദേഹത്തിന് ഇഷ്ടമായി. സ്ക്രിപ്റ്റ് വായിക്കുമ്പോൾ അദ്ദേഹത്തിന്റെ കണ്ണിൽ രണ്ടു നക്ഷത്രങ്ങൾ തിളങ്ങുന്നതു ഞാൻ ശ്രദ്ധിച്ചു. മോഹൻലാലിന്റെ കണ്ണിൽ മാത്രമേ ആ തിളക്കം ഞാൻ കണ്ടിട്ടുള്ളൂ. ഒരുതരം ട്രാൻസ്ഫോർമേഷൻ.

ആശാന്റെയും ശുക്രാചാര്യരുടെയും വേഷം ചെയ്യാൻ ആവേശപൂർവ്വം തയ്യാറായി. ഡയലോഗു മുഴുവൻ അദ്ദേഹം കാണാപ്പാഠം പഠിച്ചു! വടശ്ശേരി വാസു എന്ന കഥാപാത്രമായി ഇന്ദ്രൻസിനെ കാസ്റ്റ് ചെയ്തു. ആദ്യഘട്ടമായി പട്ടം സ്കൂളിൽ 15 ദിവസം ക്യാമ്പു നടത്തി. ജഗതിക്കു വരാൻ പറ്റാഞ്ഞതിനാൽ ക്യാമ്പു കൊച്ചിക്കു മാറ്റാൻ പറഞ്ഞു. റിഹേഴ്സലിനു തൃപ്പൂണിത്തുറയിൽ ഒരു വീടു വാടകയ്ക്കെടുത്തു. മുറ്റം മെഴുകി മേൽക്കൂരയിട്ടു. റിഹേഴ്സൽ തുടങ്ങി. ജഗതിക്കു ഡമ്മിയെയിട്ട് എല്ലാ സീനും ചിട്ടയാക്കി. നാടകത്തിൽ വ്യത്യസ്തമായ 19 സെറ്റുകളാണ്! രണ്ടേകാൽ മാസത്തെ അദ്ധ്വാനഫലമായി എല്ലാം റെഡിയായി. യൂറോപ്പിലും മറ്റും കളിക്കാവുന്ന വിധത്തിൽ നാടകം ചാർട്ട് ചെയ്തു.

അവസാനവട്ട ആലോചനയ്ക്കായി കോഴിക്കോട്ടു മീറ്റിങ് വച്ചു. രതീഷിന്റെ കാറിൽ അവിടേയ്ക്കു പോകവെ, തൃശ്ശൂരെത്തിയപ്പോൾ ഉണ്ണികൃഷ്ണന്റെ വിളി: "അമ്പിളിച്ചേട്ടൻ അപകടത്തിൽപ്പെട്ടു. ഗുരുതരാവസ്ഥയിലാണ്!" ഒന്നരലക്ഷം രൂപ മുടക്കിയിരുന്നു. രണ്ടേകാൽ ലക്ഷംകൂടി തരാനിരിക്കെയാണ് ആ മഹാദുരന്തം സംഭവിച്ചത്. അപകടത്തിനു തൊട്ടുമുമ്പു സംസാരിക്കുമ്പോഴും പറഞ്ഞിരുന്നു: "പലരും പാരവയ്ക്കും. പക്ഷേ, കൊക്കിനു ശ്വാസമുണ്ടെങ്കിൽ ഇതു നടന്നിരിക്കും." നടന്നിരുന്നെങ്കിൽ അതൊരു ചരിത്രമാകുമായിരുന്നു. അനന്തസാദ്ധ്യതകളുള്ള ഒരു ദൃശ്യസിംഫണി ആയിരുന്നു ദേവയാനം.

ഗുരുവിന്റെയും ശുക്രാചാര്യരുടെയും വേഷം ജഗതി ചെയ്യാനായിരുന്നു തീരുമാനം. 'ദാ, ഞാൻ വരുന്നതിങ്ങനാടാ' എന്നുപറഞ്ഞ് കൈവണ്ടിയിൽ ആട്ടപ്പെട്ടിക്കുമുകളിൽ ഇരുന്നുള്ള ആശാന്റെ വരവൊക്കെ ജഗതി ആവേശപൂർവ്വം അവതരിപ്പിച്ചുകാട്ടിയതാണ്. എന്തുചെയ്യാം...! (നിരാശതയുടെ ദീർഘനിശ്വാസം)

മനോജ്: വേറെ സിനിമക്കാരാരും നാടകം ചെയ്യാൻ സന്നദ്ധരായി വന്നില്ലേ?

പ്രശാന്ത്: ഉവ്വ്. 2016-ൽ *അഭിജ്ഞാനശാകുന്തളം* അവതരിപ്പിച്ചശേഷം ഒരു വർഷത്തേക്കുള്ള ഒരു പ്രൊഡക്ഷൻ എന്ന നിലയിൽ ഒരു നാടകം ചെയ്യണം എന്ന താത്പര്യവുമായി മഞ്ജു വാര്യർ ചർച്ച നടത്തിയിരുന്നു. അതു വളരെ ഉത്സാഹമുണ്ടാക്കി. സമകാലികവും സ്ത്രീപക്ഷസമീപനം ഉള്ളതുമായ ഒരു നാടകമാണ് ചെയ്യാൻ ആലോചിച്ചത്. എന്നാൽ, എന്റെ നാടകസങ്കല്പത്തിനു നിരക്കാത്ത ചില നിർദ്ദേശങ്ങൾക്കായി നടത്തിപ്പുകാർ നിർബ്ബന്ധം പിടിച്ചപ്പോൾ ഞാൻ പിന്മാറി.

അതിനുമുമ്പ് ഒരു പരീക്ഷണവുംകൂടി നടന്നിരുന്നു, 2012 – 13 സമയത്ത്. സരയു, ഇന്ദ്രൻസ്, നിഷാന്ത് സാഗർ, സുധീഷ് എന്നിവർ ചേർന്നു *വജ്രമുഖൻ* ചെയ്യാനുള്ള ഒരു പദ്ധതി വന്നു. *മഞ്ഞുപോലൊരു പെൺകുട്ടി*യിലെ നായക

ഇടത്തുനിന്ന്: മകരദ്ധ്വജനിൽ ഹനുമാന്റെ വിശ്വരൂപപ്രദർശനം; പ്രശാന്ത് നാരായണന്റെ സംവിധാനത്തിൽ കർണ്ണാടകത്തിലെ രംഗായണ അവതരിപ്പിച്ച സ്വപ്നവാസവദത്തം നാടകത്തിലെ രംഗം.

നായിരുന്ന ജയകൃഷ്ണൻ, വിനീത് കുമാർ തുടങ്ങിയ സിനിമാനടന്മാരും കടന്നു വന്നു. ഗോകുലം ഗോപാലൻ പ്രൊഡ്യൂസ് ചെയ്യാൻ തയ്യാറായി. പന്ത്രണ്ടുല ക്ഷത്തിന്റെ പ്രൊജക്റ്റ് തയ്യാറാക്കി. സുധീഷിന്റെ നിർദ്ദേശപ്രകാരം അത് 20 ലക്ഷത്തിന്റേതാക്കി. പക്ഷേ, ബജറ്റൊന്നും എനിക്കു കാണണ്ടാ, *ഛായാമുഖി* ഞാൻ കണ്ടിരുന്നു എന്നായിരുന്നു ഗോകുലം ഗോപാലന്റെ പ്രതികരണം. നാടകം നിർമ്മിക്കാൻ അദ്ദേഹം സമ്മതിച്ചു.

ഒരു കുറവും സെലിബ്രിറ്റികൾക്കു വരാതെ നോക്കി. ഹോട്ടൽ വൈറ്റ് ഫോർട്ടിൽ മുറികളെടുത്തു താമസിപ്പിച്ചു. തൃപ്പൂണിത്തുറയിൽ ക്യാമ്പ്. നാലുമാസത്തോളം റിഹേഴ്സൽ നടന്നു. ഞാൻ കടം വാങ്ങിയാണു കാര്യങ്ങൾ നടത്തിയത്. തൃശ്ശൂർ ലുലു ഇന്റർനാഷണൽ ഓഡിറ്റോറിയമൊക്കെ ബുക്കു ചെയ്തു. ആദ്യരണ്ടു ഗഡുവായി രണ്ടുലക്ഷം രൂപ പ്രൊഡ്യൂസർ തന്നു. അതു നാടകത്തിന്റെ അതുവരെയുള്ള കടം വീട്ടാൻ ഉപയോഗിക്കാതെ മണ്ടനായ ഞാൻ നാടകത്തിന്റെ തുടർക്കാര്യങ്ങൾക്കായി ചെലവഴിച്ചു.

ഇതിനിടെ 'അമ്മ' യുടെ ഒരു യോഗം നടന്നു. അതുകഴിഞ്ഞു ക്യാമ്പു തുടങ്ങിയപ്പോൾ ചില രംഗങ്ങൾ എങ്ങനെ ചെയ്യും എന്നൊക്കെയുള്ള അനാവശ്യ സന്ദേഹങ്ങൾ ചില നടന്മാർ ഉയർത്തിത്തുടങ്ങി. പല പ്രധാനികളിലും വലിയ മാറ്റം പ്രകടമായി. ചിലർ കാശു ചോദിച്ചുതുടങ്ങി. കാര്യങ്ങൾ മുന്നോട്ടുപോകാത്ത അവസ്ഥയായി. ആ ഘട്ടത്തിൽ സുധീഷ് പെട്ടെന്ന് എത്രരൂപ ബാക്കിയുണ്ടെന്നു ചോദിച്ചു. 76,000 എന്നു ഞാൻ പറഞ്ഞു. അതിങ്ങു ചെക്കെഴുതിത്താ എന്നായി. അത് എഴുതിക്കൊടുത്തു പിരിയാം എന്നു തീരുമാനിച്ചു. ആഘട്ടത്തിൽ വേറെ വഴി ഉണ്ടായിരുന്നില്ല.

പൊടുന്നനെ എന്താണു സംഭവിച്ചതെന്ന് ഇപ്പോഴും അറിയില്ല; ആരാണു കളിച്ചതെന്നും. തിരുവനന്തപുരത്തു മടങ്ങിയെത്തിയശേഷം താത്പര്യമുള്ളവ

കാവാലം നാരായണപ്പണിക്കരോടൊപ്പം പ്രശാന്ത് നാരായണൻ.

രെ ചേർത്തു മുന്നോട്ടുപോകാൻ ശ്രമിച്ചു. സരയു അടക്കം മിക്കവരും ഫോണെടുത്തില്ല. നടൻ മുകുന്ദൻ ഉൾപ്പെടെ ചിലർ താത്പര്യപൂർവ്വം കാറെടുത്തു വന്നു ചർച്ച നടത്തിയെങ്കിലും പ്രൊജക്റ്റ് നടപ്പായില്ല. ട്രെൻഡ് സെറ്റർ ആകുമായിരുന്ന പ്രൊജക്റ്റ്. ഏതായാലും ഞാൻ മൂന്നേകാൽ ലക്ഷം രൂപയുടെ കടക്കാരനായി; മുട്ടത്തറയിൽനിന്നു ബ്ലേഡുപലിശയ്ക്കെടുത്ത ഒന്നേകാൽ ലക്ഷം അടക്കം. ഇനിയും കൊടുത്തുതീർക്കാത്ത കടങ്ങളുണ്ട്. അതൊന്നുമായിരുന്നില്ല ദുഃഖം, വെറുതേ പോയ അദ്ധ്വാനവും സമയവും! അതിലേറെ, നാടകക്കാരുടെ ജീവിതനിലവാരം ഉയരാൻ കളമൊരുങ്ങുമായിരുന്ന ഒരു അന്തരീക്ഷവും അതുവഴി നാടകരംഗത്തിനാകെ ഉണ്ടാകുമായിരുന്ന പുതിയ മാനവും.

സിനിമക്കാരുടെ നാടകംകളി

മനോജ്: പുതിയ പ്രൊജക്റ്റുകൾ?

പ്രശാന്ത്: ഗൗരവമുള്ള ഒന്നുരണ്ടു പ്രൊജക്റ്റുകൾ ആലോചനയിലുണ്ട്.

മനോജ്: സിനിമക്കാരുടെ?

പ്രശാന്ത്: അല്ല. കുറേനാളായി മനസിൽ പരുവപ്പെട്ടുവരുന്നവയാണ്. സിനിമക്കാർ സന്നദ്ധരായി വന്നാൽ സ്വാഭാവികമായും സ്വാഗതം ചെയ്യും.

മനോജ്: സിനിമാതാരങ്ങൾ നാടകം ചെയ്യാൻ വരുന്നതിനെപ്പറ്റി നാടകപ്രവർത്തകർക്കു ഭിന്നാഭിപ്രായങ്ങൾ ഉണ്ടല്ലോ. അതുകൊണ്ട് നാടകത്തിന് എന്താണു ഗുണം എന്നതാണു പ്രധാന ചോദ്യം. നാടകപ്രവർത്തകർക്ക് അത്രകണ്ട് അവസരം നഷ്ടപ്പെടുകയല്ലേ? താരങ്ങളെ വച്ചു നാടകം ചെയ്ത ആൾ എന്ന നിലയിൽ പ്രശാന്ത് ഇതിനെ എങ്ങനെയാണു കാണുന്നത്?

പ്രശാന്ത്: താരപ്പൊലിമയും അതിനോടുള്ള നമ്മുടെ മനോഭാവവും നമ്മിൽ ഇനിയും മാറാതെ കുടിയിരിക്കുന്ന ഫ്യൂഡലിസത്തിന്റേതാണ്. ഞാൻ താരങ്ങളെ വച്ചല്ല നാടകം ചെയ്യുന്നത്, അവരിലെ അഭിനയമികവിനെ വച്ചാണ്. സർഗ്ഗാത്മകമായ ഒരു വിട്ടുവീഴ്ചയ്ക്കും ഞാൻ തയ്യാറാവില്ല. കാവാലവും ഇവരെയൊക്കെ വച്ചു നാടകം കളിച്ചുവല്ലോ. പരീക്ഷണങ്ങളെന്ന പേരിൽ ദുർഗ്രഹതയും കൃത്രിമത്വവുമൊക്കെ കൊണ്ടുവന്ന് ജനങ്ങൾ നാടകത്തിൽനിന്ന് അകന്നുപോയ ഒരു ഘട്ടത്തിൽ ഇത്തരം മുൻകൈകൾ അവരുടെ താരമൂല്യം കൊണ്ടുതന്നെ നാടകത്തെ ജനശ്രദ്ധയിലേക്കു കൊണ്ടുവരികയാണു ചെയ്തത്. പ്രേക്ഷകരുടെ എണ്ണം കൂടി. നാടകപ്രവർത്തകർക്കു ഗൗരവം വന്നു. '*ഛായാമുഖി*' പ്രൊജക്റ്റിൽ പ്രവർത്തിച്ച കലാകാരർക്കും സാങ്കേതികപ്രവർത്തകർക്കും മികച്ച പ്രതിഫലം ലഭിക്കാൻ അവസരമുണ്ടായി. കലാമൂല്യമുള്ള ഒരു രചനയിൽ സെലിബ്രിറ്റിമൂല്യംകൂടി ചേരുമ്പോൾ മികവും മിഴിവും കൂടുകയാണു ചെയ്യുക. മാദ്ധ്യമങ്ങളും ആ നാടകങ്ങൾക്കു കൂടുതൽ പ്രാധാന്യം നൽകും. അതും പൊതുവിൽ നാടകത്തിനാണല്ലോ ഗുണം ചെയ്യുക. എനിക്ക് ഒറ്റ താത്പര്യമേയുള്ളൂ. നാടകം പരമാവധിപേർ ടിക്കറ്റെടുത്തുതന്നെ കാണണം. എന്റെ പിൻമുറക്കാർക്ക് മറ്റ് ഏതു പ്രൊഫഷണലിനെയുംപോലെ നാടകം മാത്രം ചെയ്തു സമൃദ്ധമായി ജീവിക്കാൻ സാധിക്കണം. അതിനു താരസാന്നിദ്ധ്യം പ്രയോജനപ്പെടും എന്നുതന്നെയാണു ഞാൻ കാണുന്നത്.

ഛായാമുഖിയിൽ ഭീമനായി വേഷമിട്ട മോഹൻലാലും പാഞ്ചാലിയായ അപർണ്ണ നായരും.

22 വയസിലെ വജ്രമുഖൻ

മനോജ്: സുധീഷുംമറ്റും ഉൾപ്പെട്ട പ്രൊജക്റ്റിൽ പറഞ്ഞ 'വജ്രമുഖൻ' ഒരിക്കൽ കളിച്ച നാടകമല്ലേ?

പ്രശാന്ത്: അതെ. 1994 ഓഗസ്റ്റ് 17-ന്. തിരുവനന്തപുരം കാർത്തികതിരുനാൾ തീയറ്ററിൽ. നിറഞ്ഞുകവിഞ്ഞ സദസ്സായിരുന്നു. എണ്ണൂറോളം പേർ ഒന്നേമുക്കാൽ മണിക്കൂർ നിശ്ശബ്ദം കണ്ടിരുന്നു. തെരുവിൽ നാടകം കളിച്ചുനടക്കുന്ന ഒരു തമിഴ് സംഘത്തിന്റെ കഥയായിരുന്നു. ഓരോ നാട്ടിൽ അവർ ഓരോ കഥ പറയും. അന്ന് അവർ കളിക്കുന്നത് പാണ്ഡവരുടെ കഥയാണ്. നാടകം മുഴുവനും തമിഴ്. അന്തർനാടകം മുഴുവൻ മണിപ്രവാളം. മണ്ടൻ കുഞ്ചു ഫെയിം അനൂപ് എസ്.കെ.എം. ആയിരുന്നു തമിഴൻ. ഇന്നത്തെ മറിമായം ശ്രീകുമാർ കോതണ്ടൻ എന്ന ശിഷ്യൻ. നിസ്സാർ അഹമ്മദ് സേഠാണു കർണ്ണനായത്. സി.പി. പ്രകാശ് ശല്യർ. ബ്രാഹ്മണനായി ഞാൻതന്നെ വേഷമിട്ടു.

പരശുരാമാശ്രമത്തിലെ വണ്ട് കർണ്ണന്റെ ജീവിതത്തിൽ ഉടനീളം ഉണ്ടായിരുന്നു. ഒരുഘട്ടത്തിൽ കോതണ്ടൻതന്നെ വണ്ടാകും. കുന്തി കുഞ്ഞിനെ ആറ്റിൽ ഒഴുക്കുന്നില്ല. കുന്തിയുടെ കൈയിൽ വണ്ടു തട്ടി കുഞ്ഞ് ആറ്റിൽ വീഴും. ഒരുസംഘം ഭടന്മാർ വണ്ടിനു പിന്നാലെ. മറ്റൊരു സംഘം കുഞ്ഞിനു പിന്നാലെയും. പുരാണവും ആധുനികകാലവും ഇടകലരുന്ന അവതരണമാണ് അതിന്റേത്.

സ്കൂൾ ഓഫ് ഡ്രാമയിൽ പ്രൊജക്റ്റ് വർക്കായി ചെയ്യാനിരുന്നതാണ്. അവിടെ ചെയ്തിരുന്നെങ്കിൽ ഈ അംഗീകാരം കിട്ടുമായിരുന്നില്ല. അവിടെനിന്നു പുറത്താക്കപ്പെട്ടതു നന്നായി എന്നു തോന്നുന്ന നിരവധി സന്ദർഭങ്ങളിൽ ഒന്നായിരുന്നു അത്. ഒരു മുഴുനീളനാടകം ചെയ്യാമെന്ന ആത്മവിശ്വാസം നേടിത്തന്നത് ആ അനുഭവമാണ്. അന്ന് എനിക്ക് 22 വയസ്.

ഗൗരവമുള്ള നാടകകാരനിലേക്കുള്ള പരിണാമം *വജ്രമുഖ*നിലൂടെ ആയിരുന്നു. കാവാലം നാരായണപ്പണിക്കർ എന്നെ ശ്രദ്ധിക്കുന്നത് അപ്പോഴാണ്. അഞ്ചുമിനുട്ട കഴിഞ്ഞാൽ പോകും എന്നു പറഞ്ഞു വന്ന അദ്ദേഹം നാടകം മുഴുവനും കണ്ടു. നാഷണൽ സ്കൂൾ ഓഫ് ഡ്രാമ ചെയർമാനൊക്കെ ആയ രത്തൻ തിയ്യം എന്ന മണിപ്പൂരി നാടകകാരന്റെ അടുക്കും ചിട്ടയും ഉണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ കൊടുത്ത ദക്ഷിണ തിരിച്ചുതന്നു അദ്ദേഹം! എന്നെ സ്വന്തം ഗ്രൂപ്പിലേക്ക വിളിക്കുകയും ചെയ്തു.

കാവാലം സാറിനൊപ്പം ഉണ്ടായിരുന്ന കാലഘട്ടം വലിയ അനുഭവമായിരുന്നു; പല വിദേശരാജ്യത്തെയും തീയറ്ററിനെ അറിയാനുള്ള അവസരവും. 96-ൽ ബംഗ്ലാദേശ്-ഇൻഡ്യ ഫെസ്റ്റിവൽ, ഉജ്ജയിൻ ഫെസ്റ്റ്, കാരന്തും ഹബീബ് തൻവീറും അടക്കമുള്ള പ്രഗത്ഭരുടെ അവതരണങ്ങൾ, ആദിവാസീസംസ്കാരത്തിൽനിന്ന് ഉരുവംകൊണ്ട *ചരൺ ദാസ് ചോർ*, അങ്ങനെ പലതും.

പ്രസക്തിയേറുന്ന 'സായിപ്പിന്റെ പൂച്ച'

മനോജ്: പ്രകാശ് കലാകേന്ദ്രവുമായുള്ള ബന്ധം? അവരും പ്രശാന്തിനെ കയ്യൊഴിഞ്ഞോ?

പ്രശാന്ത്: എനിക്ക് ഏറ്റവും കടപ്പാടുള്ള ഒരു കൂട്ടരാണവർ. പിണങ്ങാൻ കഴിയില്ലെന്നു കരുതിയിരുന്ന ആ സംഘവുമായും അകലാൻ ഇടയായി. ആ സംഘത്തെ പൂർണ്ണമായി ഒഴിവാക്കി പുതിയ ആളുകളെ വച്ചു *ഛായാമുഖി* കളിച്ചത് ധാർമ്മികതയായില്ലെന്നു പിന്നെ പലപ്പോഴും തോന്നി. പ്രകാശ് കലാകേന്ദ്രത്തിലെ കലാകാരരെക്കൂടി ഉൾപ്പെടുത്തി മോഹൻലാൽ-മുകേഷ് പ്രൊജക്റ്റ് ചെയ്തിരുന്നെങ്കിൽ 2005-ൽത്തന്നെ അത് അരങ്ങിലെത്തുമായിരുന്നു. എന്റെ നാടകത്തെ നെഞ്ചോടു ചേർത്ത അവരിൽ ചിലർ എന്നെ കൊല്ലുമെന്നും കലാജീവിതം തകർക്കുമെന്നുമൊക്കെ പ്രഖ്യാപിച്ചുകളഞ്ഞു! ആരുടെ സമ്മർദ്ദമായിരുന്നു അവരെ ഒഴിവാക്കിയതിനു കാരണമെന്ന് അവരോടു വെളിപ്പെടുത്താൻ എനിക്ക് ആവുമായിരുന്നില്ലല്ലോ.

ആദ്യം കളിച്ചകാലത്തെ ഇളംമുറയാണ് ഇപ്പോൾ സാരഥ്യത്തിൽ. അടുത്തിടെ അവിടെനിന്ന് അപ്രതീക്ഷിതമായി ഒരു ഫോൺ. *ഛായാമുഖി* ഒന്നുകൂടി ചെയ്താലോ എന്ന്. പല നാടകവും കളിച്ചെങ്കിലും ഒരു 'ഇത്' ഇല്ലത്രേ! *ഛായാമുഖി* കാണണം എന്നു പറഞ്ഞു വിദേശങ്ങളിൽനിന്നുപോലും ചിലർ വിളിക്കാറുണ്ടെന്ന്. ഇനി കളിക്കേണ്ടത് *സായിപ്പിന്റെ പൂച്ച*യാണെന്നാണ് എന്റെ പക്ഷം എന്നു ഞാൻ പറഞ്ഞു. രണ്ടു സാദ്ധ്യതകളും അവരുടെ ആലോചനയ്ക്കു വിട്ടു. *സായിപ്പിന്റെ പൂച്ച*യോ അതിലേറെ ഭാരതസമൂഹം ഞെട്ടുന്ന ഒരു വലിയ

നിഗൂഢത വെളിപ്പെടുത്തുന്ന *ചിത്രലേഖ*യോ ആണ് ആനുകാലികരാഷ്ട്രീയസാഹചര്യത്തിൽ കൂടുതൽ പ്രസക്തം.

മനോജ്: എന്താണ് 'ചിത്രലേഖ' വെളിപ്പെടുത്താനിരിക്കുന്ന വലിയ നിഗൂഢത?

പ്രശാന്ത്: അതു തത്ക്കാലം വെളിപ്പെടുത്തുന്നില്ല. ദയവായി നിർബ്ബന്ധിക്കരുത്.

മനോജ്: ശരി. എന്താണ് '*സായിപ്പിന്റെ പൂച്ച*' ചർച്ച ചെയ്യുന്ന വിഷയം?

പ്രശാന്ത്: ബ്രിട്ടിഷുകാർ ഇവിടെ ഉപേക്ഷിച്ചുപോയ ഒരു പൂച്ച വളർന്നു ഭീകരനായ പുലിയായി രാജ്യത്തെ വിഴുങ്ങുന്നതാണു കഥ. ജനങ്ങളിൽനിന്ന് അന്യമായ നിയമവും നീതിന്യായവും ഭരണക്രമവും പുതിയകാലത്തു സൃഷ്ടിക്കുന്ന പ്രതിസന്ധികളും അപകടങ്ങളും ചർച്ചചെയ്യുന്നു. ഒരു ആഗോളാനുഭവമാണു സൃഷ്ടിക്കേണ്ടത്. നിയതമായ നാടകസങ്കേതങ്ങൾ ഉപയോഗിച്ചു പറ്റില്ല. കാർഷികസംസ്കൃതി ആവിഷ്ക്കരിക്കാൻ വലിയ വയലൊക്കെ അരങ്ങിൽ ഒരുക്കണം! അത്യാധുനികസങ്കേതങ്ങൾ പ്രയോഗിക്കണം. ചെലവേറും. വാസ്തവത്തിൽ പ്രകാശ് കലാകേന്ദ്രത്തിനായി എഴുതിയതാണു *സായിപ്പിന്റെ പൂച്ച.*

മനോജ്: പ്രശാന്ത് ഇപ്പോൾ ശക്തമായ ഒരു തിരിച്ചുവരവിന്റെ ഘട്ടത്തിലാണല്ലോ. 'കറ'യും 'മകരദ്ധ്വജ'നും 'മഹാസാഗര'വും നല്ല അഭിപ്രായം നേടുകയുമുണ്ടായി. പുസ്തകമായി ഇറങ്ങിയ 'ഛായാമുഖി' 2015-ലെ കേരള സാഹിത്യ അക്കാ

ഛായാമുഖിയിൽ മുകേഷ് കീചകനായും മോഹൻലാൽ ഭീമനായും അരങ്ങിൽ.

ഛായാമുഖിയിൽ മുകേഷ് കീചകനായും മോഹൻലാൽ ഭീമനായും വേഷമിട്ടപ്പോൾ.

ദമി പുരസ്കാരത്തിനു പരിഗണിക്കപ്പെട്ടതായും പറഞ്ഞുകേട്ടിരുന്നു. അതു കിട്ടാഞ്ഞതിൽ സങ്കടമുണ്ടോ?

പ്രശാന്ത്: സാഹിത്യ അക്കാദമി പുരസ്കാരം കിട്ടാഞ്ഞത് സങ്കടപ്പെടാൻ തക്ക കാര്യമൊന്നുമല്ല. അപേക്ഷിക്കുകയും കാക്കപിടിക്കുകയും വേണ്ടാത്ത, മറ്റു സ്വാധീനങ്ങൾക്കു വഴിപ്പെടാത്ത, പുരസ്കാരമെന്ന നിലയിലും തായാട്ട് ശങ്കരനെപ്പോലൊരു ജനപക്ഷസാംസ്കാരികനായകന്റെ പേരിലുള്ള പുരസ്കാരമെന്ന നിലയിലും അബുദാബി ശക്തി അവാർഡിനെ സാഹിത്യ അക്കാദമി അവാർഡിനെക്കാൾ ഞാൻ വിലമതിക്കുന്നു.

സാഹിത്യ അക്കാദമി അവാർഡിന്റെ പ്രഖ്യാപനത്തിനുശേഷം, അതൊക്കെയായി ബന്ധമുണ്ടായിരുന്ന, ഒരു എഴുത്തുകാരൻസുഹൃത്തു പറഞ്ഞ വാചകമാണ് ഏറെ രസിപ്പിച്ചത്. "പ്രശാന്തിനെ അവാർഡിനു പരിഗണിച്ചിരുന്ന കാര്യം അറിയാമോ? ഞാൻ പിന്നീടാണ് അറിഞ്ഞത്. ഒരു വാക്ക് എന്നോടു പറയേണ്ടായിരുന്നോ? നമുക്കു ശരിയാക്കാമായിരുന്നു. പ്രശാന്തേ, ഒരു കാര്യം മനസിലാക്കണം. മൂന്നു പേരിരിക്കുന്ന ഒരു ജഡ്ജിങ് പാനലിൽ നാലാമതൊരാൾ പുറത്തുനിന്നു പറയണം. എന്നാലേ അവാർഡു കിട്ടൂ. മണ്ടത്തരം ആയിപ്പോയി."

പ്രശാന്ത് ചിരി തുടങ്ങിയിട്ടു നിർത്തുന്നില്ല! ഒടുവിൽ വിശദീകരണം വന്നു:

അന്നു തുടങ്ങിയ ചിരിയാ. ഇപ്പോൾ ഇതു പറയുമ്പോഴും അടക്കാനാവുന്നില്ല. ഏതായാലും നാലാം ബലപ്രയോഗത്തിന്റെ ഈ രീതിയൊക്കെ കൊ

ള്ളാവുന്ന സർക്കാരും അക്കാദമി ഭരണസമിതിയുമൊക്കെ വരുന്നകാലത്തു മാറ്റമായിരിക്കും.

ഉയിർപ്പായ 'മകരദ്ധ്വജൻ'

മനോജ്: നേരത്തേ വിവരിച്ച പരാജയങ്ങളിൽനിന്ന് എങ്ങനെയാണു രണ്ടാംവരവു വിജയകരമായി നടത്തിയത്? വീഴ്ചകളിൽനിന്നു പാഠം പഠിച്ചോ?

പ്രശാന്ത്: വീഴ്ചകൾ എപ്പോഴും പാഠങ്ങൾ തന്നെയാണ്. വർഷങ്ങൾക്കു മുമ്പുള്ള നാടകാവബോധംതന്നെ മാറി. പ്രതിസന്ധികൾ തരണം ചെയ്യാനുള്ള കരുത്ത് എനിക്കിന്നുണ്ട്. അതിനു തക്ക കൂട്ടായ്മകളും. മുമ്പു മദ്യത്തിന്റെ വഴിയിൽ എന്നെ നയിച്ചവരെ എന്റെ ബുദ്ധിയുടെ പരിസരത്തുപോലും ഞാനിന്ന് അടുപ്പിക്കുന്നില്ല. ക്രിയാത്മകതയാൽ ഊർജ്ജസ്വലനാണിന്ന്. വെറും ആറുമാസത്തിന്റെ ഇടവേളയിലാണു ഗൗരവമുള്ള രണ്ടു നാടകങ്ങൾ-*കറ*യും *മകരദ്ധ്വജ*നും-ചെയ്തത്. *മകരദ്ധ്വജ*നു കേന്ദ്രസാംസ്കാരികവകുപ്പിന്റെ ഫണ്ടു വാങ്ങിയെടുക്കാൻ കഴിഞ്ഞു. പക്ഷേ, അഭിനേതാക്കളെ പുലർത്താൻ കഴിയാത്തവിധം ചെലവ് അധികമായി.

സഹായിക്കാമെന്ന് ഏറ്റിരുന്ന കലാസ്നേഹിയായ ഒരു ചിരകാലസുഹൃത്തിന്റെ ബാർ കൂട്ടപ്പൂട്ടലിൽ പൂട്ടിപ്പോയതിനാൽ അതു കിട്ടാതെവന്നു. നാടകസംഘത്തിനായി ബസ് വാങ്ങാൻ പോലും ആലോചിച്ചു നീങ്ങുമ്പോഴാണിത്. പ്രൊഡക്ഷൻ നിലച്ചു. നടക്കില്ലെന്ന ഘട്ടം.

ആ സമയത്താണു സുഹൃത്തായ റെജി സൈൻ സഹായഹസ്തം നീട്ടുന്നത്. പിറ്റേന്നുതന്നെ അജീത് സിങ് പലാവത്തിനെ വിളിച്ച് ഏർപ്പാടാക്കി. കാര്യങ്ങൾ നീങ്ങി. ഇൻക്രിയേഷൻ റെപ്പേർട്ടറി എന്ന കമ്പനി രൂപവത്ക്കരിച്ചു. അതിന്റെ ബാനറിലാണു പ്രൊഡക്ഷൻ നടന്നത്. അതിന്റെ വിജയം അനുഭവങ്ങൾ പഠിപ്പിച്ച പാഠങ്ങളുടേതുതന്നെയാണ്.

മനോജ്: 'മകരദ്ധ്വജൻ' ഞാൻ കണ്ടിരുന്നു. അധികമെങ്ങും കേട്ടിട്ടില്ലാത്ത ഒരു കഥയാണല്ലോ അത്. നിത്യബ്രഹ്മചാരിയായ ഹനുമാന് ഒരു മകൻ! അച്ഛനെ കാണാനാഗ്രഹിച്ചു വീർപ്പുമുട്ടുന്ന മകന്റെ മുന്നിൽ നിസ്സഹായയായി ഉഴലുന്ന അമ്മ. പാതാളരാവണൻ ഒളിപ്പിച്ചിരിക്കുന്ന രാമലക്ഷ്മണന്മാരെ മോചിപ്പിക്കാൻ വരുന്ന അച്ഛനും തടയാൻ പാതാളരാവണന്റെ കാവൽക്കാരനായ മകനും. പരസ്പരം തിരിച്ചറിയാതെ അവർ തമ്മിൽ ഒരു ഏറ്റുമുട്ടൽ. എക്കാലത്തെയും മനുഷ്യാവസ്ഥകളായ മാതൃഭാവങ്ങൾ, സ്വത്വപ്രശ്നം, വ്യത്യസ്തകർമ്മങ്ങൾ ദൗത്യങ്ങളാക്കിയവർ തമ്മിലുള്ള സംഘർഷം, അച്ഛനാരെന്നറിയാതെ കഴിയാൻ വിധിക്കപ്പെടുന്ന—വൈകാരികതയില്ലാത്ത ബന്ധങ്ങളിൽ പിറക്കുന്ന—കുട്ടികളുടെ അവസ്ഥ ഒക്കെ കടന്നുവരുന്ന ആ കഥ എങ്ങനെയാണു കണ്ടെത്തിയത്?

പ്രശാന്ത്: കവിളത്ത് ആഞ്ഞൊരു അടി കിട്ടിയതുപോലെയാണ് ആ വിഷയം കിട്ടുന്നത്. സദാ മദ്യപിച്ചുനടക്കുന്ന ഒരു അയൽക്കാരൻ വെല്ലുവിളിപോലെ ഒരു ചോദ്യം ഉയർത്തുകയായിരുന്നു: "വലിയ പുരാണക്കാരനാണല്ലോ. ഞാനൊ

ദു ചോദ്യം ചോദിക്കാം. പറയാമോ. ഹനുമാന്റെ മകൻ ആര്?" സമസ്ത അഹങ്കാരവും അടങ്ങി. അയാൾ ഇത്രകൂടി പറഞ്ഞു: "കണ്ടുപിടിക്കാമെങ്കിൽ കണ്ടുപിടിച്ചോ. കടലിലെ ഒരു ജീവിയാണ് അവന്റെ അമ്മ."

പലരോടും ആരാഞ്ഞു. മകരകേതു എന്നു കഥകളിക്കാരിൽനിന്നു കിട്ടി. അതുവച്ചു ഗൂഗിളിൽ ആദ്യം തപ്പി. *കമ്പരാമായണ*ത്തിലെ ഒരു ഉപാഖ്യാനമാണ്. സമുദ്രലംഘനവേളയിൽ ഹനുമാനിൽനിന്ന് ഇറ്റുവീണ വിയർപ്പുതുള്ളി വിഴുങ്ങാനിടയായ കടൽജീവിയിൽ പിറന്ന കുട്ടിയാണു മകരദ്ധ്വജൻ. ഒന്നരക്കൊല്ലമെടുത്തു കഥ കിട്ടാൻ. വീണ്ടുമൊരു മൂന്നരക്കൊല്ലം അതുമായി, അതിന്റെ പിന്നാലെ നടന്നു. കടൽജീവിയെ മകരി എന്ന മത്സ്യമാക്കി. അവളിൽ സ്ത്രീത്വത്തിന്റെ ഭാവങ്ങൾ പകർന്നു.

സിനോപ്സിസ് കേന്ദ്ര സാംസ്കാരികവകുപ്പിന് അയച്ചു. അനുമതി കിട്ടിയില്ലെങ്കിൽ നാടകം എഴുതിവയ്ക്കും, അനുമതി കിട്ടിയാൽ ആദ്യം ക്രിയാംശം ഉണ്ടാക്കും എന്നു തീരുമാനിച്ചു.

മകരദ്ധ്വജൻ വരെ എല്ലാം രചനാപാഠം അടിസ്ഥാനമാക്കി രംഗപാഠം തയ്യാറാക്കുകയായിരുന്നു രീതി. ഇക്കുറി അതു മാറി. മനസിൽ നാടകം രൂപപ്പെടുത്തുകയായിരുന്നു. ക്രിയാംശത്തിലൂടെ ഉണ്ടാകുന്ന പ്രേരണകൾ കഥാപാത്രത്തിന്റെ ചിന്തകളുമായി വിളക്കിച്ചേർക്കും. കഥാപാത്രങ്ങൾക്കു സംസാരിക്കാൻ മൂഡ് ഉണ്ടെങ്കിൽ മാത്രം സംസാരിക്കും. ദൃശ്യത്തിനു വഴങ്ങാത്ത സംവേദനഭാഗങ്ങൾ പൂർത്തീകരിക്കാൻ മാത്രം സംഭാഷണം. ദശരൂപകങ്ങളിൽ ഒന്നായ വ്യായോഗത്തിന്റെ ലക്ഷണമാണ് ഈ നാടകത്തിന്—ബന്ധുക്കൾ തമ്മിൽ തിരിച്ചറിയാതെയുള്ള യുദ്ധം. ആധുനികമനസ് എങ്ങനെ അതിനെ കാണുന്നു എന്നതാണു പ്രധാനം. കണ്ടുമറക്കുന്ന നാടകം അല്ലാതെ കൊണ്ടുനടക്കുന്ന നാടകം ഉണ്ടാകാൻ അത് ആവശ്യമാണ്.

മനോജ്: കടലിന്നടിയിലെ രംഗങ്ങളൊക്കെ വിസ്മയകരം ആയിരുന്നു. കടൽ, പാതാളം, കടൽത്തീരം, കരഭൂമി—ഈ വൈരുദ്ധ്യങ്ങളൊക്കെ എത്ര ലളിതമായാണ് ഒരുക്കിയത്!

പ്രശാന്ത്: കടലിന്റെ അടിത്തട്ടിനെപ്പറ്റി സങ്കല്പങ്ങൾ മാത്രം. അതിന്റെ മർദ്ദം, നിറം, കടലിനടിയിലെ ചുളിവുകൾ,... ആ സെറ്റാണ് ആദ്യം ഉണ്ടാക്കിയത്. ഒരേ ക്ലസ്റ്ററുകൾ കടൽസസ്യങ്ങളും ഹനുമാന്റെ പ്രവേശനത്തിനുള്ള വാഴത്തോട്ടവുമായി. ഹനുമാന്റെ ചുരുട്ടിവച്ച വാൽക്കൂടാരം പിന്നെയാണു മനസിൽ കടന്നുവന്നത്. ഹനുമാന്റെ ദൈവത്വം കളയാൻ ഒരു ഘോഷയാത്ര ആസൂത്രണം ചെയ്തു. ദൃശ്യപാഠം പൂർണ്ണമായി മനസിലുണ്ടാക്കിയാണു ക്യാമ്പിൽ ചെല്ലുന്നത്. പക്ഷേ, ഹനുമാന്റെ സംഭാഷണം എഴുതാൻ പറ്റുന്നില്ല. ഹനുമാൻ എന്നോടു മിണ്ടുന്നില്ല. തപം. മഹാമൗനം. അതിനിടയിലെ നോട്ടവും പ്രകൃതവും മാത്രം. ആകെ സംസാരിക്കുന്നതു കുട്ടിത്തം പോലെ മകരദ്ധ്വജനോടു മാത്രം. അതും അഭിനയം മാത്രം. ഹനുമാനു പരിചയമുള്ള ഹനുമാൻ മൗനിയാണ്. ഒടുവിൽ മകനുമായുള്ള യുദ്ധവേളയിലാണ്,

"പറയരുതോ ബാലാ, പിതൃനാമം?

പലവുരു കാംക്ഷിച്ചാനാമം
അരുതരുതിനിമേൽ, മതിയുദ്ധം
പറയുക ബാലാ, പറയുക നീ"

എന്നു പറയുന്നത്. ഹനുമാനാണ് അച്ഛനെന്നു മകൻ പറയുന്നു. ഒരു ടീം പിൻപാട്ടു പാടുന്നു:

"തിരയുടെ മുകളിൽ തീയിന്നുള്ളിൽ
തിറമായ് പൊങ്ങിയ രൂപമെതോ?
നക്ഷത്രക്കനി നുള്ളിയെടുത്തു
കാതിലണിഞ്ഞൊരു രൂപമെതോ?
ഒറ്റക്കുതിയാൽ സാഗരമക്കരെ-
യെത്തിത്തീത്തിര കത്തിച്ചോൻ
യുദ്ധക്കളമതിലരികുലമൊക്കെയും
നഷ്ടം ചെയ്തൊരു മാരുതിയോ..."

അജിത് സിങ് പലാവത്തിനെപ്പോലൊരു നടനെക്കൂടി കിട്ടിയപ്പോൾ സംഗതി ഗംഭീരമായി. മണ്ടൻ കുഞ്ചു ഫെയിം അനൂപിന്റെ മകരദ്ധ്വജനെപ്പറ്റി പറയാനില്ല! മകരിയെത്തേടി കേരളം മുഴുവൻ നടന്നു. മത്സ്യകന്യകയെപ്പോലൊരു പെൺകുട്ടിയെ എങ്ങനെയോ കിട്ടി-പാർവ്വതി നമ്പ്യാർ. കടുത്ത പരി

ചിത്രലേഖ നാടകം എഴുത്തുവേളയിൽ രാവണന്റെ ചിത്രീകരണസാധ്യതകൾ മനസിലാക്കാൻ ശില്പി വർഗ്ഗീസിനെക്കൊണ്ടു തയ്യാറാക്കിച്ച രാവണരൂപവുമായി പ്രശാന്ത് നാരായണൻ.

ശീലനത്തിലൂടെയാണെങ്കിലും മത്സ്യത്തിന്റെ ചലനങ്ങൾ അത്ഭുതകരമായി അവർ പകർത്തി.

മനോജ്: ആദ്യാവതരണത്തിനുശേഷം മകരിയായത് ഇപ്ഷിത ചക്രബർത്തി സിങ് ആണല്ലോ. എങ്ങനെയാണ് അന്യഭാഷക്കാരായ അഭിനേതാക്കളിലേക്ക് എത്തിയത്?

പ്രശാന്ത്: ഇപ്ഷിതയും അജീത് സിങ്ങും നാഷണൽ സ്കൂൾ ഓഫ് ഡ്രാമ (എൻ.എസ്.ഡി.)-യിൽനിന്ന് ഉള്ളവരാണ്. ഞാൻ കാവാലംസാറിനോടൊപ്പം അവിടെ നാടക ശില്പശാല നടത്തിയിട്ടുണ്ട്. *ശാകുന്തളമാ*ണു ചെയ്തത്. അന്നു ശില്പശാലയിൽ ഇവർ ഉണ്ടായിരുന്നു. പരിപാടി കഴിഞ്ഞു വിമാനത്താവളത്തിലേക്ക് അനുയാത്ര ചെയ്യവേ എന്റെ ഒരു നാടകത്തിൽ അഭിനയിക്കാൻ ആഗ്രഹമുണ്ടെന്നും പുതിയ പ്രൊജക്റ്റ് വരുമ്പോൾ പരിഗണിക്കണേ എന്നും ഇവർ പറഞ്ഞിരുന്നു. അങ്ങനെയാണ് അവർ എത്തുന്നത്.

മനോജ്: മികച്ച പ്രതിഭകളാണ് ഇരുവരും. അനൂപും അതേ നിലവാരമുള്ള നടനാണ്.

പ്രശാന്ത്: അതെ. മലയാളമൊക്കെ അതിവേഗം പഠിച്ച് അർത്ഥമറിഞ്ഞ് അനായാസം അഭിനയിക്കുന്നു. അരങ്ങിൽനിന്നു മൂന്നരയടിയാണ് ഒറ്റക്കുതിപ്പിന് അജീത്തും അനൂപും ഉയർന്നത്! ഒടുവിലത്തെ പീഠത്തിന് ഉയരം അഞ്ചടിയാണ്. ഞാനല്ല ചാടിയതെന്നാണു നടന്മാർ പറഞ്ഞത്. റിഹേഴ്സലിൽ അതവർക്കു മിക്കപ്പൊഴും പറ്റിയിരുന്നില്ല. അരങ്ങിൽ അവർ പറന്നുകയറി. അത്ര ഉൾക്കൊണ്ടാണ് ഓരോരുത്തരും ചെയ്തത്.

പ്രശാന്തിന്റെ നിഷ്കരുണമായ പരിശീലനത്തിന്റെ ഫലം! (പ്രശാന്ത് ചിരിച്ചു, ആലോചനാമധുരമായി.)

പുരാണവും മിത്തും ഉപാധിമാത്രം

മനോജ്: ഒരു സംശയം ചോദിക്കട്ടെ. ഛായാമുഖി, മകരദ്ധ്വജൻ, ദേവയാനം, വജ്രമുഖൻ, ഭൈരവിക്കോലം, ഉജ്ജയിനി, ചിത്രലേഖ, മണികർണ്ണിക, സൂര്യരാശിപുരം,... മിക്കവയും പുരാണമോ പഴയകാലത്തുനിന്നുള്ളവയോ ആണല്ലോ.

ഇടത്തുനിന്ന്: മഹാസാഗരത്തിന്റെ അവതരണത്തിനുശേഷം പ്രശാന്തിനെ അഭിനന്ദിക്കാൻ എം. റ്റി. വാസുദേവൻ നായർ അരങ്ങിൽ എത്തിയപ്പോൾ. രംഗപാഠം രചിച്ച കഥാകൃത്ത് വി. ആർ. സുധീഷ് സമീപം; പ്രശാന്ത് നാരായണൻ.

ഇടത്തുനിന്ന്: പ്രശാന്ത് നാരായണൻ; ഛായാമുഖിയുടെ പ്രകാശനത്തിന്റെ സദസ്സ്.

'കറ'യാണെങ്കിലും തദ്ദേശീയമായ മിത്താണ്. ഇടതുപക്ഷനിലപാടുകാരനായിട്ടും എന്താണ് ആധുനികസാമൂഹികവിഷയങ്ങൾ ഏറ്റെടുക്കാത്തത്?

പ്രശാന്ത്: പേരുകൾ ഇങ്ങനെയാണെങ്കിലും സാമൂഹികവിഷയങ്ങളുടെ ശക്തമായ ഒരു തലം എന്റെ നാടകങ്ങൾക്കുണ്ട്. അത്തരം വിഷയങ്ങൾ പച്ചയായി അവതരിപ്പിക്കുന്ന ഒരുപാടുപേരില്ലേ? ഞാനും അതുതന്നെ ചെയ്യുന്നതിൽ എന്താണർത്ഥം? കാവാലത്തിനു രാജ്യാന്തരശ്രദ്ധ കിട്ടിയത് അതിലെ പൗരാണികതയും പൗരസ്ത്യസംസ്കൃതിയും കൊണ്ടുകൂടിയാണ്. പുരാണപശ്ചാത്തലത്തിൽ നാടകം രചിക്കുന്നവർ കുറവാണ്. പുരാണങ്ങളുടെ നാടകകൃത്ത് എന്ന വിളിപ്പേര് എനിക്ക് ഇതിനകം പതിഞ്ഞുകഴിഞ്ഞു. യഥാർത്ഥത്തിൽ, ഞാൻ എഴുതിയ 29 നാടകങ്ങളിൽ നാലെണ്ണം മാത്രമാണ് പൂർണ്ണമായും പുരാണം എന്നു പറയാവുന്നത്. കഥയുടെയോ കഥാപാത്രങ്ങളുടെയോ പൗരാണികതയല്ല വിഷയം; അതിനു നല്കുന്ന പരിചരണമാണ്. മനുഷ്യാവസ്ഥകളും ഭാവങ്ങളും എക്കാലത്തേതുമാണ്. അത്തരം വിഷയങ്ങൾ കൈകാര്യം ചെയ്തിട്ടുള്ള നാടകങ്ങളെല്ലാം കാലാതിവർത്തിയാണ്. അവയൊക്കെ ഇനിയൊരുകാലത്ത് ആവിഷ്കരിക്കുമ്പോഴും ആ കാലത്തിന്റെ സാമൂഹിക, രാഷ്ട്രീയ സമസ്യകളുടെ തലം സ്വാഭാവികമായും അതിന് ഉണ്ടായിവരും. കൂടാതെ, സാമൂഹിക, രാഷ്ട്രീയ വിഷയങ്ങളും ഞാൻ കൈകാര്യം ചെയ്യുന്നുണ്ട്. *കറ* ഒരു നാടോടിക്കഥ ആസ്പദമാക്കിയുള്ള നാടകമാണെങ്കിലും അതിശക്തമായി ആനുകാലികസ്ത്രീ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഒന്നാണ്. '*ഒട്ടും ശരിയല്ല*' എന്ന നാടകത്തിന്റെ വിഷയവും സ്ത്രീപ്രശ്നമാണ്. മറ്റൊരു സ്ത്രീപക്ഷരചനയാണ് *കാമനീയകം.* അധികം ശ്രദ്ധിക്കപ്പെട്ടില്ലെങ്കിലും '*കാഞ്ചനക്കൂട്*' കുട്ടിലടച്ച ബാല്യങ്ങളുടെ ജീവിതമാണ്.

ഒരു മണിക്കൂർ മാത്രം സൂര്യനുദിക്കുന്ന നാടിന്റെ കഥ പറയുന്ന '*സൂര്യരാശിപുരം*' ആവിഷ്കരിക്കുന്നത് ഒരുരുപത്തുട്ടുകൊണ്ടു മറഞ്ഞിരിക്കുന്ന സൂര്യൻ, അതുമൂലം വെളിച്ചം നഷ്ടപ്പെട്ടുപോയ നാട്, ആണ്. മുതലാളിത്തത്തിന്റെ ദുരബാധിച്ച നമ്മുടെ നാടിന്റെ ചിത്രമാണത്. ആനുകാലികഭാരതത്തിന്റെ അവസ്ഥ ഓർമ്മിപ്പിക്കുന്ന നാടകമാണ് '*സായിപ്പിന്റെ പൂച്ച*'. ബ്രിട്ടിഷുകാർ അവശേഷിപ്പിച്ചുപോയ ഭരണ-നിയമസംവിധാനങ്ങളാകുന്ന പൂച്ച ക്രമേണ വളർന്നു പുലിയായി പരിണമിച്ചു ജനതയെയാകെ വിഴുങ്ങുന്ന സാഹചര്യത്തെപ്പറ്റിയുള്ള ആശങ്കയാണതിൽ. യുവജനോത്സവങ്ങളിൽ കളിക്കുന്ന 'ഭഗത് സിങ്ങി'നെ തട്ടിയെടുക്കുന്ന, അദ്ദേഹത്തിന്റെ ആദർശങ്ങൾക്കു വിരുദ്ധ

രായ രാഷ്ട്രീയകക്ഷികൾക്കുള്ള മുന്നറിയിപ്പാണ്. സ്കൂളിൽ പഠിക്കുന്ന കാലത്ത് എഴുതി കളിച്ച '*കഞ്ഞനു ഭ്രാന്താണ്*' മുതൽ മിക്കവയും സാമൂഹികവിഷയങ്ങൾ അവതരിപ്പിക്കുന്നവയാണ്. '*തൊപ്പിക്കാര*ന്റെ കഥ' ഓർമ്മിപ്പിക്കുന്നത് അധികാരത്തൊപ്പിയാണ്. ധാരാളം സമ്മാനങ്ങൾ നേടിയ ഈ നാടകം ഈർക്കിൽപ്പാർട്ടിരാഷ്ട്രീയം ചർച്ചചെയ്യുന്നു. അധികാരിയുടെ അപ്രായോഗികജ്ഞാനം അപകടത്തിൽ എത്തിക്കുന്നതാണ് '*അരചചരിത*'ത്തിന്റെ സന്ദേശം.

ആറ്റിങ്ങൽ ദേശാഭിമാനി തീയറ്റേഴ്സിനുവേണ്ടി എഴുതിയ 'മണികർണ്ണിക'യുടെ പ്രമേയം രണ്ടായിരം വയസുള്ള ഒരാളുടെ ചരിത്രബോധമാണ്. വാണിജ്യനാടകത്തിന്റെ സംവിധാനച്ചട്ടക്കൂട്ടിൽ ചെയ്തതു ബുദ്ധിമോശമായി എന്നു പിന്നീടു തോന്നിയ ഒന്നാണത്. 'മദർ ബോർഡ്', 'പ്രാവുകൾ', 'ജനാലയ്ക്കപ്പുറം', 'ബലൂണുകൾ' ഒക്കെ സാമൂഹികവിഷയങ്ങൾ തന്നെയാണു പറയുന്നത്.

'*ജനാലയ്ക്കപ്പുറം*' എൺപതിൽപ്പരം സ്റ്റേജുകളിൽ കളിച്ചിട്ടുണ്ട്. ഒരുകൊല്ലം മെഡിക്കോസ് മേളയിലും ഒന്നാം സമ്മാനം കിട്ടി. ആനുകാലികമായ കാഴ്ചകളുടെ തീവ്രമായ, പച്ചയായ ആവിഷ്കാരമാണത്. ഒരു ആശുപത്രിമുറിയിൽ തളർവാതമായി കിടക്കുന്ന ഒരാൾക്ക് അയാളുടെ ആവശ്യപ്രകാരം ജനാലയ്ക്കപ്പുറത്തെ കാഴ്ചകൾ മറ്റൊരു രോഗി പറഞ്ഞുകൊടുക്കുകയാണ്. ശുദ്ധ ഫാന്റസി. നീലത്തടാകം, കളിക്കളം, തലപ്പന്തു തട്ടുന്ന പട്ടാളക്കാർ, ഒക്കെയാണു കാഴ്ചകൾ. കാഴ്ചകൾ പറയുന്ന രോഗി ഒരുദിവസം ശസ്ത്രക്രിയയ്ക്കു പോയി. അന്നു പുറത്തെ വിശേഷങ്ങൾ അയാൾ ക്ലീനറോടാണു ചോദിക്കുന്നത്. അവർ ജനാലയ്ക്കൽ ചെന്നു നോക്കി. "നിരത്തോ!? നീലത്തടാകമോ!? അതു വെറും വഴിയാണ്. ആശുപത്രിക്കുള്ളിലെ ഇടനാഴി. മോർച്ചറിയിലേക്കുള്ള വഴി എന്നെഴുതിയ അസ്ത്രം വച്ചിരിക്കുന്നു". നാടകത്തിൽ ഉടനീളമുള്ള ക്ലീനർ എന്ന കഥാപാത്രത്തിന്റെ ഏക സംഭാഷണമാണത്. സംഭാഷണങ്ങളേ ഇല്ലാത്ത ആ കഥാപാത്രത്തെ അവതരിപ്പിക്കുന്നവർക്കായിരുന്നു മിക്ക മത്സരത്തിലും നല്ല നടനുള്ള സമ്മാനം. എഴുതിവന്നപ്പോൾ സറിയലിസ്റ്റിക്കായി. ഇന്റർനെറ്റിൽ അജ്ഞാതന്റേതായി വന്ന ഒരു കഥയായിരുന്നു പ്രചോദനം. ആർട്ടിസ്റ്റ് വാസുദേവഭട്ടതിരിയാണ് അത് എനിക്കു തരുന്നത്.

നാടകകാരൻ പിറന്ന വഴി

മനോജ്: പുരാണങ്ങളുടെ നാടകകാരൻ എന്ന പേരു പതിയുമാറ് പുരാണങ്ങളുടെ സ്വാധീനം പ്രശാന്തിൽ ഉണ്ടാകുന്നത് കഥകളിയുമായുള്ള ബന്ധവും അതിലേറെ സമ്പന്നമായ കുടുംബപൈതൃകവും കൊണ്ടാണ് എന്നു വിലയിരുത്തിയാൽ തെറ്റാകുമോ? പതിനേഴാം വയസിൽ കഥകളി രചിച്ചതും അതു തെക്കൻ ചിട്ടയിലും വടക്കൻ ചിട്ടയിലും ധാരാളം വേദികളിൽ കളിച്ചതും ഇപ്പോഴും കളിച്ചുകൊണ്ടിരിക്കുന്നതും മറ്റാർക്കും അവകാശപ്പെടാനാകാത്ത, അസാധാരണമായ നേട്ടമാണ്. മറ്റുപലരും കഴിഞ്ഞകാലങ്ങളിൽ എഴുതിയ ആട്ടക്കഥകൾ അരങ്ങേറ്റത്തോടെ അവസാനിക്കുകയോ എഴുതിയവരുടെ ഉത്സാഹത്തിൽ ഏതാനും വേദികളിൽക്കൂടി കളിച്ച് അരങ്ങൊഴിയുകയോ ചെയ്യുന്ന

അനുഭവങ്ങൾക്കിടെ ഇതു വലിയ അഭിമാനമാണ്. നമുക്കു ബാല്യത്തിലേക്കും പാരമ്പര്യത്തിലേക്കും ഒന്നു പോയിവന്നാലോ?

പ്രശാന്ത്: പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ നിലമ്പൂരിൽ ഭ്രഷ്ടു കല്പിക്കപ്പെട്ട കഥകളിവേഷക്കാരൻ രാഘവപ്പിഷാരടി പിന്നീടു വർക്കലയിലാണു വന്നു താമസമായത്. അദ്ദേഹത്തിന്റെ മകനാണ് ജി. രാമകൃഷ്ണപിള്ള (1890 – 1959). കണ്ടുകെട്ടുതഹസീൽദാർ ആയിരുന്ന അദ്ദേഹം വിരമിച്ചശേഷം തിരുവിതാംകൂർ സർവ്വകലാശാലയിൽ സാംസ്കാരികവിഭാഗം ഡീൻ ആയി നിയമിക്കപ്പെട്ടു. *കഥകളി* എന്ന ബൃഹദ്ഗ്രന്ഥവും *സ്യമന്തകം* ആട്ടക്കഥയും 32 നോവലുകളും എഴുതിയിട്ടുണ്ട്. തിരുവനന്തപുരം മഹാരാജാസ് കോളെജിൽ (ഇന്നത്തെ യൂണിവേഴ്സിറ്റി കോളെജ്) എം.എ. സംസ്കൃതത്തിനു പഠിക്കുമ്പോൾ ചങ്ങമ്പുഴ സമകാലീനനായിരുന്നു.

ജി. രാമകൃഷ്ണപിള്ളയുടെ ആറുമക്കളിൽ ഒരാളായിരുന്നു എന്റെ അച്ഛൻ വെള്ളായണി നാരായണൻ നായർ. കഥകളിസാഹിത്യകാരനും നിരൂപകനും ആയിരുന്ന അച്ഛൻ 14 ആട്ടക്കഥ എഴുതിയിട്ടുണ്ട്. അഞ്ചെണ്ണം പ്രസിദ്ധീകരിച്ചു. *അയ്യപ്പചരിതം* ഇപ്പോഴും കളിക്കുന്നു. ജാതിവ്യവസ്ഥയുടെ നിരർത്ഥകത വിളിച്ചോതുന്ന *നന്ദനാർ ചരിതം, സീതാഹരണം, സീതാന്വേഷണം, ഭക്തമാർക്കണ്ഡേയൻ, ആറ്റുകാൽ ദേവി,* സാമ്പ്രദായികതയിൽനിന്നു വ്യതിചലിച്ചുള്ള രചനയായ *ശ്രീയേശുജനനം* തുടങ്ങിയവയാണു മുഖ്യം.

വെള്ളായണിയിലെ വീട് കഥകളിക്കാരുടെ താവളമായിരുന്നു. അക്ഷരാർത്ഥത്തിൽ കഥകളിക്കളരിയിലായിരുന്നു എന്റെ ജനനം എന്നു പറയാം. നീ എന്റെ രണ്ടാം ഭാര്യയാണെന്ന് അച്ഛൻ അമ്മയോടു പറയുമായിരുന്നു. കഥകളിയായിരുന്നു ഒന്നാം ഭാര്യ. മാസന്തോറും കഥകളി നടത്തിവന്നു. ആയിരം രൂപയാണ് അന്നു ചെലവ്. ഏതാണ്ടു മലയിൻകീഴ് പഞ്ചായത്തു മുഴുവൻ കുടുംബസ്വത്തായിരുന്നു. അതുമുഴുവൻ കഥകളിക്കായി വിറ്റുവിറ്റുതീർന്നു. കാർഷികസർവ്വകലാശാലയിൽ ലൈവ് സ്റ്റോക് അസിസ്റ്റന്റ് ആയിരുന്നു അച്ഛൻ. തനിയാവർത്തനം പോലെ ഞാനും ലൈവ് സ്റ്റോക് ഇൻസ്പെക്ടറായി, സർക്കാരിലാണെന്ന വ്യത്യാസം മാത്രം. അച്ഛൻ അവസാനം വാങ്ങിയ ശമ്പളം ഞാൻ ആദ്യം വാങ്ങി! മൂന്നുമക്കളിൽ മൂന്നാമനാണു ഞാൻ. തിരുവനന്തപുരം

ധാർവാഡ് രംഗായണയ്ക്കുവേണ്ടി കന്നടഭാഷയിൽ ആശയാവിഷ്കാരം നല്കി പ്രശാന്ത് നാരായണൻ സംവിധാനം ചെയ്ത സ്വപ്നവാസവദത്തത്തിലെ രംഗങ്ങൾ.

ധാർവാഡ് രംഗായണയ്ക്കുവേണ്ടി കന്നടഭാഷയിൽ ആശയാവിഷ്കാരം നല്കി പ്രശാന്ത് നാരായണൻ സംവിധാനം ചെയ്ത സ്വപ്നവാസവദത്തത്തിലെ ഒരു രംഗം.

തൊട്ടു ഷൊർണ്ണൂർ വരെ കഥകളിയുള്ളിടത്തെല്ലാം എന്നെയും കൊണ്ടുപോകുമായിരുന്നു.

അഞ്ചു വയസുവരെ ഓരോ രാത്രിയും നെഞ്ചിൽ കിടത്തി ഓരോ പുരാണകഥ പറഞ്ഞുതരുമായിരുന്നു. പിന്നെ രഘുവംശവും കുമാരസംഭവവും തൊട്ട് ഋതുസംഹാരം വരെ ചൊല്ലി വിഗ്രഹിച്ച് അർത്ഥം പറഞ്ഞുതന്നു. വൃത്തജ്ഞാനമുണ്ടാക്കിത്തന്നു. ആറാം വയസിൽ ഗുരു-ലഘു തിരിച്ചു വൃത്തം പറയുമായിരുന്നു ഞാൻ. 1860-കളിൽ അച്ചടിക്കപ്പെട്ട മലയാണ്മ നിഘണ്ടു പരിചയപ്പെടുത്തി. ഭാഷ, സംഗീതം, നാടകീയത, പാത്രബോധം, കലാബോധം എന്നുവേണ്ടാ, സ്റ്റേജ് ക്രാഫ്റ്റ് വരെ എല്ലാം ഇണങ്ങുന്നതാണു കഥകളി കാണൽ. ജ്ഞാനത്തിന്റെ ഘടകങ്ങളിലേക്കു നയിക്കുന്നതൊക്കെയുണ്ട് അതിൽ. *നളചരിതം, ദക്ഷയാഗം, ഉത്തരാസ്വയംവരം, കീചകവധം,* തുടങ്ങി പരക്കെ കളിക്കുന്നതും കളിക്കാത്തതുമായ പല ആട്ടക്കഥകളുടെയും പദങ്ങൾ എനിക്കു കാണാപ്പാഠമാണ്.

സ്കൂളിലെ പഠിത്തം വേറെ, ഇവിടത്തെ പഠിത്തം വേറെ എന്നതായിരുന്നു അച്ഛന്റെ സമീപനം. ഭാഷ എപ്പോഴും പടുത്വമുള്ളതാകണമെന്ന് അച്ഛനു വാശിയുണ്ടായിരുന്നു. അച്ഛൻ പറയുമായിരുന്നു, “നിന്റെ കാലത്തെ ഒരു എഴുത്തുകാരെയും നീ വായിക്കേണ്ടതില്ല. പകരം നൂറുകൊല്ലം മുമ്പുമുതലുള്ള പുസ്തകങ്ങൾ, ഏതു ഭാഷയിലുള്ളതും, വായിക്കുക! വായിച്ചതു മറന്നിട്ടേ എന്തും ചെയ്യാവൂ. എങ്കിലേ നമുക്കു വല്ലതും സ്വന്തമായി ഉണ്ടാകൂ.” ആ അപഠനം പ്രധാനമാണ്. സമ്പത്തല്ല കാര്യം എന്നതായിരുന്നു അച്ഛൻ പഠിപ്പിച്ച ദർശനം. ഇന്നു

പക്ഷേ, ഞാൻ മറിച്ചാണ മനസിലാക്കുന്നത്; പണത്തിനു മൂല്യമുണ്ട്, പണത്തിന്റെ മൂല്യം മാത്രം! പതിനഞ്ചു വയസുവരെയേ അച്ഛൻ ഒപ്പമുണ്ടായിരുന്നുള്ളൂ.

മൂശയായ കളരിക്കാലം

മനോജ്: അപഠനം എന്നതു പഠിച്ചുമറക്കലാണെന്നും അതെന്തെന്നു കലാകരർ അറിയണമെന്നും പ്രശാന്തിന് അതു കഴിഞ്ഞിട്ടുണ്ടെന്നും 'ഛായാമുഖി'യുടെ പ്രകാശനവേളയിൽ കാവാലം പറഞ്ഞതു ഞാൻ ഓർക്കുന്നു. അച്ഛൻതന്നെയാണോ കഥകളി അഭ്യസിക്കാൻ പ്രേരിപ്പിച്ചത്? ആരായിരുന്നു ഗുരു?

പ്രശാന്ത്: തീർച്ചയായും പ്രേരണ അച്ഛൻതന്നെ ആയിരുന്നു. ചന്ദ്രമന ഗോവിന്ദൻ നമ്പൂതിരിയാണ കഥകളിയിലെ ഗുരു. പെരുമ്പാവൂർ പുന്നയത്തെ അദ്ദേഹത്തിന്റെ ഇല്ലത്തു ഗുരുകുലരീതിയിൽ ആയിരുന്നു അഭ്യസനം. ആറുവയസിൽ പഠനം തുടങ്ങി. അവധിക്കാലം മുഴുവൻ അവിടെ. ആശാൻ തിരുവനന്തപുരത്തു വന്നാൽ വീട്ടിലാണ താമസം. സീസണുകളിൽ കുറേദിവസം ഉണ്ടാകും. അപ്പോഴും പഠനം തുടരും. യുവജനോത്സവത്തിനായുള്ള പഠനത്തിന് അച്ഛൻ എതിരായിരുന്നു. ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ വെള്ളായണി അമ്പലത്തിലായിരുന്നു അരങ്ങേറ്റം—സന്താനഗോപാലത്തിലെ കൃഷ്ണൻ. നാനൂറോളം വേദികളിൽ ഞാൻ വേഷം കെട്ടിയിട്ടുണ്ട്, അതും കുലപതികളുടെ കൂടെ! മാങ്കുളം വിഷ്ണുനമ്പൂതിരി, ഹരിപ്പാട്ടു രാമകൃഷ്ണപിള്ള, ചെന്നിത്തല ചെല്ലപ്പൻപിള്ള, കലാമണ്ഡലം രാമൻകുട്ടിനായർ, കലാമണ്ഡലം കൃഷ്ണൻ നായർ, കലാമണ്ഡലം ഗോപി, മടവൂർ വാസുദേവൻ നായർ, വൈക്കം കരുണാകരൻ നായർ, സദനം കൃഷ്ണൻകുട്ടി തുടങ്ങി മിക്കവരുടെയും കൂടെ. ആദ്യമൊക്കെ കുട്ടിത്തരം വേഷങ്ങൾ ആയിരുന്നു. കുട്ടിഭീമൻ, *ദക്ഷയാഗ*ത്തിലെ ഇന്ദ്രൻ, *നളചരിത*ത്തിലെ ഇന്ദ്രൻ, *നിഴൽക്കുത്തി*ലെയും *ഉത്തരാസ്വയംവര*ത്തിലെയും ദൂതന്മാർ, കുട്ടിത്തരം സ്ത്രീവേഷങ്ങൾ... ഒരു പൂർണ്ണകഥാപാത്രത്തിലേക്കുള്ള എല്ലാ ചേരുവയും. *ബാലിവിജയ*ത്തിലെ രാവണൻ, *കിരാത*ത്തിലെ അർജ്ജുനൻ ഒക്കെപ്പോലെയുള്ള ആദ്യവസാനവേഷങ്ങളും കെട്ടിയാടേണ്ടി വന്നിട്ടുണ്ട്.

നേരത്തേ പറഞ്ഞ മഹാരഥന്മാരൊക്കെ വീട്ടിൽ വരും. ആ കൂട്ടായ്മകൾ വലിയ പണ്ഡിതസദസ്സുകൾ ആയിരുന്നു. ഗംഭീരമാംവിധം സർഗ്ഗാത്മകം! കളിയെപ്പറ്റി, സന്ദർഭങ്ങളെപ്പറ്റി, അവതരണത്തെപ്പറ്റി, വേണ്ട പരിഷ്കരണങ്ങളെപ്പറ്റി ഒക്കെ ചർച്ച നടക്കും. അതൊരു വലിയ അനുഭവമായിരുന്നു. ഒരു ഉദാഹരണം പറയാം. "ഹസിച്ചു പാർഷതി സഭാതലേ..." എന്ന പദം ഇന്ദ്രപ്രസ്ഥത്തിലെത്തി സ്ഥലജലഭ്രമമുണ്ടായി വസ്ത്രമുയർത്തിനടക്കുന്ന കൗരവപ്രമാണിമാരെക്കണ്ടു പാഞ്ചാലി ചിരിക്കുന്നതിനെപ്പറ്റിയുള്ളതാണ്. അവിടെ, പാഞ്ചാലി കൈകൊട്ടിച്ചിരിക്കുന്നതായാണ കളിക്കാറ്. അത് അത്യുക്തിയാണെന്നായി ഓയൂർ രാമചന്ദ്രൻ. ഹസിച്ചു എന്നേ കവി പറയുന്നുള്ളൂ. മഹാഭാരതത്തിൽ കൈകൊട്ടിച്ചിരിച്ചതായി പറയുന്നുണ്ടെന്നായി മറ്റ് ആശാന്മാർ.

ഇടത്തുനിന്ന്: ധാർവാഡ് രംഗായണയ്ക്കുവേണ്ടി കന്നടഭാഷയിൽ ആശയാവിഷ്കാരം നല്കിയ സ്വപ്നവാസവദത്തത്തിന്റെ തിരുവനന്തപുരത്തെ അവതരണത്തിനുശേഷം ദേശീയനാടകോത്സവം സംഘടിപ്പിച്ച സംസ്ഥാനസർക്കാരിനുവേണ്ടി പ്രഭാവർമ്മ സംവിധായകൻ പ്രശാന്ത് നാരായണന് ഉപഹാരം നല്കുന്നു; പ്രശാന്ത് നാരായണൻ.

അപ്പോൾ തർക്കം നടന്റെ പ്രതിജ്ഞാബദ്ധത കവിയോടോ പുരാണത്തോടോ എന്നായി. ഭാരതയുദ്ധത്തിനു കാരണമായ ആ ഒറ്റച്ചിരി ഓരോ നടനും ഇങ്ങനെയൊക്കെ വിശകലനം ചെയ്തുവേണ്ടേ അവതരിപ്പിക്കാൻ? നാടകത്തിലെ ഓരോ അംഗചലനം നിശ്ചയിക്കുമ്പോഴും ഇതെല്ലാം എന്റെ മനസിൽ തെളിയും.

കൂടുതൽ ഗൗരവപൂർണ്ണമായ കഥകളിപഠനം നടന്നതു സ്കൂൾവിദ്യാഭ്യാസത്തിനു ശേഷമാണ്. അതിനായി ആശാന്റെ നാടായ പെരുമ്പാവൂരിലെ ഇരിങ്ങോൾ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ചേർന്നു. ചന്ദ്രമനയിൽ കലയൊഴിഞ്ഞൊരു നിമിഷമില്ല. സമ്പൂർണ്ണകലയിലേക്കു നയിച്ച കാലം. സംഗീതജ്ഞൻ ശങ്കരൻ നമ്പൂതിരി അന്നു കളിക്കൂട്ടുകാരനായി അയൽപ്പക്കത്ത് ഉണ്ടായിരുന്നു. ചന്ദ്രമനയിലെ ഏറ്റവും ഇളയയാളായ ഉണ്ണിയപ്പൻ ചന്ദ്രമന തീർക്കുന്ന കാവ്യലോകം. ഏറ്റവും മൂത്തയാളായ ചന്ദ്രമന ശ്രീധരൻ നമ്പൂതിരി ആട്ടക്കഥയൊക്കെ എഴുതിയിട്ടുള്ളയാളാണ്. എല്ലാ വേഷവും ചെയ്യും. "പച്ച, കത്തി, താടി, മിനുക്ക്, മെച്ചമൊടേ കരിവേഷമണിഞ്ഞ്" എന്നപോലെ. ഇവരെക്കൂടാതെ മക്കളും വീട്ടിൽത്തന്നെ താമസിക്കുന്ന ബന്ധുക്കളും ശിഷ്യരും എല്ലാം ചേർന്ന് മറ്റൊരു 25 പേരുടെ സംഘം. ഇവരുടെയെല്ലാം ചെലവു കണ്ടെത്തുന്നതുതന്നെ വളരെ കഠിനമായിരുന്നു. ആശാനാണെങ്കിൽ അഞ്ചു മക്കളെ വിദ്യാഭ്യാസം ചെയ്യിക്കുകയും വേണം. വിശ്വാസമില്ലായിരുന്നിട്ടും ചിലപ്പോഴെല്ലാം അദ്ദേഹം മന്ത്രവാദത്തിനുവരെ പോകുമായിരുന്നു.

ഗുരുകുലത്തിൽ പ്രാതലിന് അണ്ടാവിലാണു മാവ്! അതുകൊണ്ടുണ്ടാക്കുന്ന സാധനത്തിനു ഞങ്ങൾ ദൊസ്ഥലി എന്നാണു പേരിട്ടിരുന്നത്. ചുവന്ന മുളകു വറുത്തതും അല്പം എണ്ണയും ഉപ്പും ഇലത്തുമ്പിൽ. ഉച്ചയ്ക്കു കുമ്പാരച്ചോറിനുമീതെ കാളൻ! സീസണിൽ ചേമ്പിൻതണ്ടിട്ട നീളൻ കറിയും. ഞാനാണെങ്കിൽ പരമ നോൺവെജിറ്റേറിയൻ. എന്റെ ദയനീയാവസ്ഥ മനസിലാക്കി ഗുരുതന്നെ രഹസ്യമായി ചിക്കനും ബീഫുമൊക്കെ വാങ്ങിക്കൊണ്ടുത്തരുമായിരുന്നു; വല്ലപ്പോഴുമൊക്കെ മദ്യവും. ചാരായനിരോധനമൊക്കെ വരുന്നതിനു മുമ്പുള്ള കാലമാണ്.

പറമ്പിൽ രാവിലെ നടക്കുമ്പോഴും ചേമ്പിൻതണ്ട് അരിയുമ്പോഴുമെല്ലാം തിത്തത്തത്തി തിത്തത്തത്താ. അതു ഗുരുകുലസമ്പ്രദായത്തിന്റെ മാത്രം പ്രത്യേകതയാണ്. ആ രീതി പോയതോടെ വിദ്യാഭ്യാസത്തിന്റെ മാനവികതലങ്ങൾ പലതും നഷ്ടമായി. കലാമണ്ഡലത്തിൽ പഠിക്കണമെന്ന ആഗ്രഹം ആശാനാണു നിരുത്സാഹപ്പെടുത്തിയത്.

മനോജ്: പക്ഷേ, പഴയരീതിയിലുള്ള കഥകളിപരിശീലനം കഠിനവും ശിക്ഷകളും മറ്റും അല്പം ക്രൂരവും ആയിരുന്നില്ലേ?

പ്രശാന്ത്: ആണ്. പക്ഷേ, അത്രയും തീവ്രമായ പരിശീലനവും സമർപ്പണവുംകൊണ്ടേ ആ കലയിൽ പ്രാവീണ്യം നേടാനാവൂ. ശിക്ഷയ്ക്കു പുറമേ മറ്റുതരം പീഡനങ്ങളും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. മുതിർന്ന ചില കലാകാരരുടെ ലൈംഗികവൈകൃതങ്ങൾക്ക് ഇരയാകാൻ ഇടയായത് മനസിൽ എന്നും ജുഗുപ്സ തോന്നിക്കുന്ന അനുഭവമാണ്. അതുപക്ഷേ, കഥകളിയുടെയോ ഗുരുകുലരീതിയുടെയോ കുറ്റമല്ല. അതിലും ജുഗുപ്സാവഹമായ അനുഭവങ്ങളാണു സ്കൂൾ ഓഫ് ഡ്രാമയിൽവച്ച് ഉണ്ടായിട്ടുള്ളത്. സൂപ്പർ സീനിയേഴ്സിന്റെ പെരുമാറ്റം അതിലുമെത്രയോ കഠിനവും ക്രൂരവും ആയിരുന്നു! സ്ത്രീയുടെ നഗ്നചിത്രം നിലത്തു വരച്ചു രമിക്കാൻ ആവശ്യപ്പെടുകപോലും ഉണ്ടായിട്ടുണ്ട്.

നാടകപഠനത്തിനു മുമ്പത്തെ നാടകങ്ങൾ

മനോജ്: സ്കൂൾ ഓഫ് ഡ്രാമ പ്രശാന്തിന്റെ ജീവിതത്തിലെ വലിയ തിക്താനുഭവങ്ങളിൽ ഒന്നായിരുന്നെന്ന് അറിയാം. പ്രവേശനപ്പരീക്ഷയിൽ ഒന്നാം റാങ്കു നേടിയ ആളായിട്ടും കോഴ്സ് പൂർത്തിയാക്കാതെ അവിടം വിടേണ്ടിവന്നതായും അറിയാം. ഇന്നു നാടക, സിനിമാ രംഗങ്ങളിലുള്ള പലരുടെയും മുഖമ്മൂടി പൊളിക്കുന്ന ചില കഥകൾ സ്വകാര്യസംഭാഷണങ്ങളിൽ താങ്കൾ പറഞ്ഞിട്ടുമുണ്ടല്ലോ. സ്കൂൾ ഓഫ് ഡ്രാമ ആണോ നാടകത്തിലേക്കുള്ള വഴിത്തിരിവായത്?

പ്രശാന്ത്: അല്ല. നാടകങ്ങൾ സ്വന്തമായി എഴുതി കളിച്ചുതുടങ്ങുന്നത് തിരുവനന്തപുരം സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ പഠിക്കുമ്പോഴാണ്. അവിടെ ഹെഡ്മാസ്റ്റർ ആയിരുന്ന ഫാ: എഫ്രേം തോമസ് എസ്.ജെ. ആണ് എന്നിലെ കലാകാരനെ ആദ്യം തിരിച്ചറിഞ്ഞു പ്രോത്സാഹിപ്പിച്ചത്. അദ്ധ്യാപകനായ ടോമി ആന്റണി തന്ന പ്രോത്സാഹനവും ചെറുതല്ല. അയ്യപ്പപ്പണിക്കരുടെ *തങ്കച്ചൻ* എന്ന കവിതയുടെ ചൊൽക്കാഴ്ച ആയിരുന്നു ആദ്യത്തേത്. "തങ്കച്ചൻ ജനിച്ചപ്പോൾ ജനനത്തെ പേടിച്ചു" എന്നുതുടങ്ങി "തങ്കച്ചൻ മരിച്ചപ്പോൾ മരണത്തെ പേടിച്ചു" എന്ന് അവസാനിക്കുന്ന രസകരമായ കവിത. അന്നൊക്കെ പാട്ടുകവിതകൾ ഉണ്ടായിരുന്നല്ലോ. പാട്ടിൽനിന്നു നാട്യം ഉണ്ടാകുന്ന സമ്പ്രദായം. കഥകളിയിലും അതാണല്ലോ. അവിടെ പക്ഷേ, വ്യക്തമായ പരിശീലനം വേണം. '*കുഞ്ഞനു ഭ്രാന്താണ്*' അടക്കം പല നാടകങ്ങൾ അന്ന് എഴുതിക്കളിച്ചു. അവയിൽ ചിലത് ഇപ്പോൾ കൈവശമില്ല!

പുന്നയത്തെ ഗുരുകുലപഠനകാലത്താണു നാടകത്തിലേക്കു ഗൗരവമായി തിരിയുന്നത്. പുന്നയത്ത് കലാവേദി നാടകസംഘം പ്രവർത്തിച്ചിരുന്നു.

ഗുരുവായ ചന്ദ്രമന നമ്പൂതിരിയുടെ മക്കളൊക്കെ ഉണ്ടായിരുന്നു. പ്രൊഫ: ജി. ശങ്കരപ്പിള്ളയുടെ നാടകങ്ങളാണു മുഖ്യമായും കളിച്ചത്. 'പ്രിയജനമേ', 'അമ്പലം', 'സസേമിര', 'ഇലപൊഴിയുംകാലത്തൊരു പുലർകാലവേള', 'ശുഭാന്തം', ഒക്കെ. '*മൂന്നു പണ്ഡിതന്മാരും പരേതനായ സിംഹവും*' 200 സ്റ്റേജുകളിൽ കളിച്ചു. അപ്പോഴേക്കും വി.എച്ച്.എസ്.ഇ. കോഴ്സ് കഴിഞ്ഞു.

തുടർന്നു യൂണിവേഴ്സിറ്റി കോളെജിൽ മലയാളം ബി.എ.യ്ക്കു ചേർന്നു. അന്നാണു സർവ്വകലാശാലായുവജനോത്സവത്തിൽ കാവ്യാലാപനത്തിൽ അവതരിപ്പിച്ചതു സ്വന്തം കവിതയാണെന്നു പറഞ്ഞ് അയോഗ്യത പ്രഖ്യാപിച്ചത്. കുരീപ്പുഴ ശ്രീകുമാർ അംഗമായിരുന്ന ഒരു ജൂറി എങ്ങനെ അങ്ങനൊരു തീരുമാനം എടുത്തു എന്നത് ഇപ്പോഴും എന്നെ അത്ഭുതപ്പെടുത്തുന്നു. അന്നതു പത്രങ്ങളിലൊക്കെ കാര്യമായി വന്നിരുന്നു. അതിലെ വരികൾ ചിലത് '*ഛായാമുഖി*' പുസ്തകത്തിൽ ഒരു ലേഖനത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

"ആരോ തറയിലെറിഞ്ഞുതകർത്തൊരു
നേരിൻ ചില്ലാണീ ലോകം
തേരുകൾ നീങ്ങിയ വീഥിയിലെൻ സ്മൃതി
കേറിയുടഞ്ഞ പുരാണച്ചില്ലിൽ
മുഖവും നോക്കി ഇരിപ്പൂ നേരുകൾ
നരകത്തിന്റെ നശിക്കാവേരുകൾ".

കോളെജിൽ ചേർന്ന് ഒമ്പതു മാസത്തിനകമാണു സ്കൂൾ ഓഫ് ഡ്രാമയിൽ പ്രവേശനം കിട്ടുന്നത്. എന്റെ *ഭാരതാന്തം* കഥകളിയുടെ അരങ്ങേറ്റത്തിന്റെ സായാഹ്നത്തിലാണ് അവിടെ ചേരാനുള്ള അപേക്ഷ ഇന്നത്തെ പ്രമുഖ നാടകപ്രവർത്തകനായ രഘൂത്തമൻ കൊണ്ടുവരുന്നത്.

17- ാം വയസിലെ ആട്ടക്കഥയെഴുത്ത്

മനോജ്: പതിനേഴാമത്തെ വയസിൽ എഴുതിയ '*ഭാരതാന്തം*' കഥകളിയെപ്പറ്റിക്കൂടി പറഞ്ഞിട്ടു സ്കൂൾ ഓഫ് ഡ്രാമക്കാലത്തേക്കു പോയാൽപ്പോരെ?

പ്രശാന്ത്: മതി. അച്ഛനാണ് അതിനു നിമിത്തമായത്. അച്ഛന്റെ രണ്ടാം ചരമവാർഷികത്തിൽ കളിക്കാനായാണ് അത് എഴുതുന്നത്. ഒന്നാം വാർഷികത്തിന് അച്ഛന്റെതന്നെ '*മാർക്കണ്ഡേയചരിതം*' കളിച്ചു. അടുത്തവർഷം ഏതു കഥ കളിക്കും എന്ന ആലോചന വന്നപ്പോഴാണ് ഞാൻതന്നെ ഒന്ന് എഴുതിയാലോ എന്ന ചിന്ത വരുന്നത്. അച്ഛനെ നഷ്ടപ്പെട്ടതിന്റെ ദുഃഖം ഏറ്റവുമധികം അനുഭവിച്ച കഥാപാത്രമായ അശ്വത്ഥാമാവ് കടന്നുവന്നു. അദ്ദേഹത്തെ നായകനാക്കി ഒരു കഥ. അങ്ങനെയാണത് എഴുതിത്തുടങ്ങുന്നത്. ആദ്യകുറേഭാഗം എഴുതിക്കഴിഞ്ഞപ്പോൾ ആത്മവിശ്വാസത്തിനായി ഗുരുവിനെ കൊണ്ടുപോയി കാണിച്ചു. കഥാസന്ദർഭം കഴിഞ്ഞുള്ള ആദ്യത്തെ അഭിനയശ്ലോകം വായിച്ചു:

'രാവിൽത്താനേയിരുന്നും വ്യഥയതുമതിയിൽച്ചേർത്തുമദ്രൗണിയേവം
വായ്ക്കും കോപം ജ്വലിച്ചും വിധിയുടെ നെട്ടതാം പോക്കിലൂനം നിനച്ചും

പേർത്തും ചിന്തിച്ചുമാഹാ! ഹതിയതുചതിയിൽച്ചെയ്തു കൗന്തേയജാതി-
ക്കേറ്റം സന്താപമേകാൻ വഴിയതു വഴിപോൽ തേടിയാർത്തൻ പറഞ്ഞാൻ'

അതു കേട്ടപ്പോൾത്തന്നെ ആശാൻ പറഞ്ഞു, "എടാ, ഇതെങ്ങനെ കളിക്കാതിരിക്കും! നീ എഴുത്! ഞാൻ തന്നെ അശ്വത്ഥാമാവ്."

ഇരുപത്തിനാലു ദിവസമെടുത്തു എഴുതിത്തീർക്കാൻ. അയലത്തെ ആറാം ക്ലാസുകാരൻ രാമകൃഷ്ണൻ ദിവസവും വരും, എത്ര എഴുതി എന്നു കാണാൻ. ഗാന്ധാരി കൃഷ്ണനെ ശപിക്കുന്ന രംഗം എത്തിയപ്പോൾ എഴുത്തു നിന്നു. യഥാർത്ഥശാപം എഴുതിയപ്പോൾ വെറും പ്രസ്താവനയായിപ്പോയി. സാഹിത്യമില്ല. "ഭാഷാസഹിതോ സാഹിത്യം" എന്ന് അച്ഛൻ എപ്പോഴും പറയും. "അവനവൻ ആസ്വദിച്ച് എഴുതണം. പറ്റാത്തത് എഴുതരുത്." ഒരു ദിവസം മുഴുവൻ പാഴായി. പിന്നീട് ആരോ കാതിൽ മൂളുന്നതുപോലെ തോന്നി, എഴുതി. (മുമ്പെല്ലാം മുല ചുരന്ന് ഈറനായിരുന്ന, ഇപ്പോൾ പുത്രദുഃഖത്താൽ കണ്ണീർ വീണ് ഈറനായ ഈ)

"മാറിലീറൻവസ്ത്രത്തിലെൻ കണ്ണുനീരിൽ കൈവച്ചു
മാധവാ! മൊഴിഞ്ഞിടുന്നേൻ നിൻ കുലനാശം."

സമാനമായ അനുഭവം അശ്വത്ഥാമാവു പടകുടീരം ദഹിപ്പിക്കാൻ പുറപ്പെടുന്ന രംഗം എഴുതുമ്പോഴും ഉണ്ടായി. ഒടുവിൽ അതൊരു അർദ്ധാഭിനയദണ്ഡകമായി പിറന്നു:

"പ്രതികാരദാഹിയവനതിയായ കോപമൊടു
കരവാളുമേന്തി നടകൊണ്ടു,
താതനെ നമിച്ചു,
താന്തതയൊഴിച്ചു,
കൃതവർമ്മ, കൃപരിരുവർ മരുവുന്ന ശിബിരമതി-
ലെത്തിയവനാശയമുരച്ചു..."

ഇടത്തുനിന്ന്: വജ്രമുഖൻ നാടകത്തിൽ തമിഴന്റെ വേഷത്തിൽ ഇന്ദ്രൻസും കോതണ്ടനായി ജയകൃഷ്ണനും പരിശീനത്തിൽ; പ്രശാന്ത് നാരായണന്റെ സംവിധാനത്തിൽ കർണ്ണാടകത്തിലെ രംഗായണ അവതരിപ്പിച്ച സ്വപ്നവാസവദത്തം നാടകത്തിലെ രംഗം.

ഈ ദണ്ഡകത്തിലെ ചില വാക്കുകൾ അർത്ഥമറിയാതെതന്നെ എഴുതിപ്പോകുകയായിരുന്നു.

“ഇത്ഥം വദിച്ച പരിപന്ഥീം വധിപ്പതിനു
കല്പിച്ച ഗുരുസുതനുമപ്പോൾ
നികൃതികൾ തിരിച്ചു, വികൃതികളുരച്ച”

എന്നതിലെ പരിപന്ഥിയും നികൃതിയുമൊക്കെ ഇത്തരത്തിൽ എഴുതിപ്പോയതാണ്. പിന്നീട് അർത്ഥം നോക്കിയപ്പോൾ കൃത്യം!

കവിത എഴുതുമ്പോൾ പനിക്കുമെന്നു ബാലചന്ദ്രൻ ചുള്ളിക്കാടും മറ്റു പലരും പറഞ്ഞിട്ടുണ്ട്. സുഗതകുമാരിയുടെ ഒരു കവിത ഗസലായി ഈണമിടുമ്പോൾ പനിച്ചതായി ഷഹബാസ് അമൻ അടുത്തിടെ പറഞ്ഞതും കേട്ടു. സർഗ്ഗരചനയുടെ സവിശേഷമായ അവസ്ഥയിൽ സംഭവിക്കുന്ന പ്രതിഭാസമാകാം ഇതൊക്കെ.

സ്കൂൾ ഓഫ് ഡ്രാമയുടെ നിലവാരത്തകർച്ച

മനോജ്: ‘ഭാരതാന്ത’ത്തിന്റെ അരങ്ങേറ്റദിവസം സ്കൂൾ ഓഫ് ഡ്രാമയിലേക്കുള്ള അപേക്ഷ കയ്യിൽക്കിട്ടിയപ്പോൾ അതൊരു ദുരന്തമാകുമെന്ന് അല്പമെങ്കിലും തോന്നിയിരുന്നോ? അവിടെ വാസ്തവത്തിൽ എന്താണു സംഭവിച്ചത്?

ഛായാമുഖിയുടെ പ്രകാശനവേദിയിൽ ഡോ: രാജശ്രീ വാര്യർക്കും എൻ. പ്രഭാവർമ്മയ്ക്കും ഒപ്പം.

പ്രശാന്ത്: നടൻ മുകുന്ദന്റെ നിർദ്ദേശപ്രകാരമാണ രഘൂത്തമൻ പ്രവേശനഫോറം കൊണ്ടുവന്നത്. ആവേശപൂർവ്വം പ്രവേശനപ്പരീക്ഷ എഴുതി. ഒന്നാം റാങ്കിൽ ജയിച്ചു. പ്രമോദ് പയ്യന്നൂരിനായിരുന്നു രണ്ടാം റാങ്ക്. യൂണിവേഴ്സിറ്റി കോളെജിലെ ബിഎ പഠനം ഉപേക്ഷിച്ചു പ്രവേശനം നേടി. ശങ്കരപ്പിള്ളസാറിന്റെ പ്രഭാവമൊഴിഞ്ഞ കാലം. അദ്ദേഹത്തിന്റെ കസേര ഭരതഭാവത്തിൽ ആരാധനയോടെ നീക്കിവച്ച് സ്കൂളിൽ ഇരുന്നു വയലാ വാസുദേവൻ പിള്ള സ്കൂൾ ഓഫ് ഡ്രാമ ഭരിക്കുന്നു. ശങ്കരപ്പിള്ളസ്സാറിന്റെ ടീമായിരുന്ന കെ.പി. നാരായണപ്പിഷാരടിയെയും ശിവൻ നമ്പൂതിരിയെയും ഡോ: എ.കെ. നമ്പ്യാരെയും രാമചന്ദ്രൻ മൊകേരിയെയും നരിപ്പറ്റ നാരായണൻ നമ്പൂതിരിയെയും ജയസൂര്യമാഷിനെയും പോലുള്ള അദ്ധ്യാപകർ. നാട്യശാസ്ത്രം ഇങ്ങനെ പറയുന്ന, അതേപ്പറ്റി ഇത്ര ഗഹനമായി ചിന്തിക്കുന്ന, നാരായണപ്പിഷാരടിയെപ്പോലെ ഒരാളെ കണ്ടിട്ടില്ല. ശാകുന്തളം നാടകം നാലാമങ്കം പഠിപ്പിച്ചത് ഇപ്പോഴും ഓർമ്മയുണ്ട്. "നാട്ടിൽപ്പെട്ട ഗൃഹസ്ഥനെത്രയുളവാം പുത്രീവിയോഗവ്യഥ" എന്ന ഭാഗം സാരസ്യം വിശദീകരിച്ചപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി! ആ ഓർമ്മയിൽ അദ്ദേഹത്തിന്റെ വീടിന്റെ പേരാണ് ഞാൻ എന്റെ വീടിനിട്ടത്—നാരായണീയം. എന്റെ അച്ഛന്റെ പേരും നാരായണൻ നായർ എന്നാണല്ലോ.

പഠിപ്പിക്കാൻ അതിഥികളായെത്തുന്നവരും നിസ്സാരരല്ല. ബി.വി. കാറന്ത്, അടുത്തിടെ അന്തരിച്ച രാമാനുജം, കെ.ജി. കൃഷ്ണമൂർത്തി, അർജ്ജുൻ റെയ്ന, ബെറ്റി ബെർണാഡ്, സ്റ്റു വെസ്റ്റൺ... എക്സലന്റ് എന്നൊന്നും പറഞ്ഞാൽ മതിയാവില്ല സ്റ്റു വെസ്റ്റന്റെ ഒക്കെ ക്ലാസുകൾ. ടാഗോറിന്റെ 'മുക്തധാര' വി.ബി. കാരന്ത് ചെയ്തത് അസാമാന്യാനുഭവം ആയിരുന്നു. ഒരു നാടകം എങ്ങനെ രൂപപ്പെട്ടു വികസിച്ചുവരുന്നു എന്നത് അനുഭവിപ്പിച്ചുതരികയായിരുന്നു. ചിരിക്കാത്ത മുഖം. നാടകമെല്ലാം കഴിഞ്ഞപ്പോൾ ചുണ്ടിന്റെ കോണുകൊണ്ടൊരു ചിരി, അത്രതന്നെ. പ്രാക്ടിക്കൽ തീയറ്ററിന്റെ ക്ലാസിൽ രാമാനുജംസാർ 'സാകേത'വും 'ഭഗ്നഭവന'വും കുട്ടികളുടെ ഒരു നാടകവും ചെയ്യിച്ചതൊക്കെ എങ്ങനെ മറക്കാൻ! ആദ്യസെമസ്റ്റർ തികച്ചും ആസ്വാദ്യമായിരുന്നു.

അവരുടെയെല്ലാം സ്ഥാനത്ത് ഇന്നുള്ളവർ 'സർട്ടിഫിക്കറ്റുകാർ'! ശങ്കരപ്പിള്ളസാറിന്റെ കസേരയിൽ ഇരിക്കുന്നത് ജാടക്കാർ! രാമാനുജം സാറിന്റെ എൻലൈറ്റൻമെന്റിന്റെ സ്പർശംപോലും ഇല്ലാത്തവർ! കഴിവിനു പകരം കൗശലമുള്ളവർ. ഡോക്ടറേറ്റ് ഇല്ലാത്തവർ ഡയറക്ടർമാർ ആകരുതെന്നാക്കി. സ്കൂൾ ഓഫ് ഡ്രാമയിൽ ബി.റ്റി.എ. പഠിച്ചവർ പ്രൊഫസർമാരായി വരാതിരിക്കാനുള്ള ഓപ്പറേഷനുകൾ. അവരെ ടെക്നീഷ്യന്മാരാക്കി. ലിഖിതസാഹിത്യം എങ്ങനെ പ്രാവർത്തികമാക്കാം എന്നു പഠിപ്പിക്കുന്നതിനു പകരം "എഴുതിയെടുക്ക്", "വൃത്തമേത്", "രാഗത്തിൽ കരയുക" എന്നെല്ലാമുള്ള മട്ടിലായി. പൊയറ്റിക്കൽ ഇമേജിനെ തീയട്രിക്കൽ ഇമേജ് ആക്കലാണു കാര്യം. വൃത്തം പരിശോധിക്കലല്ല. ദൗർഭാഗ്യവശാൽ വയലാ വാസുദേവൻ പിള്ളയൊക്കെ ഇതാണു ചെയ്തുവന്നത്. ബ്രഹ്റ്റ്, അർത്താഡ്, ഷേക്സ്പിയർ, ത്രീ ഡയമെൻ

ഷൻ, എലീനേഷൻ എഫക്റ്റ്, ക്യാരക്ടർ എന്നൊക്കെ പറയും. ഈ വൈദേശികരുടെ ഒരു നാടകം പോലും അവതരിപ്പിക്കുന്നത് എങ്ങനെ എന്നു കാണാത്തവർ. നടക്കുന്നതു വിവരം പകരൽ മാത്രമാണ്; വിജ്ഞാനം ജനിപ്പിക്കലല്ല. സമ്പൂർണ്ണ ആശയക്കുഴപ്പം ഉണ്ടാക്കലാണ് ഓരോരുത്തരുടെയും ലക്ഷ്യം. മറിച്ചാകണമെങ്കിൽ അവർക്കുതന്നെ വ്യക്തത വേണമല്ലോ. ഇതൊക്കെക്കൊണ്ടാണു മലയാളനാടകവേദി കേവലം ഇന്റലക്ച്വൽ തീയറ്റർ ആയിപ്പോയത്. സമാന്തരനാടകവേദിക്കാർ മുഴുവൻ ചെയ്തത് കേരളീയപൈതൃകകലകളുടെ കെട്ടിക്കാഴ്ചകൾ മാത്രം എടുക്കുകയാണ്. പൂവിന്റെ ഇതളുകൾ എടുത്തു; ആധാരമായ കേസരനാളം എടുത്തില്ല. വിദേശങ്ങളിലെ നാടകകലാശാലകളിൽപ്പോലും പഠിപ്പിക്കുന്ന നാട്യശാസ്ത്രം ഇവിടെ പക്ഷേ, പഠിപ്പിക്കില്ല! നാഷണൽ സ്കൂൾ ഓഫ് ഡ്രാമയിൽപ്പോലും പഠിപ്പിക്കുന്നില്ല. ഒറ്റ സർവ്വകലാശാലയിലും ഇല്ല. പക്ഷേ, പുരാതനംതന്നെയായ അരിസ്റ്റോട്ടിലിന്റെ 'പൊയറ്റിക്സ്' പഠിപ്പിക്കും! ഇവിടെ അന്ധമായ പാശ്ചാത്യപ്രണയമാണ്. അനാവശ്യമായ അബ്സേഡിറ്റിയും സങ്കേതങ്ങളും കെട്ടിയെഴുന്നള്ളിക്കുന്നു. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ വെറുപ്പിക്കൽസ്. സ്കൂൾ ഓഫ് ഡ്രാമയിൽ സംസ്കൃതനാടകസെമസ്റ്റർ എടുത്തുകളഞ്ഞു. എന്തിനുവേണ്ടി? പൗരാണികരംഗകലാപദ്ധതി ചെറുതായെങ്കിലും പരിചയപ്പെടുത്തുന്ന ഒന്നായിരുന്നു അത്. കഥകളി പരിചയപ്പെടുത്തൽ ചുട്ടികുത്തിക്കലിൽ ഒതുങ്ങുന്നു.

സ്കൂൾ ഓഫ് വെറുപ്പിക്കൽസ്

മനോജ്: ഈ വിമർശങ്ങൾ ചർച്ചചെയ്യേണ്ടവയാണ്. സ്കൂൾ ഓഫ് ഡ്രാമയിലെ പ്രശാന്തിന്റെ തുടർപഠനത്തിന് എന്താണു സംഭവിച്ചത്?

പ്രശാന്ത്: ഒരു ഒക്ടോബറിലാണു ഞാൻ അവിടെ ചേരുന്നത്. അതിനുമുമ്പുതന്നെ എന്റെ ആട്ടക്കഥ അവതരിപ്പിക്കപ്പെട്ടിരുന്നല്ലോ. അപേക്ഷയിൽ അതും ഞാൻ കാണിച്ചിരുന്നു. സ്കൂൾ ഓഫ് ഡ്രാമയിലെ എന്റെ ആദ്യാനുഭവം ഒരു റാഗിങ് ആയിരുന്നു. അതിനെ റാഗിങ് എന്നു വിളിക്കാമോ എന്നുതന്നെ എനിക്കറിയില്ല. കോഴ്സ് കഴിഞ്ഞു പോയ രണ്ടുപേർ കൂട്ടത്തിൽ ഉണ്ടായിരുന്നു. മദ്യപിച്ചു ലെക്കുകെട്ടു വന്ന അവരിലൊരാൾ 'കഥകളിക്കാരൻ ആരാടാ' എന്നു ചോദിച്ചു. ഞാനാണെന്നു പറഞ്ഞപ്പോൾ കരണത്ത് ആഞ്ഞടിച്ചു. കണ്ണിൽനിന്നു പൊന്നീച്ച പറന്നു. ഒപ്പം ആക്രോശിച്ചു: "കഥകളിയല്ലെടാ *#@@#**#@@ നാടകം".

ആദ്യക്ലാസിൽ വയലാ വാസുദേവൻ പിള്ള പറഞ്ഞിരുന്നു, ക്ലാസിക്കൽ തീയറ്ററിനെപ്പറ്റി എന്തു സംശയവും ചോദിക്കാൻ പറ്റിയ ഒരു പയ്യൻ നിങ്ങളുടെ ക്ലാസിലുണ്ടെന്ന്. അപ്പോൾ തോന്നിയ അഭിമാനം മാത്രമല്ല, കഥകളിയിലൂടെ നേടിയതത്രയുമാണ് ഒറ്റ കരണത്തടിയിലൂടെ തവിടുപൊടിയായത്. കഥകളിക്കായി സഹിച്ച കഷ്ടപ്പാടുകൾ അവർക്കറിയില്ലല്ലോ.

ക്ലാസിക്കൽ കലയെപ്പറ്റി പറയും. പക്ഷേ അതിനോടു പുച്ഛം. രാവിലെ ആറിനു കഥകളി പഠിപ്പിക്കാൻ ആശാൻ വരും. യോഗയ്ക്കും കളരിക്കും ഓരോരുത്തർ വരും. പക്ഷേ, അതെല്ലാം എന്തിനാണെന്നോ ശരീരവും മനസ്സും

വജ്രമുഖൻ നാടകത്തിൽ തമിഴന്റെ വേഷത്തിൽ ഇന്ദ്രൻസും കോതണ്ടനായി ജയകൃഷ്ണനും പരിശീനത്തിൽ.

ശാസ്ത്രവും തമ്മിലെല്ലാമുള്ള ബന്ധമെന്തെന്നോ മനസിലാക്കിക്കൊടുക്കാൻ കഴിവുള്ളവർ ഇല്ലാത്തതിനാൽ ആരും ആ ക്ലാസുകളിൽ വരാതായി. ഫലമോ, ചവിട്ടിക്കുട്ട് എന്തിനാണെന്നറിയാതെ കഥകളിച്ചുട്ടി നാടകത്തിൽ വേഷമാകുന്നു. കൂടിയാട്ടത്തിന്റെയും പടയണിയുടെയും തെയ്യത്തിന്റെയും ബാഹ്യത്തിൽ കിടക്കുന്നു നമ്മുടെ നാടകം. കേരളീയനാടകത്തിന്റെ ആത്മാവില്ലാത്ത ജഡമാത്രരൂപം. ഓണാഘോഷത്തിന്റെ കെട്ടുകാഴ്ചയിലെ വേഷങ്ങൾ പോലെ. കാവാലവും അരവിന്ദനുമൊക്കെ ഇവയിലെ അംശങ്ങൾ സ്വീകരിക്കുമ്പോൾ പുലർത്തുന്ന കൃത്യമായ കാഴപ്പാട് മറ്റുള്ളവർ കണ്ടില്ല.

ശങ്കരപ്പിള്ളസാറിന്റെ *ഏതോ ചിറകടിയൊച്ച*കളൊക്കെ ചെയ്യിച്ചപ്പോൾ വർത്തമാനം പറയൽ അല്ലാതെ എന്തെങ്കിലും 'ചെയ്യുന്ന' വയലാസാറിനെ കണ്ടില്ല.

മനോജ്: ഞാൻ ചോദിച്ചത് ഇതൊക്കെ പ്രശാന്തിനെമാത്രം വ്യക്തിപരമായി എങ്ങനെ ബാധിച്ചു എന്നാണ്. ഇതൊക്കെക്കണ്ടു മനം മടുത്തു പഠനം മതിയാക്കുകയായിരുന്നോ?

പ്രശാന്ത്: അല്ല. പറയാം. നമ്മുടെ നാടകപഠനത്തിന്റെ അവസ്ഥ ഓർത്തപ്പോൾ കാടുകയറിപ്പോയതാണ്. സർഗ്ഗാത്മകമായ സംവാദങ്ങളോ വിമർശങ്ങളോ വസ്തുനിഷ്ഠമായ അഭിപ്രായങ്ങളോ ഉൾക്കൊള്ളാനുള്ള സഹിഷ്ണുതയില്ലായ്മയു

ടെ ഇരയാകുകയായിരുന്നു ഞാൻ. *കുചേലഗാഥ* നാടകം നാടകവിശകലനത്തിനു കിട്ടി. വയലാസാറിന്റെ നാടകമാണ്. അതിൽ കൃഷ്ണൻ കുചേലപത്നിയിൽ കുട്ടിയെ ഉണ്ടാക്കിയതായൊക്കെ പറയുന്നുണ്ട്. എക്കാലത്തെയും ആത്മാർത്ഥമായ സതീർത്ഥ്യബന്ധത്തിന്റെ അന്ധമായ നിരാസം. നഖശിഖാന്തം വിമർശിച്ചു. അത് അദ്ദേഹത്തിന് ഇഷ്ടമായില്ല എന്നു തോന്നി. ആട്ടക്കഥ എഴുതിയതിനു കലാമണ്ഡലത്തിൽ എനിക്കു സ്വീകരണം തന്നപ്പോൾ മെമന്റോ തരാൻ സംഘാടകർ വയലാസാറിനെയാണു ക്ഷണിച്ചത്. അദ്ദേഹം വിസമ്മതിച്ചു. മറ്റു കുട്ടികൾക്ക് അതു സങ്കടമാവില്ലേ എന്നതാണു ന്യായം പറഞ്ഞത്! ഒരുദിവസം *ദൂതഘടോൽക്കചം* നാടകം ചെയ്യുമ്പോൾ കൃതാന്തൻ എന്ന പദം കൃതയുഗത്തിന്റെ അവസാനം എന്നു വ്യാഖ്യാനിച്ചപ്പോഴും എനിക്കു തിരുത്തേണ്ടിവന്നു. കാലൻ എന്നാണ് ആ പദത്തിന്റെ അർത്ഥം.

പിന്നീടൊരിക്കൽ ചേലക്കര വായനശാലയുടെ ഉദ്ഘാടനവേളയിൽ ഞങ്ങൾ രണ്ടാളും പ്രസംഗകരായിരുന്നു. അമ്മയെ വിവാഹം കഴിക്കുകയും അതിൽ കുട്ടിയുണ്ടാകുകയും ചെയ്യുന്നതരം കഥാസന്ദർഭം *ഈഡിപ്പസ്* നാടകത്തിലേതുപോലെ നമ്മുടെ സാഹിത്യത്തിൽ ഇല്ല എന്ന് അദ്ദേഹം പറഞ്ഞതിനെ ഞാൻ ഖണ്ഡിച്ചു. ഉയർന്ന സംസ്കാരമുള്ള ഭാരതീയന് അങ്ങനെ അവതരിപ്പിക്കാൻ ആവില്ലല്ലോ. അതേസമയം ബന്ധങ്ങളിലെ സങ്കീർണ്ണത ഇവിടെയും ധാരാളമാണ്. കുന്തിയിൽ സൂര്യനു പുത്രനുണ്ട്. സൂര്യന്റെ മകനാണു യമൻ. ആ യമനും കുന്തിയിൽ പുത്രനുണ്ടായി. മുറപ്രകാരം അമ്മയുടെ സ്ഥാനമാണു കുന്തിക്ക്. അന്ന് അവിടെ പറഞ്ഞില്ലെങ്കിലും, ഇന്ദ്രപത്നിയായ ഉർവ്വശി ഇന്ദ്രപുത്രനായ അർജ്ജുനനിൽ അനുരക്തയാകുന്നുണ്ട്. ഇല്ല എന്നു പറയാതെ ഉണ്ടോ എന്ന് അന്വേഷിക്കുകയാണു വേണ്ടതെന്നും ഞാൻ പറഞ്ഞു.

അവിടെ പഠിക്കുമ്പോൾ വീട്ടിൽനിന്നു തന്നിരുന്നത് 250 രൂപയാണ്. അമ്മയ്ക്ക് അതിനേ മാർഗ്ഗമുണ്ടായിരുന്നുള്ളൂ. ഹോസ്റ്റൽ വാടക 100 രൂപ. ബാക്കികൊണ്ടു ജീവിക്കണം. അതിനാൽ പുറത്തു നാടകം ചെയ്യാൻ പോകുമായിരുന്നു. അദ്ധ്യാപകർതന്നെ ചില ശില്പശാലയ്ക്കൊക്കെ വിടും. അതിനൊക്കെ പോയിവരുമ്പോൾ പരിഹാസമാണു സഹപാഠികളിൽനിന്ന്. 'കാവാലത്തിനുശേഷം ഇനി ആര്' എന്നെല്ലാം പറഞ്ഞു കളിയാക്കും. നടനകലോദയത്തിൽ *ഭാരതാന്തം* ചിട്ടപ്പെടുത്താൻ പോയിട്ടുവന്നപ്പോൾ ചിലർ പ്രഖ്യാപിച്ചത്, 'ഞങ്ങൾ നിന്നെക്കാൾ 15 ദിവസം സീനിയറാണെടാ' എന്നാണ്! മറ്റൊരിക്കൽ ഒരു നാടകം ചെയ്യാൻ പോയി മടങ്ങിയെത്തുമ്പോൾ സഹപാഠികൾ കൊടികുത്തി സമരം, "പ്രശാന്ത് നാരായണനെ പുറത്താക്കണം". മതിയായ ഹാജരില്ലത്രേ! മുമ്പൊരിക്കലും ഇല്ലാതിരുന്ന ഹാജർ വയ്പും ഇതിനിടെ വയലാസാർ ഏർപ്പെടുത്തി. വയലാസാറിനെ സമീപിച്ചപ്പോൾ അദ്ദേഹവും കൈമലർത്തി, "കുട്ടികളെല്ലാം തനിക്കെതിരാണ്. പ്രവേശിപ്പിക്കാനാവില്ല." സർവ്വകലാശാലയിൽ പോയി സ്പെഷ്യൽ ഓർഡർ കൊണ്ടുവന്നാൽ പ്രവേശിപ്പിക്കാമത്രേ.

സർവ്വകലാശാലാ ആസ്ഥാനമായ തേഞ്ഞിപ്പലത്തു പോയി. തിരികെ വരാൻ കയ്യിൽ കാശില്ല. *മാതൃഭൂമി*യിലെ ശ്രീകുമാർ 30 രൂപ തന്നു. അതിനു കള്ളുകുടിച്ചു. കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാൻഡിൽ പോയി നാടകം കളിച്ചു. 130 രൂപ കിട്ടി. കുറച്ചു പൈസയ്ക്കു വീണ്ടും കള്ളടിച്ചു. നേരേ വീട്ടിലേക്കു മടങ്ങി.

പ്രശ്നം പരിഹരിക്കാൻ ചേട്ടനെ സ്കൂളിലേക്കു വിളിച്ചുകൊണ്ടുപോയി. അദ്ദേഹം അവിടെച്ചെന്ന് എന്നെ കുറ്റം പറഞ്ഞിട്ടു പോന്നു, “ഇവനു മെമ്മോ അടിച്ചുകൊടുക്കാത്തതെന്ത്?” ദേഷ്യവും സങ്കടവും ഒക്കെയായി പടിയിറങ്ങി. ഒരു പത്തൽ പിഴുതെടുത്ത് മതിലിൽ “വയലാ നാറി” എന്ന് എഴുതിയിട്ടു നടന്നു, തൃശ്ശൂർ ഭാഗത്തേക്ക്. ഗുരുനിന്ദയാണെന്ന തോന്നൽ ഇപ്പോഴുമില്ല. അസഹിഷ്ണുതയോടെ സ്വന്തം വിദ്യാർത്ഥിയുടെ ഭാവി ഇല്ലാതാക്കാൻ കരുനീക്കുന്ന മനസിൽ ഗുരുവിനെ കാണാനാവില്ല.

റയിലിൽ ചിതറിത്തെറിക്കാൻ പോയ യാത്ര

പ്രശാന്ത്: തൃശ്ശൂർക്കുള്ള വഴിയിൽ പരിചയക്കാരനായ ഒരു കൃഷിയോഫീസർ ബാബുസാറുണ്ട്. അദ്ദേഹത്തെ കണ്ടു. ഒന്നിച്ചു ശ്രീകൃഷ്ണപുരത്തുപോയി കഥകളി

വജ്രമുഖൻ നാടകത്തിൽ തമിഴന്റെ വേഷത്തിൽ ഇന്ദ്രൻസും കോതണ്ടനായി ജയകൃഷ്ണനും പരിശീനത്തിൽ.

കണ്ടു. മുന്നൂറ് രൂപയും വാങ്ങി വീണ്ടും നടന്നു. ജീവിച്ചിരുന്നിട്ട് കാര്യമില്ലെന്നു തോന്നി. ജീവിച്ചതിന്റെ രേഖപോലും പാടില്ല. കുടിച്ച് ബോധം നശിച്ച് റയിൽവേ ട്രാക്കിൽ കിടക്കുക. അതു തൃശ്ശൂരിൽത്തന്നെ ആവണം. ചിതറിപ്പോകുന്ന കഷണങ്ങൾ സ്കൂൾ ഓഫ് ഡ്രാമയിൽത്തന്നെ എത്തണം. ഷൊറണ്ണൂരിൽനിന്ന് ഒരു പൈന്റ് വാങ്ങി കുടിച്ച് ആത്മഹത്യയ്ക്കായി നേരേ തൃശ്ശൂരിലെത്തി. പെട്ടെന്നു ബാബുസാർ ഒരു ജീപ്പിൽ മുന്നിൽ. വിളിച്ചുകയറ്റി മണ്ണുത്തി ക്യാമ്പസിൽ കൊണ്ടുപോയി. അന്ന് ആത്മഹത്യയിൽനിന്നു രക്ഷിച്ചത് അദ്ദേഹമാണ്. അതൊരു ഏപ്രിൽഫൂൾത്തലേന്ന് ആയിരുന്നു. കാർഷികസർവ്വകലാശാലാഹോസ്റ്റലിൽ നല്ല രസമായിരുന്നു പിറ്റേന്ന്. അതുകൊണ്ടാണു ദിവസം ഓർമ്മ.

മനോജ്: അന്ന് അങ്ങനെയൊരാൾ രക്ഷിച്ചില്ലായിരുന്നെങ്കിൽ ഇന്നു പ്രശാന്ത് ഉണ്ടാകില്ലായിരുന്നു എന്നാണോ?

പ്രശാന്ത്: തീർച്ചയായും. അന്നു ഞാൻ നിശ്ചയിച്ചുറച്ചുതന്നെ ആയിരുന്നു.

മനോജ്: അതിൽനിന്നുള്ള മടക്കം നല്ലതിലേക്കായിരുന്നോ?

പ്രശാന്ത്: അല്ല. പിന്നെ നാട്ടിലെത്തുമ്പോൾ രണ്ടാമത്തെ ജ്യേഷ്ഠന്റെ കുട്ടി മരിച്ച് 12 ദിവസം കഴിഞ്ഞിരുന്നു. ഒന്നും ഞാൻ അറിഞ്ഞില്ല. എന്റെ 'കുഞ്ഞിരാമത്തം'! വീട്ടിൽ ആകെ പ്രശ്നം. സർട്ടിഫിക്കറ്റില്ലാതെ തിരികെ വന്നതിനു ജ്യേഷ്ഠൻ റോഡിലിട്ടു പുളിങ്കമ്പുകൊണ്ടു തല്ലിത്തകർത്തു. 22 വയസ്സുള്ള ഒരാളെയാണെന്ന് ഓർക്കണം! ഒടുവിൽ വീട്ടിൽനിന്ന് ഇറക്കിവിട്ടു. പിന്നെ അലച്ചിലായിരുന്നു. ഒരു സഞ്ചി, ഒരു പൈജാമ, ഒരു കുർത്ത. പരിചയക്കാരുടെയൊക്കെ വീട്ടിൽ കയറിയിറങ്ങി. കുളിക്കും, വസ്ത്രം കഴുകും. പെരുമ്പാവൂരൊക്കെ ധാരാളം കൂട്ടുകാർ ഉണ്ട്; പ്രത്യേകിച്ചും എന്റെ ജീവിതത്തിൽ ഒരുപാടു ഘട്ടങ്ങളിൽ താങ്ങായിരുന്ന വേണു പാങ്കുളത്തെപ്പോലെ. അങ്ങനെ കാസർകോട്ടുവരെ നടന്നു. മഹാകവി പി.യുടെ ചെറുമകൻ കലാമണ്ഡലം ഗോപാലകൃഷ്ണൻ അന്നാണു കാഞ്ഞങ്ങാട് നെഹ്റു സർഗ്ഗവേദിയിൽ വിളിച്ചു ടാഗോറിന്റെ '*തപാലാപ്പീസ്*' ചെയ്യിക്കുന്നത്. വടക്കൊക്കെ കുറേ കളിച്ചു.

മനോജ്: വളരെ സർഗ്ഗാത്മകമാകേണ്ടിയിരുന്ന ഒരു കാലഘട്ടം സ്കൂൾ ഓഫ് ഡ്രാമ നശിപ്പിച്ചുകളഞ്ഞു എന്നു പറയാമോ?

പ്രശാന്ത്: അതുതന്നെയാണു സംഭവിച്ചത്. അതുവരെ ചിട്ടയായി ജീവിച്ച എന്നിലേക്ക് അരാജകവാദം സംക്രമിക്കുകയായിരുന്നു. ജീവിക്കാൻ പഠിപ്പിക്കുന്ന സ്കൂളല്ല അത് അന്നും ഇന്നും. പടിഞ്ഞാറൻരാജ്യങ്ങളിലൊക്കെ തീയറ്റർ സ്കൂളുകൾ വ്യക്തിത്വവികസനത്തിനു ശ്രമിക്കുമ്പോൾ മാനസികവൈകൃതവും മദ്യ-മയക്കുമരുന്ന് അടിമത്തവും അരാജകത്വവും ഒക്കെയാണ് ഇവിടം സമ്മാനിക്കുന്നത്. സമൂഹത്തിനുമുന്നിൽ ഉയർത്തിക്കാണിക്കാവുന്ന മനുഷ്യസ്നേഹികളായ നാടകക്കാരെ ഉണ്ടാക്കുന്നതിനു പകരം ഇങ്ങനെ കുറേപ്പേരെയാണു സൃഷ്ടിക്കുന്നത്. ഒരു പരിധിവരെ എന്നെയും അതു ബാധിച്ചു.

ക്ലാസിൽ വരികയേ ചെയ്യാത്തവർക്കുപോലും സർട്ടിഫിക്കറ്റ് നല്കിയിട്ടുണ്ട്. എനിക്കുമാത്രം തന്നില്ല. പിന്നൊരിക്കൽ, *കനൽ* പുരസ്കാരം എനിക്കു

കിട്ടിയപ്പോൾ അതു തരാൻ ക്ഷണിക്കപ്പെട്ടതു വയലാസാറാണ്. അന്ന് അദ്ദേഹം പറഞ്ഞു, 'ഔദ്യോഗികമായ ഉത്തരവാദിത്തങ്ങൾ മൂലം ചില നടപടികൾ പ്രശാന്തിനെതിരെ എടുക്കേണ്ടിവന്നു' എന്ന്. മറുപടിപ്രസംഗത്തിൽ ഞാൻ പറഞ്ഞു, 'നന്നായി സർ, ഇല്ലെങ്കിൽ ഞാനും സർട്ടിഫിക്കറ്റുകാരെപ്പോലെ മണ്ടയടച്ചു നടന്നേനെ'.

ഒരു സംഭവം പറയാം. ഞാൻ സ്കൂൾ യുവജനോത്സവത്തിനു ജഡ്ജ് ആയി കോഴിക്കോട്ടു പോയതാണ്. റയിൽവേ സ്റ്റേഷനിൽനിന്ന് ഓട്ടോ റിക്ഷാ പിടിച്ചു. നാടകത്തിന്റെ സംസ്ഥാനജഡ്ജ് ആണെന്നു പറഞ്ഞപ്പോൾ ഡ്രൈവർ ചോദിച്ചു, എവിടെയാ പഠിച്ചതെന്ന്. സ്കൂൾ ഓഫ് ഡ്രാമ എന്നു പറഞ്ഞു. അയാൾ പൈസ വാങ്ങിയില്ല. പോകുമ്പോൾ അയാൾ പറഞ്ഞു, "നിന്റെ സീനിയറായി പഠിച്ചവനാടാ ഞാൻ". സ്തംഭിച്ചുപോയി! ഇത് ഒരാളുടെ മാത്രം കഥയല്ല. അവിടെ പഠിച്ചിറങ്ങിയ നിരവധി പ്രതിഭാധനർ ആത്മഹത്യ ചെയ്തിട്ടുണ്ട്. പലരും ഇന്നും പട്ടിണി കിടക്കുന്നു. അവിടെ പഠിച്ചിറങ്ങി നാടകം കൊണ്ടു മാത്രം കഴിയുന്ന ഒരാളെ പറയാമോ? നാടകംകൊണ്ടു ബിരിയാണി തിന്നാൻ കഴിയണം. *ഛായാമുഖി* കൊണ്ടു സംഭവിച്ചത് അതാണ്.

പ്രതിഭാശൂന്യരിൽനിന്നു നാടകത്തെ രക്ഷിക്കണം

മനോജ്: നാടകരംഗം ജനങ്ങളിൽനിന്ന് അകന്നിരിക്കുന്നത് സ്കൂൾ ഓഫ് ഡ്രാമയുടെ കുറ്റമാണെന്നു പറയാമോ? നാടകത്തോടുള്ള കേരളീയസമൂഹത്തിന്റെ ആഭിമുഖ്യമില്ലായ്മകൊണ്ടല്ലേ അതു വരുമാനമുള്ള തൊഴിലായി മാറാത്തത്?

പ്രശാന്ത്: നല്ല നാടകം ഉണ്ടായാൽ നല്ല നാടകസംസ്കാരം ഉണ്ടാകും. കാണാൻ ആളുണ്ടാകും. സംഘടിപ്പിക്കാൻ ആളുണ്ടാകും. ഭരതനാട്യവും കുച്ചിപ്പുടിയും ശാസ്ത്രീയസംഗീതവുമൊക്കെ നിരന്തരം സംഘടിപ്പിക്കുന്ന ഫൈൻ ആട്സ് സൊസൈറ്റികൾ എന്തുകൊണ്ടാണു നാടകങ്ങൾ പരിഗണിക്കാത്തത്? പുറത്തുനിന്നുള്ള നല്ല നാടകങ്ങൾ കളിക്കുന്ന മേളകളിൽ പ്രേക്ഷകർ ഉണ്ടല്ലോ. സംഗീത നാടക അക്കാദമി നടത്തുന്ന നാടകമത്സരത്തിലെ നാടകം കാണാൻ എത്രപേർ പോകുന്നു? പോകുന്നവർ പത്തു മിനുട്ട് തികച്ച് ഇരിക്കുന്നുണ്ടോ? നാടകത്തിനായി ജീവന്മരണപോരാട്ടം നടത്തുന്നവരെ അറിയുന്നില്ല. വേണ്ടപ്പെട്ടവരെ കെട്ടിയെഴുന്നള്ളിക്കലാണു നടക്കുന്നത്. സംഗീത നാടക അക്കാദമിയുടെ പ്രവർത്തനം ഇങ്ങനെയൊക്കെ മതിയോ? ഫ്ലക്സും ഫലകവും വച്ചു സർക്കാരിന്റെ ഭരണനേട്ടം പ്രചരിപ്പിച്ചുവരെ നാം കണ്ടില്ലേ? അതിനൊക്കെയാണോ ആ സംവിധാനം? നാടകോത്സവം നടത്തി ലോകനാടകം പരിചയപ്പെടുത്തിയാൽ മാത്രം നാടകമുണ്ടാകുമോ? നാടകം ഉണ്ടാകാൻ മുടക്കുമുതൽ വേണം. സിനിമാസബ്സിഡി പോലെയുള്ള സഹായമൊന്നുമില്ല നാടകത്തിന്. ആണിവാങ്ങാൻ കാശില്ലാതെ നാടകം ചെയ്യുന്നവരാണു പലരും. കൈത്താങ്ങു കിട്ടാത്തവർ. സ്ക്രീനിങ് നടത്തി രണ്ടുമൂന്നു പേർക്കെങ്കിലും കൊല്ലന്തോറും ഗ്രാന്റ് നല്കട്ടെ എന്നു മുമ്പു ഞാൻ പറഞ്ഞിരുന്നില്ലേ? സാംസ്കാരികരംഗത്തിന് ഊന്നൽ നല്കുമെന്നു പ്രഖ്യാപിച്ച ധനമന്ത്രി തോമസ് ഐസക്ക്

മുൻബജറ്റുകളിൽ നാടകത്തിനുവേണ്ടി പലതും പ്രഖ്യാപിച്ചെങ്കിലും ചെയ്യേണ്ട വർ ഒന്നും ചെയ്തില്ല. ഇക്കൊല്ലം 20 നാടകങ്ങൾക്ക് അഞ്ചുലക്ഷം രൂപവീതം ധനസഹായം പ്രഖ്യാപിച്ചത് വലിയ പ്രത്യാശ പകരുന്നു. ഇതിനെല്ലാം പുറമെ നാടകസാക്ഷരതയ്ക്ക് അക്കാദമി പരിപാടിയുണ്ടാക്കണം.

പ്രവർത്തിക്കുന്നവരാണ പ്രൊഫഷണലുകൾ. ഞങ്ങൾ പ്രൊഫഷണലു കളാണ്. ഗൗരവമാർന്ന നാടകപ്രവർത്തകർ, പ്രൊഫെഷണൽ കലാകാരർ, നാടകസാങ്കേതികവിദ്യാവിദഗ്ദ്ധർ, സംഗീതക്കാർ, ഗായകർ, തുടങ്ങി എല്ലാ മേഖലയിലുമുള്ളവരെ ഗ്രേഡ് ചെയ്യണം. അവരെ തിരിച്ചറിയാൻ കഴിയുമാറു രജിസ്റ്റർ ചെയ്യണം. നാടകവുമായി ബന്ധപ്പെട്ട ഒരു ഡേറ്റാ ബാങ്കെങ്കിലുമു ണ്ടോ നമുക്ക്? മുഴുവൻ പേരുടെയും വിവരം ശേഖരിച്ച് പരിപാടികൾക്കൊ ക്കെ അവരെയെല്ലാം ക്ഷണിക്കണം. നാടകങ്ങൾ നടത്താൻ തെരഞ്ഞെ ടുക്കുന്നതിനു സ്ക്രീനിങ് കമ്മിറ്റി പോലും ഇല്ല. ആരും തീയറ്റർ മാനേജ്മെ ന്റിനെപ്പറ്റി പറയുന്നില്ല. കണ്ടുമറക്കുന്നതല്ലാതെ കൊണ്ടുനടക്കുന്ന നാടകം ഉണ്ടാകാൻ അതാണ് ആവശ്യം.

മനോജ്: അതു ശരിയാണ്. എങ്കിലും സ്കൂൾ ഓഫ് ഡ്രാമയുടെ സർട്ടിഫിക്കറ്റ് കിട്ടാ തെപോയതിൽ എപ്പോഴെങ്കിലും നഷ്ടബോധം തോന്നിയിട്ടുണ്ടോ?

പ്രശാന്ത്: ഇല്ലേയില്ല. അതെങ്ങാനും കിട്ടിപ്പോയിരുന്നെങ്കിൽ, അത്രയും കാലം ഞാനവിടെ പെട്ടുപോയിരുന്നെങ്കിൽ, ഞാനും ഇല്ലാതായിപ്പോയേനെ. സർ ട്ടിഫിക്കറ്റുകൊണ്ട് ആരെങ്കിലും നാടകക്കാരോ സിനിമാക്കാരോ ആകുമോ? ശ്യാമപ്രസാദിനെയോ രഞ്ജിത്തിനെയോ പോലെ സിനിമയിൽ ചിലർ പ്രസ ക്തി നേടിയിട്ടുണ്ട്. അതുപോലെ ഒരു സർട്ടിഫിക്കറ്റും വാങ്ങി സിനിമയിലോ റ്റി.വി.യിലോ കയറിപ്പറ്റാം എന്ന വ്യാമോഹത്തോടെ വരുന്നവരാണ് ഇന്നു പലരും. അവരെ പ്രോത്സാഹിപ്പിക്കുന്നു. നാടകത്തിനായി വരുന്നവരെ നി രുത്സാഹപ്പെടുത്തുന്നു. വരുമ്പോൾ മുഖത്തു നല്ല തേജസൊക്കെ ഉണ്ടാകും. ഒറ്റക്കൊല്ലം കഴിയുമ്പോഴേക്ക് എന്തോ നഷ്ടപ്പെട്ട ഭാവമാകും. ലൈബ്രറി നല്ല ചിട്ടയാണ്. പക്ഷേ, ഒറ്റയാളും പുസ്തകം എടുക്കുന്നില്ല. അല്പമെങ്കിലും വായിക്കുന്നതോ, തിരക്കഥകൾ!

ഇടപെടൽരീതി തുടക്കത്തിലേ തെറ്റി. നടക്കുന്നത് ഇസങ്ങൾ പരിചയ പ്പെടുത്തലാണ്. ഇമോഷൻ മെമ്മറി എങ്ങനെ പുറത്തെടുക്കാമെന്ന് അറിയി ല്ല. പകരം അതിന്റെ സിദ്ധാന്തം പറയും. കാണാതെ പഠിപ്പിക്കൽ. പി.ജി. എടുക്കാൻ തുണ്ടു വച്ചു പരീക്ഷ എഴുതി പിടിക്കപ്പെടുന്ന സ്ഥിതി വരുന്നത് ഇതു കൊണ്ടാണ്. പഠിച്ചിറങ്ങുന്ന കലാകാരർ ക്രിയേറ്റീവാകാതെ എന്തിനോവേ ണ്ടി മത്സരിക്കുന്നവരാകുന്നു. ഓൻസെംബിൾ ആർട്ടാണ നാടകമെന്നു പറയു കയും വിഘടിച്ചു ജീവിക്കുകയും ചെയ്യുന്നവർ. പഠിപ്പിക്കുന്നവർ തമ്മിൽപ്പോലും നല്ല ബന്ധമില്ല. മോഹൻലാലിനെ വച്ചു നാടകം ചെയ്യുന്നു എന്ന് അനൗൺ സ് ചെയ്തപ്പോൾ മുതൽ ഫോണിലൂടെ തെറിവിളിയായിരുന്നു. മിക്കതും സ്കൂൾ ഓഫ് ഡ്രാമക്കാർ. അതാണ് ഈ രംഗത്തെ സൗഹൃദം!

അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കലിലാണ പഠിച്ചിറങ്ങുന്നവർക്കു ശ്ര ദ്ധ. ഒരു നാടകത്തിനു വേണ്ട കാശിനു രണ്ടെണ്ണം ചെയ്യുക. മിച്ചംകൊണ്ടു

ധാർവാഡ് രംഗായണയ്ക്കുവേണ്ടി കന്നടഭാഷയിൽ ആശയാവിഷ്കാരം നല്കി പ്രശാന്ത് നാരായണൻ സംവിധാനം ചെയ്ത സ്വപ്നവാസവദത്തത്തിലെ ഒരു രംഗം.

കുറെ ലൈറ്റു വാങ്ങുക. ഇതൊക്കെയാണ് രീതി. മനുഷ്യന്റെ ആവശ്യങ്ങളോടു സംവദിക്കാത്ത കല നിലനില്ക്കുമോ? ഇവിടെ കാവാലത്തെ പഠിപ്പിക്കുന്നില്ല. എൻ.എൻ. പിള്ളയെയും തോപ്പിൽ ഭാസിയെയും പഠിപ്പിക്കുന്നില്ല. റഷ്യൻ വിപ്ലവത്തിനു വഴിവച്ച നാടകം പഠിപ്പിക്കാൻ 15 മണിക്കൂർ ചെലവഴിക്കും. കെ.പി.എ.സി.യെ അംഗീകരിക്കില്ല. ലങ്കാലക്ഷ്മി ഇൻഡ്യയിൽ ഒരിടത്തും നന്നായി അവതരിപ്പിക്കപ്പെട്ടിട്ടില്ല. ശ്രമം പോലും ഇല്ല. ഉണ്ടെങ്കിൽത്തന്നെ പൊതുസമൂഹം അറിഞ്ഞിട്ടില്ല. ഭാഷാസാഹിത്യം വായിച്ചുരസിക്കാം. പക്ഷേ, സമൂഹത്തെ വിസ്മരിച്ചാലോ? സാമൂഹികനാടകത്തെ പ്രോത്സാഹിപ്പിക്കാൻ സ്കൂൾ ഓഫ് ഡ്രാമ എന്തു ചെയ്തിട്ടുണ്ട്?

മലയാളനാടകവേദിയുടെ മുട്ടിൽ ഇറക്കുമതി ചെയ്ത രാസവളമല്ലേ ഇട്ടിരിക്കുന്നത്? കൃഷിയുള്ളിടത്തേ കലയുള്ളൂ; രാഷ്ട്രീയവും. സ്കൂൾ ഓഫ് ഡ്രാമയിൽ കൃഷി പഠിപ്പിക്കണമെന്നു ഞാൻ പറയും.

വിദേശത്തെ നാടകാവതരണരീതികൾ അനുകരിക്കുകയല്ല, അവർ അവരുടെ സംസ്കാരത്തെ എങ്ങനെ എൻഹാൻസ് ചെയ്യുന്നു എന്നതാണു പഠിക്കേണ്ടത്. ശങ്കരപ്പിള്ളസാർ നടത്തിയതുപോലെ പരീക്ഷണാത്മകമായ ഘടനാന്വേഷണം വേണം. ഇന്നോ? എല്ലാം ഭാവനാസമ്പന്നരല്ലാത്ത സർട്ടിഫിക്കറ്റ്

ഹോൾഡേഴ്സ്. അതുകൊണ്ടാണ ഭരത് ഗോപി പറഞ്ഞത്, സ്കൂൾ ഓഫ് ഡ്രാമ പിരിച്ചുവിടണമെന്ന്. ഞാനും അതുതന്നെ പറയുന്നു. തലപ്പത്ത് ഒരു നല്ല തല വന്നില്ലെങ്കിൽ നശിച്ചുകൊണ്ടേയിരിക്കും. സമഗ്രപരിഷ്കരണം വേണം. കരിക്കുലം മാറ്റണം. സമയബന്ധിതമായി കോഴ്സുകൾ തീർത്തു സർട്ടിഫിക്കറ്റ നല്കുന്ന രീതിയാണ് അടിസ്ഥാനപരമായി തെറ്റ്. കഴിവു തെളിയിക്കുന്നവർക്കാണ സർട്ടിഫിക്കറ്റ് നല്കേണ്ടത്. പകരം, രണ്ടു പ്രൊഡക്ഷൻ ഒഴിച്ചെല്ലാം എഴുത്തുപരീക്ഷ! സമൂഹത്തിലേക്കിറങ്ങി പഠിക്കാൻ അവസരമുണ്ടാകണം. ഗ്രാമങ്ങളിൽപ്പോയി കലാരൂപങ്ങൾ അറിയണം. കലാകാരരിൽനിന്നു പഠിക്കണം. സർവ്വകലാശാലയുടെ ചിട്ടയിൽനിന്നും നിയന്ത്രണത്തിൽനിന്നും മാറ്റണം. ഒരിക്കൽ ഒ.എൻ.വി. എന്നോടു സങ്കടത്തോടെ പറഞ്ഞത് ഓർക്കുന്നു: “കലാമണ്ഡലം സർവ്വകലാശാല ആക്കാനുള്ള ശുപാർശ ഞാനാണ് ഒപ്പിട്ടത്. ഇന്നതിൽ ദുഃഖിക്കുന്നു”.

മടങ്ങിവരവ്—ജീവിതത്തിലേക്കും നാടകത്തിലേക്കും

മനോജ്: പ്രശാന്ത് ഇപ്പോൾ സ്കൂൾ ഓഫ് ഡ്രാമയിൽ ക്ലാസെടുക്കാൻ ക്ഷണിക്കപ്പെടാറുണ്ടല്ലോ, അല്ലേ? ചരിത്രത്തിന്റെ കാവ്യനീതി പോലെ?

പ്രശാന്ത്: ഉണ്ട്. ‘ഛായാമുഖി’ക്ക 2003-ലെ മികച്ച രചനയ്ക്കുള്ള സംസ്ഥാന അവാർഡും വാങ്ങി നേരേ പോയത് അവിടേക്കാണ്. എന്നെ ഇറക്കിവിട്ട സ്കൂൾ ഓഫ് ഡ്രാമയിൽ സ്വീകരണവും ഒരുക്കിയിരുന്നു, അതും വയലാസാറുതന്നെ. അന്നു ഞാനൊരു പ്രസംഗം നടത്തി. എന്റെ മധുരപ്രതികാരം പൂർത്തിയായതിനെ സൂചിപ്പിച്ച് “പൂവൻപഴംകൊണ്ടു കഴുത്തുമുറിക്കൽ” എന്നൊരു പ്രയോഗവും പ്രസംഗത്തിൽ അന്നു ഞാൻ നടത്തി. ഒരു ദിവസം ഇതിനകത്തു ക്ലാസെടുക്കണം എന്നുകൂടി ആഗ്രഹമുണ്ടെന്നും പറഞ്ഞു. അതും നടന്നു. പക്ഷേ, വയലാസാറിനു ശേഷമാണെന്നുമാത്രം. നാഷണൽ സ്കൂൾ ഓഫ് ഡ്രാമ റെപ്പർട്ടറി കമ്പനിയിലും ഒരിക്കൽ ഞാൻ വർക്ക്ഷോപ് ചെയ്തിട്ടുണ്ട്. സംസ്കൃതസർവ്വകലാശാലയിലും എന്നെ ഓരോ വർഷവും വിളിച്ചു ക്ലാസെടുപ്പിക്കുന്നു. അഞ്ചുദിവസത്തെ എന്റെമാത്രം ശില്പശാലയൊക്കെ നടത്തിയിട്ടുണ്ട്. അതാണു ഞാൻ പറഞ്ഞത് സർട്ടിഫിക്കറ്റല്ല കല എന്ന്.

മനോജ്: അന്നത്തെ അനിശ്ചിതത്വത്തിൽനിന്ന് എപ്പോഴാണു വീണ്ടും കലാരംഗത്തു സജീവമാകുന്നത്?

പ്രശാന്ത്: കാഞ്ഞങ്ങാട്ടെ ‘*തപാലാപ്പീസി*’ന്റെ അവതരണത്തിനുശേഷം വൈകാതെ നടൻ മുകുന്ദൻ എറണാകുളത്തെ ഒരു സ്വകാര്യ സിനിമാ ഇൻസ്റ്റിറ്റ്യൂട്ടിലെ ജോലി വച്ചുമാറി. റോഷൻ ആൻഡ്രൂസും മറ്റും അവിടെ ഒരുവർഷം എന്റെ പ്രിയപ്പെട്ട വിദ്യാർത്ഥികൾ ആയിരുന്നു. മനേഷ് മല്ലപ്പള്ളി, ക്യാമറാമാൻ ഹരി ഒക്കെ അന്നവിടെ ഉണ്ടായിരുന്നു. എല്ലാവരും മുറിയിൽ കൂടും. ഞാൻ മാത്രം കുടിക്കും. നിങ്ങൾ വരുമാനം ഉണ്ടാക്കിയിട്ടു കുടിച്ചോളൂ എന്നതായിരുന്നു നിലപാട്. റോഷനെ വച്ചു ‘*ദശഗ്രീവാങ്കം*’ എന്ന പേരിൽ ഒറ്റയാൾനാടകം ചെയ്തു. സർട്ടിഫിക്കറ്റ് നല്കുമ്മുമ്പ വിദ്യാർത്ഥിയെ പുറത്തുകൊണ്ടുപോയി നാടകം

കളിപ്പിച്ച എന്നുപറഞ്ഞു മാനേജ്മെന്റ് പ്രശ്നമാക്കിയപ്പോൾ രാജിക്കത്തു കൊടുത്തു. അതു സ്വീകരിക്കാതെ എന്നെ തിരുവനന്തപുരത്തേക്കു മാറ്റിത്തന്നു. റോഷനാണ് എന്റെ ഒഴിവിൽ അവിടെ അദ്ധ്യാപകനായത്. പിന്നൊരിക്കൽ കണ്ടപ്പോൾ റോഷൻ പറഞ്ഞു, "മാഷേ, നിങ്ങടെ നോട്ട്സ് വച്ച് ഏഷ്യാനെറ്റിൽനിന്നു കാശുവാരുന്നുണ്ട്". സ്റ്റാർ ഹണ്ട് എന്ന പരിപാടിയാണു റോഷൻ ഉദ്ദേശിച്ചത്. തിരുവനന്തപുരത്തേക്കുള്ള മാറ്റമാണ് സ്കൂൾ ഓഫ് ഡ്രാമക്കാലത്തു മനസിൽ കിടന്ന *വജ്രമുഖൻ* ചെയ്യാൻ അവസരമൊരുക്കിയത്. പിന്നെ ഏറെക്കുറെ സജീവമായിരുന്നു.

ഇടതുസുഹൃത്തുക്കൾ തന്നെയാണ് അന്നെല്ലാം തുണയായത്. കൊല്ലം സോപാനവുമായുള്ള ബന്ധം അങ്ങനെയാണു തുടങ്ങുന്നത്. അച്ചാണി രവി സോപാനത്തിൽ തുടങ്ങിയ 'സെന്റർ ഫോർ പെർഫോമിങ് ആർട്സ് സ്കൂൾ ഓഫ് ഡ്രാമ'യിൽ ക്ലാസെടുക്കാൻ ചേർന്നു. കനപ്പെട്ട രണ്ടു നാടകങ്ങൾ അന്നു ചെയ്തു: ഭാസന്റെ '*ഊരുഭംഗ*'വും '*ദൂതഘടോൽക്കച*'വും. സ്കൂൾ ഓഫ് ഡ്രാമയിൽ കാണാത്ത പലതും അവിടെ നടപ്പാക്കാൻ എനിക്ക് അവസരം കിട്ടി. കൂട്ടത്തിൽ ഏറ്റവും ദുർബ്ബലനായ ഒരാളെ 'ഊരുഭംഗ'ത്തിലെ ദുര്യോധനനാക്കി. മറ്റുള്ളവർ അവഹേളിച്ചുകൊണ്ടിരുന്ന ഒരുവൻ. കഴിവു കുറഞ്ഞവരെ

ധാർവാഡ് രംഗായണയ്ക്കുവേണ്ടി കന്നടഭാഷയിൽ ആശയാവിഷ്കാരം നല്കി പ്രശാന്ത് നാരായണൻ സംവിധാനം ചെയ്ത സ്വപ്നവാസവദത്തത്തിലെ ഒരു രംഗം.

ഉപഹസിക്കുന്ന വിദ്യാഭ്യാസരീതിയാണല്ലോ നമ്മുടേത്. പക്ഷികളും മൃഗങ്ങളുമൊക്കെയാകട്ടെ, ഒന്നിച്ചു പിറക്കുന്ന കുഞ്ഞുങ്ങളിൽ ഏറ്റവും ദുർബ്ബലമായതിനെയാണു കൂടുതൽ ശ്രദ്ധിക്കുക. 'മിടുക്കന്മാർ' ഇതോടെ എന്നെ തല്ലാൻ പദ്ധതിയിട്ടു! ഞാൻ മുന്നോട്ടുപോയി. മൂന്നു ഗുണവുമുള്ള മൂന്നു ദുര്യോധനന്മാർ. മൂന്നു കഥാപാത്രങ്ങളല്ല, മൂന്നു പ്രതിച്ഛായകൾ. അങ്ങനെയൊരു പരിചരണമാണു നല്കിയത്. യുദ്ധത്തിനൊക്കെ പുതിയ ചാരി (choreography) പ്രയോഗിച്ചു. ഇത്രയൊക്കെ പരിശീലനം വേണോ എന്നു ചിലർ. അതാണെന്റെ രീതി. ഇതു പൂർത്തിയാക്കി പോകുന്നവർ, അതു നാലുപേരെങ്കിൽ നാലുപേർ, നമുക്കു മൂല്യവത്തായിരിക്കും എന്നു ഞാൻ. അതു ഫലിച്ചു. പ്രേക്ഷകരുടെ പ്രതികരണം കണ്ടതോടെ എല്ലാവരും അടങ്ങി. തല്ലാൻ നടന്നവരിൽ ഒരാൾ വന്നു പറഞ്ഞു, "ക്ഷമിക്കണം, ഇങ്ങനെയൊരു നാടകമാണു മനസിൽ ഉണ്ടായിരുന്നതെന്ന് അറിഞ്ഞില്ല".

'*ഊരുഭംഗ*'ത്തിനുശേഷം ഒരു സംസ്കൃതനാടകംകൂടി ചെയ്യണം എന്നു ചർച്ച വന്നപ്പോൾ '*ദൂതവാക്യം*' ആലോചിച്ചു. അതിൽ കൃഷ്ണൻ വല്ലാതെ ദൈവമാണ്. അതിനെ നമ്മുടെ മനോധർമ്മത്തിനനുസരിച്ചു മാറ്റങ്ങൾ വരുത്താനാവില്ല. കൃഷ്ണൻ നല്ലവൻ എന്ന വ്യാഖ്യാനമല്ല എന്റേത്. അങ്ങനെയാണു '*ദൂതഘടോൽക്കചം*' ആലോചിക്കുന്നത്. കറുത്ത, കരുത്തനായ, കാടിന്റെ പുത്രനെ ദൂതനായി ധൃതരാഷ്ട്രസഭയിലേക്ക് അയയ്ക്കുന്ന കൃഷ്ണന്റെ ഗൂഢതന്ത്രം അതിൽ കാണാം. 'മഹാഭാരത'ത്തിൽനിന്നു ഭാസൻ ഏറെ വ്യതിചലിച്ചാണ് ഈ നാടകം സൃഷ്ടിച്ചിരിക്കുന്നത്.

മലയാളി കൃഷ്ണനെ നേരെ വായിച്ചിട്ടില്ല. കൃഷ്ണനെപ്പറ്റിയുള്ള പ്രേക്ഷകരുടെ മനോഭാവം മാറ്റുകയായിരുന്നു ലക്ഷ്യം. ഭക്തിയെ കൃഷ്ണൻ ഭയപ്പെടുത്താനും പ്രലോഭിപ്പിക്കാനുമുള്ള ഉപാധിയാക്കുന്നു. കൃഷ്ണനു ഭാവിയെപ്പറ്റി വ്യാകുലതയില്ല. ദൈവികപരിവേഷം ശരിയല്ല. രാഷ്ട്രതന്ത്രജ്ഞതവരെ അംഗീകരിക്കാം. ബയോഡേറ്റയിൽ 'Managed the war in a big way' എന്നു ചേർക്കാനുള്ള കൃഷ്ണന്റെ തന്ത്രമാണു മഹാഭാരതത്തിൽ ഉടനീളം കാണുന്നത്. ദുര്യോധനനെ ശകുനിയും അർജ്ജുനനെ കൃഷ്ണനും ചിന്തിക്കാൻ വിടുന്നില്ല. പകരം ഇവർ ചിന്തിക്കുന്നു. ഇരുവരും ഒരേ മാനസികതലത്തിൽ എത്തുന്ന സന്ദർഭങ്ങൾ പലതുമുണ്ട്. അതുകൊണ്ട്, ഒരേയാളെ ശകുനിയും കൃഷ്ണനുമാക്കി. ശകുനിയുടെ കയ്യിലുള്ള നീളൻ പകിട കൃഷ്ണനാകുമ്പോൾ ഓടക്കുഴലാകുന്നു. അങ്ങനെയൊക്കെ ആയിരുന്നു ട്രീറ്റ്മെന്റ്.

*സോപാന*മാണു കൊല്ലം നീരാവിൽ പ്രകാശ് കലാകേന്ദ്രവുമായി ബന്ധപ്പെടാൻ നിമിത്തമായത്. അതൊരു ഇടതുപക്ഷ കൂട്ടായ്മയാണ്. സാക്ഷരതാപ്രസ്ഥാനത്തിലേക്കും അതു വഴിതുറന്നു. തുടർസാക്ഷരതക്കാലത്ത് 28 നാടകങ്ങൾ ചെയ്തു. പി.ജെ. ഉണ്ണിക്കൃഷ്ണന്റെ ഏഴ് സ്ക്രിപ്റ്റുകളടക്കം. സോപാനത്തിന്റെ പ്രവർത്തനത്തിലും നല്ല സ്ഥാനം തന്നത് ഉണ്ണിക്കൃഷ്ണനാണ്. അതിനു നിമിത്തമായത് *മാദ്ധ്യമ*ത്തിലെ ജയപ്രകാശും. *സോപാന*ത്തിനു മുകളിൽ ഒരു മുറിയും രവി മുതലാളി തന്നു. അദ്ദേഹം ശ്വസിക്കുന്നതുതന്നെ സിനിമയും നാടകവുമാണ്. ഒരുകൊല്ലം അവിടെ ഉണ്ടായി. പിന്നെ 2001 അവസാനം പുളി

മാന പരമേശ്വരൻ പിള്ളയുടെ '*സമത്വവാദി*' ചെയ്യാനുള്ള ആലോചനയുമായി മറ്റൊരു മൂന്നുമാസവും.

കൊല്ലത്തെ ആദ്യസംരംഭങ്ങളോടെ നിഷ്ക്രിയത്വം മാറി. '*ഛായാമുഖി*' യുടെ പിറവി ആ വേളയിലായിരുന്നല്ലോ. നാടകം മനസിൽ ഉണ്ടായെങ്കിലും അന്ന് എഴുതിയില്ല. കീചകന്റെ രംഗപ്രവേശം വരെയേ 1996-ൽ എഴുതിയുള്ളൂ. പകുതി തീർച്ച വരുത്തുന്നത് 2000 ആദ്യമാണ്. 2003-ലാണ പൂർണ്ണമായും കടലാസിൽ ആകുന്നത്.

നാടകത്തിന്റെ ജന്മപർവ്വം

മനോജ്: ഇത്ര സമയമെടുത്താണോ നാടകം എഴുതുന്നത്? എന്താണ് എഴുത്തിന്റെ രീതി? പല ഘട്ടത്തിലായി എഴുതുമ്പോൾ രൂപമാറ്റം വരുമോ?

പ്രശാന്ത്: നാടകമാണ് ആദ്യമുണ്ടാകുന്നത്. സാഹിത്യമല്ല. ക്രിയാംശം. മനസിൽ പൂർണ്ണമായി നാടകം ഉണ്ടാകും. ഇരിക്കുമ്പോഴും നടക്കുമ്പോഴും ഒക്കെ അതു വികസിച്ചുകൊണ്ടിരിക്കും. സംഭാഷണമൊക്കെ റിഹേഴ്സൽ കാലത്താണ് എഴുതുക. സംഭാഷണം പഠിപ്പിക്കില്ല. അതിലേക്ക് അവർ എത്തണം. അതിലേക്കു കൊണ്ടുവിടലാണ് എന്റെ ജോലി. '*മകരദ്ധ്വജൻ*' എഴുതിയതു നാലു കൊല്ലംകൊണ്ടാണ്. മനസിൽ എത്രയോവട്ടം എഴുതി! മനസെത്ര പിഴിഞ്ഞാൽ ഒരുതുള്ളി! അതിനിടെ മാറ്റങ്ങളുണ്ടാകാം. അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാവാറില്ല. പൂർണ്ണതയിലേക്കുള്ള വികാസമാണുണ്ടാവുക. ആ ഘട്ടമായാലേ എഴുതൂ. എഴുതുന്നതു വെട്ടില്ല. ഒരുവരി വെട്ടിയാൽ അന്നു പിന്നെ എഴുതില്ല.

മനോജ്: സിനിമ വേണ്ടാ എന്നു തീരുമാനിച്ചതാണോ? ആ വഴിക്കു പരീക്ഷണമൊന്നും ഉണ്ടായില്ലേ?

പ്രശാന്ത്: സംവിധാനം തത്ക്കാലം ആലോചനയിലേയില്ല. ഞാൻ എഴുതിയ സമ്പൂർണ്ണമായ ഒരു തിരക്കഥയുമായി ചെന്നാൽ നിർമ്മിക്കാമെന്നു മോഹൻലാൽ പറഞ്ഞിട്ടുണ്ട്. നല്ലൊരു തീം മനസിലുണ്ട് - '*ഖനി*'. വൺ ലൈൻ ചർച്ചചെയ്തു. എഴുതൂ, നല്ലൊരു ചലച്ചിത്രസംവിധായകനെക്കൊണ്ടു ചെയ്യിക്കാം എന്നു പറഞ്ഞു. എഴുതാൻ സമയമെടുക്കും. അതല്ലാതെ, സിനിമയ്ക്കു പിന്നാലെ പോകുന്നില്ല. സിനിമ ഇങ്ങോട്ടു വരണം. മാന്യമായ പ്രതിഫലവും കിട്ടണം.

ഈയിടെ ഒരു ചിരപരിചിതബന്ധു സമീപിച്ചു. "ഒരു നാടകത്തിന് എത്ര കിട്ടും?" "രണ്ടരലക്ഷം", ഞാൻ പറഞ്ഞു. "അഞ്ചു നാടകത്തിന്റെ കാശു തരാം. ഒരു സിനിമയ്ക്കു കഥയും തിരക്കഥയും സംഭാഷണവും എഴുതണം. പക്ഷേ, എന്റെ പേരു വയ്ക്കും." കുടി നിർത്തിയ എന്റെ മുന്നിൽ ഒരു ഫുൾ ബോട്ടിൽ മുന്തിയ മദ്യം! ഞാൻ പറഞ്ഞു, "നീ ഒരുകോടി രൂപ ബാങ്കിൽ ഇട്ടിട്ടു പറ, ഞാൻ കുടിക്കാം. ഞാൻ ഇനി കുടി തുടങ്ങിയാൽ സകലതും കൈവിട്ടുപോകും. അതു നടക്കില്ല മോനേ!" ഇനി എനിക്കെന്നെ നഷ്ടപ്പെടുത്താനാവില്ല. ഞാനുണ്ടെങ്കിലേ എന്റെ കർമ്മമുള്ളൂ എന്നു ഞാൻ മനസിലാക്കി. എത്രകാ

ധാർവാഡ് രംഗായണയ്ക്കുവേണ്ടി കന്നടഭാഷയിൽ ആശയാവിഷ്കാരം നല്കി പ്രശാന്ത് നാരായണൻ സംവിധാനം ചെയ്ത സ്വപ്നവാസവദത്തത്തിലെ അഭിനേതാക്കൾ.

ലം ജീവിച്ചിരിക്കുമെന്ന് അറിയില്ലല്ലോ. അതിനിടെ ചിലതൊക്കെ എഴുതിവച്ചു പോകണമെന്നുണ്ട്.

മനോജ്: നാടകത്തിലേക്കു തിരിഞ്ഞശേഷം കഥകളിയെ പൂർണ്ണമായും കയ്യൊഴിയുകയായിരുന്നോ?

പ്രശാന്ത്: അഭിനയം തുടർന്നില്ല. ഒരു ആട്ടക്കഥകൂടി എഴുതി. '*മീഡിയ*'. യൂറിപ്പിഡീസിന്റെ നാടകം. ജർമ്മൻ കലാകാരിയായ ഇസ ജേക്കോബി ആവശ്യപ്പെട്ടപ്രകാരം. വിവാഹാനന്തരകാലത്തായിരുന്നു അത്. പിന്നെ ഒന്നും എഴുതിയില്ല. പക്ഷേ, കഥകളിയുടെ സംസ്കാരം എന്റെ ആത്മാവിലുണ്ട്. കഥകളിയിലാണു മലയാളനാടകത്തിന്റെ വേര്. അതിൽനിന്ന് ഉരുത്തിരിഞ്ഞുവരുന്ന ഒന്നാകണം നാടകം. കഥകളിയുടെ പരിപാലനവ്യവസ്ഥ (management system) ഏറ്റവും ബൃഹത്തും അനുകരണീയവുമാണ്. അതിന്റെ വ്യവസ്ഥാപിതമായ പരിശീലനരീതിയാണ് ഏറ്റവും പ്രധാനം. ഗുരുകുലരീതിയിൽത്തന്നെ പഠിക്കണം. എന്റെ അനുഭവം അതാണ്. ലോകമാകുന്ന വലിയ വനത്തിലേക്ക് ഇറക്കിനടാൻ എന്നെ തയ്യാറാക്കിയ നഴ്സറിയായിരുന്നു ചന്ദ്രമന ഇല്ലത്തെ ഗുരുകുലം. കഥകളിയാകുന്ന തായ്ത്തടിയിലേക്കു നാടകത്തെ അതു ബഡ് ചെയ്തു തന്നു.

മനോജ്: ഇടയ്ക്കു കുറച്ചുനാൾ പത്രപ്രവർത്തകന്റെ വേഷത്തിലും ഉണ്ടായിരുന്നല്ലോ. അന്നാണു നമ്മൾ പരിചയപ്പെടുന്നത്. അതെന്താ മതിയാക്കിയത്?

പ്രശാന്ത്: രണ്ടായിരത്തിലെ വിഷു മുതൽ 2004 ജനുവരി 11 വരെ *മംഗളം* പത്രത്തിൽ തിരുവനന്തപുരം ബ്യൂറോയിൽ റിപ്പോർട്ടറായി ജോലി ചെയ്തു. പിറ്റേന്നാണു സർക്കാർസർവ്വീസിൽ ചേരുന്നത്. പിന്നെ *മംഗളം*പത്രത്തിനു തിരുവനന്തപുരം എഡിഷൻ വന്നപ്പോൾ അവധിയെടുത്ത് ആറുമാസംകൂടി ജോലിചെയ്തിട്ടുണ്ട്. പത്രപ്രവർത്തനത്തിലും പ്രധാന ബീറ്റ് കലയും സാഹിത്യ

വും സംസ്കാരവും ഒക്കെത്തന്നെ ആയിരുന്നു. നായനാർ സഖാവിനെയൊക്കെ ഇന്റർവ്യൂ ചെയ്യാൻ അവസരമുണ്ടായി. ആസ്വദിച്ച് ചെയ്ത ജോലിയാണത്.

മനോജ്: നാടകമല്ലാതെയുള്ള എഴുത്തുകൾ?

പ്രശാന്ത്: പ്രശാന്ത് വെള്ളായണി എന്ന പേരിൽ മുമ്പ് കവിത എഴുതുമായിരുന്നു. പത്തിരുപത്തഞ്ചെണ്ണം പ്രസിദ്ധീകരിച്ചിട്ടുണ്ട്, *മാതൃഭൂമി* വാരികയിലടക്കം. ഒരു ലൈംഗികത്തൊഴിലാളിയുടെ മൂന്നു ദിനങ്ങൾ അവതരിപ്പിക്കുന്ന '*ത്രിദിനപുരാണം*' ആണ് എടുത്തുപറയാൻ തോന്നുന്ന ഒന്ന്. പിന്നെ, പത്രപ്രവർത്തകൻ എന്ന നിലയിൽ എഴുതിയ കുറെ സൺഡേ ഫീച്ചറുകളും. ഇപ്പോൾ *മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, സമകാലികമലയാളം, പ്രസാധകൻ, കലാകൗമുദി* തുടങ്ങിയ ആനുകാലികങ്ങളിൽ ലേഖനങ്ങളും പംക്തികളും എഴുതുന്നുണ്ട്.

ഭാവിപരിപാടികൾ

മനോജ്: എന്തൊക്കെയാണു ഭാവിപരിപാടികൾ?

പ്രശാന്ത്: അടുത്തകാലംവരെ എനിക്കൊരു തട്ടകം ഇല്ലായിരുന്നു. പിന്നീട് 'തിരുവരങ്ങ്' എന്ന പേരുകേട്ട ബാനറുണ്ടായി. കാവാലംസാറിന്റെ സാക്ഷാൽ തിരുവരങ്ങ്. അദ്ദേഹം എന്നെ വിളിച്ച് അത് ഏല്പിച്ചുതന്നത് വലിയ അംഗീകാരമായി ഞാൻ കാണുന്നു. അതിന്റെ ആഭിമുഖ്യത്തിൽ 'കളം' എന്ന പേരിൽ മുതിർന്നവർക്കും കുട്ടികൾക്കും സ്ഥിരം നാടകപരിശീലനപരിപാടി ആരംഭിച്ചു. വിദഗ്ധരെ വരുത്തിയുള്ള പരിശീലനം. ഇപ്പോൾ 'കളം' സ്വതന്ത്രാസ്തിത്വമായി മാറി. അതിനെ 'സമസ്തരംഗകലകളുടെയും പഠന, പരിശീലന, ആസ്വാദന, ഗവേഷണ സഹായയിടം' എന്ന അടിസ്ഥാനത്തിൽ എന്റെ എല്ലാ കലാസാംസ്കാരികപ്രവർത്തനങ്ങളുടെയും ബ്രാൻഡും ബാനറുമായി പ്രവർത്തിപ്പിക്കുന്നു. അവിടെ പ്രതിവാരകഥാവായന, അവയുടെ ലഘുനാടകാവിഷ്കാരം, ചർച്ച, വർഷംതോറുമുള്ള 'ഭരതം' പഠനശിബിരം, ശില്പശാലകൾ തുടങ്ങിയ പല പരിപാടികളും നടക്കുന്നു. കളത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ദ്വൈവാരകലാസാംസ്കാരികപ്രസിദ്ധീകരണവും നടത്തുന്നുണ്ട്. ഇപ്പോൾ അരങ്ങുകലകൾക്കു മുൻതൂക്കം നല്കി സാംസ്കാരികവാർത്തകൾക്കും സാംസ്കാരികയുള്ളടക്കങ്ങൾക്കുമായി ഒരു വെബ്സൈറ്റും ആരംഭിച്ചിട്ടുണ്ട്—kalamnews.in

മനോജ്: അപ്പോൾ കളം കേവലമൊരു നാടകക്കളം മാത്രമല്ലേ?

പ്രശാന്ത്: കളം വർഷങ്ങൾക്കുമുൻപേ ഉടലെടുത്ത ആശയമാണ്. കൃഷിയും കലയും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിൽനിന്ന് ഉടലെടുത്ത മഹാസ്വപ്നമാണത്. നെല്ലും പതിരും പാറ്റിക്കൊഴിക്കുന്ന വിസ്തൃതമായ ഇടമാണു കളം. കവിയും നിരൂപകയുമായ കല സാവിത്രിയും ഞാനും ചേർന്ന് അനേകരുടെ സഹകരണത്തോടെ കരുപ്പിടിപ്പിച്ചുകൊണ്ടിരിക്കുന്ന തീയറ്ററിടമാണു കളം. ഇവിടെ പരിശീലനം, അവതരണം, വിജ്ഞാന-വാർത്താവ്യാപനം എന്നിവയ്ക്കെല്ലാം ഇടമുണ്ട്.

വിശാലമായ കൃഷിയിടത്തിനുള്ളിൽ ശീതളമായ, എന്നാൽ മാനവികതയുമായി കിടനില്ക്കുന്ന നവനാടകങ്ങളുടെ വിളവെടുക്കേണ്ട ഇടമാണു കളം

എന്നു ഞങ്ങൾ ഉറച്ചുവിശ്വസിക്കുന്നു. വ്യക്തിയുടെ പരിണാമദശകളെ പാറ്റി യെടുക്കേണ്ടയിടം.

നമ്മുടെയൊക്കെ മതിപ്പുനാടകശീലത്തിനപ്പുറം അതു വഴിനടത്തുന്ന ഒരു ജീവിതശീലമുണ്ടാവണം. അവിടെ വ്യക്തി നവീകരിക്കപ്പെടണം. ഈ കോവി ഡ്കാലത്തു നമ്മൾ പഠിക്കുന്ന നിരവധി അനുഭവങ്ങൾ കളത്തിന്റെ ചിന്തക ളിൽ വളരെ മുമ്പുതന്നെ ഉണ്ടായിരുന്നതാണ്. കലയും പ്രകൃതിയും കൈകോർ ത്തു നൃത്തം ചെയ്യേണ്ടതിന്റെ ആവശ്യകത അതു നമ്മളെ ഓർമ്മിപ്പിക്കുന്നു. കൃ ഷിയുള്ളിടത്തേ കല വിളയൂ. സകലസ്വാതന്ത്ര്യകാംക്ഷകളും നൂതനപ്രവണത കളും ഉൾച്ചേരുമ്പോൾത്തന്നെയും പ്രൊഫഷണലായി രംഗാനുബന്ധികളായ കലകളുടെ പരിശീലനവും പരീക്ഷണവും ഗവേഷണവും സംരക്ഷണവും നട ത്താൻ സഹായകമായ ഒരിടം.

കളത്തിനു സ്വന്തമായി സ്ഥലവും മറ്റു സംവിധാനങ്ങളും ഉണ്ടാക്കിയെടു ക്കാൻ പ്രയത്നം ചെയ്യുകയാണിപ്പോൾ. സർക്കാർതലത്തിൽനിന്നു തീയറ്ററി നു ലഭിച്ചുതുടങ്ങിയിട്ടുള്ള പിന്തുണയിൽ പ്രതീക്ഷയുണ്ട്.

മനോജ്: പുതിയ പ്രൊഡക്ഷനുകൾ? മറ്റു സ്വപ്നങ്ങൾ?

പ്രശാന്ത്: ഏറെക്കാലമായി ചെയ്യാനാഗ്രഹിക്കുന്ന ഒരു മഹാദൗത്യമുണ്ട്. പുതിയ

ധാർവാഡ് രംഗായണയ്ക്കുവേണ്ടി കന്നടഭാഷയിൽ ആശയാവിഷ്ക്കാരം നല്കി പ്രശാന്ത് നാരായ ണൻ സംവിധാനം ചെയ്ത സ്വപ്നവാസവദത്തത്തിലെ ഒരു രംഗം.

കാലത്തെ സൗന്ദര്യബോധത്തിനും സാമൂഹികബോധത്തിനും ഒക്കെ ഇണങ്ങുന്നരീതിയിൽ നാട്യശാസ്ത്രത്തിന് ആധുനികമായ ക്രിയാഭാഷ്യം ചമയ്ക്കണം. അതു കഴിയുന്നത്ര ലളിതമായും ക്രിയാംശത്തിലൂടെയും പഠിപ്പിക്കാനുള്ള ഒരു ബൃഹൽപദ്ധതി. അതിനായി ഒരു കേന്ദ്രംകൂടിയാണു കളം. അതിന്റെ ബൗദ്ധികമായ പ്രവർത്തനങ്ങൾ നല്ലയളവു നടന്നുകഴിഞ്ഞു. നമ്മുടെ കലാരൂപങ്ങളിലൊക്കെയുള്ള നാട്യശാസ്ത്രത്തിന്റെ സവിശേഷാവിഷ്കാരങ്ങൾ കണ്ടെത്തി അവയും ഇതിൽ ഇഴചേർക്കണം. ഏറ്റവും അത്യാധുനികരായ രംഗകലാവിദഗ്ദ്ധർ അന്വേഷിച്ചുകൊണ്ടിരിക്കുന്ന എത്രയോ പുതുമകൾ കൃഷ്ണനാട്ടത്തിൽ ഉണ്ടെന്നറിയാമോ? പക്ഷേ, അതാരും കാണുന്നില്ല. ദിവ്യത്വം കല്പിച്ചു ഗുരുവായൂർ അമ്പലത്തിന്റെ മതിലിനുള്ളിൽ തളച്ചിരിക്കുകയാണതിനെ! കലയൊന്നും ആരുടെയും തറവാട്ടുസ്വത്തല്ല. സമൂഹത്തിന്റേതാണ്. ഒരു രാജ്യത്തിന്റെ പോലുമല്ല. കലകൾ ലോകത്തിന്റെയാകെയാണ്. മതദിവ്യത്വങ്ങളിൽനിന്ന് അവയെ മോചിപ്പിക്കണം. അവയെ എടുത്തു ജനത്തിനു നല്കണം. മാറ്റത്തിനുള്ള പോരാട്ടത്തിൽ അതും ആയുധമാക്കണം.

ഇന്നു കർണ്ണാടകസംഗീതത്തിലും ഭാരതീയനൃത്തങ്ങളിലും ഭക്തിരചനകളാണു മഹാഭൂരിപക്ഷവും. അവയെല്ലാം പ്രണയമോ മറ്റു ഭാവങ്ങളോ സാമൂഹികവിഷയങ്ങളോ കൈകാര്യം ചെയ്യുന്നവ ആയിരുന്നെങ്കിൽ? അതിനെ ആർക്കും ഏതെങ്കിലും വിഭാഗവുമായി ബന്ധപ്പെടുത്തി കാണാൻ കഴിയുമായിരുന്നില്ല. അത്തരം നൂറു രചനകൾ ഉണ്ടാകുകയും അവ വ്യാപകമായി അവതരിപ്പിക്കപ്പെടുകയും ചെയ്താൽ പത്തുകൊല്ലംകൊണ്ട് ക്ലാസിക്കൽ കലകളോടുള്ള

മകരധ്വജൻ കൊല്ലത്ത് അവതരിപ്പിച്ചപ്പോൾ മകരിയായി വേഷമിട്ട ബംഗാളീനടി ഇപ്ഷിത ചക്രവർത്തി, ഹനുമാനായി രാജസ്ഥാനീനടൻ അജിത് സിങ് പലാവത്ത്, പ്രശാന്ത് നാരായണൻ എന്നിവർക്കൊപ്പം ലേഖകൻ.

സമൂഹത്തിന്റെ സമീപനം മാറില്ലേ? അതിനു പകരം അതിനെ നാം ഉപേക്ഷിച്ചു ദൂരെ മാറ്റി നിറുത്തിയാലോ? ചന്തവും ഗന്ധവും വരുത്താൻ എല്ലാവരും തൊട്ടിരുന്ന ചന്ദനത്തിനും ആർക്കും ഉടുക്കാവുന്ന കാവി മുണ്ടിനും മഞ്ഞമുണ്ടിനും പച്ച ഉറുമാലയുമൊക്കെ സംഭവിച്ചതുപോലെ സമൂഹത്തിൽനിന്ന് അന്യവത്ക്കരിക്കപ്പെടും. അതു മറ്റു പലരും കയ്യടക്കും. പൊതുസമ്പത്തുകൾ എന്തിനങ്ങനെ കയ്യൊഴിയണം. മതമുക്തമായി സംസ്കൃതം പഠിക്കാനും പഠിപ്പിക്കാനും കഴിയണം. ദൈവികത്വം കലർത്താതെ മനുഷ്യരുടെ കഥകളായി രാമായണവും മഹാഭാരതവും എഴുതിയ കാട്ടാളനും മുക്കുവസ്ത്രീയുടെ മകനും തൊട്ടു കാളിദാസനും ഭാസനും അടക്കമുള്ളവരുടെ ഉത്കൃഷ്ടമായ എത്രയോ രചനകളാൽ സമ്പന്നമാണാ ഭാഷ. എന്തിനു നാമതു നഷ്ടപ്പെടുത്തണം? നാം എടുത്ത് ഉപയോഗിച്ചില്ലെങ്കിൽ നാട്യശാസ്ത്രംപോലും അവർ കയ്യടക്കും. എന്നിട്ട്, ഞങ്ങളുടെ സർവ്വസ്വമപഹരിച്ചു എന്നു മാറത്തടിച്ചു നിലവിളിച്ചിട്ടു കാര്യമില്ല. നാട്യശാസ്ത്രത്തെപ്പറ്റി എന്റെ സ്വപ്നത്തിലുള്ള പദ്ധതി പൂർണ്ണാർത്ഥത്തിൽ യാഥാർത്ഥ്യമാകണമെങ്കിൽ പല കലകളിലുമുള്ള വിദഗ്ദ്ധർ പല തലമുറകൾ ഒന്നിച്ചു പ്രവർത്തിക്കേണ്ടതുണ്ട്. അതിന്റെ ഒരു മൂലയിലെങ്കിലും കൈവയ്ക്കാനാകണം. അതാണു സ്വപ്നപദ്ധതി.

കുറച്ചു പണംകൂടി തരപ്പെട്ടാൽ കളത്തിന്റെ പ്രൊഡക്ഷൻ ഹൗസ് സജീവമാക്കണം. അത്യാവശ്യം കുറേ സാമഗ്രികൾ കൈവശമുണ്ട്. നല്ല പ്രൊഡ്യൂസർമാരെ കിട്ടാനുള്ള ബുദ്ധിമുട്ടാണ് ഇപ്പോഴത്തെ പ്രധാനപ്രശ്നം. അത് ഇങ്ങനെ മറികടക്കാനായാൽ മനസിലെ നാടകങ്ങൾ ഓരോന്നായി അരങ്ങിലെത്തിക്കാം. ധാരാളം വേദികൾ ഇതിനകംതന്നെ പലരും വാഗ്ദാനം ചെയ്തിട്ടുണ്ട്. ചില വിദേശപരിപാടികളും ആലോചനയിലാണ്.

വലിയ വിവാദമാകാൻ ഇടയുള്ളതിനാൽ ഉള്ളടക്കം വെളിപ്പെടുത്തില്ല എന്നു പറഞ്ഞ '*ചിത്രലേഖ*' വർഗ്ഗീയരാഷ്ട്രീയത്തിന്റെയും ഫാഷിസത്തിന്റെയും ഇന്നത്തെ അവസ്ഥയിൽ പ്രത്യേകപ്രാധാന്യമുള്ള ഒന്നാണ്. സീത കേന്ദ്രകഥാപാത്രമാകുന്ന ഈ നാടകം വിശാലമായ അർത്ഥത്തിൽ സ്ത്രീയെ നിരസിക്കുന്ന എക്കാലത്തെയും അധികാരസ്വത്വത്തിന്റെ അടിവേരു പിഴുതെടുക്കുന്നതാണ്. രാജ്യത്താകെ അത് അവതരിപ്പിക്കണം എന്നതാണ് ഏറ്റവും വലിയ ആഗ്രഹം. വലിയ സാമൂഹികദൗത്യമായി ഞാനതിനെ കാണുന്നു. '*മകരധ്വജൻ*' വ്യാപകമായി കളിക്കണം. മികച്ച ഒരു നടിയെ വച്ച് ഒറ്റയാൾ പെൺനാടകമായ '*കറ*' അരങ്ങിലെത്തിക്കണമെന്നും തീവ്രമായിത്തന്നെ ആഗ്രഹിക്കുന്നു. മലയാളികളുടെ നൊസ്റ്റാൾജിയയായ എം.റ്റി. വാസുദേവൻ നായരുടെ കൃതികളും പാത്രങ്ങളും എം.റ്റി.തന്നെയും അരങ്ങിലെത്തുന്ന '*മഹാസാഗരം*' കേരളത്തിനുപുറത്തു മലയാളികൾ ഉള്ളിടത്തെല്ലാം കളിക്കണമെന്നുണ്ട്.

പുതിയ കാലഘട്ടത്തിലെ അനിവാര്യതയെന്നു പലരും അഭിപ്രായപ്പെട്ടന്ന '*സായിപ്പിന്റെ പൂച്ച*' യാണു മുന്തിയ പരിഗണനയുള്ള മറ്റൊരു നാടകം. '*ഛായാമുഖി*' വീണ്ടും കളിക്കണം. ഒ.എൻ.വി. ജീവിച്ചിരിക്കുമ്പോൾത്തന്നെ '*ഉജ്ജയിനി*' നാടകം വെളിച്ചം കാണണമെന്നും ആഗ്രഹമുണ്ടായിരുന്നു. എന്നെങ്കി

ധാർവാഡ് രംഗായണയ്ക്കുവേണ്ടി കന്നടഭാഷയിൽ ആശയാവിഷ്കാരം നല്കി പ്രശാന്ത് നാരായ ണൻ സംവിധാനം ചെയ്ത സ്വപ്നവാസവദത്തത്തിലെ രംഗങ്ങൾ.

ലും അതും ചെയ്യണം. ജഗതി ശ്രീകുമാർ അഭിനയിക്കാനാഗ്രഹിച്ച '*ദേവയാനം*', പകുതിമാത്രം എഴുതിയ ഒറ്റയാൾ നാടകമായ '*കാശി*', '*മണികർണ്ണിക*', '*സൂര്യരാശിപുരം*', '*വജ്രമുഖൻ*', '*ജനാലയ്ക്കപ്പുറം*', '*തവള*', '*പെണ്ണുപൂക്കുന്ന മരം*', എല്ലാം മനസു നിറയുന്നതുവരെ കളിക്കണം. പുതിയ കുറേ നാടകങ്ങളുടെ ആശയങ്ങൾ പല ഘട്ടങ്ങളിൽ എത്തിനില്ക്കുന്നു. അവ ഓരോന്നായി ചെയ്യണം. അത്യാഗ്രഹമാണോ എന്നറിയില്ല ഇതൊക്കെ. എങ്കിലും ആഗ്രഹിച്ചാലല്ലേ കുറെയെങ്കിലും നടക്കൂ.

മുൻകാലങ്ങളിൽ എന്റെ പരാജയം എന്നെ കീഴടക്കിയിരുന്ന അരാജകത്വമായിരുന്നു. ഇന്നു ഞാൻ പഴയ എന്നെ തിരിച്ചുപിടിച്ചിരിക്കുന്നു. പുസ്തകം

വായിച്ച നോട്ടെടുക്കുന്ന, അത്ര ചിട്ടയുള്ള ജീവിതം. പഴയ രേഖകളും രചനകളുമെല്ലാം ഗവേഷകന്റെ നിഷ്കർഷയോടെ ശേഖരിക്കുകയാണ ഞാൻ. എല്ലാ പരിമിതികളെയും പരാജയങ്ങളെയും ഊർജ്ജമാക്കി മാറ്റുകയാണ ഞാൻ. നഷ്ടപ്പെട്ടതെല്ലാം തിരിച്ചുപിടിക്കാനുള്ള വാശിയാണിപ്പോൾ എനിക്ക്. എന്റെ ഭീമൻ ചോദിച്ചതുപോലെ, “യാത്രയ്ക്ക് ഇനിയും എത്ര ദൂരം!” പക്ഷേ, ആ വാക്യത്തിന്റെ രണ്ടാംഖണ്ഡത്തിലെ സന്ദേഹം എനിക്കില്ല. ദൂരങ്ങൾക്ക് അടിമയല്ല ഈ ഭീമൻ!

മൂലരൂപം പ്രസിദ്ധീകരിച്ചത്: ‘സ്നേഹനഷ്ടങ്ങൾ പലിശകിട്ടിയ ഏകാകി’, പ്രസാധകൻ മാസിക, 2016 നവംബർ.

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved. Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA